Ci
XIV
131

N12<526908767 021
LS
ubTÜBINGEN
Archivfilm
vorhanden
Ad. Bruckmann,
Buchbinder.

165 ...

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE

VOLUME IV.

K. UNIV. BIBL. TÜBINGEN

MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1877

Ci XII 131

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. JANUARY 1877. No. 1.

THE NEW YEAR.

പുതുവാണ്ടു.

ഈ 1877ാം ആണ്ടു ഹിന്തുരാജ്യങ്ങളിൽ പാൎക്കുന്ന അനേകം ജനങ്ങൾക്കും ബഹു കഷ്ടകാലം ആകും. മലയാളത്തിൽ എന്ന പോലെ മദ്രാസി, ബൊംബായി എന്നീരണ്ടു സംസ്ഥാനങ്ങളിൽ എങ്ങും മഴ മഹാദുൎല്ലഭമാകകൊണ്ടു മനുഷ്യന്റെയും മൃഗത്തിന്റെയും ആഹാരത്തിന്നും പാനീയത്തിന്നും വളരെ മുട്ടു വന്നു പോയിരിക്കുന്നു. സൎക്കാരും ധൎമ്മിഷ്ഠന്മാരായ ധനവാന്മാരും പല ഇടത്തും ദരിദ്രൎക്കു സഹായിച്ചു, സങ്കടത്തെ ശമിപ്പിച്ചു വരുന്നെങ്കിലും, അതിനെ മുറ്റും നീക്കുവാൻ അവൎക്കു കഴികയില്ല. മഹത്വവും കരുണയുമുള്ള ദൈവത്തിന്നു മാത്രം മേഘങ്ങളിൽനിന്നു മഴ പെയ്യിക്കയും ഭൂമിയിൽനിന്നു പുല്ലുകളെയും ധാന്യാദിഫലങ്ങളെയും മുളെപ്പിച്ചു വിളയിക്കയും, മനുഷ്യന്നും മൃഗത്തിന്നും തൃപ്തിയേയും സന്തോഷത്തേയും വരുത്തുകയും ചെയ്യാം. മനുഷ്യൻ അപ്പത്താൽ തന്നെ അല്ല, ദൈവത്തിന്റെ സകല വചനത്താലത്രെ ജീവിക്കും, എന്നു നാം പഠിപ്പാൻ വേണ്ടി, ദൈവം പലപ്പോഴും ക്ഷാമം മുതലായ ശിക്ഷകളെ പ്രയോഗിച്ചു, മനുഷ്യപുത്രന്മാരെ മാനസാന്തരത്തിലേക്കും സത്യത്തിന്റെ അറിവിലേക്കും നടത്തിപ്പാൻ നോക്കുന്നു. ആയവൻ ദുഷ്ടരിലും നല്ലവരിലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും, നീതിമാന്മാരിലും നീതികെട്ടവരിലും മഴ പെയ്യിക്കയും ചെയ്യുന്നതു പോലെ, അവൻ ഇഹത്തിൽ നടത്തിക്കുന്ന ശിക്ഷാവിധികളും എല്ലാവരിലും ഒരു പോലെ തട്ടുകയും ചെയ്യുന്നു. പകരുന്ന വ്യാധികളും യുദ്ധങ്ങളും ക്ഷാമങ്ങളും ദുഷ്ടരെ മാത്രമല്ല, ശിഷ്ടരെയും പല വിധേന വലെക്കുന്നു, എങ്കിലും നീതികെട്ടവൻ ദൈവശിക്ഷയെ അനുഭവിച്ചിട്ടു തന്റെ മനസ്സിനെ കഠിനമാക്കി പാപത്തെ വൎദ്ധിപ്പിക്കമാത്രം ചെയ്യുന്ന സമയത്തു, ദൈവഭക്തിയുള്ള മനുഷ്യൻ: നമ്മുടെ പാപംനിമിത്തം ദൈവം ന്യായമായി കോപിക്കയും, നമ്മുടെ അകൃത്യങ്ങൾ

നിമിത്തം നമ്മെ ശിക്ഷിക്കയും ചെയ്യുന്നു. എന്നാലും അവൻെറ കോപത്തേക്കാൾ അവൻെറ സ്നേഹവും അവൻെറ നീരസത്തേക്കാൾ അവൻെറ കരുണയും അത്യന്തം വലിയതു, എന്നു ഓൎത്തു, സ്വൎഗ്ഗസ്ഥപിതാവായ അവനെ നോക്കി വിശ്വാസത്തോടെ സഹായത്തിന്നായി പ്രാൎത്ഥിച്ചുംകൊണ്ടു നടക്കുന്നു. അങ്ങിനെയുള്ള പ്രാൎത്ഥനയെ ദൈവം കേട്ടു തന്നിൽ ആശ്രയിക്കുന്ന മനുഷ്യനെ അവൻെറ കഷ്ടപാടുകളിൽ ആശ്വസിപ്പിച്ചു, പലപ്പോഴും ആശ്ചൎയ്യമാംവണ്ണം രക്ഷിക്കയും ചെയ്യും. എന്നതിന്നു ഞാൻ ഒർ ഉദാഹരണം പറയാം: 1817ാമതിൽ യുരോപ്പയിൽ മഴയുടെ പെരുപ്പംനിമിത്തം കൃഷികൾ മിക്കതും കെട്ടുപോയതുകൊണ്ടു, ഭക്ഷണാദികളുടെ വില ഭയങ്കരമാംവണ്ണം കയറി, ദരിദ്രൎക്കു നാൾ കഴിക്കേണ്ടതിന്നു ഏകദേശം പാടില്ലാതെയായി. പലരും വിശപ്പും അതിനാൽ പിടിച്ച വ്യാധികളുംകൊണ്ടു മരിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ ഹില്ലർ എന്ന ദൈവഭക്തിയുള്ളോരു നെയ്ത്തുകാരൻ തൻെറയും ഭാൎയ്യയുടെയും മൂന്നു കുട്ടികളുടെയും ദിവസവൃത്തിയെ കഴിപ്പാൻ വേണ്ടി നാൾതോറും രാവിലെ തുടങ്ങി പാതിരാവോളം അദ്ധ്വാനിച്ചു പണി എടുക്കയും, 50 ഉറുപ്പിക കടം വാങ്ങുകയും ചെയ്തൊറെയും, ഭവനത്തിൽ വിശപ്പേയുള്ളു. ഇനി എങ്ങിനെ ആഹാരം ഉണ്ടാകും? കടം വാങ്ങിയാൽ അതിന്നു പലിശ കൊടുക്കയും, പിന്നെതിൽ വീട്ടുകയും ചെയ്യേണ്ടതു എങ്ങിനെ? എന്നു പലപ്പോഴും വിചാരിക്കയും സംശയിക്കയും ദൈവത്തൊടു പ്രാൎത്ഥിക്കയും ചെയ്തശേഷം, ഒരു ഞായറാഴ്ചയിൽ ഭാൎയ്യയോടുകൂടെ കൃഷിഭൂമികളൂടെ നടന്നു, ഓരോ സങ്കടം പറഞ്ഞപ്പോൾ അവൾ: നമുക്കു സുഖമുള്ള സമയത്തു മാത്രമല്ല, ദുഃഖമുള്ള നാളിൽ പ്രത്യേകമായി ദൈവത്തിൽ ആശ്രയിച്ചു, അവൻെറ കൃപെക്കായി കാത്തിരിക്കേണ്ടതാകുന്നു, ആകാശത്തിലെ പക്ഷികളെ പോററുന്നവൻ നമ്മെയും പോററും, രക്ഷിപ്പാൻ കഴിയാത്തവണ്ണം അവൻെറ കൈ കുറുകിപ്പോയിട്ടില്ല, അവൻ സഹായിച്ചു നമ്മുടെ കഷ്ടത്തെ തീൎക്കും, എന്നു പറഞ്ഞ ആശ്വാസവാക്കു അവൻ കേട്ടു മിണ്ടാതെ നടന്നു, ഭവനത്തിൽ എത്തി കുറയ നേരം വെറുതെ ഇരുന്നാറെ, പലകയിൽനിന്നു വേദപുസ്തകം എടുത്തു വിടൎത്തു ൨൩ാം സങ്കീൎത്തനം കണ്ടു വായിച്ചു തുടങ്ങി: കൎത്താവു എൻെറ ഇടയൻ ആകുന്നു, എനിക്കു മുട്ടുണ്ടാകയില്ല എന്നു ഒന്നാം വാക്കു തന്നെ വായിച്ചു ഞെട്ടി, അയ്യൊ എനിക്കു എത്ര മുട്ടുണ്ടു! എന്നു വിചാരിച്ചു ദുഃഖിച്ചു മുന്നോട്ടു വായിച്ചു, അവൻ എൻെറ ആത്മാവിനെ തിരിപ്പിച്ചു, എന്ന വാക്കോളം എത്തി. ഇതു കടലാസ്സിൻെറ താഴെ ഒടുക്കത്തെ വാക്കാകകൊണ്ടു അതിനെ മറിച്ചു, മറുഭാഗത്തു വായിപ്പാൻ നോക്കിയപ്പോൾ ചേൎച്ചയില്ല എന്നു കണ്ടു, രണ്ടു കടലാസ്സുകളെ ഒരുമിച്ചു മറിച്ചു വെച്ചു എന്നും, ഒരു കടലാസ്സു മറേറതിനോടു

പശകൊണ്ടു പററിച്ചിരിക്കുന്നു എന്നും അറിഞ്ഞു, ഒരു കത്തി എടുത്തു കീറി കടലാസ്സുകളെ വേൎപ്പെടുത്തിയപ്പോൾ 50 പൌണ്ടിന്റെ ഒരു ഹുണ്ടിക ഇതാ പുസ്തകത്തിൽ കണ്ടു സന്തോഷിച്ചു. താൻ ആ പുസ്തകത്തെ ഒന്നര സംവത്സരത്തിന്നു മുമ്പെ ഒരു ചില്ലറവാണിഭനോടു വിലെക്കു വാങ്ങിയതുകൊണ്ടു ആ പണം എടുത്തു അനുഭവിപ്പാൻ തനിക്കു ന്യായം ഉണ്ടോ ഇല്ലയോ, എന്നു അറിയേണ്ടതിന്നു ആയാളുടെ അടുക്കൽ ചെന്നു, കാൎയ്യത്തെ അറിയിച്ചു. എന്നാറെ വാണിഭൻ ഹാ സ്നേഹിതാ, ബഹു കാലം ലന്തരുടെയും ഇംഗ്ലിഷ്കാരുടെയും കപ്പലുകളിൽ പണി ചെയ്തു വയസ്സനായി തന്റെ നാട്ടിലേക്കു മടങ്ങി വന്നു ഇവിടെ മരിച്ച ഒരു വസ്തുക്കാരന്റെ വീട്ടുസാമാനങ്ങളെ ലേലം വിളിച്ചു വില്ക്കുമ്പോൾ, ഞാൻ അവന്റെ വേദപുസ്തകത്തെ മററുള്ള ചരക്കോടു കൂടെ വാങ്ങി ഇത്ര വലിയ നിധി അതിന്റെ അകത്തു ഉണ്ടു എന്നു ഞാൻ അറിഞ്ഞിട്ടില്ല. നിങ്ങൾ പുസ്തകത്തെ എന്നോടു വാങ്ങിയ സമയത്തിൽ ഈ മുതലിനെകൊണ്ടു ഒർ അറിവുമുണ്ടായതുമില്ല. ഹുണ്ടിക എനിക്കുള്ളതല്ല, അതു എനിക്കു വേണ്ടാ. മരിച്ചവന്റെ സംബന്ധക്കാരും അവകാശികളും ആരുമില്ല. അതു കൂടാതെ തന്റെ പുസ്തകത്തെ വാങ്ങി, നല്ലവണ്ണം വായിക്കുന്നവന്നു ഈ ധനം കിട്ടേണം, എന്നു വിചാരിച്ചിട്ടത്രെ അക്കിഴവൻ ഹുണ്ടിക അവിടെ വെച്ചുപോന്നു, എന്നു എനിക്കു തോന്നുന്നു. ആകയാൽ ഇതു ദൈവം നിങ്ങൾക്കു സമ്മാനിച്ചു തന്ന അനുഗ്രഹം തന്നെ എന്നു വാണിഭൻ പറഞ്ഞു, ഇരുവരും സന്തോഷിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്തു. പിന്നെ നെയ്ത്തുകാരൻ താൻ വാങ്ങിയ കടം വീട്ടി, ക്ഷാമം തീരുവോളം സങ്കടം കൂടാതെ നാൾ കഴിച്ചു, മററും ചില ദരിദ്രക്കാൎക്കു സഹായം ചെയ്തു ദുഃഖിതൎക്കു ആശ്വാസത്തെ വരുത്തി. ക്ഷാമം തീൎന്നശേഷം അവൻ ഒരു പുതിയ ഭവനത്തെ കെട്ടി സൌഖ്യത്തോടെ പാൎക്കയും ജീവപൎയ്യന്തം ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. അവന്റെ മകൻ ദൈവഭക്തിയുള്ളൊരു ഗുരുനാഥനായി തീൎന്നു, താൻ പഠിപ്പിച്ച കുട്ടികളോടു ദൈവത്തിന്റെ സ്നേഹത്തെ കുറിച്ചു സംസാരിച്ചപ്പോൾ, പലപ്പോഴും ക്ഷാമകാലത്തിൽ അഛ്ശന്നു ഉണ്ടായ ദൈവസഹായത്തെ അറിയിക്കയും ചെയ്തു. ഈ നെയ്ത്തുകാരനെ പോലെ ദൈവത്തിൽ ആശ്രയിച്ചു, അവന്റെ കൃപെക്കായിട്ടു കാത്തിരിക്കുന്ന ഏവൎക്കും ക്ഷാമകാലത്തിലും മററ എല്ലാകാലങ്ങളിലും ദൈവത്തിന്റെ സഹായവും അനുഗ്രഹവും, അവരുടെ ആണ്ടുകൾ തീൎന്നശേഷം നിത്യ മഹത്വവും സന്തോഷവും ഉണ്ടാകും നിശ്ചയം.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(*Continued from No.* 12, *page* 188.)

കറുത്ത പ്രഭുവും അവന്റെ പിതാവായ മൂന്നാം എദ്വൎദ്ദും മരിച്ചശേഷം, രാജാധിപത്യം ഏല്ക്കുവാനായി കറുത്ത പ്രഭുവിന്റെ ഏകപുത്രനായ രിചാൎദ്ദിന്നു പ്രായം പോരായ്കയാൽ, അവന്റെ കാരണവരായ ലങ്കസ്തർ, ഗ്ലൊസെസ്തർ, യോൎക്ക, എന്നീ മൂന്നു തമ്പുരാക്കന്മാർ രാജ്യത്തിലെ വേറെ ചില മഹാന്മാരുമായി കാൎയ്യാദികളെ നടത്തിച്ചു. പരന്ത്രീസ്സും സ്കൊത്ത്ലാന്തുമായ യുദ്ധങ്ങൾ തീൎപ്പായിരുന്നില്ലെങ്കിലും, അവ മന്ദിച്ചേ നടന്നുള്ളു. ലങ്കസ്തരും യോൎക്കും സ്പാന്ന്യരാജപുത്രിമാരെ വേട്ടതുകൊണ്ടു, സ്പാന്ന്യയുടെ ഒരു അംശമായ കസ്തീലരാജ്യത്തിന്നു അവകാശം ചൊല്ലി, തങ്ങളുടെ അവകാശത്തെ ഇംഗ്ലിഷസേനകളെകൊണ്ടു സ്ഥിരപ്പെടുത്തുവാൻ ശ്രമിച്ചു. ഈ വക യുദ്ധങ്ങളുടെ ചെലവു കിട്ടേണ്ടതിന്നു മന്ത്രിസഭ കൂടി നിരൂപിച്ചു, എദ്വൎദ്രാജാവിന്റെ അന്ത്യകാലത്തിൽ നടപ്പായിരുന്ന തലപ്പണം (Poll-tax) പുതുതായി ചാൎത്തുവാൻ കല്പിച്ചു. ആളൊന്നു കാലത്താൽ എട്ടു അണ (ഒരു ശിലിങ്ങ്) മാത്രമെ കൊടുക്കേണ്ടു, എങ്കിലും പതിനഞ്ചു വയസ്സിന്നു മേല്പെട്ടു ഏവരും, വടി കുത്തി കൂനരായി നടക്കുന്ന കിഴവികിഴവന്മാരോളവും ഒരു പോലെ കൊടുക്കേണ്ടി വന്നതിനാൽ, ജനങ്ങൾക്കു വളരെ നീരസം ഉണ്ടായി. നിൎദ്ദയരായ ധനവാന്മാർ അതിന്റെ കുത്തത ഏറ്റു, കഴിയുന്നേടത്തോളം ലാഭം ഉണ്ടാക്കുവാനായി ഹേമിച്ചു പണം വാങ്ങി, പലപ്പോഴും സാധുക്കളുടെ നേരെ വല്ലാത്ത നിൎമ്മൎയ്യാദകളെ കാണിച്ചു. അതുകൊണ്ടു ജനങ്ങൾ ഏററവും വെറുത്തു, ചില സ്ഥലങ്ങളിൽനിന്നു മത്സരിച്ചു തുടങ്ങി. ആ സമയത്തു കെന്തിൽവെച്ചു തലപ്പണം പിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ വത്തൈലർ, എന്നവന്റെ മകളെ അപമാനിക്കകൊണ്ടു, അവളുടെ അപ്പൻ അവനെ അവിടെ തന്നെ കുത്തിക്കൊന്നു. പിന്നെ പുരുഷാരം വന്നു കൂടി കുലപാതകനെ തലവനാക്കി, രാജ്യത്തൂടെ കടന്നപ്പോൾ അനേകം മത്സരികൾ ചേൎന്നു തങ്ങൾ സഹിച്ച സാഹസങ്ങൾ നിമിത്തം പ്രതികാരം വേണം, എന്നു നിശ്ചയിച്ചു ബഹു സംഘമായി ലൊണ്ടൻ നഗരത്തിന്നാമാറു നടന്നു. ഈ വൃത്താന്തങ്ങൾ രാജ്യത്തിൽ ശ്രുതിപ്പെട്ടാറെ പല ദിക്കുകളിൽനിന്നും കലഹക്കാർ ഇളകി കൂട്ടം കൂടി മൂലസ്ഥാനത്തിന്നായി പുറപ്പെട്ടു, വഴിയിൽ വെച്ചു ധനവാന്മാരെ ഹിംസിച്ചും കവൎന്നും കൊണ്ടു വത്തൈലരുടെ സമൂഹത്തോടു ചേൎന്നു. അവർ ലൊണ്ടൻ നഗരത്തിന്റെ സമീപത്തു എത്തി, രാജാവിനെ കണ്ടു സങ്കടം ബോധിപ്പിക്കേണം, എന്നു ഉണൎത്തിച്ചപ്പോൾ

രിചാർ കോവിലകക്കാരുടെ ഉപദേശം കേട്ടു, കുറയ നേരത്തേക്കു അവരുടെ അപേക്ഷ വിചാരിയാതെ പാൎത്തു. (ക്രിസ്താ. 1381).

എന്നാറെ കലഹക്കാർ നഗരത്തിൽ പ്രവേശിച്ചു ഭംഗിയുള്ള പല കൊട്ടാരങ്ങളെയും കൊള്ളയിട്ടും തീ കൊടുത്തും വൻഗോപുരത്തെ ആക്രമിച്ചും കെന്തർപുരിയിലെ മുഖ്യാദ്ധ്യക്ഷനെ പിടിച്ചു കുല ചെയ്തും, തെരുക്കളിൽ കണ്ടു കിട്ടിയ ഏതു ധനവാനെയും അന്യദേശക്കാരനെയും ഹിംസിച്ചുംകൊണ്ടു നടന്നു. നഗരവീഥികൾ ഏതു നാശത്തെയും നിവൃത്തിയാക്കുവാൻ ഒരുങ്ങിയിരിക്കുന്ന വികൃതികളും കുടിച്ചു മത്തന്മാരായി നിലത്തു വീണുകിടക്കുന്ന ദുൎജ്ജനങ്ങളും കൊണ്ടു നിറഞ്ഞിരുന്നു. ഇത്തൊഴിലുകൾ നഗരത്തിൽ നടന്നപ്പോൾ രാജാവു കോവിലകം വിട്ടു, നഗരസമീപത്തു പാളയം ഇറങ്ങിയ മത്സരികളുടെ ഒരു കൂട്ടം ചെന്നു കണ്ടു, സ്നേഹമായി അവരോടു സംസാരിച്ചു: നിങ്ങളുടെ സങ്കടം ഞാൻ തീൎക്കും, എന്നു പറഞ്ഞു ദ്രോഹം നിമിത്തം തടവിൽ അകപ്പെട്ടവരെ വിട്ടയക്കും; എന്ന വാഗ്ദത്തം ചെയ്തു അവരെ ശാന്തപ്പെടുത്തിയ ശേഷം, രാജാവിന്റെ ഈ കല്പന നമുക്കു മതി, എന്നു പലരും വിചാരിച്ചു ദുൎമ്മതം വിട്ടു സമാധാനത്തോടെ തങ്ങളുടെ വീടുകളിലേക്കു മടങ്ങിപ്പോയി. പിറെറനാൾ രാജാവു നഗരമേധാവിയേയും മററും ചില കോവിലകക്കാരേയും കൂട്ടിക്കൊണ്ടു സ്മിത്ഫീല്ഡ, എന്ന സ്ഥലത്തു പാളയം ഇറങ്ങിയിരിക്കുന്ന വത്തെലരേയും, അവന്റെ കൂട്ടരേയും ചെന്നു കണ്ടു. അപ്പോൾ വത്തെലർ ശങ്കവിട്ടു ഗൎവ്വത്തോടെ മുതിൎന്നു, രാജാവിന്റെ നേരെ വരുന്നതിനെ നഗരമേധാവി കണ്ടു അവനെ അവിടെ വെട്ടിക്കൊന്നു. എന്നതിനെ മത്സരികൾ കണ്ടു കോപമത്തരായി വില്ലുകളെ കുലെച്ചു, നാഥനു വേണ്ടി പ്രതിക്രിയ ചെയ്യേണം, എന്നു വെച്ചു സംഘമായി രാജാവിന്റെയും അവന്റെ ചെറുകൂട്ടത്തിന്റെയും നേരെ ചെന്നപ്പോൾ, രാജാവു ധൈൎയ്യം പൂണ്ടു, ശാന്തചിത്തനായി തനിച്ചു മുന്നോട്ടു ചെന്നു, കോപാഗ്നിയാൽ പുകയുന്ന കൂട്ടത്തെ നോക്കി: അല്ലയോ, എന്റെ ജനങ്ങളേ, നിങ്ങളുടെ രാജാവിനെ കൊല്ലുവാൻ പോകുന്നുവോ? വത്തെലർ സ്വാമിദ്രോഹിയല്ലയോ? എന്റെ കൂടെ വരുവിൻ, ഞാൻ നിങ്ങളുടെ നാഥൻ ആകും, എന്നു പറഞ്ഞാറെ അവരുടെ ക്രോധം നീങ്ങി ശാന്തതവന്ന ശേഷം, അവർ രാജാവിനോടു കൂടെ ഇസ്ലിംഗ്തോൻ, എന്ന ഉപനഗരത്തിന്റെ സമീപത്തുള്ള ഒരു സ്ഥലത്തേക്കു ചെന്നു, അവിടെ അവൻ തലനാളിൽ അവരുടെ ചങ്ങാതികൾക്കു ചെയ്ത വാഗ്ദത്തങ്ങളെ ഇവൎക്കും ഉറപ്പിച്ചു. ഇതിന്നിടയിൽ പട്ടാളങ്ങൾ എത്തി എങ്കിലും ആയുധങ്ങൾ ഇല്ലാത്ത ഈ കൂട്ടത്തെ തൊടരുതു എന്നു രാജാവു കല്പിച്ചു. ഇങ്ങിനെ രാജാവിന്റെ സുശീലം കണ്ടു വാഗ്ദത്തങ്ങളെ കേട്ടതിനാൽ മത്സരികൾ

ശാന്തരായി ധിക്കാരം വിട്ടു തങ്ങളുടെ വീടുകളിലേക്ക മടങ്ങിച്ചെന്നു. എങ്കിലും കലഹം അമൎന്നശേഷം മന്ത്രിസഭ കൂടി നിരൂപിച്ചു, രാജാവു ദ്രോഹികൾക്ക ചെയ്ത വാഗ്ദത്തങ്ങളെ ദുൎബ്ബലപ്പെടുത്തിയതുകൊണ്ടു, അവന്റെ ജനരഞ്ജനെക്ക ബഹു കുറവു വന്നുപോയി. ഈ ദ്രോഹങ്ങൾ നടന്ന സമയത്തു രാജാവിന്നു പതിനാറാം വയസ്സു തികഞ്ഞതുകൊണ്ടു കോയ്മതാൻ ഏല്ക്കുന്ന കാലം ആയല്ലോ, എന്നു വെച്ചു അതിന്നായിട്ടു ഒരുങ്ങിനിന്നു ബഹേമിയ രാജപുത്രിയായ അന്നയെ വേളികഴിച്ചു. അവൾ മഹാ സുശീലയും ദയയുള്ളവളുമാകകൊണ്ടു, ജനങ്ങൾ അവൾക്ക പുണ്യവതി എന്ന പേരിടുകയും ചെയ്തു.

എന്നാൽ രാജാവിന്റെ പ്രായം വൎദ്ധിച്ചതു പോലെ അവന്റെ സുബുദ്ധി വൎദ്ധിച്ചില്ല അവന്റെ പൂൎവ്വപിതാവായ രണ്ടാം എദ്വൎദിന്നു ആപത്തു വന്ന വഴിയിൽ താനും നടന്നു, തോഴന്മാൎക്ക പ്രത്യേക ഉപകാരങ്ങളെ കാട്ടിത്തുടങ്ങി. അവന്റെ ഉററ സ്നേഹിതൻ ഒക്സ്ഫൊൎത്ത പ്രഭുവായ രൊബൎത്തദേവേർ തന്നെ. ആയവന്നു രാജാവു ദുബ്ലിൻപുരാൻ എന്നും, ഐയൎലന്തിൻ തമ്പുരാൻ എന്നുമുള്ള സ്ഥാനനാമങ്ങളെ ക്രമേണ കല്പിച്ചു കൊടുത്തും ഈ കാൎയ്യംനിമിത്തം മഹാന്മാൎക്ക ബഹു നീരസം ഉണ്ടു, എന്നു ഗ്ലൊസസ്തൎത്തമ്പുരാൻ അറിഞ്ഞു, ഇങ്ങിനെയുള്ള നിൎമ്മൎയ്യാദകൾ രാജ്യത്തിൽ നടക്കരുതു എന്നു നിശ്ചയിച്ചു പലരുമായി നിരൂപിച്ചു, ഒരു കൂട്ടു കെട്ടുണ്ടാക്കി രാജാവിന്നു ഒരു അധികാരവുമില്ല എന്നു കല്പിച്ചു, അവന്റെ മന്ത്രികളെയും ന്യായാധിപതിമാരെയും പിഴക്കി, ചിലരെ കൊല്ലിക്കയും ചെയ്തു. പിന്നെ രാജാവു ഒരു സംവത്സരം അനങ്ങാതെ പാൎത്ത ശേഷം ഇതു അസഹ്യം എന്നു വിചാരിച്ചു, രാജ്യാധികാരം ഏററുകൊൾവാൻ തക്കം നോക്കി ആലോചനസഭയെ നീക്കി, കാൎയ്യാദികളെ താൻ നടത്തിച്ചു തുടങ്ങിയാറെ, കുറയക്കാലം ക്ഷേമം ഉണ്ടായി. എന്നാൽ ഗ്ലൊസസ്തർ മററു പല മഹാന്മാരുമായി ദൂഷ്യം വിചാരിച്ചു രഹസ്യത്തിൽ ഓരോ ദുഷ്ക്കൂറുകളെ നടത്തിച്ചു ഇത്തൊഴിലുകളെ രാജാവു അറിഞ്ഞു: ഈ ദുഷ്ട കാരണവരുടെ ഉപദ്രവം ജീവനോളം പൊറുക്കാമോ? ഈ കാൎയ്യത്തിന്നു ഞാൻ ഒരു നിവൃത്തിയെ വരുത്തും എന്നു ചൊല്ലി, ചില ചങ്ങാതിമാരോടു കൂടെ തമ്പുരാന്റെ കോവിലകത്തു ചെന്നു, സ്നേഹഭാവം നടിച്ചു ഗുണദോഷങ്ങളെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, രാജാവിന്റെ കൂട്ടാളികൾ തമ്പുരാനെ പിടിച്ചു കടല്പുറത്തു കൊണ്ടുപോയി കപ്പലിൽ കയററി കല്പായിക്കോട്ടയിലാക്കി പാൎപ്പിച്ചു. (ക്രിസ്താ. 1397.) തമ്പുരാൻ ആ കോട്ടയിൽനിന്നു മരിച്ചതുകൊണ്ടു അവൻ നേരില്ലാത്ത രാജാവിന്റെ നിയോഗപ്രകാരം കുലപാതകരുടെ കൈയാൽ മരിച്ചു, എന്നു പലരും പറഞ്ഞു. ഈ ചതിവിനാൽ രാജാവു ജനനീരസവും ലോകാപവാദവും തന്റെ മേൽ വരുത്തി.

ഗ്ലൊസസ്റ്റർ മരിക്കുന്നതിനു മുമ്പെ രാജാവു പരസ്ത്രീസ്സകോനുമായി സന്ധിച്ചു, പുണ്യവതിയായ അന്നാരാജ്ഞി മരിച്ചശേഷം ഒരു പരസ്ത്രീസ്സകുമാരിയെ വേട്ടതിനാൽ ഇംഗ്ലിഷപ്രജകളുടെ രസക്കേടും രാജാവിൻെറ അപശ്രുതിയും നീളെ പരന്നു. അക്കാലത്തു ഐൎല്ന്തിൽ ഒരു മത്സരം ഉളകിയതുകൊണ്ടു അവൻ ഒരു സൈന്യത്തെ കൂട്ടി, അതിനെ അമൎക്കുവാനായി പുറപ്പെട്ട ശേഷം, താൻ മുമ്പെ നാടു കടത്തിയിരുന്ന തമ്പുരാനായ ലങ്കസ്റ്റർ അന്യവാസത്തെ ചുരുക്കി, ഇംഗ്ലന്തിലേക്ക മടങ്ങിച്ചെന്നെത്തിയപ്പോൾ, ജനങ്ങൾ അവനെ സന്തോഷത്തോടെ കൈക്കൊണ്ടതല്ലാതെ ബലമേറിയ നൊൎത്തുമ്പല്ന്തപ്രഭുവും രാജാവിൻെറ ക്രൂരതയാൽ ഓരോ സങ്കടങ്ങളെ അനുഭവിച്ച മററു പല മഹാന്മാരും അവനോടു ചേൎന്നു, വേണ്ടുന്ന സഹായം ചെയ്യാം, എന്നു പറഞ്ഞു. തൻെറ അവകാശം മാത്രം വീണ്ടുകൊൾവാൻ വന്നു, എന്നു അവൻ ആദ്യം പറഞ്ഞു എങ്കിലും ചേൎച്ചക്കാരുടെ ബലമഹത്വങ്ങളെയും ജനങ്ങളുടെ സന്തോഷത്തെയും കണ്ടപ്പോൾ, രാജ്യാധിപത്യത്തെയും കൊതിച്ചു തുടങ്ങി. രാജാവു ഐൎല്ന്തിൽ താമസിച്ചകാലത്തു നാടുവാഴിക്കുന്ന തമ്പുരാനായ യോൎക്ക വശീകരണം കേട്ടു ലങ്കസ്റ്റരിൻെറ പക്ഷത്തിൽ ചേൎന്ന ശേഷം, പട്ടാളങ്ങളും ജനങ്ങൾ മിക്കതും അവനെ വഴിപ്പെട്ടു. ഈ സങ്കടവൎത്തമാനം രാജാവു കേട്ട ഉടനെ ഐൎല്ന്ത വിട്ടു, ഇംഗ്ലന്തിലേക്ക മടങ്ങിച്ചെന്നു. അവിടെ എത്തിയപ്പോൾ കാൎയ്യം അബദ്ധം, പ്രജകളും സേനകളും അന്യപക്ഷത്തിൽ ചേൎന്നു പോയി, എന്നു കണ്ടു ലങ്കസ്റ്റരിനെ കാണേണം, എന്നു പറഞ്ഞതിനെ ഇവൻ സമ്മതിച്ചു രാജാവിനെ തടുത്തു പാൎപ്പിച്ചു, രാജ്യത്തെ രക്ഷിപ്പാൻ ഞാൻ സഹായിക്കാം എന്നു വ്യാജം പറഞ്ഞു പിന്നെ മന്ത്രിസഭ കൂടി നിരൂപിച്ചു രാജാവിനു സ്ഥാനഭ്രംശം കല്പിച്ചു, അവനെ തടവിൽ പാൎപ്പിച്ചതല്ലാതെ രാജാധിപത്യം ഏററുകൊള്ളേണം എന്നു ലങ്കസ്റ്റരിനോടു അപേക്ഷിച്ചു. പിഴകിയ രാജാവു കുറയ കാലം പെന്തപ്പൊൎത്തു, എന്ന കോട്ടയിൽ തടവുകാരനായി പാൎത്ത ശേഷം പുതിയ രാജാവിൻെറ നിയോഗപ്രകാരം കുലപാതകരുടെ കൈയാൽ മരിച്ചു. (ക്രിസ്താ. 1399.) അവൻ മരിച്ചതു നേർ തന്നെ എന്നു ജനങ്ങൾക്ക കാണിപ്പാൻ വേണ്ടി ശവത്തെ ലൊണ്ടൻനഗരത്തെരുക്കളിൽ കൂടി കടത്തി എങ്ങും ദൎശിപ്പിച്ചു. ബഹു ശുഭലക്ഷണം കൊണ്ടു വാഴവാൻ തുടങ്ങിയ രണ്ടാം രിചാൎദ, എന്ന രാജാവിൻെറ അവസാനം ഇതത്രെ. ബലഹീനനും ദുൎമ്മാൎഗ്ഗിയും ക്രൂരനുമായി നടന്നതിനാൽ അവൻ തൻെറ സ്വന്ത തലമേൽ നാശം വരുത്തി. അവൻെറ ബുദ്ധിക്കുറവുകൾ അവനു വിരോധമായി പൊരുതു കൊണ്ടിരുന്നു.

(To be continued.)

DELHI. ഡില്ലിനഗ

ഹിന്തുസ്ഥാനത്തിൽ കീൎത്തിപ്പെട്ട പുണ്യക്ഷേത്രങ്ങളിൽ കാശി രാമേശ്വരങ്ങൾ ശ്രുതിപ്പെട്ടവ ആകുന്ന പ്രകാരം, കീൎത്തിതങ്ങളായ രാജധാനികളിൽ ഡില്ലി എന്ന നഗരം വിളങ്ങുന്നു. ഈ നഗരത്തെ സംബന്ധിച്ചു ചില വിശേഷങ്ങളെ വിവരിക്കുന്നതിൽ നമ്മുടെ വായനക്കാർ സന്തോഷിക്കും എന്നു വിചാരിച്ചു പോന്നു.

വിക്തോരിയാ മഹാരാണിയുടെ ഉപരാജാവും ഹിന്തുരാജ്യപരിപാലനയിൽ സൎവ്വാധിപത്യം നടത്തുന്നവരുമായ ലിട്ടൻ പ്രഭു കഴിഞ്ഞ അഗുസ്തു മാസത്തിൽ ഒരു വിളംബരം പുറപ്പെടുവിച്ചു പരസ്യമാക്കിയതിന്റെ സാരാംശമെന്തെന്നാൽ: 1877 ജനുവരി ൧൦ാം൹ ഡില്ലിയിൽ ഏററവും അപൂൎവ്വമായ ഒരു മഹാ ദൎബ്ബാർ ഉണ്ടാകും. വിക്തോരിയാ മഹാരാണി താൻ ഹിന്തുസാമ്രാജ്യകാൎയ്യങ്ങളിൽ വെച്ചിരിക്കുന്ന താല്പൎയ്യത്തെയും പ്രജകളുടെ ഗുണത്തിന്നായി തനിക്കുള്ള വാത്സല്യവിചാരത്തെയും നാട്ടുരാജാക്കന്മാരുടെയും പ്രജകളുടെയും സ്നേഹപൂൎവ്വമായിരിക്കുന്ന രാജഭക്തിയെ കുറിച്ചു തനിക്കുള്ള സന്തോഷപൂൎവ്വമായ ഉറപ്പിനെയും കാണിപ്പാൻ വേണ്ടി, തന്റെ നാമാവലിയോടു ഹിന്തുചക്രവൎത്തിനി (Empress of India), എന്ന പുതു നാമധേയത്തെ ചേൎത്തു കൊൾവാൻ പ്രസാദിച്ചതു, ആ മഹാസഭയിൽ പ്രസിദ്ധമാക്കപ്പെടുകയും ഹിന്തുരാജ്യത്തിൽ എങ്ങും അറിയിക്കപ്പെടുകയും ചെയ്യും.

മേല്പറഞ്ഞ മഹാമംഗലകാൎയ്യത്തിനു ഹിന്തുസ്ഥാനത്തിലെ ഉപരാജാവായ ലിട്ടൻ പ്രഭുവും, ഇംഗ്ലിഷസൎക്കാരിന്റെ അധിപതിമാരും, അതാത വകുപ്പുകളുടെ പ്രധാനികളും രാജദൂതന്മാരും, നാട്ടുരാജാക്കന്മാരും ശ്രീമാന്മാരും ഇടപ്രഭുക്കളും താന്താങ്ങളുടെ പരിജനങ്ങളോടു കൂടെ ഡില്ലിയിൽ വന്നു നിറയും. ഈ മഹാ

I. ഡില്ലിനഗരം.

കാൎയ്യത്തിന്നു കൂടിയ മഹാരാജസഭയുടെ മഹിമെക്കു തക്കതായ ആടോപങ്ങളും ആഡംബരങ്ങളും അനവധിയായി ഉണ്ടാകും, എന്നതിന്നു സംശയമില്ല. തല്ക്കാലം കമലഹീനമായ തടാകതുല്യമായിരിക്കുന്ന ഡില്ലി രാജധാനി ആ സുമുഹൂൎത്തത്തിൽ ഒരു നല്ല സരോജിനിയെ പോലെ ഹിന്തുരാജ്യത്തിലെ പട്ടണങ്ങളിൽ ആ അടിയന്തരം നടക്കുന്ന ഏഴെട്ടു ദിവസമെങ്കിലും വീണ്ടും ശോഭിക്കും.

1877ാമതിൽ ഉണ്ടാവാൻ പോകുന്ന ഈ കാൎയ്യത്തെ വിചാരിച്ചാൽ 1857ാമതിൽ നടന്ന മത്സരകാൎയ്യം ഓൎമ്മെക്കു വരാതിരിക്കയില്ല. സിപ്പായികൾ ദുരുപദേശം കേട്ടു, ഇങ്ങുമങ്ങും കലഹം തുടങ്ങി, തരം കിട്ടിയേടത്തു മഹാരാക്ഷസക്രിയകളെ നടത്തി, ഇംഗ്ലിഷ്കാരെ വെട്ടിത്തറിച്ചു മഹമ്മതശ്ശാഃ എന്ന കിഴവനായ രാജാവിനെ ഹിന്തുചക്രവൎത്തി, എന്നു നിശ്ചയിച്ചു ഡില്ലിപട്ടണത്തിൽ ഇരുത്തിയ കാലത്തു, ഇരുപതു വൎഷത്തിൽ പിന്നെ വിക്തോരിയാ മഹാരാണി തന്നെ ഈ പട്ടം ധരിക്കും എന്നു ആൎക്കു തോന്നുമായിരുന്നു? മേല്പടി മഹമ്മതശ്ശാഃ 1837 തുടങ്ങി ഇരുപതു വൎഷത്തോളം ഇംഗ്ലിഷ്കാൎക്കു കീഴ്പെട്ടും, പിന്നെ 1857 സെപ്തമ്പർ മാസത്തിൽ ൨, ൩0 തിയ്യതികളോ ഇംഗ്ലിഷ് വാഴ്ചയെ അതിക്രമിച്ചു സ്വതന്ത്രനായും, ഡില്ലിയിലെ മഹാമുകിളസിംഹാസനത്തിൽ ഇരുന്ന ശേഷം, ഇംഗ്ലിഷ്കാർ കലഹക്കാരെ ജയിച്ചു ഡില്ലിയെ അടക്കി, മഹമ്മതശ്ശാവിനെ ദയവിചാരിച്ചു കൊല്ലാതെ, പേഗു ദേശത്തേക്കു നാടു കടത്തി, അവന്റെ പുത്രപൌത്രന്മാരെ അവർ ചെയ്തതിന്റെ പ്രതികാരത്തിന്നായി കൊന്നു കളഞ്ഞു. ആകയാൽ മഹമ്മതശ്ശാഃ മഹാ മുകിളസ്വരൂപത്തിൽ പതിനേഴാമനും ഒടുക്കത്തവനുമായിരുന്നു.

(ഡില്ലിയിലെ അവസാനത്തെ രാജാവായ മഹമ്മതശ്ശാഃ).

ഡില്ലിയിലെ തെരുവീഥികളും വീട്ടുചുമരുകളും കല്ലുകളും തങ്ങൾക്കു വായുണ്ടെങ്കിൽ, എന്തെല്ലാം കഥകളെ പറഞ്ഞറിയിക്കുമായിരുന്നു? 1857ാമതിൽ ഇംഗ്ലിഷ് വാഴ്ചയെ നീക്കി, കലഹക്കാരുടെതു സ്ഥാപിപ്പാൻ വേണ്ടി, എത്രയൊ മനുഷ്യരക്തം ചിന്നിപ്പോയി? അതിൽ പിന്നെ കലഹക്കാരുടെതു നീക്കി ഇംഗ്ലിഷ്കാരുടെ വാഴ്ചയെ വീണ്ടും ക്രമപ്പെടുത്തുവാൻ എത്രയൊ ജനങ്ങൾ നശിച്ചു പോയി? എത്ര ആളുകൾ ആ മത്സരം ഹേതുവായി ദുഃഖപരവശന്മാരായി തീൎന്നിരിക്കും? ഇംഗ്ലിഷ്കാർ 1803ാമതിൽ മഹറാട്ടികളെ ജയിച്ചു ഡില്ലിയെ ഒന്നാം പ്രാവശ്യം പിടിച്ചപ്പോഴും, മഹറാട്ടികൾ അതിനെ പിടിച്ചപ്പോഴും പാൎസ്സിരാജാവായ നദീർശ്ശാഃ അതിനെ പിടിച്ചു ഏകദേശം 30,000 നിവാസികളെ കൊന്നു, എല്ലാം കത്തിക്കവൎന്നു അനവധി ദ്രവ്യം കൊള്ളയിട്ടപ്പോഴും, ഔറങ്ങസീബിൻെറ കാലത്തിലും, ബാബർ അതിനെ പിടിച്ചു മഹാമുകിളസാമ്രാജ്യത്തിൻെറ തലസ്ഥാനമാക്കിയപ്പോഴും, മുകിളസ്വരൂപത്തിൻെറ കാരണവരും മനുഷ്യപ്പുലിയുമായ തിമുല്ലങ്ങ അതിനെ പിടിച്ചു കവൎന്ന സമയത്തും, എത്ര നാശവും കണ്ണീരും ചോരധാരയും വിലാപവും ആ പട്ടണത്തിൽ ഉണ്ടായിരുന്നു? ഇതൊക്ക വിചാരിച്ചാൽ ഈ നഗരരത്നം ഒരു വലിയശവക്കുഴി, എന്നു പറയേണ്ടതിന്നു ഹേതുവുണ്ടു.

എങ്കിലും ഈ കാലത്തിന്നും മുകിളരുടെ കാലത്തിന്നും തമ്മിലുള്ള ഭേദാഭേദങ്ങൾ കണ്ടുവരേണ്ടതിന്നായി ചില മുകിളസ്വരൂപക്കാരെ കുറിച്ചു ചുരുങ്ങിയ വൎത്തമാനം എഴുതുന്നു.

തിമുല്ലങ്ങ് ജിങ്കിസ്ഖാൻെറ (൨) താവഴിയിൽ ഒരുവനായി പടിഞ്ഞാറെ തുൎക്കിസ്ഥാൻെറ നടുവിലുള്ള സമൎക്കാന്തപട്ടണത്തെ തൻെറ രാജധാനിയാക്കി പെരുമ്പുലി തൻെറ മടയിൽ

നിന്നു മൃഗവേട്ടക്കു പുറപ്പെട്ടും പോലെ അവിടെനിന്നു 35 സംവത്സരത്തോളം സകല ദിക്കിലേക്കും ചെന്നു, രാജ്യങ്ങ[illegible] പിടിച്ചു കൊള്ളയിട്ടു വന്നു. ഏകദേശം എട്ടു ലക്ഷം പടയാളികളുടെ നായകനായി കൊടുങ്കാറേറാ ജലപ്രളയമോ എന്ന പോലെ ഹിന്തു, ചീന, വിലാത്തി എന്നീ രാജ്യങ്ങളിൽ ഉൾപുക്കു അശേഷം കൊള്ളയിട്ടു, കവൎച്ചയെ സമൎക്കാന്തിലേക്കു അയച്ചു, തന്റെ ഭണ്ഡാരത്തിൽ എണ്ണമററ പൊരുൾ ചരതിച്ചു. ഡില്ലിയെ പിടിച്ചു കവൎന്നപ്പോൾ അനവധി നിവാസികളെ കൊന്നതല്ലാതെ, ശേഷിച്ചവരെ ചിറപിടിച്ചു, അവരെ കൊണ്ടു കവൎച്ചയെ പേറിച്ചു; തന്റെ രാജധാനിയിലേക്കു എത്തിച്ചു. വരികയും പോകയും ചെയ്ത വഴിയിൽ ഒക്കെയും കണ്ട നാടും നഗരവും അശേഷം വെറുമയാക്കിക്കളഞ്ഞു. അവന്റെ വ്യാഘ്രഹത്തോളം ക്രൂരതയും ഉണ്ടു. പോരിൽ മാത്രമല്ല വിനോദത്തിനും മനുഷ്യരെ കൊല്ലും. ഒരിക്കൽ അവൻ 4000 അമ്മിന്ത്യ കതിരച്ചേകവരെ ജീവനോടെ കുഴിച്ചിട്ടു കളഞ്ഞു. ബഗ്ദാദപട്ടണം പിടിച്ച സന്തോഷത്തിന്നായി 90,000 തലമണ്ടകളെ കൊണ്ടു ഒരു തോരണം കെട്ടിച്ചു. 1405ാമതിൽ കൊള്ളക്കാരുടെ ഈ തലവൻ ൭൦ വയസ്സുള്ളവനായി മരിച്ചു. തിമൂൎല്ലങ്ങിന്റെ അനന്തരവന്മാരിൽ ആറാമനായ ബാബർ കൊള്ളയെ കൊതിച്ചു തന്നെയല്ല, രാജ്യം സമ്പാദിക്കേണ്ടതിന്നു ആഗ്രഹിച്ചു, ഹിന്തുരാജ്യത്തിൽ കടന്നു, ഡില്ലിയെ പിടിച്ചു, തന്റെ സിംഹാസനം അതിൽ വെച്ചു, മഹാമുകിള സാമ്രാജ്യത്തെ സ്ഥാപിച്ചു. ബാബരിന്റെ മരുമകനായ ഹുമായന്റെ മകനായ അക്ബർ ബാബരിനേക്കാൾ ശ്രുതിപ്പെട്ട ജയശാലിയും ബലവാനുമായതല്ലാതെ, ദയ നീതി വിവേകം മുതലായ ഗുണങ്ങളുള്ളവനായി പരമതദ്വേഷമെന്നിയെ സകല ജനഗുണചിന്തയുള്ള രാജശിഖാമണിയായിരുന്നു. അവന്റെ മകനായ സേലിം, മരുമകനായ ശാജിഹാൻ, എന്നിവർ ആരും അവനോളം പോരാതെ പോയി. അവന്റെ നാലു മരുമക്കളിൽ ഒരുവനായ ഔറങ്ങസീബിന്റെ കാലത്തിൽ മുകിളസാമ്രാജ്യം ഇനി ഒരിക്കൽ പുതു ശോഭ പ്രാപിച്ചു പോന്നു. ഔറങ്ങസീബ ബഹു കപടവും യുക്തിയുള്ളൊരു ഉപായി ആയിരുന്നു. അവന്റെ സിംഹാസനം ശുദ്ധ പൊന്നും നവരത്നങ്ങൾ പതിച്ചതും, എട്ടു കോടി ഉറുപ്പികയോളം വിലയുള്ളതുമായിരുന്നു. ചുവപ്പുകല്ലുകൊണ്ടു കെട്ടിയതും ലോകപ്രസിദ്ധവുമായ അവന്റെ കോവിലകവും അതിനോടു ചേൎന്ന ഉദ്യാനങ്ങളും ഒന്നര നാഴിക ചുററളവുള്ളതായിരുന്നു. അതിലേക്കു ചെല്ലുന്ന വലിയ വാതിലിന്റെ മീതെ: “സ്വൎഗ്ഗം എന്നൊന്നുണ്ടെങ്കിൽ, അതു ഇവിടെ, ഇവിടെ, ഇവിടെ തന്നെ ഉണ്ടായിരിക്കേണം”, എന്നൊരു എഴുത്തു ഉണ്ടായിരുന്നുപോൽ. ഔറങ്ങസീബ സ്വന്ത മതത്തോടു വളരെ പററലുള്ളവൻ ആകകൊണ്ടു, ഹിന്തുക്കളെ നയഭയങ്ങളാൽ മുഹമ്മതമാൎഗ്ഗത്തിൽ ചേൎപ്പാൻ വളരെ പ്രയത്നിച്ചു. അവന്റെ കാലത്തിൽ മഹറാട്ടികളും ശിഖരും ഡില്ലിസാമ്രാജ്യത്തിൽ കടന്നു വളരെ അലമ്പൽ ചെയ്വാൻ തുടങ്ങി. ഇപ്പോൾ വിക്തോരിയാ എന്ന ഇംഗ്ലിഷ മഹാരാണിയവൎകൾ ഈ രാജ്യങ്ങളുടെ മേൽ ചക്രവൎത്തിനിയായി വാഴുന്നതിനാൽ ഹിന്തുക്കളും മുസല്മാനരും ക്രിസ്തിയാനികളുമായ പ്രജകൾക്കു എല്ലാവൎക്കും ഒരു പോലെ ഗുണം വരുമാറാക.

AFGHANISTAN.
അഫ്ഘാനിസ്ഥാൻ.

തങ്ങൾക്കു തങ്ങൾ തന്നെ പുഷ്തൻ അല്ലെങ്കിൽ പുഷ്തൌ എന്നു പേർ വിളിക്കുന്ന അഫ്ഘാന്യരുടെ ചരിത്രം നല്ലവണ്ണം തെളിവില്ല. അവർ ഇടയന്മാരായ ഒരു ജാതിയായി ഹിന്തുക്കുഷിൽനിന്നു ഇറങ്ങി വന്നു എന്നു ഊഹിപ്പാൻ സംഗതി കാണുന്നു. അവരുടെ ഭാഷക്കു പാൎസ്യഭാ

ഷയോടു സംബന്ധം ഉണ്ടു. പുരാണമെ അവർ കിഴക്കെ ഇരാനിലെ സകല ഗോത്രങ്ങളിലും വെച്ചു പ്രധാനികളായി. മുഹമ്മദമാൎഗ്ഗത്തെ സുന്നിതരുടെ ക്രമപ്രകാരം കൈക്കൊണ്ടു ഇന്നേയോളം ഇടയരായി കവൎച്ചാതാല്പൎയ്യം ധൈൎയ്യം മതഭ്രാന്തു (fanaticism) എന്നിവ കൊണ്ടു കീൎത്തിപ്പെട്ടിരിക്കുന്നു. 18ാം നൂററാണ്ടിൻെറ ആരംഭത്തിൽ അവർ പാൎസ്യരുടെ നുകത്തെ നീക്കി തുരനിലെ ബല്ക്കും (Balkh) ഇന്ത്യയിലെ കശ്മീരും മുല്താനും തങ്ങളുടെ ആധീനത്തിൽ ആക്കി, എങ്കിലും പരസ്പരയുദ്ധത്താലും സിംഹാസനപ്രതിവാദത്താലും രാജ്യാവസ്ഥ ക്രമേണ നിസ്സാരമായിപോയി. രുസ്സ്യരും ഇംഗ്ലിഷുകാരും ക്രമേണ ആസ്സ്യയിലെ തങ്ങൾ്ക്കു അടുത്തു വന്നതു കൊണ്ടു ഇന്ത്യക്കു കാബൂൽവഴി സൂക്ഷിക്കുന്ന അബ്ഗാന്യർ ആ രണ്ടു യുരോപ്യജാതികളുടെയും വിചാരണയിൽ ആയിവന്നു. 1747 തുടങ്ങി ദുരാനിരാജകുഡുംബക്കാരാൽ ഭരിക്കപ്പെട്ട ഈ രാജ്യം 1823ാമതിൽ പല രാജ്യാംശങ്ങളായി പിരിഞ്ഞു പോയി. കാബൂലിൽ ബെരെക്സി (Bereksi) കുഡുംബത്തിലുള്ള ദൊസ്തമുഹമ്മദ് സിംഹാസനം പ്രാപിച്ചു. 1839ാമതിൽ ഇംഗ്ലിഷുകാർ യുദ്ധം തുടങ്ങി ചില പട്ടണങ്ങളെ പിടിച്ചു ദുരാനിരാജകുഡുംബക്കാരെ വീണ്ടും സിംഹാസനം കയററി. എങ്കിലും 1842ൽ സമാധാനകരാറെ നിശ്ചയിക്കയാൽ ദൊസ്തമുഹമ്മദ് അവരെ അകററി വീണ്ടും സിംഹാസനം കയറി. അവൻെറ മകൻ രാജാവായപ്പോൾ ഇംഗ്ലിഷുകാർ പണവും ആയുധങ്ങളും അവനു സഹായിച്ചുവന്നു. ഇന്ത്യാനരുടെ നിമിത്തം അബ്ഗാനിസ്ഥാൻ ഏകരാജശാസനയിൽ ആയി വരേണമെന്നു ഇംഗ്ലിഷുകാരുടെ താല്പൎയ്യം.

300000 □ ചതുരശ്ര നാഴിക വിസ്താരമുള്ള അബ്ഗാനിൽ 4500000 സംഖ്യയുള്ള അബ്ഗാന്യൎക്കു അന്യ ഗോത്രങ്ങളേക്കാൾ പ്രബലതയുണ്ടു. അവർ കീഴടക്കിയ്യും കൃഷിയും കൈത്തൊഴിലും നടത്തി വരുന്നതുമായ കുടിയാന്മാരുടെ സംഖ്യ ഏകദേശം 4000000 ആകും അവരുടെ ഇടയിൽ ചിലർ ഹിന്തുക്കൾ അറബികൾ യഹൂദന്മാർ മുതലായവർ പാൎക്കുന്നു. ബെൎദ്ദുരാനി (Berduranis) കാക്കർ (Kaker) ഗീല്ഡ്ശി (Guildshis) ദുരാനി (Duranis) ഹസ്സരെഹ് (Hazzareh) എന്നുള്ള ഗോത്രനാമപ്രകാരം രാജ്യം വിഭാഗിക്കപ്പെട്ടു. എന്നാൽ ഇക്കാലത്തു 3 രാജ്യങ്ങൾ ഉണ്ടു അവ കാബൂൽ കണ്ടഹാർ (Kandahar) ഹിരാത്ത് (Herat) ഇവ തന്നെ. കാബൂൽ രാജ്യം പ്രത്യേകം കാബൂൽനദികരയുടെ താഴ്വരയിൽ പുഷ്ടിയും വിശേഷവുമേറിയ ഒരു നാടു. അതിൻെറ തെക്കെ അംശങ്ങൾ അത്ര പുഷ്ടിയുള്ളവയല്ല. പ്രധാന സ്ഥലമായ കാബൂൽപട്ടണം കാബൂൽനദിയുടെ തീരത്തു ഒരു കുന്നിന്മേൽ ബഹു ശോഭിതമായി സമുദ്രവിതാനത്തിൽ നിന്നു 6000 കാലടി ഉയൎന്നു കിടക്കുന്നു. ഇവിടെ ഏററവും സുഖകരമായ

ഋതുഭേദങ്ങൾ ഉണ്ടു. യുരോപ്പിലെ പോലെ ഹിമകാലം, വസന്തകാലം വേനൽകാലം, കൊയിത്തുകാലം എന്നീ കാലഭേദങ്ങളും ഉണ്ടു. പട്ടണം ചില മുഖ്യവഴികൾ വന്നു കൂടുന്ന സ്ഥലത്താകകൊണ്ടു 60000 നിവാസികളുള്ള ഒരു മുഖ്യ കച്ചവടസ്ഥലമായി തീൎന്നു. കാബൂൽതാഴ്വരക്കു താഴെ ചെല്ലലബദ് (Dschellalabad) കൈസർ കണ്ടിവാതിലിന്റെ അരികെ ഇരിക്കുന്നു കാബൂൽപട്ടണത്തിൽനിന്നു രാജവീഥി എന്നു പറയുന്ന ഒരു നല്ല റോഡ് 425 നാഴിക ദൂരമുള്ള ഗസ്നെ കണ്ടഹാർ എന്ന പട്ടണം തൊട്ടു ഹെരത്ത് പട്ടണത്തിലേക്കു ചെന്നു കൂടുന്നു.

2. കണ്ടഹാരിൽ ഏതാനും 50000 ജനങ്ങൾ ഉണ്ടു.

3. അയ്മക്ക എന്നു പറയുന്ന പാൎസ്യക്കാരും തുരനരുമായ നിവാസികൾ ഉള്ള ഹെരത്ത് രാജ്യം 1863ാമതു തുടങ്ങി അഫ്ഗാനരുടെ കീഴിൽ ഇരിക്കുന്നു തലസ്ഥാനമായ ഹെരത്ത് ഉന്നതപൎവ്വതങ്ങളാൽ ചുററപ്പെട്ട നനവും പുഷ്ടിയുമുള്ള സമഭൂമിയിൽ കിടക്കുന്നു. അതിൽ 100000 നിവാസികളും ആയുധം പനിനീർ എന്നിവയുടെ വലിയ പ്രവൃത്തിയും കച്ചവടവും ഉണ്ടു. അഫ്ഗാനിസ്ഥാന്റെ വടക്കു കിഴക്കെ അംശം അവിശ്വാസികളുടെ രാജ്യം എന്നൎത്ഥമുള്ള കഫിരിസ്ഥാൻ, ഹിന്തുകൂഷ് മലകളുടെ ദക്ഷിണ ഭാഗത്തിരിക്കുന്നു. അതിനെക്കൊണ്ടുള്ള വൎത്തമാനം ദുൎല്ലഭം താനും.

BELUCHISTAN.

ബലൂചിസ്ഥാൻ.

യവനർ ഗെദ്രൊസി എന്നു വിളിക്കുന്ന ബലൂചിസ്ഥാൻ രാജ്യം ഇരാന്റെ പൂൎവ്വദക്ഷിണ ഭാഗത്തിൽ ഏകദേശം 127000 നാഴിക വിസ്താരമായി വിളങ്ങുന്നു. മഹാഅലക്സന്തർ (325 ക്രി. മു.) ഇന്ത്യയിൽനിന്നു മടങ്ങിപോംവഴി ഈ നാട്ടിലൂടെ സൈന്യസഹിതം കടന്നു പോയതിൽ ദാഹവും ഉഷ്ണവുംകൊണ്ടു സൈന്യത്തിന്റെ ⅔ ഓഹരി ചത്തു പോയി. 40 ദിവസം യാത്ര ചെയ്ത ശേഷം മാത്രം തിരിച്ചു പാൎസ്യയിൽ എത്തി. ഈ നാടു എത്രയും ഉഷ്ണവും പാഴായതും ആകുന്നു. ചിലേടത്തു പാറപൎവ്വതങ്ങൾ പൂഴിപ്രദേശങ്ങൾ ഇവയല്ലാതെ മറെറാന്നും കാണുകയില്ല. ചില ഇടങ്ങളിൽ മാത്രം ഉറവുകളും അല്പ പുഷ്ടിയും ഉണ്ടു, അതിലെ നിവാസികളായ ബലൂചിസ്ഥരുടെ സംഖ്യ ഏകദേശം 2000000. അവർ സൌന്ദൎയ്യവും ശക്തിയും ഉള്ള ജാതി തന്നെ. അറബികളുടെ സന്തതിയായ അവർ ബഹു താല്പൎയ്യത്തോടെ മുഹമ്മദ്മതത്തിൽ ചെന്നു അഫ്ഗാന്യരെ പോലെ സുനിദർ ആകയാൽ ശീതരായ പാൎസികളെ ഏററവും പകെക്കുന്നു. അവരുടെ ഭാഷക്കു പാൎസ്യഭാഷയോടു അടുപ്പുണ്ടു. നാട്ടിന്റെ സ്വാ

ഭാവപ്രകാരം അവർ ഇടയരെങ്കിലും കവച്ചാതല്പരന്മാരാകയാൽ ഒട്ടകങ്ങളെകൊണ്ടു പലപ്പോഴം കറവച്ചയാത്ര ചെയ്യുന്നു. അവർ 50ൽ പരം ഗോത്രങ്ങളായി വിഭാഗിക്കപ്പെട്ടു എല്ലാ പ്രധാനികളിലും കെലാത്തിലെ പ്രധാനി തലവൻ തന്നെ. അതിലെ സംസ്ഥാനങ്ങളാവിതു: കെളാത്ത് (Kelat) സരവാൻ (Sarawan) കച്ചാകുന്താപ് (Katcha Gundawa) ചാലാപാൻ (Dschelawan) ലസ്സ് (Lass) മെഗ്രാൻ (Mekran) ഇവ തന്നെ മുഖ്യസ്ഥലമായ കെളാത്ത് പട്ടണം 7000 കാലടി കടലിനേക്കാൾ ഉയൎന്നു ഒരു ഇടുക്കുതാഴ്വരയിൽ ശാമ്മിദ്ൻ എന്ന കുന്നിന്റെ സമീപത്തു കിടക്കയും ചെയ്യുന്നു. നവെമ്പ്ര മാസം തുടങ്ങി ഫിബ്രുവരിവരെ അവിടെ ഹിമവൎഷം ഉണ്ടു. പട്ടണത്തിലെ ജനസംഖ്യ 12000 തന്നെ.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

ആസ്യാ Asia.

ബങ്കാളസംസ്ഥാനം. — കാലികാതയിൽ ൧൮൫൫ ആമതിൽ ജനിച്ച ൧൦൦൦ ഹിന്തുകുട്ടികളിൽനിന്നു ൫൪൭ ഉം, ൧൦൦൦ മുഹമ്മദീയ കുട്ടികളിൽനിന്നു ൬൩൫ ഉം ഒരു കൊല്ലം തികയാതെ മരിച്ചിരിക്കുന്നു. അൎദ്ധ യുരോപ്യരായ യുരാസ്യക്കുട്ടികളുടെ മരണം ഹിന്തുക്കളുടെതിലും യുരോപ്യക്കുട്ടികളുടെ മരണത്തുകയുരാസ്യരുടേതിലും കുറയുന്നു. അതിന്റെ സംഗതി എന്തു പോൽ. പുറനാട്ടിൽ ഉള്ളതിനെക്കാൾ നഗരങ്ങളിൽ വിശേഷിച്ചു കുട്ടികളുടെ ചാവു ഏറുന്നതു ആൾ പിടിപ്പതു പാൎക്കുന്ന ഇടങ്ങളിൽ വായു പെരുത്തു ദൂഷിച്ചു പോകുന്നതിനാൽ തന്നെ. വിശേഷിച്ചു നാട്ടുകാർ ഈററില്ലത്തിലോ ഈററററയിലോ ഉള്ള ഒരു വക വായുവെ തീച്ചട്ടിവെച്ചു മുഴവനും വിടക്കാക്കീട്ടു പുറത്തുനിന്നു നല്ല വായുവെ കടക്കാതാക്കുന്നതു കൊണ്ടു അതിലേ വായു മുതിൎന്നവൎക്കു ഓരോ കേടുവരുത്തുകയും പ്രത്യേകമായി പച്ചപൈതങ്ങളെ വേഗം വാട്ടികളകയും ചെയ്യുന്ന വിഷവായുവായി തീരുന്നു എന്നറിയേണം. മുഹമ്മദീയർ തങ്ങളുടെ സ്ത്രീകളെ ഹിന്തുക്കളിൽ അധികം പൂട്ടി വെക്കുന്നതു നിമിത്തം അവരുടെ ഇടയിൽ കുട്ടികളുടെ ചാവു മികെച്ചതു, അറിയായ്മ ഓരോ നന്മയെ കെടുക്കയും പല തിന്മയെ ഉണ്ടാക്കയും ചെയ്യുന്നു എന്നു കണ്ടാൽ അതിന്നു മറുമരുന്നു വേണമല്ലോ.

ബങ്കാള ഉൾക്കടലിൽ ഇതിന്നിടെ രണ്ടു വൻ ചുഴലിക്കാററുകൾകൊണ്ടു ഗംഗയുടെ അഴിമുഖനാട്ടുകൾക്കും നാട്ടുകാൎക്കും ചൊല്ലിത്തീരാത്ത അപായസങ്കടങ്ങൾ നേരിട്ടിരിക്കുന്നു. ആ ഉൾക്കടലിൽ കൊല്ലന്തോറും തുലാമാസത്തിൽ വഞ്ചുഴലിക്കാററു അടിക്കുന്നതു പതിവത്രെ. ആയതു മലയാളത്തിലെ വൎഷക്കാററാകുന്ന തെക്കു പടിഞ്ഞാറു കാററിന്നും ചോഴമണ്ഡലത്തിലുള്ള മഴക്കാററായ വടക്കു കിഴക്കന്നും തമ്മിലുള്ള അങ്കപ്പോർ എന്നു പറയാം. വടക്കുകിഴക്കൻ ജയം കൊണ്ടിട്ടെ തീരുന്നുള്ളു. ഒക്തോബ്രു ഏഴ എട്ടാം തിയതികളിൽ ഉള്ള വഞ്ചുഴലിക്കാററു ബങ്കാള ഉൾക്കടലിന്റെ നടുതൊട്ടു അതിന്റെ പടിഞ്ഞാറുള്ള വിശാഖപട്ടണത്തോളം ചുറഞ്ഞു തിരിഞ്ഞു സഞ്ചരിച്ചതു. അതിന്റെ ശേഷം ഒക്തോബരിന്റെ പോക്കോടെ ഉൾക്കടലിന്റെ പടിഞ്ഞാറെ പാതിയിൽ വടക്കു കിഴക്കനും കിഴക്കെ പാതിയിലോ പെരുത്തു മഴക്കൂടിയ തെക്കനും തെക്കു പടിഞ്ഞാറനും അടിച്ചു ഉൾക്കടലിന്റെ നടുമദ്ധ്യത്തിൽ തമ്മിൽ കെട്ടി പിടിച്ച പ്രകാരം ചക്കിരിപോലെ (ഒക്തോബർ ൨൯—൩൧) ചുറഞ്ഞു വലിയ പരപ്പുള്ള ഉൾക്കടലിലും ഗംഗയുടെ അഴിപ്രദേശത്തും എത്രയും ഊക്കോടു അടിച്ചു സഞ്ചരിച്ചു. ഇക്കുറി വിശേഷിച്ചു കിഴക്കെ കരയിൽ കാററിന്റെ അതിക്രമത്തെ അറിവാൻ സംഗതി വന്നതു.

ചിത്രഗംഗ:— അല്ല ഇസ്ലമബാദ് — മിയനീതാഴ്ഴരയിൽ ക്രുടി കോയ്യക്കായി 10-20 ആനകളെ കൊണ്ടു വന്ന രാത്രിയിൽ ചൂരക്കാട്ടിൽ വെട്ടിയ താവളത്തിൽ തങ്ങുമ്പോൾ ഒരു ചീറുവാലൻ പുലി $1\frac{1}{2}$ വാര ഉയരവും 600 റാത്തൽ തൂക്കവും ഉള്ള കട്ടിയാനയെ വേളക്കൽ പിടിച്ചു ചില മാറു ദൂരത്തോളം വലിച്ചു അതിന്റെ തുടകളിൽനിന്നു തിന്നു കളഞ്ഞിട്ടുണ്ടായിരുന്നു. പിറെറന്നു ശേഷം ൧൦-൨൦ ആനകളെ ക്രുട്ടിക്കൊണ്ടു പോകുന്ന സായ്പു 5-10 വാര ദൂരത്തോളം വലിച്ച ആന പിടക്കലിനെയും അതിൻ അടുക്കേ നിറയവയരോടു കിടക്കുന്ന പുലിയെയും കണ്ടിട്ടു ആനപ്പുറത്തുനിന്നു ഒററ വെടിയാൽ കൊന്നു. അതിന്നു തിട്ടമായി 3 വാര നീളവും $349\frac{1}{2}$ റാത്തൽ തൂക്കവും കണ്ടിരിക്കുന്നു.

ഒരു നാഴിക സമയത്തിന്നകം നാല്പതിൽ പരം നാഴിക ദൂരത്തോളം മുഞ്ചെല്ലുന്ന കാററു മരവീടുകളെ മറിച്ചു ഉമികണക്കെ പാററിക്കളകയും ഏററത്തോടു ക്രുട തിരമാലയും ചാമത്തലയും തുറമുഖത്തെത്തിയപ്പൊൾ കഴം കറെഞ്ഞ കടലിൽ നങ്കൂരം ഇട്ടു ഒന്നു രണ്ടു കപ്പൽ ഒഴികേ മുപ്പതു ചിലപ്പാനം വൻ ഉരുക്കളെ ചിരട്ട പോലെ കരയിലേക്കു അലെച്ചു കളഞ്ഞു. വിശേഷിച്ചു ഗംഗയും (ഗംഗയും ബ്രഹ്മപുത്രിയും ക്രുടിയ) മഗ്നയും ഒരുമിച്ചു അഴിക്കൽ എക്കൽ കൊണ്ടു ഉണ്ടാക്കിയ ഓരോ വലിയ തുരുത്തുകൾ കാററു ചാമത്തലകളുടെ വാറിനാൽ പെരുത്തു വലഞ്ഞു. എല്ലാ തുരുത്തുകളിൽ വലിയതു ദക്ഷിണഷബസ്പൂർ, അതിൽ ദൌലാത്തുഖാന എന്ന നഗരമുണ്ടു. ഏററം കൊണ്ടു നിറഞ്ഞ ഗംഗമഗ്നനദികളിലും കൈയാറുകളിലും ക്രുടി കൊടുങ്കാററു അലെച്ച ചാമത്തല വിഘ്നവും തടസ്ഥവും ക്രുട്ടാക്കാതെ നാലഞ്ചു മാറോളം ഉയരം പൊന്തി ബ്രഹ്മപുത്രീനദിയുടെ ഗാരോ മലകളോളവും ഗംഗയിൽ ക്രുടി പഞ്ഞപട്ടണത്തോളവും അതിന്റെ തലയെ താണതാണ കൊണ്ടെങ്കിലും അയച്ചിരിക്കുന്നു. ബകർഗംഗ (Backergunge ക്രുറുപാട്ടിലും മരവീടുകളെ പാററിക്കളകയും നെൽകൃഷിയെ നശിപ്പിക്കയും മനുഷ്യരെയും ജീവികളെയും മുക്കിക്കളകയും ചെയ്തിരിക്കുന്നു. ഹുഗ്ലിവക്കത്തുള്ള കാലികാതയിലെ ഉരുക്കൾ പ്രയാസത്തോടെ തെററിയുള്ളു. എല്ലാററിലോ ദക്ഷിണഷബസ്പൂർ മുതലായ ഉരുത്തുകൾ അടിഞ്ഞു പോകത്തക്ക അഴിനിലയോടു എത്തി. ദൌലാത്തുഖാന മുതലായ നഗരങ്ങളുടെ വീട്ടുതറകളേ ശേഷിപ്പൂ. പെട്ടന്നു വാറോടു വരുന്ന ചാമത്തലയിൽ രാക്കാലം ആകകൊണ്ടു തെററുവാൻ കഴിയാതെ രണ്ടുലക്ഷത്തുപതിന്നയ്യായിരം മനുഷ്യരും അസംഖ്യ കന്നുകാലികളും ഒരു മണിക്കുറിന്നകം മുങ്ങി ഒടുങ്ങി പോയിരിക്കുന്നു. രക്ഷപ്പെട്ടവരോ ഏതെല്ലാം അത്ഭുതമായ വഴിയായി ജീവനോടു തെററി പോയി എന്നതിനെ കൊണ്ടു അനേക ഗ്രന്ഥങ്ങളെ എഴുതിയാലും ഒടുക്കമില്ല. മരങ്ങൾ ഏറിയ ദിക്കുകളിൽ അധികം ആളുകളും മരം കറഞ്ഞ സ്ഥലങ്ങളിൽ ചുരുങ്ങിയ ആളുകളും രക്ഷപ്പെട്ടതു. അയ്യോ ചെറു മനുഷ്യൻ ദൈവം അവനെ ഓൎക്കേണ്ടതിന്നു ആരുപോൽ. ഇന്നു എന്ന ദിവസത്തിൽ ദൈവത്തിന്റെ ശബ്ദത്തെ കേട്ടാൽ നിങ്ങൾ ഹൃദയങ്ങളെ കഠിനമാക്കാതേ ദൈവത്തോടു യേശു ക്രിസ്തുനാൽ നിരന്നു വരുവിൻ എന്നു ഈ സംഭവത്തിന്റെ താല്പൎയ്യമായ ഉപദേശം.

ബൊംബായിസംസ്ഥാനം പൂണ:—

പഞ്ചമുള്ള താലൂക്കുകളിൽ മരങ്ങളെ കഴിച്ചാൽ പച്ചളിപ്പും ധാന്യങ്ങളും കാണ്മാൻ ഇല്ല. അവിടേ കോയ്മ ൨-ലക്ഷം ആളുകളെ പോറേറണ്ടി വരുന്നു.

ശോലാപ്പൂർ ൨൫,000 പേരും ൭൦,000 കന്നുകാലികളും നിജാമിലേക്കു കടന്നു പോയി. കോയ്മ ഓരോ പരമോപകാരമുള്ള നിരത്തു മുതലായ പണികളെ കല്പിച്ചു. പ്രാപ്തിയുള്ളവർ ധാന്യങ്ങളെ വാങ്ങേണ്ടതിന്നു പണം നേടുന്നു. ദരിദ്രന്മോൎക്കും വെറുതെ ഭക്ഷണം കൊടുത്തു വരുന്നു. എന്നിട്ടും ഏറിയവർ വിശപ്പിനാലോ ഒരു വക തുററലും കാറലും കൊണ്ടോ മരിക്കുന്നു. വൈക്കോലും പൈമ്പുല്ലും എങ്ങും ഇല്ല. കൃഷിക്കാർ കാക്കാണിക്കാക്കു കന്നുകാലികളെ രണ്ടണ വീതം വില്ക്കയും അവരോ തോലിന്നു മാത്രം അവററെ

കൊല്ലുകയും ചെയ്യുന്നുള്ളു. ഒരു വലിയ കൃഷിക്കാരൻ വരൗ ഉരുക്കളെ മൃന്നുരുപ്പികെക്കു വിററ ശേഷം താൻ കൂലിപ്പണിക്കു പോയിരിക്കുന്നു.

പൂണ ശോലാപൂർ മുതലായ പഞ്ചം പിടിച്ച നാട്ടുകളിലേക്കു വളരെ നവധാന്യങ്ങളെ കടത്തി വരുന്നു.

തെക്കേ മഹാരാഷ്ട്രത്തിന്നു ക്ഷാമം നന്നായി പിടിച്ചിരിക്കുന്നു.

മദ്രാശിസംസ്ഥാനം: — ചെന്നപ്പട്ടണം മദ്രാശിയിൽനിന്നു പഞ്ചം പിടിച്ച നാട്ടുകളിലേക്കു അയച്ചു വരുന്ന അരിയാൽ തീവണ്ടിപ്പാതക്കാൎക്കു പെരുത്തു കേവു കൂലി അടയുന്നു. അതോ ഫവ്യൗ൫ (സെപ്തെമ്പ്ര ൨൫ നൊവെമ്പ്ര ൯) ന്ന,ന്നവ,ന്നരൗൻ രൂപ്പികയും ഫവ്യൗന്ന ആ സമയത്തിന്നിടക്കു വ്യ,ൻന്ന,ൗവന്ന രൂ. യും വസൂലാക്കിയ പണം ഒപ്പിച്ചു നോക്കിയാൽ തെളിയും.

തിരുവിതാങ്കോട്ടു — നഗരകോവിലിൽ ഷഷ്ട്യബ്ദപൂൎത്തിസാരം നഴഞ്ഞു വന്നു.

ബൎമ്മ: — രംഗൂനിൽ ൯ വാര (12′ 6″ ഉയരവും ൫॥ വാര (16′ 4″) പുറവായുടെ വിട്ടവും ഉള്ള ഒരു മണി ഉണ്ടു. മൊസ്ക്കാവിലേ വൻമണി കഴിച്ചു ഇതിന്നു എതിർ ഭൂലോകത്തിൽ വേറെ മണിയില്ല. മണിയുടെ തൂക്കം ൰൦-ൻ൦ തൊനോളം ആയിരിക്കും. (൨൨൯൦ റാത്തൽ) ഇതിനാൽ മുങ്കാലങ്ങളിൽ ബുദ്ധമതക്കാരുടെ വിദ്യയുടെ വിശേഷം തിരിയും.

വട അമേരിക്കാ North America.

ഈ വലിയ രാജ്യത്തിന്റെ കിഴക്കേ കര പ്രദേശത്തിൽ സെപ്തമ്പ്ര ൧൭ കിഴവന്മാരും കൂട ഓൎക്കാത്ത ഭയങ്കരമായ കൊടുങ്കാററിനാൽ എണ്ണ മററ പല വിധം ഉരുക്കൾ പൊളിഞ്ഞു തകൎന്നു പോകയും അല്ല ഏറിയതിന്നു കമ്മത്തു എടുക്കയും മററു ഓരോ കേടു പാടു തട്ടുകയും ചെയ്തിരിക്കുന്നു.

ബ്രുക്ലീനിലെ കഥകളി അരങ്ങിന്നു തീ പിടിച്ചു കാഴ്ചയെ നോക്കുന്ന പുരുഷാരത്തിൽനിന്നു ൨൭൦ൻ പേരും കൂട വെന്തു പോയിരിക്കുന്നു കഷ്ടം.

യുരോപ്പ Europe.

ഇംഗ്ലന്തു. — വൎത്തമാനക്കമ്പി: കടലിന്റെ അടിയിൽ കൂടി 16 യോഗക്കാർ വൎത്തമാനക്കമ്പിയെ ഇട്ടു അതിന്നായി ഏറിയ പണം മുടക്കിയിരിക്കുന്നു.

സൊവരെൻസ്: ഔസ്ത്രാല്യയിലുള്ള സിദ്നെ മേൽബൊൎന്ന് എന്നീ നഗരങ്ങളിലെ കമ്മട്ടിശാലകളിൽ (mint) പൊൻ നാണ്യങ്ങളെ അടിച്ചു ഇംഗ്ലന്തിലേക്കു കൊടുത്തയക്കുന്നു.

തീയിൽ നടക്ക: സ്വേദനിലേ സ്റ്റൊക്ഹൊല്മ നഗരത്തിൽ എസ്ത്ബെൎഗ് എന്ന സായ്പു കണ്ടെത്തിയ ഒരു വക ഉടുപ്പിൽ മനുഷ്യന്നു കേടുതട്ടാതെ തീയിൽ നടക്കാം. നെറുക തൊട്ടു കാലിന്റെ അടിയോളം ഒരു പുരുഷനെ മൂടുന്ന ഈ വസ്ത്രത്തിന്റെ ഉള്ളിൽ മരവും രോമപലകയും (felt) ഇടക്കിടെ വെള്ളവും വായുവും ഓടിപ്പാൻ തക്കവണ്ണം ഓരോ കുഴലുകളും ഉണ്ടു; ആയതു പുറമെ അകിഴെലിയുടെ (mole) തോലുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. പുറന്തോലിൽകൂടി സൎവ്വാംഗത്തെ വെള്ളം കൊണ്ടു നനെക്കേണ്ടതിന്നു തലയിലും മുഖത്തിന്നു നല്ല വായു ചെല്ലേണ്ടതിന്നു അതിന്റെ മുമ്പിലും ചെറുതുളകൾ ഉണ്ടു. വായു കടത്തുന്ന കുഴൽ ഉള്ളിലും വെള്ളം ഓടിക്കുന്ന വേറെ കുഴൽ അതിന്റെ ചുററിലും ഇങ്ങനെ ഒരേ നീണ്ട കുഴലായിട്ടു വസ്ത്രത്തോടു ഉററു ചേൎന്നിട്ടു ദൂരേ നില്ക്കുന്ന ഒരു പണിക്കാരൻ വായുവും വെള്ളവും പിസ്കാരിപ്രയോഗത്താൽ ആ കുഴലുകളിൽ കയററി കൊണ്ടിരിക്കയാൽ ഇടവിടാതെ നനവു കൊണ്ടു ചൂടറിയാതെ വസ്ത്രം തണുത്തിരിക്കയും ഇടമുറിച്ചലില്ലാത വായുവിനാൽ മനുഷ്യൻ പുക ചൂടുകളെ കുടിക്കാതേ സുഖമായി ശ്വാസം കഴിക്കയും ചെയ്യും. ഇതിന്നിടെ ലൊണ്ടനിൽ കല്ലെണ്ണ കുടിപ്പിച്ച വിറകു മുട്ടികളെ കൊണ്ടു വൎത്തികത്തിച്ചു അതിൽനിന്നു പുറപ്പെട്ട ചൂടു കൊണ്ടു ഏവരും അകലേ നിന്നിരിക്കേ ഒരു സായ്പു മേൽ പറഞ്ഞ ഉടുപ്പു ഉടുത്തു തീയുടെ നടുവോളം ചെന്നു അലമ്പൽ കൂടാതെ നടക്കയും കത്തുന്ന മുട്ടിമേൽ കുത്തിരുന്നു അത്തൽ കൂടാതെ ഒരു ചുരുട്ടു കത്തിച്ചു വലിക്കയും ചെയ്തു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. FEBRUARY 1877. No. 2.

THE POOR WOMAN.

ഭിക്ഷക്കാരത്തി.

ബങ്കാളത്തിൽ പാൎത്തിരുന്ന ഒരു മതാമ്മെക്കു വളരെ കാലമായി ഒരു ആയ ഉണ്ടായിരുന്നു. ആയവൾ പല കുറവുകളെയും അവിശ്വസ്തതയെയും കാണിച്ചു എങ്കിലും, അവളോടുള്ള മതാമ്മയുടെ ദയ ഒരു പ്രകാരത്തിലും കുറഞ്ഞു പോയതുമില്ല. ആയയുടെ മാസപ്പടി ഏഴ ഉറുപ്പികയും, കാലത്താൽ ഈരണ്ടു പുടവകളും ഉണ്ടായിരുന്നതല്ലാതെ, മതാമ്മ അവൾക്കു കൂടക്കൂട പണം, ചായ, പഞ്ചസാര, മുതലായതിനെ സമ്മാനമായി കൊടുത്തു കൊണ്ടു, അവൾക്കു വളരെ സൌഖ്യം ഉണ്ടായിരുന്നു. നാം തമ്മിൽ സ്നേഹിക്കയും, ഹീനരെ നിരസിക്കാതിരിക്കയും വേണം, എന്നു തന്റെ വാക്യത്തിൽ കല്പിച്ചിരിക്കുന്ന ദൈവത്തെ മതാമ്മ ഓൎത്തു സ്നേഹിക്കയാൽ അത്രെ, അവൾ ആയെക്കും എല്ലാ പണിക്കാൎക്കും, കണ്ട സകല മനുഷ്യൎക്കും ഇത്ര ദയ കാണിച്ചതു. മതാമ്മ പാൎക്കുന്ന ബങ്കളാവിന്റെ അരികത്തു തന്നെ ആയെക്കു തീൻ ഉണ്ടാക്കി ഉണ്മാനും വേണ്ടി ഒരു ചെറിയ പുര ഉണ്ടായിരുന്നു.

ഒരു ദിവസം ആയ അപ്പുരയിൽ ഇരുന്നു ചോറു വെച്ചപ്പോൾ, മതാമ്മ തന്റെ മുറിയിൽ ഇരുന്നു പണി എടുത്തു. നല്ല ചോറും മീൻകറിയും നിറഞ്ഞ കിണ്ണങ്ങളും, ശോഭിതമായ കിണ്ടിയും, വെററിലപ്പെട്ടിയും എന്ന എല്ലാം അടുക്കെ തന്നെ ഉണ്ടു. ഇങ്ങിനെ അവൾ ബഹു സുഖത്തോടെ ഉണ്ടുകൊണ്ടിരിക്കുമ്പോൾ, ഏകദേശം ഉടുപ്പില്ലാത്തതും വിശപ്പുകൊണ്ടു നന്ന വലഞ്ഞതുമായ ഒരു കിഴവി പറമ്പത്തു വന്നു, ആയെക്കു സലാം പറഞ്ഞു ഭിക്ഷയാചിച്ചു. എന്നാറെ ആയ അവളെ ഒന്നു നോക്കി ക്രുദ്ധിച്ചു, ഇരപ്പേ, എന്നു ശകാരിച്ചു വേഗം പറമ്പിനെ വിട്ടു പൊയിക്കൊള്ളേണം, എന്നു കല്പിച്ചു. എന്നതിനു ഭിക്ഷക്കാരത്തി: അയ്യോ കഷ്ടം, എനിക്കു ഒരു കാൽ പൈശ തരേണം, അസാരം ചോറു കിട്ടിയാലും മതി, എന്റെ പള്ള വിശക്കുന്നു. എനിക്കു വളരെ ദീനം ഉണ്ടായി, വേലചെയ്യാൻ ശേഷിയില്ല, ഞാൻ വിശന്നിട്ടു മരിക്കും. അയ്യോ, എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു.

അപ്പോൾ ആയ അത്യന്തം ക്രുദ്ധിച്ചു, നീ ഇപ്പോൾ തന്നെ പോകാഞ്ഞാൽ, ഞാൻ പണിക്കാരെ വരുത്തി നിന്നെ അടിച്ചു പുറത്താക്കിക്കും, എന്നു കൂക്കി പറഞ്ഞു. അതുകൊണ്ടു ഭിക്ഷക്കാരത്തി പേടിച്ചു ബദ്ധപ്പെട്ടു പറമ്പിനെ വിട്ടു പോയ ശേഷം, ആയ വയറു നല്ലവണ്ണം നിറയുവോളം തിന്നു, ശേഷിപ്പുള്ള ചോറു കാക്കകൾക്കു എറിഞ്ഞു, കിണ്ണങ്ങളെ കഴകി വെടിപ്പാക്കി, വെള്ളവും കുടിച്ചു, മതാമ്മ ഉടുക്കുന്ന നേരം വരെ കിടന്നുറങ്ങുകയും ചെയ്തു.

മതാമ്മയും: ആ ഭിക്ഷക്കാരത്തിയെയും, ആയ അവളോടു ചെയ്തതിനെയും കണ്ടു വളരെ വ്യസനിച്ചു, ഒരു പണിക്കാരനെ കൊണ്ടു ചോറും

ചില പൈശയും ഒരു കണ്ടം തുണിയും കൊടുപ്പിച്ചു. പിന്നെ മതാമ്മയെ ഉടുപ്പിപ്പാനായി ആയ മുറിയിൽ വന്നപ്പോൾ: ആയാ, നീ ചോറു വെച്ചപ്പോൾ ഞാൻ അവിടെ കണ്ട സ്ത്രീ ആർ? എന്നു മതാമ്മ ചോദിച്ചു.

ആയ: ഞാൻ ആരെയും കണ്ടില്ല മതാമ്മേ, അങ്ങാടിയിൽ ഇരന്നു നടക്കുന്ന എത്രയോ ചീത്തയായ ഒരു കിഴവി മാത്രം ധൎമ്മത്തിനു വന്നു.

മതാമ്മ: നീ അവൾക്കു ധൎമ്മം കൊടുത്തുവോ?

ആയ: ഞാൻ എങ്ങിനെ ധൎമ്മം കൊടുക്കും! നിൎവ്വാഹമില്ലാത്ത ഒരു പെണ്ണിനാൽ എന്തു കഴിവുണ്ടു? മതാമ്മേ.

മതാമ്മ: അവൾ നിന്നോടു എന്തു ചോദിച്ചു? ഉറുപ്പിക ചോദിച്ചുവോ?

ആയ: ഇല്ല മതാമ്മേ, ഉറുപ്പിക ചോദിച്ചില്ല, തിന്മാനായി വല്ലതും വാങ്ങേണ്ടതിനു ഒരു കാല്പൈശ ചോദിച്ചു.

മതാമ്മ: അവൾക്കു ഒരു കാശ എങ്കിലും കൊടുപ്പാൻ നിനക്കു കഴികയില്ലേ? ധൎമ്മം കൊടുക്കുന്നതിനാൽ നഷ്ടം വരാ, എന്നു ഒരു പഴഞ്ചൊൽ എന്റെ രാജ്യത്തിൽ നടപ്പായിരിക്കുന്നു. ഭിക്ഷക്കാരത്തിക്കു ഒരു കാശ കൊടുത്തു എങ്കിൽ, നിനക്കു ചേതം വരികയില്ലായിരുന്നു നിശ്ചയം.

ആയ: എനിക്കു അപ്പോൾ ഒരു കാല്പൈശയും കൈക്കൽ ഇല്ല, എന്നു തോന്നുന്നു.

മതാമ്മ: എന്നാൽ നീ കാക്കെക്കു ചാടികൊടുത്ത ചോറു ഭിക്ഷക്കാരത്തിക്കു കൊടുത്തു എങ്കിൽ, അവളും ദൈവം താനും നിന്നെ അനുഗ്രഹിക്കുമായിരുന്നു. ദരിദ്രനിൽ കനിവുള്ളവൻ ദൈവത്തിനു വായ്പകൊടുക്കുന്നു, അവൻ കൊടുത്തിട്ടുള്ളതിനെ അവൻ അവനു തിരികെ കൊടുക്കും; ദരിദ്രനു കൊടുക്കുന്നവനു കുറവു ഉണ്ടാകയില്ല, എന്നു ശലോമോൻ രാജാവു പറയുന്നു.

ആയ: ഇങ്ങിനത്തെ ആളുകൾക്കു എന്റെ ചോറു വെച്ചു കൊടുക്കുന്നതു ഞാൻ ശീലിച്ചില്ല മതാമ്മേ, അവൾ മഹാ ഹീനജാതിക്കാരത്തിയാണ, വലിയ ആലിന്റെ അരികത്തു ഒരു കുടിലിൽ പാൎക്കുന്നു, എത്രയോ മുഷിഞ്ഞിരിക്കുന്ന ഉടുപ്പേയുള്ളൂ, എലിയുടെയും നായുടെയും ഇറച്ചി പോലും തിന്നുന്നു, എന്നു ജനങ്ങൾ പറയുന്നു.

മതാമ്മ: അയ്യോ കഷ്ടം, ഇത്ര ചീത്ത വസ്തു അവൾ തിന്നുന്നതു എങ്ങിനെ?

ആയ: അവൾ എന്തു ചെയ്യേണ്ടു? മതാമ്മേ, അവൾക്കു വേറെ ഒരു നിൎവ്വാഹമില്ലല്ലൊ.

മതാമ്മ: എന്നാൽ അവൾ അതുപ്രകാരം തിന്നുന്നതു അവളുടെ കുറവല്ല, എന്നു തോന്നുന്നു, കഴിവുണ്ടെങ്കിൽ അധികം വെടിപ്പോടെ ഉണ്ണുമായിരുന്നു നിശ്ചയം.

ആയ: സംശയമില്ല മതാമ്മേ, എങ്കിലും അവൾ പെരുത്തു വയസ്സുള്ളവളും ദരിദ്രയും ആകുന്നു.

മതാമ്മ: അവൾ പെരുത്തു വയസ്സുള്ളവളും ദരിദ്രയും ആകുന്നതുകൊണ്ടു അവളെ നിരസിക്കുന്നതു ന്യായമോ? ഇതു ശരിയല്ല ആയാ.

ആയ: അവൾ എത്രയോ ജാതിഹീനമുള്ളവൾ മതാമ്മേ, നമ്മുടെ തോട്ടിച്ചിപോലും അവളുടെ ചോറു ഉണ്ണുകയില്ല.

മതാമ്മ: അവൾ ജാതിഹീനമുള്ളവളോ അല്ലയോ, എന്നു ഞാൻ അറിയുന്നില്ല, ജാതിഭേദങ്ങളെ കുറിച്ചു എനിക്കു ഒരു വിചാരവും അന്വേഷണവും ഇല്ല. നീ ഇങ്ങിനെ നിരസിക്കുന്ന ആ കിഴവി നിന്റെ സഹോദരി തന്നെ, എന്നു എനിക്കു അറിയാം.

ആയ: എന്തു വാക്കു മതാമ്മേ, എന്റെ കുഡുംബാദികൾ ഒക്കെയും നല്ല മുസല്മാനരത്രെ, ഞങ്ങളിൽ ഒരുത്തരും ഒരു നാളും ഭ്രഷ്ടായിപ്പോയില്ല. എന്തു വാക്കാണ ഇതു മതാമ്മേ?

മതാമ്മ: എന്നിട്ടും അവൾ എന്റെയും നിന്റെയും സഹോദരി ആകുന്നു. ദൈവം ആദിയിൽ പരലോകഭൂലോകങ്ങളെയും അവററിലുള്ള സകല വസ്തുക്കളെയും പടച്ചപ്പോൾ ആദാം എന്ന പുരുഷനെയും അവന്റെ ഭാൎയ്യയായ ഹവ്വയെയും സൃഷ്ടിച്ചു. അന്നു മുതൽ ഇന്നുവരെയും ഈ ഭൂലോകത്തിന്മേൽ കാണുന്ന എല്ലാ പുരുഷന്മാരും സ്ത്രീകളും ഈ രണ്ടു ആദ്യമാതാപിതാക്കന്മാരുടെ പുത്രീപുത്രന്മാർ ആകകൊണ്ടു, വലിയവരും ചെറിയവരും ധനവാന്മാരും ദരിദ്രരുമായവർ ഒക്കെയും സഹോദരിസഹോദരന്മാരും തന്നെ. എന്തെന്നാൽ ആദാം എല്ലാവരുടെ അഛ്ശനും, ഹവ്വ എല്ലാവരുടെ അമ്മയും ആകുന്നു. ഒരു രക്തത്തിൽനിന്നത്രെ ദൈവം വാനത്തിൻകീഴിലുള്ള എല്ലാ ജാതിക്കാരെയും ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ടു നാം എല്ലാവരും സഹോദരിസഹോദരന്മാരെ പോലെ തമ്മിൽ സ്നേഹമുള്ളവരും ദയയുള്ളവരുമായിരിക്കേണം, ഒരിക്കലും തമ്മിൽ നിരസിക്കയും പകെക്കയുമരുതു.

ഇങ്ങിനെയുള്ളതെല്ലാം മതാമ്മ പറഞ്ഞതിനാൽ ആയ അസാരം നാണിക്കുന്നതു കണ്ടപ്പോൾ: നീ ഭിക്ഷക്കാരത്തിയെ ശകാരിച്ചാട്ടിയതിനു പകരമായി അവൾക്കു ഒർ ഉപകാരം ചെയ്യരുതോ? എന്നു മതാമ്മ ചോദിച്ചു.

ആയ: ചെയ്യേണ്ടതായിരുന്നു, എങ്കിലും എന്നാൽ എന്തു കഴിവുള്ളു? മതാമ്മേ.

മതാമ്മ: നീ അവളെ ചെന്നു കണ്ടു, നൂല്ക്കുന്ന പണി അറിയാമോ? എന്നു ചോദിക്ക. അവൾ ആ പണി അറിയുന്നു എങ്കിൽ, ഞാൻ അവൾക്കു ഒരു ചക്രം കൊടുക്കാം. ഇരക്കുന്നതിനേക്കാൾ നൂല്ക്കുന്നതു നല്ലതല്ലയോ?

ആയ: ഞാൻ പോകാം മതാമ്മേ, പിന്നെ മതാമ്മയവൎകൾ അവൾക്ക ഒരു ചക്രം കൊടുക്കുന്നു എങ്കിൽ, ഞാൻ പരുത്തിയെ വാങ്ങേണ്ടതിന്നു അവൾക്ക രണ്ടു പൈശ കൊടുക്കാം, എന്നതു മതാമ്മ കേട്ടു വളരെ സന്തോഷിച്ചു.

പിന്നെ ആയ വലിയ ആലിന്റെ അരികത്തുള്ള ആ കിഴവിയുടെ കുടിലിൽ ചെന്നു: നൂല്ക്കുന്ന പണി അറിയാമോ? എന്നു ചോദിച്ചതിന്നു ഭിക്ഷക്കാരത്തി: നൂല്ക്കുന്ന പണി എനിക്ക അറിയാം, എങ്കിലും ചക്രമില്ല, എന്നു പറഞ്ഞു. വേണ്ടതില്ല, ഞാൻ നാളെ വന്നു എന്റെ മതാമ്മയുടെ ഒരു ചക്രവും, എന്റെ കൈയിൽനിന്നു പരുത്തിയെ വാങ്ങുവാനായി രണ്ടു പൈശയും കൊണ്ടുവരും, എന്നു ആയ പറഞ്ഞു. അതു കേട്ടിട്ടു അ ക്കിഴവി വളരെ സന്തോഷിച്ചു മതാമ്മയെയും ആയയെയും സ്തുതിച്ചു. പിറെറനാൾ അവൾ ചക്രവും പൈശയും വാങ്ങി നല്ല ഉത്സാഹത്തോടെ നൂല്ക്കുകയാൽ, ഭിക്ഷതേടി നടപ്പാനും എലിയുടെയും നായുടെയും ഇറച്ചിയെ തിന്മാനും ആവശ്യമായി വന്നില്ല. എന്നാൽ നാം എല്ലാവരും സഹോദരിസഹോദരന്മാർ ആകുന്നു, എന്നു എപ്പോഴും ഓൎത്തു തമ്മിൽ തമ്മിൽ സ്നേഹമുള്ളവരും അന്യോന്യം സഹായിക്കുന്നവരും ആയിരിക്കേണ്ടതാകുന്നു.

THE SLEEPING PAGE.

ഉറങ്ങുന്ന രാജഭൃത്യൻ.

പ്രുശ്യരാജ്യത്തിലെ ഒന്നാം ഫ്രിദരിക്ക, എന്ന രാജാവിന്നു സീത്ഥൻ, എന്ന ഒരു ഭൃത്യൻ ഉണ്ടായിരുന്നു. ആയവന്റെ അപ്പൻ മരിച്ച ശേഷം വിധവയായ അമ്മെക്ക നാൾ കഴിപ്പാൻ വളരെ പ്രയാസം ഉണ്ടാകകൊണ്ടു, സീത്ഥൻ ഏതു വിധേന എങ്കിലും അവൾക്ക സഹായിപ്പാൻ നോക്കി. അതുകൊണ്ടു അവൻ കുറെ പണം നേടേണ്ടതിന്നു പലപ്പോഴും മററുള്ള ഭൃത്യന്മാൎക്ക പകരമായി പള്ളിയറയുടെ മുമ്പിൽ കാവൽ നിന്നു. ഒരു രാത്രിയിൽ രാജാവിന്നു ഉറക്കം വരായ്കയാൽ, ഒരു ഭൃത്യനെ വരുത്തി, അവനെകൊണ്ടു വല്ലതിനെയും വായിപ്പിപ്പാൻ നിശ്ചയിച്ചു, മണി രണ്ടു മൂന്നു പ്രാവശ്യം മുട്ടിയാറെയും, ഒരുത്തരും വന്നില്ല. അതുകൊണ്ടു അവൻ എഴുനീററു, ഭൃത്യന്മാരുടെ കാവലറയിൽ ചെന്നു നോക്കിയപ്പൊൾ, ബാല്യക്കാരനായ സീത്ഥൻ എഴുതുന്ന മേശയുടെ അരികത്തു ഒരു കസേലമേൽ ഉറങ്ങിയിരുന്നു. രാജാവു അടുക്കെ ചെന്നു നോക്കിയപ്പൊൾ, ഉറങ്ങുന്നവൻ എഴുതുവാൻ തുടങ്ങിയ ഒരു കത്തിന്റെ ആരംഭം കണ്ടു വായിച്ചതെന്തെന്നാൽ:

എന്റെ പ്രിയ അമ്മയേ, ഞാൻ അല്പം പണം നേടുവാൻ വേണ്ടി ശേഷമുള്ള ഭൃത്യന്മാൎക്ക പകരമായി പള്ളിയറയുടെ മുമ്പിൽ കാവലായിരിക്കുന്നതു ഇന്നു മൂന്നാം രാത്രി ആകുന്നു. ഇനി ഏകദേശം സഹിപ്പാൻ പാടില്ലാതെയായി, എങ്കിലും ഈ കത്തിനോടു കൂടെ പത്തു ഉറുപ്പിക അയപ്പാൻ സംഗതി വന്നതിനാൽ, ഞാൻ വളരെ സന്തോഷിക്കുന്നു.

ഇങ്ങിനെയുള്ള വാക്കുകളെ രാജാവു വായിച്ചു വ്യസനിച്ചു, തന്റെ പെട്ടിയിൽനിന്നു രണ്ടു കെട്ടു പൊൻനാണ്യങ്ങളെ എടുത്തു, ഉറങ്ങുന്ന ബാല്യക്കാരന്റെ സഞ്ചിയിൽ ഇട്ടിട്ടു കിടന്നുറങ്ങി. സീതഥൻ ഉണൎന്നു പൊൻനാണ്യക്കെട്ടുകളെ സഞ്ചിയിൽ കണ്ടു ഞെട്ടി, ഇതു രാജാവു ചെയ്ത പണി തന്നെ, എന്നു നിശ്ചയിച്ചു, അമ്മെക്കു ഇനി അധികം സഹായം ചെയ്യാമല്ലൊ, എന്നു നിനച്ചു സന്തോഷിച്ചു, എങ്കിലും കാവൽ നില്ക്കേണ്ടുന്ന സമയത്തു ഉറങ്ങിയതു രാജാവു കണ്ടുവല്ലൊ, എന്നോൎത്തു വ്യസനിച്ചു രാജസന്നിധിയിൽ ചെന്നു കിട്ടിയ ഉപകാരത്തിന്നു വേണ്ടി നന്ദി പറഞ്ഞതല്ലാതെ, കാട്ടിയ കുറവിനെ ക്ഷമിക്കേണം, എന്നു വളരെ താഴ്മയോടെ അപേക്ഷിക്കയും ചെയ്തു. അപ്പൊൾ രാജാവു വളരെ വാത്സല്യത്തോടെ: ഭയപ്പെടെണ്ടാ, നീ നല്ല ഒരു അമ്മയുടെ നല്ല പുത്രൻ. ഇന്നു മുതൽ നീ എന്റെ കുതിരപ്പട്ടാളത്തിൽ ഉപനായകൻ ആകും, എന്നു ചൊല്ലി പുതിയ ഉദ്യോഗത്തിന്നു വേണ്ടുന്ന കോപ്പുകളെ മേടിപ്പാൻ വേണ്ടി ആവശ്യമുള്ള മുതലിനെയും സമ്മാനിച്ചു കൊടുത്തു. പിന്നേത്തതിൽ സീതഥൻ ശ്രുതിപ്പെട്ടൊരു പടനായകൻ ആയ്തീൎന്നു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(*Continued from No. 1, page 7.*)

പുതിയ രാജാവായ നാലാം ഹെന്റ്രിയുടെ ഭരണകാലം ചുരുക്കവും നിൎഭാഗ്യതയുമുള്ളതത്രെ. അപഹാരവും ബലാല്കാരവും കൊണ്ടു കിട്ടിയ രാജമുടി അവന്നു മഹാവേദനയും ഭാരവുമായിതീൎന്നു. ആദ്യകാലത്തിൽ തന്നെ ചില കലഹങ്ങളും മത്സരങ്ങളും സംഭവിച്ചു. രിചാൎദ ഇനി തടവിൽ ഇരിക്കുമ്പൊൾ സേലിസ്സ്ബരി, ഹന്തിംക്തൻ (Salisbury, Huntington) എന്നീ രണ്ടു പ്രഭുക്കന്മാർ കൂടി നിരൂപിച്ചു, അപഹാരിയെ പിടിച്ചു തടവിലാക്കുവാനും, രിചാൎദിനെ യഥാസ്ഥാനപ്പെടുത്തുവാനും തക്കം നോക്കി, എങ്കിലും അവരുടെ കൂട്ടുകെട്ടു തല്ക്കാലത്തു അറിക കൊണ്ടു, അവൻ അന്നു പാൎക്കുന്ന വിന്റ്സൊർകൊട്ടയെ വിട്ടു പോയതിനാൽ, തന്റെ ജീവനെ രക്ഷിച്ചു പ്രഭുക്കന്മാരുടെ പ്രയത്നത്തെ നിഷ്ഫലമാക്കിക്കളഞ്ഞു.

എന്നതിന്റെ ശേഷം വേത്സനാട്ടകളിൽനിന്നു ഒരു വലിയ കലക്കം ഉണ്ടായി. അവിടെ മഹാകീൎത്തിമാനായ ഒവൻ ഗ്ലെന്തൊവർ (Owen Glendower) എന്ന വേത്സ്കാരൻ മുമ്പെത്ത രാജാവിനെ സേവിച്ചു, കോവിലകത്തു ഒരു വലിയ സ്ഥാനം പ്രാപിച്ചു. നാലാം ഹെന്റി രാജ്യം പ്രാപിച്ചാറെ ഈ വേത്സ്കാരനും ഗ്രെയദെരുത്ഥൻ (Grey de Ruthven) എന്ന ഒരു ഇംഗ്ലിഷ പ്രഭുവുമായി കലഹം തുടങ്ങി. ഗ്രെയിന്നു വേത്സ് നാട്ടകളിൽ വളരെ വസ്തു ഉണ്ടായിരുന്നു, എങ്കിലും അതു മതിയാകയില്ല, അയല്ക്കാരനായ ഒവൻ ഗ്ലെന്തൊവരിന്റെ വസ്തുവും കൂടെ വേണം, എന്നു നിശ്ചയിച്ചു, അതിനെ കൈക്കലാക്കേണ്ടതിന്നു യത്നിച്ചു കൊണ്ടിരുന്നു. അതു നിമിത്തം ഒവൻ ഗ്ലെന്തൊവർ മഹാകുപിതനായി, തന്റെ നാട്ടുകാരായ വേത്സിലെ ജനങ്ങളെ കലഹിപ്പിച്ചതിനാൽ ബഹു കാലം സങ്കടമുള്ളൊരു മത്സരം നടന്നു. ഒവൻ ഗ്ലെന്തൊവർ മുമ്പെത്ത രാജാവിന്റെ സ്നേഹിതനാകകൊണ്ടു, ഹെന്റി ഗ്രെയിന്റെ പക്ഷം എടുത്തു. എങ്കിലും വേത്സ് നിവാസികൾ തങ്ങളുടെ നാട്ടുകാരന്നു വേണ്ടുന്ന സഹായം ചെയ്കയാൽ, അവൻ കുന്നുകളുടെയും മലകളുടെയും ദുൎഘടപ്രദേശങ്ങളിൽ പാൎത്തു, രാജാവിന്റെ എല്ലാ അതിക്രമങ്ങളെയും തടുത്തുനിന്നു, അയല്പക്കത്തുള്ള ഇംഗ്ലിഷ് നാട്ടകളിലും ഇറങ്ങി, ഓരോ സാഹസങ്ങളെയും നടത്തിപ്പോന്നു. അങ്ങിനെയുള്ളൊരു യുദ്ധപ്രയാണത്തിൽ അവൻ ഇംഗ്ലിഷ് കിരീടവകാശിയായ മാൎച്ച് പ്രഭുവിനെ പിടിച്ചു തടവിലാക്കിയതു രാജാവു അറിഞ്ഞിട്ടും, അവനെ വീണ്ടു കൊൾവാൻ ഒന്നും ചെയ്യാതെ: നല്ലതു, എന്നാൽ ഇവനെ കുറിച്ചുള്ള ശങ്കയും കൂടെ നീങ്ങിയല്ലോ, എന്നു വിചാരിച്ചു പാൎത്തു.

അനന്തരം രാജാവു ഒരു സൈന്യത്തെ കൂട്ടി, സ്കോത്തരെ അസഹ്യപ്പെടുത്തുവാനായി പുറപ്പെട്ടു. ഇതിന്നു പ്രതികാരം വേണം, എന്ന കീൎത്തിതനായ ദുഗ്ലാസ് (Douglas) എന്ന പടനായകൻ നിശ്ചയിച്ചു, പിറെറ ആണ്ടിൽ ഒരു വലിയ സൈന്യത്തോടു കൂടെ ഇംഗ്ലന്തിന്റെ വടക്കനാട്ടകളിന്മേൽ ഇറങ്ങി വന്നു, പല നാശങ്ങളെയും നിവൃത്തിച്ചപ്പൊൾ, നൊൎത്തുമ്പല്ന്ത പ്രഭുവും, അവന്റെ ധീരതയുള്ള പുത്രനും അവനെ എതിരിട്ടു അപജയപ്പെടുത്തി, അവനെ തന്നെ പിടിച്ചു തടവിലാക്കി. ഈ ജയത്തിന്റെ വൎത്തമാനം രാജാവു കേട്ടപ്പൊൾ, പോരിൽനിന്നു പിടിച്ച തടവുകാരെ ഒക്കെയും ഇങ്ങു ഏല്പിക്കേണം, ജയിച്ചവർ ഒരുത്തന്റെയും വീണ്ടെടുപ്പിൻ മുതൽ വാങ്ങി വിട്ടയക്കരുതു, എന്നു കല്പിച്ചു. രാജാവിന്നും നൊൎത്തുമ്പല്ന്തിന്നും മുമ്പെ തന്നെ തമ്മിൽ കുറെ രസക്കേടു ഉണ്ടു, എന്നാൽ ഈ സമയം അവരുടെ കലഹം മുഴുത്തുവന്നു. നൊൎത്തുമ്പല്ന്ത രാജാവിന്റെ കല്പന അനുസരിയാതെ, സ്കോത്തരുടെ നായകനായ

ദ്ഗ്ലാസിനോടു നിരന്നു, അവനെ സേനാപതിയാക്കി പുത്രനോടു കൂടെ തെക്കോട്ടു അയച്ചു. ഇങ്ങിനെ തന്റെ നേരെ വരുന്ന സൈന്യത്തെ രാജാവു ശ്രൂസ്പരി (Shrewsbury 1463) എന്ന സ്ഥലത്തു ചെറുത്തു നിന്നു. നൊത്ത്ഉമ്പല്ന്ത മകനെ സൈന്യത്തോടെ അയച്ചപ്പൊൾ: രണ്ടാം ഒരു സൈന്യത്തോടെ ഞാൻ വേഗം എത്തും, അത്രൊളം പോർ ഒഴിഞ്ഞു എന്നെ കാത്തിരിക്കേണം, എന്നു കല്പിച്ചതിനെ പുത്രനായ ഹരി അനുസരിയാതെ പിതാവു എത്തും മുമ്പെ പടവെട്ടിത്തുടങ്ങി. അന്നുണ്ടായ യുദ്ധം അതിഭയങ്കരം. രാജാവായ ഹെന്രിയും, അന്നു മുതൽ അനേകം ധീരതയുള്ള പ്രവൃത്തികളാൽ ശോഭിതനായി തീൎന്ന അവന്റെ മൂത്ത മകനും ബഹു വീൎയ്യത്തോടെ പൊരുതുംപ്രകാരം, മറെറ പക്ഷത്തിലുള്ള നൊത്ത്ഉമ്പല്ന്തിന്റെ പുത്രനും ദ്ഗ്ലാസും സിംഹതുല്യരായി പൊരുതു. പൊയിത്തു കൊണ്ടു പടയെ സമൎപ്പിപ്പാൻ വേണ്ടി രാജാവിനെ തിരഞ്ഞു നോക്കിയപ്പൊൾ, ഹരി പട്ടു പോകയും അവന്റെ സൈന്യം ഇളകിത്തുടങ്ങുകയും ചെയ്തു.

ശ്രൂസ്പരിയിലെ പടയുടെ ശേഷം ഹെന്രി രാജാസനത്തിൽ സ്ഥിരപ്പെട്ടുകയും, യൊൎക്കിലെ മുഖ്യാദ്ധ്യക്ഷൻ ഉണ്ടാക്കിയ കലഹങ്ങൾ ഒഴികെ മറെറല്ലാ ഛിദ്രങ്ങളും കലഹങ്ങളും നീങ്ങിപ്പോയി. എങ്കിലും അവൻ സ്നേഹം കൊണ്ടല്ല, കാഠിന്യം കാട്ടി വാണു. അതുകൊണ്ടു അവൻ സിംഹാസനത്തെ കരേറിയ സമയത്തിൽ ഉണ്ടായ സന്തോഷം മുററും ക്ഷയിച്ചു, പ്രജകൾ അവന്റെ ആധിപത്യം സഹിച്ചു എങ്കിലും, അവനിൽ രസിക്കാതെ ഇരുന്നു.

ബഹുകാലം അവന്റെ ശരീരത്തിൽ വ്യാപിച്ചു കിടന്ന കുഷ്ഠരോഗാക്ഷണത്തിൽ ഇളകി വിഷമിക്കയാൽ, അവനു കാൎയ്യാദികളെ നടത്തിപ്പാൻ പാടില്ലാതെയായി. അതുകൊണ്ടു വേത്സ്പ്രഭുവായ ഹെന്രി അഛ്ശനെ ചെന്നു കണ്ടു, രാജ്യാധികാരം തന്നിൽ ഏല്പിക്കേണം, എന്നു അപേക്ഷിച്ചു. അതുകൊണ്ടു അവൻ വെറുത്തു ജീവനോളം മകനുമായി കലമ്പി.

ഇങ്ങിനെ നാലാം ഹെന്രി രണ്ടു സംവത്സരത്തോളം മഹാവ്യാധിയാൽ വലഞ്ഞു കിടന്ന ശേഷം, അവൻ തന്റെ വാഴ്ചയുടെ പതിനാലാം ആണ്ടിൽ മരിച്ചു. (1413) തങ്ങളുടെ അതിമോഹങ്ങളെ അന്യായം ചെയ്തും കൊണ്ടു സാധിപ്പിക്കുന്നവർ ക്രൂര കഷ്ടങ്ങളെ സഹിക്കേണ്ടി വരും, എന്നതിനു അവൻ നല്ലൊരു ഉദാഹരണമായി തീൎന്നു. അവൻ ധീമാനും സുശീലനുമായിരുന്നിട്ടും, പ്രജാസ്നേഹം നേടി, രാജ്യത്തിനു യാതൊരു ഉപകാരത്തെ വരുത്തുവാൻ കഴിയാതെ പോയി.

രണ്ടാം രിചാൎദ്, നാലാം ഹെന്രി എന്നീ രണ്ടു രാജാക്കന്മാരുടെ കാല

ത്തിൽ ദൈവവചനത്തിന്റെ ഉപദേശങ്ങൾ ജനങ്ങളുടെ ഇടയിൽ നീളെ പരന്നു. പലരും അതിന്റെ വിശുദ്ധ കല്പനാചാരങ്ങളെയും അംഗീകരിച്ചു തുടങ്ങി. ജൊൻ വിക്ലിഫ എന്ന മഹാവിദ്വാനായ ഒരു പാതിരി അന്നു നടപ്പായ റൊമമതാചാരങ്ങളെ നിഷേധിച്ചു, ലുത്തരെപ്പൊല എന്ന തന്റെ സുഖമുള്ള പാൎപ്പിടത്തിൽനിന്നു ജീവന്റെ പുസ്തകത്തെ ഇംഗ്ലിഷഭാഷയിലാക്കി, താൻ പ്രസംഗിക്കുന്ന ന്യായങ്ങൾ ദൈവവചനത്തോടൊത്തു വരുമോ, ഇല്ലയോ എന്നു ആരാഞ്ഞു നോക്കുവാൻ ഏവൎക്കും സംഗതി വരുത്തി. അവന്റെ ശിഷ്യന്മാർ പലരും വേദപുസ്തകാംശങ്ങളെ കൈയിൽ പിടിച്ചു നാട്ടിൽ എങ്ങും സഞ്ചരിച്ചു, അറിവില്ലാത്തവരെ വചനം കേൾപ്പിച്ചു. ദുൎജ്ജനങ്ങൾ പരിഹസിച്ചു, അവൎക്കു ലൊല്ലൎദർ (Lollards) എന്ന പരിഹാസപേർ വിളിച്ചു, അവരെ പലപ്രകാരമായി ഹിംസിച്ചു, എന്നിട്ടും അവർ പ്രസിദ്ധപ്പെടുത്തിയ വചനം ഏറിയ ജനങ്ങളുടെ ഹൃദയങ്ങളിൽ വീഴുകയും, കലഹങ്ങളുടെയും അന്തശ്ഛിദ്രങ്ങളുടെയും നടുവിൽനിന്നു മുളെക്കയും, ഒരു പുതിയ വാഴ്ചയുടെ കാലത്തിൽ ഇംഗ്ലിഷ സഭാനവീകരണം ഭംഗിയോടെ നടക്കുന്നതുവരെ വളരുകയും ചെയ്തു.

(To be continued.)

IRON.
ഇരിമ്പു.

കീൎത്തിമാനായ ഒരു വഴിപോക്കൻ ഒരു സമയത്തു മിസ്രരാജാവായ മേഹെമ്മദ് ആലിയോടു: എങ്ങിനെ ഇത്ര വലിയ രാജാവായ്പ്പോയി എന്നു ചോദിച്ചതിന്നു, രാജാവു വലങ്കൈ കൊണ്ടു ഒരു വാളും, ഇടങ്കൈകൊണ്ടു ഒരു സഞ്ചി പൊന്നും തൊട്ടു, ഇതാ ഇരിമ്പുകൊണ്ടു പൊന്നു സമ്പാദിച്ചാറെ, പൊന്നുകൊണ്ടു ഇരിമ്പിനെ നടത്തുന്ന ആളെ എനിക്കു കിട്ടി, ഇങ്ങിനെ ഞാൻ വലിയവനായി എന്നു ഉത്തരം പറകയും ചെയ്തു. ഈ ചെറിയ കഥ: ഇരിമ്പു പൊന്നിനേക്കാൾ അധികം നന്നു, എന്നു മാത്രമല്ല, ഇരിമ്പു തനിക്കു കീഴടക്കുവാനും ശരിയായി പ്രയോഗിപ്പാനും അറിയുന്നവന്നു ലോകത്തിൽ ശക്തിയും പ്രബലതയും ഏറെ വരുത്തുന്നു, എന്നു കാണിക്കുന്നു. ഇപ്പോൾ ലോകത്തിൽ എങ്ങും ബഹുമാനപ്പെട്ട ഇങ്ക്ലീഷുകാൎക്കു ധനവും, ശക്തിയും, അധികാരവും ഇരിമ്പിനാലുണ്ടായ്വന്നു, എന്നു സ്പഷ്ടം.

ഏറിയ വസ്തുക്കളിലും വെച്ചു ഇരിമ്പു ശക്തിയുടെ ഒരു ഉപമ ആകുന്നു. ഇരിമ്പിൽ എത്രയും ഗൂഢമായ ഒരു ആകൎഷണശക്തി (ലോഹകാന്തശക്തി magnetism) ഇരിക്കുന്നു. ഇതിന്റെ രഹസ്യം ഇന്നേവരെക്കും മനുഷ്യൎക്കു കിട്ടുവാൻ സംഗതി വന്നിട്ടില്ല. ഇരിമ്പു സകല വ്യാപാരങ്ങളിലും ഒരു

മദ്ധ്യസ്ഥൻ എന്ന പോലെ ഇരിക്കുന്നു. നല്ലതിനും തീയതിനും ഇരിമ്പു പ്ര യോഗിച്ചുവരുന്നു. ലോകം എത്രത്തോളം പാപത്തിൽ ഇരിക്കുന്നുവോ, അ ത്രത്തോളം ഇരിമ്പുകൊണ്ടു തമ്മിൽ പോരാട്ടവും യുദ്ധവും ഉണ്ടാകും. എ ങ്കിലും ദൈവം തന്റെ വാഗ്ദത്തപ്രകാരം (യശ. ൨.൪) തന്റെ രാജ്യം ഇഹ ത്തിൽ തികയുമ്പോൾ ഇരിമ്പു സമാധാന കാൎയ്യത്തിന്നു മാത്രം സേവിക്കും.

ഒരു മഹാവിദ്വാന്റെ ഗണിതപ്രകാരം ഏകദേശം ഭൂമിയുടെ അമ്പ തിൽ ഒർ അംശം ഇരിമ്പാകുന്നു. ഭൂമിയിൽ മിക്ക നാടുകളിലും പ്രത്യേകം ഉത്തരധ്രുവത്തിന്റെ സമീപത്തെങ്ങും ഇരിമ്പു പെരുകിക്കിടക്കുന്നു. സ്വേ ദൻ രാജ്യത്തിന്റെ വടക്കു ലപ്പ്ലാണ്ടിലെ ഗെല്ലിവര പട്ടണത്തിന്നരികെ 280001 നീളവും 15000 കാലടി വീതിയും ബഹു ഉയരവും ഉള്ള ഒരു കാന്ത മല കിടക്കുന്നു. സ്വേദനിലെ ദനമൊരാ, എന്ന ലോഹഗുഹയിൽനിന്നു ഒരു കൊല്ലത്തിൽ 27 കോടി റാത്തൽ ഇരിമ്പു കിട്ടുന്നു. സൈബിൎയ്യ രാ ജ്യത്തിലെ ഒരു വന്മല ഇരിമ്പു തന്നെ ആകുന്നു ചിലപ്പോൾ ആകാശ ത്തിൽനിന്നു ഏതാനും ഉരുണ്ട ആകൃതിയായി ഇരിമ്പിൻ കണ്ടങ്ങൾ വീഴുന്നു. അവ 100 തുടങ്ങി 14000 റാത്തലോളം ഘനമുള്ളതു. അവിടെ എങ്ങിനെ വന്നു എന്ന ചോദ്യത്തിന്നു വിദ്വാന്മാൎക്കു പല ഉത്തരങ്ങളും ഉണ്ടു. ഒന്നു ഞാൻ പറയാം: ലോകത്തിൽ അനന്തവിസ്താരത്തിൽനിന്നു ചില ഉരുണ്ട വസ്തുക്കൾ ഭൂമിയുടെ ആകാശവായുവിൽ കടക്കുമ്പോൾ അവ ഉരുകി ഇരിമ്പുണ്ട പോലെ ആയി നിലത്തു വീഴുന്നു.

ഇരിമ്പയിർ പലവിധമുണ്ടെങ്കിലും, മൂന്നു മാതിരി ഞാൻ പറയട്ടെ. ആകൎഷണ ഇരിമ്പയിരും ചുവന്ന ഇരിമ്പയിരും തവിട്ടിരിമ്പയിരും തന്നെ. അയിർ (ore) എന്ന വാക്കിന്റെ അൎത്ഥം മണ്ണുകൊണ്ടു ചേൎക്കപ്പെട്ട ലോ ഹങ്ങൾ എന്നു തന്നെ.

ആകൎഷണ ഇരിമ്പയിർ അല്ലെങ്കിൽ കാന്തക്കല്ലു പ്രത്യേകം സ്വേദൻ രാജ്യത്തിൽ ഉണ്ടായാലും, മറ്റുള്ള രാജ്യങ്ങളിലും കുറച്ചമായി കാണുന്നു. ഇന്ത്യയിലും അല്പം ഉണ്ടു താനും. ആശ്ചൎയ്യമുള്ള കാന്തക്കല്ലു ഉരുക്കുന്ന തിനാൽ, കാന്തലോഹം കിട്ടുന്നു. പണ്ടു ചില ജാതിക്കാരുടെ ഇടയിൽ ഈ കാന്തക്കല്ലുകൊണ്ടു പ്രത്യേകം ഒരു ദുൎവ്വിശ്വാസം ഉണ്ടായിരുന്നു. ത വക്കുയുടെ സൂചി എല്ലായ്പോഴും വടക്കുദിക്കു കാണിക്കുന്നതിനാൽ, ഉത്ത രധ്രുവത്തിന്റെ അടുക്കൽ വലിയ ഒരു കാന്തകൽ പൎവ്വതം (കാന്തമല) ഉണ്ടു. അവിടെ കപ്പല്ക്കാർ പോയിരുന്നെങ്കിൽ, ഈ മലയുടെ ആകൎഷ ണത്താൽ കപ്പലിന്റെ എല്ലാ ഇരിമ്പാണികളും പട്ടയും മറ്റും ഇളകി പ്പോയി മലക്കു ചേരുന്നതിനാൽ കപ്പൽ കഷണങ്ങളായി തകൎന്നുപോകും, എന്നു വിശ്വസിച്ചു വടക്കോട്ടു കടൽയാത്ര ചെയ്യുന്നതിന്നു അവൎക്കു വളരെ ഭയം ഉണ്ടായിരുന്നു. വടക്കിൽ ഇങ്ങിനത്തെ പൎവ്വതങ്ങൾ ഉണ്ടെങ്കിലും,

അവ കപ്പലുകൾക്കു ദോഷം വരുത്തുന്നവയല്ല, എന്നു ഇപ്പോൾ നല്ലവണ്ണം അറിയുന്നു. കൊല്ലന്തോറും അനേകം കപ്പലുകൾ അവിടേക്കു പോകുന്നു.

ലോഹകാന്തം (magnetism) പ്രത്യേകം വിശേഷമായ ഉരുക്കു ഉണ്ടാക്കേണ്ടതിന്നു നല്ലതാകുന്നു. ഈ ഇരിമ്പിൽ ആകൎഷണശക്തി ഉള്ളതിനാൽ അതു സാധാരണ ഇരിമ്പിന്നു ഉരുക്കുന്നെങ്കിൽ ആകൎഷണഗുണം അതിന്നും പിടിക്കുന്നു. കപ്പലോട്ടക്കാൎക്കു ബഹു പ്രയോജനമുള്ള തവക്കം ഈ ഇരിമ്പിനാലുണ്ടാക്കപ്പെടുന്നു.

ചില ഇരിമ്പയിരിൽനിന്നു ഇരിമ്പു കൂടാതെ വളരെ ഉപകാരമുള്ള ഉപ്പുകളും ചായങ്ങളും കിട്ടുന്നു. ഇരിമ്പു ഉരുക്കുന്നതിന്നു പല വളരെ പ്രയത്നം വേണം. അതിന്നായിട്ടു വേണ്ടുന്ന ചൂളയുടെ ഒരു ചിത്രം ഇവിടെ കാണിച്ചിരിക്കുന്നു. ലോഹക്കുഴിയിൽനിന്നു എടുത്ത അയിർ കഷ



ണങ്ങളായി നുറുക്കി കരിപ്പൊടി ചേൎത്തു, ചൂളയുടെ അടിയിൽ മരമൊ ഇരിന്നലൊ വെച്ചശേഷം, ഈ അയിർക്കഷണങ്ങൾ a എന്ന വഴിയായി ചൂളയിൽ ഇടുന്നു. പിന്നെ വലിയ യന്ത്രത്താൽ വണ്ണമുള്ള കുഴലിലൂടെ

കാററൂതി തീ എരിച്ച വൎദ്ധിപ്പിച്ച, ക്രമേണ അയിർ ഉരുകി വെള്ളംപോലെ ആയി താഴുന്നു. ഇങ്ങിനെ ഉരുകുംതോറും അയിക്കണ്ടങ്ങൾ മീതെ ചൂളയിൽ വെച്ചുകൊടുക്കയും വേണം. എങ്കിലും ഇരിമ്പു മാത്രം അല്ല, അയിരിലെ കല്ലും മണ്ണും ഉരുകി, അതിനാൽ ഇരിമ്പുകിട്ടം അയിരിന്മേലെ നീന്തുന്നു. കിട്ടത്തെ പലപ്പോഴും ഒരു മാന്തികൊണ്ടു നീക്കിയാൽ, അതു കണ്ണാടിപോലെ കടുപ്പമുള്ള വസ്തുവായി തീരുന്നു. കിട്ടം ഉരുകി അയിരിന്മീതെ നീന്തുന്നതു ആവശ്യം. കാരണം ഉരുകിയ ഇരിമ്പിന്നു വായു തട്ടിയാൽ വേഗത്തിൽ കറ പിടിക്കും.

ഉലയിൽനിന്നു വന്ന ഇരിമ്പിന്നു വാളമായ ഇരിമ്പു (cast iron) എന്നു പേർ ഉണ്ടു. ഈ ഇരിമ്പിൽ സാധാരണമായി നൂററിൽ 5 അംശം കരി കൂടുകയാൽ, അതു വളരെ കടുപ്പവും ഉറപ്പും ഉള്ളതാകുന്നു. അതുകൊണ്ടു ഈ മാതിരി ഇരിമ്പു ആയുധങ്ങൾ ഉണ്ടാക്കുവാൻ തക്കതല്ല. പൂഴിയിൽ ഉണ്ടാക്കിയ അച്ചുകളിൽ പലമാതിരി ഇരിമ്പു പാത്രങ്ങളും പലകയും വാളവും തീൎക്കപ്പെടുന്നു. വാളമായ ഇരിമ്പു കൊല്ലൻ ഉലയിൽ ചുട്ടു പഴുപ്പിച്ചു എടുത്തു, കാററത്തു വെക്കുന്നതിനാൽ അതിലുള്ള കരി വെന്തുപോയി. പിന്നെ ആ ഇരിമ്പു പതവും വളവാൻ തക്കതും ആയ്തീരുന്നു. ഈ ഇരിമ്പിന്നു പട്ടയിരിമ്പു (bar iron) എന്നു പേർ. യൂരോപ്പിൽനിന്നു സാധാരണ പടിയിരിമ്പായി ഈ നാട്ടിലേക്കു വരുന്നു. വാളം പടിയിരിമ്പാക്കേണ്ടതിന്നു യൂരോപ്പിൽ പ്രത്യേകം ശാലകൾ ഉണ്ടു. ചില ഇരിമ്പു ശാലകളിൽ പതിനായിരം റാത്തലിൽ അധികം തൂക്കമുള്ള കൂടങ്ങൾ ആവിശക്തിയാൽ ഭയങ്കരമായ ഇരിമ്പു വാളങ്ങളെ അടിക്കുന്നതിനാൽ അവ പടിയിരിമ്പായി തീരുന്നു. ഈ ഇരിമ്പു നന്ന പതമുള്ളതാകയാൽ അതിനെ കൊണ്ടു പലകയും കമ്പിയും എളുപ്പത്തിൽ ഉണ്ടാക്കാം, എങ്കിലും പതം നിമിത്തം കത്തികളും മററു മൂൎച്ചയുള്ള ആയുധങ്ങളും തീൎപ്പാൻ പാടില്ല. ഈ ഇരിമ്പു ഭയങ്കരമായ ഒരു ചൂട്ടിൽ ഉരുകുന്നു.

ഉരുക്കിൽ ഒന്നോ രണ്ടോ അംശം കരി അടങ്ങിയിരിക്കുന്നു. വാള ഇരിമ്പിൽനിന്നും പടിഇരിമ്പിൽനിന്നും ഉരുക്കുണ്ടാക്കുന്നതിന്നു പ്രയാസം കുറയും. അതിൽ അധികമുള്ള കരി നീക്കിയാൽ മാത്രം മതി. അതിന്നു ഇരിമ്പു ചുട്ടു വായുവിൽ കാട്ടേണം. പടിയിരിമ്പു കഷണങ്ങൾ കരിപ്പൊടിയിൽ വെച്ചു ചുടുന്നതിനാൽ അതിൽ അധികം കരി ചേൎന്നു ഉരുക്കായി തീരുന്നു. ചുട്ടു പഴുപ്പിച്ചു ഉരുക്കു ഉടനെ വെള്ളത്തിൽ മുക്കിയാൽ അതു പെരുത്തു ഉറപ്പും കണ്ണാടിപോലെ കടുപ്പവും ആയിരിക്കും. അതിനെ കൊണ്ടു അരം, തുളെക്കുന്ന തമരു, സൂചികൾ മുതലായവ ചമെക്കപ്പെടുന്നു.

യൂരോപ്പിൽ ഇരിമ്പു പണികൾ എത്രയും സാരമുള്ളതു, എന്നു നമുക്കു

ദിവസേന കാണ്മാൻ സംഗതി വരുന്നു. തീവണ്ടികൾക്കും കപ്പലുകൾക്കും അനവധി ഇരിമ്പുകൾ ഉപയോഗിക്കുന്നു. യൂരോപ്പിൽനിന്നു നമുക്കു ഉപകാരവും ആശ്ചൎയ്യകരവുമായ ഇരിമ്പു യന്ത്രങ്ങൾ കൂടാതെ വിശേഷ തരആയുധങ്ങളും വരുന്നു. ഇതെല്ലാം ഉണ്ടാക്കുവാനായിട്ടു യൂരോപ്പിൽ വളരെ ഇരിമ്പുശാലകൾ ഉണ്ടു. ഒന്നിനെ കൊണ്ടു അല്പം വിവരിക്കട്ടെ. ജൎമ്മൻ രാജ്യത്തിലെ എസ്സെൻ പട്ടണത്തിൽ ക്രൂപ്പ് സായ്പവൎക്കുള്ള ഒരു ഇരിമ്പുശാല ഉണ്ടു. ഇതിന്നു വേണ്ടിയ നിലം 1600 ജൎമ്മൻ ഏക്ക്ര വിസ്താരവും, ശാലയുടെ വീടുകൾ മൂടുന്ന സ്ഥലം 350 ഏക്ക്ര അടങ്ങുകയും, അതിൽ 14000 ആളുകൾ പണി എടുക്കയും ചെയ്യുന്നു. അവരുടെ മേൽവിചാരക്കാർ 739 തന്നെ. 1872-ാമതിൽ ആ ശാലയിൽ 125000 തൊൻ (25 കോടി റാത്തൽ) ഉരുക്കു ഉണ്ടാക്കപ്പെട്ടു. അച്ചു, പടം, ചക്രം, വലിയ തോക്കുകൾ മുതലായവയും അതിൽനിന്നു എടുത്തു വന്നു.

ആ ശാലയിൽ 1629 ചൂളകളും, കടച്ചില്ക്കാരുടെ 362 യന്ത്രങ്ങളും, മിനുസം വരുത്തുന്ന 42 ചിപ്പിളിയന്ത്രങ്ങളും, മററും ഓരോ പണിക്കായിട്ടുള്ള 275 യന്ത്രങ്ങളും 71 ആവികുടങ്ങളും ഉണ്ടു. അവയിൽ ഏററ വലിയതിന്നു 100000 റാത്തലും മററു ഒന്നിന്നു 40000 റാത്തലും, വേറെ ഒന്നിന്നു 20000 റാത്തലും തൂക്കം കാണും. ഇവ എല്ലാം ഇളക്കുത്തിൽ വെക്കേണ്ടതിന്നു 300 ആവിയന്ത്രങ്ങൾ സ്ഥാപിക്കേണ്ടി വന്നു. 1812-ാമതിൽ ആവശ്യപ്പെട്ട കല്ക്കരി 500000 തൊൻസ്സ (tons) ആയിരുന്നു. ൟ ശാലകളെ തീവണ്ടിയാൽ തമ്മിൽ ചേൎക്കപ്പെടുന്നതിന്നു ഏകദേശം 35 നാഴിക നീളത്തിൽ ഒരു തീവണ്ടി വഴിയും ഉണ്ടു.

A QUESTION.

ഒരു ചോദ്യം.

പ്രിയ പത്രാധിപരവൎകളെ ചില എഴുത്തുകളുടെയും മററും ഒടുവിൽ മശീഹാകാലം 1876 അല്ലെങ്കിൽ 77ന്നു കൊല്ലം 1052 എന്നു ഇങ്ങിനെ എഴുതി കാണുന്നുണ്ടല്ലൊ മശീഹായുടെ ജനനം മുതൽക്കല്ലയൊ മശീഹകാലം എണ്ണി വരുന്നതു കൊല്ലം 1052ാമത എന്നു എഴുതി വരുന്നതിന്റെ തുടസ്ഥം എന്താകുന്നു. മശീഹാകാലം എന്നു പറയുന്നതു പോലെ കൊല്ലവൎഷം എന്നു പറഞ്ഞുതുടങ്ങുവാൻ ഏതാണ്ടു ഒരു കാരണമില്ലയൊ. മശീഹാകാലം എണ്ണുന്നതു മശീഹായുടെ ജനനം മുതൽക്കാണു എങ്കിൽ കൊല്ലം 1052ാമത എന്നു പറയുന്നതിന്നു ഒരു തക്ക കാരണമുണ്ടെന്നു വിചാരിക്കുന്നു. എന്നാൽ ആണ്ടിന്റെ തുടസ്ഥം കൊല്ലം എന്നു വെച്ചു വരുന്നതിന്നു മുഖ്യമായ കാരണങ്ങൾ ഉണ്ടെന്നു വിചാരിച്ചു ആയ്ത അറിവാനായി ആഗ്രഹിച്ചു പലപ്പോഴും തിരക്കം ചെയ്താറെ ചി

ലർ ഓരോരോ കാരണങ്ങൾ പറഞ്ഞു കേൾപ്പിച്ചു എന്നല്ലാതെ മുഖ്യമായ കാരണങ്ങളൊടു കൂടെ അല്ലാത്തതിനാൽ ആയ്ത വിശ്വാസയോഗ്യമുള്ളതല്ലെന്നു വിചാരിക്കുന്നു. ആയ്തുകൊണ്ടു പത്രാധിപരവർകളെ താങ്കളുടെ പ്രിയമുള്ള വായനക്കാരുടെ മുമ്പിൽ മഹിമ ഏറിയ താങ്കളുടെ പത്രമൂലം ഇതിനെ വെളിപ്പെടുത്തിയാൽ കൊല്ലവൎഷത്തിന്റെ തുടസ്ഥലം എന്തെന്നും ഏതുപ്രകാരം എന്നും ഉള്ള അറിവു കാരണങ്ങളോടു കൂടെ വായനക്കാർ ആരെങ്കിലും അടുത്ത പത്രത്തിൽ അറിയിച്ചു തരുമെന്നുള്ള അത്യാശയോടെ അയക്കുന്നതാണെ.

എന്നൊരു തിരക്കുകാരൻ.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

ആസ്യാ Asia.

ഭാരതഖണ്ഡം:— മഹാരാണി അവൎകൾ ഭാരതഖണ്ഡചക്രവൎത്തിനി എന്ന സ്ഥാനപേരിനെ ജനുവരി ൧ാം തിയതിക്കു എടുത്തിരിക്കുന്ന അതിന്റെ ആരംഭത്തെ വേണ്ടുന്ന കോലാഹലത്തോടു ആചരിക്കേണ്ടതിന്നു മുകിലരുടെ മൂലസ്ഥാനമാകുന്ന ഡില്ലിയിൽ ഉപരാജാവും സംസ്ഥാനവാഴികളും അവരവരുടെ പരിനായകന്മാരും പടയാളികളും പട്ടാളങ്ങളും ഒഴികെ ഭാരതത്തിലേ മാരാജാക്കന്മാരും തമ്പുരാക്കന്മാരും അവരവരുടെ പരിവാരങ്ങളും പട്ടാളങ്ങളും ഏറിയ കലീനരും പുള്ളിക്കാരും കൂടി വന്നിട്ടുണ്ടായിരുന്നു. ആ ദിവസത്തിൽ ശ്രേഷ്ഠ സഭാമദ്ധ്യേ കാഴ്ചപ്പടകൾ ചൂഴവേ നില്ക്കുമ്പോൾ ഉപരാജാവു അവൎകൾ മാരാണിയവൎകളുടെ സ്ഥാനമഹത്വത്തെ അറിയിക്കുന്ന പത്രത്തെ വായിച്ചു കേൾപ്പിച്ച പിന്നെ 101 നിയമവെടിയും ആൎപ്പും കരിമരുന്നു പ്രയോഗവും മററും വിനോദങ്ങൾ നടന്നിരുന്നു. അന്നു പല മഹാന്മാൎക്കു ഓരോ സ്ഥാനവിശേഷങ്ങളും കല്പിച്ചതിൽ തിരുവിതാംകൂറിലേ മഹാരാജാവിന്നു ചക്രവൎത്തിനിയുടെ ആലോചനക്കാരർ എന്ന സ്ഥാനപ്പേരിനെ വിധിച്ചിരിക്കുന്നു.

ഡില്ലിയിൽ വലുങ്ങനെ നടന്നതു അതാത കൂറുപാടുകളിലും ജില്ലകളിലും ചെറുങ്ങനെ നടത്തി വന്നു. കണ്ണനൂരിൽ ഒരു വെള്ള പട്ടാളവും പീരങ്കിത്തോക്കുകാരും രണ്ടു കറുത്ത പട്ടാളങ്ങളും പട്ടണത്തിൽ ഉള്ള വിലാത്തിക്കാരും ഏറിയ നാട്ടുകാരും മൈതാനത്തിൽ കൂടിയിരിക്കുമ്പോൾ തലശ്ശേരിയിൽനിന്നു വന്ന തുക്കിടി ബ്ബ്യയിക് സായ്പവൎകൾ 4 മണി ഉ. തി. സ്ഥാനസങ്കല്പപത്രത്തെ കേൾപ്പിച്ച ശേഷം 101 നിയമ വെടികളും പടയാളികളിൽനിന്നു 3 സന്തോഷവെടികളും ജയജയ ആൎപ്പുകളും രാത്രി ഒമ്പതു മണിക്കു കരിമരുന്നു പ്രയോഗവും (നക്ഷത്രബാണം ആകാശബാണം പൂബാണം, പൂകററി, നിലാത്തിരി) ഉല്ലാസത്തീയും (bon-fire) ഉണ്ടായിരുന്നു.

മഹാ ചക്രവൎത്തിനി ഒന്നാം ജനുവരിയിൽ 15,988 തടവുകാൎക്കു ശേഷിക്കുന്ന ശിക്ഷയെ ഇളെച്ചു കൊടുത്തു. കോഴിക്കോടു തലശ്ശേരി പാലക്കാടു കൊച്ചി തടവുകളിൽനിന്നും തന്നെയല്ല മലയാള കൂറുപാട്ടു തുറുങ്കിൽനിന്നും 144 പേൎക്കു തൻേറടം നല്കിയിരിക്കുന്നു. ക്ഷമിച്ചവർ ദൈവഭയത്തിൽ നടക്കും എന്നു കരുതുന്നു; പൊലീസ്സിന്റെ കണ്ണു അവരുടെ മേൽ ഉണ്ടാകും താനും.

പഞ്ചം:— ബൊംബായി മദ്രാശി സംസ്ഥാനങ്ങളിൽ ഏകദേശം 150 ലക്ഷം ആൾ പാൎക്കുന്ന വിശാല ഭൂമികളിൽ ക്ഷാമം തട്ടിയിരിക്കുന്നു. ദിസെമ്പ്ര 22ാംനു-യിൽ ബൊം

ബായി സംസ്ഥാനത്തിൽ 2,52,917 പേൎക്കും മദ്രാശി സംസ്ഥാനത്തിലോ 7,82,572 പേൎക്കും ധൎമ്മ മറാമത്തു പണി കല്പിച്ചിരിക്കുന്നു. മദ്രാശിസംസ്ഥാനത്തിൽ 53,700 ആളുകൾക്കു കോയ്മയായും 4,200 ആളുകൾക്കു പലരാലും ധൎമ്മക്കഞ്ഞി കൊടുത്തു വന്നിരിക്കുന്നു.

ചെന്നപട്ടണം. — ദിസെമ്പ്രിന്റെ ആദിയോളം പുറനാട്ടുകളിൽനിന്നു ചെന്നപ്പട്ടണത്തിലേക്കു ഏകദേശം 13000 ആളുകൾ ആഹാരത്തിന്നായി ചെന്നിരിക്കുന്നു. അവിടെ വേണ്ടുന്ന അരിയുണ്ടായിട്ടും അവരിൽ ചിലർ വിശപ്പു കൊണ്ടു മരിച്ചു പോയി അതു കൊണ്ടു സംസ്ഥാനവാഴി അവൎക്കു 3 സ്ഥലത്തു വേല എടുപ്പാൻ കഴിവില്ലാത്ത 5500 പരാധീനക്കാൎക്കു ധൎമ്മകഞ്ഞി കൊടുപ്പാൻ കല്പിച്ചിരിക്കുന്നു. ചെന്നപ്പട്ടണത്തിലേ ഉരുപ്പാട്ടിൽ (roadstead) ഉള്ള കപ്പലുകൾ ആകേ 30000 തൊൻ അരി കയററികൊണ്ടു വന്നിരിക്കുന്നു. പുറനാട്ടുകളിൽനിന്നു പുതുതായി മദ്രാശിയിൽ ചേരുന്ന മിക്ക പേർ വിശപ്പു കൊണ്ടു ഏകദേശം അൎദ്ധപ്രാണന്മാരായി എത്തുന്നു. കഞ്ഞി കൊട്ടിലുകളിൽ അവരെ വേണ്ടും പോലെ നോക്കുന്നു എങ്കിലും നന്നാക്കുവാൻ കഴിവില്ലാതെ പലരും മരിച്ചു പോകുന്നു. ചെന്നപ്പട്ടണത്തിലേക്കു യാത്രയാകുന്നവരെ കൈക്കൊള്ളേണ്ടതിന്നു പട്ടണത്തിന്റെ ചുററിലും നിരത്തിന്നരുക്കെ ഓരോ വമ്പിച്ച വഴിയമ്പലങ്ങളും കഞ്ഞി കൊട്ടിലുകളും ഉണ്ടാക്കി പോന്നിരിക്കുന്നു.

ചേലം. — ഓരോ ധൎമ്മമറാമത്തു പണി നടക്കുന്നു. നവധാന്യങ്ങളുടെ അകവില വിശേഷിച്ച ധൎമ്മപുരിയിൽ പൊന്തി കന്നുകാലികൾ തീൻ ഇല്ലാതെ മലയിലേക്കു തെളിച്ചിരിക്കുന്നു. തൃപ്പത്തൂരിലും ഉസ്സൂരിലും മററും ഛൎദ്ദ്യതിസാരം ആരംഭിച്ചു ചിലേടത്തു ശക്തിയോടെ ബാധിച്ചിരിക്കുന്നു. കൃഷ്ണഗിരി പകപ്പിൽ 8000 ആൾ ധൎമ്മ മറാമത്തു പണിചെയ്യുന്നതു കൂടാതെ ബലഹീനന്മാൎക്കു കഞ്ഞി കൊടുത്തു വരുന്നു. അരി $3\frac{3}{4}$—$4\frac{1}{4}$ ശേറും മുത്താറി 5—6 ശേറും ചോളം $4\frac{1}{2}$-6 ശേറും മുതിര $4\frac{1}{2}$—$5\frac{1}{2}$ ശേറും കമ്പച്ചോളം $3\frac{4}{5}$—$6\frac{1}{2}$ ശേറും രൂപ്പികെക്കു അവിടവിടെ വില്ക്കുന്നു.

മധുര. — വറുതി നിമിത്തം തിന മുത്താറി മുതലായവററിന്റെ വിത്തോളം പലസ്ഥലങ്ങളിൽ കൊയ്യാൻ കഴിവു വന്നില്ല. പഞ്ചവും അകവിലയും വൎദ്ധിക്കുന്നു. അവിടെ നടക്കുന്ന ധൎമ്മമറാമത്തു പണികളൊ തേപ്പു കുളങ്ങളെയും കിണറുകളെയും കുഴിച്ചാഴ്ത്തുക ഗ്രാമനിരത്തുകളെ ഉണ്ടാക്കുക കല്ലി വയക്കി കററി പൊരിക്കു മുതലായതു തന്നെ. $3\frac{1}{4}$-4 ശേറോളം അരി വില്ക്കുന്നതിനാൽ പലൎക്കും വലിയ മുട്ടും വലെച്ചലും തട്ടി ഏറിയവർ നാടുവിട്ടു സിംഹളത്തെക്കു യാത്രയാകുന്നു. പഴനി തിണ്ടിക്കല്ലു എന്നീസ്ഥലങ്ങളിൽ വലിയ പഞ്ചം തട്ടിയിരിക്കുന്നതു കൊണ്ടു ദിവട്ടിക്കൊള്ളയും പിടിച്ചുപറിയും വളരെ നടക്കുന്നു.

വടക്കെ ആൎക്കാടു. — കൂട്ടു കവൎച്ചയും തെക്കെ അംശങ്ങളിൽ തലതട്ടി വ്യാധിയും വൎദ്ധിക്കുന്നു. ഓരോ ധൎമ്മമറാമത്തു പണി പഞ്ചം നിമിത്തം കോയ്മ എടുപ്പിച്ചു വരുന്നു.

തഞ്ചാവൂർ. — വേണ്ടുന്ന ധാന്യമുണ്ടെങ്കിലും ഉറുപ്പികക്കു നാലു ശേറെ വില്ക്കുന്നുള്ളു. ഓരോ ഛത്രങ്ങളിൽ സാധുക്കൾക്കു കഞ്ഞിയുണ്ടു. ധൎമ്മമറാമത്തു പണികളെ തുടങ്ങുവാൻ പോകുന്നു. ദിസെമ്പ്ര 23,24 തിയതികളിൽ അറഞ്ഞമഴ പെയ്യതിനാൽ ചിറ കുളം കിണറുകൾ വെള്ളം നിറകയും വെള്ളപ്പഞ്ചം നീങ്ങുകയും ചെയ്യതിന്നു ദൈവത്തിന്നു സ്തോത്രം.

തിരുനെൽവേലി. — അല്പം മഴ പെയ്യതിനാൽ പരുത്തി മുളെച്ചിരിക്കുന്നു. ഒന്നാന്തരം അരി 4ഉം രണ്ടാന്തരം $5\frac{1}{4}$ഉം മുതിര 7ഉം ശേർ ഉറുപ്പികക്കു വിററു വരുന്നു.

നെല്ലൂർ. — ഒക്തോബ്ര ൩൦ന്നു ഏല്ഗിയുടെ അഴിക്കൽ ചേതം വന്ന കപ്പലിൽനിന്നു ൧൨ പേരുകളുമായി ഒരു തിരപ്പത്തിൽ പ്രാണരക്ഷക്കു വേണ്ടി കയറിയ ഒരു ഉരുക്കാരൻ നൊവെമ്പ്ര ൧൦ന്നു ദേവരമ്പാടം എന്ന കരക്കൽ അടിഞ്ഞു വീണു. അയ്യാളെ പ്രയാസത്തോടെ ദീനശാലയിൽ പോററിയതു. മററെ ൧൧ പേർ ഒന്നോടൊന്നു കടലിൽ നശിച്ചു പോയി.

ധൎമ്മമറാമത്തു പണി ആവശ്യം പോലെ എടുപ്പിച്ചു വരുന്നു. കന്നുകാലികൾക്കു മററെ

ജില്ലകളിൽ ഉള്ളതു പോലെ അത്രെ വരുത്തം തട്ടീട്ടില്ല.

ചെങ്കൽപേട്ട. — ആറക്കോണം തൊട്ടു കാഞ്ചിപുരത്തോളം തീവണ്ടിപ്പാതെക്കു അകലം വെപ്പാനും കാഞ്ചിപുരം തുടങ്ങി ചെങ്കല്പേട്ടയോളം തീവണ്ടിപ്പാതെക്കു മണ്ണിടുവാനും കോയ്മ കല്പിച്ചിരിക്കുന്നു.

ഈ ജില്ലയിൽ ഏറിയ കുട്ടികൾ നാഥനില്ലാതെ നാട്ടിൽ അലഞ്ഞുഴലുന്നു.

ബങ്കളൂർ. — 7000 പേർ ധൎമ്മമറാമത്തു പണി എടുത്തു വരുന്നു.

ശ്രീസലാർജംഗ് ദിവസേന വാരാണസിയിൽനിന്നു ഒരു ലക്ഷം രൂപ്പികക്കു അരി വരുത്തി കൊണ്ടിരിക്കുന്നു.

മുങ്കാലങ്ങളിൽ ഒരു വണ്ടി മുത്താറിക്കു 12-15 രൂപ്പിക ഉണ്ടായിരിക്കേ ഇപ്പോൾ 78 രൂപ്പികയോളം കയറിയിരിക്കുന്നു. ഏറിയ മൈസ്രൂർക്കാർ പഞ്ചത്തിൽനിന്നു തെറേറണ്ടതിന്നു വയനാടു കുടകു മുതലായ നാടുകളിലേക്കു യാത്രയാകുന്നു.

മഹാചീന. — ക്ഷണ്ത്തുണ്ടിൽ ഉള്ള ക്ഷാമം നിമിത്തം അപ്പനമ്മമാർ തങ്ങളുടെ കുട്ടികളെ ഉയിരോടെ കഴിച്ചിട്ടു ശേഷം തങ്ങൾക്കു തന്നെ പ്രാണ ഛേദം വരുത്തുന്നു. ഓരോ വലിയ കുറുപാട്ടുകളിൽ പാൎക്കുന്ന മനുഷ്യർ വിശപ്പിനാൽ മരിച്ചു പോകുന്നുണ്ടെങ്കിലും മഹാചീനകോയ്മ ഭാരതക്കോയ്മ ചെയ്യുന്നതു പോലെ ജീവരക്ഷെക്കായി അല്പം പോലും അദ്ധ്വാനിക്കുന്നില്ല.

ബല്ലാരി: — നടപ്പുദീനം ശമിക്കുന്നു. കന്നുകാലികൾ തീൻ ഇല്ലാതെ ചാകുന്നു. അവിടവിടേ ധൎമ്മ മറാമത്തു പണി നടക്കയാൽ 200,000 നാട്ടുകാൎക്കു ഉപജീവനത്തിന്നു വകയുണ്ടു.

കൊകനാട. — എല്ലൂരിൽ ൨൫ ഒക്തോബ്രിൽ പൈപ്പു പൊറുക്കാതെ നാട്ടുകാർ ധാന്യപാണ്ടിശാലകൾക്കു കൊള്ളയിട്ടിരിക്കുന്നു.

കന്നൂൽ: — 208,000 പേൎക്കു ധൎമ്മമറാമത്തു പണി കല്പിച്ചിരിക്കുന്നു. കുട്ടുകവൎച്ച ഇല്ലാതെ പോയി എങ്കിലും ചില്ലറ കളവു ഇനിയും നടക്കുന്നു.

തിരുച്ചിറാപ്പള്ളി. — മഴയില്ലായ്കയാൽ തീൻ പണ്ടങ്ങൾക്കു മുട്ടു വരുവാൻ തുടങ്ങി.

കടപ്പ: — 45,000—50,000 ആളുകൾക്കു ധൎമ്മമറാമത്തു പണികൊണ്ടു നാൾ കഴിക്കേണ്ടതിന്നു സംഗതി വരുന്നു. രൂപ്പികക്കു 4 ശേർ ബങ്കാള അരിയോ $4\frac{3}{4}$ ശേർ ചോളമോ $5\frac{3}{4}$ ശേർ മുത്താറിയോ മാത്രം കിട്ടുന്നു. അരി വേണ്ടും പോലേ എത്തുന്നില്ലാ താനും. കാളകൾ തീൻ ഇല്ലാതെ മണ്ണു തിന്മാൻ തുടങ്ങിയ ശേഷം 2-10 നാൾക്കുള്ളിൽ ചാകുന്നു. കുട്ടുകവൎച്ച പുരച്ചുട്ടു മുതലായ ദോഷങ്ങൾ വൎദ്ധിക്കുന്നു. എല്ലാ തുറുങ്കുകൾ നിറഞ്ഞിരിക്കുന്നു. ബ്രാഹ്മണരും ശൂദ്രരും അന്ത്യജ്ജാതികളും ജാതിഭേദത്തെ ഓൎക്കാതെ ധൎമ്മ മറാമത്തു പണി ഒരുമിച്ചു എടുത്തു വരുന്നു.

യുരോപ്പ Europe.

ഇംഗ്ലന്തു: — ൧൭൭൭ സുവിശേഷ സംഘക്കാർ ൧൮൭൭ൽ 1,04,32,200 രൂ. പല വിധമുള്ള സുവിശേഷ വേലകൾക്കു വേണ്ടി ശേഖരിച്ചിരിക്കുന്നു.

ദിസെമ്പ്രിന്റെ ഒടുവിലും ജനുവെരിയുടെ ആരംഭത്തിലും ഇടവിടാതെ പെയ്ത മഴയാൽ തേമ്സ് നദി കരകവിഞ്ഞിരിക്കുന്നു.

രൂമിസ്ഥാനം (തുൎക്കി): — ദിസെമ്പ്ര ൨൯-യിൽ ചില കള്ളന്മാർ സ്ഥാനഭ്രഷ്ടനായ സുല്ത്താൻ മുരാദിനെ തന്റെ കോവിലകത്തുനിന്നു കവൎന്നുകൊണ്ടു പോകുവാനും സിംഹാസനത്തിൽ കരേറുവാനും മററു ചിലർ മിഥാത്തു പാഷാവേ കൊല്ലുവാനും ഭാവിച്ചതു നിഷ്ഫലമായി പോയി. മാൎച്ച് ഒന്നാം ൹വരെക്കും പോർ പൊറുതി ചെല്ലും. രൂമികോയ്മയും ശേഷം വിലാത്തി കോയ്മകളും ലഹള നടന്ന നാടുകളിൽ ക്രമമുള്ള വാഴ്ചയെ നടത്തുന്നതിനെ കൊണ്ടു ആലോചിച്ചു വരുന്നു. ഒന്നും തീൎച്ചപ്പെട്ടുതീട്ടില്ല താനും.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. **MARCH 1877.** No. 3.

THE LITTLE SAVOYARD.

ചെറിയ സവൊയക്കാരൻ.



പശ്ചിമോത്തരദിക്കുകളിലെ ത്രീയർ, എന്ന നഗരത്തിൽ വാണിരുന്ന ഒരു പ്രഭുവിൻെറ കോവിലകത്തിൻ അരികെ, ഒരു ദിവസം ഏഴ എട്ടു വയസ്സുള്ളൊരു ആങ്കുട്ടി വലിയ ഒരു കല്ലിന്മേൽ ഇരുന്നു. അവൻെറ ഒരു കൈയിൽ ഒരു വടിയും, മറേറതിൽ രണ്ടു പച്ച്തെലികളെ പിടിച്ചു കെട്ടിയ കയറുകളും, പുറത്തു ചെറിയൊരു സഞ്ചിയും ഉണ്ടു. പച്ച്തെലി (marmot, mountain-rat) ശീതമേറിയ മലപ്രദേശങ്ങളിൽ ജീവിക്കയും,

എലിയുടെ ചേല്യം വിലാത്തി മുയലിന്റെ വൎണ്ണവും ആയിരിക്കയും, മനുഷ്യനോടു എളുപ്പത്തിൽ ഇണങ്ങി ഓരോ കളികളെയും ഗോഷ്ഠികളെയും വേഗത്തിൽ ശീലിക്കയും ചെയ്യുന്ന ഒരു ജന്തുവാകുന്നു. ആ കുട്ടി സവൊയ മലപ്രദേശങ്ങളിൽ പാൎക്കുന്ന അമ്മയപ്പന്മാരെയും സഹോദരിസഹോദരന്മാരെയും ബന്ധുജനങ്ങളെയും ജന്മഭൂമിയെയും, കുറെ കാലം മുമ്പെ മരിച്ചുപോയ ജ്യേഷ്ഠനെയും ഓൎത്തു വ്യസനിച്ചു: ദൈവമേ, എന്നെ നോക്കി വിചാരിക്കേണമേ, എന്നു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. പ്രഭു ജനവാതിലിൽ കൂടി നോക്കി, ആ കുട്ടിയെ കണ്ടു കൃപ തോന്നി, ഒരു പണിക്കാരനെ അയച്ചു കോവിലകത്തു വിളിച്ചു. പിന്നെ പ്രഭു അവനു വളരെ സ്നേഹം കാട്ടി: നീ എവിടെനിന്നു വന്നു? എന്നും, ഉപജീവനം കഴിക്കുന്നതു എങ്ങിനെ? എന്നും ചോദിച്ചു. കുട്ടിയും ശങ്ക വിട്ടു: ബഹു ദൂരമായിരിക്കുന്ന സവൊയമലപ്രദേശത്തിൽനിന്നു ഞാൻ വന്നിരിക്കുന്നു. എന്റെ അമ്മയപ്പന്മാർ എനിക്കു ഭക്ഷണം തരുവാൻ കഴിയായ്കകൊണ്ടു, എന്റെ നാട്ടിൽ പല കുട്ടികൾ ചെയ്യുന്നതു പോലെ, ഞാനും യാത്രയായി പല പല ദേശങ്ങളിലും നടന്നു, ഈ പച്ചതെലികളെ പണത്തിന്നു വേണ്ടി കാണിച്ചു കളിപ്പിക്കയും ചെയ്യുന്നതിനാൽ ഉപജീവനം കഴിച്ചു വരുന്നു, എന്നു പറഞ്ഞു. എന്നാറെ പ്രഭു കുട്ടിയിൽ വളരെ രസിച്ചു, അവനോടു: നിന്റെ പച്ചതെലികളിൽ ഒന്നു എനിക്കു വില്ക്കുമോ? ഞാൻ നല്ല വില തരാം, എന്നു ചോദിച്ചു. അപ്പോൾ കുട്ടി ഒന്നു വിചാരിച്ചു: പക്ഷെ ജനങ്ങൾക്കു കാണിപ്പാൻ വേണ്ടി ഒന്നു മതി, നല്ല വില കിട്ടിയാൽ അതിനെ അമ്മയപ്പന്മാൎക്കു അയക്കാമല്ലൊ, എന്നു ഓൎത്തു, ഇതിൽ ഒന്നു എന്റെ ജ്യേഷ്ഠന്റേതായിരുന്നു. അവൻ അതിനെ കാട്ടിൽനിന്നു പിടിച്ചിണക്കി ശീലിപ്പിച്ചു, വളരെ പ്രീതിയോടെ വിചാരിച്ചു, മരിപ്പാറായപ്പോൾ ഇതിന്നു ഒരു ചുംബനം കൊടുത്തു പ്രാണനെ വിടുകയും ചെയ്തു. അതുകൊണ്ടു ഇതിനെ വില്പാൻ കഴികയില്ല; വേണം എങ്കിൽ, എന്റെ സ്വന്തമുള്ളതിനെ തരാം, എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു. ഏതായാലും വേണ്ടതില്ല, എന്നു പ്രഭു അരുളി, ധാരാളമായ വില കൊടുത്തു പച്ചതെലിയെ വാങ്ങി, ഒരു പണിക്കാരനിൽ ഏല്പിച്ചു അതിനെ നല്ലവണ്ണം പോററി രക്ഷിക്കേണം, എന്നു കല്പിച്ചു. അച്ചെറിയവനും പ്രഭുവിനെ തൊഴുതു, വിട വാങ്ങി സന്തോഷത്തോടെ യാത്രയാകയും ചെയ്തു.

പിന്നെ ഏകദേശം എട്ടു മാസം ചെന്നു, വസന്ത വേനൽക്കാലങ്ങളും കഴിഞ്ഞു, ഹിമകാലം തുടങ്ങിയാറെ, ഉഗ്രതയുള്ള ശീതം അതിക്രമിച്ച ഒരു ദിവസത്തിൽ ആ പ്രഭു പിന്നെയും ജനവാതിലിൽ കൂടി നോക്കി: അയ്യോ, നല്ല ഉടുപ്പും തീ കായുവാൻ വിറകുമില്ലാത്ത സാധുജനങ്ങൾക്കു ഇന്നു എത്ര കഷ്ടം സഹിക്കേണ്ടിവരും, എന്നു വിചാരിച്ചു വ്യസനിച്ചു

കൊണ്ടിരിക്കുമ്പോൾ, താഴെയുള്ള ആ വലിയ കല്ലിന്റെ അരികത്തു എത്രയോ ശീതിക്കുന്ന ഒരു ആണ്കുട്ടി നില്ക്കുന്നപ്രകാരം തോന്നി, ഉറ്റു നോക്കുമ്പോൾ കുട്ടി തലയിൽനിന്നു തൊപ്പി എടുത്തു, പ്രഭുവിനെ ഒന്നു തൊഴുതതിനാൽ, ആ ചെറിയ സവൊയക്കാരൻ തന്നെ, എന്നറിഞ്ഞു അകത്തു വരേണ്ടതിനു ആംഗ്യം കാട്ടി വിളിപ്പിച്ചു. കുട്ടിയും വേഗത്തിൽ അനുസരിച്ചു കോവിലകത്തു ചെന്നു, വണക്കത്തോടെ തിരുമുമ്പിൽ നില്ക്കുമ്പോൾ, പ്രഭു വൎത്തമാനം എല്ലാം ചോദിച്ചതിനു: ഞാൻ വലിയ സങ്കടത്തിൽ അകപ്പെട്ടു, എന്റെ പൎവ്വതെലി മറേറതിനെ കാണായ്കയാൽ ഉണ്ടായ ദുഃഖം നിമിത്തം ദീനം പിടിച്ചു മരിച്ചതുകൊണ്ടു, എന്റെ ഉപജീവനം പൊയ്പോയി, ഇനി എന്തു വേണ്ടു എന്നു അറിയുന്നില്ല. തമ്പുരാനവൎകളുടെ പൎവ്വതെലി ഇനി ഉണ്ടോ? എന്നു ചോദിച്ചു. എന്റേതു ഇനി ഉണ്ടു, നല്ല സൌഖ്യത്തോടെയും ഇരിക്കുന്നു, എന്നു പ്രഭു പറഞ്ഞതു കേട്ടു, തെളിഞ്ഞു അതിനെ എനിക്കു തിരികെ വില്ക്കുമോ? എന്നു കുട്ടി ചോദിച്ചാറെ, പ്രഭു: എന്നാൽ നിനക്കു പണം ഉണ്ടോ? എന്നു ചോദിച്ചതിനു കുട്ടി: തമ്പുരാനവൎകൾ തന്ന മുതലിനെ ഞാൻ അമ്മയപ്പന്മാൎക്കു അയച്ചു, എങ്കിലും കൈക്കലുള്ള ആറു ഉറുപ്പിക ഞാൻ ഇപ്പോൾ തന്നെ തരാം, ശിഷ്ടമുള്ളതു ഞാൻ വിശ്വാസത്തോടെ കൊണ്ടുവരാം, എന്നു പറഞ്ഞു. എന്നാൽ അങ്ങിനെയല്ല, എലിയെ ഞാൻ വെറുതെ തരാം, പിന്നെ കൊല്ലംതോറും ഒന്നാം ജനുവരി നീ ഇവിടെ വന്നു, നിന്റെ വ്യാപാരത്തിൽ നിന്നു വന്ന ലാഭത്തിന്റെ പകുതി എനിക്കു ശരിയായി കൊണ്ടുവരേണം. മനസ്സുണ്ടെങ്കിൽ ഇങ്ങു കൈ അടിക്ക, എന്നു പ്രഭു ചൊല്ലി കൈകാട്ടിനിന്നു. ഇതു കളിയത്രെ, എന്നു കുട്ടി വിചാരിച്ചു, കുറെ നേരം നോക്കിനിന്നു, കളിയല്ല എന്നു കണ്ടു ഉറപ്പോടെ കൈയടിച്ചു. എന്നാറെ പ്രഭു പറഞ്ഞു: നാം ഇപ്പോൾ കൂട്ടുകച്ചവടക്കാരായല്ലൊ, ഈ കഠിന ശീതകാലത്തു നിന്നെ അയക്കുന്നതു ശരിയല്ല, നീ ദീനം പിടിച്ചു കുഴങ്ങിപ്പോയാൽ, ലാഭത്തിൽ ഉണ്ടാകുന്ന എന്റെ ഓഹരി പോയ്പോകും, അതുകൊണ്ടു ശീതം മാറുന്നതുവരെ നീ ഇവിടെ പാൎക്കേണം, വേണ്ടുന്ന ചെലവു ഞാൻ കണ്ടുകൊള്ളാം. കുട്ടിയും സന്തോഷത്തോടെ സമ്മതിച്ചു പാൎത്തു. ശീതം ശമിച്ചാറെ പ്രഭു ഒരു പുതിയ ഉടുപ്പും അനുഗ്രഹവും നല്കി, അവനെ പറഞ്ഞയക്കയും ചെയ്തു.

ഒന്നാം ജനുവരി ആകുമ്പോൾ ആ ചെറിയവൻ നിശ്ചയിച്ചപ്രകാരം വരുമോ? എന്നു പ്രഭു വിചാരിച്ചു അവന്നായിട്ടു കാത്തിരുന്നു, എങ്കിലും അവൻ വന്നില്ല. പിന്നെയും ഒരു ജനുവരി ദിവസം വന്നു, അതിലും അവൻ മുമ്പെ പോലെ വരാതെ ഇരുന്നു. അതുകൊണ്ടു പ്രഭു വളരെ ദുഃഖിച്ചു: ഇവനും നന്നികേടുള്ളവനായി നാശത്തിന്റെ വഴിയിലേക്കു തിരിഞ്ഞു

കളഞ്ഞുവോ? എന്നു വിചാരിച്ചതിൽ പിന്നെ ആ കാൎയ്യം മുഴുവനും ഓൎമ്മയിൽനിന്നു വിട്ടുപോയി. ഇങ്ങിനെ ആറു ഒന്നാം ജനുവരി ദിവസങ്ങൾ കഴിഞ്ഞു, ഏഴാമതിന്റെ തലനാൾ രാവിലെ ആ പ്രഭുവിന്റെ ഒരു പണിക്കാരൻ സന്നിധിയിൽ ചെന്നു: നല്ലൊരു ബാല്യക്കാരൻ പുറത്തുനിന്നുകൊണ്ടു: ഇപ്പോൾ തന്നെ തമ്പുരാനവൎകളെ കാണേണം, എന്നു വളരെ അപേക്ഷിക്കുന്നു, എന്നു പറഞ്ഞു. അവനെ കൊണ്ടുവരിക, എന്നു പ്രഭു കല്പിച്ചാറെ ബാല്യക്കാരൻ തിരുമുമ്പിൽ ചെന്നു വണങ്ങി തൊഴുതു നിന്നു. അഭീഷ്ടം എന്തു? എന്നു പ്രഭു ചോദിച്ചപ്പോൾ: ഏഴു സംവത്സരത്തിന്നു മുമ്പെ തിരുമുമ്പിൽനിന്നു ഏറിയോരു നന്മയെ അനുഭവിച്ച ചെറിയ സവൊയക്കാരനെ തമ്പുരാനവൎകൾ ഓൎക്കുന്നില്ലയൊ? എന്നു ബാല്യക്കാരൻ താഴ്മയോടെ ചോദിച്ചു. ഓൎക്കുന്നു, ആ സവൊയക്കാരൻ നീ തന്നെ, എന്നു തോന്നുന്നു. എന്നാൽ അന്നു ഉണ്ടാക്കിയ കരാർ ലംഘിച്ചുവല്ലൊ, എന്നു പ്രഭു പറഞ്ഞശേഷം, ബാല്യക്കാരൻ കരാർ ലംഘിച്ചതു സത്യം തന്നെ. അതിന്റെ അവസ്ഥ പറവാനായി ഞാൻ ഇപ്പോൾ തിരുമുമ്പിൽ വന്നിരിക്കുന്നു. ഒന്നാം ആണ്ടിന്റെ ജനുവരി ദിവസത്തിൽ ഞാൻ ബഹു ദൂരമായ ഒരു നഗരത്തിൽ ഇരിക്കുകൊണ്ടു ഇങ്ങു വന്നു, നമ്മുടെ കച്ചവടത്തിൽനിന്നു വരുന്ന ലാഭത്തിന്റെ പകുതി തിരുമുമ്പിൽ വെപ്പാൻ പാടില്ലാതെയായി, എങ്കിലും ഞാൻ തമ്പുരാനവൎകളുടെ ഓഹരി വേറിട്ടു സൂക്ഷിച്ചു വെച്ചു. കുറെ കാലം കഴിഞ്ഞാറെ എന്റെ പൎവ്വതെലി മരിച്ചതിനാൽ, എന്റെ പ്രവൃത്തി വീണുപോകയും, ഇനി എന്തു വേണ്ടു? എന്നു ഞാൻ സംശയിച്ചു നില്ക്കുകയും ചെയ്ത സമയത്തിൽ, എന്റെ നാട്ടുകാരനായ ഒരു ബാല്യക്കാരനെ കണ്ടു. വല്ലവേല ചെയ്തുംകൊണ്ടു അവനും അല്പം പണം നേടിയവൻ ആകകൊണ്ടു, ഞങ്ങൾ ചരക്കു വാങ്ങി ചില്ലറവ്യാപാരം തുടങ്ങി, ഊരും നാടും നടന്നു ഞങ്ങളുടെ സാമാനങ്ങളെ വിററു, ദൈവാനുകൂല്യത്താൽ ഏതാനും ലാഭം വരുത്തിയാറെ, മെത്സ എന്ന നഗരത്തിൽ സ്ഥിരമായ ഒരു കച്ചവടം തുടങ്ങി. അതുവും സഫലമായി വന്നു. എന്നാൽ ഈ ഏഴു സംവത്സരത്തിൽ എനിക്കു ഒരേ വ്യസനമേയുള്ളു. ഞാൻ തമ്പുരാനവൎകളോടു ചെയ്ത സത്യത്തെ ലംഘിച്ചു, എന്റെ വ്യാപാരത്തിൽനിന്നു വന്ന ലാഭത്തിന്റെ പകുതിയെ ആണ്ടുതോറും കൊണ്ടുവരാത്തതു തന്നെ. തമ്പുരാൻ അവൎകളുടെ ഓഹരിയെ ഞാൻ എന്റെ കച്ചവടത്തിൽ ഇട്ടു, മുതലും ലാഭവും പലിശയും ഇപ്പോൾ ഒരുമിച്ചുകൊണ്ടുവന്നിരിക്കുന്നു, എന്നു ചൊല്ലി, ഈരായിരം ഉറുപ്പിക പ്രഭുവിന്റെ മേശമേൽ ഇടുകയും ചെയ്തു. എന്നാറെ പ്രഭു: ഞാൻ അന്നു പറഞ്ഞതു കളിവാക്കു എന്നു നിനക്കു തോന്നിയില്ലയൊ? നീ അദ്ധ്വാനിച്ചുണ്ടാക്കിയ മുതലിനെ നീ എടുത്തു ദൈവാനുഗ്രഹത്തോടെ അ

നുഭവിച്ചുകൊൾക, എന്നരുളിയ ശേഷം, ബാല്യക്കാരൻ: അയ്യൊ തമ്പുരാനവൎകൾ ഇതിനെ എന്റെ കൈയിൽനിന്നു വാങ്ങേണം. ഞാൻ ഇവിടെ എത്തി ഈ കാൎയ്യത്തെ വെടിപ്പാക്കുവാൻ കഴിയുവോളം താങ്ങൾ ജീവിക്കുമോ? എന്നുള്ള ഭയം എന്നെ പലപ്പോഴും അസഹ്യപ്പെടുത്തി, അതുകൊണ്ടു താങ്ങളുടെ ഈ മുതലിനെ എന്റെ കൈയിൽനിന്നു വാങ്ങേണം, എന്നു വളരെ താഴ്മയോടെ അപേക്ഷിച്ചു. അപ്പോൾ പ്രഭു: അല്ലയോ മകനേ, നീ അദ്ധ്വാനിച്ചുണ്ടാക്കിയ മുതലിനെ ഞാൻ എങ്ങിനെ അനുഭവിക്കും? അതു നിനക്കു ആവശ്യമില്ല എങ്കിൽ, അതിനെ നിന്റെ അമ്മയപ്പന്മാൎക്കു കൊടുത്തയക്കേണം, എന്നു പറഞ്ഞ ശേഷം മാത്രം അവൻ സമ്മതിച്ചു, മുതലിനെ മടക്കി എടുത്തു. ആ ബാല്യക്കാരനെ പ്രഭു പിന്നേതിൽ ഓൎക്കുമ്പോൾ ഒക്കെയും: ദൈവമേ, അവനെ അനുഗ്രഹിക്കേണമെ, എന്നു ചൊല്ലി പ്രാൎത്ഥിക്കയും ചെയ്തു.

GOOD FISH.

നല്ലമീൻ.

ബങ്കളൂർനഗരത്തിന്റെ ഉപാന്തികെ വലിയ ഒരു തടാകവും, അതിന്റെ സമീപത്തു കല്ലുകൊണ്ടു വെടിപ്പോടെ കെട്ടിയ ഒരു കുളവും ഉണ്ടു. ഈ രണ്ടു ജലസ്ഥലങ്ങളെ കൊണ്ടു ആ നഗരവാസികൾ നല്ലോരു കഥയെ ഉണ്ടാക്കി പറയുന്നതെന്തെന്നാൽ: ടിപ്പുസുല്ത്താൻ ഒരു നാൾ തൃക്കൈകൊണ്ടു ചോറു ഉരുട്ടി, കറിയിൽ മുക്കുന്ന നേരം ഞെട്ടി, അതിക്രുദ്ധനായി എഴനീറ്റുനിന്നു, വെപ്പുകാരനെ വിളിച്ചു. ആയവനും ബദ്ധപ്പെട്ടു തിരുമുമ്പിൽ ചെന്നു, കൈകൊണ്ടു വായി പൊത്തി, വിറച്ചുംകൊണ്ടു നിന്നു. എടാ, ഇവിടെ കൂട്ടുവാൻ വെച്ചതു എന്തു മീനാണ? ഇങ്ങിനെയുള്ള വസ്തുവിനെ എന്റെ മുമ്പിൽ വിളമ്പുന്നതു എങ്ങിനെ? എന്നു സുല്ത്താൻ ഉഗ്രകോപത്തോടെ പറഞ്ഞു. എന്നാറെ വെപ്പുകാരൻ: അല്ലയൊ ആശ്രിതന്മാരെ രക്ഷിക്കുന്ന മഹാരാജാവേ, ഈ കാൎയ്യത്തെ കാരുണ്യപൂൎവ്വമായി കണ്ടരുളേണമേ, ഈ മീൻ മഹാരാജശ്രീയവൎകളുടെ സ്വന്ത തടാകത്തിൽനിന്നു പിടിച്ചിരിക്കുന്നു. ഇതിനേക്കാൾ നല്ല മീൻ രാജ്യത്തിൽ എങ്ങും കിട്ടുകയില്ല നിശ്ചയം. തെളിഞ്ഞ വെള്ളത്തിൽ ജീവിക്കുന്ന മീൻ നല്ല രുചിയുള്ളതാകും, നമ്മുടെ തടാകം ചളിയും ചേറും നിറഞ്ഞതാകകൊണ്ടു, മീൻ നന്നാകുവാൻ പ്രയാസം, എന്നു വളരെ ഭയത്തോടെ പറഞ്ഞു. എന്റെ മീനോളം എവിടെ എങ്കിലും നല്ല മീൻ ഉണ്ടാകരുതു, അതു നന്നാകുവാൻ നീ തന്നെ നോക്കിക്കൊള്ളേണം, നന്നാകാഞ്ഞാൽ

നിന്റെ തല പൊയ്പോകും നിശ്ചയം, എന്നു സുല്ത്താൻ കണ്ണു ജ്വലിച്ചും കൊണ്ടരുളുകയും ചെയ്തു.

അതുകൊണ്ടു വെപ്പുകാരൻ വളരെ ക്ലേശിച്ചു: മീൻ നന്നാകുവാനായി ഞാൻ എന്തു വേണ്ടു? എന്നു ചിന്തിച്ചു, പക്ഷെ അതിന്നു നല്ല തീൻ വെച്ചുകൊടുത്താൽ ഗുണമായി വരും, എന്നു ചൊല്ലി നൂറു വെപ്പുകാരെ വരുത്തി ദിവസം തൊറും നല്ല ചോറും പലഹാരങ്ങളും മററും ഉണ്ടാക്കിച്ചു, വൈകുന്നേരത്തു അതെല്ലാം തടാകത്തിന്റെ കരമേൽ ആക്കി, മത്സ്യത്തിന്നു ചാടികൊടുപ്പിച്ചു. എങ്കിലൊ കഷ്ടം, അയ്യൊ കഷ്ടം: ഈ ഭോജ്യങ്ങൾ ആ മീനുകൾക്കു രുചിയായി വന്നില്ല, ചിലതു മാത്രം വെള്ളത്തിൻ മീതെ പൊന്തി, അവിടെ നീന്തിക്കണ്ട ചോറും മററും മണത്തു നോക്കി, കലങ്ങിയ വെള്ളത്തിന്റെ അടിയിൽ മടങ്ങിക്കളഞ്ഞു. അപ്പോൾ വെപ്പുകാരൻ വളരെ വ്യസനിച്ചു, പക്ഷെ കാൎയ്യം ക്രമേണ സാധിക്കുമായിരിക്കും, എന്നു വിചാരിച്ചു രണ്ടു മൂന്നു ദിവസം ആഹാരം വെള്ളത്തിൽ ഇട്ടു, എങ്കിലും അതിനെ കൊണ്ടു മീനിന്നു ഒരു ആവശ്യവുമില്ല എന്നു കണ്ടു, അള്ളായുടെ കല്പന ആർ വിരോധിച്ചു, തലയെഴുത്തിനെ മാച്ചുകളയും? എന്നു വെച്ചു മരണപത്രിക ഉണ്ടാക്കി, ചിലദിവസം മഹാദുഃഖിതനായി തടാകത്തിന്റെ കരമേൽ ചുററി നടന്നു.

അങ്ങിനെ ഇരിക്കുമ്പോൾ അവന്റെ സ്നേഹിതനായ ലെക്കൊക്ക, എന്ന ഒരു പരന്ത്രീസ്സുകാരൻ അവനെ കണ്ടു: ഹാ സ്നേഹിതാ, നിങ്ങൾ ഇത്ര ദുഃഖിതനായി ഇവിടെ ചുററി നടക്കുന്നതു എന്തു? എന്നു ചോദിച്ചു. അയ്യൊ കഷ്ടം! ഈ വെള്ളത്തിലുള്ള മീൻ നന്നാക്കേണം, അല്ലാഞ്ഞാൽ നിന്റെ തല പൊയ്പോകും, എന്നു സുല്ത്താനവൎകൾ അരുളിയാറെ, നല്ല തീൻകൊണ്ടു മീൻ നന്നാകും. എന്നു ഞാൻ വിചാരിച്ചു, വളരെ ചെലവു കഴിച്ചു, അനവധി നല്ല ചോറും മററും വെള്ളത്തിൽ ചാടിക്കളഞ്ഞു, എങ്കിലും മീൻ അതിനെ തൊടുകയില്ല. അള്ളാ വലിയവൻ, അള്ളാ കല്പിക്കുന്നതു നല്ലതു. ഇനി ഞാൻ മരിക്കുന്നുള്ളു, വേറെ ഒരു ഗതിയും ഇല്ല, എന്നു വെപ്പുകാരൻ വളരെ സന്താപത്തോടെ പറഞ്ഞു. എന്നതു കേട്ടു പരന്ത്രീസ്സുകാരൻ: ഹാ സ്നേഹിതാ, ധൈൎയ്യമായിരിക്ക, നിനക്കു ഗുണം ഉണ്ടാകുവാനായി ഞാൻ ഒരു വഴി പറഞ്ഞുതരാം. നല്ല തീൻ കൊണ്ടു മീൻ നന്നാകുന്നതു സത്യം തന്നെ, എങ്കിലും മൂത്ത മീൻ നന്നാകുന്നതിന്റെ സമയം കഴിഞ്ഞിരിക്കുന്നു, ആയവ ചളിയിലും ചേററിലും അധികം രസിച്ചു പോയി, ഇളയമീൻ നന്നാകേണ്ടതിന്നു നീ യത്നിച്ചാൽ, കാൎയ്യസാദ്ധ്യം ഉണ്ടാകാതിരിക്കയില്ല നിശ്ചയം. എന്നതു വെപ്പുകാരൻ കേട്ടപ്പൊൾ, അന്നോളം മന്ദമന്ദമായി കത്തിയ ഉയിരിന്റെ തിരി പുതുതായി ഉജ്വലിച്ചുവരികയാൽ, വേണ്ടുന്നതെല്ലാം സ്നേഹിതനായ പരന്ത്രീസ്സുകാര

നോടു ചോദിച്ചറിഞ്ഞ ശേഷം, ബദ്ധപ്പെട്ടു വീട്ടിൽ ചെന്നു, നൂറു കൂലിക്കാരെ വരുത്തി തടാകത്തിന്റെ അരികത്തു നല്ലൊരു കുളം കുഴിപ്പിച്ചു, വിശേഷകല്ലുകൾ കൊണ്ടു ഭംഗിയോടെ കെട്ടിച്ചു, തെളിഞ്ഞ വെള്ളം അതിൽ ഒഴുകുമാറാക്കി. ഇങ്ങിനെ എല്ലാം ഒരുങ്ങിയിരിക്കുമ്പോൾ അവൻ നൂറു മീൻ പിടിക്കാരെ വരുത്തി, തടാകത്തിൽനിന്നു വലവീശി പിടികിട്ടിയ ചെറുമീൻ ഒക്കെയും കുളത്തിലാക്കിപ്പാൎപ്പിച്ചു, പരന്ത്രീസ്സുകാരനായ സ്നേഹിതനോടു പഠിച്ച ക്രമപ്രകാരം തീൻ ഉണ്ടാക്കി അച്ചെറു മീനുകൾക്കു ചാടിക്കൊടുപ്പിച്ചു. ആദ്യം ആയാഹാരം മീനിന്നു നല്ല രുചിയായി തോന്നായ്കയാൽ, വെപ്പുകാരൻ ഭ്രമിച്ചു പോയി, എങ്കിലും രണ്ടു മൂന്നു ദിവസം ചെന്നാറെ, ഒന്നു വെള്ളത്തിൻ മീതെ പൊന്തി നല്ല വണ്ണം തിന്നു. പിന്നെ രണ്ടു മൂന്നു ചേൎന്നു തിന്നു, കുറയനാൾ പാൎത്താറെ മീനുകൾ ഒക്കെയും ചാടിക്കൊടുത്ത ഭോജ്യങ്ങൾ നല്ല മനസ്സോടെ വിഴുങ്ങുകയാൽ, കൂട്ടം എല്ലാം നല്ല പുഷ്ടിവെക്കുകയും ചെയ്തു.

അനന്തരം ടിപ്പുസുല്ത്താൻ ഒരു സദ്യ കഴിച്ചു ഏറിയ മഹാന്മാരെയും ഭക്ഷണത്തിന്നായി ക്ഷണിച്ചപ്പൊൾ, വെപ്പുകാരൻ കുളത്തിൽനിന്നു മീൻ പിടിപ്പിച്ചു, കൂട്ടുവാനായി തിരുമുമ്പിൽ വിളമ്പി വെച്ചു. ആയതിനെ സുല്ത്താൻ രുചിനോക്കിയ ഉടനെ കണ്ണു ചിമ്മി നാവു കൊണ്ടു നൊണെച്ചതല്ലാതെ, വിരുന്നുകാർ ഒക്കത്തക്ക: ആശ്ചൎയ്യം! എത്രയും വിശേഷം! എന്നു തൊഴിച്ചു പറഞ്ഞു. സുല്ത്താൻ വെപ്പുകാരനെ വിളിച്ചു: ഈ വിശേഷമുള്ള മീൻ എവിടെനിന്നു കൊണ്ടുവന്നു? എന്നു ചോദിച്ചു. വെപ്പുകാരനും കൈകൂപ്പിതൊഴുതു: മഹാരാജാവേ, നിന്തിരുവടിയുടെ സ്വന്ത തടാകത്തിൽനിന്നു തന്നെ. മീൻ നന്നാകേണം, എന്നു അടിയനോടു അരുളിയല്ലൊ. കാൎയ്യം പ്രയാസം ആയിരുന്നു, എങ്കിലും അതു സാധിച്ചു, എന്നു ഞാൻ വിചാരിക്കുന്നു. എന്നാറെ സുല്ത്താൻ വളരെ സന്തോഷിച്ചു, വെപ്പുകാരനെ ഓമനിച്ചു തട്ടി, ഭണ്ഡാരത്തിൽനിന്നു ആയിരം ഉറുപ്പിക കൊടുപ്പിച്ചു, ഈ അതിശയം നിവൃത്തിച്ചതു എങ്ങിനെ? എന്നു ചോദിച്ചു. അതിന്റെ വിവരം കേട്ടു അറിഞ്ഞ ശേഷം: കുളത്തിൽ നല്ല മീൻ ഉണ്ടായാൽ പോരാ, നീ വലിയ മീൻ ഒക്കെയും പിടിപ്പിച്ചു പൊൻ മുദ്രയെ നെററിമേൽ കുറിച്ചു വെച്ചു, തടാകത്തിൽ ഇട്ടുകളക. അങ്ങിനെയുള്ള മീൻ പിടിക്കുന്ന ഏതു ദാശനും അതിനെ രാജാവിന്റെ വെപ്പുകാരനു ഏല്പിക്കാഞ്ഞാൽ, അവന്റെ തല പൊയ്പോകും, എന്നൊരു പരസ്യം ഉണ്ടാക്കുക. ഇതു രാജമീനത്രെ എന്നു സുല്ത്താൻ അരുളി. ഇങ്ങിനെയുള്ളതെല്ലാം വെപ്പുകാരൻ അനുഷ്ഠിച്ചതിൽ പിന്നെ അവനും സുല്ത്താൻ താനും മരിച്ചു, എങ്കിലും ആ തടാകവും കുളവും ഈ നാളോളം ഇരിക്കുന്നു. ബങ്കളൂരിൽ കുറയനാൾ താമസിക്കുന്ന എല്ലാ അന്യരാജ്യക്കാരും ഇന്നും

തടാകത്തെയും കുളത്തെയും കാണ്മാനും അവയുടെ കഥയെ കേൾ്പാനും പോകാറുണ്ടു.

കഥ നേരോ അല്ലയോ, എന്നറിയുന്നില്ല, എങ്കിലും ചളിയിലും ചേററിലും ജീവിക്കയും രസിക്കയും ചെയ്യുന്ന മീൻ നന്നാകുവാൻ കഴിയാത്തതു പോലെ പാപത്തിലും ദുഷ്കൎമ്മത്തിലും ജീവിക്കയും രസിക്കയും ചെയ്യുന്ന മനുഷ്യൻ ഒരിക്കലും നന്നാകയില്ല. തെളിഞ്ഞ വെള്ളവും വിശേഷതീനും പെരുകിയിരിക്കുന്ന ദൈവത്തിന്റെ രാജ്യം സമീപമാകുന്നു. ആയതിൽ പ്രവേശിക്കുന്ന മൂത്തവരും ഇളയവരും എപ്പേരും നല്ലവരും ദൈവമക്കളുമായി തീരുകയും ചെയ്യും.

FILIAL PIETY.

സ്നേഹമുള്ള പുത്രൻ.

അഫ്രിക്ക ഖണ്ഡത്തിന്റെ പടിഞ്ഞാറെ കരയിൽ പാൎക്കുന്ന ഒരു കാഫ്രി വല്ല സംഗതിയാൽ ഒരു ധനവാനു കടമ്പെട്ടിട്ടു, അതിനെ വീട്ടുവാൻ ഒരു വഴിയും കണ്ടില്ല. അതുകൊണ്ടു അവൻ ആ മുതലാളിയുടെ വീട്ടിൽ ചെന്നു: നിങ്ങൾക്കു കടമ്പെട്ടതിനെ വീട്ടുവാൻ എന്നാൽ കഴികയില്ല, ഈ തടി അല്ലാതെ എനിക്കു ഒരു വസ്തുവുമില്ല, ഇതിനെ നിങ്ങൾ വിററു പണമാക്കി എന്റെ കടത്തിനു എടുക്കാമല്ലൊ. എന്നു പറഞ്ഞതു കഠിന മനസ്സുകാരനായ മുതലാളി കേട്ടു കോപിച്ചു, അവനോടുകൂടെ ദേനരുടെ സമീപത്തുള്ള കോട്ടയിൽ ചെന്നു, ഒർ അടിമവ്യാപാരിക്കു വിററു, പണം വാങ്ങിപ്പോകയും ചെയ്തു. വ്യാപാരി കാഫ്രിയെ ചങ്ങലയിലാക്കി അടിമകളുടെ കൂട്ടത്തിൽ ചേൎത്തു വെസ്തിന്ത്യയിലേക്കു ഓടുവാൻ ഒരുങ്ങിയിരിക്കുന്ന ഒരു കപ്പലിൽ കയററി പാൎപ്പിച്ചു. കപ്പൽ തുറമുഖത്തെ വിട്ടു പോകും മുമ്പെ, കാഫ്രിയുടെ മകനായ ഒരു ബാല്യക്കാരൻ അതിൽ ഏറി ചെന്നു, അഛ്ശനെ കണ്ടു സല്ക്കാരവാക്കുകൾ എല്ലാം അന്യോന്യം പറഞ്ഞ ശേഷം, മകൻ: അഛ്ശാ, ദേശമൎയ്യാദപ്രകാരം മക്കളെ വിററിട്ടു കടം വീട്ടാഞ്ഞതു എന്തു? എന്നു ചോദിച്ചതിന്നു കാഫ്രി: ഞാൻ അതു ഒരു നാളും ചെയ്കയില്ല, എന്റെ കടം എന്റെ ദേഹം കൊണ്ടു തന്നെ ഞാൻ വീട്ടും, എന്നു പറഞ്ഞു. അപ്പോൾ ആ നല്ല പുത്രൻ: അതിനെ ഞാൻ ഒരു നാളും സമ്മതിക്കയില്ല, നിങ്ങളുടെ ബദലായി ഞാൻ ഇവിടെ അടിമയായിരിക്കയും, നിങ്ങൾ സൌഖ്യത്തോടെ നാട്ടിലേക്കു മടങ്ങി പോകയും ചെയ്യും, എന്നു വളരെ സ്നേഹമുള്ള വാക്കുകളും ഭാവങ്ങളും കൊണ്ടു അഛ്ശനെ നിൎബ്ബന്ധിച്ചാറെയും, അവൻ സമ്മതിച്ചില്ല.

അതുകൊണ്ടു മകൻ അടിമവ്യാപാരിയുടെ അടുക്കൽ ചെന്നു: എന്റെ അപ്പൻ ബലഹീനനായ ഒരു കിഴവനത്രെ. അവനെ കൊണ്ടു നിങ്ങൾക്ക വളരെ ഉപകാരം ഉണ്ടാകയില്ല, ഞാൻ ശക്തിയുള്ള ബാല്യക്കാരനാക കൊണ്ടു എന്നെ വിററാൽ നല്ല വില കിട്ടുമല്ലൊ. ആകയാൽ എന്റെ അപ്പന്റെ ബതലായി എന്നെ അടിമയാക്കിക്കൊള്ളേണം, എന്നു അപേക്ഷിച്ചു. ഈ കാൎയ്യം അടിമവ്യാപാരിക്ക നല്ലതു, എന്നു തോന്നി, അപ്പന്റെ ചങ്ങല അഴിച്ചു പുത്രനിൽ ആക്കി, അവനെ അടിമകളുടെ കൂട്ടത്തിൽ ചേൎത്തു. എന്നാറെ ആ കാഫ്രി വളരെ സങ്കടപ്പെട്ടു കരഞ്ഞുംകൊണ്ടു കപ്പലിൽനിന്നു കിഴിഞ്ഞു. ഈ കാൎയ്യത്തെ അന്നു കപ്പലിൽ വന്നിരുന്ന ഒരു വൈദ്യൻ കണ്ടു, കരെക്ക ഇറങ്ങിയപ്പോൾ ഉടനെ ദേനരുടെ ദേശാധിപതിയോടു അറിയിച്ചു. ആ ഗുണവാൻ ആ ദിവസത്തിൽ തന്നെ അടിമ വ്യാപാരിയെ വരുത്തി, ആ നല്ല പുത്രനെ അവനോടു വിലെക്ക വാങ്ങി, അഛ്ശനെയും വരുത്തി പുത്രനെ ഏല്പിച്ചു, ഇരുവരെയും സന്തോഷത്തോടെ തങ്ങളുടെ നാട്ടിലേക്ക മടക്കി അയക്കുകയും ചെയ്തു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(Continued from No. 2, page 25.)

മുമ്പേത്ത രാജാവിന്റെ പുത്രനായ അഞ്ചാം ഹെന്ട്രി രാജാധിപത്യം പ്രാപിച്ചതു നിമിത്തം, ജനങ്ങൾ വളരെ സന്തോഷിച്ചു. ബാല്യകാലത്തിൽ അവൻ ഏറിയോരു നിൎമ്മൎയ്യാദകളെയും ബുദ്ധികുറവുകളെയും പ്രവൃത്തിച്ചിരുന്നു, എങ്കിലും പോൎക്കളങ്ങളിൽനിന്നു കാട്ടിയ വീൎയ്യവും യുദ്ധവൈഭവവും ഓൎത്താൽ, അവന്റെ വാഴ്ച വൎദ്ധിയകളും സല്കീൎത്തിയും കൊണ്ടു റിളങ്ങും, എന്നു ഊഹിപ്പാൻ സംഗതി ഉണ്ടായിരുന്നു. അങ്ങിനെ ഊഹിച്ചതു യഥാൎത്ഥമായി വന്നു താനും. അവൻ രാജാവായ ഉടനെ അല്പമതികളും ദുസ്സാമൎത്ഥ്യക്കാരുമായ തോഴരെ വിട്ടു, അഛ്ശന്റെ മൂപ്പും സുബുദ്ധിയുമുള്ള മന്ത്രികളുടെ ആലോചന കേട്ടനുസരിച്ചു. അവനെ കൊണ്ടു പറയുന്ന എല്ലാ ദുൎന്നയങ്ങളും നേരോ എന്നു അറിയുന്നില്ല, എങ്കിലും വേതസപ്രഭുവായിരിക്കുന്ന സമയത്തോളം അവൻ അനുസരണക്കേടുള്ള മകനും, വേണ്ടാതനം പലതും പ്രവൃത്തിക്കുന്നവനുമായിരുന്നതു സത്യം തന്നെ. രാജാസനം ഏറിയ ശേഷമോ, അവൻ ആ മഹിമയുള്ള സ്ഥാനത്തിന്നു യോഗ്യമായ ക്രിയകളെയും അടക്കത്തെയും കാട്ടിത്തുടങ്ങി.

അവൻ രാജ്യം പ്രാപിച്ച ഉടനെ, അഛ്ശൻ കൊല്ലിച്ച രാജാവായ

രണ്ടാം രിചാൎദ് തനിക്കു ചെറുപ്പത്തിൽ കാട്ടിയ ദയയെ ഓൎത്തു, അവ ന്റെ ഉടലിനെ എടുത്തു, ബഹു ഘോഷത്തോടും രാജചിഹ്നങ്ങളോടും കൂടെ വസ്തമിൻസ്തർ, എന്ന പള്ളിയിലേക്കു കൊണ്ടു പോയി, രാജാക്കന്മാരുടെ കല്ലറകളുടെ ഇടയിൽ അടക്കി വെച്ചു. രാജമുടിയുടെ ന്യായമുള്ള അവകാശി മാൎച്ചുപ്രഭു തന്നെ, എന്നു അവൻ സമ്മതിച്ചു, അദ്ദേഹത്തെ കോവിലകത്തു വിളിപ്പിച്ചു, വളരെ മാനിച്ചതു നിമിത്തം, ആ പ്രഭു എല്ലാ അസൂയയും തൎക്കവും വിട്ടു, പുതിയ രാജാവിന്റെ സ്നേഹിതനും വിശ്വസ്തരായ സേവകരിൽ മുഖ്യനുമായി തീൎന്നു.

അഞ്ചാം ഹെന്റ്രിയുടെ വാഴ്ചെക്കു കീൎത്തിയെ വരുത്തിയതു പരന്ത്രീസ്സ യുദ്ധം തന്നെ. അന്നു പരന്ത്രീസ്സ രാജ്യത്തിന്റെ അവസ്ഥ ബഹു സങ്കടം. രാജാവു ഒരു ദീനക്കാരൻ, ദീനം വിഷമിച്ച സമയങ്ങളിൽ അവൻ ഏകദേശം പൊട്ടന്റെ ചേലായി, രാജ്യവേല ഒന്നും നടത്തിപ്പാൻ കഴിയാതെ ഇരുന്നു. പ്രജകൾ രണ്ടു കൂറുകളായി പിരിഞ്ഞു. ഒരു പക്ഷം ബുൎഗ്ഗുണ്ടിയ തമ്പുരാനെ (Prince of Burgundi) തലവനാക്കി, രാജാവു വലഞ്ഞു കിടക്കുന്തോറും സാഹസം ചെയ്തു രാജ്യാധിപത്യം ഏല്ക്കേണ്ടതിന്നു ഉത്സാഹിപ്പിച്ചു. മറെറ പക്ഷം ഒൎല്യാന്സു തമ്പുരാനെ (Prince of Orleans) ആദരിച്ചു, രാജാവാക്കി വാഴിപ്പാൻ നോക്കി. അവർ ബഹു കാലം മഹാ കൈപ്പോടെ കലമ്പിയ ശേഷം, ബുൎഗ്ഗുണ്ടിയൻ: കലഹം മതി, സമാധാനം വേണം, എന്നു ചൊല്ലി ഒൎല്യാന്സു തമ്പുരാനുമായി വ്യാജമുള്ള സഖ്യത കെട്ടി, അവനെ പരിസി നഗരത്തെരുവിൽനിന്നു ഒരു കുലപാതകന്റെ കൈയ്യാൽ കൊല്ലിച്ചു. ഈ വല്ലാത ചതി നിമിത്തം കലഹം ഏററവും വൎദ്ധിച്ചു, ജാതി മുഴുവനും രണ്ടായി പിരിഞ്ഞു, ഒർ ഓഹരി ബുൎഗ്ഗുണ്ടിയനോടും, മറെറ അംശം കൊല്ലപ്പെട്ട ഒൎല്യാന്സു തമ്പുരാന്റെ മകനോടും ചേൎന്നു പോയി.

ഈ ഛിദ്രങ്ങൾ കൊണ്ടു ഉപകരിക്കേണം എന്നു ഇംഗ്ലിഷ് രാജാവു നിശ്ചയിച്ചു, മൂന്നാം എദ്വൎദ് മുമ്പെ പരന്ത്രീസ്സ രാജ്യാവകാശത്തിന്നായി തുടങ്ങിയ വാദം പുതുക്കി. പരന്ത്രീസ്സകാർ ആ തൎക്കത്തെ ഒത്തു തീൎപ്പതിന്നു വട്ടം കൂട്ടിയപ്പോൾ, ഹെന്റ്രി ചോദിച്ചതു അവൎക്കു ബോധിക്കായ്കയാൽ, ആ വക ആലോചന പൊളിഞ്ഞു പോയി. എന്നാറെ ഒരു വലിയ ഇംഗ്ലിഷ് സൈന്യം സൌഥമ്പ്തോൻ (Southampton) എന്ന തുറമുഖത്തു കൂടി അനേകർ പടനായകരും പടയാളികളും പുരാണ ജാതിവൈരിക്കു വിരോധമായി നല്ലപോർ ഉണ്ടാകും, എന്നു വെച്ചു രാജാവിന്റെ കൊടിയോടു ചേൎന്നു വന്നു. അങ്ങിനെ ഇരിക്കുമ്പോൾ കെമ്പ്രിച്ചു പ്രഭുവും (Earl of Cambridge) മററും ചില ആൎയ്യന്മാരും കൂടി നിരൂപിച്ചു, രാജാവിനെ പിഴക്കി മാൎച്ചുപ്രഭുവിനെ രാജാവാക്കി വാഴിപ്പാൻ ഒരു കൂട്ടുകെട്ടു

ണ്ടാക്കി, എങ്കിലും അവരുടെ ഈ തൊഴിൽ വെളിച്ചത്തു വരികയാൽ, അതിലെ പ്രധാനികൾ മരണശിക്ഷ അനുഭവിച്ചു. (1415) മാൎച്ച് പ്രഭുവിനു ഈ മത്സരപ്രവൃത്തിയിൽ കൈകാൎയ്യം ഇല്ല താനും. എന്നതിന്റെ ശേഷം രാജാവു സൈന്യവുമായി കപ്പലേറി, പരന്ത്രീസ്സാമാറു ഓടിത്തുടങ്ങി. ഇങ്ങിനെ തുടങ്ങിയ യുദ്ധത്തിനു ഒരു ന്യായവുമില്ല, എങ്കിലും സംപൂൎണ്ണ ന്യായം ഉണ്ടു, എന്നു രാജാവു മതിച്ചിരുന്നു.

പിന്നെ അവൻ പരന്ത്രീസ്സിൽ എത്തി ഹഫ്ലേർ (Harfleur) എന്ന തുറമുഖത്തു കരെക്കിറങ്ങി. ആ നഗരത്തെ നിരോധിച്ചു. ആ നിരോധം ബലമുള്ളതും വിരോധം പരാക്രമമുള്ളതുമത്രെ, എങ്കിലും കാവല്പട്ടാളത്തിനു അന്യസഹായമില്ലായ്കയാൽ, അവർ നഗരത്തെ ഏല്പിക്കേണ്ടിവന്നു. ഇംഗ്ലിഷ്സൈന്യം ഹഫ്ലേരിന്റെ മുമ്പിൽ പാളയം ഇറങ്ങിയിരുന്നപ്പോൾ, ഒരു ദുൎവ്വ്യാധി അവരുടെ ഇടയിൽ ഇളകിയതു കൊണ്ടു, രാജാവിനു ഈ ജയത്താൽ ഒർ ഉപകാരവും വന്നില്ല. ഗണങ്ങൾ വളരെ കുറഞ്ഞു പോകുന്നതിനാൽ, രാജ്യത്തിൽ പ്രവേശിക്കാതെ, ഇംഗ്ലന്തിലേക്ക തന്നെ മടങ്ങുക വേണ്ടു, എന്നു അവൻ കണ്ടു, എങ്കിലും വന്ന വഴിയായി തിരിച്ചു പോകുന്നതു മാനത്തിനു പോരാ, എന്നു നിശ്ചയിച്ചു, ഏകദേശം നൂറു നാഴിക ദൂരമുള്ള കല്ലായിലേക്ക ചെന്നു, അവിടെനിന്നു കപ്പലേറി പോകാം, വഴിക്കൽ വെച്ചു ശത്രുഗണം എതിരിട്ടു വന്നാൽ, എന്റെ വീരന്മാരെകൊണ്ടു ജയിക്കാതിരിക്കയില്ല, എന്നു പറഞ്ഞു യാത്രയായി.

അവൻ ഒരു വിഘ്നവും കൂടാതെ കുറെ ദൂരം എത്തിയപ്പോൾ പരന്ത്രീസ്സിന്റെ ധീരന്മാരായ വീരന്മാർ എല്ലാവരും കൂട്ടം കൂടി, അവനോടു പടയേല്ക്കുവാൻ ഒരുങ്ങിനിന്നു. മൂന്നാം രിചാൎദ് മുമ്പെ സോം നദിയെ കടന്നു പോയ കടവിൽ കൂടി തനിക്കും കടക്കാം, എന്നു അവൻ വിചാരിച്ചു, എങ്കിലും അവിടെ എത്തിയപ്പോൾ, ശത്രു എല്ലാ കടവുകളെയും പാലങ്ങളെയും പിടിച്ചും ഉറപ്പിച്ചുമിരിക്കുന്നു, എന്നു കണ്ടു. വഴി മുട്ടിപ്പോയല്ലൊ എന്നാൽ പുഴയുടെ ഉറവിനെ ചുററിവരേണം, എന്നു നിശ്ചയിച്ചു മുന്നോട്ടു ചെന്നാറെ, ശത്രു ഉറപ്പിച്ചിട്ടില്ലാത്ത ഒരു കടവിനെ കണ്ടു സൈന്യം കടത്തിക്കയും ചെയ്തു. പരന്ത്രീസ്സ സൈന്യത്തിന്റെ സമീപത്തു എത്തിയാറെ: അതിന്റെ സംഖ്യ ഒരു ലക്ഷത്തിൽ അധികം, നായകന്മാർ പരന്ത്രീസ്സിന്റെ മഹാസാമൎത്ഥ്യവും പരാക്രമവുമുള്ള യോദ്ധാക്കൾ, താൻ കല്ലായിക്ക പോകേണ്ടുന്ന വഴിക്കൽ തന്നെ അവർ പാളയം ഇറങ്ങിയിരിക്കുന്നു, എന്നു അവൻ കണ്ടു. എന്നാൽ എന്തു വേണ്ടു? ശങ്കവിട്ടു ശത്രുഗണങ്ങളെ ചെറുത്തു നില്ക്കുക തന്നെ നല്ല, എന്നു നിശ്ചയിച്ചു, 1415 ഒക്തോബർ 24ാം നു- വൈകുന്നേരത്തു അശിങ്കൂർ, എന്ന സ്ഥലത്തു ശത്രുവിന്റെ അടുക്കെ പാളയം ഇറങ്ങിപ്പാൎത്തു. അന്നു രാത്രിയിൽ പരന്ത്രീസ്സ

പാളയം സന്തോഷരവങ്ങളാലും പല ഗാനങ്ങളാലും മുഴങ്ങി, എങ്കിലും ഇംഗ്ലിഷ്കാർ: നാളെത്ത ദിവസത്തിൽ ജയിക്കയോ, മരിക്കയോ ഉള്ളു, എന്നറിഞ്ഞു അനങ്ങാതെ പാൎത്തു.

പുലരുമ്പോൾ ഇരുപക്ഷസേനകൾ പടെക്കു ഒരുങ്ങി. പരന്ത്രീസ്സ നായകന്മാർ തങ്ങളുടെ സൈന്യത്തെ മൂന്നായി പകുത്തു അണിയായി നിൎത്തി. ഇംഗ്ലിഷ്കാർ തിങ്ങിയ കൂട്ടമായി നിന്നു. അവരുടെ ഇരുഭാഗങ്ങളിലും വലിയ മരക്കാലുകൾ ഉണ്ടാകകൊണ്ടു, ശത്രുവിന്നു അവരുടെ മുൻഭാഗത്തെ മാത്രം അതിക്രമിപ്പാൻ കഴിയും. പിൻഭാഗത്തുള്ളൊരു ചെറിയ ഗ്രാമത്തിൽ അവർ തങ്ങളുടെ കുതിരകളെയും കോപ്പുകളെയും വെച്ചിരുന്നു. പടെക്കു ഒരുങ്ങിയാറെ ഹെന്റ്രി രാജവസ്ത്രം ഉടുത്തും, രത്നമണികളും പൊന്മാലകളുംകൊണ്ടു അലങ്കരിച്ച തലക്കോരികയും ഇട്ടും കൊണ്ടു ഒരു വെള്ളകുതിരപ്പുറത്തു കയറി, അണിതോറും ചെന്നു സരസവാക്കുകൾ ചൊല്ലി എല്ലാവരെയും ധൈൎയ്യപ്പെടുത്തി.

ഇംഗ്ലിഷ് രാജാവു തന്റെ ഉറപ്പുള്ള നിലയെ വിടുവാൻ മനസ്സില്ലായ്കകൊണ്ടും, പരന്ത്രീസ്സ നായകന്മാർ അതിനെ ആക്രമിപ്പാൻ ശങ്കിച്ചതുകൊണ്ടും ഇരുസേനകളും അല്പനേരം അനങ്ങാതെ നിന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഹെന്റ്രി ഒർ ഉപായം വിചാരിച്ചു, സൈന്യത്തിന്റെ ഒരു ചെറിയ പകുതിയെ മുന്നോട്ടു നടത്തിച്ചു. അതിനെ പരന്ത്രീസ്സകാർ കണ്ടു സന്തോഷിച്ചു, അതാ അവർ വരുന്നു, എന്നു ചൊല്ലി പോരിന്നു അണഞ്ഞപ്പോൾ, ഇംഗ്ലിഷ്കാരുടെ ആ ചെറു കൂട്ടം മെല്ലമെല്ലവെ പിൻവാങ്ങി, മുമ്പെത്ത നിലയെ പ്രാപിച്ചാറെ, പരന്ത്രീസ്സ നായകന്മാർ തങ്ങളുടെ യുദ്ധതല്പരന്മാരായ ഗണങ്ങളെ നിൎത്തുവാൻ വഹിയാതെ ആയി. ഇംഗ്ലിഷ്കാരോ കൈക്കൽ പിടിച്ചിരിക്കുന്ന മരക്കുററികളെ നിലത്തു തറച്ചു അവററിൻ പിമ്പിൽനിന്നു എതിരിട്ടു പാഞ്ഞു വരുന്ന ശത്രുക്കളെ നോക്കിപ്പാൎത്തു. പരന്ത്രീസ്സകാർ ഈ അതിരോളം എത്തി, അതിലൂടെ കടന്നു പോകുവാൻ ശ്രമിച്ചു എങ്കിലും, അവരുടെ കുതിരകൾ മരക്കുററികൾ തറച്ചു മുറിയേല്ക്കുയും ചാകയും ചെയ്ത സമയത്തിൽ ഇംഗ്ലിഷ് വില്ലാളികൾ അവരുടെ കമ്പിതമായ അണികളെ ലാക്കാക്കി ബഹു അസ്ത്രവൃന്ദങ്ങളെ അവരുടെ മേൽ വൎഷിച്ചു. പരന്ത്രീസ്സകാർ ഇളകി, എങ്കിലും പടയെ പിന്നെയും പിന്നെയും ഉറപ്പിച്ചു മുന്നോട്ടു ചെല്ലുന്തോറും അതു മരക്കുററികളാലും നാശകരമായ ഇംഗ്ലിഷ്കാരുടെ ശരവൎഷത്താലും പൊളിഞ്ഞു പോയി. പോരിന്നു ഒരു ദിക്കും ഒരു മാതിരിയും മാത്രം ഉണ്ടായിരുന്നതുകൊണ്ടു, പരന്ത്രീസ്സകാൎക്കു തങ്ങളുടെ ബഹു കൂട്ടങ്ങൾകൊണ്ടു ഒരുപകാരവും ഉണ്ടായിരുന്നില്ല.

ഹെന്റ്രി വിടാതെ കഠിനപ്പോരിൽനിന്നു തന്നെ പൊരുതും. ഒരു സമ

യം എട്ടു പരന്ത്രീസ്സ വീരന്മാരും കൂടി, ഇംഗ്ലിഷ രാജാവിനെ മാത്രം ലാക്കാക്കി പൊരുതും കൊണ്ടു അവന്റെ ചുഴവെ നിന്നു, അവനെ വെട്ടിക്കൊല്ലുവാൻ നോക്കിയപ്പൊൾ, ദാവിദ്ഗാം എന്ന ഒരു വേത്സ്കാരനും, അവന്റെ നാട്ടുകാരായ ഇരുപേരും കൂടി അവന്റെ സഹായത്തിനു ചെന്നു, തങ്ങളുടെ രാജാവിനെ രക്ഷിപ്പാൻ വേണ്ടി ജീവനെ കളഞ്ഞു. ഇങ്ങിനെയുള്ള വിശ്വസ്തതനിമിത്തം അവർ തിരുമുമ്പിൽ മരിപ്പാറായി കിടന്നപ്പോൾ, രാജാവു മൂവൎക്കും വീരസ്ഥാനനാമങ്ങളെ കൊടുത്തു. എന്നതിന്റെ ശേഷം പരന്ത്രീസ്സുകളുടെ ഒന്നാം പകുതി ഇളകി, പൊരിൽനിന്നു മണ്ടിപ്പോകുന്നതിനെ ജയ സന്തുഷ്ടരായ ഇംഗ്ലിഷ്ക്കാർ കണ്ടു, അവരുടെ വഴിയെ പായുകയാൽ ശത്രുവിന്റെ രണ്ടാം പകുതിയോടു പോർ ഏല്ക്കേണ്ടിവന്നു. അപ്പോൾ ഉണ്ടായ കലഹത്തെ വിവരിപ്പാൻ വാക്കു പോരാ. അവിടെ പട്ടുപോയവർ ഒരാൾ ഉയരത്തോളം കുന്നിച്ചു കിടന്നു. ആ ഭയങ്കരമുള്ള മതിലിന്റെ പിൻഭാഗത്തു ഇംഗ്ലിഷ് വില്ലാളികൾ നിന്നു, വിടാതെ എയ്തു കൊണ്ടിരുന്നു. അത്രോളം തഞ്ചം നോക്കി പാൎത്തിരിക്കുന്ന ഒരു ഇംഗ്ലിഷ് കുതിരപ്പട്ടാളം ഒരു ക്ഷണം കൊണ്ടു പോരിന്നു അണഞ്ഞു, ശത്രുക്കളുടെ മേൽ വീഴുമ്പോൾ, അവർ ഒക്കത്തക്ക മണ്ടിത്തുടങ്ങി.

ജൈത്രന്മാർ ഭയങ്കര പടവെട്ടലിനാൽ തളൎന്നതു നിമിത്തം പായുന്ന ശത്രുഗണങ്ങളെ പിന്തുടരുവാൻ കഴികയില്ല, എങ്കിലും പരന്ത്രീസ്സ സൈന്യം ഛിന്നാഭിന്നമായി, കല്ലായിക്കു പോകുന്ന വഴിയെ ഒഴിച്ചു കൊടുത്തതുകൊണ്ടു, അവരെ പിന്തുടരുവാൻ ആവശ്യവുമില്ല. പൊരിൽനിന്നു പിടിക്കപ്പെട്ട തടവുകാർ അസംഖ്യം ആകകൊണ്ടു, അവരെ കാപ്പാൻ പ്രയാസം, എങ്കിലും എല്ലാവരെയും ജീവനോടെ രക്ഷിക്കേണം, എന്നു രാജാവു കല്പിച്ചു. എന്നാറെ സൈന്യത്തിന്നു കുറെ സ്വസ്ഥത വേണം എന്നു ഹെന്രി കണ്ടു, ചില ദിവസം പോക്കുളത്തിൽ തന്നെ താമസിച്ചു. പിന്നെ അവൻ കല്ലായിക്കാമാറു പുറപ്പെട്ടു, ഒരു വിഘ്നവും കൂടാതെ അവിടെ എത്തി, അല്പനേരം പാൎത്താറെ സൈന്യവുമായി കപ്പലേറി ഓടി സന്തോഷത്തോടെ രാജധാനിയായ ലൊണ്ടനിൽ എത്തി, രണ്ടു സംവത്സരത്തോളം അനങ്ങാതെ പാൎക്കയും ചെയ്തു.

(To be continued.)

THE KING AND HIS SECRETARY.
രാജാവും അവന്റെ രായസക്കാരനും.

ഇംഗ്ലാന്തിലെ രാജാവായ ഒന്നാം ചേൎല്സ ഒരു ദിവസം ചില സാരമുള്ള എഴുത്തുകളെ ഇന്ന സ്ഥലത്തു സൂക്ഷിച്ചു വെച്ചു, എന്നു വിചാരിച്ചി

രുന്നു, എങ്കിലും അവിടെ നോക്കിയപ്പോൾ എഴുത്തുകൾ ഇല്ല, എന്നു കണ്ടു, എത്രയും വിശ്വസ്തനായ തന്റെ രായസക്കാരനോടു: എഴുത്തുകൾ നിങ്ങൾ എടുത്തൊ? എന്നു ചോദിച്ചപ്പോൾ, ആയവൻ എടുത്തില്ല, എഴുത്തുകളെ കണ്ടതുമില്ല എന്നു പറഞ്ഞു. എന്നാറെ രാജാവു വളരെ കോപിച്ചു: നിങ്ങൾക്കു കാൎയ്യവിചാരവും വിശ്വസ്തതയും പോരാ, എന്നു കുററം ചുമത്തിത്തുടങ്ങിയപ്പോൾ, ഭൃത്യൻ രാജാവിന്റെ മുമ്പിൽ മുട്ടുകുത്തി: മഹാമഹാരാജാവെ, ഇങ്ങിനെ അരുളിചെയ്യരുതെ, എഴുത്തുകളെകൊണ്ടു ഞാൻ ഒരു വസ്തുവും അറിയുന്നില്ല സത്യം, എന്നു പറഞ്ഞതു കേട്ടു രാജാവു അതിക്രുദ്ധനായി, അവനെ ഒരു ചവിട്ടുകൊണ്ടു ഉന്തിക്കളഞ്ഞു, അപ്പോൾ രായസക്കാരൻ എഴുനീററു: മഹാരാജാവെ, ഇത്ര വലിയ ശിക്ഷ അനുഭവിപ്പതിനായി ഞാൻ ഒരു കുററവും ചെയ്തപ്രകാരം എനിക്കു തോന്നുന്നില്ല. എന്നാൽ മതി, തിരുസേവക്കായി ഞാൻ ഇനി പററാത്തവൻ, എന്നു ചൊല്ലി വണക്കത്തോടെ വിട വാങ്ങി, അപ്പോൾ തന്നെ കോവിലകം വിട്ടു പോന്നു. അവൻ പോയ ഉടനെ രാജാവു എഴുത്തുകളെ കണ്ടു. ഭൃത്യന്റെ നേരെ ഞാൻ വലിയ അന്യായം ചെയ്തുവല്ലൊ, എന്നു നിനെച്ചു, അവനെ ക്ഷണത്തിൽ മടങ്ങി കൊണ്ടുവരുവാനായി ആൾ അയച്ചു: അവൻ പ്രയാസത്തോടെ മടങ്ങി വന്നു തിരുമുമ്പിൽ എത്തിയപ്പോൾ, രാജാവു ഭൃത്യനായവന്റെ മുമ്പിൽ മുട്ടുകുത്തി: ക്ഷമിച്ചിരിക്കുന്നു, എന്നു നിങ്ങൾ പറയുവോളം എഴുനീല്ക്കയില്ല, ഭക്ഷിക്കയും കുടിക്കയുമില്ല, എന്നു പറഞ്ഞു. രാജാവിന്റെ ഈ താഴ്മയെ രായസക്കാരൻ കണ്ടു, വളരെ വ്യസനിച്ചു ക്ഷമിച്ചിരിക്കുന്നു, എന്ന വാക്കു മഹാരാജാവു എന്നെ പറയിക്കരുതെ, എന്നു അപേക്ഷിച്ചു, എങ്കിലും ആ വാക്കിനെ ഭൃത്യന്റെ വായിൽ നിന്നു കേട്ടതിന്റെ ശേഷം മാത്രം, രാജാവു നിലത്തുനിന്നു എഴുനീല്ക്കയും ചെയ്തു.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

ആസ്യ Asia. ഭാരതഖണ്ഡം India.

മദ്രാശിസംസ്ഥാനം.— പഞ്ചം പിടിച്ച അതാത ജില്ലകളിൽ മറാമത്തു പണി എടുക്കുന്നവരുടെ തുക ആവിതു:—

	ജനവരി 2 നു	16 നു	23 നു	30 നു
ബല്ലാരി	3,79,500	4,46,100	3,93,400	3,77,147
കൎന്നൂൽ.	2,45,828	3,11,625	3,00,939	2,18,832
കടപ്പ	1,69,879	1,96,479	2,10,969	1,70,734
ചേലം	58,580	17,300	31,250	32,800

വടആൎക്കാട്ടു	37,754	21,263	23,023	22,235
ചെങ്കൽപേട്ട	64,663	81,347	21,000	12,091
നെല്ലൂർ.	44,964	72,703	76,996	72,435
കോയമ്പത്തൂർ	11,611	18,368	27,526	28,518
തിരുനെൽവേലി	7,198	9,574	9,272	22,793
മധുര	8,664	6,724	7,410	7,305
തിരുച്ചിറാപ്പള്ളി	6,787	1,656	10,760	1,795
തഞ്ചാവൂർ	2,800	—	—	—
കൃഷ്ണ	3,480	4,354	3,995	4,338
മലയാളം	102	1,741	1,796	1,959
	10,41,810	11,89,234	11,18,336	972,976

ഡിസെമ്പ്ര 26൦ നു- തൊട്ടു ജനുവെരി 2൦നു-വരെ 64,000 പേരെ അധികം ചേൎക്കേണ്ടി വന്നതല്ലാതെ ഏകദേശം 40,00,000 രൂ. കല്പിച്ച പണികൾക്കും വെറും ധൎമ്മത്തിന്നും ചെലവാക്കിയിരിക്കുന്നു. പഞ്ചം തീരുവോളം 3,50,00,000 രൂ. അല്ലെങ്കിൽ സംസ്ഥാനത്തിന്നു കൊല്ലം ഒന്നിൽ മതിക്കുന്ന വരുമാനത്തിന്റെ നേർ പാതിയോളം ചെലവരുക്കേണ്ടി വരും എന്നൂഹിക്കുന്നു.

ചെന്നപ്പട്ടണത്തിൽ ചുങ്കം തുടങ്ങി കോട്ട വരെക്കും പെയ്യാപ്പുരകളിൽ അരി കൂട്ടിവെച്ചിരിക്കുന്നു. എന്നാൽ സ്ഥലം പോരായ്കയാൽ ദീപസ്തംഭത്തിന്നടുത്ത മൈതാനത്തിലും നെട്ടമ്പുരകളെ കെട്ടുവാൻ പോകുന്നു.

ബല്ലാരി, നെല്ലൂർ ജില്ലകളിൽ കിണറുകൾ വററിപ്പോകുന്നു. വടക്കെ ആൎക്കാട്ടിൽ മേച്ചൽ കുറയുകയും പുഴ, തോട്ടു, കിണറുകൾ വററിപ്പോകയും ചെയ്യുന്നതിനാൽ കന്നുകാലികൾ ചാകുന്നു. കടപ്പയിൽ വസന്തരോഗം പെരുകുന്നതിനാൽ കന്നുകാലികൾ അധികം തീൎന്നു പോകുന്നു.

അല്പമായ വിളവു കൂടാതെ പരദേശത്തുനിന്നു ധാന്യങ്ങളെ കൊണ്ടുവന്നതിനാൽ ഓരോ ധാന്യങ്ങളുടെ വില താണുപോയി (ജനുവെരി 26 നു-) അതോ ചേലത്തിൽ നൂററിന്നു 25 പ്രകാരവും കടപ്പ, ചെങ്കല്പേട്ട, വടആൎക്കാട്ടു, മധുര എന്ന ജില്ലകളിൽ നൂററിന്നു 6 പ്രകാരവും ചോളം മധുരയിൽ ഒഴികെ ശേഷം ജില്ലകളിലും മുത്താറി കൃഷ്ണ നെല്ലൂർ ജില്ലകളെ കഴിച്ച മററെല്ലാ ജില്ലകളിലും വില അല്പം സഹായത്തോടു വിററു വരുന്നു.

ക്ഷാമം പിടിച്ച ജില്ലകളിൽ കൂടക്കൂടെ അവിടവിടെ ആളുകൾ വിശപ്പിനാൽ മരിച്ചു പോകുന്നു എന്നു കേൾക്കുന്നു.

കോയ്മ വിട്ടുവിച്ച ഓരോ കിഴവന്മാരായ കുററക്കാർ തങ്ങൾക്കു നാൾ പടിക്കു വകയില്ലായ്കയാൽ അടുത്തുൺ കല്പിച്ചു കൊടുക്കേണം എന്നു അപേക്ഷിച്ചിരിക്കുന്നു. ചിലകുററക്കാരൊ തങ്ങളെ തടവിൽ ആക്കേണ്ടതിന്നു ഓരോ ദോഷങ്ങളെ പ്രവൃത്തിച്ചിരിക്കുന്നു.

മേട്ടു പാളയത്തു തലത്തട്ടിദീനം അധികം നാളായി ബാധിച്ചിരിക്കുന്നു.

മലയാളത്തിൽ അവിടവിടെ കരുവൻ, മസൂരി, പലവക വയററുപോക്കു തുടങ്ങിയിരിക്കുന്നു.

ബൊംബായി. — ചിലകള്ളക്കോയ്മഹുണ്ടികയും ൧൦൦൦ രൂപ്പികയുള്ള ഹുണ്ടികക്കടലാസ്സു കോരി എടുക്കുന്ന പെട്ടിയും അതിനെ അടിക്കുന്ന അച്ചും വിലാത്തി ഭാരതഖണ്ഡങ്ങളിൽ നടപ്പായ പല പൊൻ നാണ്യങ്ങളുടെ അച്ചുകളും പൊൻ പൊതിഞ്ഞു ചെമ്പുകൊണ്ടുണ്ടാക്കിയ ൨ മൊഹ്രും എന്നിവ ബൊംബായിലേ പോലീസ്സിന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നു. ഹുണ്ടികക്കടലാസ്സു കോരുന്ന പെട്ടിയടിലേ നീൎക്കുറിയുടെ (water-mark) പണിയും ഹുണ്ടിക അച്ചിന്റെ എഴുത്തു പണിയും എത്രയും സൂക്ഷ്മയുക്തികളോടു ഉണ്ടാക്കിയിരുന്നു. ഈ ദോഷത്തിൽ അകപ്പെട്ട ൫ പേരെയും പിടികിട്ടിയിരിക്കുന്നു.

ഷോലാപൂരിൽ ഇതിന്നിടെ ൭൦൦൦ പേർ ചാവാറായ പ്രകാരത്തിൽ എത്തീട്ടുണ്ടായിരുന്നു

ബൊംബായിൽ അവിടവിടെ ഛൎദ്ദ്യതിസാരത്താൽ ചിലർ മരിച്ചു ഇതിന്നിടെ ഉണ്ടായ മഴയാൽ പക്ഷേ ദീനം ശമിക്കുമായിരിക്കും.

ബങ്കാളം. — ഓരോ തീവണ്ടിസ്ഥാനങ്ങളിൽ കയററുവാൻ ചരതിച്ചു എന്നിട്ടും മൂടാതെ വെച്ച അരിമുതലായ നവധാന്യങ്ങളിൽ നിന്നു വിചാരിയാതെ പെയ്യു മഴകൊണ്ടു ഏകദേശം ൫൦ ലക്ഷം ഉറുപ്പികയോളം മുതൽ കേടു വന്നു പോയിരിക്കുന്നു.

ബക്കർഗഞ്ജ് നവഖാലി എന്നീദിക്കുകളിൽ പോയ ഒക്തൊബ്രമാസത്തിൽ വൻചാമത്തലയാൽ ഏറിയ ജീവനാശം വന്നതു കൂടാതെ തലത്തട്ടി ചോരപോക്കുകൾകൊണ്ടു ഏറിയ നിവാസികൾ മരിച്ചു പോയിരിക്കുന്നു.

സന്ദീപിലെ 24 ഗ്രാമങ്ങളിലെ അവസ്ഥയാവിതു:

	ആണുങ്ങൾ	പെണ്ണുങ്ങൾ	കുട്ടികൾ	ആകെ തുക
മുമ്പേത്ത നിവാസികൾ	6,862	7,431	8,435	22,728
ചാമത്തലയാൽ നശിച്ചതു	641	1,443	2,344	4,428
തലത്തട്ടികൊണ്ടു മരിച്ചതു	836	1,034	960	2,830
ശേഷിക്കുന്ന നിവാസികൾ . . .	5,385	4,954	5,131	15,470

വ്യാധിസ്ഥന്മാൎക്കു മരുന്നു കൊടുക്കേണ്ടതിന്നു വേണ്ടുന്ന വൈദ്യന്മാരെ കാലികാതയിൽ നിന്നു അയച്ചിരിക്കുന്നു.

മേൽപറഞ്ഞ കോൾ കൂടാതെ ഫിബ്രുവെരി 5-8 തിയതികളിൽ നടന്ന ഓരോ കോൾ കൊണ്ടു പല നാശങ്ങൾ ഭവിച്ചു.

യുരോപ്പ Europe.

ഉറുമിസ്ഥാനം Turkey മക്കത്തു ഹജ്ജിക്കു പോയ മാപ്പിള്ളമാർ ഉറുമിസ്ഥാനത്തെ കുറിച്ചു അവിടെനിന്നു പുതുമയുള്ള വൎത്തമാനങ്ങളെ കൊണ്ടു വന്നതാവിതു: രുസ്സൻ പോയ ആണ്ടിൽ ഉറുമി സുല്ത്താനോടു ൭ രാജ്യം പിടിച്ചു എങ്കിലും ഉറുമിസുല്ത്താൻ രുസ്സനോടു പതിനാലു രാജ്യങ്ങളെ പററിച്ചുകളഞ്ഞു എന്നും ആ യുദ്ധത്തിൽ 30,000 രുസ്സരെ ചിറ പിടിച്ചു അവരെ കത്തന (ചേല) കഴിക്കേണ്ടതിന്നു കൊണ്ടു പോയിരിക്കുന്നു എന്നും തന്നെ. എന്നാൽ ഇപ്പറഞ്ഞതു നടന്നില്ലാ എന്നു അറിയേണം.

൬ കേമമുള്ള ക്രിസ്തീയ കോയ്മകൾ സമാധാന വിഷയത്തിൽ പറഞ്ഞ ബുദ്ധിമതികളെ ഉറുമിസുൽത്താൽ കൈക്കൊള്ളായ്കയാൽ അവരവർ താന്താങ്ങളുടെ മന്ത്രികളെ ഉറുമിയിൽ നിന്നു വിളിപ്പിക്കയും ചില കീഴ്കാൎയ്യസ്ഥന്മാരെ മാത്രം വെക്കയും ചെയ്തിരിക്കുന്നു. (ജനുവരി ൩൧ ൹) ഉറുമിസുൽത്താൻ ശാഠ്യം പിടിച്ചതിനെക്കൊണ്ടു അഴലേണ്ടി വരാഞ്ഞാൽ നന്നു. സുൽത്താൻ ഒരു പുതിയ രാജ്യച്ചട്ടത്തെ നിയമിച്ചതിൻ വണ്ണം സൎവ്വാധികാരം മന്ത്രികളോടും ആലോചന സഭയോടും കൂട നടത്തി വരുന്നതല്ലാതെ മുൻ പോലെ താനായിട്ടു നടത്തുന്നില്ല. ആലോചന സഭയിൽ മുസൽമാനരും ക്രിസ്ത്യാനികളും യഹൂദരും ആയ പ്രജകളിൽ നിന്നു ഇരിക്കുന്നു. ഈ പുതു വെപ്പു കൊണ്ടു ഉറുമിസ്ഥാനത്തിന്നു ഉപകാരം വരുമോ എന്നു ഇപ്പോൾ പറവാൻ ആയിട്ടില്ല.

മിഥാത് പാഷാവു സ്ഥാനത്തിൽനിന്നു പിഴക്കിയ മുരാദ് സുൽത്താനെ യഥാസ്ഥാനപ്പെടുത്തുവാൻ ഭാവിച്ചതുകൊണ്ടു ഇപ്പോഴത്തെ സുൽത്താൻ അവനെ തള്ളി നാടുകടത്തുകയും എധം പാഷാവിനെ പ്രധാന മന്ത്രിയാക്കി വെക്കയും ചെയ്തു എന്നു കേൾക്കുന്നു. മിഥാത് പാഷാവു സ്വാമിദ്രോഹത്തിന്നു ഓങ്ങിയ പ്രകാരം തോന്നുന്നില്ല. തന്നിൽ ശക്തിയുള്ള വല്ല വിരോധികൾക്കു ഇരയായി ഭവിച്ചു എന്നു സംശയിക്കുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. APRIL 1877. No. 4.

THE BRIDGE.

പാലം.

ഈ മലയാളത്തിൽ സൎക്കാർ അനേകം കടവുകളിൽ പാലങ്ങളെ കെട്ടിയുറപ്പിച്ചതുകൊണ്ടു, വഴിയാത്രക്കാൎക്ക വളരെ സുഖം ഉണ്ടു. മുപ്പതു നാല്പതു സംവത്സരങ്ങൾക്ക മുമ്പെ ഈ വക പാലങ്ങൾ ദുൎല്ലഭമത്രെ. അന്നു വലിയ നഗരങ്ങളുടെ സമീപത്തു മാത്രം പാലങ്ങളിന്മേലൂടെ പുഴകളെ കടക്കാം, മറ്റുള്ള കടവുകളിൽ തോണികളെയും ചങ്ങാടങ്ങളെയും കാണുന്നുള്ളു. കഠിന വെയിലും ബഹു മഴയും നിമിത്തം മരംകൊണ്ടു കെട്ടിയുറപ്പിച്ച പാലങ്ങൾക്ക ഈ രാജ്യത്തിൽ വേഗം കേടു പിടിക്കുന്നതുകൊണ്ടു, വിലാത്തിയിൽനിന്നു ഇരിമ്പിൻ പാലങ്ങളെ വരുത്തി ചില ദിക്കുകളിൽ കെട്ടീട്ടുണ്ടു. വിലാത്തിയിൽ ഏകദേശം എല്ലാ കടവുകളിലും മഹാ വിശേഷമായ പാലങ്ങളെ കാണാം. ആയവറ്റിന്നു നാശം വരുന്നതു പുഴകളുടെ അതിബലമുള്ള ഒഴുക്കിനാൽ അത്രെ. ഉന്നതങ്ങളായ മലപ്രദേശങ്ങളിൽ കിടക്കുന്ന ഉറച്ച മഞ്ഞു ഉരുകുന്നതിനാലും, മഴ അധികം പെയ്യുന്നതിനാലും പലപ്പോഴും പുഴകളിലുള്ള വെള്ളം പൊങ്ങി കരവിട്ടു ഓരോ മരക്കണ്ടങ്ങളും മറ്റും വലിച്ചുകൊണ്ടു പോകയും, പാലങ്ങളുടെ നേരെ ഉന്തിത്തള്ളി അവറ്റെ ഇളക്കി ഇടിച്ചു കളകയും ചെയ്യുന്നു. മനുഷ്യൻ വളരെ ചെലവും പ്രയത്നവും കഴിച്ചിട്ടു മഹാ ഉറപ്പോടും ഭംഗിയോടും കെട്ടിയുണ്ടാക്കുന്നതു എല്ലാം നാശസംബന്ധമുള്ളതാകുന്നു, എന്നു പാലത്തിന്റെ അവസ്ഥകൊണ്ടു സ്പഷ്ടമായി കാണാം. അതു കൂടാതെ പഠിപ്പാൻ നല്ല മനസ്സുള്ളവൎക്ക പാലത്തിൽനിന്നു മറെറാരു നല്ല പഠിപ്പു കിട്ടുവാൻ സംഗതിയുണ്ടു. നമുക്ക എല്ലാവൎക്കും ഒരു വലിയ പുഴയെ കടന്നു പോകുവാൻ ഉണ്ടു. അതിനെ ആൎക്കും ഒഴിക്കേണ്ടതിന്നു വഹിയാ. ആ പുഴ മരണമത്രെ. അപ്പുഴയെ കടപ്പാനും സുഖമുള്ള അക്കരയിൽ എത്തുവാനും നമുക്ക ഒരു പാലം അത്യാവശ്യമുള്ളതാകുന്നു. ആ പാലത്തെ ദാവിദ, എന്ന ഇസ്രയേല്യരുടെ രാജാവു കണ്ടപ്പോൾ ഞാൻ മരണനിഴ

ലിൻ താഴ്വരയിൽ നടന്നാലും, ഞാൻ ഒരു ദോഷത്തെയും ഭയപ്പെടുകയില്ല, എന്തെന്നാൽ നീ എന്റെ കൂടെ ഉണ്ടു. നിന്റെ കോലും നിന്റെ വടിയുമായവ എന്നെ ആശ്വസിപ്പിക്കയും ചെയ്യുന്നു, എന്നു കൎത്താവായ ദൈവത്തോടു പറഞ്ഞു. ആ പാലം ദൈവപുത്രനായ യേശു ക്രിസ്തുവിലെ വിശ്വാസം തന്നെ. അതു ഇരിമ്പിനേക്കാൾ ഉറപ്പും ബലവുമുള്ളതാകകൊണ്ടു ഏതു ഒഴുക്കിനാലും ഇടിഞ്ഞു വീഴാതെയും, എന്നും ഇളകാതെയും ഇരിക്കും. ആയതിൽ കൂടി കടക്കുന്നവർ എപ്പോഴും ദൈവത്തിന്റെ മഹത്വമുള്ള രാജ്യത്തെ അവകാശമാക്കും.



ON EARLY MARRIAGE.

ബാലവിവാഹം.

അതാത പ്രവൃത്തിക്ക തക്കതായ കാലവും അതാതു കാലത്തിന്നു തക്കതായ പ്രവൃത്തിയും വേണമെന്നുള്ളതു നാനാജാതിക്കാരാലും സാധാരണമായി പ്രമാണിക്കപ്പെട്ടുന്ന ഒരു നിയമമാകുന്നു. വിവാഹമെന്നത സ്വഭാവത്താൽ ആവശ്യപ്പെട്ടതും ദൈവത്താൽ കല്പിക്കപ്പെട്ടതുമായ ഒരു കൎമ്മമത്രെ. ഇതിനാൽ ഒരു പുരുഷനും ഒരു സ്ത്രീയും ന്യായമായ ബന്ധനത്താൽ തമ്മിൽ ചേൎക്കപ്പെട്ട ഭാൎയ്യാഭൎത്താക്കന്മാരുടെ മുറയിൽ തങ്ങളുടെ ജീവകാലങ്ങൾ കഴിക്കുന്നതിന്നു ഇടയാകുന്നു. ഒരു പുരുഷന്റെയും ഒരു സ്ത്രീയുടെയും ആയുഷ്കാലത്തു തങ്ങൾ ചെയ്യേണ്ടതായ കൎമ്മങ്ങളിൽ വിവാഹകൎമ്മം എത്രയും മഹിമയേറിയൊന്നാകയാൽ യാതൊരുത്തരും വിചാരം കൂടാതെയൊ കളിയായിട്ടൊ ഈ മാന്യാവസ്ഥയിൽ പ്രവേശിക്കുന്നതു വലിയ അപകടമത്രെ. തങ്ങളുടെ കുട്ടികളുടെയും ശേഷക്കാരുടെയും സൌഭാഗ്യക്ഷേമാദികളിലേക്ക കാംക്ഷയുള്ള അമ്മയച്ഛന്മാർ അവൎക്ക തക്കതായ പ്രായം വരുന്നതിന്നു മുമ്പായി അവരെ വിവാഹമുറയിൽ പ്രവേശിപ്പിക്കുന്നതു മഹാക്രൂരമായൊരു പ്രവൃത്തിയും അതിനാൽ അവൎക്ക ഭാവികാലത്തിൽ കഠിനമായ അപകടങ്ങൾ നേരിടുന്നു എന്നും ദിവസേനാൽ എന്ന പോലെ ഓരോരുത്തർ കണ്ടു ബോധിച്ചു വരുന്നു. ഈ കേരളത്തിലുള്ള ഹിന്തുക്കളുടെ ഇടയിൽ ബാലവിവാഹം സാധാരണ പതിവായി നടന്നു വരുന്നുണ്ടു. ഇതിനാൽ ഉണ്ടാകുന്നതായ ദോഷം കൂടക്കൂട കണ്ടു ബോധിപ്പാൻ അവൎക്കിടവരുന്നുണ്ടെങ്കിലും തങ്ങളുടെ ചെറിയ മക്കളെ അവരുടെ ശൈശവപ്രായത്തിങ്കൽ തന്നെ വിവാഹമുറയിൽ പ്രവേശിപ്പിക്കേണമെന്നുള്ള അഹങ്കാരത്തിൽനിന്നു വഴിയോട്ടു മാറീട്ടുള്ളവർ നന്നെ ദുൎല്ലഭം. അമ്മയച്ഛന്മാർ മരിക്കുന്നതിന്നു മുമ്പായി തങ്ങളുടെ കുട്ടികൾ വിവാഹാവസ്ഥയിൽ പ്രവേശിച്ചു കാണുന്നതു എല്ലാവൎക്കും സന്തോഷകരമായ ഒരു കാൎയ്യം തന്നെ എന്നതിലേക്ക ഞങ്ങളും യോജിക്കുന്നു. എങ്കിലും വിവാഹമുറയുടെ താല്പൎയ്യം ഇന്നതാകുന്നു എന്നുള്ള തിരിച്ചറിവു അതിൽ പ്രവേശിക്കേണ്ടവരായ സ്ത്രീപുരുഷന്മാൎക്ക ഉണ്ടാവാൻ തക്കതായ പ്രായം വരുന്നതിന്നു മുമ്പായി അവരെ ഈ പേക്കൂത്തിൽ വേഷമിടീക്കുന്നതും അതിൽ അമ്മയച്ഛന്മാർ രസിക്കുന്നതും വിചാരിച്ചാൽ അത്ഭുതം തന്നെ. ഇതിനാൽ അവർ തങ്ങളുടെ കുഞ്ഞു കുട്ടികൾക്ക വരുങ്കാലത്തിൽ അനുഭവിക്കേണ്ടതിനായി മുടിവിന്റെ വിത്തിനെ വിതച്ചുകൊടുക്കുകയത്രെ ചെയ്യുന്നതു. ഈയിടയിൽ കൂടക്കൂട നടന്നു കൊണ്ടിരുന്ന മംഗലയാത്രകളിൽ രണ്ടു മൂന്നു ഞങ്ങൾക്കും കാണ്മാൻ സംഗതിവന്നു പൂൎണ്ണമായ പുരുഷപ്രായം വന്നിട്ടുള്ള ഒരാൾക്ക പാൽകുടി മാറീട്ട അധി

കനാൾ കഴിഞ്ഞിട്ടില്ലാത്ത ഒരു പെൺകുട്ടിയെ വിവാഹം കഴിപ്പിച്ചു കൊടുത്തതാകുന്നു മേല്പറഞ്ഞ എല്ലാ സമയങ്ങളിലും ഞങ്ങൾ കണ്ടു ബോധിപ്പാൻ ഇടയായതു. നാഗരീകം തന്റെ ഗുണീകരമായ കാലുകളെ വിശാലമായി നീട്ടി തന്റെ ശോഭയേറിയ രശ്മികളെ രാജ്യത്തുള്ള എല്ലാ കുടിയുടെയും ഉമ്മരത്തു അയക്കുന്നതായ ഈ കാലത്തു അറിവില്ലായ്കയാൽ മേൽപ്രകാരം ചെയ്യാൻ ഇട വന്നു പോകുന്നു എന്നു വാദിക്കുന്ന വികട ബുദ്ധികൾ വല്ലവരുമുണ്ടെങ്കിൽ ബാലവിവാഹം കുട്ടികളുടെ നിൎമ്മല മനസ്സിന്നു കറപിടിപ്പിക്കയും സന്മാൎഗ്ഗാഭ്യാസത്തിന്നു ഭംഗം വരുത്തുകയും ശരീരശക്തി ക്ഷയിപ്പിക്കയും ഇതിലൊക്കയും അതികഷ്ടമായി വിവാഹ ബന്ധനത്തിൽ അകപ്പെട്ട ദമ്പതികൾ തമ്മിൽ മിക്കസമയവും നിരപ്പില്ലാതെ വസിക്കയും ചെയ്യുന്നതിന്നു ഇടവരുത്തുന്നു എന്നു ഇപ്പൊഴെങ്കിലും പഠിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ചെറുപ്പത്തിലെ വിവാഹം കഴിപ്പിക്കേണ്ടത് ഈ ഇന്ത്യാഖണ്ഡം സംബന്ധിച്ചെടത്തോളം ആവശ്യമെന്നും യുരോപ്പിലെ വിവാഹസംബന്ധമായ പ്രമാണങ്ങളൊന്നും ഈ രാജ്യനിവാസികൾക്കു പററുന്നതല്ലെന്നും ഒരു ഒഴികഴിവു കൌമാരവിവാഹത്തിന്നനുകൂലരായവർ പറയുമായിരിക്കാം എങ്കിലും ഈ വിശേഷകൎമ്മം സ്ത്രീപുരുഷന്മാൎക്കറിവായതിന്റെ ശേഷം ചെയ്യിക്കേണ്ടതെന്നു ഹിന്തുക്കളുടെ പൂൎവ്വചരിത്രങ്ങളിൽനിന്നു തന്നെ സാക്ഷ്യങ്ങളുണ്ടു. അവരവൎക്കു ബോധിച്ച ഭാൎയ്യാഭൎത്താക്കന്മാരെ തെരിഞ്ഞെടുക്കുന്നതിന്നുള്ള സ്വാതന്ത്ര്യം ഹിന്തുശാസ്ത്രം അനുവദിക്കുന്നുണ്ടെന്നും സ്വയംവരം ആഗ്രഹിക്കത്തക്ക ഒരു പദവി എന്നും ദ്രൌപദി ദമയന്തി മുതലായ സ്ത്രീകളുടെ ദൃഷ്ടാന്തങ്ങളാൽ തെളിവായി കാണപ്പെടുന്നു. ഈ ദിക്കിൽ യാതൊരു തടസ്ഥവും കൂടാതെ നടന്നുവരുന്ന ബാലവിവാഹത്തിന്നുള്ള കാരണങ്ങളിൽ പെൺകുട്ടികളെ വേണ്ടുംവണ്ണം വിദ്യാഭ്യാസം ചെയ്യിപ്പിക്കാത്തത മുഖ്യമായ ഒരു ഹേതുവാകുന്നു എന്നും കൂട പറഞ്ഞുകൊള്ളുന്നു. ഏതൊരു ജാതിക്കും ഉയൎച്ച ഉണ്ടാകേണമെങ്കിൽ പുരുഷന്മാരെ പോലെ സ്ത്രീകളെയും വിദ്യാഭ്യാസം ചെയ്യിക്കേണ്ടത അത്യാവശ്യം. ഇക്കാലത്തു ഹിന്തുക്കളുടെയും പ്രത്യേകമായി മലയാളികളുടെയും ഇടയിൽ സ്ത്രീജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതു ബഹു ദുൎല്ലഭമായി അത്രെ നടക്കുന്നുള്ളു. എങ്കിലും അല്പമായ വിദ്യാഭ്യാസം കഴിച്ചിട്ടുള്ള സ്ത്രീകളിൽ കാണായി വരുന്ന സുശീലമാദിയായ ഗുണങ്ങളാൽ വിദ്യാഭ്യാസം സ്ത്രീകളുടെ ഇടയിൽ പരക്കെ നടന്നിരുന്നു എങ്കിൽ എത്രയൊ പതിവ്രതകളായ ഭാൎയ്യമാരും സുമതികളായ മാതാക്കളും കേരളസ്ത്രീകളുടെ ഇടയിലും ഉണ്ടാകുമെന്നു ഏകദേശം ഊഹിക്കാം. ഭവനസൌഖ്യം ഉണ്ടാകുന്നതു ഭാൎയ്യമാരുടെ സുശീലത്താലും പ്രാപ്തിയാലുമാകുന്നു എന്നു ഏവരും സമ്മതിക്കും ഈ സല്ഗുണങ്ങൾ ഉണ്ടാകുന്നതു

വിദ്യാഭ്യാസത്താലും സജ്ജനസംസൎഗ്ഗത്താലും മാത്രമത്രെ. ഇതുകൾ സമ്പാദിക്കുന്നതിന്നു തക്കതായ സമയം ചെറുപ്പത്തിൽ ആകുന്നു. അതിനു പകരം കുട്ടികൾ അപ്രാപ്തരായിരിക്കുമ്പൊൾ തന്നെ അവരുടെ മനസ്സിന്നു വിരോധമായി അവരെ വിവാഹമുറയിൽ പ്രവേശിപ്പിക്കുന്നതു എത്രയും കാഠിന്യചിത്തന്മാരുടെ പ്രവൃത്തിയാകയാൽ തങ്ങളുടെ കുട്ടികളുടെ ക്ഷേമത്തിലേക്കു അല്പമെങ്കിലും ആഗ്രഹമുള്ള അമ്മയഛന്മാർ ഇത്തരമായ ക്രൂരവിചാരത്തിൽനിന്നു തൽക്ഷണം പിൻവാങ്ങിക്കൊള്ളുന്നതു ഉത്തമമെന്നു ഞങ്ങൾ വിനയപൂൎവ്വം ഗുണദോഷിക്കുന്നു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(Continued from No. 3, page 45.)

അക്കാലത്തു പരന്ത്രീസ്സിൽ അന്തഃഛിദ്രങ്ങൾ പുഷ്ടിച്ച വൈരത്തോടെ നടന്നു, രാജ്ഞി ബുൎഗ്ഗുണ്ടിയ പക്ഷത്തിലും, അവളുടെ മൂത്ത മകനായ കിരീടാവകാശി ഒൎല്യാന്സ്സ പക്ഷത്തിലും ചേൎന്നു കലഹിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ ഇരുപക്ഷക്കാരും ഇംഗ്ലിഷസഹായം വേണം, എന്നു വെച്ചു രാജാവിനു ദൂതയച്ചു. എന്നാറെ അവൻ ഒരു സൈന്യത്തെ കൂട്ടി കപ്പലിൽ കയറി, നോൎമ്മണ്ടിയിൽ കരെക്കിറങ്ങിയപ്പോൾ, ജാതിവൈരം ഉളകി. ഇംഗ്ലിഷ്കാരൻ വേണ്ടാ, എന്നു വെച്ചു പരന്ത്രീസ്സുകൾ തമ്മിൽ നിരന്നു പുരാണശത്രുവിനെ ഒരുമനപ്പെട്ടു എതിരിടുവാൻ നിശ്ചയിച്ചു, എങ്കിലും അവരുടെ സഖ്യത ക്ഷണികമത്രെ. അല്പനേരം കഴിഞ്ഞാറെ ബുൎഗ്ഗുണ്ടിയത്തമ്പുരാൻ കിരീടാവകാശി കാണ്കെത്തന്നെ കുലപാതകരുടെ കൈയാൽ വീണു മരിച്ചു.

അനന്തരം ഇംഗ്ലിഷരാജാവു നോൎമ്മണ്ടിയിൽവെച്ചു ചില മുഖ്യ നഗരങ്ങളെ സ്വാധീനമാക്കിയ ശേഷം, പുതിയ ബുൎഗ്ഗുണ്ടിയൻ അവനുമായി നിരന്നു, ഒരു സന്ധികരാർ ഉണ്ടാക്കിയതു കൂടാതെ ഇംഗ്ലിഷരാജാവ് പരന്ത്രീസ്സരാജപുത്രിയായ കഥരീനയെ കല്യാണം കഴിക്കയും, അവൻെറ രണ്ടാം അനുജൻ ബുൎഗ്ഗുണ്ടിയൻെറ സഹോദരിയെ വേൾക്കുവാൻ നിശ്ചയിക്കയും ചെയ്തു. ഇങ്ങിനെ എല്ലാം ക്രമത്തിലാക്കി പരന്ത്രീസ്സ കിരീടാവകാശിയുടെ നേരെ യുദ്ധം ചെയ്ത സമയത്തിൽ രാജാവു ദീനം പിടിച്ചു. (1422 അഗുസ്ത 31ാം നു-) തൻെറ ജയമഹത്വങ്ങളുടെ ഇടയിൽനിന്നു മരിക്കയും ചെയ്തു.

രാജാവു അന്തരിച്ചപ്പോൾ അവനു ഒമ്പതു മാസമുള്ള ഒരു പുത്രനെയുള്ളു. ആയവൻ ആറാം ഹെന്രി, എന്ന നാമവും പിതാവിൻെറ അവ

കാശവും ലഭിച്ചു. എന്നാൽ രാജാവു ശിശുവാകകൊണ്ടു അവൻെറ പിതാവിൻെറ മൂന്നാം അനുജനായ ഗ്ലോസസ്റ്റർ, എന്ന പ്രഭു രക്ഷാപുരുഷൻ, എന്ന പേർ ഏററു ഒർ ആലോചന സഭയുടെ സഹായത്താൽ നാടു വാണു തുടങ്ങി. ഈ സമയത്തു പരന്ത്രീസ്സയുദ്ധം പുതിയ എരിവിനോടെ നടന്നു. ഇരുപക്ഷസേനകൾ ക്രെവന്ത, എന്ന സ്ഥലത്തിൽ തമ്മിൽ എതിരിട്ടുപടവെട്ടുന്നതിൽ പരന്ത്രീസ്സസൈന്യം അശേഷം തോററുപോയി. പിറെറ ആണ്ടിൽ വെന്നെൽ എന്ന സ്ഥലത്തു ഭയങ്കര പോർ സംഭവിച്ചു. അവിടെ സ്കോത്തരും പരന്ത്രീസ്സപക്ഷത്തിൽ ചേൎന്നു, എങ്കിലും ഇംഗ്ലിഷ്ക്കാർ ഇരുവരുടെ സേനകളെ ഛിന്നാഭിന്നമാക്കിയ ശേഷം പരന്ത്രീസ്സരാജാവു ഭ്രമിച്ചു, എൻെറ കാൎയ്യം അബദ്ധമായല്ലൊ, എന്നു വിചാരിച്ചു ബദ്ധപ്പെട്ടു ഓടി ലോവാർ (Loire) എന്ന പുഴയെ കടന്നു, ആ നാട്ടുകാർ തനിക്കു വിശ്വസ്തരാകകൊണ്ടു, അവരുടെ ഇടയിൽ പാൎത്തു. എന്നതിൻെറ ശേഷം പരന്ത്രീസ്സിൻെറ വടക്കെ അംശങ്ങൾ മുഴുവനും ഇംഗ്ലിഷ്ക്കാൎക്കു കൈവശമായിത്തീൎന്നു.

പിന്നെ ഇംഗ്ലിഷ്ക്കാർ ഒല്യാന്സ്സ, എന്ന നഗരത്തിൻെറ നേരെ ചെന്നു അതിനെ നിരോധിച്ചുതുടങ്ങി. അതിക്രമംകൊണ്ടു നഗരത്തെ പിടിച്ചുകൂടാ, എന്നു ഇംഗ്ലിഷ് സേനാപതി കണ്ടു, അതിനെ ചുററി വളഞ്ഞു മുട്ടൽകൊണ്ടു വശത്താക്കുവാൻ നിശ്ചയിക്കയാൽ, കാവൽ പട്ടാളത്തിനു അടപ്പിൻെറ കഷ്ടത മാത്രമല്ല, ക്ഷാമത്തിൻെറ ഉപദ്രവം കൂടെ ഉണ്ടായി. ക്രമേണ നഗരക്കാരുടെ ആശ മുററും ക്ഷയിച്ചു, പരന്ത്രീസ്സരാജാവു താണനാടുകളെ വിട്ടു തെക്കെ മലപ്രദേശങ്ങളിൽ ചെന്നു ഒളിച്ചു പാൎപ്പാൻ നിശ്ചയിച്ചു. ഇനി അല്പം ദിവസമേയുള്ളൂ, പിന്നെ നഗരം നമ്മുടെ കൈവശമാകും, എന്നു ഇംഗ്ലിഷസേനകൾ വിചാരിച്ചുനിന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു പെങ്കുട്ടി പരന്ത്രീസ്സരാജ്യത്തെ രക്ഷിച്ചു.

ആ പെങ്കുട്ടി അൎക്കിയ ജോവൻ തന്നെ (Joan of Arc) ആയവൾ ശമ്പോൻ നാട്ടിലുള്ള ദ്രമെരി, എന്ന ഗ്രാമത്തിൽ ജനിച്ചു, ചെറുപ്പത്തിൽ തന്നെ ഭയഭക്തിയും സുശീലവും തീക്ഷ്ണതയുമുള്ളൊരു കുട്ടി ആയിരുന്നു. ജനനദേശത്തിൻെറ അരിഷ്ടത നിമിത്തം അവളുടെ ദൈവഭക്തിയും രാജ്യത്തെ കുറിച്ചുള്ള വാത്സല്യവും അത്യന്തം വൎദ്ധിച്ചു, അവളുടെ ചിന്തകൾ രാപ്പകലും ജന്മഭൂമിയുടെ താഴ്ചയിൽ ലയിച്ചിരിക്കയാൽ, താന്തന്നെ പരന്ത്രീസ്സിനെ രക്ഷിച്ചു ഈ ഭാരത്തെ തീൎപ്പാനായി ദൈവനിയോഗം ഉണ്ടു, എന്നു വിചാരിച്ചു തുടങ്ങി. ആ പ്രവൃത്തിയെ ആരംഭിക്കേണം, എന്നു കല്പിക്കുന്ന അശരീരിവാക്കുകളെ കേൾക്കയും, വിണ്ണവരെ കൂടക്കൂട കാണുകയും ചെയ്യുന്നു, എന്നു അവൾ പലരോടും പറഞ്ഞു. അങ്ങിനെ ഇരിക്കുമ്പോൾ ഒല്യാന്സ്സ നഗരത്തിൻെറ നിരോധത്തെ കുറിച്ചു ആ സങ്കടമു

ള്ള വൃത്താന്തങ്ങളെ കേട്ടപ്പോൾ, അവൾ വളരെ വ്യസനിച്ചു അമ്മയപ്പന്മാരോടു കല്പന വാങ്ങി അയലപക്കത്തു പാൎക്കുന്ന കാരണവരെ ചെന്നു കണ്ടു വസ്തുത അറിയിച്ചു, അവനോടു കൂടെ സമീപത്തുള്ളൊരു നഗരത്തിലേക്കു യാത്രയായി. അവിടെ എത്തിയാറെ സ്ഥാനികനെ കണ്ടു, രാജാവു അന്നു പാൎക്കുന്ന ശിന്നോൻ നഗരത്തിലേക്കു പോകുവാനായി സഹായിക്കേണം, എന്നു അപേക്ഷിച്ചു, ഒല്യാന്സ നഗരത്തെ രക്ഷിച്ചു രാജാവിനെ രൈമ്സ നഗരത്തിൽ കിരീടാഭിഷേകം കഴിപ്പിപ്പാൻ എനിക്കു ദൈവനിയോഗം ഉണ്ടു, എന്നു പറഞ്ഞു.

ഇവൾ ഭ്രാന്തച്ചി, എന്നു നഗരപ്രമാണി നിശ്ചയിച്ചു, അവളെ വെറുതെ വിട്ടയച്ചു, എന്നിട്ടും അവളുടെ ശ്രുതി നീളെ പരന്നു. രണ്ടു മഹാന്മാർ അവളെ ചെന്നു കണ്ടു, വസ്തുത കേട്ടാറെ, അവൾക്കു വല്ല ദൈവനിയോഗം ഉണ്ടായിരിക്കും, എന്നു വിചാരിച്ചു അവളെ ശിന്നോൻ നഗരത്തിലേക്കു കൊണ്ടുപോയി. ആ രാജ്യം മുഴുവനും ഇംഗ്ലിഷകൈവശമായിരിക്കകൊണ്ടു, യാത്ര ബഹു പ്രയാസം, എങ്കിലും അവൾ ഒരു വിഘ്നം കൂടാതെ എത്തി, രാജാവു ഈ വൎത്തമാനം കേട്ടപ്പോൾ അല്പനേരം സംശയിച്ചു നിന്നാറെ തിരുമുമ്പിൽ വരേണ്ടതിന്നു കല്പനകൊടുത്തു. പിന്നെ രാജനിയോഗപ്രകാരം പൊയിക്ത്യ്രിയ, എന്ന നഗരത്തിൽ പാൎക്കുന്ന പണ്ഡിതന്മാരും ആലോചനക്കാരും വന്നു, അവളുടെ ചരിത്രത്തെ സൂക്ഷ്മത്തോടെ ശോധന ചെയ്താറെ, അവളിൽ യാതൊരു വിരുദ്ധവുമില്ല എന്നു കണ്ടു. എന്നാറെ ഒല്യാന്സ നഗരക്കാരെ തുണെപ്പാൻ ഒരുങ്ങിയിരിക്കുന്ന ഒരു ചെറു പട്ടാളത്തോടു കൂടെ അവളെ അവിടേക്കു അയക്കേണം, എന്നു രാജാവു കല്പിച്ചു. അവൾക്കു ദൈവനിയോഗം ഉണ്ടു, എന്നു അധികാരസ്ഥന്മാർ വിശ്വസിച്ചപ്രകാരം തോന്നുന്നില്ല. നമ്മെ രക്ഷിപ്പാൻ വേണ്ടി ദൈവം ഇവളെ അയച്ചിരിക്കുന്നു എന്നു സാമാന്യ ജനങ്ങളുടെ വിശ്വാസം. അവൾ ഒല്യാന്സിൽ എത്തും മുമ്പെ, അവളുടെ ശ്രുതി ആ നഗരത്തിലും ഇംഗ്ലിഷ്പാളയത്തിലും പ്രസിദ്ധമായി വന്നു. നിരോധിക്കുന്നവർ അവളെ ഭൂതഗ്രസ്ത എന്നു മതിക്കയും, നിരോധിക്കപ്പെട്ടവർ ആശ്വാസവും പുതിയ ധൈൎയ്യവും പ്രാപിക്കയും ചെയ്തു.

അവൾ ചേൎന്ന ചെറു പട്ടാളം ഒല്യാന്സിന്റെ സമീപത്തു എത്തി, ഒരു തടസ്ഥം കൂടാതെ ഇംഗ്ലിഷകാവൽസ്ഥലങ്ങളെ കടന്നു, പാതി രാത്രിയിൽ ജനസന്തോഷത്തോടു കൂടെ നഗരത്തിൽ പ്രവേശിച്ചു. അന്നു അവൾക്കു ഏകദേശം പത്തൊമ്പതു വയസ്സുണ്ടു. അക്കാലത്തു പടയാളികൾ ഉടുത്തതുപോലെ ഒരു മാൎവ്വചവും അരയിൽ കെട്ടിത്തൂങ്ങുന്ന വാളും പരന്ത്രീസ്സ രാജ്യചിഹ്നങ്ങളുമായ വെണ്താമരപ്പൂക്കളും രക്ഷിതാവിൻ ചിത്രമുള്ള കൊടിക്കൂറ കൈയിൽ പിടിച്ചതും ഉണ്ടു. ഇങ്ങിനെ അലങ്കരിച്ചിട്ടു, അവൾ ഭംഗി

യുള്ളൊരു കുതിരപ്പുറത്തു കയറി, പടയാളികളുടെ നിരകളിൽ കൂടിച്ചെല്ലും. ആ കാഴ്ചയെ കണ്ടു പലരും ആശ്ചൎയ്യപ്പെട്ടും സന്തോഷിച്ചുംകൊണ്ടിരുന്നു.

അപ്പോൾ നിരോധത്തിന്റെ നില ക്ഷണത്തിൽ മാറി. ഇംഗ്ലിഷ്കാർ ഭയവും സംശയവുംകൊണ്ടു ക്ഷീണിക്കയും, പരന്ത്രീസ്സുകൾ ധൈൎയ്യം പൂണ്ടു ഉല്ലസിക്കയും ചെയ്തു. ജൊവൻ താൻ കാവൽപട്ടാളങ്ങളെ ശത്രുക്കളുടെ നേരെ നടത്തി, പോർ അതിഘോരമായി നടക്കുന്ന ഇടയിൽ തന്നെ അവൾ ഇരിക്കും. പരന്ത്രീസ്സുകൾ ജയസന്തുഷ്ടരായി ഇംഗ്ലിഷ്കാരെ എല്ലാ ഉറപ്പുള്ള സ്ഥലങ്ങളിൽനിന്നും ആട്ടിക്കൊണ്ടു, ഏഴ ദിവസത്തിനകം അപമാനത്തോടും സങ്കടത്തോടും കൂടെ ഒല്യാന്സ നഗരത്തെ വിട്ടു പോകുമാറാക്കി.

അനന്തരം ആ പെണ്ണു രാജാവിനെ ചെന്നു കണ്ടു, വേലയുടെ ഒന്നാം പകുതി സാധിച്ചുവല്ലൊ, രണ്ടാം പകുതിയും സാദ്ധ്യമായി വരേണം, പൂരാണ പരന്ത്രീസ്സരാജാക്കന്മാർ എല്ലാവരും രൈമ്സ നഗരത്തിൽനിന്നു കിരീടാഭിഷേകം ലഭിച്ചതു പോലെ ഭവാനും ലഭിക്കേണം, എന്നു പറഞ്ഞു. രൈമ്സനഗരത്തോടു ചേൎന്ന നാടുകൾ എല്ലാം ശത്രുകൈവശമായിരിക്കകൊണ്ടു യാത്ര അസാദ്ധ്യം എന്നു പലരും പറഞ്ഞു, എങ്കിലും അതു ഒരു കുറവും വരാതെ സാധിച്ചു. വഴിയിൽവെച്ചു എല്ലാ നഗരങ്ങളുടെ നിവാസികൾ രാജാവിനു വാതിലുകളെ തുറന്നു വഴിപ്പെടുകകൊണ്ടു, അവൻ ആ പെണ്ണിനോടും കൂടെ രൈമ്സിൽ എത്തി ജയഘോഷത്തോടെ പ്രധാന പള്ളിയിൽ പ്രവേശിച്ചു, രണ്ടാം പ്രാവശ്യം കിരീടാഭിഷേകം ലഭിച്ചു. (1428) കൎമ്മങ്ങൾ നടക്കുമ്പോൾ ആ കന്യക കൊടിക്കൂറ കൈയിൽ പിടിച്ചുകൊണ്ടു രാജാവിന്റെ അരികെ തന്നെ നിന്നു. എന്നതിന്റെ ശേഷം: എന്റെ വേല ഇപ്പോൾ തീൎന്നുകൊണ്ടു, എന്നെ അമ്മയപ്പന്മാരുടെ അടുക്കൽ മടക്കി അയക്കേണം, എന്നു അവൾ അപേക്ഷിച്ചതു രാജാവു കേട്ടില്ല, ഇനിയും വല്ല പണി ഉണ്ടാകും, എന്നു കല്പിച്ചു അവളെ താമസിപ്പിച്ചു.

കുറയ കാലം കഴിഞ്ഞശേഷം അവൾ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടു. ആയവർ അവളെ തടവിൽ പാൎപ്പിച്ചു മന്ത്രവാദിനി, എന്നു വെച്ചു അവളുടെ മേൽ അന്യായം ബോധിപ്പിച്ചു. ആ കാൎയ്യത്തെ വിസ്തരിപ്പാൻ ഇംഗ്ലിഷ്കാരും പരന്ത്രീസ്സകാരുമായ പാതിരിമാർ കൂടി വന്നു നിരൂപിച്ചു, കുററം ഏററു പറവാൻ ഹേമിച്ചു. അതിന്നു തക്ക ഒർ എഴുത്തിനെയും ഉണ്ടാക്കി, അവളെകൊണ്ടു ഒപ്പിടുവിച്ചു. ഇനി ഒരു നാളും പുരുഷവസ്ത്രം ഉടുക്കുന്നില്ല, എന്നു സത്യം ചെയ്യിച്ചു വീണ്ടും തടവിൽ പാൎപ്പിച്ചു, അവളെ കുടുക്കുവാനായി പുരുഷവസ്ത്രം അവളുടെ അരികത്തു വെച്ചു. പിന്നെ അവൾ ഓൎമ്മ വിട്ടു ആ വസ്ത്രം ഉടുത്തതുകൊണ്ടു, സത്യലംഘനം നിമിത്തം ചുടേണം എന്ന വിധി ഉണ്ടായി. അതുകൊണ്ടു അവളെ രുയൻ, എന്ന സ്ഥലത്താക്കി ചുടുകയും ചെയ്തു. (1431) പരന്ത്രീസ്സുകളും

ഇംഗ്ലിഷ്കാരും ഒരുമനപ്പെട്ടു ഈ വല്ലാത്ത ക്രിയ അനുഷ്ഠിച്ചപ്പോൾ, അ വൾ അതിവിശ്വാസത്തോടെ സേവിച്ചിരുന്ന രാജാവു അവൾക്ക വേണ്ടി ഒന്നും ചെയ്യാതെ ഇരുന്നു. നിസ്സാരനും തന്നിഷ്ടക്കാരനുമായ ഒരു രാജാവി നെ ബഹു ഭക്തിയോടെ സേവിച്ചതു മാത്രം അവളുടെ കുററം.

ഈ അവസ്ഥ കഴിഞ്ഞ ശേഷം, പരന്ത്രീസ്സ യുദ്ധം ക്രമേണ ക്ഷയി ച്ചുപോയി. ഇംഗ്ലിഷചേച്ച് അസഹ്യം, എന്നു ബുൎഗ്ഗുണ്ടിയതമ്പുരാൻ വി ചാരിച്ചു. (1435ാമതിൽ) പരന്ത്രീസ്സരാജാവിനോടു നിരന്നു. ഇംഗ്ലിഷസേ നാപതിയും മരിച്ചു. അതുകൊണ്ടു കല്ലായി ഒഴികെ പരന്ത്രീസ്സിലുള്ള എല്ലാ ഇംഗ്ലിഷ് നഗരങ്ങളും ക്രമേണ ശത്രുക്കളുടെ കൈവശത്തിൽ അക പ്പെട്ടു. എന്നാറെ ഇംഗ്ലിഷ്കാർ പരന്ത്രീസ്സിനെ വിട്ടു സ്വദേശത്തേക്ക മട ങ്ങി ചെന്നു. അവരുടെ അതിമോഹങ്ങൾ സാധിക്കാത്തതു ഇരു രാജ്യ ങ്ങൾക്കും ഗുണമായി വന്നു. *(To be continued.)*

DEPRAVITY OF HUMAN NATURE.

മാനുഷസ്വഭാവത്തിന്റെ ദുഷ്ടത.

ഒരു ദിവസം മതാമ്മ ആയയെ വിളിച്ചു: ഞാൻ കുറയ തുണി വാങ്ങി നമ്മുടെ പണിക്കാരുടെ ഭാൎയ്യമാരിൽ അധികം ആവശ്യപ്പെടുന്നവൎക്ക ഓ രോ ഉടുപ്പിനെ കൊടുപ്പാൻ വിചാരിച്ചിരിക്കുന്നു. എന്നാൽ അതിന്നു അ വരിൽ യോഗ്യമാർ ആർ?

ആയ: മതാമ്മയുടെ കൃപ എത്രയോ വലിയതാകുന്നു.

മതാമ്മ: നമ്മുടെ മസ്സാൽച്ചിക്ക വളരെ കുട്ടികൾ ഉണ്ടല്ലോ, പക്ഷെ അവന്റെ ഭാൎയ്യെക്ക ഒർ ഉടുപ്പു കൊടുത്താൽ വേണ്ടതില്ല.

ആയ: മസ്സാൽച്ചിയുടെ ഭാൎയ്യയോ മതാമ്മേ, അവൾ മഹാ നിസ്സാര മുള്ളൊരു പെണ്ണാണ, ദിവസം ഒക്കെയും പുകയില വലിച്ചും വെററില തിന്നുംകൊണ്ടിരിക്കുന്നു, പണി ഒന്നും എടുക്കുന്നില്ല. അവൾ മതാമ്മ അ വൎകളുടെ ദാനത്തിന്നു പോരാത്തവളത്രെ.

മതാമ്മ: കുസ്സിനിക്കാരനു ഞെരുക്കമില്ല, അവന്റെ ഭാൎയ്യെക്ക പല വിധ ആഭരണങ്ങളും ഉണ്ടു, അതുകൊണ്ടു അവൾക്ക സഹായം ചെയ്യാൻ ആവശ്യമില്ല, എങ്കിലും കുസ്സിനിമേട്ടിക്ക ഭാൎയ്യയും ചെറിയോരു കുട്ടിയും ഉണ്ടു. അവൾക്ക ഒർ ഉടുപ്പു കിട്ടിയാൽ വളരെ സന്തോഷിക്കും.

ആയ: വല്ല സമ്മാനം കിട്ടിയാൽ എല്ലാവരും സന്തോഷിക്കുന്നതു പോലെ അവളും സന്തോഷിക്കും മതാമ്മേ, എങ്കിലും അവൾ കുസ്സിനി മേട്ടിയുടെ ഭാൎയ്യ അല്ല, അവൻ അവളെ അങ്ങാടിയിൽ കണ്ടു പിടിച്ചു കൊണ്ടു വന്നിരിക്കുന്നു. ഇങ്ങിനെയുള്ള ആളുകൾക്ക മതാമ്മ അവൎകൾ സഹായം ചെയ്യാൻ പോകുന്നുവോ?

മതാമ്മ: തണ്ണിക്കാരന്റെ ഭാൎയ്യ എങ്ങിനെയുള്ളവൾ? അവൾക്ക ഒർ ഉടുപ്പു കൊടുക്കാമോ?

ആയ: അവൾ തണ്ണിക്കാരന്റെ ഭാൎയ്യയല്ല മതാമ്മേ, അവളുടെ ഭൎത്താവു ലക്ഷണപട്ടണത്തിൽ പാൎക്കുന്നു.

മതാമ്മ: തോട്ടക്കാരനു വളരെ കുട്ടികൾ ഉണ്ടു, ഭാൎയ്യക്കും എപ്പോഴും ദീനം തന്നെ. ആ ഭവനക്കാൎക്കു കുറയ ഉടുപ്പു കിട്ടിയാൽ വലിയ ഉപകാരം എന്നു തോന്നുന്നു.

ആയ: അയ്യോ മതാമ്മേ, അവൎക്കു ഒന്നും കൊടുക്കേണ്ടാ, ആ സ്ത്രീക്കു ദീനം ഉണ്ടെങ്കിൽ അതു അവൾക്കു വേണ്ടുന്നതത്രെ. അവൾ ദുൎവ്വാക്കുകാരത്തിയും ഒരു വിടക്കു പെണ്ണും തന്നെ.

മതാമ്മ: ഇങ്ങിനെയായാൽ ഞാൻ സഹായം ചെയ്വാൻ യോഗ്യമുള്ള പെണ്ണുങ്ങൾ ഈ പറമ്പിൽ ഇല്ല, അതുകൊണ്ടു ഞാൻ സമ്മാനമായി കൊടുപ്പാൻ വേണ്ടി വാങ്ങിവെച്ച തുണികളെ പീടികക്കാരനു മടക്കി അയക്കേണം, എന്നു തോന്നുന്നു.

ആയ: മതാമ്മേ, ഇതാ സലാം, എനിക്കു ഒരു കണ്ടം തുണി തന്നാൽ വലിയ ഉപകാരം.

മതാമ്മ: എന്നാൽ ഈ പറമ്പിലുള്ള എല്ലാ പെണ്ണുങ്ങളിലും നീ തന്നെ നല്ലവൾ എന്നോ? നിന്നിൽ വളരെ കുറവു ഉണ്ടു, എന്നു നീ നല്ലവണ്ണം അറിയുന്നു. കളവു പറയേണ്ടതിനു അല്പം പോലും ശങ്കയില്ല, വെററില തിന്നും ഉറങ്ങിയും വൎത്തമാനങ്ങൾ ചൊല്ലിയുംകൊണ്ടു നേരം എത്ര പ്രാവശ്യം വെറുതെ പോകുന്നു? കൂട്ടുകാരോടു സംസാരിക്കുമ്പോൾ ചീത്ത വാക്കുകൾ വായിൽനിന്നു പുറപ്പെടുന്നതിൽ ഒരു കണക്കുണ്ടോ? ഇങ്ങിനെയുള്ളതെല്ലാം എന്റെ മുഖതാവിൽ തന്നെ ചെയ്യുന്നു. എന്നാൽ ഞാൻ നിന്നെ കാണാത്ത സമയത്തു നീ എന്തെല്ലാം ചെയ്യും, എന്നു നിനക്കും ദൈവത്തിനും മാത്രം അറിയാം.

ആയ: തുണി മതാമ്മ അവൎക്കൾക്കു തന്നെ ഇരിക്കട്ടെ, മതാമ്മമാത്രം നല്ലൊരു ആൾ, മതാമ്മയെ പോലെ ആരുമില്ല, മതാമ്മ അവൎകളിൽ ഒരു കുറവുമില്ല, ഞങ്ങൾ എല്ലാവരും ചീത്ത മനുഷ്യർ തന്നെ.

മതാമ്മ: ഇല്ലാത്തതിനെ എന്തിനു സംസാരിക്കുന്നു ആയാ? ഞാൻ ദൈവകരുണയാൽ കുടിച്ചു മസ്തു പിടിക്കയോ, കക്കുകയോ, ദുൎവ്വാക്കു സംസാരിക്കയൊ എന്നും മററുമുള്ളതിനെ ചെയ്യുന്നില്ലെങ്കിലും, ദിവസേന പലവിധ തെററുകളെ കാണിക്കാതിരിക്കയില്ല. എത്ര പ്രാവശ്യം ഞാൻ ഒരു കാരണം കൂടാതെ കോപിക്കുന്നു? അഹംഭാവവും ദുശ്ശീലവും ലോകസ്നേഹവും മററും എന്നിൽ പെരുകുന്നു. ദൈവത്തെ സേവിക്കേണ്ടുന്ന സമയത്തിൽ വെറുതെ ഇരിക്കുന്നതു പലപ്പോഴും കാണുന്നു. ഞാൻ ഒരിക്കലും നല്ലവൾ ആയിരുന്നില്ല, ഇപ്പോൾ നല്ലവളുമല്ല, ഈ ദുഷ്ടലോക

ത്തിൽ പാക്കുന്നതുവരെയും നല്ലവൾ ആകയുമില്ല നിശ്ചയം. എന്നാൽ ദിവസേന ഓരോ നന്മകളെ ശീലിപ്പാൻ ഞാൻ യത്നിക്കുന്നു. അതു സാദ്ധ്യമായി വരേണ്ടതിന്നു ഞാൻ വിടാതെ ദൈവത്തോടു പ്രാൎത്ഥിക്കുകയും ചെയ്യുന്നു. ഞാൻ എന്നെ നല്ലവൾ എന്നല്ല അരിഷ്ടതയുള്ള പാപി എന്നു മതിക്കുന്നു. എങ്കിലും ഞാൻ മാത്രമല്ല ഭൂമിമേൽ ജീവിക്കുന്ന സകല മനുഷ്യരും ഒട്ടൊഴിയാതെ കണ്ടു പാപികൾ ആകുന്നു. ഇവിടെ നീതിമാനും ഇല്ല ഒരുത്തൻ പോലുമില്ല, ഗ്രഹിക്കുന്നവനില്ല, ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴി തെറ്റി, ഒരു പോലെ കൊള്ളരുതാത്തവരായി പോയി, ഗുണം ചെയ്യുന്നവൻ ഇല്ല, ഒരുത്തൻ പോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി, നാവുകളാൽ അവർ ചതിച്ചു, അവരുടെ ചുണ്ടുകളിൻ കീഴെ സൎപ്പവിഷം. അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു. സംഹാരവും നാശവും അവരുടെ വഴികളിൽ ഉണ്ടു സമാധാനവഴി അവർ അറിഞ്ഞില്ല. അവരുടെ കണ്ണുകൾക്കു മുമ്പാകെ ദൈവഭയവുമില്ല. എന്നു ദൈവവചനം പറയുന്നു. റോമ. ൩, ൧൦—൧൮. ഇതു ഹിന്തുശാസ്ത്രങ്ങൾക്കും മുസല്മാനരുടെ ഗുരുജനങ്ങൾക്കും സമ്മതം തന്നെ.

ആയ: അതെ, അതെ മതാമ്മേ, എല്ലാ മനുഷ്യരും മഹാദുഷ്ടന്മാർ തന്നെ, ഈ അങ്ങാടിയിലും ഈ പറമ്പത്തു തന്നെയും നടക്കുന്ന ചീത്ത പ്രവൃത്തികളുടെ പകുതിപോലും മതാമ്മ അവൎക്കു അറിയുന്നില്ല.

മതാമ്മ: അത ഇരിക്കട്ടെ, എന്റെ ഹൃദയത്തിലെ പാതി ദുഷ്ടതയെയും ഞാൻ അറിയുന്നില്ല, അതിനെ അറിയേണ്ടതിന്നു പലപ്പോഴും ശ്രമിച്ചിട്ടുണ്ടെങ്കിലും സാധിച്ചില്ല. എല്ലാററിനേക്കാളും ഹൃദയം വഞ്ചനയുള്ളതും അതിദോഷമുള്ളതുമായിരിക്കുന്നു, അതിനെ അറിയുന്നവൻ ആർ?

ആയ: ജനങ്ങൾ ഇത്ര ദുഷിച്ചു പോയതു എങ്ങിനെ? പടച്ചവൻ അവരെ ദുഷ്ടന്മാരാക്കിത്തീൎത്തുവോ?

മതാമ്മ: ദൈവം നല്ലവനും നല്ലതിനെ മാത്രം സ്നേഹിക്കയും പ്രവൃത്തിക്കുകയും ചെയ്യുന്നവൻ ആകുന്നു. അവൻ എല്ലാ പാപത്തെയും അശുദ്ധിയെയും വെറുക്കുന്നു. നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദാമിനെയും ഹവ്വായെയും അവൻ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു പൂൎണ്ണഗുണവാന്മാരാക്കിത്തീൎത്തു. പിന്നെ അവൻ അവൎക്കു കൊടുത്ത കല്പനകളെ അവർ ലംഘിച്ചതിനാൽ പാപത്തിലും മരണത്തിലും വീണു അശേഷം ദുഷിച്ചു പോകയും ചെയ്തു. ഇപ്പോൾ ഭൂലോകത്തിൽ കാണുന്ന മനുഷ്യർ ആ ഇരുവരുടെ മക്കൾ ആകകൊണ്ടു എല്ലാവരും പാപവും നാശവും നിറഞ്ഞവരത്രെ.

എന്നതിന്റെ ശേഷം മതാമ്മ പണിക്കാരുടെ ഭാൎയ്യമാരെ ബങ്കളാവിൽ വരുത്തി ഓരോരുത്തിക്കു ഒർ ഉടുപ്പു കൊടുത്തപ്പോൾ, അവർ ഒക്കത്തക്ക പ്രസാദിച്ചു സലാം പറഞ്ഞു സന്തോഷത്തോടെ പോകയും ചെയ്തു.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

(കേരളോപകാരിയുടെ ഒരു സ്നേഹിതനിൽനിന്നു)

ഞങ്ങളുടെ വായനക്കാൎക്കു.

കേരളോപകാരി എന്ന ഞങ്ങളുടെ ഈ പത്രം ആരംഭിച്ചിട്ടു ഇപ്പോൾ മൂന്നു കൊല്ലത്തിൽ അധികമായിരിക്കുന്നു. ഇതിന്നിടയിൽ ബഹുക്കളായ ഞങ്ങളുടെ വായനക്കാരിൽ ചിലരിൽനിന്നു ഞങ്ങൾക്കു ഓരോ വിധത്തിലുണ്ടായിട്ടുള്ള സഹായങ്ങൾക്കായി ഞങ്ങൾ മനഃപൂൎവ്വം അവരോടു നന്ദി പറയുന്നതിനോടു കൂടെ അസംഖ്യ നിവാസികളുള്ള ഈ കേരളത്തിൽ ഈ വിധത്തിലുള്ള ഒരു പത്രം എത്രയൊ അധികമായി വ്യാപിപ്പാൻ ഇടയുണ്ടെന്നുള്ള വിചാരത്താൽ, ഞങ്ങളുടെ ഈ പത്രത്തിന്നു പരജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള നിരാദരവിനെ പററി ഞങ്ങൾക്കുള്ള മനസ്താപത്തെയും അറിയിച്ചു കൊള്ളുന്നു. അധിക ദീൎഘവിസ്താരമുള്ള ഈ കേരളത്തിൽ ആകപ്പാടെ നോക്കിയാൽ വൎത്തമാന പത്രങ്ങൾ നാട്ടുഭാഷയിൽ ഇതോടു കൂടി മൂന്നുള്ളതിൽ ഈ മലയാള ജില്ലക്കു സ്വന്തമെന്നു പറയാകുന്നതു കേരളോപകാരി മാത്രം. എന്നിട്ടും "തൻപിള്ള പൊൻപിള്ള" എന്നുള്ള പ്രമാണത്തിൽനിന്നു ഈ മലയാളികളിൽ അധികം ആളുകളും ഇതുവരെ തെററി നിന്നിരിക്കുന്നതിനാൽ ഞങ്ങൾ അത്യന്തം സങ്കടപ്പെടുന്നു. ഞങ്ങളുടെ മേല്പറഞ്ഞ സഹജീവികളോടു അല്പമെങ്കിലും നീരസം ഞങ്ങൾക്കും ഈ സംഗതിവശാൽ ഇല്ലന്നു തന്നെയല്ല പ്രായത്തിൽ അവർ കേരളോപകാരിയിലും മൂത്തിന്നിട്ടുള്ളവരും അക്കാരണത്താൽ അധികരസികന്മാരും ആയിരിക്കുന്നതിനാൽ അവരെ ലാളിക്കുന്നതിന്നു ജനങ്ങൾക്കു സ്വാഭാവികമായി അധികതാല്പൎയ്യമുണ്ടാകുന്നതാണെന്നു ഞങ്ങൾ ഏററു കൊള്ളുന്നു. കേരളോപകാരിയുടെ ചെറുപ്പം ഹേതുവാൽ വിചാരപൂൎവ്വമല്ലാത്തതായ ചില വീഴ്ചകൾക്കു അതു ഇട വരുത്തിയിരിക്കാമെങ്കിലും "ഉണ്ണിക്കിടാക്കൾ പിഴച്ചു കാൽ വെക്കിലും, കണ്ണിന്നു കൌതുകമുണ്ടാം പിതാക്കൾക്കു" എന്ന പോലെ മേലിൽ എങ്കിലും സത്തമന്മാർ അതിന്റെ കുറവുകളെ മനം പൊറുത്തു കൊണ്ടു അവരവരാൽ കഴിവുള്ള സഹായം ചെയ്യു. ഈ ശിശുവിനെ പോററി വളൎത്തുമെന്നു ഞങ്ങൾ ആശിക്കുന്നു, നാലരെകൊണ്ടും നന്നെന്നു പറയിക്കേണമെന്നു മാത്രം കേരളോപകാരിയുടെ സിദ്ധാന്തമാകയാൽ യാതൊരാൾക്കും ഇടച്ചൽ ഉണ്ടാകാതെ ഏവരുടെയും പ്രീതിയെ ലഭിക്കേണ്ടതിന്നു ഞങ്ങൾ ശ്രമിക്കുന്നുണ്ടു. എങ്കിലും എത്രയും ചുരുങ്ങിയ പ്രവൃത്തിക്കും പുറമെയുള്ള സഹായമുണ്ടെങ്കിൽ അതിന്നേ വെടിപ്പു വരു എന്നു എല്ലാവൎക്കും പരിചയത്താൽ അറിവുള്ളതിനാൽ, ഇപ്പോൾ വിശേഷിച്ചു സ്ഥാപിക്കേണ്ടതില്ലല്ലൊ. വിവിധജാതികളാലും മതക്കാരാലും നിറഞ്ഞിരിക്കുന്ന ഈ രാജ്യത്തെ നിവാസികളെ ഒരു പോലെ തൃപ്തിപ്പെടുത്തുവാൻ കേരളോപകാരിക്കു വൈഭവമുണ്ടെന്നു ഞങ്ങൾ അല്പം പോലും നടിക്കുന്നില്ല. എങ്കിലും യാതൊരുത്തൎക്കും ഇടച്ചൽ വരുത്തേണമെന്നു ഞങ്ങൾക്കു അശേഷവും താല്പൎയ്യമില്ലായ്കയാൽ ഏവരുടെയും സഹായ സന്തോഷങ്ങൾക്കു ഞങ്ങൾ അവകാശികളെന്നു എണ്ണി കൊള്ളുന്നു. ഈ സംഗതികളാൽ ഇനിയും അധികമായ സഹായം ഞങ്ങൾക്കു ലഭിപ്പാനും കേരളോപകാരി എന്ന ഈ ചെറുപത്രം എല്ലാവരാലും തക്കവണ്ണം വിലമതിക്കപ്പെട്ടിട്ടു അതിന്നു പ്രായം ചെല്ലുമളവിൽ ജനപ്രീതിയും അധികമായി ആകൎഷിച്ചു തന്റെ പേരിന്നു തക്കവണ്ണം ഉപകാരാൎത്ഥമായി വിളങ്ങുവാൻ ഇടവരാറാകേണമെന്നു ഞങ്ങൾ മനഃപൂൎവ്വം ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഈ മനോരഥസിദ്ധിക്കു സ്നേഹിതന്മാരുടെയും വിദ്യാപ്രിയന്മാരായ പരജനങ്ങളുടെയും എത്രയും അല്പമായ സഹായം മാത്രം ഉണ്ടെങ്കിൽ യാതൊരു തടസ്ഥവുമുണ്ടാകയില്ലന്നാണ ഞങ്ങളുടെ വിചാരം.

ആസ്യാ Asia.

ഭാരതഖണ്ഡം India.

ക്ഷാമം. — അധികനാൾക്കിടയിൽ അറിയപ്പെട്ടിട്ടില്ലാത്ത വിധത്തിൽ, നാട്ടിലെങ്ങും ഇപ്പോൾ മഹാകഠിനമായ പഞ്ചം വ്യാപിച്ചിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ (ഭാരതഖണ്ഡത്തിൽ) ബങ്കാളസംസ്ഥാനം മാത്രമെ ഈ മഹാബാധയിൽനിന്നു ഒരു വിധത്തിൽ ഒഴിഞ്ഞിട്ടുള്ളു. മദ്രാശി, ബൊംബായി എന്നീ സംസ്ഥാനങ്ങൾ വലിയ സങ്കടസ്ഥിതിയിൽ ആയി. അനേക ജനങ്ങൾ അഹോവൃത്തിക്കു വഴിയില്ലാതെ കഷ്ടപ്പെട്ടു. അധികം പേർ വിശപ്പിനാൽ അപായപ്പെട്ടും പോകുന്നുണ്ടു പ്രജാവത്സ

ലരായ ഇംഗ്ലിഷ് കോയ്മക്കാർ പരക്കെ വ്യാപിച്ചിരിക്കുന്ന ഈ ബാധയിൽനിന്നു തങ്ങളാൽ കഴിയും പോലെ രാജ്യക്കാൎക്കു സഹായം ചെയ്യുന്നതിന്നായി പൊതുഗുണാൎത്ഥമായ ഓരോ പണികൾ അവിടവിടെ ആരംഭിച്ചിരിക്കുന്നതുമല്ലാതെ ജനരഞ്ജനയിൽ അത്യുത്സാഹിയും രാജ്യഭരണസൂത്രത്തിൽ നിപുണനും എന്നു പ്രസിദ്ധനായ ബങ്കാള വട്ടത്തിലെ ഡിപ്പുട്ടി ഗവൎണ്ണർ ശ്രീ റിച്ചാൎഡ്ടെമ്പൽ അവൎകൾ മേല്ക്കോയ്മയുടെ അധികാരരൂപേണ മദ്രാശി, ബൊംബായി സംസ്ഥാനങ്ങളിൽ പരോപകാരാൎത്ഥമായ വേലകൾ അതാത രാജ്യങ്ങളിൽ നടത്തേണ്ടു മാൎഗ്ഗം ദേശാധിപന്മാൎക്കു ഗുണദോഷിക്കുന്നതിന്നായി ഈ സംസ്ഥാനത്തിൽ ഇപ്പോൾ സഞ്ചരിക്കുന്നു. മററ ചില രാജ്യക്കാരോടു കൂട്ടി നോക്കിയാൽ മലയാളത്തിൽ പാൎക്കുന്നവരായ നമുക്കു ഈ ബാധയുടെ ഒരു നിഴൽ മാത്രമെ തട്ടീട്ടുള്ളു. എങ്കിലും അയൽദേശങ്ങളിലെ അവസ്ഥ വിചാരിക്കുമ്പോൾ വലുതായ ഭീതിക്കും ചഞ്ചലത്തിന്നും ഇടയുണ്ടു. എന്നാൽ അങ്ങുമിങ്ങും ക്ഷാമമുണ്ടെന്നും അരിക്കും മററും വില പൊന്തിയിരിക്കുന്നു എന്നും അല്ലാതെ മദ്രാശിസംസ്ഥാനത്തുണ്ടായിട്ടുള്ള ക്ഷാമത്തെ പററി വിവരമായ അറിവു കിട്ടീട്ടുള്ള ആളുകൾ വായനക്കാരിൽ ചുരുക്കം പേരുമാത്രമെ ഉണ്ടായിരിക്കുമെന്നു കരുതി അതിനെ പററി അല്പം പറയുന്നു. 1875ാം കൊല്ലത്തിൽ തുലാവൎഷം ഈ സംസ്ഥാനത്തുള്ള ഏതാൻ ജില്ലകളിൽ വളരെ ചുരുക്കമായിരുന്നതു തന്നെ. ഇത്ര കഠിനമായി രാജ്യത്തെങ്ങും ഇപ്പോൾ വ്യാപിക്കുന്ന ക്ഷാമത്തിന്റെ ആരംഭം. അതിന്റെ ശേഷം 76 ജ്യൂൻ മാസത്തിലുണ്ടാകേണ്ടുന്ന കാലവൎഷവും ഒട്ടും തന്നെ തൃപ്തികരമല്ലാഞ്ഞതിനാൽ കഠിനമായ ഞെരിക്കത്തിന്നു ഇടയുണ്ടാകുമെന്നുള്ള ഭയം അധികരിച്ചു എങ്കിലും ആ കൊല്ലത്തെ തുലാവൎഷം സമൃദ്ധിയായുണ്ടായിരുന്നാൽ ഈ ഭയം നീങ്ങുമെന്നു ആശയുണ്ടായി എന്നാൽ സംഭവിച്ചതു നേരെ മറിച്ചായിരുന്നു 76ാം കൊല്ലത്തെ തുലാവൎഷവും അതിന്റെ മുൻകാലത്തേതിനേക്കാൾ കുറവായിരുന്നു എന്നു തന്നെയല്ല ഒട്ടും തന്നെയില്ലായിരുന്നു എന്നു പറയാം. ആ സമയം മുതൽക്കു ഈ സംസ്ഥാനത്തുള്ള ഏതാൻ ജില്ലകൾ ക്ഷാമോപദ്രവത്തിൽ കുടുങ്ങി തുടങ്ങി. ഈ സംസ്ഥാനത്തു മഴയില്ലാതെ ഭവിച്ചാൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്തുമാത്രമെന്നു മതിപ്പാൻ പ്രാപ്തരായ അധികാരികൾ ക്ഷാമമുണ്ടായാൽ അധികമായി സങ്കടപ്പെടുവാൻ ഇടവരുന്നവരായ പ്രജകളുടെ രക്ഷെക്കു വേണ്ടിയ മാൎഗ്ഗങ്ങൾ നോക്കേണ്ടതിന്നു അപ്പോൾ തന്നെ വട്ടം കൂട്ടി മേലാലിലേക്കു വിവരത്തെ അറിയിക്കയും ചെയ്തു. സൎക്കാരുടെ മുതൽ ചെലവു ചെയ്തു ധാന്യങ്ങൾ ഏതാൻ ചില ജില്ലയിൽ ശേഖരിച്ചു കൊള്ളുവാൻ കോയ്മ ചട്ടം കെട്ടിയിരിക്കുന്നു. ക്ഷാമം ആരംഭിച്ചതു ബല്ലാരി, കടപ്പാ എന്നീജില്ലകളിലും അയൽ പ്രദേശത്തും ആയിരുന്നു അവിടെ നിന്നും അധികം നാൾ കഴിയുന്നതിന്നു മുമ്പായി ചേലം, വടക്കൻ ആൎക്കാട്ടു, നെല്ലൂർ എന്നീ ജില്ലകളിൻ പകൎന്നു ഈ സ്ഥിതിയിൽ തക്കതായ മാൎഗ്ഗം നോക്കി കഷ്ടങ്ങൾക്കു അമൎച്ച വരുത്തുന്നതിന്നായി മദ്രാശി കോയ്മയുടെ കാൎയ്യസ്ഥന്മാരിൽ രണ്ടാളെ നിയോഗിച്ചതല്ലാതെയും പ്രാപ്തന്മാരായ വിലാത്തി ഉദ്യോഗസ്ഥന്മാരെയും നാട്ടുകാരായ കാൎയ്യസ്ഥന്മാരെയും നിയമിച്ചാക്കി ആയവർ മേല്ക്കോയ്മക്കു വിവരം ബോധിപ്പിച്ചതിൽ പഞ്ചം അധികമായി വ്യാപിച്ചിരിക്കുന്നു എന്നല്ലാതെ അതിന്റെ നിറവിൽ ഇതുവരെ എത്തീട്ടില്ലെന്നും പിന്നെയും പത്തു നാൾ കഴിഞ്ഞാൽ അതിലും അധികമായ കഷ്ടങ്ങൾക്കു ഇടയുണ്ടെന്നും അറിയിക്കുകയും ചെയ്തു. ഠരം സമയത്തു ഏതാനും ജില്ലകളിൽ ഭക്ഷണസാധനങ്ങളുടെ വില സാമാന്യക്കാരുടെ ശക്തിക്കു അപ്പുറമായി അധികരിച്ചു. ഗഞ്ചാം, വിശാഖപട്ടണം, ഗോദാവരി, കൃഷ്ണാ, മലയാളം, തെക്കെ കൎണ്ണാടകം എന്നീ ജില്ലകൾ മാത്രമെ അപ്പോൾ അധിക കഷ്ടത്തിൽ അകപ്പെടാതിരുന്നുള്ളു ക്ഷാമം വൎദ്ധിക്കുമളവിൽ കവൎച്ചയും വൎദ്ധിക്കുന്നത എളുപ്പമാകയാൽ കൂട്ടായ്മ കവൎച്ചക്കു ശ്രുതിപ്പെട്ടിരുന്ന കൎന്നൂൽ പട്ടണത്തിൽ ജീവസമ്പത്തുക്കളുടെ രക്ഷക്കായി പട്ടാളവും സ്ഥാപിക്കേണ്ടി വന്നു. ഠരം പട്ടണത്തിൽ ആയപ്പോൾ മദ്രാശിസംസ്ഥാനത്തുള്ള ജില്ലകളിലെ വിവിധ വിളകളുടെ സ്ഥിതി ഏത പ്രകാരമെന്നും മററും വിവരങ്ങളെ അയക്കേണ്ടതിന്നു മേല്ക്കോയ്മ മദ്രാശി കോയ്മയോടു ആവശ്യപ്പെട്ടപ്രകാരം അവർ സകലത്തിന്നും വിവരം അയച്ചു കൊടുത്തതിൽ മഴ ചുരുക്കമെന്നും അതിനാൽ വിളകൾ തരമല്ലെന്നും ക്ഷാമം വൎദ്ധിച്ചിരിക്കുന്നു എന്നും കഷ്ടനിവൃത്തിക്കായി ഇന്നിന്ന ജില്ലകളിൽ ഇന്നിന്ന മാതിരി പ്രവൃത്തികൾ ഇത്ര ഇത്ര ചെലവരുത്തു ചെയ്യിച്ചിരിക്കുന്നു എന്നും അറിയിച്ചു. പരോപകാരാൎത്ഥമായി അനുവദിച്ചിട്ടുള്ള മുതൽ ഈ സമയത്തു 14,27,000 ഉറുപ്പികയുണ്ടായിരുന്നു, അതിൽ 8,19,000 ബല്ലാരി 2,65,000 കൎന്നൂൽ

1,70,000 കടപ്പ ബാക്കികൊണ്ട 35,000 നെല്ലൂർ 34,236 മധുര 25,000 ചെങ്കൽപേട്ട 26,450 വടക്കെ ആൎക്കാട്ട 17,000 ചേലം 10,000 ക്രുഷ്ണ ജില്ല എന്നീ ജില്ലകൾക്കായി നിശ്ചയിച്ചിരിക്കുന്നു. ൟ സമയത്തു ബല്ലാരി ജില്ലയിൽ 1,48,000ഉം കൎന്നൂലിൽ 1,20,000ഉം കടപ്പയിൽ 35,964ഉം ഇങ്ങിനെ 3,09,964 ആളുകൾക്കക്ഷാമം നിമിത്തം കോയ്മ പ്രവൃത്തി കൊടുത്തപോററി. ഇതു 76 ഡിസെമ്പ്ര 2ാംനു-വരെയാകുന്നു. ചെലവിന്റെ സംഖ്യയും നിരാധാരന്മാരുടെ എണ്ണവും പിന്നീട്ട അധികരിച്ചിരിക്കുന്നു. നികുതി മുതലായ ആദായത്തിൽനിന്ന കോയ്മ 140 ലക്ഷം ഉറുപ്പികയോളം വിട്ടുകൊടുക്കേണ്ടി വന്നിട്ടുള്ളതല്ലാതെ ഭക്ഷണത്തിന്ന 86 ലക്ഷം ഉറുപ്പികയുടെ ചെലവും അടങ്ങൽ കണ്ടിരിക്കുന്നു. മേൽ പറഞ്ഞ ഡിസെമ്പ്ര 2ാംനു-ക്കു ശേഷം ഇന്നെ വരെക്കും ക്ഷാമത്തിന്റെ കാഠിന്യത്തിന്ന യാതൊരു കുറവും ഭവിച്ചിട്ടില്ല, ശ്രീ റിച്ചാൎഡ്ടെമ്പൾ എന്നവർ ബല്ലാരി, കടപ്പാ, മധുര മുതലായ ജില്ലകളിൽ സഞ്ചരിച്ചു ക്ഷാമത്താൽ പിടിപ്പെട്ടിട്ടുള്ള ജനങ്ങൾക്കു വേണ്ടി ചെയ്യുകൊടുക്കുന്ന സഹായപ്രവൃത്തികളെ പരിശോധിച്ചും ഇനിമേലാൽ വേണ്ടും വിധങ്ങൾ ഉപദേശിച്ചും വരുന്നു. സൎക്കാർ മുതൽ കഴിവുള്ളേടത്തോളം ചുരുക്കമായും അത്യാവശ്യത്താലും മാത്രം ചെലവു ചെയ്യേണ്ടതു എന്ന ഭാരതമേൽകോയ്മയുടെ മതം. ഇത എത്രമേൽ ബുദ്ധിയോട്ട കൂടിയ ആലോചന എന്ന വഴിയെ ബോധിക്കുന്നതാകുന്നു. ഏതെങ്കിലും ഈ അരിഷ്ടതയുടെ കാലത്തു പൈദാഹത്താൽ വലയുന്നവരായ അനേകായിരം ജനങ്ങൾക്കു പ്രവൃത്തി ചെയ്യിച്ചിട്ടെങ്കിലും അന്നത്തിന്ന വക കൊടുത്തു ജീവനാശം വരാതെ രക്ഷിപ്പാൻ കരുതീട്ടുള്ള ഇംഗ്ലിഷ് കോയ്മക്കാരോട്ട ഞങ്ങൾ ഹൃദയപൂൎവ്വം നന്ദിയുള്ളവരാകുന്നു.

മലയാളം. വിദ്യാവിഷയം:— മലയാളവിദ്യാശാലകളിൽ അഭ്യസിച്ചു ൟ കഴിഞ്ഞ 76 ഡിസെംബർ മാസത്തിൽ മദ്രാശി സൎവ്വകലാശാല (യൂനിവെർസിററി) സംബന്ധമായ പരീക്ഷയിൽ ജയം പ്രാപിച്ചിട്ടുള്ളവരുടെ എണ്ണം ആവിതു: മെത്രിക്കുലേഷൻ എന്ന പ്രവേശന പരീക്ഷയിൽ ആകെ 1000ത്തിൽ അധികം ആളുകൾ ജയപ്രാപ്തരായിട്ടുള്ളവരിൽ 171 മലയാളികൾ ഉണ്ടു. ഇവരിൽ കണ്ണൂരിൽനിന്ന 9ഉം തലശ്ശേരിയിൽനിന്ന 11ഉം കോഴിക്കോട്ടിൽനിന്ന 40ഉം പാലക്കാട്ടുനിന്ന 18ഉം കൊച്ചിയിൽനിന്ന 28ഉം കോട്ടയത്തനിന്ന 13ഉം തിരുവനന്തപുരത്തനിന്ന 52ഉം ആകുന്നു. ഏഫ്. ഏ. എന്ന ഉയൎന്ന തരത്തിൽ ആകെ 95 ആളുകൾ മാത്രമെ ജയിച്ചിട്ടുള്ളു. ഇതിൽ മലയാളത്തുനിന്നുള്ളവർ 18 പേരുള്ളതിൽ 2-ാൾ കോഴിക്കോട്ടുനിന്നും 1-ാൾ പാലക്കാട്ടുനിന്നും തനതഭ്യാസത്താലും 4-ാൾ കൊച്ചിയിൽനിന്നും 11-ാൾ തിരുവനന്തപുരത്തുനിന്നും ആകുന്നു.

ഹോളൊവെയിസായ്പു:— അധികകാലം ൟ മലയാളത്തും ഒടുവിൽ മദ്രാശ് ഹൈകോടതിയിലും ജസ്റ്റിയുടെ ഉദ്യോഗം ഭരിച്ചു വന്നിരുന്ന ഹോളൊവെയി സായ്പവൎകൾ ൟ 77 ജനുവരി ഒടുവിൽ ഉദ്യോഗം ഒഴിഞ്ഞു സ്വരാജ്യത്തേക്കു പോയിരിക്കുന്നു.

സേഷൻ:— ൟ ഫെബ്രുവരി മാസത്തിലെ സേഷൻ വിസ്താരത്തിന്ന വടക്കെ മലയാം സേഷൻ കോടതിയിൽ രണ്ടു നമ്പ്രുകളുണ്ടായിരുന്നതിൽ ഒന്ന എട്ടു തടവുകാർ ഉൾപ്പെട്ടതായ കള്ളാധാരക്കുററവും ആൾ മാററക്കുററവും കൂടിയതും മറേറതു വേറൊരാളുടെ കഴുത്തു മുറിച്ചതിനാൽ കഠിനോപദ്രവം ഏല്പിച്ചകുററവും ആയിരുന്നു. ആദ്യം പറഞ്ഞതിൽ ഒരാളെ മേൽ കുററം തെളിയാഞ്ഞതിനാൽ വിട്ടയപ്പാൻ കല്പിച്ചതു കഴിച്ച ശേഷം ഏഴാൾക്കും അവരവരുടെ കുററത്തിന്റെ ഘനത്തിന്ന തക്കവണ്ണം ശിക്ഷ കല്പിച്ചിരിക്കുന്നു. കഠിനോപദ്രവ കുററത്താൽ ചുമത്തപ്പെട്ടവന്റെ മേലും കാൎയ്യം മതിയാകുംവണ്ണം തെളിഞ്ഞതു നിമിത്തം അവനെ അഞ്ചു കൊല്ലം കഠിനതടവിൽ പാൎപ്പിപ്പാൻ കല്പിച്ചു. വടക്കെ മലയാളത്തു കുററങ്ങൾക്കു ഒരു വിധത്തിൽ കുറവു വന്നിട്ടുണ്ടു.

(നമ്മുടെ ലേഖകന്റെ വൎത്തമാനങ്ങൾ).

ഭാരതഖണ്ഡത്തിൽനിന്ന ലണ്ടനിലേക്കു അയച്ച തേയില (ചാ) യുടെ തുക ആവിതു:

1874	ആമതിൽ	1,73,80,000	റാത്തൽ
1875	„	2,56,07,000	„
1876	„	2,93,84,000	„

ഇതിനാൽ ഭാരതഖണ്ഡത്തിലെ തേയില കൃഷി പെരുകി വരുന്നു എന്നും മഹാചീനത്തിലെ തേയിലകച്ചവടത്തിന്നു വീഴ്ച തട്ടുന്നു എന്നും തെളിയും.

മദ്രാശിസംസ്ഥാനം. പഞ്ചം:— ധൎമ്മമരാമത്തു പണി എടുത്തു ഇങ്ങനെ ഇപ്പോഴത്തെ ക്ഷാമകാലത്തിൽ കോയ്മയിൽനിന്നു സഹായം വാങ്ങുന്നവർ ചുരുങ്ങിക്കൊണ്ടിരിക്കുന്നു.

ഫിബ്രുവെരി	17ആം	24ആം	ഏറുന്നതും കുറയുന്നതും
ക്രിഷ്ണാ	3,014	3,078	64
നെല്ലൂർ	54,949	42,389	12,560
കടപ്പാ	80,389	67,728	12,661
ബല്ലാരി	3,07,509	2,74,169	33,340
കൎന്നൂൽ	2,14,299	2,03,453	10,846
ചെങ്കൽപേട്ട	12,595	10,556	2,039
വട ആൎക്കാട്ടു	18,519	18,572	53
തിരുച്ചിറാപ്പള്ളി	556	489	67
മധുര	7,749	6,794	955
തിരുനെല്വേലി	1,114	640	474
കോയമ്പുത്തൂർ	22,152	22,900	748
ചേലം	36,430	41,966	5,536
ആകേ	7,59,275	6,92,734	66,541

ഇങ്ങനെ ജനുവരി 30 നു- തൊട്ടു ഫിബ്രുവെരി 24നു- വരെ 2,80,000 പേരെ ചുരുക്കികളഞ്ഞു എങ്കിലും അതിന്നു തക്കവണ്ണം പഞ്ചവും മാറിവന്നു എന്നു പറവാൻ സംഗതിയില്ല. അതല്ലാതെ ക്ഷാമംനിമിത്തം ധൎമ്മമരാമത്തു പണി തുടങ്ങേണ്ടിവന്നപ്പോൾ അതിന്നായി പുറപ്പെട്ട എളിയ പുരുഷന്മാൎക്കും സ്ത്രീകൾക്കും കിട്ടിയ കൂലികൊണ്ടു ഒരുപ്രകാരം താന്താങ്ങളുടെ ചെറിയ കുഡുംബങ്ങളെ രക്ഷിപ്പാൻ കഴിവു ഉണ്ടായിരുന്നു. പണച്ചെലവു പെരുത്തു വൎദ്ധിച്ചതുകൊണ്ടു കൂലിയെ കഴിയുന്നെടത്തോളം ചുരുക്കിക്കളയേണം എന്നു കോയ്മ കല്പിച്ച ശേഷം പണി എടുപ്പാൻ വഹിയാത്ത തൊണ്ടന്മാരും വരുത്തക്കാരും പൈതങ്ങളും മരിക്കേണ്ടിവരുമല്ലൊ എന്നു കാണ്മാൻ സംഗതിവന്ന ഉടനെ കൂലി കയററികൊടുത്തില്ലെങ്കിലോ അവസ്ഥെക്കുതക്കവണ്ണം ആയവരെ പുലത്തുവാൻ തിട്ടമായി അരുളിയിരിക്കുന്നു.

നവധാന്യങ്ങൾ അവിടവിടെ പലദിക്കുകളിൽനിന്നു എത്തിയതിനാൽ അതിന്റെ വില പലപ്രകാരത്തിൽ താണിട്ടും ഞെരുക്കവും വലെച്ചലും ഇനിയും പെരുത്തുണ്ടു. ഏറിയ നാൾ അര വയറു മാത്രം നിറഞ്ഞതിനാൽ മുതിൎന്ന ക്ഷീണവും മെലിച്ചലും തട്ടുന്നുവെങ്കിൽ നല്ല വിശപ്പുള്ള ചെറുപൈതങ്ങൾക്കും പിള്ളൎക്കും പിന്നയോ. തെങ്ങിന്നു പരിക്ക ചെയ്യാത്ത കുറവു ഉടനെയല്ല വഴിയെ കാണുമ്പോലെ ഈ ക്ഷാമത്താൽ പലൎക്കും തട്ടിയ വറൾച്ചയും ബാല്യക്കാർ ചെറുകിട എന്നിവരുടെ അരൾച്ചയും പിന്നീട്ടു കാണുകേയുള്ളൂ.

ചെന്നപട്ടണം:— ബങ്കാളം ബൎമ്മ എന്നീ രാജ്യങ്ങളിൽനിന്നു മദ്രാശിയിൽ എത്തിവന്ന അരിയാവിതു:

ദിസെമ്പർ	5,74,400	ചാക്കു	8,42,720	തുക്കം
ജനുവെരി	8,20,974	„	12,10,103	„
ഫിബ്രുവെരി	7,94,797	„	11,64,799	„
	21,90,171	ചാക്കു	32,17,000	ശതത്തുക്കം

കോഴിക്കോട്ടു, വടകര, തലശ്ശേരി, കണ്ണനൂർ എന്നീ ബന്തരുകളിൽ ബങ്കാളത്തുനിന്നും കൊച്ചിയിൽ ബങ്കാളത്തുനിന്നും ബൎമ്മാവിൽനിന്നും പെരുത്തു അരി കിഴിച്ചു വരുന്നു. അതല്ല എങ്കിൽ മലയാളം നന്നായി വലയുമായിരുന്നു.

പുതുക്കോട്ട, മധുര, തഞ്ചാവൂർ മുതലായ ജില്ലകളിൽനിന്നു അനേകർ പഞ്ചംനിമിത്തം സിംഹളത്തേക്കു നാടുമാറിപോകുന്നു.

ബൊംബായി:— ക്ഷാമംകൊണ്ടു വലഞ്ഞ ജില്ലകളിൽനിന്നു 6,71,405 പേർ നിജാം, വിരാടം, നടുപെട്ട കൂറുപാട്ടുകൾ, സഹ്യാദ്രിമലപ്രദേശം, ബോംബായി, ഗുജ്ജരാട്ടി മുതലായ നാട്ടുകളിലേക്കു കടന്നു പോയതു തങ്ങളുടെ പ്രാണനെ മാത്രം അല്ല ഏറിയവർ കന്നുകാലികളെ ജീവനോടു രക്ഷിപ്പാൻ തന്നെ ഇവരിൽനിന്നു എത്ര ആളുകൾ മടങ്ങിച്ചെല്ലും എന്നു ഇപ്പോൾ പറവാൻ ആയിട്ടില്ല. മലയാളത്തിൽ പാൎക്കുന്ന പരദേശികളിൽനിന്നു പലരും മുങ്കാലങ്ങളിൽ പരദേശത്തുള്ള ഓരോ പഞ്ചത്തിൽനിന്നു തെററുവാൻ വന്നവരുടെ സന്തതി എന്നു വിചാരിച്ചാൽ തെററല്ല എന്നു പറയാം.

ബങ്കാളം:—കോയ്മയുടെ എഴുത്തുപള്ളികളിൽ പഠിക്കുന്ന പെൺകുട്ടികളുടെ തുക ക്രമേണ വൎദ്ധിക്കുന്നു.

1873-74 ആമതിൽ	12,202 ഉം	
1874-75 ,,	14,973 ഉം	
1875-76 ,,	18,425 ഉം	പഠിച്ച

തിനാൽ 2 കൊല്ലം കൊണ്ടു 6223 കുട്ടികൾ അധികം കാണുന്നു. അതു കൂടാതെ സ്വകാൎയ്യ ഉപാദ്ധ്യായത്തികളും സംബന്ധക്കാരും ബാല്യക്കാരത്തികളെയും വിവാഹം കഴിച്ച സ്ത്രീകളെയും പഠിപ്പിച്ചു വരുന്നു.

നൂറു ഹിന്തുക്കൾക്കു ഏകദേശം $32\frac{1}{2}$ മുഹമ്മദിയർ വീണാലും 358,995 ഹിന്തുക്കളായ ആൺകുട്ടികളോടു 90,355 മുഹമ്മദീയ ആൺകുട്ടികൾ പഠിക്കുന്നുള്ളു.

ഉഡിയത്തിലേപുരി എന്ന സ്ഥലത്തിൽ ജഗന്നാഥന്റെ ആരൂഢം എന്നു ലോകപ്രസിദ്ധം. ആയതു ഏകദേശം നൂറു ക്ഷേത്രമുള്ള വലിയ മതിലകം അതിൽ ബറദേവൽ എന്ന പേരുള്ള 210 കാലടി ഉയൎന്ന ഗോപുരത്തിൽ ജഗന്നാഥന്റെ ബിംബം അധിവസിക്കുന്നു.

ഈ വലിയ ക്ഷേത്രക്കൂട്ടത്തെ അനന്തഭീമദേവൻ എന്ന ഓഢ്ര രാജാവു പന്ത്രണ്ടാം നൂററാണ്ടിന്റെ നടുവിൽ കെട്ടിച്ചതു. നിൎമ്മാണം എല്ലാം കായന കരിങ്കല്ലു തന്നെ. വലിയ കരിങ്കല്ലുകൾ കുമ്മായവും ഇരിമ്പും കൂടാതെ കല്ലിൽ കൊത്തിയ പരുന്തൻവാൽകൊണ്ടു ഉളവും പാവും മേലും കീഴമായി തമ്മിൽ പിടിപ്പിച്ചിരിക്കുന്നു. ജഗന്നാഥന്റെ ബിംബമോ പന്ത്രണ്ടീതു കൊല്ലം കൊണ്ടു പുതുക്കപ്പെടുത്തുന്നതായി ഏററവും കുരൂപമുള്ള ഒരു മരപ്പാവയത്രെ. അതിന്റെ കണ്ണിന്നു കുത്തു കിണ്ണത്തിന്റെ വലിപ്പമുണ്ടു.

ആണ്ടുതോറും കൊണ്ടാടുന്ന ഉത്സവത്തിന്നായി മനുഷ്യരെ ക്ഷണിക്കേണ്ടതിന്നു കാലന്തോറും ദൂതന്മാരെ അയച്ചുവരുന്നു. ആയതില്ലെങ്കിൽ അവിടുത്തെ അമ്പലത്തോടു ചേൎന്നു 640 അമ്പലവാസികളും 400 വെപ്പുകാരും 120 ദേവടിച്ചികളും 3000 കുഡുംബം കൂടിയ ബ്രാഹ്മണരും നാൾ കഴിപ്പതു എങ്ങിനെ. ദൂതന്മാർ പതിവായി പോയാലും ഒന്നു രണ്ടു ലക്ഷത്തോളം കൂടുന്ന പുരുഷാരം 15000 ആൾ വരെക്കും ചുരുങ്ങിപ്പോയിരിക്കുന്നു. ഇനിയും ചുരുങ്ങും എന്നു ജഗന്നാഥന്റെ വാസസ്ഥലത്തിന്നു തട്ടിയ ഒരു ഇടിവുകൊണ്ടു വിചാരിപ്പാൻ ഇടയുണ്ടു. എങ്ങനെ എന്നാൽ 1875 ദേവനെ എഴുന്നെള്ളിപ്പാൻ 16 ചക്രമുള്ള മരന്തേരിന്മേൽ കയററി പുരുഷാരം ജഗന്നാഥനു ജയ ജയ എന്നു ആൎക്കുമ്പോൾ തന്നെ 10′ നീളവും 5′ അകലവും 4′ കനവും 1000 തുലാം ഭാരവും ഉള്ള കരിങ്കല്ലു ഗോപുരത്തിന്റെ ഉൾവളവിൽനിന്നു തെററി ദേവന്റെ പീഠത്തിന്മേൽ വീണു. ബ്രാഹ്മണർ ഭ്രമിച്ചു എങ്കിലും മാപ്പിള്ള വീണാലും ഞമ്മളെ കാൽ മേലേ എന്ന പഴഞ്ചൊൽ പ്രകാരം പലരും ജഗന്നാഥന്റെ വല്ലഭം ഇതാ പീഠത്തിന്മേൽ ഇരിക്കുന്നെടത്തോളം കല്ലിന്നു വീണുകൂടാ എന്നു വിളിച്ചിട്ടും ഓരോ കല്ലു മുൻ വീണതിന്റെ വഴിയെ ചാടിയതിനാൽ ഈ പ്രശംസയും അടങ്ങുപോയി. സൂക്ഷിച്ചു നോക്കിയപ്പോൾ ഗോപുരം മുഴുവനും ഇടിഞ്ഞു പൊളിഞ്ഞു വീഴും എന്നുള്ള പേടികൊണ്ടു അതിനെ നന്നാക്കുവോളം അന്നുമുതൽ അകത്തു കടപ്പാൻ ആൎക്കും അനുവാദമില്ല. മേൽത്തണ്ടയില്ലാതെ (നിൎല്ലജ്ജ) ജഗന്നാഥനെ അളിയന്റെ കൂട വേറൊരു കോട്ടത്തിൽ തല്ക്കാലത്തേക്കു പാൎപ്പിച്ചിരിക്കുന്നു. അവിടെയും അതിസാന്നിദ്ധ്യം ഉണ്ടാകുമോ എന്നു പലരും സംശയിക്കുന്നു.

ബ്രിതിഷ് ബൎമ്മ:— എന്ന രാജ്യം പല പ്രകാരം നന്നാകുന്നു എന്നു പറയാം.

1. ജനത്തുക	1869-70ഇൽ	24,63,484 പേരിൽനിന്നു
	1875-76ഇൽ	30,10,662 ആളോളം പെരുകി
2. രാജ്യവരുമാനം	1869-70ഇൽ	1,26,16,510 ഉറുപ്പികതൊട്ടു
	1875-76ഇൽ	1,89,56,937 രൂപ്പികയോളം കയറി
3. 18 എഴുത്തുപള്ളികളിൽ	1869-70ഇൽ	2,418 കുട്ടികൾ പഠിച്ചിരിക്കേ
1206 ,,	1875-76ഇൽ	38,437 പേർ പഠിച്ചു വന്നു.

ഠരം നന്മയോടു കൂട തിന്മയും വൎദ്ധിച്ചും മുമ്പേ 3 തുറുങ്കു മതിയായിരുന്നു എങ്കിലും ഇപ്പോൾ 12 ആവശ്യം അതിന്നു തക്കവണ്ണം പുതുനിയമക്കാരും ഇരട്ടിക്കേണ്ടി വന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. | MAY 1877. | No. 5.

EARTHLY CARE.

ഒർ ഉചിതകഥ.

കുറയൊ എറയൊ ഉണ്ടായാലും വേലക്കാരന്റെ ഉറക്കം മധുരം, ധനവാന്റെ തൃപ്തിയൊ അവനെ ഉറങ്ങുവാൻ വിടുന്നില്ല, (പ്രസംഗി 5, 11.) എന്നു ജ്ഞാനിയായ ശലോമോൻ രാജാവു പണ്ടു പറഞ്ഞ വാക്കിന്നു താഴെ വരുന്ന കഥ നല്ലൊരു ഉദാഹരണം, എന്നു തോന്നുകയാൽ വായനക്കാരുടെ സന്തോഷത്തിന്നായി അതു ഭാഷാന്തരപ്പെടുത്തി എഴുതുന്നു.

പണ്ടു വലിയൊരു ധനവാൻ ഉണ്ടായിരുന്നു. അവന്നു പൊൻ, വെള്ളി, നിലമ്പറമ്പുകൾ, കന്നുകാലികൾ എന്നിവ അനവധി ഉണ്ടായിരുന്നു, എന്നാൽ അവന്റെ സമ്പത്തു എത്ര പെരുകിയിരുന്നിട്ടും, അവന്നു സുഖം ഒട്ടും ഉണ്ടായില്ല. രാവും പകലും മനസ്സിൽ ചിന്തയും കലക്കവും അത്രെ ഉണ്ടായിരുന്നുള്ളു. ചിലപ്പോൾ അവൻ ആകാശത്തുനിന്നു മഴ ഉണ്ടാകയില്ല, തോട്ടുകൾ ഒക്ക വറണ്ടുപോകും, എന്നും അതിനാൽ തന്റെ വിളവുകൾ ഒക്ക ഉണങ്ങി കരിഞ്ഞുപോകും എന്നു വിചാരിച്ചു ഭയപ്പെടും. മറ്റു ചിലപ്പോൾ കള്ളന്മാർ വന്നു തന്റെ മുതലൊക്ക കുത്തിക്കവൎന്നുകൊണ്ടുപോകയൊ, അല്ലെങ്കിൽ സൎവ്വവും തീകൊണ്ടു നശിച്ചുപോകയൊ ചെയ്യും. എന്നു വിചാരിച്ചിട്ടു കലക്കം കൊള്ളും. ചുരുക്കി പറഞ്ഞാൽ ഒന്നല്ലെങ്കിൽ മറെറാന്നു ചൊല്ലി, അവന്റെ മനസ്സിൽ വിനനാഴിക പോലും സമാധാനവും സന്തോഷത്തിന്റെ ലവലേശവും ഇല്ലാതെ ഇരുന്നു.

ഈ ധനവാന്നു പശുക്കളെ നോക്കുന്ന ഒരു ചെക്കൻ ഉണ്ടു. അവന്റെ മുഖം എപ്പോഴും പ്രസന്നമായതു, ദിവസം മുഴുവൻ ആനന്ദിച്ചു പാടികൊണ്ടിരിക്കുന്നതു അവന്റെ ശീലം. രാവിലെ പശുക്കളെ മേയ്പാൻ പുറത്തു കൊണ്ടുപോകുമ്പോൾ സന്തോഷം നിറഞ്ഞവൻ, വൈകുന്നേരം തിരിച്ചു വരുമ്പോൾ അങ്ങിനെ തന്നെ. എപ്പോഴും തമാശയും പൊലുമയും ചിരിയും ഉള്ളവനായിരിക്കും. ലോകത്തിൽ എന്തെല്ലാം നടക്കുന്ന

എന്നു അവന്നു ഒരു ഗണ്യമില്ല. ലോകം എന്നൊന്നുണ്ടൊ ഇല്ലയോ, അ ല്ല അതുള്ളതുകൊണ്ടു തനിക്കു എന്തൊ ഏതൊ, എല്ലാം ഒരു പോലെയ ത്രെ. തന്റെ അത്താഴം ഉണ്ടു കഴിഞ്ഞാൽ, തന്റെ പരുപരുത്ത വിരി പ്പിൽ കിടന്നു, പുലരുന്നതുവരെ ഒരു ഒററ ഉറക്കമായി സുഖിച്ചു ഉറങ്ങും.

യജമാനന്റെ ഭാൎയ്യ ഈ ചെക്കൻ നിത്യം സന്തോഷമുള്ളവനായിരി ക്കുന്നതും, തന്റെ ഭൎത്താവു പകലിൽ ആധിയും വിഷാദവും പിടിച്ചവനെ പോലെ നടക്കുന്നതും, രാത്രിയിൽ അല്പം ഉറക്കം ആഗ്രഹിച്ചും തിരിഞ്ഞും മറിഞ്ഞും കിടന്നാലും മനസ്സിൽ നിറഞ്ഞ വിചാരങ്ങളാൽ ഉറക്കം വരാ തെ വലയുന്നതും കണ്ടിട്ടു, തന്നിൽ തന്നെ പറയുന്നു: എന്റെ ഭൎത്താവിന്നു ഇത്ര എല്ലാം ഐശ്വൎയ്യം ഉണ്ടായിട്ടും, അവന്റെ മനസ്സിൽ ഒരു സുഖവും ഇല്ല. രാത്രിയിലൊ പകലിലൊ അവന്നു ഒരു ആശ്വാസവും ഇല്ല, പശു ക്കളെ മേയ്ക്കുന്ന ഈ ചെക്കന്നുള്ള സന്തോഷത്തിന്റെ പാതിയും ഇവന്നി ല്ല. ചെക്കന്നു മാസാന്തരം അല്പം ചില പൈശമാത്രമെ കിട്ടുന്നുള്ളു, എ ന്നിട്ടും അവന്നു സന്തോഷമല്ലാതെ ഒന്നും ഇല്ല. ഇതിന്നു എന്തു കാരണം ആയിരിക്കും?

ഇങ്ങിനെ മനസ്സിൽ വിചാരിച്ചിട്ടു ഒരു നാൾ തന്റെ ഭൎത്താവോടു: പ്രാണനാഥ, നിങ്ങൾ വലിയ ധനവാൻ അല്ലെ്യാ, ഏറിയ ദ്രവ്യം നിങ്ങൾ്ക്കു കുന്നിച്ചു കിടക്കുന്നു, നിലം പറമ്പുകളും അനവധിയുണ്ടു, എന്നിട്ടും ചിന്ത യും വ്യാകുലവും നിങ്ങളിൽ നിറഞ്ഞിരിക്കുന്നു. എപ്പോഴും വലിയ അരി ഷ്ടന്റെ ചേൽ നടക്കുന്നു. നിങ്ങളുടെ സമ്പത്ത രാവും പകലും നിങ്ങൾ ക്കു അശേഷം സുഖം എത്തിക്കുന്നപ്രകാരം കാണുന്നില്ല. നമ്മുടെ പശു ക്കളെ നോക്കുന്ന ചെക്കന്നുള്ള സന്തോഷത്തിന്റെ ലേശം പോലും നി ങ്ങൾക്കില്ലല്ലൊ, അവന്നു ഒരു ആധിയും ഇല്ല വിചാരവും ഇല്ല, മുഖം എ പ്പോഴും തെളിഞ്ഞിരിക്കുന്നു. നിങ്ങൾ എപ്പോൾ അവനെ നോക്കിയാലും ചിരിക്കയും പാടുകയും ചെയ്യുന്നവനായിക്കാണും എന്നു പറഞ്ഞു.

അതിന്നു ഭൎത്താവു പറഞ്ഞു: അങ്ങിനെയൊ? നാളെ നേരം പുലരു ന്നതുവരെ ക്ഷമിക്ക, അപ്പോൾ അവന്റെ മാതിരി എങ്ങിനെ, എന്നു നീ നന്നായി നോക്കികൊള്ളേണം. നാളെ അവൻ ചിരിക്കയും പാടുകയും ചെയ്യുന്നതു നീ കാണും, എന്നു തോന്നുന്നില്ല. അവന്റെ മുഖത്തു അത്ര സന്തോഷവും ഉണ്ടാകയില്ല.

അതിന്നു ഭാൎയ്യ കൊള്ളാം, രാവിലെ ചെക്കന്റെ ചേൽ എങ്ങിനെ ഇരി ക്കും, എന്നു നോക്കിക്കൊള്ളാം എന്നു സമ്മതിച്ചു. എങ്കിലും ഒരു രാത്രി കൊണ്ടു ഭൎത്താവു പറഞ്ഞപ്രകാരമുള്ള മാററം ചെക്കനിൽ ഉണ്ടാകും, എന്നു അവൾ വിശ്വസിച്ചില്ല.

അവരുടെ ഭവനത്തിന്റെ പിൻപുറത്തു ഫല ചെറുപുരകൾ ഉള്ള

തിൽ ഒന്നിൽ വളരെ ഉമി കൂടികിടപ്പുണ്ടായിരുന്നു. ഭൎത്താവു ഏകദേശം 150 ഉറുപ്പിക വിലെക്കുള്ള ഒരു വെള്ളിവാളം എടുത്തു, ആ ഉമിയിൽ കുഴിച്ചിട്ട ശേഷം, ചെക്കനെ വിളിച്ചു ആ ഉമി ഒക്ക കോരി മറെറാരു പുരയിൽ ആക്കേണ്ടതിന്നു കല്പിച്ചു. ചെക്കൻ പതിവുപ്രകാരം പാട്ടും പാടികൊണ്ടു ഒരു കൊട്ട എടുത്തു പണിയും തുടങ്ങി. ക്രമേണ അടിയിൽ എത്താറായപ്പോൾ, വെളുവെളുങ്ങനെ മിന്നുന്ന വെള്ളിക്കട്ടി കണ്ടു, അത്യന്തം സന്തോഷിച്ചു. (അങ്ങിനെത്ത സന്ധിയിങ്കൽ സന്തോഷം വരാത്തതു ആൎക്കു?) ഇതു എങ്ങിനെ ഇവിടെ വന്നു? ആർ ഇതു ഇവിടെ വെച്ചു? എന്നു വിചാരിച്ചു ആശ്ചൎയ്യപ്പെട്ടു. പക്ഷെ യജമാനൻ ഇതു ഇവിടെ സൂക്ഷിച്ചുവെച്ചിട്ടു, ഇപ്പോൾ കേവലം മറന്നു പോയതായിരിക്കും, അല്ലെങ്കിൽ ഒരു അത്രുപി എനിക്കു വേണ്ടി ഇതു ഇവിടെ വെച്ചിരിക്കും, എന്നു അവൻ വിചാരിച്ചു. പിന്നെ ഇതുകൊണ്ടു എന്തു വേണ്ടു, എന്നു ചിന്തിപ്പാൻ തുടങ്ങി. എന്റെ യജമാനന്നു കൊണ്ടുപോയി കൊടുക്കയൊ? അയ്യൊ! അതു ചെയ്വാൻ മനസ്സു വരുന്നില്ല. എന്നാൽ എടുത്തു ഒളിച്ചു വെക്കട്ടെ, എങ്കിലും യജമാനൻ അതു അറിഞ്ഞാലൊ കാൎയ്യം എന്തായിതീരും? എങ്ങിനെ ആയാലും തല്ക്കാലത്തേക്കു ഒളിച്ചു വെക്ക തന്നെ. പിന്നെ തരം കിട്ടിയ ഉടനെ യജമാനന്റെ പണി ഉപേക്ഷിച്ചു, വെള്ളിയും എടുത്തു പൊയ്ക്കളയാം, എന്നു മനസ്സിൽ തീൎച്ചവരുത്തി. എന്നാൽ ഇതു എവിടെ സൂക്ഷിച്ചു വെക്കേണ്ടു? എന്നുള്ള വിചാരം തുടങ്ങി. ഈ വക ചിന്ത നിമിത്തം പാട്ടങ്ങു നിന്നു. ഇതുകൊണ്ടു എന്തു പ്രയോഗം ചെയ്യാം? എന്നതിനെ കുറിച്ചും വലിയ കലക്കം ആയി. ഒരു നിലം മേടിക്കയൊ, അല്ല ഒരു വീടു വാങ്ങുകയൊ ഏതു നന്നു? പക്ഷെ തനിക്കു ഒരു ഭാൎയ്യ വേണ്ടുമ്പോൾ ഉതകുവാൻ തക്കവണ്ണം ഇതു ബേങ്കിൽ ഇട്ടാൽ നന്നായിരിക്കും, എന്നും വിചാരിച്ചു. ഈ വക വിചാരങ്ങളും ചിന്തകളും മുഴുത്തു ഉറങ്ങുവാൻ ചെന്നുകിടന്നു, എങ്കിലും കിട്ടിയ നിധിയെ കുറിച്ചുള്ള വിചാരംകൊണ്ടും അതു എങ്ങിനെ ഉപയോഗിക്കേണ്ടു? എന്നുള്ള ആകുലം നിമിത്തവും ഉറക്കം അശേഷം വന്നില്ല. നേരം പുലൎന്നെങ്കിൽ കൊള്ളായിരുന്നു, എന്നു ആശിച്ചുംകൊണ്ടു തന്റെ പായിൽ തിരിഞ്ഞും മറിഞ്ഞും രാത്രി ഒരു പ്രകാരേണ കഴിച്ചു കൂട്ടി എന്നെ വേണ്ടു.

ഒടുവിൽ നേരം പുലൎന്നു, അവൻ എഴുനീററു പതിവു പോലെ പണിക്കു പുറപ്പെട്ടു. എങ്കിലും ചിരിപ്പാനൊ പാടുവാനൊ കഴിയാതവണ്ണം അവന്റെ ഹൃദയം ചിന്തകളാൽ ഭാരപ്പെട്ടിരുന്നു. സാക്ഷാൽ ബഹു നിൎഭാഗ്യം അനുഭവിച്ചു.

അന്നേരം യജമാനി പുറത്തു വന്നു, എല്ലാ രാവിലെയും ഉള്ളപോലെ ചെക്കൻ പാടുന്നില്ല എന്നും, അവന്റെ മനസ്സിൽ, ഏതാണ്ടൊരു

കലക്കം ഉള്ളപോലെ കാണുന്നു എന്നും കണ്ടു വിസ്മയിച്ച്, ഇതിന്റെ കാരണം എന്തായിരിക്കും, എന്നു വിചാരിച്ച് അവന്റെ അടുക്കെ ചെന്നു:

എടാ: നിനക്കു ഇന്നു എന്തായി? ഏതൊ ഒരു വ്യസനം പിടിച്ചതു പോലെ ഇരിക്കുന്നുവല്ലൊ അതെന്തു? എന്നു ചോദിച്ചു.

ചെക്കൻ: എനിക്കു ഒന്നും ഇല്ല. യജമാനി: നിനക്കു വല്ല ദീനം ഉണ്ടൊ? ചെക്കൻ: ഇല്ലമ്മെ.

യജമാനി: പിന്നെ എന്താടാ നീ വല്ലാണ്ടിരിക്കുന്നതു, എപ്പോഴും ആടിപ്പാടികൊണ്ടിരിക്കുന്ന നീ ഇന്നു ഒരു കലമ്പൊളിയന്റെ മാതിരി ഇരിക്കുന്നത എന്തു? വല്ല വികൃതിയും ചെയ്തൊ? ചെക്കൻ: അമ്മെ ഞാൻ ഒന്നും ചെയ്തില്ലെ.

അല്പസമയത്തിൽ പിന്നെ യജമാനൻ ഭാൎയ്യയെ വിളിച്ചു, നീ ഇന്നു ചെക്കനെ കണ്ടുവോ? എന്നു ചോദിച്ചു.

ഭാൎയ്യ: അതെ കണ്ടു. ഭൎത്താ: എങ്ങിനെ ഇരിക്കുന്നു?

ഭാൎയ്യ: എനിക്കൊന്നും തിരിയുന്നില്ല. അവന്റെ മനസ്സിൽ ഏതൊ ഒരു ഭാരം ഉള്ളപ്രകാരം തോന്നുന്നു. ഭൎത്താ: അവൻ പാടുന്നുവൊ?

ഭാൎയ്യ: ഇല്ല. അശേഷം ഇല്ല. ഭൎത്താ: ചിരിയുണ്ടൊ?

ഭാൎയ്യ: ചിരിയും ഇല്ല. എത്രയും വല്ലാതിരിക്കുന്നു. ഞാൻ അവനോടു കാരണം ചോദിച്ചു, ഒന്നും ഇല്ലെന്നു അവൻ പറയുന്നു. ഞാൻ ഇതു അശേഷം ഗ്രഹിക്കുന്നില്ലപ്പാ.

ഭൎത്താ: നിനക്കു മനസ്സിലാകയില്ല. എന്നാൽ എനിക്കു മനസ്സിലായിരിക്കുന്നു. അവന്റെ ചിരിയും പാട്ടും ക്ഷണംകൊണ്ടു നിൎത്തിതരാം, എന്നു ഞാൻ ഇന്നലെ നിന്നോടു പറഞ്ഞത ഓൎമ്മയില്ലെ? ഇപ്പോൾ അങ്ങിനെ തന്നെ അവനെകൊണ്ടു പാട്ടു പാടിക്കുവാനും, എനിക്കു കഴിവുണ്ടൊ ഇല്ലയൊ എന്നു നീ കണ്ടുകൊൾക.

ഭാൎയ്യ: ഇതു കേട്ടു സാരം ഗ്രഹിക്കാതെ വിസ്മയിച്ചുനിന്നു.

അപ്പോൾ യജമാനൻ ചെക്കനെ വിളിച്ചു, എടാ ഞാൻ ഇന്നലെ ആ ഉമി അവിടെനിന്നു നീക്കുവാൻ നിന്നോടു പറഞ്ഞുവല്ലൊ, നീ അതു ചെയ്തുവൊ? എന്നു ചോദിച്ചു. ചെക്കൻ: ഉവ്വ, യജമാനനെ.

യജമാനൻ: ആ ഉമിക്കകത്തു ഒരു വെള്ളിവാളും ഉണ്ടായിരുന്നുവല്ലൊ, നീ കണ്ടില്ലെ? ചെന്നു എടുത്തു കൊണ്ടുവരിക, ഞാൻ നിനക്കു ഒരു കൂട്ടം ഉടുപ്പു മേടിക്കേണ്ടതിന്നു 2000 കാശ തരും.

ചെക്കൻ ഇതു കേട്ടപ്പോൾ മുഖഭാവം മാറി ഒരക്ഷരം പറവാൻ കഴിയാതെ നിന്നു വിചാരിച്ചതാവിതു: ഒഹൊ! എന്നാൽ യജമാനൻ ഇത അറിഞ്ഞിരിക്കുന്നു, പക്ഷെ എന്റെ പരമാൎത്ഥം പരീക്ഷിപ്പാൻ അവൻ അത ഉമിക്കകത്ത വെച്ചിരിക്കും; ഇപ്പോൾ അവന്നു തിരിച്ചു കൊടുക്കയല്ലാതെ നിൎവ്വാഹമില്ല.

എന്നിട്ട തൻെറ ഇഷ്ടത്തിന്നു വിരോധമായി തൻെറ ഉറക്കിടത്തിൽ ചെന്നു, പായിത്തിരയിൽനിന്നു വെള്ളി എടുത്തു കൊണ്ടുവന്നു യജമാനന്നു കൊടുത്തു. അവനും പറഞ്ഞപ്രകാരം 2000 കാശ് ചെക്കന്നു കൊടുത്തു. അവൻ അതുവാങ്ങി മുമ്പെ താൻ വെള്ളി വെച്ചിരുന്ന സ്ഥലത്തകൊണ്ടുപോയി വെച്ചു, ഒരു പുതിയ വസ്ത്രം മേടിപ്പാൻ തനിക്കു കഴിവുണ്ടല്ലൊ, എന്നു ഓൎത്തു അത്യന്തം സന്തോഷിച്ചു. തൻെറ ഇതുവരെയുള്ള ആയുസ്സിൽ ഈ ഒരിക്കൽ മാത്രം ഇത്ര വ്യാകുലവും ചിന്തയും വരുത്തിയ വെള്ളിക്കണ്ടം കയ്യിൽനിന്നു നീങ്ങിയ ശേഷം, മുമ്പെ പോലെ അവൻെറ പാട്ടും തമാശയും ഇളകി തുടങ്ങി.

യജമാനസ്ത്രീ അവൻെറ പാട്ടും ചിരിയും വീണ്ടും വന്നത കണ്ടാറെ, അതിശയിച്ചുകൊണ്ടു ഭൎത്താവോടു: "ഒരു വെള്ളിവാളം ഈ ചെക്കന്നു ഇത്ര വലിയ പരവശത വരുത്തിയതു ഓൎത്താൽ, ബഹു കൌതുകം തന്നെ" എന്നു പറഞ്ഞതിന്നു ഭൎത്താവു അവളോടു "ഒരു ഒററ വെള്ളിവാളം ഇവന്നു ഇത്ര വ്യാകുലം വരുത്തിയെന്നു നീ കണ്ടുവല്ലൊ. എന്നാൽ ഈ വക ഏറിയ വാളങ്ങളുള്ള ഞാൻ ചിന്താഭാരം ഇല്ലാത്തവനായിരിക്കുന്നതു എങ്ങിനെ?" എന്നുത്തരം പറഞ്ഞു.

ധനം പെരുകുമ്പോൾ ചിന്തയും പെരുകുന്നു, എന്ന പഴമൊഴി സത്യമാകുന്നു എന്നു ഈ കഥ കാണിക്കുന്നില്ലയൊ?

OPENING OF PARLIAMENT.

മന്ത്രിസഭ തുടങ്ങിയതു.

ഇംഗ്ലാന്തിൽ രാജ്യകാൎയ്യാദികളെ വിചാരിച്ചു നടത്തിക്കുന്ന മന്ത്രിസഭ ഓരോ സംവത്സരത്തിൻെറ ആരംഭത്തിലൊ, വല്ല വിടുതൽ കഴിഞ്ഞ ശേഷമോ ഒന്നാം പ്രാവശ്യം കൂടി വരുമ്പോൾ രാജാവു വാഴുന്നെങ്കിൽ രാജാവു, രാജ്ഞി വാഴുന്നെങ്കിൽ രാജ്ഞി, സഭയിൽ ചെന്നു, യാതൊരു പ്രവൃത്തിയൊ ആലോചനയോ തുടങ്ങും മുമ്പെ കൂടിയിരിക്കുന്ന മന്ത്രികളോടും കാൎണ്ണികളോടും ഒന്നു പ്രസ്താവിച്ചരുളും. മന്ത്രിസഭയിലേക്കുള്ള ആ എഴുന്നെള്ളത്തു ബഹു കോലാഹലത്തോടും ഘോഷത്തോടും കൂടെ സംഭവിക്കയും, ആസ്ഥാനമണ്ഡപത്തിൻെറ പ്രത്യേകമുള്ളൊരു വാതിലിൽ കൂടി ചെല്ലുകയും ചെയ്യുന്നു. നമ്മുടെ ചിത്രത്തിൽ വാതിലിനെയും എഴുന്നെള്ളത്തിനെയും കാണാം. ഈ കഴിഞ്ഞ ഫിബ്രവരിമാസം 8ാം നു- മഹാരാണിയും ചക്രവൎത്തിനിയുമായ വിക്തോരിയവൎകൾ ഈ വിധത്തിൽ മന്ത്രിസഭയിലേക്കു എഴുന്നെള്ളി ഓരോ രാജ്യകാൎയ്യാദികളെ കുറിച്ചു പ്രസ്താവിച്ചരുളിയ ശേഷം, ബൊംബായി, മദ്രാസി എന്നീരണ്ടു സംസ്ഥാനങ്ങൾക്കു തട്ടിയ പഞ്ചം ഓൎത്താൽ വളരെ വ്യസനിക്കുന്നു. ആ ജനങ്ങളുടെ കഷ്ട

ങ്ങളെ ശമിപ്പിപ്പാനും, ക്ഷാമം രാജ്യത്തിൽ അധികം വ്യാപിക്കാതിരിക്കേണ്ടതിന്ന തക്കം നോക്കുവാനും സൎക്കാർ വളരെ ഉത്സാഹിച്ചു വരുന്നു എന്നു കല്പിക്കയും ചെയ്തു.



HISTORY OF THE BRITISH EMPIRE.
ഇംഗ്ലിഷ ചരിത്രം.

(Continued from No. 4, page 57.)

ആറാം ഹെന്റ്രിയുടെ അന്ത്യകാലം അന്തഃഛിദ്രങ്ങളാൽ കൈച്ചുപോയി. അവന്ന പ്രായം തികഞ്ഞപ്പോൾ ആധിപത്യത്തിന്ന വേണ്ടുന്ന പ്രാപ്തിയും സ്ഥിരതയും ഇല്ലായ്കകൊണ്ടു, മന്ത്രിസഭക്കാർ പല കൂറുകളായി പിരിഞ്ഞു, അന്നന്ന ശ്രേഷ്ഠതയെ പ്രാപിച്ചവർ ശേഷമുള്ളവരെ താഴ്ത്തി രാജാവിനെയും നടത്തിച്ചുപോന്നു. രാജാവു സുശീലനും പുണ്യവാനും നീതിന്യായങ്ങളെ ഒരു ഭേദം വരുത്താതെ രക്ഷിപ്പാൻ താല്പൎയ്യമുള്ളവനും, എങ്കിലും കലഹക്കാരായ തന്റെ പ്രജകളെ അടക്കി വാഴുവാൻ ശക്തി പോരാ.

1445ാമതിൽ അവൻ അഞ്ജുകാരിയായ മൎഗ്രെത്ത (Margret of Anjou) എന്ന അഹമ്മതിയും പ്രൌഢിയുമുള്ള കുമാരിയെ വേളികഴിച്ചു ഉടനെ അവൾ രാജ്യത്തിലെ മുഖ്യാധികാരത്തെയും മന്ത്രിസഭയുടെ മേൽ തന്നെ കൎത്തൃത്വത്തെയും കൊതിച്ചു. അതുകൊണ്ടു ആ കല്യാണം നിമിത്തം ഇംഗ്ലിഷജനങ്ങൾക്കു വളരെ നീരസം വന്നു. അഞ്ജു എന്ന നാടു പരന്ത്രീസ്സിലുള്ള ഒരു ഇംഗ്ലിഷ അവകാശം ആയിരുന്നു. കല്യാണനാളിൽ തന്നെ രാജാവു ആ ദേശം കുമാരിയുടെ അച്ഛന്ന അവകാശമാക്കി കൊടുത്തതുകൊണ്ടു, ജനങ്ങൾ വളരെ വെറുത്തു. അക്കാലത്ത രാജാവിന്റെ കാരണവരും ജനങ്ങളാൽ പുണ്യവാനായ ഹുംഫ്രെ എന്നു വിളിക്കപ്പെട്ടവനുമായ ഗ്ലൊസസ്തർ തമ്പുരാനും, രാജാവിന്റെ മൂത്ത കാരണവരായ ബൊഫൊത്തിലെ സഭാതലവനും (Cardinal of Beaufort) എന്നീരണ്ടു മഹാന്മാർ ശ്രേഷ്ഠത്വം നിമിത്തം തമ്മിൽ കലഹിച്ചു. സഭാതലവൻ രാജാവിന്റെ കല്യാണത്തിന്നു അനുകൂലനാകകൊണ്ടു, രാജ്ഞി അവന്റെ പക്ഷം എടുത്തു ഗ്ലൊസസ്തരിന്റെ നേരെ ഓരോ അന്യായങ്ങളെ പ്രവൃത്തിച്ചു. അവൾ ഇംഗ്ലന്തിൽ എത്തിയ ഉടനെ അത്തമ്പുരാൻ മരിച്ചതുകൊണ്ടു, പലൎക്കും സംശയം തോന്നി. സഭാതലവനും വേഗം മരിച്ചതിനാൽ രാജ്ഞിയുടെ ആശ്രിതനായ സുഫൊല്ക്ക, എന്ന തമ്പുരാൻ ശ്രീത്വം പ്രാപിച്ചു, എങ്കിലും പരന്ത്രീസ്സിൽ ഇംഗ്ലിഷ്ക്കാൎക്കു തട്ടിയ അപജയങ്ങൾ ഇവൻ മൂലമായി വന്നു, എന്നു ജനങ്ങൾ വിചാരിച്ചു അവനെ വെറുക്കകയാൽ, അവൻ കുറയ കാലം മാത്രം ആ ഉയൎന്ന സ്ഥാനത്തിൽ ഇരുന്നു. തന്റെ കാൎയ്യം അബദ്ധം എന്നു കണ്ടു ഇംഗ്ലന്തിനെ വിട്ടു കപ്പൽ കയറി ഓടിപ്പോകുവാൻ ശ്രമിച്ചപ്പോൾ, ഒരു കപ്പിത്താൻ അവനെ പിടിച്ചു തൂക്കിക്കൊന്നു.

1453ാമതിൽ രാജാവു കഠിന രോഗം പിടിച്ചു, ചില മാസത്തോളം

ബോധം കെട്ടു കിടന്നു. ആ സങ്കടകാലത്തിൽ രാജ്ഞി അവന്നു ഒരു പുത്രനെ പ്രസവിച്ചു, എങ്കിലും ദീനത്തിന്റെ ശക്തി നിമിത്തം അവന്നു കുട്ടിയെ കണ്ടറിവാൻ കഴിഞ്ഞില്ല. ഈ കുമാരന്റെ പേർ എദ്വാദ്, എങ്കിലും അവന്റെ പിറവിയാൽ ഛിദ്രങ്ങൾ അടങ്ങാതെ വൎദ്ധിക്കമാത്രം ചെയ്തു. രാജ്ഞി സൊമൎസ്സെത്ത തമ്പുരാനെ (Duke of Somerset) ആദരിച്ചു, എങ്കിലും അവനും ജനങ്ങൾക്കു അനിഷ്ടനത്രെ. ഇവനെ യോൎക്ക തമ്പുരാനായ റിചാൎദ (Richard Duke of York) വിരോധിച്ചു, താൻ രാജാവിന്നു നാട്ടുവാഴുന്നതിൽ സഹായം ചെയ്വാൻ വേണ്ടി ശ്രേഷ്ഠത്വം തേടുന്നുള്ളു, എന്നു പറഞ്ഞു, എങ്കിലും രാജാസനം ഏറിയാൽ മതിയാവു, എന്നത്രെ അവന്റെ അന്തൎഗ്ഗതം. അവന്റെ അമ്മ മൂന്നാം എദ്വാൎദി ന്റെ മൂന്നാം പുത്രനായ ലൈയോനൽ, എന്ന ക്ലെരന്സ തമ്പുരാന്റെ കുഡുംബത്തിലുള്ളവൾ ആകകൊണ്ടും, അന്നേത്ത രാജാവിന്റെ പൂൎവ്വപിതാവായ ലങ്കസ്തർ തമ്പുരാൻ ലൈയോനലിന്റെ അനുജനാകകൊണ്ടും, അവന്നു കിരീടത്തിന്നു അവകാശം പറവാൻ ന്യായം ഉണ്ടു, എങ്കിലും മന്ത്രിസഭയും പ്രജകളും ഒരുമനപ്പെട്ടു ലങ്കസ്തർ സ്വരൂപത്തെ വാഴിച്ചശേഷം, അവന്റെ ആ വിചാരം ശാന്ത്യം എന്നെ വേണ്ടു. കുറയകാലം രാജ്ഞിയും യോൎക്കും മാത്രം ആ കാൎയ്യം ചൊല്ലി തങ്ങളിൽ പിണങ്ങിയാറെ, ജാതിമുഴുവനും അതിൽ കുടുങ്ങിപ്പോയതിനാൽ കലശൽ അത്യന്തം വിഷമിച്ചു. രാജ്യത്തിൽ യോൎക്ക്യർ ലങ്കസ്ത്രിയർ എന്നീരണ്ടു പക്ഷമേയുള്ളു. ഈ രണ്ടു കൂട്ടകാർ ഏകദേശം മുപ്പതു സംവത്സരത്തോളം തങ്ങളിൽ നടത്തിയ പോരാട്ടത്തിന്നു പനിനീൎപ്പുഷ്പപടകൾ, എന്ന പേർ നടപ്പായി വന്നു. ലങ്കസ്ത്രിയർ ചുവന്നും യോൎക്ക്യർ വെളുത്തുമുള്ള പനിനീൎപ്പുഷ്പത്തിന്റെ ചിത്രം കൊടിക്കൂറകളുടെ മേൽ വരച്ചതു, ആ പേരിന്റെ ഹേതുവായിരുന്നു.

രാജാവിന്റെ ദീനം ഏകദേശം ഒന്നരസംവത്സരത്തോളം നിന്നതുകൊണ്ടു യോൎക്ക മന്ത്രിസഭയുടെ നിയോഗപ്രകാരം രാജ്യത്തെ വാണു, എങ്കിലും സൌഖ്യം വന്നാറെ രാജ്ഞിയുടെ പക്ഷക്കാരനും ലങ്കസ്ത്രിയനുമായ സൊമൎസ്സെത്ത ശ്രേഷ്ഠാധികാരത്തെ പ്രാപിച്ചു. അതിനാൽ ഉണ്ടായ പിണക്കത്തെ മദ്ധ്യസ്ഥന്മാരെകൊണ്ടു തീൎക്കേണം, എന്നു മന്ത്രിസഭ കല്പിച്ചു, എങ്കിലും ന്യായം കേൾപാൻ ഇരുപക്ഷക്കാൎക്കു ചെവിയില്ലായ്കകൊണ്ടു, അവർ യുദ്ധത്തിന്നു ഒരുങ്ങിനിന്നു. അവർ തങ്ങളിൽ വെട്ടിയ ഒന്നാം പട ലൊണ്ടന്റെ അരികെയുള്ള സന്ത അല്പാൻ, എന്ന സ്ഥലത്തിൽ സംഭവിച്ചു. (മെയി 22ാം ൹ 1455) രാജപക്ഷക്കാരായ ലങ്കസ്ത്രിയർ നഗരത്തെരുക്കളിൽ കൂടി യുദ്ധത്തിൽ ചെല്ലുകകൊണ്ടു, നഗരം തന്നെ പോൎക്കളമായി തീൎന്നു. കുറയക്കാലം കാൎയ്യത്തീൎപ്പു സംശയത്തിന്മേൽ ഇരുന്ന ശേഷം, വ

വ്വിക് എന്ന പ്രഭു തന്റെ അനുചാരികളുമായി മുല്പുക്ക, ലങ്കസ്റ്റർ തമ്പുരാനെയും അവന്റെ ചില നായകന്മാരെയും വെട്ടിക്കൊന്നു. എന്നാറെ യോക്ക തമ്പുരാൻ പടധൎമ്മം ചൊല്ലി, രാജാവിന്റ സുഖമാകുവോളം നാട്ടിനെ വാഴുവാൻ നിശ്ചയിച്ചു. പിന്നെ നാലു സംവത്സരം പടവെട്ടൽ ഇല്ലെങ്കിലും, ശ്രേഷ്ഠത്വം നിമിത്തം രാജ്ഞിക്കും യോക്ക തമ്പുരാനും തമ്മിൽ ഉണ്ടായ വാഗ്വാദങ്ങൾക്ക ഒരു അവസാനവുമില്ല. സാധുവും സുശീലനുമായ രാജാവു എന്തു തന്നെ ചെയ്താലും പിണക്കക്കാരെ മാത്രം സമാധാനപ്പെടുത്തുവാൻ കഴികയില്ല. 1459ാമതിൽ വൈരം മുഴുത്തു വന്നാറെ, സപ്തംബർ 23ാം നു- ബ്ലോഹീത്ത് എന്ന സ്ഥലത്തിൽ ഇരുപക്ഷക്കാർ തമ്മിൽ എതിരിട്ടപ്പോൾ, ലങ്കസ്ത്രിയപട്ടാളങ്ങൾ പ്രബലപ്പെട്ടു, യോക്ക്യരെ ഛിന്നഭിന്നമാക്കി. എന്നതിൽ പിന്നെ യോക്ക്യപ്രധാനസേനാപതിമാർ രാജ്യത്തെ വിട്ടു ഒളിച്ചു പാൎത്തപ്പോൾ, രാജ്ഞി മന്ത്രിസഭയെ കൂട്ടി, ആ വക നായകന്മാരെ പിഴക്കിക്കളഞ്ഞു. എങ്കിലും ലങ്കസ്ത്രിയർ പ്രാപിച്ച വീൎയ്യം ക്ഷണികമത്രെ. വൎവ്വിക്പ്രഭുവും യോക്കിന്റെ പുത്രനായ എദ്വർദും കുറയ നേരം ഒളിച്ചിരുന്ന ശേഷം, ഇംഗ്ലന്തിലേക്ക മടങ്ങി ചെന്നു, ആശ്രിതന്മാരെ കൂട്ടി രാജപക്ഷക്കാരോടു പോർ തുടങ്ങി അവരെ ജയിച്ചു, രാജാവിനെ പിടിച്ചു തടവിലാക്കി. ഇതിനെ രാജ്ഞി അറിഞ്ഞപ്പോൾ മകനെ ചേൎത്തു, സ്കോത്ലന്തിലേക്ക ഓടിപ്പോയി. ഈ വൎത്തമാനം ഐയല്ന്തിൽ ഒളിച്ചു പാൎക്കുന്ന യോക്ക തമ്പുരാൻ കേട്ടു, ബദ്ധപ്പെട്ടു ലൊണ്ടനിലേക്ക മടങ്ങി ചെന്നു രക്ഷാപുരുഷസ്ഥാനം വീണ്ടുകൊണ്ടതല്ലാതെ, കിരീടം തന്റെ അവകാശം എന്നു ധൈൎയ്യത്തോടെ പറഞ്ഞു. എങ്കിലും മന്ത്രിസഭ ആ വാക്കിൽ രസിക്കായ്കകൊണ്ടു: രാജാവു ജീവപൎയ്യന്തം വാഴേണം, അവൻ മരിച്ചാൽ അവന്റെ പുത്രനല്ല, യോക്കതമ്പുരാൻ താനോ, അവന്റെ ശേഷക്കാരിൽ വല്ലവനോ രാജമുടി ഏല്ക്കേണം, എന്നൊരു തീൎപ്പിനെ ഉണ്ടാക്കി. ഇതു നിമിത്തം രാജ്ഞി അത്യന്തം വെറുത്തു യുദ്ധത്തിന്നു വട്ടം കൂട്ടി, പോർ തുടങ്ങിയതിൽ യോക്പക്ഷം തോല്ക്കുകയും തമ്പുരാൻ പട്ടുകയും ചെയ്തു. പിന്നെ ഇരുപക്ഷക്കാരും കുറയ കാലത്തോളം വെവ്വേറെ ജയിക്കയും അപജയപ്പെടുകയും ചെയ്ത ശേഷം, പുതിയ യോക്കതമ്പുരാനായ എദ്വർദ് രാജപക്ഷക്കാരായ ലങ്കസ്ത്രിയരെ എതിരിട്ടു കുറച്ചുകളഞ്ഞു. എങ്കിലും രാജ്ഞി ധീരന്മാരും മുഷ്കന്മാരുമായ യോദ്ധാക്കളെ കൂട്ടി, ലൊണ്ടൻ നഗരത്തിന്റെ നേരെ ചെന്നു, സന്ത അല്പാനിൽ രണ്ടാമതു ഒരു പട വെട്ടി വൎവ്വിക്കിന്റെ പട്ടാളങ്ങളെ ഛിന്നഭിന്നമാക്കി, ബദ്ധനായ രാജാവിനെയും വിടുവിച്ചു. ജയം കൊണ്ടശേഷം അവൾ ലൊണ്ടനിൽ പ്രവേശിക്കാതെ, പോക്കളത്തിൽ തന്നെ താമസിച്ചു, പടയാളികൾക്ക ചുററുമുള്ള നാടുകളെ കൊള്ളയിടുവാൻ സമ്മതിച്ചു. അതി

ന്നിടയിൽ യോൿതമ്പുരാൻ ഛിദ്രിച്ചുപോയിരിക്കുന്ന പടജ്ജനങ്ങളെ കൂട്ടി, വൎവ്വിക്കിനോടു ചേൎന്നു ലൊണ്ടനിൽ പ്രവേശിച്ചാറെ, ജനങ്ങൾ അവനെ സന്തോഷത്തോടെ കൈക്കൊണ്ടു, രാജസ്ഥാനവും നാലാം എദ്വൎദ്, എന്ന നാമവും കൊടുത്തു. ഇങ്ങിനെ ബലാല്ക്കാരവും ധൈൎയ്യവും ജയിച്ചു, ന്യായത്തെ മറിച്ചുകളഞ്ഞു. സാധുവും സുശീലനുമായ രാജാവു നീങ്ങി, ധീരതയും പ്രൌഢിയുമുള്ളവൻ അവന്റെ സ്ഥാനത്തെ എല്ക്കയും ചെയ്തു.

എന്നാറെയും കലക്കം അമൎന്നില്ല. രാജ്ഞി പ്രതിക്കാരന്റെ തൊഴിലുകളെ അറിഞ്ഞു വടക്കോട്ടു തിരിഞ്ഞു, എന്നു പുതിയ രാജാവു കേട്ടപ്പോൾ രണ്ടു സേനകളെ ചേൎത്തു, അവളുടെ വഴിയെ ചെന്നു. ഇരുപക്ഷക്കാരും പോരിന്നു അണഞ്ഞപ്പോൾ, ഒരു ലക്ഷത്തിൽ അധികം ഇംഗ്ലിഷ്ഷാർ തങ്ങളിൽ തന്നെ കുത്തി നശിപ്പിപ്പാൻ ഒരുങ്ങിനിന്നു. യോൿപക്ഷം അമ്പതിനായിരവും, ലങ്കസ്തർ പക്ഷം അറുപതിനായിരവും തന്നെ. മാൎച്ച 29ാം നു ഉച്ചതിരിഞ്ഞു നാലുമണി സമയത്തു പോരാട്ടം തുടങ്ങി, രാത്രി മുഴുവനും അതിഭയങ്കരത്തോടെ നടന്നു. ആരോടും കൃപയില്ല, എല്ലാവരെയും കുത്തിക്കൊല്ലും. സംബന്ധക്കാരും ബന്ധുക്കളും ഇരുപക്ഷത്തിൽനിന്നും ക്രോധമത്തരായി തമ്മിൽ എതിരിട്ടു പൊരുതും. പുലൎച്ചെക്കു യോൿയ്യർ ശത്രുക്കളുടെ എണ്ണംകൊണ്ടു ഇളകുമാറായപ്പോൾ, അവരുടെ ഒരു പുതിയ സൈന്യം പോൿഉളത്തിൽ ലങ്കസ്ത്രിയരെ അപജയപ്പെടുത്തി. എന്നാറെ രാജ്ഞി നിൎഭാഗ്യവാനായ ഭൎത്താവിനെയും കൂട്ടി, സ്കോത്ലന്തിലേക്കു ഓടി എദ്വൎദിന്നു രാജാസനത്തേയും രാജ്യത്തേയും ഒഴിച്ചുകൊടുത്തു. ഇംഗ്ലിഷ്ഷാർ തങ്ങളിൽ തന്നെ വെട്ടിയ എല്ലാ പടകളിലും ധീരതയും ക്രൂരതയും സങ്കടവുമുള്ളതു ഇതു തന്നെ.

(To be continued.)

THE MALAYALAM COUNTRY.

മലയാളരാജ്യം.

Origin ഉൽപത്തി. മലയാളം പൂൎവ്വകാലത്തിൽ കടൽ കൊണ്ടു മലകളോളം മൂടി കിടന്നശേഷം ഭൂമിക്കുള്ളിലുള്ള തീയുടെ ഊററത്താൽ പൊങ്ങി വന്നു. അതിന്നു കേരളോല്പത്തിയിൽ മലയാളം എന്ന കേരളം പരശുരാമൻ ഉണ്ടാക്കിയ പ്രകാരം കററു കെട്ടി പറയുന്നു.

ൾഉപ്രദേശത്തോളം ഉള്ള മണലും ഓരോ കുന്നുകളുടെ മുകളിലും ചില പാറപ്പുറത്തും പററിയ മുരുവും ചിന്തിച്ചു നോക്കിയാൽ കടൽ വാങ്ങി പോയതും, അയിപ്പാറകളും ഇരിമ്പു കലൎന്ന ചെമ്മണ്ണും മററും വിചാരിച്ചാൽ അഗ്നിയുടെ ആക്രമം ഉണ്ടായതും ബോധിപ്പാൻ ഇടയുണ്ടു. അ

തു കൂടാതെ വിശേഷിച്ചു കടപ്പുറത്തിന്നടുത്ത ഭൂമിയുടെ ൧൭—൨൦ കോൽ ആഴത്തോളം കുഴിച്ചപ്പോൾ കണ്ട അട്ടികൾ ആവിതു: അതികടുപ്പമുള്ള ചെങ്കൽ പാറ മേല്പാടോളം എത്താത്ത സ്ഥലങ്ങളിൽ തരിച്ചെമ്മണ്ണൊ ചെമ്മണ്ണൊ, പിന്നെ കടുത്ത ചെങ്കല്പാറയും അതിൻ കീഴെ ചേടിക്കല്ലും വഴിയെ പല നിറമുള്ള ചേടിയും ചേടിയിൽ ഇടക്കിടേ വെങ്കൽ മുതലായ കല്ലുകളുടെ കണ്ടങ്ങളും, അതിന്റെ താഴെ ചെമ്പിച്ചതും നീലിച്ചതുമായ കളിമണ്ണും, ശേഷം ഉറെച്ച ചേറും ആയതിന്റെ അടിയിൽ മരവും മരക്കണ്ടങ്ങളും ഇരുന്നലും കരിഞ്ഞ (പയൻ) പയനി മരക്കായ്കളും തീയിൽ ഇട്ടപ്പോൾ കന്തുരുക്കവാസനയുള്ള പശയും ഇടക്കിടെ ഉരുകിയ ഒരു വക ഇരിമ്പും, ഒടുവിൽ കടൽ പൂഴിയും എന്നീ അട്ടികളെ കിട്ടിയതു. (മാടായപ്പാറ, കണ്ണനൂർ മുതലായ സ്ഥലങ്ങളിൽ ഇങ്ങിനെ കണ്ടെത്തിയതു.) ഇതെല്ലാം വിചാരിച്ചാൽ മലയാള ഭൂമി പല ഭൂകമ്പങ്ങളാൽ 1-2 പ്രാവശ്യം താഴുകയും പൊന്തുകയും ചെയ്തിരിക്കുന്നു, എന്നു നിനെപ്പാൻ സംഗതിയുണ്ടു. ഇങ്ങിനെ തീയും വെള്ളവും കൂടി ഈ നാട്ടിന്റെ മുഖത്തിന്നു ഏറിയോരു മാററത്തെ വരുത്തിയ പ്രകാരം തെളിവായിരിക്കുന്നു. ഇതു ഭൂമിയുടെ ആദികാലത്തു നടന്നായിരിക്കും.

ഇന്നേയോളവും മഴനീർച്ചാലുകളും മററും ഭൂമുഖത്തെയും കടൽ തന്റെ കരയെയും മാററിക്കൊണ്ടിരിക്കുന്നു. [പഴക്കമുള്ള പടകളാലും ചരിത്രത്താലും കിഴവന്മാരുടെ പഴമയാലും കടൽ ചിലേടത്തു അല്ലിയും വാന്നും കരയെ തിന്നിരിക്കുന്നു എന്നറിയാം. 1342 ക്രി. ആ. കടലോരത്തിൽ നടക്കാവും വഴിയമ്പലങ്ങളും തണ്ണീർപ്പന്തൽ കിണറുകളും ഉണ്ടായിരുന്നു, അവ കാണാതെ പോയിരിക്കുന്നു. കായങ്കുളത്തു അഴിക്കു വടക്കു തൃക്കുന്നപുഴക്കൽ കടലിൽ ഓരോ കല്പണികൾ ഇന്നും കാണ്മാൻ ഉണ്ടു.)

1. പേർ: വടക്കുള്ള ഗോകൎണ്ണം തുടങ്ങി തെക്കുള്ള കന്യാകുമാരിവരെക്കും നീണ്ടു കിടക്കുന്ന ഭൂമിക്കു പണ്ടേ കേരളം എന്ന പേർ നടന്നെങ്കിലും, ഇപ്പോൾ കാഞ്ഞിരോട്ടു (ചന്ദ്രഗിരി) പുഴയുടെ തെക്കുള്ള അംശത്തിന്നു മാത്രം കേരളം എന്നു ദുല്ലഭമായും, മലയാളം എന്നു സാധാരണമായും പറഞ്ഞു വരുന്നു. തെൻകൎണ്ണാടകജില്ല, കൊച്ചി ശീമ, എന്നിവററിൻ ഇടയിൽ കിടക്കുന്ന മലയാള കുറുപാട്ടിന്നത്രെ മലയാളം, എന്ന പേരിനെ വിശേഷിച്ചു കൊള്ളിക്കാറുള്ളു.

ക്രിസ്താബ്ദത്തിന്നു മുമ്പിലുള്ള മൂന്നാം നൂററാണ്ടിൽ അശോകമഹാരാജാവു* കല്ലിൽ കൊത്തിച്ച എഴുത്തു പ്രകാരം കേരള പുത്രൃ, എന്ന കേരള രാജാവിന്റെ പേർ കാണുന്നു. അക്കാലം മലയാളത്തിന്റെ ഒരു

* മൌൎയ്യ സാമ്രാജ്യസ്ഥാപകനും ചന്ദ്രഗുപ്തന്റെ പേരമകനുമായ അശോകൻ 259 ക്രി. ആ. മുമ്പെ പാടലി പുത്രയിൽ കിരീടം ധരിച്ച ശേഷം ഓരോ എഴുത്തുകളെ പാറയിൽ കൊത്തിച്ചതു.

പങ്കചേരം എന്ന തമിഴ് നാട്ടിന്നു കീഴ്പ്പെട്ടിരുന്നു. ചേരം എന്നതു വിശേഷിച്ച കോയമ്പത്തൂർ താലൂക്കായ കൊങ്ങനാടത്രെ. ചേരം എന്നും, ചേരളം എന്നും ഉള്ളതിന്നു കൎണ്ണാടകക്കാർ കേരം, കേരളം, എന്നിങ്ങനെ പറഞ്ഞതു സംസ്കൃതക്കാർ കേട്ടു നടപ്പാക്കിയതു. ആകയാൽ കേരളം എന്നതിന്നു തെങ്ങുള്ള നാടു എന്നു അൎത്ഥം ആദിയിൽ ഉണ്ടായതുമില്ല ഉണ്ടാകുന്നതുമില്ല; സങ്കല്പിച്ചാൽ ആവാം. മലകളും കുന്നുകളും ഈ നാട്ടിൽ നിറകയാൽ മല+യ+ആളം (ആളുക=വാഴുക) എന്ന പേരിനെ നമ്മുടെ മുമ്പന്മാരും മലേ, മലെ എന്നിങ്ങനെ (535 ക്രി. ആ.*) പടിഞ്ഞാറ്റുകാരും കേരളത്തിന്നു വിളിച്ചിരിക്കുന്നു.

മലബാർ (മലവാർ) എന്നു ൧൦൦൦ ക്രി. ആ. അറവികളായ ഉരുക്കാർ വിളിച്ച പ്രകാരവും ശേഷം പടിഞ്ഞാറ്റുകാർ അവരിൽനിന്നു പഠിച്ച വണ്ണവും സാക്ഷികൾ ഉണ്ടു.

2. കിടപ്പും വടിവും. ചുരിവാളിന്റെ രൂപത്തിലുള്ള മലയാളം മദ്രാശി സംസ്ഥാനത്തിന്റെ പടിഞ്ഞാറെ കര പ്രദേശത്തിൽ അടങ്ങുന്നു. ആയതു കിഴക്കുള്ള സഹ്യമല, പടിഞ്ഞാറുള്ള അറവിക്കടൽ, തെക്കുള്ള മുനമ്പായ കന്യാകുമാരി, വടക്കുള്ള ചന്ദ്രഗിരി പുഴ എന്നീ അതിൎക്കകത്തു കിടക്കുന്നു.

ആസ്യാഖണ്ഡത്തിൻ തെക്കു പടിഞ്ഞാറെ മുക്കോണിച്ച അൎദ്ധദ്വീപായ ഭാരത ഖണ്ഡത്തിന്റെ (ഇന്ത്യ) തെക്കു ഭാഗത്തു മദ്രാശി സംസ്ഥാനവും അതിന്റെ പടിഞ്ഞാറെ അതിരിൽ മലയാളവും ഉൾപ്പെട്ടിരിക്കുന്നു. ആയതു മദ്ധ്യരേഖയിൽനിന്നു വടക്കുള്ള ചൂടു കച്ചയുടെ തെക്കെ അംശത്തിൽ തന്നെ. 8°5' (കന്യാകുമാരി) 12°27' (ചന്ദ്രഗിരി) വ. അ. യിലും 750°4' [ചന്ദ്രഗിരി] 77°3' [കന്യാകുമാരി] 76°55' [പാലക്കാട്ടുതാലൂക്ക] 77°38' [തിരുവിതാങ്കോട്ട) എന്നീ കി. നീ. കളിലും കിടക്കുന്നു. †

3. വലിപ്പം കേരളത്തിന്നു ഒട്ടുക്കു ഏകദേശം 400 നാഴിക നീളവും 10 നാഴിക തൊട്ടു 70 ഓളം വീതിയും ആകെ 15787☐ നാഴിക പരപ്പും ഉണ്ടു.‡

സഹ്യമലയരു തുടങ്ങി കടൽ വരെക്കും കേരളത്തിന്നു പല അകലമുണ്ടു തെൻ കൎണ്ണാടകം തൊട്ടു കൊച്ചി ശീമയോളം 20-70 നാഴികയും തിരുവിതാങ്കൂറിന്നു 70-20 നാഴികയും വീതി ഉണ്ടാകും.

താണ ഭൂമിയെ തിട്ടപ്പെടുത്തുവാൻ പെരുത്തു പാടുണ്ടെങ്കിലും വടക്കേ മലയാളത്തിന്നു 15-25 നാഴികയും കൊച്ചി ശീമെക്കു 15-20 നാഴികയും തിരുവിതാങ്കൂറിന്നു 35-10 നാഴികയും കാണാം. സമഭൂമിക്കു വിസ്താരം കുറയുന്നു.

കാക്ക പറക്കുമ്പോലെ അളന്നു കഴിഞ്ഞാൽ:—

---

* ക്രി. ആ. ക്രിസ്ത്വാബ്ദം. ക്രിസ്തൻ ജനിച്ച പിൻഉള്ള വൎഷക്കണക്കു.

† വ. അ. വടക്കേ അകലപ്പടി; കി. നീ. കിഴക്കെ നീളപ്പടി; ° = ഇല്ലി; ' = മിനിട്ടു.

‡ ☐ ചതുരശ്രം; നാഴിക മൈൽ.

	മലയരുവു തൊട്ടു അറവിക്കടലോളം	താണഭൂമി	കടപ്പുറം ചേൎന്ന സമഭൂമി
തെൻ കണ്ണാടകം*	20	18	$\frac{1}{4}$ — 8
ചിറക്കൽ*	25	18	— 10
കോട്ടയം	28	18	— 3
കുറുമ്പറനാടു	20	15	— 5
കോഴിക്കോടു	25	15	1 — 4
ഏറനാടു	40	25	1 — 7
പൊന്നാനിയുംവള്ളുവനാടും	—	25	3 — 15
വള്ളുവനാടും പാലക്കാടും . .	70	—	—
കൊച്ചി	35	15 — 20	5 — 12
തിരുവിതാങ്കോടു	70 — 20	15 — 10	5 — 15

4. കടൽ. പടിഞ്ഞാറെ അതിരാകുന്ന കടൽ ഇല്ലാഞ്ഞാൽ മലയാളത്തിന്റെ ചരിത്രവും അവസ്ഥയും ദേശസ്വഭാവവും ഋതുഭേദവും മുഴുവനും വേറെ ഉണ്ടാകുമായിരുന്നു. അതുകൊണ്ടു നാം ഇതിനെ ഒരല്പം വിവരിച്ചു പറയേണ്ടതു. ഈ കാണുന്ന കടലിന്നു ഭൂമിശാസ്ത്രത്തിൽ അറവിക്കടൽ എന്നു പേരുണ്ടു. ആയതു ഭാരതഖണ്ഡത്തിന്റെ (ഇന്ത്യയുടെ) തെക്കുള്ള ഹിന്തു സമുദ്രത്തിൻ ഒരംശമാകകൊണ്ടു കിഴക്കുള്ള വങ്കാള ഉൾക്കടലോടു തെക്കു കിഴക്കോട്ടു ചേൎന്നിരിക്കുന്നു.

ഹിന്തുസമുദ്രം ഭൂമിയിലുള്ള എല്ലാ സമുദ്രഉൾക്കടലുകളോടു ചേൎന്നിരിക്കയാൽ എപ്പേൎപ്പെട്ട കരപ്രദേശത്തിൽനിന്നും ഉരുക്കളിൽ കയറിയ മനുഷ്യൎക്കു മലയാളക്കരയെ എളുപ്പത്തിൽ പ്രാപിക്കാം. പൂൎവ്വകാലം തൊട്ടു അവ്വഴിയായി വന്ന കച്ചവടക്കാരും മററും ആരെല്ലാം എന്നു പിന്നെ പറയും.

സിംഹളത്തിൽനിന്നു വന്ന മുക്കുവർ മുതലായ ജാതികളും കടൽ വഴിയായി മലയാളത്തിൽ വന്നു തങ്ങൾക്കു പററിയ ദേശത്തെ കണ്ടെത്തിയ ശേഷം അതിൽ കുടിയേറിയുറെച്ചിരിക്കുന്നു.

കടലിൽ പെരുത്തു മീൻ ചേൎപ്പു ഉള്ളതിനാൽ കടൽ പ്രവൃത്തിക്കാൎക്കു പണിയും മുക്കാൽ പങ്കു നാട്ടുകാൎക്കു തിന്മാനും ഉണ്ടു.

കടൽ വെള്ളം നാറാതിരിക്കേണ്ടതിന്നു ഉപ്പു ചേൎന്നതു കൂടാതെ ആയതിന്നു മൂന്നു വിധം ഇളക്കങ്ങളുണ്ടു.

ഉവർ വെള്ളത്തിൽ നീന്തുന്ന മനുഷ്യരും ഓടുന്ന ഉരുക്കളും നല്ല വെള്ളത്തിൽ പോലെ അത്രെ താണു അമരുന്നില്ല. ശേഷം പിന്നാലെ.

* ഇവററിൻ നേരെ കിഴക്കുള്ള തുടൎമ്മല കുടകരാജ്യത്തിന്നുടയതു.

ANSWER TO A QUESTION.
ഒരു ചോദ്യത്തിന്ന വെണ്ടിയ ഉത്തരം.

തിരുവിതാംകൂറിൽ ചേൎന്ന തെക്കൻ കൊല്ലത്തവെച്ച ബഹു പൂൎവ്വത്തിൽ ശൃംഗെരി ശങ്കരാചാൎയ്യർ ൱ര അനാചാരങ്ങളെ ജനങ്ങളുടെ ഇടയിൽ വിതപ്പാനായിട്ടു ശ്രമിച്ചപ്പോൾ അന്നുള്ള കേരളബ്രാഹ്മണരിൽ അനേകം പേർ ശങ്കരാചാൎയ്യരുടെ മതത്തിന്ന് വിരോധികളായി തീൎന്ന ശേഷം, ശങ്കരാചാൎയ്യർ ൱ര ഗ്രാമക്കാരെയും അവിടെ കൂട്ടി ചേൎത്തു ഈ അനാചാരവ്യവസ്ഥയെ കുറിച്ചു തൎക്കിച്ചു വ്യവഹരിക്കുമ്പോൾ "ആചാൎയ്യവാഗഭേദ്യാ" എന്ന ഒരശരീരി വാക്കു ഉണ്ടായി. അതിൽ പിന്നെ അവിടെ കൂടിയ മഹാബ്രാഹ്മണരൊക്കയും മഹാഭയത്തോടെ ൱ര അനാചാരങ്ങളെ കൈക്കൊള്ളുകയും അന്നുമുതൽ (കോലംബം) കൊല്ലം ഒന്നു, എന്നു എണ്ണുവാൻ തുടങ്ങുകയും ചെയ്തു. അതു നിമിത്തമായിട്ടു തന്നെ ഭൂ ദിക്കിന്നും കൊല്ലം എന്നു പേരുണ്ടായി വന്നതു. "ആചാൎയ്യവാഗഭേദ്യാ" എന്ന അന്നെത്തെ കലിസംഖ്യയിൽനിന്നു ഇന്നെത്തെ കലിസംഖ്യ വാങ്ങിയാൽ ൧൦൫൨ ശേഷിച്ചു കാണുന്നതു തന്നെ ഇതിന്നു ദൃഷ്ടാന്തം. എന്നൊരു ഗുരുനാഥന്റെ ഉത്തരം.

SUMMARY OF NEWS.
വൎത്തമാനച്ചുരുക്കം.

ആസ്യാ Asia.

ഭാരതഖണ്ഡം India.

ചെന്നപ്പട്ടണം: — ജനുവെരി 1നു തൊട്ടു ഫിബ്രുവെരി 10നു-വരെക്കും ചെന്നപ്പട്ടണത്തീവണ്ടിപ്പാതക്കാരുടെ വരവു ആവിതു:

	1876 ഇൽ	1877 ഇൽ
ആൾക്കേവുകൂലി	2,81,000	2,73,000
ചരക്കുകേവുകൂലി	4,45,000	8,97,000

ധൎമ്മക്കഞ്ഞിക്കൊട്ടിലുകളോടു ചേൎന്ന പാളയങ്ങളിൽ ഏകദേശം 13,000 എളിയവർ പാൎക്കുന്നുണ്ടു. ഏപ്രിൽ 1-7വരെ മരിച്ചവരുടെ തുക നോക്കിയാൽ 536 ആയിരത്തിന്നു ഒരു കൊല്ലം ചെല്ലുന്നതു കൊണ്ടു രണ്ടു വൎഷം തീരുമുമ്പെ ഇവർ മരിച്ചായിരിക്കേണം ഇതു കോൾമയിർ പിടിക്ക തക്ക സങ്കടം.

മഴ: — കൃഷ്ണ, നെല്ലൂർ, കടപ്പാ, ബല്ലാരി, കൎന്നൂൽ, വടക്കേ ആൎക്കാടു, മധുര, തിരുനെൽവേലി, കൊയിമ്പത്തൂർ, ചേലം, തിരുച്ചിറാപ്പള്ളി മലയാളജില്ലകളിൽ മഴ പെയ്യുതിനാൽ പലേടത്തു ആശ്വാസവും നെൽവിലക്കു താഴ്ചയും വന്നു. ഈ ദാനത്തിന്നായി ദൈവത്തിന്നു സ്തോത്രം. ഇത്രോടം 1874, 1875, 1876 എന്നീ കൊല്ലങ്ങളിൽ ജനുവെരിതൊട്ടു ഏപ്രിൽവരെക്കും ഈ ആണ്ടിൽ പോലെ മഴപെയ്യിട്ടില്ലായിരുന്നു. നെല്ലൂരിൽ ആലിപ്പഴവും പെയ്യിരുന്നു.

തൃച്ചിറാപ്പള്ളിയിൽ ക്ഷുത്ത്രിസാരത്തിന്നു അല്പം ആശ്വാസം കാണുന്നെങ്കിലും മസൂരി വൎദ്ധിച്ചു വരുന്നു. ധൎമ്മക്കഞ്ഞിക്കു ചെല്ലുന്നവർ നാൾക്കുനാൾ ഏറുന്നു.

തഞ്ചാവൂരിൽ വേണ്ടുന്ന ധാന്യങ്ങൾ ഉണ്ടായാലും അകവില പൊന്തി നില്ക്കുന്നു. മസൂരിദീനം ആരംഭിച്ചു. ചൂടോടേ വെള്ളത്തിന്റെ ക്ഷാമം നാൾതോറും വൎദ്ധിക്കുന്നു.

തിരുനെൽവേലിയിലെ വലെച്ചൽ ക്രമത്താലെ തീൎന്നു പോകുന്നു.

മധുരയിൽ നവധാന്യങ്ങളും പച്ചക്കറികളും അധികം വിററുവരുന്നു. പൈപ്പു കൊണ്ടു വയറു നന്നായികാഞ്ഞു പോയവർ കക്കിരി മുതലായതു നിറവോളം തിന്നുന്നതു കൊണ്ടു പലർ വയററുപോക്കും തലതട്ടിയും മസൂരിയും കൊണ്ടു മരിച്ചു പോകുന്നു.

കൎന്നൂൽ നിജാമിലേ ക്ഷാമം നിമിത്തം റൊഹില്ലർ എന്ന ജാതി അവിടെനിന്നു കൂട്ടുകവൎച്ചെക്കായി കൎന്നൂലിലേക്കു കൂടക്കൂടെ കിഴിഞ്ഞു വന്ന ശേഷം അവിടെയുള്ള ശിവായ്ക്കളെക്കൂടാതെ കുതിരപ്പട്ടാളക്കാരെ അയപ്പാൻ പോകുന്നു.

ആനമലയിലെ കായൽ കട്ടപ്പെട്ടതു കൊണ്ടു ചുററിലുള്ള ഊരുകളിൽനിന്നും പാലക്കാട്ടുനിന്നും ഏറിയവർ മുളയരിയെ പെറുക്കുവാൻ പോയിരിക്കുന്നു. തലത്തട്ടി അവിടെ കൂടിയവരിൽ പിടിച്ചു പലരും കാട്ടിൽ മരിച്ചു അവരുടെ ശവങ്ങൾ കാട്ടുമൃഗങ്ങൾക്കു ഇരയായി തീൎന്നിരിക്കുന്നു. കോൎയ്യപ്പുതുനിയമക്കാരെ കൊണ്ടു ശേഷിക്കുന്ന ശവങ്ങളെ കുഴിച്ചിടീക്കയും നാട്ടുകാരെ കാട്ടിൽ പോകാതാക്കയും ചെയ്യിരിക്കുന്നു.

വറുതി പിടിച്ച നാടുകളിലെ അവസ്ഥയാവിതു:

	ധൎമ്മറാമത്തു പണിക്കാർ.		ധൎമ്മക്കഞ്ഞിക്കാർ	
	മാൎച്ച് 24	31	മാൎച്ച് 24	31
കൃഷ്ണ	2,630	1,875	235	530
നെല്ലൂർ	35,134	28,824	6,613	4,976
കടപ്പാ	73,702	78,902	3,268	6,129
ബല്ലാരി	2,12,139	2,25,485	33,102	82,519
കന്നൂൽ	1,85,443	2,02,142	25,572	33,753
ചെങ്കൽപേട്ട	10,499	10,829	6,030	6,211
വട ആൎക്കാട	23,245	29,469	2,089	2,060
തെൻ ആൎക്കാട. . . .	538	538	59	59
മധുര.	8,291	8,447	1,263	1,484
തിരുനെൽവേലി . . .	1,1930	1,736	417	415
കൊയിമ്പത്തൂർ. . . .	24,480	21,532	2,291	2,738
ചേലം	51,258	48,175	5,846	10,143
കിഴക്കേകരയിലെ തോട്ട. .	30,911	34,970		
	6,60,200	6,92,924	86,785	1,51,017*

മഹിഷാസുരം:— (മൈസ്സൂർ) നന്ദിദ്രുഗ്ഗ്പകുപ്പിൽ ഫിബ്രുവെരി മാസത്തിന്റെ രണ്ടാം പാതിയിൽ 3500 ആളുകൾ ഛൎദ്ദ്യതിസാരത്താലും 10,000 കന്നുകാലികൾ വിശപ്പിനാലും തീൎന്നു പോയിരിക്കുന്നു. ഇങ്ങനെ 1876 ജൂലായി തൊട്ടു 1877 ഫിബ്രുവെരി അവസാനത്തോളം 20,80,000 ആളുകളിൽനിന്നു 23,615 പേർ മരിക്കയും 1,49,114 കന്നുകാലികൾ മാണ്ടു പോകയും ചെയ്തു. മൈസ്സൂരിന്റെ പടിഞ്ഞാറെ പകുപ്പിൽ സുഖവും കഴിച്ചലും വേണ്ടതില്ല.

തിരുവിതാംകോട:— പഞ്ചം പിടിച്ച അയൽ നാടുകളിൽനിന്നു 2000 ഓളം ബ്രാഹ്മണർ തിരുവനന്തപുരത്തു കൂടി സംസ്ഥാനത്തിന്റെ ചെലവിൽ നാൾ കഴിച്ചു വരുന്നു. ഏകദേശം 2000 ബ്രാഹ്മണർ വേറെ നാടുകളിൽനിന്നു എത്തും എന്നു കേൾവി. മഹാരാജാവവൎകൾ ക്ഷാമം നിമിത്തം താണ ഉദ്യോഗസ്ഥന്മാൎക്കു പത്തിന്നു $2\frac{1}{2}$ പ്രകാരം മാസപ്പടി കയററി കൊടുപ്പാൻ തിരുവുള്ളത്തിൽ ഏറിയിരിക്കുന്നു എന്നു ശ്രുതി.

മലയാളം:— ഠരം കഴിഞ്ഞ പത്തു ആണ്ടുകൾക്കുള്ളിൽ തെക്കേ മലയാള ജസ്സി കററം തെളിഞ്ഞ 184 ദീപട്ടികവൎച്ചക്കാരിൽനിന്നു 9 പേരെ മാത്രം നാടു കടത്തിയതുകൊണ്ടു കൂട്ടുകവൎച്ചക്കാൎക്കു ധൈൎയ്യം പെരുകി വന്നു. 1875 ആമതു നൊവെമ്പ്ര മാസത്തിൽ കൊച്ചി ശീമെക്കടുത്ത പൊന്നാനി താലൂക്കിലേ ഒരു തറയിൽ വിശേഷിച്ചു. മാപ്പിള്ളമാരായ 65 കൂട്ടുകവൎച്ചക്കാർ വേണ്ടുന്ന ആയുധങ്ങളോടു കൂട ധനവാനായ ഒരു നായരുടെ വീട്ടിൽ കത്തി കയറി 16,526 രുപ്പികയോളം പണവും പണ്ടങ്ങളും കവൎന്നിരിക്കേ പുതു നിയമക്കാൎക്കു ഒരു രേസും ഒമ്പതു മാസത്തോളം യാതൊരു കുററിയും കിട്ടാതെ പോയപ്പോഴേക്കോ നിഷ്ഠുര ഓരോ കള്ളന്മാൎക്കു ധീരത വൎദ്ധിച്ചു ആയവർ 4 മാസങ്ങൾക്കുള്ളിൽ 22 കൂട്ടുകവൎച്ചയോളം നടത്തിയിരുന്നു. നൊവെമ്പ്ര 28നു-യിൽ 30 പേർ തൃശ്ശിവപേരൂരിലേ മുസാഫിർ ബങ്കളാവിങ്കൽ ഒത്തു കൂടി പാലക്കാട്ട താലൂക്കിലേ മംഗലത്തു? ധനികനായ നായരുടെ വീട്ടിൽ കയറി സ്ത്രീകളെ ഭീഷണിച്ചു 600 രുപ്പിക കൈക്കലാക്കി. ഓരൊററ രുപ്പിക മുതൽ മാത്രം വിട്ടുവിച്ചു എങ്കിലും കൂട്ടത്തിന്റെ പാതിയോളവും തലയാളിയും പുതു നിയമക്കാരുടെ കൈയിൽ അകപ്പെട്ടു പോയിരുന്നു. 1876 ഫിബ്രുവെരിയിൽ ഒരു ചെട്ടിയുടെ വീട്ടിൽ കടന്നു കഴിച്ചു വെച്ച 1200 രുപ്പിക കിട്ടേണ്ടതിന്നു എണ്ണയിൽ മുക്കിയ തുണി അവന്റെ കൈക്കു ചുററി തീ കൊളുത്തി മുതൽ കാണിപ്പാൻ നിൎബ്ബന്ധിച്ചു.

* അതിൽ ധൎമ്മറാമത്തു പണി എടുക്കുന്നവരുടെ കുട്ടികൾ അടങ്ങുന്നു.

മറെറാരു സ്ഥലത്തു 60 വയസ്സുള്ള നായരുടെ തലക്കു എണ്ണ കുടിച്ച തുണിയെ ചുററി അതിന്നു തീ കൊടുത്തു കത്തുന്ന പന്തങ്ങളോടു അവന്റെ മെയ്യിക്കു കുത്തി പണം ഒളിപ്പിച്ച ഇടത്തെ കാണിക്കേണ്ടതിന്നു ഉപദ്രവിച്ചിരുന്നു.

ഇങ്ങനെ ദുഷ്ടതയും സാഹസവും വൎദ്ധിക്കുന്നതു കോയ്മ കണ്ടപ്പോൾ കുററക്കാരെ പിടിച്ചു ശിക്ഷിക്കേണ്ടതിന്നു, പോയ ആണ്ടിലേ മാൎച്ചമാസത്തിൽ 87 പുതുനിയമക്കാരെ ഏറ മലയാളത്തിൽ നിയമിച്ചു. അതിനാൽ കൂട്ടുകവൎച്ചമുതലായ ബാധകൾ ശമിച്ചു തുടങ്ങി. മെയിലെ സേഷനിൽ 39ഉം ജൂനിൽ 32ഉം മററും വിശേഷിച്ചു സെപ്തെമ്പ്രിൽ 88ഉം കൂട്ടുകവൎച്ചക്കാരുടെ കുററം തെളിഞ്ഞു ന്യായമായ ശിക്ഷ അവൎക്കു കിട്ടിപ്പോകയും ചെയ്തു.

75 — 76 ആമതിൽ കോയ്മെക്കറിവു കിട്ടിയ 53 കൂട്ടുകവൎച്ചയിൽനിന്നു 44ന്നു കുററിയും 257 കുററക്കാൎക്കു ശിക്ഷയും ഉണ്ടായിരുന്നു. ഇങ്ങനെ മലയാളനാട്ടിന്നു പിന്നെയും നിൎഭയവും വലിയ ആശ്വാസവും വന്നു തുടങ്ങിയിരിക്കുന്നു.

$10\frac{5}{3}$ ശേർ അരി കോഴിക്കോട്ടിലും $7\frac{8}{7}$ വയനാട്ടിലും വിററുവരുന്നു. 8 താലൂക്കുകളിൽ മസൂരിയും 5 താലൂക്കുകളിൽ ഛൎദ്ദ്യതിസാരവും ഉണ്ടു. 96 പേൎക്കു കൊളത്തൂർ നിരത്തിൽ പണി കല്പിച്ചിരിക്കുന്നു.

കോഴിക്കോടു: — നാട്ടുപുറങ്ങളിൽ ഉള്ള എഴുത്തുപള്ളികളിൽ പഠിപ്പിക്കുന്ന ഗുരുക്കന്മാൎക്കു യൂരോപ പഠിപ്പുക്രമത്തിൽ അറിവും ശീലവും വരുത്തേണ്ടതിന്നു 15 പേരോളം കോഴിക്കോട്ടിലെ ഗുരുനാഥശാലയിൽ Normal school ചേൎത്തു അവരെ 5ആം തരം പരീക്ഷയിൽ നേടുവാൻ തക്കവണ്ണം പഠിപ്പിച്ചു വരുന്നു. അവിടെ പഠിക്കുന്ന നാട്ടുഗുരുക്കന്മാൎക്കു കോയ്മയിൽനിന്നു ഭക്ഷണച്ചെലവിന്നായി 3—5 രൂ. നീക്കികൊടുക്കുന്നു. അവൎക്കു പഠിക്കുന്ന ശീലം വരേണ്ടതിന്നു ആദ്യപാഠക്കാരെ പഠിപ്പിക്കുന്ന ഒരു അഭ്യസനശാലയെ (Practising Branch) ഉണ്ടാക്കുവാൻ പോകുന്നു.

വയനാടു: — തെക്കുകിഴക്കു വയനാട്ടു ഒന്നാം ഏപ്രിൽ തൊട്ടു നീലഗിരിയോടു ചേൎത്തതിനാൽ ആ പ്രദേശത്തിൽ പാൎക്കുന്ന കാപ്പിത്തോട്ടക്കാൎക്കു ദൂരെയുള്ള മാനന്തവാടിക്കു പോകുന്ന തൊല്ലു നീങ്ങി അടുത്ത ഒത്തകമണ്ടിൽ അവൎക്കു എളുപ്പത്തിൽ കാൎയ്യാദികളെ ചട്ടപ്പെടുത്തുവാൻ സംഗതി വന്നു.

സിംഹളം: — മന്നാററിൽ പിടിച്ച മുത്തുച്ചിപ്പികളെ ആയിരത്തിന്നു 45—46 ഉറുപ്പികപ്രകാരം സിംഹളക്കോയ്മ ലേലത്തിൽ വില്ക്കുന്നു. മാൎച്ച 30 നു- ഓളം കോയ്മയുടെ ഓഹരിയിൽ 1,10,600 രൂ. പെട്ടിരുന്നു.

ബൊംബായി: — പഞ്ചം തുടങ്ങിയനാൾതൊട്ടു ഏറിയവർ ബൊംബായിലേക്കു തെററിയിരിക്കുന്നു. മുമ്പെ ഒരു ആഴ്ചവട്ടത്തിൽ 340 പേർ മരിച്ചിരിക്കെ ഇപ്പോൾ 700 ഓളം ഒരു വാരത്തിൽ മരിക്കുന്നു. ബൊംബായിൽ സങ്കേതം പ്രാപിച്ച 30,000 പേരിൽനിന്നു ആഴ്ച ഒന്നിൽ 350 വരെ ആൾ മരിക്കുന്നതു ഭയങ്കരം. ആ തോയപ്പെട്ട മനുഷ്യർ ഉഷ്ണടിപ്പാൎപ്പു വിശപ്പു പനി മുതലായ വ്യാധികളാൽ എന്തെല്ലാം സഹിച്ചിട്ടുണ്ടായിരിക്കേണം മേൽ പറഞ്ഞ വിധത്തിൽ അവൎക്കു മരണം ഭവിച്ചാൽ രണ്ടു കൊല്ലംകൊണ്ടു അവർ തീൎന്നു പോകുമെല്ലൊ കഷ്ടം.

ധൎമ്മരാമത്തു പണിക്കാർ 2,53,700 ഓളം ഠരം സംസ്ഥാനത്തിൽ വൎദ്ധിച്ചിരിക്കുന്നു. ധാൎവ്വാടിൽ ഛൎദ്ദ്യതിസാരം ബാധിച്ചിരിക്കുന്നു.

കാലികാത: — കാലികാതയിലേ മേലദ്ധ്യക്ഷനും ചെന്നപ്പട്ടണം ബൊംബായി കുളമ്പ എന്നീ നഗരങ്ങളിലേ അദ്ധ്യക്ഷന്മാരും കൂടി കാലികാതയിലേ മേലദ്ധ്യക്ഷപള്ളിയിൽ മാൎച്ച് 11നു- വേദപണ്ഡിതന്മാരായ കാല്ത്ത വെൽ സാൎജ്ജന്തു എന്നീ ഉപദേഷ്ടാക്കന്മാൎക്കു ഹസ്താൎപ്പണത്താൽ പ്രേരണാദ്ധ്യക്ഷസ്ഥാനത്തെ (Missionary Bishops) നല്കിയിരിക്കുന്നു.

നേപാളം: — ശ്രീ ജംഗ് ബഹാദരിന്റെ ഒരുമിച്ചു 3 രാജ്ഞിമാർ ഉടന്തടിയായി മരിച്ചിരിക്കുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. JUNE 1877. No. 6.

SALT. ഉപ്പു.

മനുഷ്യന ഈ ലോകത്തിൽ ബഹു ഉപകാരവും ആവശ്യവുമുള്ളതു ഉപ്പു തന്നെ. ഉപ്പു ഇല്ല എങ്കിൽ, നമ്മുടെ ആഹാരത്തിന രുചിയുമില്ല,

നമ്മുടെ ശരീരത്തിന്നു സൌഖ്യവും ശക്തിയും ഉണ്ടാകുന്നില്ല. ഉപ്പിനാൽ എത്രയൊ താണ ഭക്ഷണവും നല്ല രസകരമായി തീരുകയും ചെയ്യും. ഇതിനെ നമ്മുടെ കരുണയുള്ള ദൈവം അറിഞ്ഞിട്ടു, ഉപ്പിനെ ഭൂമിയിൽ എല്ലാടവും ധാരാളമായി പരത്തിയിരിക്കുന്നു. നാം പകലിൽ കാണുകയും രാത്രിയിലും അതിന്റെ ഒച്ച കേൾക്കുകയും ചെയ്യുന്ന സമുദ്രം അതാ ഉപ്പുവെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഈ ആസ്യഖണ്ഡത്തിന്റെ മദ്ധ്യത്തിലും, അഫ്രിക്കഖണ്ഡത്തിന്റെ വടക്കുഭാഗത്തിലും, തെക്കൻ അമേരിക്കയിലെ പേറു, ചില്ലി എന്ന പ്രദേശങ്ങളിലും വലിയ വനാന്തരങ്ങൾ എത്രയൊ വിശേഷമുള്ള ഉപ്പുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങൾക്കു ഉപ്പുവനങ്ങൾ എന്ന പേർ നടപ്പായിരിക്കുന്നു. ഇംഗ്ലാന്തിലും യൂരോപ്പിലെ മററു പല രാജ്യങ്ങളിലും ഉപ്പു വലിയ പാറകളായി മലകളിൽ കിടക്കുന്നു. ചില സ്ഥലങ്ങളിൽ ഉപ്പുവെള്ളം ഉറവുകളായി ഭൂമിയിൽനിന്നു കയറി വരികയും ചെയ്യുന്നു. എന്നിട്ടും ഭൂമിയിൽ എല്ലാടവും നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഈ വലിയ ദാനം ബഹു പ്രയത്നത്താൽ മാത്രം മനുഷ്യന്നു ഉപകാരമായി വരുന്നുള്ളൂ. കടൽകരമേൽ വിസ്താരമുള്ള ഒരു നിലത്തെ വെടിപ്പാക്കി വേലിയേററംകൊണ്ടു വെള്ളം കയററിയതിൽ പിന്നെ നാലു പുറം നല്ലവണ്ണം ഉറപ്പിച്ചു വെക്കും. നീർ കാററിനാലും വെയിലിന്റെ ചൂടിനാലും ആറിയ ശേഷം ഉപ്പു വാരി എടുത്തുകൊണ്ടു പോകുന്നു. ഇങ്ങിനെയുള്ള സ്ഥലത്തിന്നു ഉപ്പു പടന്ന, എന്ന പേർ. ഈ രാജ്യത്തിൽ നാം വാങ്ങി ഉപകരിക്കുന്ന ഉപ്പു ഈ വിധത്തിൽ ഉണ്ടായി വരുന്ന ഉപ്പു തന്നെ. അതിന്നു വെടിപ്പു പോരാ, ഉപകരിക്കുന്നതിന്നു മുമ്പെ അതിലുള്ള ചേറും മണ്ണും നീക്കിക്കളയേണം. മലകളിൽ കിടക്കുന്ന ഉപ്പുപാറ കൊത്തിപ്പൊട്ടിച്ചു കഷണങ്ങൾ ഒന്നര മാസത്തോളം വെള്ളത്തിൽ ഇട്ടാൽ, ഉപ്പു എല്ലാം അലിഞ്ഞു വെള്ളത്തിൽ ചേരുകയും കല്ലും മണ്ണും അടിയിൽ താണിരിക്കയും ചെയ്യും. ഇങ്ങിനെ കിട്ടുന്ന ഉപ്പുവെള്ളം പത്തും പതിനാറും വാര നീളവും, ആറും പത്തും വാര അകലവുമുള്ള ഇരിമ്പിന്റെ പാത്തിയിൽ ആക്കി കാച്ചിയാറെ, വെടിപ്പുള്ള പഞ്ചസാര പോലെ വെളുത്തതും ശുദ്ധവുമുള്ള ഉപ്പു പുറപ്പെടുകയും ചെയ്യുന്നു. ഉറവായി ഭൂമിയിൽനിന്നു ഒഴകി വരുന്ന ഉപ്പുവെള്ളവും ഈ വിധത്തിൽ തന്നെ കാച്ചി ഉപ്പു എടുക്കുന്നുണ്ടു.

നമ്മുടെ ചിത്രം മലയിൽനിന്നു ഉപ്പുപാറയെ കൊത്തിപ്പൊട്ടിച്ചു ഉപ്പു എടുക്കുന്ന ഒരു സ്ഥലത്തെ സൂചിപ്പിക്കുന്നു. ഈ രാജ്യത്തിൽ എന്ന പോലെ വിലാത്തിയിലും ഉപ്പുപണിയും കച്ചവടവും സക്കാരുടെ കൈയായി നടക്കുന്നു. ആ നല്ല വെടിപ്പുള്ള ഉപ്പിനെ റാത്തൽ ഒന്നിന്നു ഒർ അണ വാങ്ങി വില്ക്കുന്നു. ജമ്മനിരാജ്യത്തിൽ മാത്രം ഓരോ ആണ്ടിൽ അ

റുപതു കോടി റാത്തൽ, ആക മൂന്നു കോടി എഴുപത്തഞ്ച ലക്ഷം ഉറുപ്പികയുടെ ഉപ്പു വേണം.

എന്നാലൊ നമ്മുടെ ദേഹത്തിന്ന ഉപ്പു ആവശ്യമാകുന്നതു പോലെ നമ്മുടെ ദേഹിക്ക ദൈവവചനം അത്യാവശ്യം തന്നെ. ഈ ഉപ്പു ഇല്ല എങ്കിൽ, നാം ദൈവത്തിന്ന ഒരിക്കലും രസമായി വരികയില്ല, അവൻ നമ്മെ തന്റെ വായിൽനിന്ന തുപ്പിക്കളയും.

HISTORY OF THE BRITISH EMPIRE.
ഇംഗ്ലിഷ ചരിത്രം.

(Continued from No. 5, page 74.)

മൂന്നു മാസം കഴിഞ്ഞശേഷം പുതുരാജാവായ എദ്വൎദ് വെസ്ത്മിൻസ്തർ പള്ളിയിൽ കിരീടാഭിഷേകം ലഭിച്ചു, നവമ്പർ മാസത്തിൽ കൂടിയ മന്ത്രിസഭ തനിക്ക മുഴുവനും അനുകൂലമാകകൊണ്ടു മുമ്പേത്ത രാജാവിന്നും അവന്റെ പക്ഷക്കാൎക്കും ഊനം കല്പിച്ചു. എന്നാറെ രാജ്ഞി സ്കോത്ത്ലന്തിനെ വിട്ടു പരന്ത്രീസ്സിലേക്ക ചെന്നു ഒരു സൈന്യത്തെ ശേഖരിച്ചു പിറെറയാണ്ടിൽ ഇംഗ്ലാന്തിൽ എത്തി. അപ്പോൾ ലങ്കസ്ത്ര്യർ പുതു ധൈൎയ്യം പ്രാപിച്ചു വടക്കദിക്കുകളിൽ ചില കോട്ടകളെ സ്വാധീനത്തിലാക്കി, എങ്കിലും വൎവ്വിക് ബദ്ധപ്പെട്ടു ഒരു സൈന്യത്തെ ചേൎത്തു രാജ്ഞിയുടെ അഭ്യാസമില്ലാത്ത കൂട്ടരെ ഛിന്നഭിന്നമാക്കിയാറെ, അവൾ പിന്നെയും ഓടിപ്പോകേണ്ടി വന്നു. ഇങ്ങിനെ അവൾ പല ദിക്കുകളിലും സഞ്ചരിച്ചു സങ്കേതസ്ഥലം അന്വേഷിച്ചു നടന്നപ്പോൾ, ഒരിക്കൽ താനും മകനും ഒരു സേവകനും കടപ്പുറത്തുള്ള കാടുകളിൽ കൂടി ചെല്ലുമ്പോൾ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു; കള്ളർ കൊള്ളനിമിത്തം കലഹിച്ചതിന്നിടയിൽ രാജ്ഞിയും മകനും ഒളിച്ചു പൊയ്ക്കളഞ്ഞു. പിന്നെ അവർ മുന്നോട്ടു നടന്നപ്പോൾ വേറെ ഒരു കള്ളൻ വന്നു അവരെ പിടിച്ചു. ഇനി ഒർ ആവതുമില്ല, എന്നു രാജ്ഞി കണ്ടു കള്ളനോടു: സ്നേഹിതാ, ഈ കുട്ടി നിങ്ങളുടെ രാജാവിന്റെ മകൻ, ഞാൻ അവനെ നിങ്ങളുടെ കൈയിൽ ഭരമേല്പിക്കുന്നു, എന്നു പറഞ്ഞതിനാൽ അവന്റെ കരൾ അലിഞ്ഞു: ഭയപ്പെടേണ്ടാ, ഞാൻ നിങ്ങളെ രക്ഷിക്കും എന്നു ചൊല്ലി, ഇരുവരെയും ഒരു സങ്കേതസ്ഥലത്താക്കുകയും ചെയ്തു. എന്നാറെയും ധീരതയും ഉപായവുമുള്ള രാജ്ഞി അടങ്ങുന്നില്ല. 1464ാമതിൽ ലങ്കസ്ത്ര്യർ യുദ്ധത്തെ പുതുക്കിയപ്പോൾ അവൾ സ്കോത്ത്ലന്തിൽ സന്നാഹങ്ങളെ ഒരുക്കി, അവരെ ധൈൎയ്യപ്പെടുത്തി. പിന്നെ സംഭവിച്ച രണ്ടു കഠോരമായ പടകളിൽ അവളുടെ പക്ഷക്കാർ അശേഷം തോല്ക്കുകയും ചെയ്തു. ഈ പടകളുടെ ശേഷം മുമ്പേത്ത രാജാവായ ഹെന്ത്രി ലങ്കശീർ, എന്ന ദേശത്തു ഒളിച്ചു പാൎത്തു, കുറയ കാലം കഴിഞ്ഞാറെ തന്റെ ഒരു പക്ഷക്കാരന്റെ വഞ്ചനയാൽ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടു. ആയവർ അവനെ

കുതിരപ്പുറത്തു കയററി, കാൽ തോൽവാറിനോടു കെട്ടി, നഗരവീഥികളിൽ കൂടി കടത്തി എങ്ങും ദൎശിപ്പിച്ച ശേഷം തടവിൽ പാൎപ്പിച്ചു. അവിടെ അവൻ അഞ്ചു സംവത്സരം പാൎത്തു, കാവല്ക്കാർ അവനെ സ്നേഹത്തോടെ വിചാരിച്ചതുകൊണ്ടു, രാജാസനത്തിന്മേൽ ഉണ്ടായിരുന്നതിനേക്കാൾ അത്തടവിൽ അധികം സൌഖ്യം ഉണ്ടായിരുന്നു.

പുതിയ രാജാവു തന്റെ സുശീലവും സുരൂപവും നിമിത്തം ജനങ്ങളുടെ സന്തോഷമത്രെ, എങ്കിലും സ്വസ്ഥത വന്ന ഉടനെ അവന്റെ സ്വഭാവം ദൂഷിച്ചു തുടങ്ങി. യുദ്ധത്തിൽ ധീരനും അത്യുത്സാഹിയുമായവൻ സമാധാനത്തിൽ സുഖഭോഗിയും ദ്രവ്യയനും നിൎവ്വിചാരകനുമായി തീൎന്നു. മുമ്പെ ഒരു പടയിൽ പട്ടുപോയ സർ ജോൻ ഗ്രേയ്, എന്ന ലങ്കസ്ത്യപക്ഷത്തിലെ ഒരു പടനായകന്റെ സുരൂപിണിയായ വിധവ ഒരു പത്രം എഴുതിച്ചു, കോവിലകത്തു ചെന്നു രാജാവിന്റെ കൈയിൽ കൊടുത്തു, മരിച്ച ഭൎത്താവിന്റെ അവകാശത്തിന്നായി അപേക്ഷിച്ചു. ആ സുന്ദരിയുടെ മുഖം രാജാവു കണ്ടു അവളിൽ താല്പൎയ്യം ജനിച്ചു ഗൂഢമായി വേളികഴിച്ചു. ചില മാസം ചെന്ന ശേഷം അവൻ തന്റെ വിവാഹത്തെ പ്രസിദ്ധമാക്കിയപ്പോൾ, കോവിലകക്കാരും മഹാന്മാർ പലരും വളരെ നീരസം ഭാവിച്ചു. പ്രത്യേകം രാജാവിന്റെ സുഹൃത്തും സിംഹാസനം ഏറി രാജ്യം വാഴുന്നതിൽ വളരെ സഹായിച്ചുമിരുന്ന വൎവ്വിക എന്ന പ്രഭു അത്യന്തം കോപിച്ചു, മുമ്പെത്ത രാജ്ഞിയുടെ പക്ഷം എടുത്തു രാജാവിന്റെ അനുജനായ ക്ലെരൻസ്തമ്പുരാനെയും വശീകരിച്ചു, തന്റെ പിന്നാലെ വലിച്ചു. പിന്നെ നടന്നു വന്ന പല മത്സരങ്ങളും കലക്കങ്ങളും നിമിത്തം വൎവ്വികും ക്ലെരൻസും രാജ്യം വിട്ടു പരന്ത്രീസ്സിൽ ഒളിച്ചു പാൎക്കേണ്ടിവന്നു. ഇപ്പോൾ സൌഖ്യം ഉണ്ടല്ലോ, എന്നു രാജാവു വിചാരിച്ചു സുഖഭോഗങ്ങളാൽ നേരം പോക്കിയിരുന്ന സമയത്തിൽ ബലമുള്ള വൎവ്വിക പ്രഭു താൻ അനുഭവിച്ച മാനക്കുറവിന്നു പ്രതികാരം വേണം എന്നു നിശ്ചയിച്ചു, ഒരു സൈന്യത്തെ കൂട്ടി, ഇംഗ്ലാന്തിലേക്കു പുറപ്പെട്ടു രാജാവു തന്റെ ഭോഷ്ക്കിൽ സുഖിച്ചുകൊണ്ടിരുന്നപ്പോൾ ദൎത്ത്മൌത്ഥ് എന്ന തുറമുഖത്തിൽ കൂടി കരക്കിറങ്ങി ലൊണ്ടൻ നഗരത്തിന്റെ നേരെ ചെന്നു. വഴിക്കൽ വെച്ചു ബഹുജനക്കൂട്ടങ്ങൾ അവനോടു ചേൎന്നു. രാജാവു പൂൎണ്ണവിശ്വാസത്തോടെ പ്രധാനസേനാപതിയാക്കിയിരുന്ന മൊന്തക്യപ്രഭു, എന്ന വൎവ്വിക്കിന്റെ അനുജനും സൈന്യത്തോടെ ഇവന്റെ പക്ഷത്തിൽ ചേൎന്ന ശേഷം, രാജാവു ഭയപ്പെട്ടു ചില സേവകരോടു കൂടെ രാജ്യം വിട്ടു പരന്ത്രീസ്സിലേക്കു പൊയ്ക്കളഞ്ഞു. എന്നാറെ വൎവ്വിക മൂലസ്ഥാനത്തിലേക്കു പ്രവേശിച്ചു, മുമ്പേത്ത രാജാവായ ഹെന്റിയെ തടവിൽനിന്നു വിടുവിച്ചു യഥാസ്ഥാനപ്പെടുത്തി. എന്നാൽ ഹെന്റിരാജാവിന്റെ പുതിയ വാഴ്ച ചുരുക്കമത്രെ. ആറു

മാസം കഴിഞ്ഞ ശേഷം (1470) എദ്വദ്രാജാവും ഏഴന്നൂറു അനുചാരികളോടു കൂടെ വടക്കു ഇംഗ്ലാന്തിൽ എത്തി. ജനങ്ങൾ വെറുതെ നോക്കി നില്ക്കുന്നു എന്നു കണ്ടപ്പോൾ മുന്നോട്ടു ചെന്നു, യോൎക്കിൽ കടന്നു നിവാസികളുടെ സമ്മതപ്രകാരം കുറയ കാലം ആശ്വസിച്ചു പാൎത്തു. പിന്നെ അവൻ യാത്രയായി, രാജ്യാധിപത്യത്തിന്നല്ല ജന്മാവകാശത്തിന്നു മാത്രം വന്നു എന്നു പറഞ്ഞു. അവൻ മുന്നോട്ടു ചെല്ലുമളവിൽ കൂട്ടം വൎദ്ധിക്കയും, ലൊണ്ടൻ നഗരത്തിന്റെ അരികത്തുള്ള വൎവ്വിക്കിന്റെ സൈന്യത്തെ എതിരിടുമ്പോൾ, ക്ലെരൻസപ്രഭു വൎവ്വിക്കിനെ ചതിച്ചു തന്റെ ആൾക്കാരുമായി എദ്വദ് രാജാവിന്റെ പക്ഷത്തിൽ ചേരുകയും ചെയ്തു. ചില ദിവസം കഴിഞ്ഞാറെ എദ്വദ് ലൊണ്ടനിൽ പ്രവേശിച്ചു ജനങ്ങളുടെ സന്തോഷത്തോടെ വീണ്ടും രാജാസനത്തിൽ ഏറി, നിൎഭാഗ്യനായ ഹെന്രി രാജാവിനെ രണ്ടാമതു തടവിൽ പാൎപ്പിച്ചു. പിന്നെ വൎവ്വിൿ ഒരു വലിയ സൈന്യത്തോടു കൂടെ ബൎന്നത്ത്, എന്ന സ്ഥലത്തിൽ പടെക്കു ഒരുങ്ങിയിരിക്കുന്നു എന്നു രാജാവു അറിഞ്ഞു, തന്റെ സേനകളെ കൂട്ടി പുറപ്പെട്ടു ഒരു വൈകുന്നേരത്തു ശത്രുവിന്റെ അടുക്കൽ എത്തി. അന്നു രാത്രി മുഴുവനും ഇരുപക്ഷസേനകൾ അരികത്തു തന്നെ പാളയം ഇറങ്ങിപ്പാൎത്തു. വൎവ്വിക്കിന്റെ അഴിനിലത്തിൽനിന്നു ഇടയിടെ ഓരോ വെടി പൊട്ടി കൂരിരുട്ടിനെ അല്പം പ്രകാശിപ്പിച്ചു. രാവിലെ പോർ തുടങ്ങിയപ്പോൾ കനമുള്ള മഞ്ഞു നിമിത്തം പോരാളികൾക്കു നേരെ നില്ക്കുന്ന ശത്രുവിനെ മാത്രമെ കാണ്മാൻ കഴിഞ്ഞുള്ളു. രാജാവിന്റെ സൈന്യത്തിൽ മൂന്നാൽ ഒരു ഓഹരി ഇളകി മണ്ടിത്തിരിപ്പാൻ തുടങ്ങിയതു അവൻ അറിയാതെ പൊരുതുംകൊണ്ടു മുന്നോട്ടു ചെല്ലുമ്പോൾ വൎവ്വിൿ സ്വന്ത സൈന്യത്തിന്റെ ഒർ അംശം ശത്രു എന്നു തോന്നി, ചെറുത്തതിനാൽ അവന്റെ പക്ഷം തോല്ക്കയും, താനും അനുജനായ മൊന്തക്യപ്രഭുവും മഹാ ധീരതയോടെ പൊരുതീട്ടു വീണു മരിക്കയും ചെയ്തു. ആ ദിവസത്തിൽ തന്നെ രാജ്ഞിയായ മൎഗ്രെത്ത് മകനോടും ഒരു സൈന്യത്തോടും കൂടെ ഇംഗ്ലാന്തിൽ എത്തുകകൊണ്ടു രണ്ടാമതു ഒരു പടവെട്ടൽ ഉണ്ടായതിൽ രാജ്ഞിയുടെ സൈന്യം തോല്ക്കയും മകൻ പോൎക്കളത്തിൽനിന്നു പട്ടുപോകയും, അവൾ താൻ ശത്രുക്കളുടെ കൈയിൽ അകപ്പെടുകയും ചെയ്തു. അന്നു തുടങ്ങി ആ നിൎഭാഗ്യവതി അഞ്ചു സംവത്സരം തടവുകാരത്തിയായി ഗോപുരത്തിൽ പാൎത്താറെ, പരന്ത്രീസ്സരാജാവായ ലുവിസ അവളെ പണത്തിനു വീണ്ടുകൊണ്ട ശേഷം, ജനനദേശത്തിലേക്കു പോയി, തന്റെ പ്രയാസവും സങ്കടവുമുള്ള ജീവനെ സാവധാനത്തോടെ സമൎപ്പിപ്പാൻ അനുവാദം ലഭിച്ചു. മകൻ പട്ടു പോകയും ഭാൎയ്യ ശത്രുകൈവശമായിരിക്കയും ചെയ്തു, എന്നു ഹെന്രിരാജാവു കേട്ട ഉടനെ തടവിൽ തന്നെ മരിക്കയും ചെ

ച്ചു. എന്നാറെ എദ്വർദ്രാജാവിന്നു സ്വസ്ഥത ഇല്ല പിണക്കം അവന്റെ സ്വന്ത ഭവനത്തിൽനിന്നു ഉത്ഭവിച്ചു. അതുകൊണ്ടു അവൻ ഇനി അഞ്ചു സംവത്സരം ജീവിച്ചതിൽ തന്റെ അനുജനായ ക്ലെരന്സതമ്പുരാനെ വെറുതെ കൊല്ലിച്ച ശേഷം മഹാദുഃഖിതനും നിർഭാഗ്യവാനുമായി മരിക്കയും ചെയ്തു (1483). ബലം പ്രമാണവും അന്യായവുംകൊണ്ടു തന്റെ ഭവനത്തെ പണിയുന്നവനു ഹാനി വരാതെ ഇരിക്കയില്ല, എന്നതിന്നു ഈ രാജാവു ഒരു ദൃഷ്ടാന്തമത്രെ. *(To be continued.)*

THE NEW HEART.

ഒരു പുതിയ ഹൃദയം.

ഒരു രാത്രിയിൽ ഭയങ്കരമുള്ള കൊടുങ്കാറ്റു അടിച്ചതിനാൽ കുസ്സിനിക്കാരൻ ബുത്ത്ളർ, ദോവി, ആയ എന്നിവരുടെ പുരകൾ ഇടിഞ്ഞു വീണു. ദൈവകരുണയാൽ ആൎക്കും ഒരു ഹാനിയും വന്നില്ല, ആയയുടെ ചോറു ഉണ്ടാക്കുന്ന പെണ്ണിന്നു മാത്രം അല്പം മണ്ണു കാലിന്മേൽ വീണതിനാൽ കുറയ വേദന ഉണ്ടായിരുന്നു.

രാവിലെ സായ്പും മതാമ്മയും ഇടിഞ്ഞു വീണ പുരകളെ നോക്കി നിന്നപ്പോൾ, സായ്പു പറഞ്ഞു: ഈ പുരകളെ പുതുതായി കെട്ടേണം, എങ്കിലും ഈ സ്ഥലം നന്നല്ല. എനിക്കു പാൎപ്പാനായി നല്ല ഭവനം വേണം. അതു പോലെ എന്റെ പണിക്കാരും സൌഖ്യമുള്ള പുരകളിൽ പാൎത്താൽ എനിക്കു സന്തോഷം ഉണ്ടാകും. പിന്നെ സായ്പു പൂന്തോട്ടത്തിന്റെയും പുഴയുടെയും നടുവിൽ എപ്പൊഴും നല്ല കാറ്റുകൾ വീശുന്ന ഒരു സ്ഥലം കണ്ടു, അവിടെ നാലു പുതിയ പുരകളെ കെട്ടുവാൻ കല്പിച്ചു. പുരകൾ തീൎന്നപ്പോൾ ഓരോന്നിന്നു ഈ രണ്ടു വെടിപ്പുള്ള മുറികളും, മുൻഭാഗത്തു ഓരോ കോലായും ഉണ്ടു. അവ നാലും ബഹു സൌഖ്യമുള്ള പാൎപ്പിടങ്ങൾ തന്നെ, എന്നു എല്ലാവരും സമ്മതിച്ചു. പിന്നെ ബുത്ത്ളൎക്കും കുസ്സിനിക്കാരനും ദോവിക്കും ഓരോ പുരയും, ആയക്കും ഒരു പുരയും കിട്ടുക കൊണ്ടു, അവൎക്കു വളരെ സന്തോഷം ഉണ്ടായിരുന്നു. ആയെക്കു പ്രത്യേകമായി എല്ലാം ഒരു കൌതുകം പോലെ തോന്നി, രണ്ടു മുറികളും ഒരു കോലായും ഉണ്ടല്ലൊ, ഉഷ്ണകാലത്തു ഞാൻ വടക്കു ഭാഗത്തു കുത്തിരുന്നു, പുഴക്കാറ്റു കൊണ്ടു വെള്ളത്തിന്മേൽ ഓടുന്ന തോണികളെ നോക്കിക്കൊള്ളും, ശീതകാലത്തു തെക്കെ ഭാഗത്തിൽ ഇരുന്നു, വെയിലിന്റെ ചൂടുകൊണ്ടു ആശ്വസിക്കും എന്നു പറഞ്ഞു. പിന്നെ അവൾ തന്റെ പുരയുടെ വാതില്ക്കൽ കുത്തിരുന്നു, മറെറ ഭവനക്കാരോടു ഓരോന്നു വിളിച്ചു: ഇവിടെ നമുക്കു നല്ലവണ്ണം ഉറങ്ങാം, തോട്ടിയുടെ മുഷിഞ്ഞിരിക്കുന്ന പിള്ളരുടെ കരച്ചൽ നമ്മെ ഇവിടെ അസഹ്യപ്പെടുത്തുകയില്ല, അങ്ങാ

ടിയിൽനിന്നു വരുന്ന പുക ഇവിടെ എത്തുന്നില്ല, അതുകൊണ്ടു എന്റെ മതാമ്മയുടെ ഉടുപ്പു എല്ലാപ്പോഴും നല്ല വെടിപ്പാകും, എന്നും മറ്റും പലതും വലിയ സരസമായി സംസാരിച്ചു. പിന്നെ അവൾ മതാമ്മയെ ഉടുപ്പിപ്പാൻ ചെന്നപ്പൊൾ, അങ്ങിനെ തന്നെ കീൎത്തിച്ചു: ഇപ്പുരയിൽ എനിക്കു സ്വൎഗ്ഗത്തിലെ പോലെ സുഖം ഉണ്ടാകും, നാലു പുരകളിലും എന്റെതു വിശേഷമുള്ളതാകുന്നു, എന്നു പറഞ്ഞു.

മതാമ്മ: നീ വിചാരിക്കുന്നപ്രകാരം നിനക്കു സൌഖ്യം ഉണ്ടാകട്ടെ.

പിറ്റെ ദിവസം ആയ ചോറു വെപ്പാൻ പുരയിൽ ചെന്നപ്പൊൾ ബുത്ലുരുടെ ഭാൎയ്യ തന്റെ പുരയുടെ വാതിലിനെ അല്പം തുറന്നു, ആയയുടെ കിണ്ടിയുടെ മേലും വെറ്റിലപ്പെട്ടിയുടെ മേലും കുറയ വെള്ളം തുകിക്കളഞ്ഞു.

അപ്പോൾ ആയ വളരെ കോപിച്ചു: എടാ, ഇതു എന്താണ, എന്റെ സാമാനങ്ങളുടെ മേൽ വെള്ളം തുകിക്കളക എന്നു വലിയ ശബ്ദത്തോടെ നിലവിളിച്ചു.

നാലു പുരകളിൽ നിന്റെതു തന്നെ വിശേഷം എന്നു നീ പറഞ്ഞില്ലെ, അതു കൊണ്ടാണ, എന്നു ബുത്ലുരുടെ ഭാൎയ്യ അകത്തു നിന്നു കൂകി.

ഞാൻ അങ്ങിനെ പറഞ്ഞതു നീ എങ്ങിനെ അറിഞ്ഞു: ഞാൻ ആ വാക്കു പറഞ്ഞില്ല. ഇല്ലാത്തതിനെ എന്തിനു പറയുന്നു. എന്നു ആയ പറഞ്ഞു. നീ അങ്ങിനെ പറഞ്ഞു, ദോവിച്ചിയും കുസ്സിനിക്കാരന്റെ ഭാൎയ്യയും അതിനെ അറിഞ്ഞിരിക്കുന്നു. നീ മതാമ്മയോടു തന്നെ പറഞ്ഞപ്പോൾ ദോവിച്ചി അതു കേട്ടു, എന്നു ബുത്ലുരുടെ ഭാൎയ്യ പറഞ്ഞു.

ഞാൻ അങ്ങിനെ പറഞ്ഞു എങ്കിൽ, ഞാൻ ഉള്ളതു തന്നെ പറഞ്ഞു, നാലു പുതിയ പുരകളിൽ എന്റെതു നല്ലതു. നല്ല പുര എനിക്കു കിട്ടേണം, എന്നു മതാമ്മ താൻ നിശ്ചയിച്ചു.

എന്നാറെ ദോവിച്ചിയും കുസ്സിനിക്കാരന്റെ ഭാൎയ്യയും തങ്ങളുടെ പുരകളിൽനിന്നു പുറത്തു വന്നു വലിയ ശബ്ദത്തോടെ ആയയെ ചീത്ത പറഞ്ഞു തുടങ്ങി. പിന്നെ ആയ അവരെ താഴ്ത്തി പറവാനായി ഉച്ചത്തിൽ നിലവിളിക്കയും ദുഷിക്കയും ചെയ്ത സമയത്തു അവളുടെ ചോറു ഉണ്ടാക്കുന്ന പെണ്ണും കോലായിൽ വന്നു വായ്പടയിൽ ചേൎന്നു. ഈ നാലരും കുറയ നേരം തമ്മിൽ വാവിഷ്ടാനം ചെയ്ത ശേഷം ബുത്ലുരുടെ ഭാൎയ്യ പഴക്കവും കീറിയതുമായ ഒരു ചെരിപ്പു എടുത്തു ആയയെ എറിഞ്ഞു. അപ്പോൾ ആയ ഒരു ശൈത്താന്റെ ചേലായി എറിഞ്ഞവളുടെ നേരെ പാഞ്ഞു, അടിയും പിടിയും വലിയും തുടങ്ങിയതിനെ ദോവിച്ചിയും കുസ്സിനിക്കാരന്റെ ഭാൎയ്യയും കണ്ടു പോരിനു അണഞ്ഞപ്പോൾ, ആയയുടെ വേലക്കാരത്തിയും യജമാനത്തിയുടെ രക്ഷെക്കായി അപ്പടവെട്ട

ലിൽ ചേൎന്നാറെ, ഐവരും തമ്മിൽ പൊരുതുകയും നിലവിളിക്കയും ചെയ്തതിനെ വിവരിപ്പാൻ കഴിയുന്നത ആർ?

ഇതെല്ലാം സംഭവിച്ചപ്പോൾ സായ്പും മതാമ്മയും തീനിൽ ഇരുന്നു നിലവിളിയെയും കേട്ടു, ശബ്ദം അങ്ങാടിയിൽ നിന്നത്രെ വരുന്നു, എന്നു ആദ്യം തോന്നിപ്പോയി, എങ്കിലും നോക്കുമ്പോൾ പുതിയ പുരകളിൽ പാൎക്കുന്ന പെണ്ണുങ്ങൾ തന്നെ അടികലശൽ തുടങ്ങി എന്നറിഞ്ഞാറെ, സായ്പ ബുത്ലരെ വിളിച്ചു, കാൎയ്യത്തെ അറിവാനായിട്ടു അവിടെ അയച്ചു.

ബുത്ലർ എത്തിയപ്പോൾ പട അതികഠോരം എന്നെ വേണ്ടു. ചിലരുടെ മൂക്കിൽ കൂടി ചോര ഒലിച്ചു തൂകി. ചിലരുടെ മുഖം മാന്തിയും പൊട്ടിയുമിരുന്നു. ആയ ദോവിച്ചിയുടെ അടി കൊണ്ടിട്ടു, മുഖം എല്ലാം വീങ്ങി ഇരുന്നു. അവർ ബുത്ലരെ കണ്ടപ്പോൾ പോർ അമൎന്നു, ഓരോരുത്തിയും തന്റെ തന്റെ പുരയിലേക്ക പാഞ്ഞു ഒളിച്ചിരുന്നു. പിന്നെ ബുത്ലർ തന്റെ ഭാൎയ്യയെ മുറിയിലാക്കി വാതിലിനെ പൂട്ടി സായ്പിന്റെ അടുക്കൽ മടങ്ങി ചെന്നു വൎത്തമാനം പറഞ്ഞു.

വൈകുന്നേരത്തു ആയ മതാമ്മെ ഉടുപ്പിപ്പാൻ ചെല്ലുമ്പോൾ, അവളുടെ കണ്ണും ചുണ്ടും, മുഖത്തിന്റെ ഒരു ഭാഗവും വളരെ വീങ്ങിയിരുന്നു. അവൾ തുണി കൊണ്ടു മുഖത്തെ മറച്ചു വെച്ചു, എന്നിട്ടും മതാമ്മ എല്ലാം അറിഞ്ഞു അവളോടു: പുതിയ പുരയിൽ സ്വൎഗ്ഗത്തിലെ പോലെ സുഖം ഉണ്ടാകും, എന്നു നീ ഇന്നലെ പറഞ്ഞില്ലയോ? എന്നാൽ അസൌഖ്യത്തിന്റെ ചില ഹേതുക്കൾ പുതിയ പുരയിലും ഉണ്ടു, എന്നു തോന്നുന്നു, എന്നു പറഞ്ഞു.

പുതിയ പുരയിൽ ഒരു കുറവുമില്ല മതാമ്മേ, ഈ ഹിന്തു രാജ്യത്തെങ്ങും ഏതു സായ്പിന്റെ പണിക്കാൎക്ക ഇത്ര നല്ല പുരകൾ ഉണ്ടു? എങ്കിലും ഇങ്ങിനെത്ത അയല്ക്കാർ ഉണ്ടായാൽ, കോവിലകത്തും സുഖം ഉണ്ടാകുന്നില്ല. അള്ളാ, ആ ബുത്ലരുടെ ഭാൎയ്യ എന്തു വല്ലാത്ത ഒരു ഗൎവ്വിഷ്ഠിയും ദുശ്ശീലക്കാരത്തിയുമാണ. പിന്നെ ആ ദോവിച്ചി, നോക്കുക മതാമ്മേ, എന്റെ മുഖത്തു കുത്തിയതു എല്ലാം വീങ്ങിയിരിക്കുന്നു. കഴിയും എങ്കിൽ അവൾ എന്നെ കൊല്ലും നിശ്ചയം. അയ്യോ എങ്ങിനെത്ത കൂട്ടരാണ ഇവർ!

മതാമ്മ: എന്നാൽ നീ മിണ്ടാതെ അവിടെ നിന്നു, അവരുടെ അടി കൊള്ളുകയും ചീത്തവാക്ക കേൾക്കുകയും ചെയ്യുവല്ലോ?

ആയ: അയ്യോ മതാമ്മേ, ഞാൻ ഈ താണവരുടെ അടി മിണ്ടാതെ കൊള്ളുവാൻ പോകുമോ?

മതാമ്മ: എന്നാൽ ആ താണവരോടു കലമ്പി അടികലശൽ കൂടുന്നതു നിനക്ക ശങ്ക ഒട്ടുമില്ല, എന്നു തോന്നുന്നു. ഈ ദുശ്ശീലവും പകയും അസൂയയും ഹൃദയത്തിൽ ഇരിക്കുവോളം നിനക്ക സ്വൎഗ്ഗത്തിൽ തന്നെയും സുഖം ഉണ്ടാകയില്ല. അതുകൊണ്ടു നിങ്ങൾ വീണ്ടും ജനിക്കുന്നില്ല

എങ്കിൽ, ദൈവത്തിൻെറ രാജ്യത്തെ കാണ്മാൻ കഴികയില്ല, എന്നു ദൈവവചനം പറയുന്നു.

ആയ: വീണ്ടും ജനിക്ക എന്നതു എന്തു, എന്നു ഞാൻ അറിയുന്നില്ല.

മതാമ്മ: ദൈവം ആദ്യ മനുഷ്യരെ നല്ലവരും നീതിമാന്മാരുമാക്കി സൃഷ്ടിച്ചു എന്നു ഞാൻ മുമ്പെ നിന്നോടു പറഞ്ഞുവല്ലൊ. എന്നാൽ പഴയ സൎപ്പമായ പിശാചു ആദ്യ മാതാവായ ഹവ്വയുടെ അടുക്കൽ ചെന്നു: നിങ്ങൾ ഭക്ഷിക്കരുതു, എന്നു ദൈവം കല്പിച്ച വൃക്ഷത്തിൻെറ ഫലം ഭക്ഷിപ്പിക്കുന്നതിനാൽ ദൈവത്തിൻെറ കല്പനയെ ലംഘിപ്പാനായി വശീകരിച്ചു. അവൾ തിന്നുകയും ഭൎത്താവിനു കൊടുത്താറെ അവനും തിന്നുകയും ചെയ്തു. അതുകൊണ്ടു അവരുടെ ഹൃദയങ്ങൾ ദോഷം കൊണ്ടു നിറകയും അവൎക്കു ജനിച്ച കുട്ടികൾ അവരെ പോലെ പാപികളും ദൈവവിരോധികളുമായി തീരുകയും ചെയ്തു. ഈ കാൎയ്യം ചെറിയ കുട്ടികളിലും തന്നെ കാണാം. അവർ തമ്മിൽ കലമ്പി, വാക്കു പറവാൻ കഴിയും മുമ്പെ അമ്മമാരോടു കോപിക്കയും ഓരോ അനുസരണക്കേടു കാണിക്കയും ചെയ്യുന്നില്ലയൊ? പിന്നെ അവർ വളരുന്തോറും അവരുടെ ദുഷ്ടതയും വികൃതിയും വളരുകയും ചെയ്യും. എന്നാൽ പരലോകത്തിൽ സ്വൎഗ്ഗം, നരകം എന്നു രണ്ടു സ്ഥലങ്ങൾ ഉണ്ടു. ദൈവം തന്നെ സ്നേഹിക്കുന്നവൎക്കു വേണ്ടി ഒരുക്കീട്ടുള്ള വസ്തുക്കളെ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യൻെറ ഹൃദയത്തിൽ കരേറീട്ടുമില്ല, അവിടെ മരണവും ദുഃഖവും കരച്ചലും വേദനയുമില്ല, എന്നിപ്രകാരം ദൈവവചനം സ്വൎഗ്ഗത്തിൻെറ അവസ്ഥയെ വൎണ്ണിക്കുന്നു. പിന്നെ നരകം എന്നതൊ, അഗ്നിയും ഗന്ധകവും കത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥലം ആകുന്നു. അവിടെ അവരുടെ പുഴു ഒടുങ്ങാതെയും, തീ കെടാതെയും ഇരിക്കുന്നു. എന്നാൽ പിശാചിനെ പോലെ ദുഷ്ടതയും പകയും കോപവും അസൂയയും ഹൃദയത്തിൽ പാൎപ്പിക്കുന്നവർ ഒക്കെയും ദൈവരാജ്യമാകുന്ന സ്വൎഗ്ഗത്തെ അവകാശമാക്കാതെ, എന്നേക്കും പിശാചിനോടും അവൻെറ ദൂതന്മാരോടും നരകത്തിൽ കിടക്കേണ്ടി വരും. ദൈവം കോപവും അസൂയയും പകയും നിറഞ്ഞിരിക്കുന്ന ആളുകളെ സ്വൎഗ്ഗത്തിൽ പാൎപ്പിച്ചെങ്കിൽ, ആ മഹത്വമുള്ള സ്ഥലം ഉടനെ കലക്കവും സങ്കടവും നാശവും കൊണ്ടു നിറയും. അതുകൊണ്ടു ദൈവം നമ്മുടെ ദോഷമുള്ള ഹൃദയത്തെ നമ്മിൽനിന്നു എടുത്തു നമുക്കു ഒരു നല്ല പുതിയ ഹൃദയത്തെ തരുവാനായി നാം വിടാതെ അവനോടു പ്രാൎത്ഥിക്കേണ്ടതാകുന്നു.

ആയ: മതാമ്മയവൎകൾ എപ്പൊഴെങ്കിലും ഒരു പുതിയ ഹൃദയത്തിനു വേണ്ടി ദൈവത്തോടു പ്രാൎത്ഥിച്ചുവോ?

മതാമ്മ: പ്രാൎത്ഥിച്ചു. അതിൻെറ അവസ്ഥ നാളെ പറയാം.

THE MALAYALAM COUNTRY.

മലയാളരാജ്യം.

(അഞ്ചാം നമ്പർ ൭൰ാം പുറത്തിൽ തീൎന്നതിന്റെ ശേഷം.)

1. ഏററിറക്കം എന്നു പറയുന്ന അനക്കത്താൽ കടൽ വെള്ളം എങ്ങും ഇളകി മാറിവരുന്നു.

വേലി എന്നതു ചന്ദ്രന്റെയും സൂൎയ്യന്റെയും ആകൎഷണശക്തിയാൽ ഉത്ഭവിക്ക കൊണ്ടു വെളുത്ത വാവിലും കറുത്ത വാവിലും വൎദ്ധിക്കയും അൎദ്ധചന്ദ്രനിൽ അല്പം കുറകയും ചെയ്യുന്നു. നാൾതോറും രണ്ടു ഏററിറക്കം നടക്കുന്നു. തിട്ടമായി പറഞ്ഞാൽ 24 മണിക്കൂറും 50 വിനാഴികയും (മിനിട്ടു) രണ്ടു ഏററിറക്കത്തിന്നു വേണ്ടി വരികയാൽ അതാത ഏററമോ ഇറക്കമോ തലനാളിൽ ഉണ്ടായതിൽനിന്നു മറുനാളിൽ 50 വിനാഴിക വൈകീട്ടെ കൊള്ളുന്നതു നിലാവു ദിവസന്തോറും അതാത നീളപ്പടിയിൽ 50 വിനാഴിക താമസിച്ചു ഉച്ചത്തിൽ ഇരിക്കയാൽ അത്രെ. നിലാവു നേരം മാറി മാറി ഉദിച്ചസ്തമിക്കുന്നതു പ്രസിദ്ധം അല്ലോ. കടൽ വെള്ളം പൊങ്ങി കരയിലേക്ക കയറുന്നതിന്നു ഏററം കൊള്ളുന്നു, (വേലിയേററം) എന്നും ഇറങ്ങിവരുന്നതിന്നു ഇറക്കം തിരിക (വെക്ക, വാരുക) വേലിയിറക്കം എന്നും പറയുന്നു. വാവുകാലത്തുള്ള വലിയ വേലിക്ക വാവേററവും വാവിറക്കവും (Spring-tide) എന്നും അൎദ്ധ ചന്ദ്രകാലത്തുള്ളതിന്നു പഞ്ചമിതൊട്ടു സപ്തമിയോളം ചതുക്കേററം ചതുക്കിറക്കം (Neap-tide) എന്നും പേർ. മലയാളക്കരയിൽ കടൽ പൊതുവിൽ 3-5 കാലടിയോളം പൊങ്ങി താഴകയും ചെയ്യുന്നു.* എങ്കിലും വൃശ്ചികക്കള്ളനും തുലാക്കള്ളനും എന്ന വാവുവേലിയിൽ കടൽ വെള്ളം ചിലപ്പോൾ താണ കടൽ കരയെയും പുഴകളിൽ കൂടി കയറി പുഴവക്കിനെയും കവിഞ്ഞു ചേററു പുഞ്ചപ്പാടങ്ങളിലെ കൃഷിക്ക കേടും ഓവ്വെള്ളത്താൽ ഓരോ നഷ്ടവും വരുത്തും. മിക്ക പുഴകൾക്ക താണ പ്രദേശം ഉള്ളേടത്തോളം വേലി കൊള്ളുന്നു. ഇറക്കം വെക്കുമ്പോൾ ഉവർവെള്ളം വാൎന്ന കടലോരത്തിലും ഉവർപ്രദേശങ്ങളിലും നാട്ടുകാർ മണ്ണുപ്പുവാരി കലക്കിയും കുറുക്കിയും ഉപ്പുടിച്ചും പ്രയോഗിക്കുന്നു; പടന്നകളിൽ ഉപ്പു വിളയിക്കാറുമുണ്ടു.

2. തിരകൾ. ഓളവും തിരയും വേലികൊണ്ടുള്ള കടലിന്റെ തനതു ഇളക്കം അത്രേ. കാററടിച്ചു മോത ഉണ്ടാകുന്നു; കേമിച്ചാൽ ആയതു ഓളവും തിരയും തിരമാലയും ആയ്തീരുന്നു.

മോത കീഴ്പ്പെട്ടു പൊട്ടി ഉലരുന്നു. ഓളം പൊട്ടുന്നില്ല. ഓളം വലുതായാൽ തിര. തിരയേ പൊട്ടു തിരമാല എന്നതു തിരകൾ കൂട്ടമായി വരുന്ന

---

* തിരുവിതാങ്കൂറിൽ. 3 കാലടിയോളമെ പൊങ്ങുന്നുള്ളു.

തിന്നു പേർ (കൂട്ടക്കടൽ വരിക). കടൽ പുറത്തു കൂനിച്ചു കരെക്കു ഉരുളു ന്ന തിരകൾ മുകിൽ ഇളകിയിരിക്കുന്നു എന്നും പൊട്ടാതെ നക്കീട്ടേ വന്നു കരെക്കു കയറുന്നതിന്നു ആപ്പു കയറുന്നു എന്നും പറയുന്നു.

3. നീരോട്ടവും നീവ്വലുവും. കടലിന്റെ അടിയിലുള്ള നീരോട്ടങ്ങളും (കീഴ്നീർ) മേലുള്ള നീവ്വലുക്കളും (മേൽനീർ) എന്നിവ പലവിധമായി വെവ്വേറെ സംഗതികളാൽ ജനിച്ചുണ്ടാകുന്നു. അവ തമ്മിൽ എതിരെ ചെല്ലുന്നു.

കാററു കൊണ്ടു അറവി ഉൾക്കടലിലെ നീവ്വലു ഉത്ഭവിക്കയാൽ അതു കൊല്ലന്തോറും വീശുന്ന കാററോടു കൂടെ മാറി വരുന്നു. വേനൽകാലത്തു കാററു വടക്കു കിഴക്കുനിന്നു അടിക്കയാൽ വെള്ളം തെക്കു പടിഞ്ഞാറോട്ടു പോകുമ്പോൾ നമ്മുടെ കരയിൽ പ്രത്യേകമായി രാവിലെ കടൽക്കാററു വീശും മുമ്പെ കടൽ ശാന്തതയോടെ ഇരിക്കും.

വടക്കു കിഴക്കുനിന്നു തെക്കു പടിഞ്ഞാറോട്ടു ചെല്ലുന്ന നീവ്വലു മദ്രാസ്സ കരയിൽനിന്നു പുറപ്പെട്ടു മലയാളത്തിൽ വരുവാൻ ഭാവിക്കുന്ന കപ്പലുകളെ ചിലപ്പോൾ കന്യാകുമാരിയിൽനിന്നു മാലദ്വീപുകളിലേക്കു വലിച്ചു കളയുന്നു. മഴക്കാലത്തു കാററു തിരിഞ്ഞു തെക്കു പടിഞ്ഞാറുനിന്നു വടക്കു കിഴക്കോട്ടു അടിച്ചു കൊണ്ടിരിക്കുമ്പോൾ കടൽ ഇടവം തൊട്ടു കക്കടകാന്തത്തോളം വൎഷക്കടലായി ശക്തിയോടെ തെക്കു പടിഞ്ഞാറു നിന്നു നമ്മുടെ കരകൾ അലെച്ചു അള്ളീട്ടൊ വാരീട്ടൊ അതിനെ തിന്നുകളക എങ്കിലും അല്ല തടിപ്പിക്ക എങ്കിലും ചെയ്യുന്നു. അക്കാലം വിശേഷിച്ചു കക്കടകത്തിൽ വാൎന്നു പൊട്ടുന്ന കടലിൽ അടിയിലെ ചുഴിയും കൂട ഉണ്ടാകും.* നീരൊഴുക്കു പലതുണ്ടു. അതിന്നു മുക്കുവർ തെങ്ങര കരനീർ, തെക്കൻ നീർ, തെമ്പുറത്തു നീർ, എന്നും മററും പറഞ്ഞു വരുന്നു.

കടലിന്റെ അടിയിലെ നീരോട്ടം ഏറുമ്പോൾ കൂടക്കൂടെ നീരൊഴുക്കും മാറി വരുന്നു. മേല്പറഞ്ഞ അനക്കങ്ങൾ 15 മാറിൽ ഏറ കടലിന്റെ മേല്പാട്ടിൽനിന്നു താഴുന്നില്ല എന്നു കുളിയിടുന്നവർ (നീക്കയിടുന്നവർ divers) ശോധന കഴിച്ചറിയിച്ചിരിക്കുന്നു.

കര. ചന്ദ്രഗിരി (കാഞ്ഞിരങ്കോട്ടു)തൊട്ടു കന്യാകുമാരിയോളം ഏകദേശം നാന്നൂറു നാഴിക നീളമുള്ള കടപ്പുറം ഉണ്ടു. അതിൽ 143 നാഴിക മലയാളക്കൂറു പാട്ടിന്നു (Province) ചെല്ലും.

വേക്കലന്താലൂക്കിന്ന 30 നാഴികയും കൊച്ചി ശീമെക്കു 2 പങ്കായിട്ടു 40 നാഴികയും തിരുവിതാങ്കോട്ടിന്നു 174 നാഴികയും നീണ്ട കരയുണ്ടു.

കടപ്പുറം മിക്കതും പരന്ന പൂഴിപ്പാടും കോപ്പൽ പാടും തന്നെ. ചിലേടത്തു കുന്നുകൾ മെല്ലേ കടലിലേക്കു ചായുകയും മററേടത്തു കടലോ

---

* സമഭൂമി കായലുകളെകൊണ്ടു പറഞ്ഞതു നോക്കുക.

ളും അടുത്തു തൂക്കമായി നില്ക്കുകയും ചെയ്യുന്നു. കരെക്ക പൊതുവിൽ കഴം കുറയുന്നുവെങ്കിലും ഇടുകര എന്നു പറയുന്ന തൂക്കമുള്ള കരയും അതിന്നടുക്കേ കുഴിക്കടൽ എന്ന കഴമുള്ള കടലും ചിലേടത്തു കാണ്മൂ.

മുനമ്പു കോടികൾ. വളരെ അലുക്കിച്ചിരിക്കുന്ന വടക്കേ മലയാളക്കരയിൽ ഏഴിമല (സപ്തശൈലം) എന്ന ഉയൎന്ന മുനമ്പും അവിടവിടെ കടലിൽ തുറിച്ചു ഉയരവും പരപ്പും കുറഞ്ഞ പല കോടികളും ഉണ്ടു. കൊച്ചി തിരുവിതാങ്കോടു സംസ്ഥാനങ്ങൾക്ക കോട്ടം കുറഞ്ഞ തീരവും തിരുവിതാങ്കൂറിന്നു മാത്രം മൂന്നു കോടികളും കാണുന്നു.

804 കാലടി ഉയൎന്ന ഏഴി മലയെ കടലിൽനിന്നു 24—27 നാഴിക ദൂരത്തോളം കാണാം. അവിടെയുള്ള കോളിനെയും വടക്കേ പടിഞ്ഞാറു കാററിനാൽ കൂടക്കൂടെ തെക്കോട്ടുള്ള നീരൊഴുക്കത്തെയും തുമ്പില്ലാത്ത ഓളങ്ങളെയും ഉരുക്കാർ ഏററവും അഞ്ചുന്നു. കരനാക്കുകളായ കോടികൾ മിക്കതും ചന്ദ്രഗിരി തൊട്ടു പൊന്നാണിയോളം അധികമായി കാണാം. തിരുവിതാങ്കൂറിൽ ഓരോ പുഴകളുടെ അഴിയാൽ കരെക്ക അല്പം കോട്ടം ഭവിച്ചിരിക്കുന്നു.

വടക്കുനിന്നുള്ള കോടികൾ ആവിതു: കോട്ടിക്കൊല്ലം, വേക്കലം, നീക്കര, കണ്ണനൂർ (കോട്ട), ഏഴര, എടക്കാടു, കോട്ട (ധൎമ്മടം), തലായി, മയ്യഴി (കോട്ട), നിലോത്തു, മുട്ടുങ്ങൽ, തൃക്കോടി (തിക്കോടി), മമ്മു (പയ്യോർ മല), കടൽ (പുതിയാപ്പിൽ), എലത്തൂർ കോടി ചാലിയത്തുമൂല.

പള്ളകൾ. കോടികളുടെ തെക്കെ പിരടിക്ക (neck) കടൽ അകത്തു വന്നതിന്നു പള്ള എന്നു പേർ.

ഈ പള്ളകൾ വൎഷക്കടലിന്റെ പണി എന്നു പറയാം. പ്രത്യേകമുള്ള കോടികൾക്ക പള്ളയുള്ളു. പല പള്ളക്കരകളിൽ മുക്കുവർ പാൎക്കുന്നു.

ചേററു പതം. കൊച്ചിക്കടുത്ത ഞാറക്കല്ലിലും ആലപ്പുഴെക്കടുത്ത പുറക്കാട്ടിലും വലിയ ചേററു പതങ്ങൾ (ചളിത്തിട്ടുകൾ) ഉണ്ടു.*

പുഴകൾ കടലിലേക്കു ഒലിച്ചു കൊണ്ടു വരുന്ന ചളി നേരിയമണ്മണൽ മുതലായതിനെ കടൽ അഴിക്കടുക്കേ തടുക്കയും കടൽ വിവിധകരകളിൽനിന്നു ഉൾകൊണ്ട ചേറിനെ അലെച്ചു കൊണ്ടു വരികയും പിന്നെ കരക്കലെ പള്ളകളിലേക്കു തിക്കിത്തിരക്കയും ചെയ്തിട്ടു അതു ചേററു വല്ലമായി പള്ളയും കരയുമായി പററി നില്ക്കുന്നു. കടൽ എത്ര കോപിച്ചാലും ആയതു എണ്ണപ്പതമുള്ള കടൽ കണക്കേ (ആമ്പലും കൂടെ ഇല്ലാതെ) അടങ്ങുക കൊണ്ടു ഉരുക്കാൎക്കു തക്ക ഒതുക്കിടം തന്നെ. 10 നാഴിക നീളവും കടൽ കരക്ക മദ്ധ്യേ 20 മാറു ആഴവും ഉള്ള പുറക്കാട്ടിലേ ചളിത്തിട്ടു 1693

---

* Mud flats, elastic mud.

—1825 ക്രി. ആ. ത്തോളം ഇങ്ങനെ 132 കൊല്ലത്തിന്നകം 18 നാഴിക തെക്കോട്ടു നീങ്ങിയിരിക്കുന്നു.

ഏഴിപ്പള്ളി (എട്ടില്ലം), കണ്ണനൂർ പള്ളി, എടക്കാട്ടുപള്ളി, കോവില്ക്കണ്ടി പള്ളി എന്നീ പള്ളികളിലും ചേററുപതം പലപ്പോഴും വീഴാറുണ്ടു.

തുറമുഖങ്ങൾ. വലിയ കപ്പൽ കരപററി നില്പാൻ തക്കവലിപ്പവും ആഴവും ഉള്ള പള്ളെക്കു തുറമുഖം എന്ന പേർ. അങ്ങിനെയുള്ളതു കുളച്ചയത്രേ. ഇപ്പോഴോ കോയ്മയുടെ അനുവാദത്തോടു ഏററിറക്കം ചെയ്യുന്ന കടപ്പുറത്തിന്നു തുറമുഖം എന്നു തെററായി പറയുന്നു. ബന്തർ എന്നും ഉണ്ടു.

പന്തലായിനി എന്ന മുമ്പേത്ത വലിയ തുറമുഖത്തിൽ ചീനക്കപ്പലുകൾ മഴക്കാലത്തു പാർത്തിട്ടുണ്ടായിരുന്നു എന്നു എഴുത്തിനാലും പഴമയാലും അറിയുന്നു.

അഴിമുഖങ്ങളെ കൊണ്ടു III, 4 പറഞ്ഞതു നോക്കുക.

ഉരുപ്പാടു കപ്പലുകൾ വലിപ്പത്തിന്നൊത്തവണ്ണം 2—5 നാഴിക മലയാളക്കരവിട്ടു ഉരുപ്പാട്ടിൽ നങ്കൂരം ഇടേണം.

തിരുവിതാങ്കോട്ടിൽ വലിയ കപ്പലുകളെ അനേകം സ്ഥലങ്ങളിൽ കരയിൽനിന്നു അല്പം അകലേ നിൎത്തുന്നതിന്നു പാങ്ങുണ്ടു.

ദ്വീപുകൾ. ലക്ഷദ്വീപുകൾ എന്ന ഏകദേശം 30 ചെറിയ താണ ദ്വീപുകളും വെള്ളിയങ്കല്ലു എന്ന പരന്ന പാറയും മുഖ്യം.

ലക്ഷദ്വീപുകളുടെ ചുററിലും ഉരുക്കൾക്കു അപായം വരത്തക്ക പവിഴപ്പുററു കടലിന്റെ അടിതൊട്ടു മേല്പാടോളം പൊന്തുന്നു.

വെള്ളിയങ്കല്ലിൽ (Sacrifice Rock) മുമ്പെ കടക്കള്ളന്മാർ ഉരുക്കളിൽ പിടിച്ച മനുഷ്യരെ കൊല്ലുകയൊ നരമേധം കഴിക്കയൊ ചെയ്തു എന്നും പടപ്പാച്ചലിൽ മാപ്പിള്ളമാർ തിരുവിതാങ്കോട്ടിലേക്കു കയററി കൊണ്ടു പോകുന്ന ഓരോ ധനവാന്മാരെ ഉരുക്കളെ അവിടെ മറിച്ചു കൊന്ന ശേഷം ആയവർ തലശ്ശേരിയിൽ വിശ്വസിച്ചേല്പിച്ച പണ്ടങ്ങളും ആധാരങ്ങളും കൈക്കൽ ആക്കിയിരിക്കുന്നു എന്നും ഒരു പഴമയുണ്ടു.

ധൎമ്മടക്കുടക്കടവുകളുടെ അഴിക്കു നടുവിൽ കടൽ ആക്രമിച്ചു ശേഷിപ്പിച്ച ഒരു കുന്നിന്നു പാമ്പൻ തുരുത്തി എന്നു പേർ.

പാറകൾ. മലയാളക്കരയിൽനിന്നു ചെറു ദൂരത്തിലോ അകന്നിട്ടോ പല പാറകൾ കടലിൽ നില്ക്കുന്നു.

ചില പാറകൾ വാവേററത്തിലും മഴക്കോളിലും കാണാം. ചിലതു ചതുക്കിറക്കത്തിലെ കണ്ടുകൂടു. ചിലതോ ഒററപ്പാറയാകിലും പരന്ന പാറയാകിലും കാണ്മാനേ കിട്ടുകയില്ല. ഓടം വലക്കാൎക്കും ഉരുക്കാൎക്കും ഈ പലവക കല്ലിന്റെ ഇരിപ്പും പേരും നന്നായിട്ടറിയാം. എന്നിട്ടും ഓരോ

ഉരുക്കാക്ക് പലതിനാൽ കിണ്ടം പിണ്ണെഞ്ഞിരിക്കുന്നു. മലയാള കരയിൽ ആയിരത്തോളം കല്ല ഉണ്ടു പോൽ. മുമ്പെ കരയുടെ അടിയിൽ കിടന്ന പല കരിങ്കൽ പാറകൾ കടൽ കരയെ തിന്നപ്പോൾ ശേഷിച്ചിരിക്കുന്നു.*

തിരുവിതാങ്കോട്ടു സംസ്ഥാനത്തിൽ പെരിയാററിൻ അഴിക്കുട്ടക്കെ കടൽ വെള്ളം കൊണ്ടു മുങ്ങിയ പാറകളും കന്യാകുമാരിയിൽ പൊന്തി നില്ക്കുന്ന ചെറു പാറകളും കിടക്കുന്നു.

* ഇത കണ്ണനൂർ തലശ്ശേരി കരക്കൽ വെടിപ്പായിട്ടു വിളങ്ങും.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

ആസ്യാ Asia.

ഭാരതഖണ്ഡം. — പോയ വൎഷത്തിൽ സൎപ്പങ്ങൾ കാട്ടുമൃഗങ്ങൾ എന്നിവററാൽ 21000 ആളുകൾക്കും 48000 കന്നുകാലികൾക്കും അപായം വന്നു. 22,357 കാട്ടുമൃഗങ്ങളും 270,185 സൎപ്പങ്ങളും കൊന്നതിന്നു കോയ്മ 1,20,015 ഉറുപ്പിക ചെലവറുത്തിരിക്കുന്നു.

ബൊംബായി. — ശ്രീ ഫിലിപ്പ് വുഡ് ഹൌസ്സ് സായ്പവൎകൾ തങ്ങൾ ഇത്രോടം പരിപാലിച്ച നാട്ടുവാഴിസ്ഥാനത്തെ ശ്രീരിച്ചൎത്തെമ്പൽ സായ്പവൎകൾക്കു ഏല്പിച്ചു കൊടുത്തു (മെയി 4 നു-)

തെക്കെ മഹരാഷ്ട്രം. — അവിടുത്തെ ക്ഷാമത്തിന്നു കുടുപ്പം നന്നേയുണ്ടു. വലഞ്ഞ നാട്ടുകാൎക്കു സഹായം ചെയ്യേണ്ടതിന്നു ബല്ലാരിതൊട്ടു ഹുബ്ബളിയോളം ഒരു തീവണ്ടിപ്പാതയുടെ മൺപണിയെ എടുക്കേണ്ടതിന്നു കോയ്മ കല്പിച്ചിരിക്കുന്നു.

ചെന്നപ്പട്ടണം. — സൎവ്വവിദ്യാലയപരീക്ഷകൾ മൂന്നുണ്ടു പ്രവേശന പരീക്ഷ, എഫ് ഏ, ബി ഏ, എന്നീമൂന്നും തന്നെ. പരീക്ഷെക്കായി ചെന്നവരുടെ നില ആവിതു:

	പരീക്ഷിക്കപ്പെട്ടവർ	ജയിച്ചവർ
ബ്രാഹ്മണർ	1779	873
ശേഷം ഹിന്തുക്കൾ	824	372
മുഹമ്മദീയർ	39	20
നാട്ടുക്രിസ്ത്യാനികൾ	208	104
യുരോപ്യരും മററും	166	82

൧൦൦ ഒരു ജാതികളുടെ ജനത്തുക എങ്ങനെ എന്നാൽ:

യുരോപ്യരും യുരാസ്യരും	31011
ബ്രാഹ്മണർ	11,04,771
ശേഷം ഹിന്തുക്കൾ	2,80,66,036
മുഹമ്മദീയർ	18,66,363
ക്രിസ്ത്യാനികൾ	5,01,627

രണ്ടു പട്ടികകളെ നോക്കിയാൽ അതാത ജാതികളുടെ പഠിപ്പുപ്രിയവും പ്രാപ്തിയും നന്നായി വിളങ്ങും.

ഒക്തൊബ്ര 28 നു തൊട്ടു മാൎച്ചിന്റെ അവസാനത്തോളം 2,61,040 തൊൻ അരി ചെന്നപ്പട്ടണത്തിൽ കിഴിക്കയും എപ്രിൽ ൭ നുഓളം 1,39,615½ തൊൻ മദ്രാശി തീവണ്ടിപ്പാത വഴിയായും 1,800 തൊൻ തോണികളിലും 25,000 വണ്ടികളിലും 10,000 തൊൻ തെൻഭാരത തീവണ്ടിപ്പാതയിൽ കൂടിയും അയൽനാട്ടുകളിലും ദൂരെയുള്ള ജില്ലകളിലും അയക്കയും 30,000 തൊൻ ചെന്നപ്പട്ടണത്തിൽ ചെലവാക്കയും ചെയ്തു. ഇനി 60—70,000 തൊൻഓളം അരി ചെന്നപ്പട്ടണത്തിൽ കാണാം.

മെയി 14—19 നു വരെക്കും മലയാളത്തിൽ ഊക്കോടെ വടപുറത്തു കാററൂതി കാർ തടിച്ചതിനാൽ മഴക്കാലം പിറക്കും എന്നു മിക്കപേരും വിചാരിച്ചു പോയി. അങ്ങനെ സംഭവിച്ചില്ലെങ്കിലും ൧൦൦ കഴിഞ്ഞ ൧൦൦ററു നോവു വമ്പിച്ച ചുഴലിക്കാററിന്റെ വാൽ ആയിരുന്നു എന്നു അറിഞ്ഞു വന്നു. കാലികാതതൊട്ടു കൊക്കനാദ, ചെന്നപ്പട്ടണം, നാഗപ്പട്ടണം,

കൊച്ചി, കോഴിക്കോട്ടു, മംഗലപുരം എന്നീ തുറമുഖങ്ങൾപൎയ്യന്തം കടൽ കോപിച്ചിരുന്നു. ചെന്നപ്പട്ടണത്തിൽ കടലെട്ടപ്പു പെരുത്തു കേമത്തോടു ഉണ്ടായിരുന്നതിനാൽ എല്ലാ കപ്പലുകൾ പുറങ്കടലിലേക്കു ഓടി തെററുവാൻ നോക്കി. അവിടെ 3 നാൾക്കുള്ളിൽ 21 ഇഞ്ചി മഴവെള്ളം പെയ്കയും കൊടുങ്കാററിനാൽ പല സങ്കടം വരികയും ചെയ്തു.

പഞ്ചം പിടിച്ച ജില്ലകളുടെ അവസ്ഥ (മേയി 15 നു-).

നെല്ലൂർ:— പത്തു എണ്പതു ആളോളം ഓരോ കൂട്ടു കവൎച്ചയിൽ ചേൎന്നു പലനാശങ്ങളെ വരുത്തി മുതൽ കവൎന്നെടുത്തതു കൂടാതെ ആധാരങ്ങളെ ചുട്ടു കളഞ്ഞിട്ടും ഉണ്ടു. ധൎമ്മരാമത്തുപണി എടുക്കുന്നവർ ചുരുങ്ങി വരുന്നു നടപ്പുദീനം കരുപ്പു പനി അതിസാരം ചോരപ്പോക്കു എന്ന ദീനങ്ങൾ ചില താലൂക്കുകളിൽ പിടിച്ചിരിക്കുന്നു. ധാന്യങ്ങളുടെ വില കയറി വരുന്നു.

കടപ്പ:— നടപ്പുദീനം ഉണ്ടു അകവില പൊന്തി പോയി.

ബല്ലാരി:— ക്ഷാമം വൎദ്ധിക്കുന്നതു കൊണ്ടു നവധാന്യങ്ങളുടെ വിലയും ധൎമ്മരാമത്തു പണിക്കാർ ധൎമ്മക്കഞ്ഞിക്കാർ എന്നിവരുടെ തുകയും ഏറുന്നു. തലത്തട്ടിയും മസൂരിയും അല്പം കുറഞ്ഞു; പനി അധികമായിട്ടുണ്ടു താനും.

കൎന്നൂൽ:— ഛൎദ്ദ്യതിസാരം കരുപ്പു പനി എന്നീ ദീനങ്ങൾ പരക്കേ ഉണ്ടു. പുൽ ഇല്ലാഞ്ഞിട്ടു കന്നു കാലികൾ മാണ്ടു പോകുന്നു.

വട ആൎക്കാട്ടു:— പനിയും മസൂരിയും ചിലേടത്തും നടപ്പു ദീനം എങ്ങും ബാധിച്ചിരിക്കുന്നു. തീൻ ഇല്ലാഞ്ഞിട്ടു കന്നുകാലികൾ ചാകുന്നു.

മധുര:— നടപ്പുദീനം മനുഷ്യൎക്കും ബാധ കന്നുകാലികൾക്കും കേടു വരുത്തുന്നു കുറെ മഴ പെയ്തു.

തിരുനെൽവേലി:— അകവില പൊന്തുന്നു. പൊറുത്തു കൂടാത്ത ചൂടുണ്ടു. ഛൎദ്ദ്യതിസാരവും കന്നുകൾക്കു വ്യാധിയും അവിടവിടെ ബാധിച്ചിരിക്കുന്നു.

കൊയമ്പത്തൂർ:— വെള്ളത്തിന്റെ പഞ്ചവും പനിവസൂരി എന്നീ വ്യാധികളും കന്നുകാലികൾക്കു തീനിന്റെ കുറവും നവധാന്യങ്ങളുടെ വില കയററവും എന്നിവ കൊണ്ടു സങ്കടം പെരുകുന്നു.

ചേലം:— നടപ്പുദീനം എങ്ങും പരന്നിരിക്കുന്നു.

ചെങ്കൽപ്പേട്ട:— അല്പം മഴ ചിലേടത്തു പെയ്തു. നടപ്പുദീനം വസൂരി പനി രക്താതിസാരം അവിടവിടെ ഉണ്ടു. അകവില പൊന്തീട്ടുമനുഷ്യരും പുൽ ഇല്ലാഞ്ഞിട്ടു കന്നുകാലികളും വലയുന്നു.

നേപാളം.— പട്ടു പോയ ശ്രീ ജങ്ങ് ബഹാദർ എന്ന ദിവാഞ്ജിയുടെ സഹോദരനായ ശ്രീ റൽ ഉദീപ് സിങ്ങ് ഏകദേശം പത്തു വൎഷത്തോളം സഹോദരന്റെ കീഴിൽ ദിവാഞ്ജിപ്പണി എടുത്തതു കൊണ്ടു ജ്ഞാനബുദ്ധിശക്തികളോടു നേപാളത്തിലെ രാജ്യഭാരം കഴിക്കും എന്നു നിനെപ്പാൻ ന്യായം ഉണ്ടു.

സിംഹളം.— ഈ ആണ്ടിന്റെ മുത്തുചിപ്പിപ്പിടിത്തം അവസാനിച്ചു. ആകെ കിട്ടിയ 68,49,711 ചിപ്പികളിൽ 51,37,395 കോയ്മയുടെ ഓഹരി. അതിൽനിന്നു 1,89,521 രൂ. പിരിഞ്ഞിരിക്കുന്നു.

മഹാചീനം.— ക്രിസ്ത്യാനികളായി തീരുന്ന ചീനക്കാരെ കോയ്മ ഇനിമേൽ ഉപദ്രവിക്കാതെ നന്നായി രക്ഷിച്ചു പരിപാലിക്കും എന്ന ശാസനയെ ഫിബ്രുവെരി ൨൩- മഹാചീനത്തു കോയ്മ അരുളിയിരിക്കുന്നു. അധികം യുരോപ്യർ പാൎക്കുന്ന നഗരങ്ങളിൽ നാട്ടു ക്രിസ്ത്യാനികൾക്കു മതംനിമിത്തം ഏറ തൊന്തരവും തൊല്ലയും ഇല്ലെങ്കിലും ഉൾനാട്ടിലും അതിലെ നഗരങ്ങളിലും നാട്ടുക്രിസ്ത്യാനികൾക്കു കോയ്മയാൽ തന്നെ എന്നല്ല അതിന്റെ കണ്ടു കാണായ്മയാൽ (connivance) പല അലമ്പലും കഷ്ടവും നേരിട്ടിട്ടുണ്ടായിരുന്നു.

മൂന്നു കൂറു പാടുകളിൽ (province) പഞ്ചം കഠിനമായി പിടിച്ചിരിക്കുന്നു. ഷൻതുങ്ങ് എന്ന കൂറുപാട്ടിൽ പല തറകളിൽ മൂന്നിൽ ഒരു പങ്കു നിവാസികൾ വിശപ്പിനാൽ ഒഴിഞ്ഞു പൊയ്പോയിരിക്കുന്നു. *Bombay Guardian.*

യുരോപ്പ Europe.

രൂമിസ്ഥാനം. — (തുൎക്കി). രുസ്സരുടെ ഉപദേശത്തെ കേട്ട മൊന്തെനെഗ്രീനോ എന്ന ചെറിയ നാട്ടിന്റെ വാഴി രൂമിസുൽത്താനോടു വഴിപ്പെടാത്തതിനാൽ തമ്മിൽ പോർ നടക്കും എന്നു വൎത്തമാനക്കമ്പിയാൽ ബദ്ധപ്പെട്ടറിയിച്ചു. ഇതിനാൽ രുസ്സൎക്കു മുഷിച്ചൽ ജനിച്ചു. രൂമിയോടു യുദ്ധം വേണം എന്നു ഏപ്രിൽ 25നു അറിയിച്ചു. അതിൽ വിലാത്തികോയ്മകൾക്കു സമ്മതം ഇല്ല. എന്നാലും ഇരു കോയ്മകൾ ഉത്സാഹത്തോടു പടകളെ ചേൎത്തു വരുന്നു. പുണ്ണിന്മേൽ പുണ്ണു ഉണ്ടാകെണം എന്നു ഫാസ്സിസ്ഥാനഷാ വിചാരിച്ചു രൂമിസുൽത്താനോടു തനിക്കു ബഗ്ദാദ് നഗരത്തിന്മേൽ ഉള്ള പണ്ടേത്ത അവകാശത്തെ ചൊല്ലുവാനും തുടങ്ങിയിരിക്കുന്നു.

രുസ്സർ തങ്ങളുടെ പടകളെ അൎമ്മിന്യയുടെ അതിരിനെ കടക്കമാറാക്കിയതു കൂടാതെ കാൎസ്സ് കോട്ടയെ വളെച്ചു അതിനെ രണ്ടു വട്ടം കയറി പിടിപ്പാൻ നോക്കീട്ടും ഇതുവരെക്കും സാധിച്ചില്ല താനും.

രുസ്സർ ദുമാന്ന്യയുടെ അതിൎപ്പുഴയായ പ്രുത്തിനെ കടന്നു രുമാന്ന്യയെ നിറെക്കയും തുനയെ (ദന്നൂബ്) കടന്നു ദൊബ്രുച്ചയിൽ പടകളെ കൂട്ടുകയും ചെയ്തു. രൂമിയുടെ പോൎക്കപ്പലുകൾ കരിങ്കടലിന്റെ കടപ്പുറത്തു രുസ്സൎക്കുള്ള ചില നഗരങ്ങളെ വെടി വെപ്പാൻ തുടങ്ങിയിരിക്കുന്നു.

രൂമിസ്ഥാനത്തിലുള്ള ആൾത്തുക 1864ൽ

യുരോപ്പ്യയിൽ	85,06,888
ദുമാന്ന്യയും സെൎബ്ബിയയും	58,36,345
ആസ്യ്യയിൽ	1,31,75,782
ആഫ്രിക്കാവിൽ	1,74,22,000
ആകെ	4,49,34,000

യുരോപ്പ്യയിലെ നിവാസികളുടെ മതങ്ങൾ

ക്രിസ്ത്യാനികൾ	48,20,243
മുഹമ്മദീയർ	36,11,480
യഹൂദർ	70,165
ആകെ	85,06,888

1873—74 ആം വൎഷത്തിൽ 96,87,143 ആത്മാക്കളെ രൂമിസ്ഥാനത്തിന്നു കീഴ്പെട്ട യുരോപ്പ്യയുടെ ഒരു പങ്കിൽ എണ്ണിക്കണ്ടതു.

രുമാന്ന്യ സെൎബ്ബിയ എന്ന രാജ്യങ്ങൾ രൂമിസുല്ത്താന്നു കപ്പം കൊടുത്തു വരുന്നു. മേൽ പറഞ്ഞ ആഫ്രിക്കാവിലെ നിവാസികളിൽ മിസ്രുയുടെ കുടിയാന്മാരും അടങ്ങുന്നു.

മെയി 11 ആമതിൽ ദുമാന്ന്യ നാട്ടിന്റെ ജനദൂതന്മാർ ആലോചനസംഘം പൂക്കു തങ്ങൾക്കും രൂമിക്കോയ്മക്കും തമ്മിലുള്ള സംബന്ധം തീൎന്നുപോയി എന്നു വിധിച്ചിരിക്കുന്നു.

മെയി 12 നു അൎമ്മിന്യർ രുസ്സരെ സന്തോഷത്തോടെ കൈക്കൊള്ളുന്നു എന്നും രുസ്സരുടെ പടകൾക്കു തീൻപണ്ടങ്ങൾ കിട്ടുവാൻ പ്രയാസം ഉണ്ടു എന്നും കേട്ടു. യുരോപയിൽ രുസ്സരും തുൎക്കരും അവിടവിടെ തമ്മിൽ മുട്ടിപോയിട്ടും ആൎക്കു ജയം വന്നു എന്നതു പറവാൻ ആയിട്ടില്ല.

ആഫ്രിക്കാ Africa.

ഭാരത ഖണ്ഡത്തിലെ ഉടന്തടി (സതി)യോടു തുല്യമായ ഒരു ആചാരം നടു ആഫ്രിക്കാവിൽ ഒരു നാട്ടിൽ നടക്കുന്ന പ്രകാരം കമെരോൻ എന്ന നാട്ടു പരിശോധി അറിയിക്കുന്നതെന്തെന്നാൽ: വല്ല മന്നൻ മരിക്കുമ്പോൾ ആ നാട്ടുകാർ ഒരു പുഴക്കു പുതിയ ചാൽവെട്ടി അതിനെ കീറിയതോട്ടിലേക്കു തിരിച്ചു ഒഴിഞ്ഞ പുഴച്ചാലിന്റെ അടിയിൽ എത്രയും വമ്പിച്ച കുഴിയെ കുഴിച്ചു അതിന്റെ അടിയെ ഉയിരുള്ള സ്ത്രീകളെക്കൊണ്ടു പാകി ഓരോരുത്തു കൈമുട്ടുകളിന്മേൽ ഒരു സ്ത്രീയെ ഇരുത്തി അവളുടെ പുറത്തു ചിപ്പിമണിമുതലായ അലങ്കാരത്തോടു മന്നന്റെ ശവത്തെ ഇരുത്തി അതിനെ ഇരുപുറത്തു ഓരോ സ്ത്രീയെക്കൊണ്ടു താങ്ങിച്ചു രണ്ടാം ഭാൎയ്യയെ കൊണ്ടു ശവത്തിന്റെ കാൽ മടിയിൽ ചേരുമാറാക്കി കുഴിയെ തൂൎത്തു ഒരു കൂട്ടം ആണടിമകളെ വെട്ടി അതിന്മേൽ ഇട്ട ശേഷം പുഴയെ വീണ്ടും മുമ്പേത്ത ചാലിൽ കൂടി ഒഴുകമാറാക്കും. കുഴിയെ തൂൎക്കുമുമ്പെ രണ്ടാം ഭാൎയ്യക്കു കൊല്ലപ്പെടുവാൻ ഉള്ള അവകാശം ഉണ്ടു ശേഷം സ്ത്രീകളെ ഉയിരോടു കുഴിച്ചിടുകേയുള്ളു. ജീവനുള്ള ദൈവത്തെ അറിയാത്ത മനുഷ്യർ എന്തെല്ലാം ക്രൂരതകളെ നടത്തുന്നു. ഹാമിന്റെ മക്കൾക്കും സുവിശേഷത്താൽ സന്ദൎശനകാലംവരേണ്ടതിന്നു പ്രാൎത്ഥിപ്പൂതാക. *Bombay Guardian.*

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. | JULY 1877. | No. 7.

VESUVIUS.
വെസുവിയുസ്.

ഇതാല്യരാജ്യത്തിന്റെ തെക്കെ കടല്പുറത്തുള്ള നേപ്പല്സ, എന്ന നഗരത്തിൽനിന്നു പത്തു പന്ത്രണ്ടു നാഴിക ദൂരം നടന്നാൽ, വെസുവിയുസ് എന്ന അഗ്നിപൎവ്വതത്തിന്റെ അടിവാരത്തിൽ എത്തും. പൎവ്വതത്തിന്നു ഏകദേശം നാലായിരം കാലടി ഉയരവും കൂൎത്ത തൂണിന്റെ ആകൃതിയും ഉണ്ടു. അതിന്റെ മുകൾപരപ്പിന്റെ ഒത്ത നടുവിൽനിന്നു ഒരു അഗ്നിച്ചൂള എപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുന്നു. മിക്കതും പാഴായി കിടക്കുന്ന ചുരത്തിൽ ചിലയെടത്തു മാത്രം മുന്തിരിങ്ങത്തോട്ടങ്ങളും പറമ്പുകളും കാണാം. അടിവാരത്തിൽ അനേകം നഗരങ്ങളിലും ഗ്രാമങ്ങളിലും ബഹുജനക്കൂട്ടങ്ങൾ വസിച്ചു, പലവിധ തോട്ടങ്ങളെയും ഉണ്ടാക്കി വിശേഷ കൃഷികളെ നടത്തിക്കയും ചെയ്യുന്നു. ഭൂലോകത്തിൽ മറെറങ്ങും ഉണ്ടാകാത്ത റിശേഷമുള്ള വീഞ്ഞു അവിടെയുള്ള മുന്തിരിങ്ങത്തോട്ടങ്ങളിൽനിന്നു കിട്ടുന്നു. അതിന്നു രോമമതക്കാരായ നാട്ടുകാർ ക്രിസ്തുവിന്റെ അശ്രുക്കൾ (Lacrymæ Christi) എന്നു പേർ വിളിക്കുന്നു. അവിടെ പലപ്പോഴും

ഭയങ്കരമുള്ള ഭൂകമ്പങ്ങൾ സംഭവിക്കുമ്പോൾ, ചൂളയുടെ വായിൽനിന്നു കരിയും ചാരവും ഉരുകി കത്തുന്ന ദ്രവങ്ങളും പുറത്തു ചാടിപ്പാറി ചുററുമുള്ള സ്ഥലങ്ങളിൽ ബഹു നാശങ്ങളെ ഉണ്ടാക്കുന്നു. ക്രിസ്താബ്ദം 79ാമതിൽ ഉണ്ടായിരുന്ന കരിമാരിയാൽ പൎവ്വതത്തിന്റെ അടിവാരത്തിലുള്ള ഹെൎക്ലാനും, പൊംപൈയി, എന്നീ രണ്ടു നഗരങ്ങൾ മുഴുവനും മൂടപ്പെട്ടുകയും, അവററിൽ ഉണ്ടായിരുന്ന ജീവാത്മാക്കൾ ഒക്കെയും ഒരു ക്ഷണം കൊണ്ടു നശിക്കയും ചെയ്തു. 1750ാമതിൽ മാത്രം സൎക്കാർ കുഴിച്ചു ചാരത്തെ നീക്കി ഇരുനഗരങ്ങളെ വെളിച്ചത്താക്കുവാൻ കല്പിച്ചതിനാൽ, ആപൽകാലത്തിനു മുമ്പെ അവിടെ ഉണ്ടായിരുന്ന ധനപുഷ്ടിയും വീടുകളുടെയും മന്ദിരങ്ങളുടെയും കളിപ്പുരകളുടെയും ആസ്ഥാനമണ്ഡപങ്ങളുടെയും ക്ഷേത്രങ്ങളുടെയും നഗരതെരുക്കളുടെയും അവസ്ഥയും സ്പഷ്ടമാകയും ചെയ്തു. വീടുകളിലും മററും മനുഷ്യന്റെ ശവങ്ങളെ ഒരു കേടുകൂടാതെ കാണാം, തൊട്ടാൽ വെണ്ണീറായി നുറുങ്ങി വീഴും. ചിത്രങ്ങളും വാൎക്കപ്പെട്ട രൂപങ്ങളും നല്ല ഭംഗിയോടെ കിട്ടി, അനേകം പുരാണ സാധനങ്ങളും നാണ്യങ്ങളും മററും വെളിച്ചത്തു വന്നു. 1822 ഒക്തോബർ 24ാം നു ആ ചൂളയുടെ വായിൽനിന്നു പുറത്തു ചാടി പാറിപ്പോയ കരിമാരിയാൽ നേപ്പല്സ, എന്ന നഗരത്തിൽ പകൽ രാത്രിയായി പോയി, ഉരുകിക്കത്തുന്ന ദ്രവം (lava) പന്ത്രണ്ടു കാലടി ആഴമുള്ള പുഴയായിട്ടു രണ്ടു മൂന്നു നാഴിക ദൂരത്തേക്കു ഒഴുകി ചെന്നു. 1801ാമതിൽ ചൂള സാവധാനമായി പുകയുന്ന സമയത്തു, എട്ടു ധീരന്മാരായ പരന്ത്രീസ്സുകാർ അതിന്റെ അകത്തു ഇറങ്ങി, അതിന്റെ ആഴത്തിന്നു 585 കാലടി മാത്രമെയുള്ളു എന്നു കാണുകയും ചെയ്തു.

A TREASURE.
ഒരു നിധി.

വിലാത്തിയിലെ ഒരു നഗരത്തിൽ യഹൂദജാതിക്കാരനായ ഒരു കച്ചവടക്കാരൻ വളരെ കാലം പാൎത്തു: ഈ സ്ഥലത്തു എന്റെ വ്യാപാരത്താൽ വരുന്ന ലാഭം പോരാ, വേറെ ഒരു നഗരത്തിലേക്കു ചെന്നു പ്രവൃത്തി തുടങ്ങി കുടിയേറുക വേണം, എന്നു നിശ്ചയിച്ചു. പൂൎവ്വകാലത്തിൽ താൻ പാൎക്കുന്ന ഭവനത്തിന്റെ ഉടയവനു ഭാൎയ്യയും മക്കളും ഇല്ലെങ്കിലും, അനവധി ധനം ഉണ്ടായിരുന്നു. അന്നു നടക്കുന്ന ഒരു യുദ്ധത്തിൽ അവൻ തന്റെ ആഭരണങ്ങളെയും പൊൻനാണ്യങ്ങളെയും മററും വീട്ടിൽ തന്നെ എത്രയൊ രഹസ്യമുള്ള സ്ഥലത്തു ഒളിച്ചു വെച്ചു. പിന്നെ ശത്രുക്കൾ നഗരത്തെ പിടിച്ചു കൊള്ളയിട്ടു, യഹൂദന്റെ ഭവനത്തിലും എത്തി അവനെ പിടിച്ചു: നിന്റെ മുതൽ എല്ലാം ഇങ്ങു തരിക, എന്നു കല്പിച്ചു. ഈ

ഭിക്ഷുവാകുന്ന എനിക്കു മുതൽ എവിടെ? ദൈവത്താണ എന്റെ കൈയിൽ ഒരു കാശുമില്ല, എന്നു താഴ്മയോടെ പറഞ്ഞപ്പോൾ, അവർ ക്രുദ്ധിച്ചു അവനെ തൂക്കിക്കൊന്നു. ആ നിധി ഇന്നേയോളം ഭവനത്തിൽ ഒളിച്ചു കിടക്കുന്നു, എന്നു യഹൂദൻ അറിഞ്ഞു, പലപ്പോഴും ബഹു യത്നം കഴിച്ചു അന്വേഷണം ചെയ്തോറെയും നിധിയെ കണ്ടില്ല. എന്നിട്ടും നിക്ഷേപത്തിന്മേൽ വെച്ചിട്ടുള്ള ആശ മുറ്റും പൊയ്പോകുന്നതു കഷ്ടം തന്നെ, എന്നു അവൻ വിചാരിച്ചു, ഒരു ഭവനം വിലെക്കു വാങ്ങേണം, എന്നു നിശ്ചയിച്ചിരിക്കുന്ന ഒരു തുന്നക്കാരന്റെ അടുക്കൽ ചെന്നു: സ്നേഹിതാ വ്യാപാരത്തിനു വേണ്ടി ഞാൻ മറ്റൊരു നഗരത്തിലേക്കു പാൎപ്പാൻ പോകുന്നു. നിങ്ങൾക്കു ഒരു ഭവനം വേണം എന്നു ഞാൻ കേട്ടിരിക്കുന്നു. അതു ഉള്ളതോ? എന്നു ചോദിച്ചു. സഹായത്തിൽ കിട്ടിയാൽ വാങ്ങും എന്നു തുന്നക്കാരൻ പറഞ്ഞു. എന്നാൽ എന്റെ ഭവനം വാങ്ങരുതൊ? ഞാൻ സഹായത്തിൽ തരാം, ഉറുപ്പിക 1200 മതി, ഇത്ര വലിയ ഭവനത്തിനു നല്ല കുറഞ്ഞ വില അല്ലയോ? എന്നു യഹൂദൻ പറഞ്ഞു. എല്ലാററിനും ഇരട്ടി വില ചോദിക്ക, എന്നല്ലൊ യഹൂദരുടെ സംപ്രദായം, ഉറുപ്പിക 600 പറഞ്ഞെങ്കിൽ നോക്കമായിരുന്നു, എന്നു തുന്നക്കാരൻ പറഞ്ഞു. എന്തു വാക്കാണ് ഇതു തുന്നക്കാരാ, 600 ഉറുപ്പികക്കു ഇത്ര നല്ല വീടു എവിടെ എങ്കിലും കിട്ടുമോ? പിന്നെ ഞാൻ ഒരു രഹസ്യം നിങ്ങളോടു പറയാം. അതിനെ നിങ്ങൾ ആരോടും പറയരുതു: എന്റെ ഭവനത്തിൽ ഒരു വലിയ നിധി ഒളിച്ചു കിടക്കുന്നു. ഞാൻ വളരെ അന്വേഷിച്ചോറെയും അതിനെ കണ്ടില്ല, പക്ഷെ നിങ്ങൾ ദൈവഗത്യാ അതിനെ കാണ്മാൻ മതി, എന്നാൽ ഞാൻ ഒന്നു പറയട്ടെ: വീടിനെ നിങ്ങൾ 1000 ഉറുപ്പികക്കു എടുപ്പിൻ. നിധിയെ നിങ്ങൾ കണ്ടാൽ, അതിന്റെ പകുതി എനിക്കൊ എന്റെ ശേഷക്കാൎക്കൊ തരേണം. നിങ്ങൾ ഒരു പരമാൎത്ഥി, എന്നെ ഒരു നാളും ചതിക്കയില്ല, എന്നു യഹൂദൻ പറഞ്ഞതിനെ തുന്നക്കാരൻ സമ്മതിച്ചു, കൈയടിച്ചു കാൎയ്യത്തെ ഉറപ്പിച്ചു. പിന്നെ യഹൂദൻ ഒർ ആധാരത്തെ എഴുതിച്ചു റജിസ്ത്ര് ചെയ്തു ജന്മവില 1000 ഉറുപ്പിക വാങ്ങി ഭവനത്തെ ഒഴിച്ചു, മറ്റൊരു നഗരത്തിൽ പോയി പാൎത്തു വ്യാപാരം തുടങ്ങി.

തുന്നക്കാരൻ താൻ വാങ്ങിയ ഭവനത്തിൽ വന്നു പാൎത്താറെ, നിധിയെ അന്വേഷിക്കുന്നതിനാൽ ഞാൻ നേരം വെറുതെ കളയരുതു, എന്നു നിശ്ചയിച്ചു, ഉത്സാഹത്തോടെ തുന്നിക്കൊണ്ടിരുന്നു. എങ്കിലും യഹൂദന്റെ രഹസ്യം പരസ്യമായി പോയതുകൊണ്ടു, അവൻ എവിടെ എങ്കിലും പോയി നടന്നാൽ, ഇടവലക്കാർ: ഹേ തുന്നക്കാരാ, നിധി കണ്ടുവൊ? എന്നു ഹാസ്യമായി ചോദിച്ചു. എന്തു നിധി? നിധി അവിടെ ഉണ്ടെങ്കിൽ, യഹൂദൻ അതിനെ എടുക്കാതിരിക്കുമോ? എന്നു തുന്നക്കാരൻ ഉത്തരം പറയും. കുറയ

കാലം ഇങ്ങിനെ കഴിഞ്ഞാറെ: നിധി ഭവനത്തിൽ ഉണ്ടായിരുന്നു എങ്കിലൊ, അതിനെ എടുക്കുന്നതിനാൽ ഒരു ക്ഷണംകൊണ്ടു ധനികനായി തീൎന്നെങ്കിലൊ? എന്നു താനും ഭാൎയ്യയും രാപ്പകലും ചിന്തിച്ചു, മോന്തായം തൊട്ടു കുഴിയാട്ട വരെയും ഭവനത്തെ മറിച്ചു ശോധന കഴിച്ചാറെയും, ഒരു വസ്തുവിനെയും കണ്ടില്ല. അനേകം ലഘുബുദ്ധികളെയും വഞ്ചിച്ചിട്ടു ഉപജീവനം കഴിക്കുന്ന ഒരു മന്ത്രവാദി ആ നഗരത്തിൽ പാൎക്കകൊണ്ടു, തുന്നക്കാരൻ അവനെ ചെന്നു കണ്ടു കാൎയ്യം അറിയിച്ചാറെ, അദ്ദേഹം തന്റെ പുസ്തകങ്ങളും മറ്റും കൈയിൽ പിടിച്ചു നിലാവില്ലാത്ത രാത്രിയിൽ തുന്നക്കാരന്റെ വീട്ടിൽ എത്തി, കുട്ടികളും പണിക്കാരും ഉറങ്ങിയാറെ, ഓരോ അതിശയമുള്ള വരകളെ നിലത്തു വരെക്കയും, ആരും തിരിയാത്ത അക്ഷരങ്ങളെ എഴുതുകയും മന്ത്രങ്ങളെ മൂളുകയും ചെയ്ത ശേഷം: നിധി ഉണ്ടു, അതു കിടക്കുന്ന സ്ഥലത്തെ സ്ഥിരപ്പെടുത്തുവാൻ വേണ്ടുന്ന സാധനങ്ങൾ വാങ്ങുവാൻ ഇരുപതു ഉറുപ്പിക വേണം, നിധി കണ്ടശേഷം അല്പം ഒർ ഇനാം തന്നാൽ മതി, എന്നു പറഞ്ഞതു തുന്നക്കാരൻ കേട്ടു, സമ്മതിച്ചു ഉറുപ്പിക കൊടുക്കയും ചെയ്തു. പിന്നെ എല്ലാം ഒരുക്കിയ ശേഷം മന്ത്രവാദി വന്നു: നിധി കിടക്കുന്ന സ്ഥലത്തിൽ നീലനിറമുള്ള ഒരു ചെറിയ ജ്വാല കത്തുന്നതു കാണും, എന്നു ചൊല്ലി എല്ലാ മുറികളിലും അറകളിലും നടന്നു മന്ത്രം ചൊല്ലീട്ടും ജ്വാല എവിടെയും കാണായി വന്നില്ല. എന്നതിന്റെ ശേഷം നിധി ഉണ്ടു, എങ്കിലും, അതിനെ കാക്കുന്ന ഭൂതം മഹാ കേമൻ തന്നെ. അവനെ ആട്ടേണ്ടതിന്നു ബഹു പ്രയാസം. സ്നാനപ്പെടും മുമ്പെ മരിച്ചുപോയ ഒരു ശിശുവിന്റെ നെയി കൊണ്ടു ഉണ്ടാക്കപ്പെട്ട തിരി കത്തിച്ചിട്ടു, അതിന്റെ മണം അവന്റെ മൂക്കിൽ ചെലുത്തുന്നതിനാൽ മാത്രം അവനെ ആട്ടുവാൻ കഴിവുള്ളു. അങ്ങിനെയുള്ള തിരി കിട്ടേണ്ടതിന്നു 50 ഉറുപ്പിക വേണം, എന്നു മന്ത്രവാദി പറഞ്ഞു. ഇതിനെ തുന്നക്കാരൻ കേട്ടപ്പോൾ ഒന്നു ഞെട്ടി, എങ്കിലും മറ്റൊരു വഴി ഇല്ലല്ലൊ, എന്നു വിചാരിച്ചു ഉറുപ്പികയും കൊടുത്തു. എന്നാറെ എത്രയൊ ഇരുട്ടുള്ളൊരു രാത്രിയിൽ മന്ത്രവാദി തുന്നക്കാരന്റെ വീട്ടിൽ എത്തി, കൈക്കലുള്ളൊരു കെട്ടിൽനിന്നു അനേകം തുണികളെയും കടലാസുകളെയും അഴിച്ചു നീക്കി, ശാപ്പിൽനിന്നു വാങ്ങുന്ന തിരികളെ പോലെയുള്ള ഒരു തിരിയെ കാട്ടി, സ്നാനപ്പെടും മുമ്പെ മരിച്ച ഒരു ശിശുവിന്റെ നെയി കൊണ്ടു ഉണ്ടാക്കിയതാണ, ശ്മശാനക്കുഴിക്കാരന്നു 50 ഉറുപ്പിക കൊടുക്കേണ്ടി വന്നു.* എനിക്കു ഈ കാൎയ്യത്തിൽ ലാഭം വേണ്ടാ. നിങ്ങൾക്കു ഗുണം വരട്ടെ, ഇതിനാൽ നിധി വെളിച്ചത്തു വരാഞ്ഞാൽ നിധി ത

* വിലാത്തിയിൽ ഓരോ ശ്മശാനസ്ഥലത്തിന്നു എല്ലാ ശവക്കുഴികളെ കഴിപ്പാനായി ഒരാൾ നിശ്ചയിച്ചിട്ടുണ്ടു അവന്നു ശ്മശാനക്കുഴിക്കാരൻ (Sexton) എന്നു പേർ.

ന്നെ ഇല്ല, യഹൂദൻ നിങ്ങളെ ചെണ്ടകൊട്ടിച്ചു എന്നേ വരു, എന്നു പറഞ്ഞാറെ, തിരിയെ കത്തിച്ചു മുമ്പെ പോലെ എല്ലാ മുറികളിലും അറകളിലും ചുററി നടന്നു മന്ത്രം ചൊല്ലിയതു എല്ലാം വെറുതെ ആയപ്പോൾ, തുന്നക്കാരൻെറ കോപം മുഴുത്തു: വല്ലാത്ത ചതിയാ, ശൈത്താൻെറ മകനേ, എന്നു നിലവിളിച്ചു മന്ത്രവാദിയെ ഒന്നു അടിച്ചതിനാൽ, അവരിൽ തുടങ്ങിയ അടിപിടിയിൽ തുന്നക്കാരത്തിയും ചേൎന്നാറെ, മന്ത്രവാദി ഭവനത്തിൽനിന്നു ചാടി ഓടിപ്പൊയ്ക്കളഞ്ഞു. ഈ ഔഷധംകൊണ്ടു തുന്നക്കാരൻെറ നിധികാംക്ഷെക്കു ഗുണം വന്നു. അവൻ പിന്നേതിൽ സ്ഥിരതയോടും ഉത്സാഹത്തോടും കൂടെ തുന്നി, കാലക്രമേണ ഒരു വലിയ നിധിയെ സമ്പാദിക്കയും ചെയ്തു.

തുന്നക്കാരനും അവൻെറ ശേഷം ആ ഭവനത്തിൽ പാൎത്ത പലരും മരിച്ച ശേഷം ദൈവഭക്തിയുള്ളോരു തോല്പണിക്കാരൻ 2500 ഉറു. ജന്മവില കൊടുത്തു അതിനെ വാങ്ങിപ്പാൎത്തു. അവൻ വിവാഹം ചെയ്യുംമുമ്പെ 500 ഉറുപ്പികയും അവൻെറ ഭാൎയ്യ 200 ഉറുപ്പികയും സമ്പാദിച്ചിരുന്നു, അതുകൊണ്ടു ഭവനത്തിൻെറ വിലയെ തീൎപ്പാനായി അവൻ 1800 ഉറു. കടം വാങ്ങേണ്ടി വന്നു. ഈ ഉറുപ്പികയുടെ പലിശ കാലത്താൽ വീട്ടുവാനും, കുഡുംബാദികളെ രക്ഷിപ്പാനും അവനു ബഹു പ്രയാസമായി തീൎന്നു. അങ്ങിനെ ഇരിക്കുമ്പോൾ അവൻെറ മുതലാളി ഒരു ക്ഷണം കൊണ്ടു മരിച്ച ശേഷം, ആയവൻെറ അവകാശികൾ തോല്പണിക്കാരൻ പക്കൽ ഉണ്ടായിരുന്ന 1800 ഉറു. വേണം എന്നു ചൊല്ലി, അവനെ തിരക്കാക്കി. ആ പണം മററു വല്ലവരോടും കടം വാങ്ങേണം, എന്നു വെച്ചു അവൻ പലനാൾ ചുററി നടന്നു, അനേകരോടും അപേക്ഷിച്ചതു എല്ലാം നിഷ്ഫലമായി തീൎന്നു. ധനികൻ എങ്കിലും മഹാ കഠിന മനസ്സുകാരനായ ഒരു സംബന്ധക്കാരൻ തനിക്കു ഉണ്ടായിരുന്നു. പക്ഷെ അവന്നു കൃപ തോന്നി സഹായിക്കുമോ എന്നു വിചാരിച്ചു, അപേക്ഷിപ്പാൻ വേണ്ടി അവൻെറ അടുക്കൽ ചെന്നാറെ, ഈ യാത്ര സഫലമായി തീരേണം, എന്നു ഭാൎയ്യ വീട്ടിൽനിന്നു പ്രാൎത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ, നാലു വയസ്സുള്ള മകൻ അവളുടെ അടുക്കൽ പാഞ്ഞു വന്നു: അയ്യൊ അമ്മേ, എനിക്കു കിട്ടിയതു നോക്കുക എന്നു ചൊല്ലി, വിലയേറിയ കല്ലുകളാൽ മിന്നുന്നൊരു പൊന്മാലയെ അവളുടെ കൈയിൽ വെച്ചു. ഇതു എവിടെനിന്നു കിട്ടി, എന്നു അമ്മ ചോദിച്ചപ്പോൾ കുട്ടി ആ സ്ഥലത്തെ കാണിച്ചു. നേരം പോക്കിന്നായി കുട്ടി അപ്പൻെറ മുട്ടി എടുത്തു, മതിന്മേലുള്ള ഒരു ബിമ്പിൻെറ തലക്കൽ മുട്ടിയതിനാൽ ഒരു ചെറിയ പലക ഇളകി വീണു. പിന്നെ അവിടെ കണ്ട ഒരു ചെറിയ വലിപ്പിനെ വലിച്ചപ്പോൾ പൊന്മാലയെയും അനേകം പുരാണ പൊൻനാണ്യങ്ങളെയും കണ്ടു. ഇങ്ങിനെ ദൈവം യഹൂദനിൽനിന്നും തുന്നക്കാ

രനിൽനിന്നും മറച്ചു വെച്ച നിധിയെ മഹാസങ്കടത്തിൽ ഇരിക്കുന്ന ദൈവഭക്തിയുള്ള തോല്പണിക്കാരനു അവന്റെ കുട്ടിയുടെ കൈയാൽ കൊടുക്കയും ചെയ്തു. നിധിയിൽനിന്നു ഒരു വലിയ അംശം സൎക്കാരിലേക്കു ചെന്നു എങ്കിലും, 4000 ഉറുപ്പികയിൽ അധികം അവനു കിട്ടുകകൊണ്ടു, തന്റെ കടം വീട്ടി പ്രവൃത്തിയെ നന്നായി നടത്തിപ്പാൻ വക ഉണ്ടായിരുന്നു. വെള്ളി എനിക്കുള്ളതു, പൊന്നും എനിക്കുള്ളതു, എന്നു സൈന്യങ്ങളുടെ യഹോവ പറയുന്നു. ഹഗ്ഗായി ൨, ൮. എന്ന വേദവാക്യത്തെ വലിയ അക്ഷരം കൊണ്ടു കടലാസിന്മേൽ വരെച്ചു, പൊൻ പൊതിഞ്ഞ ചട്ടത്തിലാക്കി നിത്യ ഓൎമ്മെക്കായി തന്റെ ഭവനത്തിൽ തൂക്കി വെച്ചു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(*Continued from No.* 6, *page* 86.)

നാലാം എദ്വൎദ് മരിച്ചപ്പോൾ വേത്സപ്രഭുവായ അവന്റെ മൂത്ത മകനു പന്ത്രണ്ടു വയസ്സേയുള്ളു. ആകയാൽ രാജാവിന്റെ ഇളംപ്രായം തീരുന്നതുവരെ നല്ലവണ്ണം കലമ്പി, ശ്രേഷ്ഠത്വം നേടി ഉയരുവാൻ ശ്രമിക്കാമല്ലൊ, എന്നു തങ്ങളിൽ കലഹിക്കുന്ന കൂറുകൾ വിചാരിച്ചു പോന്നു. അന്നു ഇളയ രാജാവു റിവസ്പ്രഭു, സർരിചദ്ഗ്രേ, എന്ന തന്റെ രണ്ടു കാരണവരോടു കൂടെ ലുദ്ലൊ, എന്ന കോട്ടയിൽ പാൎക്കുന്നു. ഇവൎക്കു കഴിഞ്ഞു പോയ രാജാവിന്റെ അനുജനായ ഗ്ലൌസസ്തർ തമ്പുരാൻ പ്രതികൂലമായിനിന്നു. അവൻ അത്യുത്സാഹിയും ഉഗ്രസ്വഭാവക്കാരനും ധീമാനും ആകകൊണ്ടു വേഗത്തിൽ ഉന്നതി പ്രാപിച്ചു. അതിമോഹികളായ മഹാന്മാർ കൂട്ടുകെട്ടുണ്ടാക്കി അവനെ പിഴുക്കിക്കളവാൻ നോക്കിയതിനെ അവൻ അറിഞ്ഞു, അവർ തനിക്കു വിരിച്ചു വെച്ച വലകളിൽ അവരെ തന്നെ കുടുക്കിക്കളഞ്ഞു. ജ്യേഷ്ഠൻ മരിച്ചു, എന്ന വൎത്തമാനം അവൻ കേട്ടു, ബദ്ധപ്പെട്ടു ഇളയ രാജാവിനെ കാണ്മാനും സഹായവും ആലോചനയും കൊണ്ടു തുണെപ്പാനും പുറപ്പെട്ടു. അതിനെ രാജാവിന്റെ കാരണവർ അറിഞ്ഞു, കൂടി നിരൂപിച്ചു ഗ്ലൌസസ്തർ എത്തും മുമ്പെ രാജാവിനെ എങ്ങിനെ എങ്കിലും ലൊണ്ടനിൽ എത്തിക്കേണം എന്നു നിശ്ചയിച്ചു, അവനെ ലുദ്ലൊ എന്ന കോട്ടയിൽനിന്നു കൊണ്ടു പോയി. എന്നതിനെ ഗ്ലൌസസ്തർ അറിഞ്ഞു, അവരുടെ വഴിയെ പാഞ്ഞു രാജാവിനെ പിടിച്ചു കൂടെയുള്ള മഹാന്മാരെ എല്ലാവരെയും തടവിൽ പാൎപ്പിച്ചു. എന്നാറെ അവൻ ബാല്യക്കാരനായ രാജാവിനെ കൂട്ടിക്കൊണ്ടു ലൊണ്ടന്റെ നേരെ പുറപ്പെട്ടു, രാജമഹത്വത്തോടും അഞ്ചാം എദ്വൎദ് എന്ന നാമത്തോടും കൂടെ മൂലസ്ഥാനത്തിലേക്കു പ്രവേശിപ്പിച്ചു. പിന്നെ രാജ്യാധികാരികൾ

സഭയായി കൂടി ഗ്ലൌസസ്തരെ രക്ഷാപുരുഷനാക്കി വാഴിച്ചു, പുതിയ രാജാവിന്നു എന്നും വിശ്വസ്തരാവാന്തക്ക സമയവും സത്യവും ചെയ്തു, കിരീടാഭിഷേകത്തിന്നായി ഒരു ദിവസം നിശ്ചയിച്ചു. പിന്നെ രാജ്യാവസ്ഥകൾ ഗ്ലൌസസ്തരുടെ കൈയാൽ ക്രമവും സാവധാനവുമായി നടന്ന പ്രകാരം തോന്നുന്നു. എങ്കിലും കിരീടാഭിഷേകനാൾ അടുത്തിരിക്കുമ്പോൾ, മമതയും വിശ്വസ്തതയും നടിച്ചിരുന്ന ചില മഹാന്മാർ നിൎമ്മിച്ചുണ്ടാക്കിയ ഒരു കൂട്ടുകെട്ടു വെളിച്ചത്തുവന്നു. അപ്പരിഷകളുടെ തലവൻ കഴിഞ്ഞുപോയ രാജാവിന്റെയും ഗ്ലൌസസ്തരുടെയും സ്നേഹിതനായിരുന്ന ഹസ്തിങ്ങു, എന്ന പ്രഭു തന്നെ. അവർ ഭാവിച്ചതു എന്തു എന്നു നിശ്ചയമില്ല, രക്ഷാപുരുഷനെ ഏതു വിധേന എങ്കിലും കുറച്ചു കളയേണം എന്നത്രെ അവരുടെ താല്പൎയ്യം. ഗ്ലൌസസ്തർ അവരെ തട്ടിച്ച പ്രകാരം ഒരു ചരിത്രക്കാരൻ വിവരിക്കുന്നതാവിതു: ഒരു ദിവസം കിരീടാഭിഷേകം കഴിപ്പതിന്നു വേണ്ടുന്ന ഒരുക്കങ്ങളെ വിചാരിച്ചു നിശ്ചയിപ്പാനായി മന്ത്രിസഭ ഗോപുരത്തിൽ കൂടി വന്നു. ഹസ്തിങ്ങും അവന്റെ പക്ഷക്കാരായ വേറെ ചില മഹാന്മാരും സഭയിൽ ഉണ്ടു. എല്ലാവരും കൂടി വന്നു കുറയ ഇരുന്ന ശേഷം ഗ്ലൌസസ്തരും എത്തി, ഇത്ര താമസിച്ചതു നിമിത്തം അപ്രിയം തോന്നരുതു, എന്നു ചൊല്ലി മുഖപ്രസാദം കാട്ടി ഓരോന്നു സംസാരിച്ചാറെ, സഭയെ വിട്ടു ഒരു മണിക്കൂറു പാൎത്ത ശേഷം മടങ്ങി വന്നു. അപ്പോൾ അവൻ കീഴ്ചുണ്ടു കടിച്ചും വാളിന്റെ പിടിയെ തട്ടിയും കൊണ്ടു കുറയ നേരം നിന്നാറെ: ഈ സഭയിൽ എന്നെ നശിപ്പിപ്പാൻ അന്വേഷിക്കുന്ന ആളുകൾ ഉണ്ടു, അവൎക്കു എന്തു ശിക്ഷ ഉണ്ടാകേണം, എന്നു മഹാക്രോധത്തോടെ ചോദിച്ചു. അവൎക്കു സ്വാമി ദ്രോഹിയുടെ ശിക്ഷ വേണം എന്നു ഹസ്തിങ്ങു പറഞ്ഞു. രാജ്ഞിയും മറ്റും ചില ദുഷ്ടപെണ്ണുങ്ങളും എന്നെ മാരണം ചെയ്തു കൊല്ലുവാൻ ഭാവിക്കുന്നു, എന്നു ഗ്ലൌസസ്തർ ചൊല്ലി ഉടുപ്പു അഴിച്ചു മെലിഞ്ഞും വാടിയുമിരിക്കുന്ന കൈത്തണ്ടിനെ കാട്ടി. അതു ചെറുപ്പം മുതൽ അങ്ങിനെ തന്നെ ഇരുന്നു, എന്നു എല്ലാവരും അറിഞ്ഞിട്ടും: അയ്യൊ കഷ്ടം എൻ പുരാനേ, അവർ ഈ ദുഷ്കൎമ്മം ചെയ്തു എങ്കിൽ, അവർ വലിയ ശിക്ഷായോഗ്യമുള്ളവർ തന്നെ എന്നു ഹസ്തിങ്ങു പറഞ്ഞപ്പോൾ, അവൻ അതി ക്രുദ്ധനായി: അല്ലയോ ദ്രോഹികളുടെ അപ്പനേ, എങ്കിൽ, എങ്കിലും എന്നു വെറും വാക്കു ചൊല്ലി, നീ എന്നെ കളിയാക്കുമോ? ദൈവത്താണ പെണ്ണുങ്ങൾ ഇങ്ങിനെ പ്രവൃത്തിച്ചതിനെ ഞാൻ നിന്റെ തടിമേൽ ഒപ്പിച്ചു കൊള്ളും, എന്നു നിലവിളിച്ചു മുഷ്ടി കൊണ്ടു മേശപ്പലകമേൽ ഒന്നു അടിച്ചു ഉടനെ ഒരു കൂട്ടം പടയാളികൾ അകത്തു പ്രവേശിച്ചു, ഹസ്തിങ്ങിനെയും വേറെ ചില മഹാന്മാരെയും പിടിച്ചു കെട്ടി, സഭയിൽനിന്നു വലിച്ചു ഹസ്തിങ്ങിനെ ഗോപുര

മുററത്തു തന്നെ അറുത്തു കൊന്നു. പിന്നെ ഗ്ലൌസസ്തർ ഇളയരാജാവിനെയും വ്യാജത്താൽ കൈക്കൽ കിട്ടിയ അവൻെറ അനുജനെയും തടവുകാരായി ഗോപുരത്തിൽ പാൎപ്പിച്ചു, മന്ത്രിസഭയെയും കൂട്ടി: ഈ കുമാരന്മാരുടെ അപ്പനായ മുമ്പെത്ത രാജാവു ഇവരുടെ അമ്മയെ വേൾക്കുമ്പോൾ, മുമ്പെത്ത ഒരു ഭാൎയ്യ ഉണ്ടാകകൊണ്ടു, ഇവർ ചൂളച്ചിയുടെ മക്കളും ഇംഗ്ലിഷ രാജാധിപത്യത്തിന്നു പോരാത്തവരും ആകുന്നു, എന്ന ഒരു ദോഷ്യമുണ്ടാക്കി, സഭക്കാൎക്കു ബോധം വരുത്തിയാറെ, ബുക്കിംഗ്ഹം തമ്പുരാനും മററു ചിലരും കൂടി രാജമുടിയെ കൈയിൽ പിടിച്ചു, അവൻെറ പാദങ്ങളുടെ നേരെ വെച്ചു. ഇങ്ങിനെ ഗ്ലൌസസ്തർ 1483 ജൂൻ മാസം 26ാംനു- ഇംഗ്ലന്തിൻെറ സിംഹാസനം ഏറി മൂന്നാം രിചാൎദ്, എന്ന നാമത്തോടു കൂടെ വാണു തുടങ്ങി. കുറയനാൾ പിന്നെ വിധവയായ രാജ്ഞിയുടെ ആങ്ങളയായ രിവസ് പ്രഭുവിൻെറയും, അവളുടെ വേറെ ചില പക്ഷക്കാരുടെയും മേൽ സ്വാമിദ്രോഹം എന്ന കുററം ചുമത്തി, അവരെ കൊല്ലിച്ചു. കുലോത്തമന്മാർ എല്ലാവരും കൂടി ബഹു കോലാഹലത്തോടെ അവനെ കിരീടാഭിഷേകം കഴിച്ചാറെ അവൻ യാത്രയായി, രാജ്യത്തിൽ എങ്ങും സഞ്ചരിച്ചു, ഓരൊ പ്രധാന നഗരത്തിൽ കുറയക്കാലം പാൎത്തു ജനരഞ്ജന വരുത്തിക്കൊൾവാൻ നോക്കി. എങ്കിലും ജനപ്രസാദം നേടി താൻ അപഹരിച്ച മഹത്വത്തിൽ ഉറച്ചു പോയല്ലൊ, എന്നു അവൻ വിചാരിച്ചു തുടങ്ങിയപ്പൊൾ തന്നെ, പ്രജകളിൽ നീരസം നീളേ പരന്നു, സുഖം എന്നു താൻ നിരൂപിച്ച സമയത്തിൽ ഒരു വല്ലാത്ത ഛിദ്രം സംഭവിച്ചു. ആ മത്സരത്തിൻെറ കൎത്താവു രാജാവിൻെറ തോഴനായ ബുക്കിംഗ്ഹം തമ്പുരാൻ തന്നെ. രാജ്യാപഹാരത്തിൽ അദ്ദേഹം വളരെ സഹായിച്ചതു കൊണ്ടു, അവനു കിട്ടിയ പ്രത്യുപകാരങ്ങൾ അനവധി. രാജാവു അവനിൽ വെച്ച വിശ്വാസം അത്യന്തം. ഹസ്തിങ്ങ്സിൻെറ മത്സരത്തിൽ എലൈയിലെ അദ്ധ്യക്ഷനും കൈ ഇട്ടതു നിമിത്തം, രാജാവു അപ്പാതിരിയെ പിടിച്ചു ശിക്ഷിപ്പാനായി ബുക്കിംഗ്ഹമിൽ ഏല്പിക്കേണം, എന്നു കല്പിച്ചു. ബുക്കിംഗ്ഹം അദ്ധ്യക്ഷനെ ഏററു തടവിലാക്കി, എങ്കിലും അവൻെറ ഉപദേശം കേട്ടു അവൻെറ ദ്രോഹത്തിൽ കുടുങ്ങിപ്പോയി. അന്നു ലങ്കസ്തർ സ്വരൂപത്തിൻെറ ഒരു അനന്തരവൻ മാത്രമെ ശേഷിച്ചിരുന്നു. ആയവൻ രിച്മൊണ്ട് തമ്പുരാൻ (Earl of Richmond) എന്ന നാമത്തോടു കൂടെ ഇംഗ്ലന്തിനെ വിട്ടു പരന്ത്രീസ്സിൽ ഒളിച്ചു പാൎത്തു. ആ തമ്പുരാനെ ഇംഗ്ലന്തിൽ രാജാവാക്കി വാഴിക്കേണം, എന്നത്രെ അദ്ധ്യക്ഷൻെറ ഉപദേശം. ഈ ഉപദേശം ബുക്കിംഗ്ഹം കേട്ടു, പരന്ത്രീസ്സിൽ ഒളിച്ചു പാൎക്കുന്ന രിച്മൊണ്ട് തമ്പുരാനു പല കത്തുകളെയും എഴുതി മമത കെട്ടി, താൻ രാജാസനം ഏറുവാൻ സംഗതിവന്നാൽ, നാലാം ഹെന്രിയുടെ പുത്രിയായ

എലിശബത്തെ വിവാഹം ചെയ്തു ലങ്കസ്തർ, യൊക്, എന്ന സ്വരൂപങ്ങളെ സാന്ത്വനം ചെയ്യേണ്ടതിന്നു സമ്മതം വരുത്തുകയും ചെയ്തു. ഗോപുരത്തിൽ തടവുകാരായി പാൎക്കുന്ന രാജപുത്രന്മാരെ വിടുവിക്കേണം, എന്നു മത്സരികളുടെ മുഖ്യവിചാരം, എങ്കിലും കാൎയ്യസാദ്ധ്യം വരുംമുമ്പെ കാൎയ്യം പ്രസിദ്ധമായി വന്ന ശേഷം, രാജാവു അക്കുമാരന്മാരെ കൊല്ലിച്ചു. എന്നാറെ രിച്ച്മൊണ്ട് ഒരു സൈന്യത്തോടു കൂടെ ഇംഗ്ലന്തിൽ എത്തി, എങ്കിലും ബുക്കിംഗ്ഹമിന്റെ സൈന്യത്തോടു ചേരുവാൻ കഴിയും മുമ്പെ, രാജാവു അത്യുത്സാഹം കഴിച്ചു മത്സരത്തെ പൊട്ടിച്ചു കളഞ്ഞു. ബുക്കിംഗ്ഹമിന്റെ കൂട്ടാളികൾ ഛിന്നഭിന്നമായ ശേഷം, അവൻ ചതിവിനാൽ വൈരിയുടെ കൈയിൽ അകപ്പെട്ടു മരിച്ചു, അവന്റെ സൈന്യത്തിലെ നായകന്മാർ മറുനാടു കടന്നു ഒളിച്ചു പാൎത്തു. ഒർ ആവതുമില്ല എന്നു രിച്ച്മൊണ്ട് കണ്ടു പരന്ത്രീസ്സിലേക്കു മടങ്ങി ചെന്നു, അവിടെത്ത രാജാവിനെ അഭയം ചൊല്ലിപ്പാൎത്തു. ഇംഗ്ലന്തിൽ വെച്ചു പല പ്രഭുക്കന്മാരും മഹത്തുക്കളും രാജാവിനോടു ചേൎച്ചയും മമതയും നടിച്ച സമയത്തിൽ രിച്ച്മൊണ്ടിന്റെ പക്ഷത്തിൽ ചാഞ്ഞു, അവനെ രാജാവാക്കി വരിപ്പാൻ ശ്രദ്ധമായി ആലോചിച്ചു കൊണ്ടിരുന്നു. അവരുടെ ആലോചന തീൎന്ന ശേഷം രിച്ച്മൊണ്ടു മൂവായിരം വീരന്മാരോടു കൂടെ പരന്ത്രീസ്സിൽനിന്നു പുറപ്പെട്ടു 1485 അഗുസ്തമാസം 1ാംനു- കപ്പലേറി പുറപ്പെട്ടു, എട്ടു ദിവസം കഴിഞ്ഞാറെ ഇംഗ്ലന്തിൽ എത്തി. പിന്നെ അവൻ വേത്സനാടുകളിൽ കൂടി കടന്നു, രാജ്യത്തിന്റെ നടുവിലേക്കു മുന്നോട്ടു ചെല്ലുംതോറും, ബഹു പുരുഷാരങ്ങൾ അവനോടു ചേൎന്നതല്ലാതെ, മഹാന്മാരായ തന്റെ സ്നേഹിതന്മാരും തങ്ങളുടെ വാക്കിനെ ഒപ്പിച്ചു, കാൎയ്യസിദ്ധി വരുത്തുവാനായി ശ്രമിക്കുന്നു എന്നു കേട്ടു. പിന്നെ രാജാവു തന്റെ എല്ലാ സേനകളെയും കൂട്ടി, പടെക്കു അണഞ്ഞപ്പോൾ പലരും അവന്റെ കൊടിയെ വിട്ടു എതിരെ വരുന്ന രിച്ച്മൊണ്ട് പക്ഷത്തിൽ ചേൎന്നു. എന്നാറെ അഗുസ്തമാസം 22ാംനു- രണ്ടു സേനകൾ ലിസെസ്തർ നാട്ടിൽ തമ്മിൽ എതിരിട്ടു, ഇംഗ്ലന്തിന്റെ കിരീടത്തിന്നായി ഭയങ്കരമുള്ള പട വെട്ടി. രാജാവു അതിശയമുള്ള പരാക്രമം കാട്ടി, തന്റെ പടജ്ജനങ്ങളെ ബഹു സാമൎത്ഥ്യത്തോടെ നടത്തിച്ചു എങ്കിലും, പോർ കഠോരമായി നടക്കുമ്പോൾ തന്നെ, മൂന്നു സേനാപതിമാർ വല്ലായ്മ പ്രവൃത്തിച്ചു, തങ്ങളുടെ ആളുകളുമായി മറു പക്ഷത്തിൽ ചേൎന്നു പോയി. ഇങ്ങിനെ വഞ്ചകനും കുലപാതകനുമായ രാജാവു രണ്ടു സംവത്സരം മാത്രം വാണ ശേഷം, ഉപേക്ഷിതനും വഞ്ചിക്കപ്പെട്ടവനുമായി വാൾ കൈയിൽ പിടിച്ചും പൊരുതും കൊണ്ടു വീണു മരിച്ചു. അവൻ രാജമുടി ചൂടിക്കൊണ്ടു പോൎക്കളത്തിൽവന്നു. പോർ തീൎന്നാറെ സർവില്യം സ്റ്റെന്ലി ചേറും ചുളുക്കവും പിടിച്ച ഒരു വ

സ്തുവെ കണ്ടു, അതിനെ എടുത്തു നോക്കിയപ്പോൾ രാജകിരീടം തന്നെ, എന്നറിഞ്ഞു രിച്ച്മോണ്ടിന്റെ തലമേൽ വെച്ചു. എന്നതിനെ ജയം കൊണ്ട സേനകൾ കണ്ടു, ഒക്കത്തക്ക ആൎത്തു: രാജൻ ജയ ജയ, ഏഴാം ഹെന്രി വാഴ്ക എന്നു അട്ടഹാസിച്ചു പറഞ്ഞു.

(To be continued.)

PRECIOUS STONES.

രത്നക്കല്ലുകൾ.

പൂൎവ്വകാലത്തിൽ എജിപ്തിലെ അലക്സന്ത്രിയ, എന്ന നഗരത്തിൽ പാൎക്കുന്ന ബഹു ജനങ്ങൾ ദൈവത്തിന്റെ വചനം കേട്ടു, കൎത്താവായ യേശുവിന്റെ നാമത്തിൽ വിശ്വസിച്ചു, ഒരു വലിയ സഭയായി കൂടുകയും ചെയ്തു. ആ സഭയിൽ മഹാ ധനവതിയായ ഒരു കന്യക ഉണ്ടു. ആയവൾ സുശീലയും എത്രയൊ നല്ല നടപ്പുകാരത്തിയും ആയിരുന്നു, എങ്കിലും അൎത്ഥാഗ്രഹം നിമിത്തം വല്ല ദൈവകാൎയ്യത്തിന്നായും ഒരു കാശു പോലും സഹായിക്കാത്തവൾ തന്നെ. ഇതിനെ സഭാമൂപ്പനായ മക്കാരിയുസ് അറിഞ്ഞു വളരെ വ്യസനിച്ചു: പിശാചിന്റെ ഈ കെട്ടിൽനിന്നു ഇവൾ അഴിഞ്ഞു പോകുന്നില്ലെങ്കിൽ, വെറുതെ നശിച്ചു പോകുമല്ലൊ, അതുകൊണ്ടു അവളെ പഠിപ്പിപ്പാനായി വല്ല വഴിയെ നോക്കേണം, എന്നു ചിന്തിച്ചു പാൎത്തു. എന്നാൽ ഈ മക്കാരിയുസ എന്ന സഭാമൂപ്പൻ തന്റെ ഭവനത്തോടു കൂടെ ഒരു ധൎമ്മശാലയെ കെട്ടി, അതിൽ കുരുടർ, മുടന്തർ, ചെകിടർ മുതലായ ദീനക്കാരെയും ദരിദ്രരെയും രക്ഷിച്ചു പോരുന്നു. ഈ ധൎമ്മക്കാരെകൊണ്ടു തന്നെ കന്യകയുടെ മനസ്സിനെ ശരിയാക്കുവാൻ ദൈവം കരുണ കാണിക്കുമൊ, എന്നു അവൻ വിചാരിച്ചു, അവളെ ചെന്നു കണ്ടു, ഓരോന്നു സംസാരിച്ച ശേഷം: ഒർ ആൾ ഒരുകൂട്ടം വിലയേറിയ മരതകങ്ങൾ, പത്മരാഗങ്ങൾ, എന്ന രത്നക്കല്ലുകളെ വില്ക്കേണ്ടി വന്ന പണത്തിനു അത്യാവശ്യം ആകകൊണ്ടു അവൻ 500 ഉറുപ്പിക മാത്രം ചോദിക്കുന്നു. എന്നാൽ ഓരോരൊ കല്ലിനു തന്നെ ആ വില പോരാ. നിങ്ങൾക്കു ആ കല്ലുകളെ വാങ്ങുവാൻ മനസ്സില്ലെ? വേണ്ടുകിൽ അവറെറ വില്ക്കുന്നവന്റെ പേരും പറയാം. എന്നതു കേട്ടു കന്യക വളരെ സന്തോഷിച്ചു, കല്ലുകളെ എനിക്കായിട്ടു തന്നെ വാങ്ങേണം, എന്നു പറഞ്ഞു. എന്നാൽ കാൎയ്യം സ്ഥിരപ്പെടുത്തും മുമ്പെ കല്ലുകളെ കാണരുതൊ? അവ എന്റെ വീട്ടിൽ തന്നെ ഉണ്ടു? എന്നു മൂപ്പൻ പറഞ്ഞാറെ, അവൾ: കല്ലുകളെ വില്ക്കുന്ന ആളെ കണ്ടു സംസാരിപ്പാൻ എനിക്കു നല്ല മനസ്സില്ല, നിങ്ങൾ എന്നെ ചതിക്കുന്നില്ലല്ലൊ, എന്നു ചൊല്ലി മൂപ്പനു 500 ഉറുപ്പിക ഏല്പിച്ചു. ആയവൻ ഉറുപ്പിക വാ

ങ്ങി കല്ലുകളെ കണ്ട ശേഷം അവ ബോധിക്കാഞ്ഞാൽ ഞാൻ മുതൽ മടക്കിത്തരും, എന്നു പറഞ്ഞു പോകയും ചെയ്തു. മൂപ്പൻ കല്ലുകളെ ഉടനെ അയക്കും എന്നു കന്യക വിചാരിച്ചു, എങ്കിലും പല നാൾ ചെന്നാറെയും അവൻ അയച്ചില്ല, ചോദിപ്പാനും അവൾക്കു ധൈൎയ്യം പോരാ. സഭ കൂടുന്ന ദിവസത്തിൽ അവൾ അവനെ പള്ളിയിൽ കണ്ടു, കല്ലുകളുടെ അവസ്ഥയെ ചോദിച്ചു. കല്ലുകൾ എന്റെ വീട്ടിൽ ഉണ്ടു, അവററെ കാണ്മാനായി നിങ്ങൾ ഒരു സമയം വരും, എന്നു ഞാൻ വിചാരിച്ചു കാത്തിരുന്നു. പള്ളി തീൎന്ന ശേഷം, എന്റെ കൂടെ വന്നാൽ ഞാൻ അവററെ കാണിക്കാം, എന്നു മൂപ്പൻ പറഞ്ഞു. പള്ളിക്കൂട്ടം പിരിഞ്ഞാറെ കന്യക സന്തോഷിച്ചുംകൊണ്ടു മൂപ്പനോടു കൂടെ അവന്റെ വീട്ടിലേക്കു പോയി. പിന്നെ അവൻ അവളെ മാളികമേൽ കൊണ്ടുപോയി, താൻ രക്ഷിച്ചു പോരുന്ന ദരിദ്രരും ഊനമുള്ളവരുമായ പെണ്ണുങ്ങളെ കാട്ടി: ഇതാ പത്മരാഗങ്ങളുടെ പെട്ടി, മരതകങ്ങളുടെ പെട്ടിയെ താഴത്തു കാണിക്കാം. ഇവററിൽ അധികം വിലയേറിയ രത്നകല്ലുകൾ ഈ ലോകത്തിൽ എങ്ങും കിട്ടുകയില്ല നിശ്ചയം, എന്നിട്ടു അവ നിങ്ങൾക്കു ബോധിക്കാഞ്ഞാൽ നിങ്ങളുടെ ഉറുപ്പിക ഇപ്പോൾ തന്നെ മടക്കിത്തരാം, എന്നു പറഞ്ഞു. എന്നാൽ കന്യക കുറയ നേരം നാണിച്ചു നിന്നാറെ: അവൾ അല്ലയോ എൻ പിതാവേ, ഞാൻ ദൈവസ്നേഹത്താലെ ചെയ്യേണ്ടിയിരുന്നതിനെ ചെയ്വാൻ എന്നെ പഠിപ്പിച്ചതുകൊണ്ടു ഞാൻ വളരെ നന്ദി പറയുന്നു. ഉറുപ്പിക എനിക്കു ഇനി വേണ്ടാ, അവ ഇവരുടെ ചിലവിനായി ഇരിക്കട്ടെ. ഇനിമേൽ ഞാൻ എന്റെ ഹൃദയത്തെ നശിച്ചു പോകുന്ന സമ്പത്തിന്മേലല്ല, ദൈവത്തിന്മേൽ തന്നെ വെക്കേണ്ടതിനും എന്റെ ധനംകൊണ്ടു ആവശ്യപ്പെടുന്നവൎക്കു സഹായിക്കേണ്ടതിനും എനിക്കു ദൈവകൃപ ഉണ്ടാകേണമേ, എന്നു ചൊല്ലി സന്തോഷത്തോടെ തന്റെ വീട്ടിലേക്കു മടങ്ങി ചെല്ലുകയും ചെയ്തു.

THE RHINOCEROS.

കാണ്ടാമൃഗം.

കാണ്ടാമൃഗം എന്ന പേർ പലരും കേട്ടിട്ടുണ്ടായിരിക്കും, അജ്ജന്തുവിനെ കണ്ടവർ നമ്മുടെ വായനക്കാരിൽ ഉണ്ടൊ, എന്നു അറിയുന്നില്ല.



കാണ്ടാമൃഗം ഇന്ത്യയിലും തെൻ അഫ്രിക്കാവിലും ജീവിക്കുന്നെങ്കിലും ഈ ചിത്രത്തിന്മേലുള്ളതിനെ മാത്രം കേരളോപകാരി കണ്ടതെയുള്ളു. എന്നാൽ മൃഗത്തെ കണ്ടവർ അതിനെ കുറിച്ചു അറിയിച്ചതിനെ ചുരുക്കത്തിൽ പറയാം: കാണ്ടാമൃഗത്തിന്നു ഏകദേശം ആനയുടെ വണ്ണവും ബലവും ഉണ്ടു, തുമ്പിക്കൈ ഉണ്ടെങ്കിലും, അതിന്നു മനുഷ്യന്റെ കൈവിരലിന്റെ നീളമേയുള്ളു, മൂക്കിന്റെ ഒത്ത നടുവിൽ ഇരിക്കുന്ന കൊമ്പു അസ്ഥിയിൽ ഊന്നി നില്ക്കുന്നതല്ല, മാംസാദിഞരമ്പുകളോടു ചേൎന്നുറച്ചിരിക്കുന്നു. ചെവി നേരെ മേലോട്ടു ഉയരുകയും, ഓരോ കാലിൽ മുമ്മൂന്നു കുളമ്പുകൾ ഇരിക്കയും ചെയ്യുന്നു. അതിന്റെ രോമമില്ലാത്ത തോൽ പെരുത്തു തടിച്ചതും ചുളുപ്പുകളും മുരമുരുപ്പുകളും കൊണ്ടു നിറഞ്ഞതുമാകുന്നു. വെടിയുണ്ട അതിൽ പ്രവേശിക്കയില്ല. കാണ്ടാമൃഗം പ്രത്യേകം മരത്തിന്റെ കൊമ്പും ചപ്പുംകൊണ്ടു ഉപജീവനം കഴിച്ചു, ചളിയിൽ കിടന്നുരുളുന്നതിൽ രസിക്കുന്നു. വെറുപ്പില്ലെങ്കിൽ അതു ആൎക്കും ഹാനി വരുത്തുകയില്ല, കോപിപ്പിച്ചാൽ ചുററിപ്പായുകയും കൊമ്പിനാൽ ഭൂമിയെ പിളൎത്തു മണ്ണും കല്ലും നാലു ഭാഗത്തേക്കു എറിഞ്ഞു, കണ്ടു കിട്ടിയ വേടനെ കാൽകൊണ്ടു ചവിട്ടുകയൊ, കൊമ്പുകൊണ്ടു കുത്തി ശരീരത്തെ ചീന്തുകയൊ ചെയ്യും. കാണ്ടാമൃഗം സാധാരണമായി പന്നി പോലെ ഉറുമ്മുന്നു, കോപം ഉണ്ടെങ്കിൽ, ഭയങ്കരമായി മുഴങ്ങുന്നു. കണ്ണിൽ വെടി വെക്കുന്നതിനാൽ മാത്രം കൊല്ലുവാൻ കഴിവുള്ളു. കാണ്ടാമൃഗത്തിന്റെ കൊമ്പുകൊണ്ടു ഉണ്ടാക്കിയ പാത്രത്തിൽ വിഷം ഇട്ടാൽ അപ്പാത്രം ഉടനെ വിയൎക്കയും നുരക്കയും ചെയ്യുന്നു, എന്നു പറയുന്നതു ഒരു കെട്ടുകഥയത്രെ.

A LESSON.

ഒർ ഉപദേശം.

1665ാമതിൽ ഒരു വല്ലാത്ത ദുൎവ്യാധിയാൽ ലൊണ്ടൻ, എന്ന നഗരത്തിൽ നിന്നു അനവധി ജനങ്ങൾ മരിച്ചപ്പൊൾ, ക്രൊവൻ എന്ന പ്രഭു ഭയപ്പെട്ടു നഗരത്തെ വിട്ടു നാട്ടുപുറത്തുള്ള തന്റെ ഒരു കോവിലകത്തേക്കു മാറിപ്പാൎക്കേണം എന്നു നിശ്ചയിച്ചു. പണിക്കാർ വേണ്ടുന്ന സാമാനങ്ങൾ എല്ലാം വണ്ടികളിൽ ആക്കി സകലവും യാത്രെക്കു ഒരുങ്ങിയിരുന്നാറെ, പ്രഭു പുറപ്പാടിന്നായി കാത്തു വലിയ ശാലയിൽ ചുററി നടന്നു, പുറത്തുള്ള പണിക്കാർ തമ്മിൽ സംസാരിച്ചതിനെ കേട്ടു. അവരിൽ ഉണ്ടായിരുന്ന ഒരു കാപ്രി കൂട്ടാളികളോടു: വ്യാധിയിൽനിന്നു തെററിപ്പോകുവാനായി

നമ്മുടെ യജമാനൻ നഗരത്തെ വിട്ടു നാട്ടു പുറത്തേക്കു മാറിപ്പാൎപ്പാൻ നിശ്ചയിച്ചുവല്ലൊ. അവൻെറ ദൈവം നഗരത്തിലല്ല, നാട്ടു പുറത്തു തന്നെ പാൎക്കുന്നതു കൊണ്ടായിരിക്കും എന്നു പറഞ്ഞു. കാപ്രി ഇങ്ങിനെ വെറുതെ പറഞ്ഞ വാക്കിനാൽ പ്രഭുവിന്നു വളരെ വിചാരം വന്നു. എൻെറ ദൈവം എല്ലാടവും സമീപം തന്നെ, നഗരത്തിലും നാട്ടു പുറത്തിലും മറെറവിടെയും എന്നെ കാത്തു രക്ഷിപ്പാൻ അവൻ ശക്തൻ അല്ലയൊ. എൻെറ കാപ്രി എനിക്കു നല്ലൊരു ഉപദേശം കഴിച്ചിരിക്കുന്നു. ഹാ കൎത്താവേ, എൻെറ അവിശ്വാസത്തെ പൊറുക്കേണമേ. ഇനി ഞാൻ പോകയില്ല, ഇവിടെ തന്നെ പാൎക്കും എന്നു പറഞ്ഞു പണിക്കാരെ വിളിച്ചു, സാമാനങ്ങൾ വണ്ടികളിൽനിന്നു കിഴിച്ചു, അകത്തു കൊണ്ടു വരുവിൻ എന്നു കല്പിച്ചു പാൎത്തു. ഇങ്ങിനെ അവൻെറ ഭയം മുററും മാറിയതു കൊണ്ടു, അവൻ ഓരോ ദീനക്കാരെ നോക്കി വ്യാധി നഗരത്തെ വിട്ടു മാറുന്നതുവരെ അനേകം ആളുകൾക്കും സഹായവും ആശ്വാസവും വരുത്തിക്കൊണ്ടിരുന്നു, എന്നാലോ വ്യാധി അവൻെറ കോവിലകത്തു ആരെയും തൊട്ടതുമില്ല. എന്നെ മാനിക്കുന്നവരെ ഞാനും മാനിക്കും എന്ന ദൈവവചനം ഈ ചെറിയ കഥയിൽ ഭംഗിയോടെ വിളങ്ങിക്കുന്നുവല്ലൊ.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

ആസ്യാ Asia.

ബൊംബായി:—പഞ്ചം വൎദ്ധിക്കയാൽ ഏകദേശം 35,000 പേരെ പുതുതായി ധൎമ്മരാമത്തു പണിയിൽ ചേൎക്കേണ്ടി വന്നതു കൊണ്ടു മേയി 18നു- 354,976 ആളുകളോളം ധൎമ്മത്തിന്നു പണി എടുത്തിരിക്കുന്നു.

ചെന്നപ്പട്ടണം:—1876 ഡിസെമ്പ്ര 1നു- തൊട്ടു 1877 മേയി 18നു-വരെക്കും 21,746 പേർ മരിച്ചു പോയി; അതിൽ നടപ്പു ദീനംകൊണ്ടു 4,936 കുരുപ്പുകൊണ്ടു 4,866 പേർ തന്നെ. മുൻകാലങ്ങളിൽ 6,405 പേരെ $5\frac{3}{4}$ മാസങ്ങൾക്കുള്ളിൽ മരിക്കാറുള്ളു. ഇക്കൊല്ലം 15,341 ആൾ ഏറെ മരിച്ചു കാണുന്നതു നോക്കിയാൽ ആണ്ടൊന്നിൽ 30,000 പേരോളം അധികം മരിക്കുമല്ലോ. കുടിക്കുന്ന വെള്ളത്തിൻെറ വെടിപ്പു കേടുകൊണ്ടു നടപ്പു ദീനം ഉളവാകയും വൎദ്ധിക്കയും ചെയ്യുന്നു എന്നു മിക്ക വൈദ്യന്മാരുടെ അഭിപ്രായം ആകകൊണ്ടു വെടിപ്പില്ലാത്ത വെള്ളം കാച്ചി ആറീട്ടേ കുടിക്കാവു എന്നു നമ്മുടെ പക്ഷം.

ഠരംയിടേ കേടു വന്ന 1500 ചാക്കു അരി നഗരപാലനയോഗക്കാരുടെ ആൾക്കാർ ക്രടവേ തോണികളിൽ കയററി പുറങ്കടലിൽ കൊണ്ടു പോയി അവിടെ തന്നെ ആഴത്തിൽ കളഞ്ഞു. കേടു വന്ന അരിയുടെ ചോറോ കഞ്ഞിയോ ഉടമ്പിന്നാകാഞ്ഞിട്ടാകുന്നു അതിനെ നശിപ്പിച്ചതു.

ധൎമ്മരാമത്തു പണി എടുക്കുന്ന പുരുഷന്മാൎക്കു ഒരു റാത്തൽ അരിയും അരയണയും വീതം എന്നും സ്ത്രീകൾക്കും കുട്ടികൾക്കും അതിൽ കുറഞ്ഞിട്ടും ക്രലി കൊടുക്കേണം എന്നും

ശ്രീ രിച്ചാൎട്ട് തെമ്പർ സായ്പവൎകൾ കല്പിച്ചതു പോരാ എന്നു ഇംഗ്ലന്തിൽ ഇരിക്കും ഭാരതഖണ്ഡമന്ത്രി കണ്ടു ജീവരക്ഷെക്കായി തക്ക കൂലി കൊടുപ്പൂ എന്നു മദാശിസംസ്ഥാനക്കോയ്മക്കു കല്പന അയച്ചിരിക്കുന്നു.

86 വയസ്സുള്ള ഒമ്പതാം പീയൻ പാപ്പാവു 1827 ജ്രൂൻ 3നു-യിൽ അദ്ധ്യക്ഷാഭിഷേകം പ്രാപിച്ചശേഷം 50 കൊല്ലം കഴിഞ്ഞതിനാൽ ഠരം സംസ്ഥാനത്തിലുള്ള റോമകത്തോലിക്കർ ഇതിനെച്ചൊല്ലി മഹോത്സവം കൊണ്ടാടേണം എന്നു ചെന്നപ്പട്ടണത്തിലേ റോമാദ്ധ്യക്ഷൻ പ്രസിദ്ധപ്പെടുത്തുന്നു. ജ്രൂൻ മൂന്നാം നു- പാപസങ്കീൎത്തനം ചെയ്യുതിൽ പിന്നെ കുമ്പസാരിച്ചു റോമകത്തോലിക്ക മതപ്പരത്തലിന്നും ശുദ്ധ റോമസഭയുടെ ജയത്തിന്നും ജപം ചെയ്യുന്നവൎക്കും ഉദ്ധരിക്കും സ്ഥലത്തിൽ ഉള്ള ആത്മാക്കൾക്കും പരിപൂൎണ്ണ വിമോചനത്തെ നല്കുവാൻ പാപ്പാവു ഒരുങ്ങുന്നു പോൽ. ജപത്തിൽ പരസ്യമായി കന്യകാകീൎത്തനവും ഏഴ സ്വൎഗ്ഗസ്ഥനായ പിതാവു എന്ന പ്രാൎത്ഥനയും ഏഴ മറിയാസ്തുതിയും അടങ്ങിയിരിക്കുന്നു. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെ അല്ലാതെ ആരും പിതാവിനോടു ചേരുന്നില്ല (യോഹ. 14, 6.) എന്ന യേശു ക്രിസ്തുവിന്റെ അരുളപ്പാടു മേൽ പറഞ്ഞതിന്നു വിരോധമത്രെ.

ഗുന്തൂർ: (മേയി 19)—അറഞ്ഞ മഴയോടു ഭയങ്കരമായ കൊടുങ്കാററൂതിയിരിക്കുന്നു.

നെല്ലൂർ: (മേയി 19)—വ്വ ഇഞ്ചിയോളം മഴ പെയ്യുതു കൊണ്ടു പെണ്ണാറു നിറഞ്ഞു.

മച്ഛിലിബന്തർ:— മേയി 19 നു-യിൽ കടുപ്പമുള്ള ചുഴലിക്കാററു ഊതി കടൽ പൊങ്ങി അതിക്രമിച്ചതിനാൽ മച്ഛിലിബന്തരിലേ നിവാസികൾ ആബാലവൃദ്ധം കൈക്കിരയാകുന്ന മുതലോടു കൂടി അടുത്ത തറകളിലേക്കു ഓടിപോയി. ഇക്കുറി കാററു ചില മരങ്ങളെയും കുടില്കുകളെയും തള്ളിയിടുകയല്ലാതെ അധികം നഷ്ടം വരുത്തായ്കയാൽ എല്ലാവരും വീണ്ടും മടങ്ങി ചെന്നിരിക്കുന്നു.

വടക്കെ ആൎക്കാടു:— തന്റെ ഭാൎയ്യയുടെ പാതിവ്രത്യത്തിൽ സംശയമുള്ള ഒരു തമിഴൻ തീൎപ്പിച്ചു വെച്ച ഒർ അരുവാൾ കത്തി കൊണ്ടു ഭാൎയ്യയെ വെട്ടി കൊന്ന ശേഷം ചോര ഒലിക്കുന്ന ആയുധത്തോടെ ആൎക്കാട്ടു നഗര തെരുവീഥിയിൽ ഉലാവി കൊണ്ടു തന്റെ തോന്നൽ പ്രകാരം ഭാൎയ്യക്കു വ്രതലംഘനത്തിന്നു സഹായിച്ച അമ്മാവിയമ്മ അളിയന്മാരെയും അവളെ ദോഷപ്പെടുത്തിയ കള്ള പുരുഷന്മാരെയും മററും കൊല്ലേണ്ടതിന്നു ഓങ്ങി നിന്നു. പുതു നിയമക്കാർ ഠരം കുലമത്തനെ കണ്ടു നടുങ്ങി ഒളിച്ചിരിക്കുമ്പോൾ വരദരാജലുരട്ടിയാർ എന്ന തഹശ്ശീല്ദാർ ആണ്മയോടേ അവനെക്കൊള്ളച്ചെന്നു അരുവാൾകത്തി നിലത്തിടുവാനും സാഷ്ടാംഗമായി വീഴുവാനും കല്പിച്ചതു കേട്ടു കുലപാതകൻ നടുങ്ങി അനുസരിച്ചു പിടിപ്പെടുകയും ചെയ്തു അപൂൎവ്വമായ ഠരം ധീരതയാൽ പലൎക്കും പ്രാണരക്ഷയും തഹശ്ശീല്ദാൎക്കു കോയ്മയിൽനിന്നു പുകഴ്ചയും ലഭിച്ചിരിക്കുന്നു.

ബല്ലാരി:— മേയി 19നു- വരെ 35,524 പേരെ അധികം ധൎമ്മറാമത്തു പണിയിൽ ചേൎത്തു കൊണ്ടു ആകേ 2,88,179 ആളുകൾ ധൎമ്മപണി എടുത്തു വരുന്നു അതു കൂടാതെ 1,32,394 പേൎക്കു ധൎമ്മക്കഞ്ഞിയും ഉണ്ടു. 154½ ലക്ഷം വരവുള്ള ഈ ജില്ലയിൽ ഇന്നോളം 59 ലക്ഷം പ്രാണരക്ഷെക്കായി ചെലവു ചെയ്തിരിക്കുന്നു. എന്നിട്ടും മുമ്പെ വിശപ്പു നന്നെ സഹിച്ചതിനാൽ ഇപ്പോൾ തക്ക ഭക്ഷണവും നോക്കും ചെല്ലുകിലും പലരും മരിക്കുന്നു.

കൎന്നൂൽ:— 1871 ആമതിലേ കനേഷുമാരി പ്രകാരം 9,12,563 ആത്മാക്കളുള്ള ഈ ജില്ലയിൽ കഴിഞ്ഞ മാൎച്ച് മാസത്തിൽ 1253 പിറവികളും 5127 ചാവുകളും ഉണ്ടായിരുന്നു. മരിച്ചവരുടെ തുകയും പ്രായവും ആവിതു:

പ്രായം	1-6	6-12	12-20	20-30	30-40
മരിച്ചവർ	783	427	361	634	548

പ്രായം	40-50	50-60	60	
മരിച്ചവർ	508	524	747	അപ്പുറവും

ഇവരിൽ പലരും മതിയായ ഭക്ഷണം

ഇല്ലായ്കയാൽ കഴിഞ്ഞു പോയി. പഞ്ചകാലത്തിൽ വിശപ്പും കുറവും ഏറിയ നാൾ സഹിച്ച ശേഷം വേണ്ടുന്ന ആഹാരം ഉള്ളവർ വറതിയാൽ ശരീരത്തിന്നു തട്ടിയ വാട്ടം മൂലം എളുപ്പത്തിൽ മരിക്കുന്നു എന്ന അനുഭവം ഉണ്ടാകകൊണ്ടു പലരെ കുറിച്ചു സങ്കടം തോന്നുന്നു.

കണ്ണനൂർ:— മഹാരാജശ്രീ ചക്രവൎത്തിനിയുടെ ജനനദിവസത്തെ ജ്രൂൻ 2നു- പടജ്ജനങ്ങളുടെ പടയണിക്കാഴ്ചയും 101 നിയമവെടിയും കൊണ്ടു പരസ്യമായി ആചരിച്ചിരിക്കുന്നു. മഴക്കാലം നന്നായി ആരംഭിച്ചു. ജ്രൂൻ 1-20 വരെക്കും 30 വിരലോളം മഴ പെയ്തു; അതിൽ 12നു-യിൽ 6 വിരൽ. കൂടക്കൂടെ ഉണ്ടായ മിന്നലിടികളും കുറഞ്ഞ മഴയുടെ ലക്ഷണമാകുന്നു പോൽ എന്നു വായുജ്ഞാനികൾ പറയുന്നതു കേൾപ്പു. എന്നിട്ടു 5 പറ മഴ ഉണ്ടാകും എന്നു കണിശന്മാർ കണ്ട വിഷുക്കണി പ്രകാരം പറയുന്നു. ജ്രൂൻ 20 നു- പുറങ്കടൽ പൊട്ടി കടൽ കലങ്ങിത്തുടങ്ങി.

കോഴിക്കോട്ടു:— കൊല്ലന്തോറും പതിവായി പെയ്യുന്ന മഴ ഏകദേശം 135 വിരലോളം മുട്ടും; ഇതിൽനിന്നു ജ്രൂൻ ജ്രൂലായി അഗൊസ്തുകളിൽ കഴിഞ്ഞു പോകുന്ന മഴക്കാലത്തിന്നു 100 വിരൽ തള്ളിയാൽ സെപ്തമ്പ്രതൊട്ടു മേയി വരെ എന്നീ ഒമ്പതു മാസങ്ങൾക്കു 36-38 വിരൽ ചകട്ടു മേനിയായി കാണാറുണ്ടു. എന്നാൽ പോയ കന്നി തുടങ്ങി (76 സപ്ത. 1 നു-) ഇടവൊട്ടുവോളം (77 മേയി 23) കഷ്ടിച്ചു പത്തു വിരലോളം മഴ പെയ്തുള്ളു. (9, 56) കുറവായ ഈ മഴ കൊണ്ടു ഉണ്ടായ ചൂടു വറൾച വെള്ളപ്പഞ്ഞം മുതലായ വലിയ സങ്കടങ്ങൾ ഇപ്പോൾ ദൈവകരുണയാൽ തീൎന്നു തുടങ്ങിയിരിക്കുന്നു.

മഹിഷാസുരം:—(മൈസ്സൂർ). ഒരു ശ്രീവൈഷ്ണവ ബ്രാഹ്മണബാല്യക്കാരന്നു വെസ്ലയമിശ്ശൻ പള്ളിയിൽ സ്നാനം ഉണ്ടായ ശേഷം വെസ്ലയ ഉപദേഷ്ടാക്കന്മാർ അവനെ അപ്പനമ്മമാരുടെ മനയിൽ പോയി പാൎക്കേണ്ടതിന്നു അയച്ചു. ബാല്യക്കാരൻ ചെന്നപ്പോൾ അപ്പൻ വാതിൽ പൂട്ടി അവനെ കടപ്പാൻ സമ്മതിക്കായ്കയാൽ വെസ്ലയ ഉപദേഷ്ടാക്കൾ അവനെ തങ്ങളുടെ ബങ്കളാവിൽ കൈക്കൊണ്ടാറെ അപ്പൻ വന്നു മകനെയും ഉപദേഷ്ടാക്കന്മാരെയും പ്രാവുകയും അന്നു വൈകുന്നേരം 200 ഓളം ബ്രാഹ്മണർ ബങ്കളാവിനെ ചുററി വളെച്ചു ബാല്യക്കാരനെ ന്യായമായ നാഥന്മാൎക്കു ഏല്പിക്കേണ്ടതിന്നു ചോദിക്കയും ചെയ്തു. ആയവന്നു അവരോടു കൂട പോരുവാൻ മനസ്സില്ലായ്കയാൽ അപ്പൻ അന്യായപ്പെട്ടു; അതിന്റെ തീൎച്ച അറിയുന്നില്ല. ഈ ബാല്യക്കാരൻ 16 വയസ്സുള്ളവൻ അല്ലാതെ ക്രിസ്തീയ ഉപദേശത്തെ നന്നായി ഗ്രഹിച്ചവനും ക്രിസ്ത്യാനിയായി തീരും എന്നു സൂക്ഷ്മമായി തന്റെ കുഡുംബത്തോടു അറിയിച്ചവനും തന്നെ. മേയി 27നു- അങ്ങാടി പ്രസംഗം കേട്ടു മനന്തിരിഞ്ഞു 20 വയസ്സുള്ള സ്മാൎത്ത ബ്രാഹ്മണൻ ഏറിയ ബ്രാഹ്മണർ സാക്ഷികളായി ഇരിക്കേ വെസ്ലയ പള്ളിയിൽ ത്രിയേകദൈവനാമത്തിൽ സ്നാനപ്പെട്ടതിനാൽ പല ബ്രാഹ്മണൎക്കു കാൎയ്യബോധം വന്നു തുടങ്ങിയിരിക്കുന്നു.

രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള യുദ്ധവിശേഷങ്ങൾ.

രൂമിസുല്ത്താന്നും രുസ്സ്യചക്രവൎത്തിക്കും യുരോപയിലും ആസ്യയിലും പരപ്പേറിയ രാജ്യങ്ങൾ ഉണ്ടു എന്നു മിക്കപേൎക്കറിയാമല്ലൊ. ഇവരുടെ സംരാജ്യങ്ങൾ തമ്മിൽ മുട്ടിക്കിടക്കകൊണ്ടു ഇരുവർ മറുകോയ്മയിൽ കടപ്പാനും എതിരാളിയുടെ നാട്ടിൽനിന്നു കഴിയുന്നെടത്തോളം നിലം കൈക്കൽ ആക്കുവാനും ശ്രമിച്ചുവരുന്നു. ഇരുകക്ഷിക്കാർ ഇതുവരെ സമധൈൎയ്യപ്രാപ്തികളോടെ തമ്മിൽ എതിൎത്തു പൊരുതു തീൎപ്പെടുത്തുന്ന വൻപട ഇന്നോളം വെട്ടിക്കഴിഞ്ഞില്ലെങ്കിലും ഇങ്ങോട്ടും അങ്ങോട്ടും നിലം മുതൽ ആൾ എന്നിവററിൽ പല ചേതങ്ങളെ വരുത്തി പോന്നു. തമ്മിൽ നടന്നതു വിചാരിച്ചു നോക്കിയാൽ തുൎക്കൎക്കു അല്പം മുമ്പു കിട്ടിയപ്രകാരം തോന്നുന്നു.

യുരോപാഖണ്ഡത്തിലെ വിശേഷങ്ങൾ ഒന്നാമതു പറയട്ടെ, തുൎക്കർ തുനാനദി (ദെന്യുബ്; ഗൎമ്മാനത്തിൽ ദോനൌ) യുടെ കരക്കൽ തീൎത്ത ഓരോ കൊത്തളങ്ങളിൽനിന്നു പീരങ്കി

വെടികൊണ്ടു രുസ്സരെ തടുത്തതു കൂടാതെ ഇപ്പുഴ കവിഞ്ഞതുകൊണ്ടു അവൎക്കു കടപ്പാൻ ഇടവന്നതുമില്ല. ആയതുകൊണ്ടു രുസ്സർ ദൊബ്രുച്ചയെ കടന്നാക്രമിച്ചപ്രകാരം മുമ്പെ പറഞ്ഞതു തെററു ആയവർ രുമാന്ന്യയിൽ വലിയ പടകളെ കൂട്ടി ചേൎത്തു തുൎക്കർ നിനയാത്ത സമയത്തും സ്ഥലത്തും തുനാവെ കടപ്പാൻ ഓങ്ങി നില്ക്കുന്നു എന്നു തോന്നുന്നു. തുൎക്കർ രുസ്സരുടെ 200 നവധാന്യമരക്കലങ്ങളെ ഏറിയ കോതമ്പോടും പററിച്ചെങ്കിലും രുസ്സർ ഒരു തുൎക്കപോൎക്കപ്പലിനെ തെറിപ്പിച്ചിരിക്കുന്നു. തുൎക്കർ കൌകസ് മലനാട്ടിൽ ജനങ്ങളെ ദ്രോഹിപ്പിപ്പാൻ വട്ടം കൂട്ടിയതു പോലെ രുസ്സർ എപീരുസിലും മററും തുൎക്കനിവാസികളെ ഇളക്കുവാൻ പ്രയാസപ്പെടുന്നപ്രകാരം ഊഹിപ്പാൻ ഇടയുണ്ടു. സുഖുംകലെ എന്ന കൌകസ് കോട്ടയെ തുൎക്ക പടകൾ പിടിക്കയാൽ രൂമിസുല്ത്താൻ ഷേക് അൽ ഇസ്ലാം (മതരക്ഷി) തനിക്കു ഇട്ട നബിയുടെ പച്ചകൊടിയോടു പടെക്കു ഇറങ്ങുവാൻ മനസ്സാകയാൽ രൂമിയിലെ ക്രിസ്ത്യാനികൾക്കു ഉണ്ടായ മുഷിച്ചലിനെ തീൎക്കേണ്ടതിന്നു ഇനിമേലാൽ ക്രിസ്ത്യാനികൾക്കും പടച്ചേവകം ചെയ്വാനുള്ള സമ്മതംകൊണ്ടു 200,000 ക്രിസ്ത്യാനികൾ പടയിൽ ചേരേണം എന്നു കല്പിച്ചിരിക്കുന്നു. മൊന്തേനെഗ്രീനോവാഴിയോടു തുൎക്കർ ഒന്നു രണ്ടു പട വെട്ടി ജയിച്ചു.

മേൽ പറഞ്ഞ യുദ്ധം നിമിത്തം ശേഷം യുരോപൎക്കും വലിയ കച്ചവടനഷ്ടം അല്ലാതെ തീൻപണ്ടങ്ങളുടെ വിലയും കയറിയിരിക്കുന്നു.

ആസ്യാഖണ്ഡത്തിൽ തുൎക്കരുടെ പോൎക്കപ്പലുകൾ കരിങ്കടലിന്റെ കരനാടു കാക്കയും തുറമുഖങ്ങളുടെ വായി അടെക്കയും രുസ്സമരക്കലങ്ങളെ പിടിക്കയും ചെയ്യുന്നതു കൂടാതെ ഓരോ കരനഗരങ്ങളെ വെടി വെക്കയും ചെയ്യുന്നു. സുഖംകലേ എന്ന കടല്ക്കരക്കോട്ടയെ തുൎക്കർ എത്രയും വൈഭവധീരതകളോടു രുസ്സരിൽനിന്നു പിടിച്ചു പററിച്ചുകളഞ്ഞിരിക്കുന്നു. കൌകസ മലപ്രദേശത്തിലേ മുഹമ്മദീയരെ രുസ്സക്കോയ്മക്കെതിരെ മതപ്പോരിന്നായി (ജഹാദ്, ദീൻ) ഇളക്കുവാൻ നോക്കിയതു നിനെച്ചതിൻ വണ്ണം സാധിക്കായ്കിലും രുസ്സൎക്കു അതിനാൽ വളരെ വേദന തട്ടിയിരിക്കുന്നു. അൎമ്മിന്ന്യയിലേ അൎദ്ദഹാൻ എന്ന കോട്ടയെ രുസ്സർ തുൎക്കരോടും ആയവർ അതിനെ വീണ്ടും രുസ്സരോടും രുസ്സരോ അതിനെ രണ്ടാമതു തുൎക്കരോടും പിടിച്ചിരിക്കുന്നു. രുസ്സർ കാൎസ്സ് കോട്ടയെ വളെച്ചിട്ടും ഇതുവരെ അതിനോടു ആവതുണ്ടായില്ല. തുൎക്കർ കൊക്കസ്സിൽ കടന്നതിനാലും ഏറിയ പടയാളികളെ അൎമ്മിന്ന്യയിലേക്കു അയക്കുന്നതിനാലും, ആ നാട്ടിൽ അധികം തെക്കോട്ടു മുൽപുക്കു രുസ്സർ വടക്കോട്ടു കുറെച്ചു പിൻവാങ്ങുന്നു എന്നു കേൾക്കുന്നു. പാൎസ്സിസ്ഥാനഷാ രൂമിസുല്ത്താനോടു സമാധാനപ്പെട്ടു നടപ്പാൻ നിശ്ചയിച്ചു.

ബാതും എന്ന തുൎക്കരുടെ ഉറപ്പിച്ച പാളയത്തെ രുസ്സർ ഏററവും പ്രയാസപ്പെട്ടു കൈക്കൽ ആക്കുവാൻ നോക്കീട്ടും 4000 പേർ മരിക്കയും 3500 പേർ മുറി ഏല്ക്കയും ചെയ്തു ശേഷം പിൻ വാങ്ങേണ്ടി വന്നു. തുൎക്കൎക്കു മുറിവും പ്രാണഹാനിയും തട്ടിയവരെ കൂട്ടിയാൽ നൂറാളോളമേ ചേതം പററീട്ടുള്ളു.

ഭാരതഖണ്ഡത്തിലുള്ള മുഹമ്മദീയർ രൂമിസുല്ത്താൻ നടത്തുന്ന യുദ്ധത്തിന്നു സഹായമായി പണംവരി എടുത്തു ബൊംബായിൽനിന്നു 17,808 രൂ. ഇസ്തുമ്പൂലിലേക്കു (കൊൻസ്തന്തിനൊപൽ) കൊടുത്തയച്ചു. അതിൽ ദാബിലേ മുസൽമാനർ മുമ്പന്മാർ. ബൊംബായ്ക്കാർ 12,615 രുപ്പിക കൊടുത്തിട്ടും ശേഷം വലിയ നഗരങ്ങളിൽ പാൎക്കുന്നവർ പ്രാപ്തിക്കു തക്ക വണ്ണം കൊടുത്തു കാണുന്നില്ല. അതിൽ ദൃഷ്ടാന്തമായിട്ടു ഡില്ലി എന്ന വലിയ പട്ടണം 60 രൂ. മാത്രം ശേഖരിച്ചുള്ളു. പക്ഷേ തറവീഥിക്കാൎക്കു നഗരക്കാരിൽ ഉത്സാഹം ഏറുന്നു എന്നു പറയേണ്ടതു.

കാലികാതയിലേ മുഹമ്മദീയ യോഗം മുറിയേററവൎക്കും വിധവമാൎക്കും അനാഥകുട്ടികൾക്കും സഹായിക്കേണ്ടതിന്നു 10,000 രൂ. ഇസ്തുമ്പൂലിലേക്കു അയച്ചിരിക്കുന്നു.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. | AUGUST 1877. | No. 8.

THE OLIVE TREE.

ഒലീവ വൃക്ഷം.

ദൈവം ഭൂമിയുടെ മേൽ പാൎക്കുന്ന എല്ലാ മനുഷ്യരെയും അവരുടെ ദുഷ്ടത നിമിത്തം ജലപ്രളയംകൊണ്ടു നശിപ്പിച്ചപ്പോൾ, നീതിമാനായ നോഹ തന്റെ കുഡുംബത്തിന്റെ രക്ഷെക്കായി ദൈവകല്പനപ്രകാരം താൻ ഉണ്ടാക്കിയ പെട്ടകത്തിൽ 150 ദിവസം പാൎത്താറെ, ദൈവം അവനെ ഓൎക്കകൊണ്ടു വെള്ളങ്ങൾ കുറഞ്ഞു, പെട്ടകം അറരാത്ത് എന്ന മലമേൽ ഉറച്ചുനിന്നു. പിന്നെ രണ്ടര മാസം ചെന്ന ശേഷം മലശിഖരങ്ങൾ വെള്ളത്തിൽനിന്നു പൊങ്ങി വന്നു. നാല്പതു ദിവസം കഴിഞ്ഞാറെ നോഹ പെട്ടകത്തിന്റെ വാതിൽ തുറന്നു, ഒരു മലങ്കാക്കയെ പുറത്തു വിട്ടു. ആയതു വെള്ളം പോകുന്നതുവരെ വന്നും പോയും കൊണ്ടിരുന്നു. പിന്നെ അവൻ പുറത്തു വിട്ട പ്രാവു സുഖസ്ഥലം കാണായ്കകൊണ്ടു തിരിച്ചു വന്നു. ഏഴു ദിവസത്തിന്റെ ശേഷം അവൻ പ്രാവിനെ പിന്നെ

യും പുറത്തു വിട്ടാറെ, അതു സന്ധ്യാസമയത്തു അവന്റെ അടുക്കൽ മടങ്ങി വന്നപ്പോൾ അതിന്റെ കൊക്കിൽ ഒർ ഒലീവ വൃക്ഷത്തിന്റെ ഇല ഉണ്ടായിരുന്നു. ദൈവത്തിന്റെ ശിക്ഷാവിധി തീൎന്നു, സൌഖ്യവും സമാധാനവും ഭൂമിമേൽ വാഴുവാൻ തുടങ്ങിയതിന്റെ ചിഹ്നം ഈ ഇല തന്നെ, എന്നു നോഹ അറിഞ്ഞു, ഇനിയും ഏഴു ദിവസം പാൎത്തിട്ടു പ്രാവിനെ പുറത്തു വിട്ടു. അതു മടങ്ങിവരായ്കയാൽ വെള്ളം എല്ലാം വററിപ്പോയി എന്നു നിശ്ചയിച്ചു, പെട്ടകത്തിന്റെ മേൽത്തട്ടിനെ നീക്കി ഉണങ്ങിയ സ്ഥലത്തെ കണ്ടു. പുതിയ മനുഷ്യവംശം ഭൂമിമേൽ പെരുകിയ ശേഷം പൂൎവ്വപിതാവായ നോഹയുടെ ദൈവഭയവും ദൈവസ്നേഹവും അവരിൽ മഹാ ദുൎല്ലഭമായിപ്പോയി എങ്കിലും, ഒലീവ വൃക്ഷത്തിന്റെ ഇല ഇന്നേയോളം സമാധാനത്തിന്റെ ചിഹ്നം തന്നെ. ഒലീവവൃക്ഷം ഉണ്ടാകുന്ന രാജ്യങ്ങളിൽ പൂൎവ്വകാലത്തുള്ള രാജാക്കന്മാർ തമ്മിൽ യുദ്ധത്തിനു പോകുമ്പോൾ, തോററു പോയ പക്ഷം ആ വൃക്ഷത്തിന്റെ ഇളംതലകളെ കൈയിൽ പിടിച്ചിട്ടു, സന്ധിക്കായി അപേക്ഷിപ്പാൻ ചെല്ലും, രാജ്യങ്ങളുടെയും അവകാശഭൂമികളുടെയും അതിരുകളെ ഒലീവവൃക്ഷം നട്ടിട്ടു ഉറപ്പിക്കും. ആസ്യഖണ്ഡത്തിന്റെ പല അംശങ്ങളിലും അഫ്രിക്കാവിന്റെ വടക്കുഭാഗങ്ങളിലും യുരോപ്പയുടെ തെക്കിലും ഉണ്ടാകുന്ന ആ വൃക്ഷത്തിനു 20-30 കാലടി

യോളം ഉയരം ഉണ്ടാകും. അതിന്റെ ഇലകൾ കുന്തത്തിന്റെ ആകൃതിയും വെള്ളിയുടെ നിറവും ഉണ്ടു. അതിന്റെ പൂക്കൾ വെളുത്ത കുലകളായി ഇലകളുടെ നടുവിൽ ശോഭിച്ചു നില്ക്കുന്നു. കായി അരവിരൽ നീളവും നാലു തോര ഘനവുമുള്ളതാകുന്നു. മൂക്കും മുമ്പെ അതിന്റെ നിറം പച്ചയും, മൂത്താൽ കറുപ്പും തന്നെ. അതിനെ തിന്നേണം എങ്കിൽ, വെണ്ണീറും കുമ്മായവും കലൎത്തിയ വെള്ളത്തിൽ ഇടേണം. കുറയനാൾ അതിൽ ഇരുന്ന ശേഷം ശുദ്ധവെള്ളത്തിൽ കഴകീട്ടു ഉപ്പും ജീരകവും കൊത്തമ്പാലരിയും കൂട്ടിയ വെള്ളത്തിൽ ഇട്ടാൽ, അച്ചാറിന്നു നല്ലതു, എങ്കിലും എണ്ണ ഉണ്ടാക്കേണ്ടതിനു ആ കായി എത്രയോ വിശേഷമുള്ളതാകുന്നു. ഈ നാട്ടിലും വില്ക്കുവാൻ കൊണ്ടുവരുന്ന വിലാത്തിയെണ്ണ ഒലീവെണ്ണ തന്നെ. ആ വൃക്ഷം പെരുകുന്ന രാജ്യങ്ങളിൽ വേറെയുള്ള നെയികൊണ്ടു ആവശ്യമില്ല. അതു ആയിരം ഈരായിരം സംവത്സരത്തോളം ജീവിക്കുന്നു. യരുശലേം നഗരത്തിന്റെ സമീപത്തുള്ള ഒലീവമലമേൽ യേശുവിന്റെ ജീവകാലത്തിൽ ഉണ്ടായിരുന്ന വൃക്ഷങ്ങൾ ഇന്നും ഉണ്ടു, ഒലീവവൃക്ഷത്തിന്റെ മരം മേശ മുതലായ വീട്ടു സാമാനങ്ങളുടെ പണിക്കായിട്ടു എത്രയോ വിശേഷം.

HONOUR THY FATHER AND THY MOTHER.

നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.

ഒരു ദിവസം മതാമ്മ ചെറിയ മിസ്സിയോടു കൂടെ തോട്ടത്തിൽ നടന്നു കുസ്സിനിക്കാരൻ പാൎക്കുന്ന പുരയുടെ മുററത്തു എത്തിയപ്പോൾ, അവന്റെ ഭാൎയ്യ സന്തോഷിച്ചുംകൊണ്ടു പുറത്തു വന്നു സലാം പറഞ്ഞു. അവളുടെ രണ്ടു വയസ്സുള്ള ആൺകുട്ടിയും വഴിയെ പാഞ്ഞു, കൈ രണ്ടും നീട്ടി: എന്നെ എടുക്കേണം എന്നു പറഞ്ഞു. അമ്മ അവനെ വേഗം എടുക്കായ്കകൊണ്ടു, അവൻ വൈരം കൊടുത്തു, അവളെ അടിപ്പാനും ചീത്ത പറവാനും തുടങ്ങി. എന്നാറെ അവൾ അവനെ കൈയിൽ എടുത്തു ഒന്നു ചുംബിച്ചതിനാൽ അവൻ അധികം കോപിച്ചു, അമ്മയെ മാന്തുകയും കടിക്കയും ചെയ്തു. അപ്പോൾ മതാമ്മ അവനെ നോക്കി നീരസഭാവം കാട്ടി ശാസിച്ചാറെ, അവൻ അടങ്ങി മിണ്ടാതെ ഇരുന്നു.

മതാമ്മ: അയ്യോ കുസ്സിനിക്കാരത്തിയേ, നിന്റെ ചെറു മകനു കോപിച്ചു, നിന്നെ അടിക്കയും മാന്തുകയും കടിക്കയും ചെയ്വാൻ സമ്മതിക്കുന്നതു എന്തിനു?

കുസ്സിനിക്കാരത്തി: ഞാൻ എന്തു ചെയ്യേണ്ടു മതാമ്മേ?

മതാമ്മ: എന്റെ കുട്ടി ദുസ്വഭാവവും അനുസരണക്കേടും കാണിച്ചാൽ,

ഞാൻ ഒരു വടി എടുത്തു അവളെ അടിക്കും. കുട്ടികൾ ദോഷം ചെയ്താൽ അവരെ ശിക്ഷിക്കാതെ വിടരുതു, എന്നു ദൈവം കല്പിച്ചിരിക്കുന്നു.

കുസ്സിനിക്കാരത്തി: ഈ ചെറിയ കുട്ടിയെ ഞാൻ എങ്ങിനെ അടിക്കും? അവൻ ഇത്തിരി ഒരു പൊടിയേയുള്ളു.

മതാമ്മ: അവൻ ചെറുതാകുമ്പോൾ തന്നെ അവനെ ശിക്ഷിച്ചു നന്നാക്കേണം, വലുതായാൽ നിനക്കു അവനോടു ഒർ ആവതുമുണ്ടാകയില്ല. അനുസരണമില്ലാത്ത കുട്ടികൾ ഈ സ്ഥലത്തിൽ ഇത്ര പെരുകുന്നതു എന്തിന്നു? ചെറുപ്പത്തിൽ അമ്മമാർ അവരെ ശിക്ഷിച്ചു അനുസരണം പഠിപ്പിക്കായ്കകൊണ്ടാകുന്നു.

ഞാൻ ഒരു ചെറിയ കഥ പറയാം: ചില സംവത്സരം മുമ്പെ എനിക്കു റോമമതക്കാരത്തിയായ ഒരു ആയ ഉണ്ടായിരുന്നു. അവൾ എന്റെ പണി എടുപ്പാൻ വരുമ്പോൾ, അവൾക്കു മൂന്നു വയസ്സുള്ള ഒരു മകൻ ഉണ്ടു. കുട്ടി അമ്മയോടു കൂടെ ഇരുന്നു കളിക്കട്ടെ, എന്നു ഞാൻ വിചാരിച്ചു, അവനെ ദിവസേന ബങ്കളാവിൽ കൊണ്ടുവരുവാൻ കല്പിച്ചു. എന്നാൽ ഒരു ദിവസം രാവിലെ ഞാൻ എഴനീല്ക്കും മുമ്പെ തന്നെ, ആയ തന്റെ കുട്ടിയോടു കൂടെ കൊലായിൽ ഇരുന്നു കളിച്ചപ്പോൾ, ഒരു ക്ഷണം കൊണ്ടു അവൻ തന്റെ അമ്മയോടു കോപിച്ചു, എത്രയോ ചീത്തവാക്കു പറഞ്ഞു. ഞാൻ എഴനീറ്റ ശേഷം ആയയെ വിളിച്ചു: നീ ദൈവത്തെ ഭയപ്പെട്ടു നമുക്കായി ക്രൂശിന്മേൽ മരിച്ച യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നു, എന്നു പറയുന്നവളല്ലോ? എന്നാൽ നിന്റെ ചെറു മകനു ഇത്ര വിടക്കു വാക്കു പറവാൻ സമ്മതിക്കുന്നതു എങ്ങിനെ? എന്നു പറഞ്ഞു.

ആയ: ഞാൻ എന്തു ചെയ്യേണ്ടു മതാമ്മേ?

ഞാൻ: ഒരു വടി എടുത്തു അവനെ നല്ലവണ്ണം അടിച്ചു, നിന്റെ അപ്പനെയും നിന്റെ അമ്മയെയും ബഹുമാനിക്ക, എന്നുള്ളതിനെ വെടിപ്പോടെ പഠിപ്പിക്കേണം.

ആയ: അയ്യൊ ഈ ചെറിയ കുട്ടിയെ ഞാൻ എങ്ങിനെ അടിക്കേണ്ടു? എനിക്കു അവനെ അടിപ്പാൻ കഴികയില്ല മതാമ്മേ.

ഞാൻ: നീ അവനെ ദോഷം നിമിത്തം ശിക്ഷിച്ചു നല്ലതിനെ പഠിപ്പിപ്പാൻ കഴികയില്ലെങ്കിൽ, അവൻ ഇനി എന്റെ വീട്ടിലും വരേണ്ടാ.

അന്നു തുടങ്ങി അവൾ അവനെ ബങ്കളാവിൽ കൊണ്ടുവരാതെ, തന്റെ പുരയിൽ തന്നെ ഇരുത്തി. പിന്നെ അവൻ വിടക്കു കുട്ടികളോടു കൂടെ അങ്ങാടിയിൽ ചുററി നടന്നു, ഓരോ വല്ലായ്മയെ പ്രവൃത്തിച്ചു തുടങ്ങി. ആയതിനെ അമ്മ അറിഞ്ഞു ശാസിച്ചപ്പോൾ, അവൻ പോയി കള്ളകയൊ ചീത്തവാക്കു പറകയോ ചെയ്യും. ഇങ്ങിനെയുള്ളതെല്ലാം ഞാൻ കണ്ടു കൂടക്കൂട ആയയോടു: നിന്റെ മകനെ നീ ശിക്ഷിച്ചു ന

ല്ലതിനെ പഠിപ്പിക്കാഞ്ഞാൽ അവൻ മഹാ ദുഷ്ടനായി തീരും എന്നു പറഞ്ഞു. എങ്കിലും അയ്യോ മതാമ്മേ, ഞാൻ അവനെ എങ്ങിനെ അടിക്കേണ്ടു? ഇത്തിരി ഒരു പൊടിയെയുള്ളു, എന്നത്രെ അവളുടെ വാക്ക.

ആ കുട്ടി ഏകദേശം ഏഴ വയസ്സായപ്പോൾ, ഞാൻ ഒരു ദിവസം ആയയോടു: അതാ നിന്റെ മകൻ ഒരു കാട്ടു മൃഗം പോലെ വളരുന്നതു എനിക്ക മഹാവ്യസനമുള്ള കാൎയ്യം, നാളെ അവനെ ബങ്കളാവിൽ കൊണ്ടുവരിക. അവനെ വായന പഠിപ്പിക്കേണം എന്നു ഞാൻ എന്റെ മുനിഷിയോടു കല്പിക്കും, എന്നു പറഞ്ഞു.

നല്ലതു മതാമ്മേ, ഞാൻ അവനെ കൊണ്ടുവരാം, എന്നു ആയ പറഞ്ഞു.

പിറ്റെ നാൾ അവൾ മകനെ കൂടാതെ വരുമ്പോൾ: മകൻ എവിടെ ആയാ, എന്നു ഞാൻ ചോദിച്ചു. ദോബി ഉടുപ്പു കൊണ്ടുവന്നില്ല. നാളെ വരും മതാമ്മേ, എന്നു അവൾ പറഞ്ഞു. നാളെയും വന്നു എങ്കിലും ചെക്കൻ വന്നില്ല. മകൻ എവിടെ ആയാ? എന്നു ഞാൻ ചോദിച്ചു, അയ്യോ കഷ്ടം, കാൽ ഒരു കല്ലിൽ തട്ടി ചോര പൊട്ടി എല്ലാം വീങ്ങി പെരുത്തു നോകുന്നു, നടന്നു കൂടാ, സൌഖ്യം ഉണ്ടെങ്കിൽ നാളെ വരും, എന്നു പറഞ്ഞു. പിറ്റെനാൾ തലവേദന ഉണ്ടായിട്ടു വരുവാൻ പാടില്ല എന്നു പറഞ്ഞു. ഇങ്ങിനെ ഏഴെട്ടു ദിവസം ഓരോ ഒഴിച്ചൽ പറഞ്ഞാറെ എനിക്ക കോപം വന്നു, ആയയോടു: നീ നിന്റെ മകനെ കൊണ്ടുവരാത്തതിന്റെ ഹേതു ശരിയായി എന്നോടു അറിയിക്കാഞ്ഞാൽ നീ ഇനി എന്റെ പണി എടുക്കേണ്ടാ എന്നു പറഞ്ഞു. അപ്പോൾ അവൾ ഭയപ്പെട്ടു: അവനു വരുവാൻ മനസ്സില്ല എന്നു പറഞ്ഞു.

എന്നാൽ നീ അവനെ പിടിച്ചു കൊണ്ടുവരാത്തതു എന്തു? എന്നു ഞാൻ ചോദിച്ചു.

അയ്യോ മതാമ്മേ, ഇത്ര ശക്തിയുള്ള ചെക്കനെ ഞാൻ എങ്ങിനെ പിടിച്ചു കൊണ്ടുവരേണ്ടു? എന്നു അവൾ പറഞ്ഞു.

മുമ്പെ ഞാൻ നിന്റെ മകനെ കുറിച്ചു നിന്നോടു സംസാരിച്ചപ്പോൾ: ഇത്ര ചെറിയ കുട്ടിയെ ഞാൻ എങ്ങിനെ അടിക്കേണ്ടു? എന്നു നീ പറഞ്ഞു. ഇപ്പോൾ അവൻ നിന്നേക്കാൾ ശക്തിയുള്ളവനായി എന്നു തോന്നുന്നു. അവനെ ശിക്ഷിച്ചു നല്ലതിനെ പഠിപ്പിക്കുന്ന സമയം എപ്പോൾ വരും? നിന്റെ മകൻ മഹാ ദുഷ്ടനാകും എന്നു ഞാൻ ഭയപ്പെടുന്നു, എന്നു പറഞ്ഞു.

പിന്നെ ഞാൻ പട്ടക്കാരനെ അയച്ചു അവനെ വരുത്തി, എന്നെ പ്രസാദിപ്പിപ്പാൻ വേണ്ടി മുനിഷി അവനെ പഠിപ്പിച്ചു തുടങ്ങി, എങ്കിലും അമ്മയപ്പന്മാരെ അനുസരിക്കാത്തവൻ ഗുരുജനങ്ങളെ അനുസരിക്കുമോ?

അവന്റെ ദുസ്വഭാവവും അനുസരണക്കേടും നിമിത്തം പഠിപ്പു വേഗം ഇല്ലാതെയായാറെ, അവൻ തന്റെ ഇഷ്ടത്തിൽ നടന്നു മഹാ ദുഷ്ടനും വികൃതിയുമുള്ളൊരു ബാല്യക്കാരനായി തീൎന്നു. ഒരു ദിവസം അവൻ തന്റെ അമ്മയുടെ ആഭരണങ്ങളെയും അവൾ സമ്പാദിച്ചു സൂക്ഷിച്ചു വെച്ചിരുന്ന ഉറുപ്പികയെയും കട്ടു കെട്ടാക്കി തന്റെ ചങ്ങാതികളായ മൂന്നു ദുഷ്ടന്മാരോടു കൂടെ ഗംഗാനദിയോളം നടന്നു കാശിയിൽ പോകുവാനായി ഒരു തോണിയിൽ കയറി ഓടുമ്പോൾ, തോണി മറിഞ്ഞു നാലുരും വെള്ളത്തിൽ വീണു മരിച്ചു. ഈ കാൎയ്യം നിമിത്തം അവന്റെ അമ്മ വളരെ വ്യസനിച്ചു, വേഗം ദീനം പിടിച്ചു മരിച്ചു. അവൾ മരിപ്പാറായി കിടന്നപ്പോൾ എന്നെ നോക്കി: മതാമ്മേ, ഞാൻ നിങ്ങളുടെ വാക്ക കേട്ടു, എന്റെ മകനെ ചെറുപ്പത്തിൽ ശിക്ഷിച്ചു, നല്ലതിനെ പഠിപ്പിച്ചു എങ്കിൽ, അവൻ എന്റെ ഹൃദയം പൊട്ടിപ്പോവാൻ കാരണം ആകയില്ലായിരുന്നു, എന്നു പറഞ്ഞു.

മതാമ്മ കഥയെ ഇങ്ങിനെ അവസാനിപ്പിച്ച ശേഷം കുസ്സിനിക്കാരന്റെ ഭാൎയ്യ സലാം പറഞ്ഞു, എന്റെ മകനെ ഞാൻ ചെറുപ്പത്തിൽ തന്നെ ശിക്ഷിച്ചു നല്ലതിനെ പഠിപ്പിക്കും, എന്നും കൂടെ ഒരു വാക്ക ഉച്ചരിയാതെ പുരയിലേക്ക മടങ്ങിച്ചെന്നു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(*Continued from No. 7, page* 106.)

എന്നാറെ പുതിയ രാജാവായ ഏഴാം ഹെന്റ്രി യാത്രയായി ബഹുഘോഷത്തോടെ ലൊണ്ടനിലേക്ക പ്രവേശിച്ചാറെ, മന്ത്രിസഭ കൂടി വന്നു നിരൂപിച്ചു, അവനെ വാഴിച്ചു. സഭ പിരിയും മുമ്പെ: താൻ പരന്ത്രീസ്സിൽ പാൎക്കുമ്പോൾ കൊടുത്ത വാക്കിനെ ഓൎത്തു, എലിശബത്ത കുമാരിയെ വേളികഴിച്ചു ലങ്കസ്റ്റ്രൃ, യോൎക്ക എന്നീ രണ്ടു വംശങ്ങൾ ഒന്നാക്കിത്തീൎക്കേണം, എന്നൊരു ചീട്ടു രാജാവിന്റെ കൈയിൽ വീണു. ആ വാഗ്ദത്തം നിവൃത്തിപ്പാൻ അവന്നു അധികം താല്പൎയ്യമില്ല എങ്കിലും, അവൻ സമ്മതിച്ചു ജനുവരിമാസത്തിൽ ആ രാജപുത്രിയെ കല്യാണം കഴിച്ചു. (1485) ഹെന്റ്രി അടക്കവും വിവേകവും വിനയവുമുള്ള സ്വഭാവക്കാരൻ ആകകൊണ്ടു, ആ കാലത്തിന്നു തക്കതായ രാജാവു തന്നെ, എങ്കിലും അവൻ ഉടനെ ഒരു ബുദ്ധിമോശത്തിൽ അകപ്പെട്ടു, യൊൎക്ക പക്ഷക്കാൎക്ക പ്രതികൂലമായിരുന്നതിനാൽ അനേകം കലക്കങ്ങളും അസഹ്യങ്ങളും സംഭവിച്ചു. അവൻ ക്ലെരൻസ്സ തമ്പുരാന്റെ ഇളയ പുത്രനായ വൎവിക്ക പ്രഭുവി

ൻെറ മേൽ സംശയം വെച്ചു, അവനെ തടവിൽ പാൎപ്പിച്ചശേഷം ശീമൊൻ എന്ന പാതിരി ചില മഹാന്മാരുടെ ഉപദേശം കേട്ടു, ലമ്പൎത്ത സിമ്നൽ, എന്ന ബാല്യക്കാരനെ വശീകരിച്ചു: നീ വല്ലെടത്തു ചെന്നു, ഞാൻ വൎവ്വിക് പ്രഭു, ഇംഗ്ലന്തിൻെറ ന്യായമുള്ള രാജാവു തന്നെ, ദൈവകടാക്ഷം കൊണ്ടു ഞാൻ തടവിൽനിന്നു ഓടിപ്പോയി കളഞ്ഞു, എന്നു ചൊല്ലി ജനങ്ങളെ ദ്രോഹിപ്പിക്ക, എന്ന വാക്കു സിമ്നൽ അനുസരിച്ചു, ഐൎല്ലന്തിലേക്കു ചെന്നു, ആ കഥയെ പ്രസിദ്ധപ്പെടുത്തിയപ്പോൾ യോൎക്ക പക്ഷക്കാർ പലരും അവനോടു ചേൎന്നു, അവനെ കിരീടാഭിഷേകം കഴിപ്പിച്ചു. നാലാം എദ്വാൎദിൻെറ പെങ്ങളായ മാൎഗ്രെത്ത എന്ന ബുൎഗ്ഗുണ്ടിയ രാജപുത്രിയും ലിങ്കൊല്ല, ലോവൽ, എന്നീ രണ്ടു പ്രഭുക്കന്മാരും അവൻെറ പക്ഷം എടുത്തു, ഒരു കൂട്ടം ജൎമ്മൻ കൂലിചേകവരെ വരുത്തി അവനോടു ചേൎന്നു. എന്നാറെ സിമ്നൽ തൻെറ പടയാളികളെ ചേൎത്തു ഇംഗ്ലന്തിൻെറ വടക്കു ഭാഗത്തു കരക്കിറങ്ങി രാജ്യത്തെ ദ്രോഹിപ്പിപ്പാൻ നോക്കി, എങ്കിലും ഇംഗ്ലന്തിൽ പാൎക്കുന്ന യോൎക്ക്യർ വൎവ്വിക് പ്രഭു തടവുവിട്ടു പോയില്ല, എന്നു നല്ലവണ്ണം അറികകൊണ്ടു, അവർ ആരും ആ ചതിവിൽ കുടുങ്ങിപ്പോയില്ല, മാത്സരികളുടെ തൊഴിലിനെ രാജാവു അറിഞ്ഞു തൻെറ സേനകളെ കൂട്ടി അവരുടെ നേരെ ചെന്നു, അവരെ ഛിന്നാഭിന്നമാക്കി സിമ്നലിനെ പിടിച്ചു കോവിലകത്തു കൊണ്ടു പോയി, കുസ്സിനിപ്പണി എടുപ്പിക്കയും ചെയ്തു.

അനന്തരം മൂന്നു സംവത്സരം രാജ്യത്തിൽ പൂൎണ്ണ സമാധാനം വാഴുകകൊണ്ടു രാജാവിന്നു അന്യദേശക്കാരുടെ അവസ്ഥകളിൽ കൈയിടുവാൻ അവസരം കിട്ടി. അന്നു ബുൎഗ്ഗുണ്ടിയ നാടുകളുടെ ജന്മി മരിച്ച ശേഷം അവൻെറ പുത്രിയായ അന്നാ പിതാവിൻ അവകാശത്തിൻെറ ആധിപത്യം ഏററതിനെ പരന്ത്രീസ്സു രാജാവു അറിഞ്ഞു, ആ നാടുകൾ തനിക്കു വേണം, എന്നു നിശ്ചയിച്ചു വിരോധം പറഞ്ഞു. ഹെന്രി മുമ്പെ ബുൎഗ്ഗുണ്ടിയിൽ പരദേശിയായി പാൎത്തതിനെ ഓൎത്തു, ആ വിവാദം നിമിത്തം വളരെ വ്യസനിച്ചു. അതിനെ ഒത്തു തീൎപ്പിപ്പതിന്നായി താൻ ചെയ്തതെല്ലാം നിഷ്ഫലമായാറെ, ന്യായമുള്ള അവകാശിനിക്കു തുണെപ്പാൻ ഒരുമ്പെട്ടു, ഒരു സൈന്യത്തെ കൂട്ടി കപ്പലിൽ കയറി പരന്ത്രീസ്സിൽ എത്തി. അവൻ പട വെട്ടാതെ കുറയക്കാലം അവിടെ പാൎത്തു, പല വെറും കോലാഹലഘോഷങ്ങളെ കാട്ടിയാറെ ഇംഗ്ലന്തിലേക്കു മടങ്ങിച്ചെന്നു. അപ്പൊൾ ജനങ്ങൾ വെറുത്തു, ഓരോ നിസ്സാര തമാശെക്കു നമ്മുടെ മുതലിനെ ചിലവഴിക്കേണമല്ലോ എന്നു ചൊല്ലി നീരസം ഭാവിച്ചു തുടങ്ങി. 1492ാമതിൽ സുന്ദരനും സുശീലനുമായ ഒരു ബാല്യക്കാരൻ ഐൎല്ലന്തിലെ കൊൎക്ക എന്ന തുറമുഖത്തിൽ കൂടി കരെക്കിറങ്ങി, താൻ നാലാം എദ്വാൎദ്, എന്ന

രാജാവിന്റെ പുത്രനായ റിചാൎദ്. ജ്യേഷ്ഠനെ തടവിൽ വെച്ചു കുല ചെയ്തപ്പോൾ, താൻ ദൈവകരുണയാൽ തെററി ഒളിച്ചു പാൎത്തു, എന്നു പറഞ്ഞതിനെ ഐൎല്ന്തിൽ പാൎക്കുന്ന യോൎക്ക പക്ഷക്കാർ കേട്ടു വിശ്വസിച്ചു അവനെ ആദരിച്ചു. ഈ വൎത്തമാനം പരന്ത്രീസ്സു രാജാവായ ചാരല്സ കേട്ടപ്പോൾ ആ ബാല്യക്കാരനെ തന്റെ കോവിലകത്തേക്കു വിളിച്ചു പാൎപ്പിച്ചു. അതിനെ ഇംഗ്ലിഷ് രാജാവു അറിഞ്ഞു പരന്ത്രീസ്സു രാജാവുമായി നിരന്നു വന്ന ശേഷം, അക്കള്ള രാജപുത്രൻ ബുൎഗ്ഗുണ്ടിയിലേക്കു ചെന്നു മാൎഗ്രെത്ത, എന്ന രാജ്ഞിയെ അഭയം ചൊല്ലി പാൎത്തു. ആയവളും അവനെ സന്തോഷത്തോടെ കൈക്കൊണ്ടു, തന്നാൽ കഴിയുന്നേടത്തോളം സഹായിച്ചു. ഈ കാൎയ്യം നിമിത്തം ഇംഗ്ലിഷരാജാവു ദുഃഖിച്ചു, വളരെ അന്വേഷണം കഴിച്ചതിനാൽ ആ ബാല്യക്കാരന്റെ സത്യമുള്ള പേർ പൎക്കിൻവൊൎബക് എന്നറിഞ്ഞു. ആയവൻ രാജാവിന്റെ പകയരുടെ ഉപദേശം എടുത്തു, ആ ചതിവിന്നായി പുറപ്പെട്ടു, ബുൎഗ്ഗുണ്ടിയിൽനിന്നു അവൻ ഒരു കൂട്ടം ആളുകളോടു കൂടെ ഇംഗ്ലന്തിലേക്കു ചെന്നു: ഇംഗ്ലിഷ കിരീടം എന്റെ അവകാശം എന്നു ചൊല്ലി ഒരു പരസ്യവും പ്രസിദ്ധപ്പെടുത്തി, കെന്ത പ്രദേശങ്ങളെ അതിക്രമിച്ചു. അതു നിഷ്ഫലം എന്നു കണ്ടപ്പോൾ വടക്കോട്ടു തിരിഞ്ഞു, സ്കോത്തരുടെ രാജാവായ നാലാം യാക്കൊബിനെ അഭയം ചൊല്ലി. ആ രാജാവു അവന്റെ കഥയെ കേട്ടു വിശ്വസിച്ചു, അവനെ പ്രീതിയോടെ വിചാരിച്ചു, രാജകുഡുംബത്തിൽ എത്രയും സുശീലയായ ഒരു കുമാരിയെ വേൾക്കുവാൻ സമ്മതിച്ചു അവന്റെ കാൎയ്യത്തിന്നു തുമ്പു വരുത്തുവാനായി ഒരു സൈന്യത്തെയും ഇംഗ്ലന്തിലേക്കു അയച്ചു. ആ സൈന്യം നൊൎത്തുമ്പല്ന്തിൽ പ്രവേശിച്ചു കുടിയാന്മാരെ കവൎച്ച ചെയ്താറെ, വെറുതെ മടങ്ങിച്ചെന്നു. എന്നതിന്റെ ശേഷം ഇംഗ്ലിഷ് രാജാവും സ്കോത്തരുടെ രാജാവും തമ്മിൽ സഖ്യത കെട്ടിയതു നിമിത്തം കള്ള രാജപുത്രൻ വിശ്വാസമുള്ള ഭാൎയ്യയോടു കൂടെ സ്കോത്ലന്തിനെ വിട്ടു, ഐൎല്ന്തിലേക്കു ചെന്നു. അവിടെ ഒരു സഹായവും കിട്ടുകയില്ല എന്നു കണ്ടു, ഇംഗ്ലന്തിലേക്കു മടങ്ങി ചെന്നു കൊൎന്വലിസ് എന്ന ദേശത്തിലെ മാത്സരികളോടു ചേൎന്നു, അവരുടെ തലവനായി രാജ്യത്തെ മുഴുവനും ദ്രോഹിപ്പിപ്പാൻ നോക്കിയപ്പോൾ, രാജാവിന്റെ സേനകൾ എത്തി പട തുടങ്ങിയാറെ, അവൻ ഓടി ഒളിച്ചു പാൎത്തു. പിന്നെ നായകന്മാർ അവനെ കണ്ടു പിടിച്ചു ലൊണ്ടനിലേക്കു കൊണ്ടു പോയി ആമത്തിൽ ഇട്ടു പൂട്ടി മതിയാവോളം ദൎശിപ്പിച്ചാറെ, തടവിലാക്കി വൎവിക്കിനോടു കൂടെ പാൎപ്പിച്ചു. ചില മാസം കഴിഞ്ഞാറെ ഇരുവരും തടവെ വിട്ടു പോയ്ക്കൂളവാൻ ശ്രമിച്ചതിനാൽ അവൎക്കു പ്രാണനാശം സംഭവിക്കയും ചെയ്തു.

(To be continued.)

HE DIED FOR ME.
അവൻ എനിക്കു വേണ്ടി മരിച്ചു.

അമേരിക്കാഖണ്ഡത്തിൽ ഒരു നഗരത്തോടു സംബന്ധിച്ചിരിക്കുന്ന ശ്മശാന സ്ഥലത്തു ഒരു നാൾ മഹാനായ ഒരു നഗരക്കാരൻ കല്ലറകളുടെ ഇടയിൽ ചുററി നടക്കുമ്പോൾ പരദേശിയായ ഒരു മനുഷ്യൻ ബഹു ഭക്തിയോടും കണ്ണുനീരുകളോടും കൂടെ ഒരു കല്ലറയെ അനേകം പൂക്കൾ കൊണ്ടു അലങ്കരിക്കുന്നതു കണ്ടു. അപ്പൊൾ അവൻ പരദേശിയുടെ അരികത്തു നിന്നു അവൻെറ പ്രവൃത്തി തീൎന്നു എന്നു കണ്ടാറെ: സ്നേഹിതാ, അപ്രിയം തോന്നരുതേ, എങ്കിലും ഈ കല്ലറയിൽ നിങ്ങളുടെ സഹോദരനോ മററു വല്ല ബന്ധുവോ കിടക്കുന്നു എന്നു എനിക്കു തോന്നുന്നു, എന്നു ശങ്കിച്ചു പറഞ്ഞു. എന്നതിനെ പരദേശി കേട്ടു കണ്ണുനീരുകളെ തുടച്ചു, മഹാനെ നോക്കി തൊഴുതു: സഹോദരനല്ല, ബന്ധുവുമല്ല യജമാനാ, എനിക്കു വേണ്ടി മരിച്ച സ്നേഹിതനത്രെ ഇവിടെ കിടക്കുന്നു. കഴിഞ്ഞ യുദ്ധം തുടങ്ങിയപ്പൊൾ എനിക്കു സൈന്യത്തോടു ചേരുവാൻ സൎക്കാർ കല്പന വന്നപ്പൊൾ, എൻെറ ഭാൎയ്യയും കുട്ടികളും അത്യന്തം ക്ലേശിച്ചു: ഇനി ഞങ്ങളെ നോക്കി രക്ഷിക്കുന്നതാർ? എന്നു മഹാ വ്യസനത്തോടെ പറഞ്ഞതിനെ ഞാൻ കേട്ടു: കൎത്താവു നിങ്ങളെ നോക്കി രക്ഷിക്കും എന്നു ചൊല്ലി അവരെ ആശ്വസിപ്പിപ്പാൻ നോക്കിയെങ്കിലും അവരുടെ ദുഃഖം മാറുന്നില്ല. അങ്ങിനെ ഇരിക്കുമ്പൊൾ എൻെറ ഈ സ്നേഹിതൻ എൻെറ വീട്ടിൽ വന്നു, എന്നോടു: സ്നേഹിതാ, നിങ്ങൾ യുദ്ധത്തിൽ പോയാൽ നിങ്ങളുടെ ഭാൎയ്യയെയും കുട്ടികളെയും ആർ നോക്കി രക്ഷിക്കും? എനിക്കു ഭാൎയ്യയുമില്ല, മക്കളുമില്ല, ഞാൻ ഒരെ ശരീരമേയുള്ളു, അതുകൊണ്ടു ഞാൻ നിങ്ങൾക്കു ബദലായി സൈന്യത്തോടു ചേൎന്നുകൊള്ളും, ശേഷമുള്ളതൊക്കയും കൎത്താവിൻെറ ഇഷ്ടം പോലെ ആകട്ടെ, എന്നു പറഞ്ഞു. പിന്നെ അവൻ എന്നോടും എൻെറ ഭവനക്കാരോടും വിട വാങ്ങി, ഞങ്ങളുടെ പ്രാൎത്ഥനയോടും ആശീൎവ്വാദത്തോടും കൂടെ പുറപ്പെട്ടു സൈന്യത്തോടു ചേൎന്നു, പല പടകളിലും പൊരുതിയ ശേഷം ഈ നഗരത്തിൻെറ സമീപത്തു മുറിവേററു കുറയക്കാലം ഹൊസ്പത്രിയിൽ കിടന്നു മരിച്ചു ഇവിടെ അടക്കപ്പെട്ടുകയും ചെയ്തു. ഇങ്ങിനെ മരിച്ചതു എനിക്കായിട്ടല്ലയോ? അതുകൊണ്ടു ഞാൻ ദൂരത്തുനിന്നു വന്നു അവൻെറ കല്ലറയെ അന്വേഷിച്ചു കണ്ടു അലങ്കരിച്ചു സ്നേഹിതൻെറ സ്നേഹത്തെ ഓൎത്തു കരകയും ചെയ്യുന്നു, എന്നു പറഞ്ഞു.

അവൻ എനിക്കു വേണ്ടി മരിച്ചു എന്നു അവൻ പറഞ്ഞപ്രകാരം, ഞാൻ നിത്യമരണത്തിലും നാശത്തിലും വീഴാതിരിപ്പാനായി അവൻ എനിക്കു വേണ്ടി തൻെറ പ്രാണനെ വിട്ടു കൊടുത്തു, എന്നു നാം എല്ലാവരും ദൈവപുത്രനായ യേശുക്രിസ്തുവിനെ കൊണ്ടു പറയാം. ഇതിനെ ഓൎത്തു അവനെ സ്നേഹിച്ചു നല്ല പ്രവൃത്തികൾ കൊണ്ടു അവൻെറ നാമത്തെ മഹത്വപ്പെടുത്തുന്നവർ മഹാ ദുല്ലഭമായിരിക്കുന്നുവല്ലൊ?

THE MALAYALAM COUNTRY.
മലയാളരാജ്യം.

ആറാം നമ്പർ ൻ൪ാം പുറത്തിൽ വെച്ചതിന്റെ തുടൎച്ച.

(*Registered Copyright.*—ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

III. മേല്പാട (ഭൂമുഖം) (Surface)—മലയാളത്തിന്റെ മേല്പാട നോക്കിയാൽ അതിനെ വടക്കനിന്നു തെക്കോളം നീളേ രണ്ടംശമായി വിഭാഗിച്ചു കാണുന്നു. ഒന്നു കിഴക്കേ മലപ്രദേശങ്ങളും, മററതു മലയരുവു തൊട്ടു കടലോട്ടു ചെല്ലുന്ന താണ ഭൂമിയും തന്നെ.

1. മലകൾ. വെവ്വേറെ ദേശങ്ങളിൽ വെവ്വേറെ പേരുകളെ ധരിച്ചു മലയാളമലകൾ വടക്കുള്ള തപതീനദി തുടങ്ങി തെക്കുള്ള കന്യാകുമാരി വരെ ചെല്ലുന്ന സഹ്യാചലം എന്നും സഹ്യാദ്രി എന്നും സഹ്യമല എന്നും സഹ്യൻ എന്നും ഇങ്ക്ലീഷിൽ (Western Ghauts) പടിഞ്ഞാറെ ഘട്ടം *എന്നും പേരായ തുടൎമ്മലകളുടെ ഒരംശമാകുന്നു. സഹ്യാദ്രിയുടെ മുഴനീളം 1000 നാഴികയായി മതിക്കാം. അതിൽനിന്നു ചന്ദ്രഗിരി തൊട്ടു കന്യാകുമാരിയോളം ഉള്ള പങ്കിന്നു ഏകദേശം 400 നാഴിക ഉണ്ടാകും. സഹ്യാദ്രി വടക്കു പടിഞ്ഞാറു നിന്നു (73°45′ കി. നീ.) തെക്കു കിഴക്കോട്ടു (77° 37′ കി. നീ.) നീണ്ടു കിടക്കുന്നു.

2. സഹ്യൻ സകൂടമായി† 3000—4000 കാലടി ഉയരമുള്ളതായാലും വിശേഷിച്ചു പടിഞ്ഞാറെ വിളുമ്പിൽ ചില കൊടുമുടികൾ (മലശിഖരങ്ങൾ) 6000—7000 കാലടിയോളം പൊങ്ങിനില്ക്കുന്നു. പാലക്കാട്ടു കോയമ്പത്തൂർ എന്നീ ദേശങ്ങൾക്കിടയിൽ 20—25 നാഴിക വിസ്താരവും 970 കാലടി മാത്രം ഉയരവും ഉള്ള ഒരു ഒഴിവുണ്ടു. അതിന്നു മലയിട (gap) എന്നു പേർ. അതിന്റെ കിഴക്കും പടിഞ്ഞാറും സഹ്യന്റെ രണ്ടു മലനിരകൾ ഉയരുന്നു. രണ്ടിന്നും കൂടി ഓരേ പേർ നടക്കിലും വടക്കേ മലനിര എന്നും തെക്കേ മലനിര എന്നും പേർ ഇരിക്കട്ടേ. സഹ്യൻ കുടകുമലയിൽ 4000—5682 കാലടിയോളം പൊങ്ങുകയും വയനാട്ടു മലയിൽ പിന്നെയും അല്പം താഴുകയും നെടുമല എന്ന പേരിനെ കൈക്കൊണ്ടു ശേഷം കിഴക്കു തെക്കോട്ടു തിരിഞ്ഞു കുണ്ട (കൊണ്ട) മലവഴിയായി നീലഗിരി എന്ന വന്മലക്കെട്ടിൽ 5000—7000 കാലടിയോളം ഉയരുകയും‡ അവിടെ കിഴക്കു നിന്നു വരുന്ന പവിഴമലയോടു (പവിഴാദ്രി) ചേരുകയും ചെയ്യുന്നു. കുണ്ടാമലയുടെ വടക്കേ അററത്തുള്ള കുളിക്കല്ലു നിന്നു ഒരു നിര തെക്കോട്ടു ചെന്നു കല്ലടിക്കോടനിൽ കുനിച്ചു അവിടന്നും കിഴക്കോട്ടു നീളുന്ന വടമലയായി

* തെൻ കൎണ്ണാടകക്കാർ ഘട്ടത്തിന്റെ മേലെ (കടക) എന്നും, ഘട്ടത്തിന്റെ കീഴേ (കരനാടായ മലയാളം) എന്നും പറഞ്ഞു വരുന്നു.

† ചകടു, ശകടു=average.

‡ ദൊഡ്ഡബെട്ടെക്കു 8700′ ഉയരം ഉണ്ടു.

മലയിടയിൽ അവസാനിക്കുന്നു. പടിഞ്ഞാറെ നിരയോ പൊന്നാനിക്കുട്ടക്കേ മെല്ലേ കയറി മലയിടയുടെ തെക്കു പടിഞ്ഞാറെ ഭാഗത്തുള്ള തെന്മലയിൽ 3000′—4000 കാലടിയോളം പൊങ്ങുകയും ആനമലയിൽ 6200′—8147′വും പഴനിമല വടഗിരികളിൽ 7000′—4700′വും* ഉയരമുള്ള മുകൾപരപ്പുകളായി തടിക്കയും പിന്നെ അല്ലിഗിരി എന്ന പേരോടെ അരുമ്പുള്ളി ചുരത്തോളം 4000′—2000′വരെ താഴുകയും അവിടെ വെച്ച പറിഴമലയുടെ നിരയോടു ചേരുകയും കന്യാകുമാരിക്കുട്ടകം അളവിൽ ക്രമത്താലെ ഉയരം ചുരുങ്ങുകയും ചെയ്യുന്നു. എന്നിട്ടു കടലിൽനിന്നു നോക്കിയാൽ വടക്കൻ തെക്കൻ എന്നീ രണ്ടു തുടൎമ്മലകൾ ഒരേ വന്മലയായും കോണും മുക്കും വളവും തിരിവും പെരുത്തിട്ടും ചൊവ്വായി ചെല്ലുന്ന തുടൎമ്മലയായും നിൽക്കുന്നു എന്നേ തോന്നുന്നുള്ളു.

3. ചില കൊടുമുടികളുടെ പേരും ഉയരവും പറയുന്നു.

കുടകുമലയിൽ:† സുബ്രഹ്മണ്യഗിരി അല്ല പുഷ്പഗിരി (5548′), പുതുവാടി, പുറുതാടി, തടിയന്തമോൾ (5682′) ‡ അതിന്റെ വടക്കിഴക്കു ഇഗ്ഗുദപ്പകുന്നും തെക്കു കിഴക്കു ജോമമലയും, സ്വാമിബെട്ട, ഹനുമാൻബെട്ട എന്നീ കൊടുമുടികൾ അല്ലാതെ കുടകിനേയും വയനാട്ടിനേയും തമ്മിൽ വേൎത്തിരിക്കുന്ന ബ്രഹ്മഗിരി അല്ല മറുനാട്ടുമലകളും (4500′) പറവാൻ തക്കവ. § പയ്യാവൂരിന്റെ വടക്കു കിഴക്കുള്ള താററിയോട്ടു മലകളും വടക്കുള്ള പൈതൽ (—ർ) മലകളും 2000—3000 കാലടിവരെ മതിക്കാം. വയനാട്ടു മലയിൽ: പേരിയ ചുരത്തിന്റെ ¶ വടക്കു തെററുമ്മേൽ മലയും തെക്കു തീത്തണ്ടയും അതിന്നും തെക്കു തീത്തുന്തിയും കുററിയാടിച്ചുരത്തിന്റെ തെക്കു എല്ലാററിൽ ഉയൎന്ന ബാണാസുരക്കോട്ടയും 6762′ കുറുമ്പറനാട്ടിലേ താനോത്തു മലയും ഏറനാട്ടിൽ വാവുട്ടു മലയും അതിന്റെ തെക്കു കിഴക്കു: നെടുമല എന്ന പേർ കൊണ്ട സഹ്യാദ്രിയിൽ നീലഗിരി, മുകുൎത്തി (8402′)തിൽകൽഹള്ളിബെട്ട (തൃക്കൽ?) എന്ന കൊടുമുടികളും ശോഭിക്കുന്നു. കുനിയാർകോട്ട കൊടുമുടി കോട്ടയം താലൂക്കിലും പയ്യോർമലകുറുമ്പറനാട്ടിലും കിടക്കുന്നു. കുണ്ടാമലയുടെ പടിഞ്ഞാറെ അററത്തു കുളിക്കല്ലും (8353′) അവിടെനിന്നു പടിഞ്ഞാറോട്ടു പോകുന്ന ശാഖയിൽ ചോലക്കല്ലും ഉണ്ണിന്ത കൊടുമുടിയും മുക്കുമലയും പുറമലയും പിന്നെ തെക്കു വടക്കോട്ടു ചെല്ലുന്ന വടമലയും അതിൽ കല്ലടിക്കോടനും എല്ലാ

* =കാലടി.

† വടക്കു തൊട്ടു തെക്കോട്ടും എണ്ണുന്നു. Richter's Coorg Gazetteer.

‡ തടിയന്തമോൾ 5781′ പുഷ്പഗിരി 5682′. Thornton's Gazetteer.

§ ബ്രഹ്മഗിരി എന്ന തുടൎമ്മലയിൽ ബ്രഹ്മഗിരി കൊടുമുടി എന്നും ക്ഷേത്രകൊടുമുടി (Pagoda Peak) എന്നും ചൊല്ലുന്ന ശിഖരത്തിന്നു 5200′ ഓളം കാണുന്നു.

¶ പേരയിച്ചുരം പേരിക എന്നും ഉണ്ടു.

പലമലയും ഏഴുമ്മലയും അട്ടപ്പുകല്ലും വിളങ്ങുന്നു. അനങ്ങൻമല വള്ളുവനാട്ടിൽ ഉണ്ടു. തെന്മലയുടെ കിഴക്കെ അററത്തിൽ കടലിൽനിന്നു കാണ്മാൻ കൂടുന്ന കൂച്ചിമല (Collankôdu Bluff) മികെച്ചതു. ഇതിൻെറ പടിഞ്ഞാറു നെല്ലിയാമ്പടിമല ഉണ്ടു. വീഴമല എന്നതു ആലത്തൂക്കടുക്കേ ഉള്ള കുന്നിങ്കൂട്ടം.

തിരുവിതാങ്കോട്ടിലേ സഹ്യൻെറ കൊടുമുടികൾ ആവിതു: ആനമേടു (8400′), അഗസ്ത്യകൂടം (6150′), മഹേന്ദ്രഗിരി, പാപനാശനമല, അമൃതുമല, മാൎത്ത്വമല, പീറുമേടു (3700′), പെരിയമല, തിരുത്തണ്ട, ചൂളമല, മുതലായവ തന്നെ. *

4. കണ്ടിവാതിലുകൾ. തപതീനദിതൊട്ടു നീലഗിരിയോളമുള്ള തുടൎമ്മല പടിഞ്ഞാറോട്ടും തെക്കേ നിര പാലക്കാടു തൊട്ടു പഴനിമലയോളം കിഴക്കോട്ടും അവിടെനിന്നു കന്യാകുമാരിയോളം പടിഞ്ഞാറോട്ടും കടുന്തൂക്കമായും കുത്തനേയും നില്ക്കുന്നു. അതിനാൽ രണ്ടു മലകൾ മുമ്പേ തമ്മിൽ സന്ധിച്ച ശേഷം അതിഭയങ്കരമായ ഭൂകമ്പത്താൽ പൊട്ടിപ്പിളൎന്നു തെറിച്ചു പോയി എന്നോ അല്ല ഭൂമി താണിടിഞ്ഞു ഇരുന്നു പോയി എന്നോ സംശയിപ്പാൻ ഇടയുണ്ടു. ഈ മലകൾ കുത്തനയും ഉയരവുമുള്ളവയായാലും ഇരുഭാഗത്തു പാൎക്കുന്നവർ തമ്മിൽ കാണേണ്ടതിന്നു അവിടവിടേ മലമുതുകിൽ കണ്ടിവാതിൽ എന്നു പേരുള്ള ചരിവുകളും കയറി കിഴിയുവാൻ തക്കചുരങ്ങളും ഉണ്ടു. കേരളോല്പത്തി പ്രകാരം 18 കണ്ടിവാതിലുകൾ അല്ലെങ്കിൽ ചുരത്തിൻ വാതിലുകൾ പ്രമാണം.

മുഖ്യ കണ്ടിവാതിലുകൾ ഏവയെന്നാൽ: കുടകിൽനിന്നു: ചന്ദ്രഗിരിപ്പുഴ ചുരക്കുന്ന സമ്പാജി ചുരത്തിന്നു അതിൻെറ മുകൾ തൊട്ടു സമ്പാജി എന്ന സ്ഥലത്തോളം 19½ നാഴിക നീളവും 2955 കാലടി താഴ്ചയും ഉണ്ടു. ഇതു മംഗലാപുരത്തിൽനിന്നു മടിക്കേരിക്കു പോകുന്ന നിരത്തു.

തൊടികാന (വാഴക്കാടു) ച്ചുരവും കുന്ദദേഹച്ചുരവും പിന്നെ പയ്യാവൂരിൽനിന്നു കയറത്തക്ക കോട്ട (കൊട്ടന്നൂറ?) ച്ചുരവും, കണ്ണനൂരിൽനിന്നു വീരരാജേന്ദ്രപ്പേട്ട വഴിയായി മടിക്കേരിക്കും മൈസൂൎക്കും ചെല്ലുന്ന പഴ പെരുമ്പാടി (ഹെഗ്ഗിണ) ച്ചുരവും അതിന്നു പകരമായി ഈയിടേ വെട്ടിച്ച പെരുമ്പാടി (ഉരുട്ടി) ച്ചുരവും ഉണ്ടു. ഉരുട്ടിച്ചുരം വീരരാജേന്ദ്രപേട്ടയടുക്കേ 3141′ ഉയരമുള്ള മുകളിൽനിന്നു 10 നാഴിക ദൂരമുള്ള ഉരുട്ടിയോളം 2682 കാലടി ഇറങ്ങി വരുന്നു. †

(ശേഷം പിന്നാലെ.)

* Foulkes, Geography of Travancore, Malayalam Trans.

† കുടകിന്നു 12 കൊമ്പു (= കണ്ടിവാതിൽ ഉണ്ടു എന്നു നാട്ടുകാർ പറയുന്നു). അതിൻെറ ചില പേരുകൾ ആവിതു: ചോമൻ, പാടി, കടുമക്കൽ, മുണ്ടരോട്ടു, തിത്താപ്പുറം. പുതുച്ചുരം.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

കളങ്കദ്വേഷി അയച്ച കടലാസ്സിന്നായി വന്ദനം ചൊല്ലുന്നു. മുഖസ്തുതി പറഞ്ഞു കേൾപ്പിപ്പാനും അല്പം ചില വായനക്കാൎക്കു മാത്രം പ്രയോജനമുള്ള വൎത്തമാനങ്ങളെ അറിയിപ്പാനും സ്ഥലം പോരായ്കയാൽ അച്ചടിച്ചു കൂടാ. പരോപകാരമുള്ള ചെറിയ വൃത്താന്തങ്ങൾക്കു സ്ഥലം നീക്കി വെക്കാം.

രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള
യുദ്ധവിശേഷങ്ങൾ.

പട്ടാങ്ങു കിട്ടേണ്ടതിന്നു വളരെ പ്രയാസം ഉണ്ടാക കൊണ്ടു സ്ഥിരമായതിനെ പറവാൻ തുനിയുന്നുള്ളു.

൧ യുരോപ്പയിൽ ഉള്ള സംഭവങ്ങൾ: മിസ്രയിലേ ഖേദിവു സുല്ത്താന്നു അയച്ച ഉതവിപ്പടകൾ എത്തി. മരൊക്കോവിലെ ചക്രവൎത്തിക്കു ആൾ അയപ്പാൻ കഴിവില്ലാതെ പണം കൊണ്ടു സുല്ത്താന്നു സഹായിച്ചു കൊടുക്കും എന്നു പറയുന്നു. തുൎക്കിയിലേ ക്രിസ്ത്യാനികൾക്കു വാശത്തം കൊടുത്തിട്ടും അവരെ ഇത്രോടം പട്ടാങ്ങളിൽ വിളിച്ചു ചേൎത്തിട്ടില്ല.

(ജൂൻ 24) രുസ്സർ ഗലച്ചിൽനിന്നു തുനാനദിയെ കടന്നു മച്ചിൻ എന്ന സ്ഥലത്തെ പിടിച്ചു തുൎക്കരെ ആട്ടിക്കളകയും (ജൂൻ 28) സിംനിച്ചയിലും തുനയെ വലിയ സൈന്യത്തോടു കടക്കയും കലഫത്തിൽനിന്നു ഒല്ത്തെനിച്ചയിലേക്കു വെടി വെക്കയും (ജൂൻ 29) സിസ്തോവയുടെ ചുറ്റിലുള്ള കുന്നു പ്രദേശത്തെ കൈക്കലാക്കയും (ജൂൻ 30) നിക്കൊപോലി നഗരത്തെ ഇടിച്ചു കളകയും രുച്ചുക്കിനെ വെടിവെച്ചു തകൎക്കയും (ജൂലായി 3) സിംനിച്ചയിൽ തുനെക്കു പാലം കെട്ടുകയും പടജനങ്ങളെ തൊന്തിരവു കൂടാതെ കടക്കുമാറാക്കുകയും (ജൂലായി 5) ബിയേല (വെള്ള) തുൎത്തുക്കായി എന്നീ സ്ഥലങ്ങളെ പിന്നെയും പിന്നെയും വശത്താക്കുവാൻ നോക്കീട്ടു തോല്ക്കയും ദൊബ്രുച്ചയിൽ മെജിദിയെയോളം മുല്പുക്കയും (ജൂലായി 10) രുസ്സരുടെ കുതിരപ്പടകൾ ബുല്ഗാൎയ്യയിലേ തിൎന്നോവ എന്ന നഗരത്തെ പിടിക്കയും ചെയ്തു. ഇങ്ങനെ യുരോപയിൽ കാലതാമസം ഉണ്ടെങ്കിലും രുസ്സരുടെ കാൎയ്യത്തെ തെളിഞ്ഞു കാണുന്നു. തുൎക്കർ രുസ്സൎക്കു തീൻ പണ്ടങ്ങളെയും മറ്റും കിട്ടാതാക്കിയതു കൊണ്ടു ആയവർ ബുല്ഗാൎയ്യയിലും ദൊബ്രുച്ചയിലും പാണ്ടിശാലകളെ കെട്ടേണ്ടിവരികയാൽ തുൎക്കൎക്കു ഗുണമായി തീരത്തക്കൊരോ വിളംബനം ഉണ്ടാകുന്നു. (ജൂലായി 14) സിംനിച്ചയിൽ തുനാനദിയെ കടക്കേണ്ടതിന്നു രുസ്സർ കെട്ടിച്ച പടവു പാലത്തിന്നു പെരുങ്കാറ്റു കൊണ്ടു വലിയ കേടു തട്ടിയിരിക്കുന്നു.

ഒന്നു രണ്ടു തുൎക്ക പോൎത്തലവന്മാർ രുസ്സരോടു കൈക്കൂലി വാങ്ങി അവരുടെ പടകൾക്കു ബല്ക്കാൻ തുടൎമ്മലയെ കടക്കേണ്ടതിന്നു വഴികൊടുത്ത പ്രകാരം ഉള്ളതോ ഇല്ലാത്തതോ എന്നു സംശയിക്കുന്നു.

പോൎക്കപ്പലുകളെ പാറ്റിക്കളയേണ്ടതിന്നു തരിപ്പൻ (Torpedo) എന്നൊരു വക സൂത്രപ്പണിയുണ്ടു. ആയതു തടിച്ച ഇരിമ്പു തകരം കൊണ്ടു പടവലം മുതലായ രൂപത്തിൽ ഉണ്ടാക്കി വെടി മരുന്നു നിറെച്ചു വെള്ളത്തിൽ ഏറിയ നാൾ കേടുവരാതെ കിടക്കയും മിന്നലിന്നു തുല്യശക്തി കൊണ്ടു (വിദ്യുച്ഛക്തി electricity) തോന്നുമ്പോലെ ചട്ടിയുണ്ട (bomb) കണക്കെ പൊട്ടി തെറിച്ചു വെള്ളത്തെ നീൎക്കമ്പിന്നൊത്ത വണ്ണം പൊങ്ങിക്കയും പടവു മുതലായ ഉരുക്കളെ പാറ്റിക്കളകയും ചെയ്യും. ജൂൻ 20 ചില രുസ്സ്യ നായകന്മാരും മറ്റും ഇങ്ങനെത്ത തരിപ്പനെ ഒരു തുൎക്ക ഇരിമ്പു ചുറക്കപ്പലിന്നു പററിച്ച ശേഷം ആയതിന്നു കരമേൽനിന്നു ഉണ്ടാക്കിയ വിദ്യുച്ഛക്തിയെകൊണ്ടു തീ കൊടുക്കയും കപ്പലിനെ തെറിപ്പിച്ചു കളകയും ചെയ്തു. ഹൊബൎത്ത പാഷാവു എന്ന ഇംഗ്ലിഷ്ക്കാരനും തുൎക്ക കപ്പനായനാരും (അലവാഴുന്നോർ; ഇംഗ്ലിഷിലെ (admiral,) അറവയിലെ ആമീർ അൽ ബാർ എന്ന വാക്കിൽനിന്നാണേ) പോൎക്കപ്പലുകൾക്കു ചുറ്റും ഒരു ഇരിമ്പു വല മടെ

ച്ചൽ കപ്പലിന്റെ അടിയോളം താഴവാൻ തക്ക വണ്ണം തൂക്കിച്ച ശേഷം രുസ്സരുടെ തുനിവിന്നു തല്ക്കാലത്തു തടസ്ഥം വന്നു പോയി. ഈ ഉപായത്തെ ഏതു പുതിയ പ്രത്യുപായം കൊണ്ടു ഇല്ലായ്മ ചെയ്വാൻ പോകുന്നു എന്നു ക്രമത്താലെ അറിയാം.

വ. ആസ്യയിൽ (ജൂൻ 15) രുസ്സർ തുൎക്കരെ ചൈദിഖാനിൽ അപജയപ്പെടുത്തുകയും (ജൂൻ 24) ബാതുമിൽ ഉണ്ടായ കഠിന പോരാട്ടത്തിൽ രുസ്സരുടെ പക്ഷം തോല്ക്കയും (ജൂൻ 21. 22) ദെലിബാബ ചുരത്തെ കൈക്കലാക്കുവാൻ രുസ്സർ നന്ന പ്രയാസപ്പെട്ടിട്ടും ആയതു സാധിക്കാതെ പോകയും (ജൂൻ 23) തുൎക്കർ ബയജിദ എന്ന സ്ഥലത്തെ പിടിച്ചു രുസ്സരെ കട്ടുകകയും (ജൂലായി 5) കാസ്സന്റെ മുമ്പിലുള്ള വാടികകളെ തുൎക്കർ പിടിച്ചു രുസ്സരെ ഓടിക്കയും എസ്സ്രുമിന്നടുത്ത കരകില്ലിസ്സയിൽ രുസ്സ്യ പടകളെ ഏറക്കുറെ ഒടുക്കി വലിയ കവൎച്ചയെ നേടുകയും (ജൂലായി 13) ബയജിദിൽ രുസ്സരെ വളെച്ചവെച്ച 30000 തുൎക്കരെ ഒരു രുസ്സ്യ സൈന്യം ജയിക്കയും ബയജിദ് നഗരത്തെ ഇടിക്കയും ചെയ്തിരിക്കുന്നു. രുസ്സർ അൎമ്മിന്യയിലേക്കു അയച്ച 190,000 പടയാളികളെ തമ്മിൽ ദൂരപ്പെടുത്തിപല പങ്കുളിൽ നാട്ടിന്റെ ഉള്ളിലേക്കു അയച്ചതു കൊണ്ടു അവരെ ഇപ്പോൾ അധികം അടുപ്പിപ്പാൻ നോക്കുന്നു. സംഭവിച്ച ഓരോ ക്രൂരതകൾ ഒരു പക്ഷം മറുപക്ഷത്തിന്റെ കണക്കിൽ ആക്കുന്നതിനാൽ കുററം ആരുടെ കൈയിൽ എന്നു പറവാൻ മനസ്സ ഉറെക്കുന്നില്ല. (ജൂലായി 14) രുസ്സർ കാസ്സ് കൊട്ടെക്കു തങ്ങൾ നടത്തിയ നിരോധത്തെ തല്ക്കാലത്തെക്കില്ലും ഉപേക്ഷിക്കയും ഓരോ അപജയം കൊണ്ടു നാണം അനുഭവിക്കയും ചെയ്തതിനാൽ തിട്ടതിട്ടക്കമായി വൻ പടകളെ അൎമ്മിന്യയിലേക്കു അയച്ചു ജയം കൈക്കലാക്കുവാൻ നോക്കുന്നു.

ആസ്യാ Asia.

മദ്രാശിസംസ്ഥാനം:— കിഴക്കട ഉണ്ടായ വഞ്ചുഴലിക്കാററിനാൽ ഏകദേശം 1000 എളിയവരുടെ വീടുകൾ പൊളിഞ്ഞു പോയി. ആയവററെ വീണ്ടും എടുക്കേണ്ടതിന്നു പലരും പണം വരി കൊടുക്കുന്നു (subscriber).

ജൂൻ മാസത്തിൽ അവിടവിടേ പെയ്തു മഴകൊണ്ടു തീവണ്ടിസ്ഥാനങ്ങളിൽ നല്ല ഒരു ക്കിടം ഇല്ലാതെ ചരതിച്ചു വെച്ച ധാന്യങ്ങൾക്കു വളരെ കേടു വന്നതിനാൽ കോയ്മ ക്രുദ്ധിച്ചു ചൂടുള്ള കല്പനകളെ പുറപ്പെടുവിച്ചിരിക്കുന്നു.

ജൂൻ 14യിലേ കോയ്മയുടെ ജ്ഞാപകപ്രകാരം (Report) 8,47,602 പേരെ മറാമത്തു പണിയാലും 461,010 ധൎമ്മക്കഞ്ഞിയാലും രക്ഷിച്ചു പോരുന്നു.

കടപ്പയിൽ 1871 ആമതിലെ കനേഷുമാരി പ്രകാരം 13,51,194 നിവാസികൾ ഉള്ളതിൽ ഏപ്രിലിൽ 1584 പിറവികളും നടപ്പദീനം കുരുപ്പു പനികളാലും 6602 ചാവുകളും ഉണ്ടായിരുന്നു. 20 — 40 വയസ്സിന്നകം ഉള്ള ആരോഗ്യക്കാർ അധികം മരിക്കുന്നു.

ഇത്രോടം മദ്രാശിസംസ്ഥാനത്തിന്നു വേണ്ടി വങ്കാള ബൎമ്മരാജ്യങ്ങളിൽനിന്നു ഏറക്കുറെ 700 — 800 ലക്ഷം രൂപ്പികകു 7 ലക്ഷം ഭാരം (തൊന്നു) അരി വരുത്തിയിരിക്കുന്നു. ഇനി $3\frac{1}{2}$ ലക്ഷം ഭാരം കടൽ വഴിയായി കൊണ്ടു വരേണം എന്നു മതിക്കുന്നു ഇപ്പോഴത്തെ വൎഷകാലത്തിന്റെ കുറവു നോക്കിയാൽ തികയുന്ന പ്രകാരം തോന്നുന്നില്ല. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ ധനപുഷ്ടി കുറയും അളവിൽ വങ്കാളബൎമ്മരാജ്യങ്ങൾക്കു മുതൽ വൎദ്ധിക്കയും ചെയ്യും.

ബല്ലാരിയിൽ ഏപ്രിൽ മാസത്തിൽ 2,383 ജനനങ്ങളും 10,040 മരണങ്ങളും (അതിൽ നടപ്പുദീനത്താൽ 3415 പേർ കഴിഞ്ഞു സംഭവിച്ചു.

പഞ്ചം നിമിത്തം പലരും കുഡുംബത്തോടു കൂട ചേലം തൃച്ചിറാപ്പള്ളി ജില്ലകളിൽനിന്നു സിംഹളത്തിൽ ആമാറു രാമേശ്വരത്തിൽനിന്നു കപ്പൽ കയറി യാത്രയാകുന്നു.

ജൂലായി 1നു മദ്രാശി സംസ്ഥാനത്തിലേ എല്ലാ ജില്ലകളിൽ മേയി തൊട്ടു ജൂനോളം നവധാന്യങ്ങളുടെ വില ഒട്ടൊഴിയാതെ കയറി പോയി.

ചേലത്തിലേ പാളയക്കാർ (Poligars) തങ്ങളാലാകുന്ന ധൎമ്മപ്പണിയെ എടുപ്പിക്കയും ഇല്ലാത്തവൎക്കു ധൎമ്മക്കഞ്ഞിയെ കൊടുപ്പിക്കയും ചെയ്യുന്നു.

ജൂലായിലും അഗൊസ്റ്റിന്റെ ആരംഭത്തിലും ഒരു 10 — 30 പുകകപ്പലുകളെ ഏകദേശം 10 ലക്ഷം ചാക്കു അരി ചെന്നപ്പട്ടണത്തിൽ ഇറക്കുവാൻ തക്കവണ്ണം കേവിന്നു നിയമിച്ചിരിക്കുന്നു (chartered).

ജനുവരി 1 തൊട്ടു മേയി 13 വരെക്കും ഭാരതഖണ്ഡത്തിലേ തീവണ്ടിപ്പാതകൾക്കു കഴിഞ്ഞ കൊല്ലത്തിലേ വരവിനേക്കാൾ പഞ്ചം നിമിത്തം ഇക്കൊല്ലത്തിൽ 1,02,64,508 രൂപ്പിക ഏറ പിരിവു കണ്ടിരിക്കുന്നു. അതിൽ ചെന്നപ്പട്ടണ തീവണ്ടിപാതെക്കു ഏകദേശം $14\frac{1}{2}$ ലക്ഷം വീഴും.

ജൂലായി 16 കലക്‌ടറിലേ ക്ഷാമം ഏററവും കഷ്ടമുള്ളതു. എളിയവൎക്കു വകയില്ലാതെ കത്തലിനെ അടക്കേണ്ടതിന്നു പുല്ലും മരങ്ങളിൽനിന്നു ഇലകളും പറിച്ചു തിന്നുന്നു. പലരും ഭക്ഷണവും ഉടുപ്പും ഉല്ലാതെ മരിക്കുന്നു. അല്പം ചില പൈശ്ശയെ സമ്പാദിക്കേണ്ടതിന്നു ബ്രാഹ്മണരും കൂട കൂലിപ്പണിക്കു പോകുന്നു.

കണ്ണനൂർ:— ജൂൻ മാസത്തിൽ ആകേ ഏകദേശം $35\frac{1}{2}$ വിരലോളം മഴ പെയ്യു. വൎഷകാലം അവസാനിപ്പാൻ പോകുന്ന പ്രകാരം കൂടക്കൂടേ ഇടിയും മിന്നലും ഉണ്ടായ ശേഷം ജൂലായി 1 — 20നു- വരെക്കും 8 വിരലോളം മാത്രം മഴ പെയ്യതു കൊണ്ടു നാട്ടിലേ നെൽകൃഷി അവിടവിടേ കരിഞ്ഞു തുടങ്ങുകയും അക വില പൊന്തുകയും ചെയ്യു. വായുഗുണത്തിന്റെ ലക്ഷണങ്ങൾ കന്നി മാസത്തിലുള്ളവറോടു ഒക്കുന്നതിനാൽ നാളേത്ത ദിവസത്തിന്നായി ചിന്തപ്പെടരുതു എന്നു ലോകരക്ഷിതാവു കല്പിച്ചിരിക്കേ മനുഷ്യരുടെ ഉള്ളിൽ ഭാവികാലത്തെക്കുറിച്ചു ഓരോ സംശയങ്ങളും ഭയവും പൊങ്ങി വരുന്നു. കേരളത്തിലേ അവസ്ഥയെ കൊണ്ടു തന്നെയല്ല മലനാടാകുന്ന കുടകും വയനാടും അതിന്റെ അപ്പുറത്തു കിടക്കുന്ന വറണ്ട മഹാരാഷ്ട്രവും മഹിഷ്മസുരവും കൊയമ്പുത്തൂരും മററും രാജ്യങ്ങളെ കൊണ്ടു ഉൾക്കാമ്പിന്നു മാൽ ഏറുന്നു. കൊയമ്പുത്തൂരിൽ ഒരു ചാക്കരിക്കു $13\frac{3}{4}$ ഉ. യും കോഴിക്കോട്ടിൽ $12\frac{1}{4}$ ഉ. യും ആയാൽ പുകവണ്ടിപാതയിൽനിന്നും കടലിൽനിന്നും അകന്ന സ്ഥലങ്ങളിൽ ഇപ്പോൾ എന്താകും എന്നു അരി വില എത്ര കയറും എന്നും അറിയുന്നില്ല. തിരുവെഴുത്തു ചോററിന്നു അപ്പം ആകുന്ന വടി എന്നു വിളിക്കുന്നതു ആയതു മനുഷ്യന്റെ ജീവനും ബലത്തിന്നും ആക്കം കൊടുക്കയാൽ അത്രേ ആകുന്നു എന്നു ഗ്രഹിപ്പാനുള്ള കാലം അടുക്കുന്നു. ജീവനുള്ള ദൈവത്തിന്നു നമ്മുടെ പാപവും മനന്തിരിയായ്മയും നിമിത്തം തിരുവുള്ളക്കേടുണ്ടാകയാൽ നാം എല്ലാവരും നമ്മുടെ അതിക്രമങ്ങളിൽനിന്നു അകന്നു മായയുള്ള വിചാരങ്ങളെ തള്ളി അവന്റെ കൃപാസനത്തെ ഉണ്മയുള്ള അനുതാപത്തിൽ താഴ്മയോടും വിശ്വാസത്തോടും അന്വേഷിക്കയും യേശുക്രിസ്തുമൂലം അവനോടു നിരന്നു വരികയും ഇനി എങ്കിലും നമ്മുടെ തോന്നിവാസത്തിന്നായല്ല തന്റെ പ്രസാദത്തിന്നായി ജീവിച്ചുകൊൾവാൻ ആഗ്രഹിക്കയും ചെയ്യാൽ ദൈവം നമുക്കു വീണ്ടും ഫലപുഷ്ടിയുള്ള കാലങ്ങളെയും മൃഷ്ടാന്നത്തെയും അരുളും നിശ്ചയം.

തലശ്ശേരി:— 8000 ചാക്കു അരിയും സാധാരണ കേവും ഉള്ള ഒരു വിലാത്തിക്കപ്പൽ പോയ ജൂൻ മാസത്തിൽ കോൾ ഉള്ളപ്പോൾ തലശ്ശേരിയിൽ നങ്കൂരം ഇട്ടു തഞ്ചത്തിന്നായി കാത്തിരുന്നു. 21 നു- രാത്രിയിൽ നങ്കൂരം പൊട്ടി കപ്പൽ കാററിന്റെ മുമ്പിൽ ഒഴകി പോകുമ്പോൾ ഉരുക്കാർ ബാണം നിലാത്തിരികളെ കൊണ്ടു കടപ്പുറത്തുള്ള മുക്കുവരോടു കിണ്ടക്കുറിയെ അറിയിച്ചിട്ടും അവരെ തുണെപ്പതിന്നു കഴിവില്ലാതെ പോയി. രാവിലെ കപ്പൽ മയ്യഴിയിലേ കുതകൊത്തിപ്പാറ എന്ന പാറക്കെട്ടിൽ കരെക്കടിഞ്ഞിട്ടും തിരകൾ ഊററത്തോടു അലെച്ചു കയറിയതിനാൽ ഇറങ്ങേണ്ടതിന്നു ആവതില്ലാഞ്ഞതിന്റെ ശേഷം ഉരുക്കാർ ഒരാലാത്തു പായ്മരത്തിന്നു കെട്ടി കരെക്കു നില്ക്കുന്നവൎക്കു എറിഞ്ഞു കൊടുത്തിട്ടു ഇവർ അതിനെ

ഒരു വലിയ തെങ്ങോട്ട ഉയരത്തിൽ കെട്ടി ആലാത്തിന്റെ നടുവിൽ ഒരു വലോലിയെ കെട്ടിത്തൂക്കി ഉരുക്കാരായ വെള്ളക്കാരെയും ആയവരും ചരക്കിൽനിന്ന സാധിച്ചേടത്തോളവും കരെക്ക ഇറക്കിയിരിക്കുന്ന അരിച്ചാക്ക തലശ്ശേരിക്കായി നിയമിച്ചിട്ടുണ്ടായിരുന്നു.

നടപ്പുദീനം:— ചിറക്കലും കണ്ണനൂർ കുറുപാട്ട തുറുങ്കിലും അല്പമായും കോയമ്പത്തൂർ കുറുപാട്ട തുറുങ്കിൽ (Central Jail) അധികമായും ബാധിപ്പാൻ തുടങ്ങിയിരിക്കുന്നു.

ബൊംബായി:— പഞ്ചം പിടിച്ച നാട്ടുകളിൽനിന്ന അവിടുത്തേ തങ്കശാലയിൽ കമ്മട്ടം ആയി അടിക്കേണ്ടതിന്ന (to coin) മാസന്തോറും എത്തി വന്ന വെള്ളി ആഭരണങ്ങളുടെ വില ആവിതു:

1876

ജനുവെരി	25,000	ജൂലായി	—
ഫിബ്രുവെരി	3,800	ആഗൊസ്തു	1,800
മാച്ച്	6,700	സെപ്തമ്പ്ര	—
ഏപ്രിൽ	11,000	ഒക്തോമ്പ്ര	3,900
മേയി	1,200	നൊവെമ്പ്ര	64,800
ജൂൻ	3,900	ദിസെമ്പ്ര	104,200

1877

ജനുവെരി	131,900	ഏപ്രിൽ	597,900
ഫിബ്രുവെരി	163,700	മേയി	811,300
മാച്ച്	276,400		

ഇതിൽ ഏറിയ ദരിദ്രന്മാരുടെ ആഭരണങ്ങൾ ഉണ്ടു. എന്നാൽ ഇപ്പോൾ പൊൻ ആഭരണങ്ങളും അധികമായി കൊണ്ടുവരുന്നതുകൊണ്ടു പരദേശത്തിലെ എളിയവൎക്കു, തന്നെയല്ല ഇടത്തരക്കാൎക്കും മേൽതരക്കാൎക്കും കൂട പഞ്ചത്താൽ വലെച്ചൽ തട്ടിയിരിക്കുന്ന എന്നും യാതൊരു ആക്കം ഇല്ലാതെ ക്ഷാമം വൎദ്ധിച്ചു കൊണ്ടിരിക്കുന്ന എന്നും അയ്യോഭാവത്തിന്നായി ഉണൎത്തുന്ന ഓരറിവിനെ മേല്പറഞ്ഞ പട്ടിക വരുത്തികൊടുക്കുന്നു.

തെൻ അമേരിക്ക ചിലി:— എന്ന മലനാട്ടിനെ മേയി 12ആം നു- ഒരു ഭൂകമ്പം നീളവെ കടുപ്പത്തോടെ കലുക്കി നടുക്കീട്ടും അധികം നഷ്ടം വരുത്താതെ സമുദ്രത്തെ കലക്കി അതിഭയങ്കരമായ ഊററത്തോടു 10—60 അടി ഉയരമുള്ള വൻതിരമാലയായി കവിഞ്ഞു ഉൾനാടോളം അലെപ്പിക്കയും ചൊല്ലിക്കൂടാത്ത നാശങ്ങളെ വരുത്തുകയും ചെയ്തു. അരിക, തമ്പെ, മെമോരൊ, പാബെലൊൽ മെപീകൊ, ഈളൊ എന്നിതുറമുഖനഗരങ്ങൾ ഏകദേശം മുഴുവനും ഔതൊഫഗസ്സ, ഇകിക് എന്ന നഗരങ്ങൾ തീരെയും പാഴായി പോയിരിക്കുന്നു. അക്കാലത്തു ഇകിക്കിന്ന 3000 ഉം അരികെക്ക 4000 ഉം നിവാസികൾ ഉണ്ടായിരുന്നു. എത്ര മനുഷ്യരും കന്നുകാലികളും ഏതെല്ലാം ഇളകുന്ന മുതലും നശിച്ചുപോയി എന്നറിയുന്നില്ല. ഉവർ വെള്ളം കടിച്ച നിലത്തിന്ന ഏതെല്ലാം കേട്ടുതട്ടി എന്നു കൃഷിക്കാൎക്കു അല്പം ഊഹിക്കാം.

മേൽ പറഞ്ഞ ഭൂകമ്പം മേക്ഷിക്കോ എന്ന ജനക്കോയ്മയുടെ പടിഞ്ഞാറെ കടപ്പുറത്തോളം ഉണൎന്നു വന്നതു കൂടാതെ മേക്ഷിക്കോവിന്റെ നേരെ പടിഞ്ഞാറുള്ള സന്ദിച്ച് അല്ലെങ്കിൽ ഹവ്വായി ദ്വീപുകളിൽ മേയി 13നു- 4-5 മണി പുലൎച്ചെക്ക വലിയ നേമതാരിനെ spring-tide ഉരുവാക്കിയിരിക്കുന്നു. അതോ കടൽ പൊട്ടുന്നനേ പിൻവാങ്ങി പെട്ടുന്ന മൂന്നു മാറു (5 ഗമ്മാന മാത്ര) ഉയൎന്ന നേമത്താരായി കര കവിഞ്ഞു കടപ്പുറത്തുള്ള വീടുകളെ തകൎത്തു ഒഴുക്കികളഞ്ഞു. അന്നുള്ള ഇറക്കവും പിന്നുള്ള വെള്ളപ്പൊക്കവും അരമാറുതൊട്ടു എട്ടു മാറോളം (47¼ ഇംഗ്ലിഷ് പൂട്ടു) തമ്മിൽ ഭേദിച്ചു പോയി. നാൾ മുഴുവനും നിലം അലഞ്ഞു കിലൊൗവേയാ എന്ന തീമലകാല്യവാൻ തുടങ്ങിയിരിക്കുന്നു.

ചീലിയിൽനിന്ന തെക്ക പടിഞ്ഞാറു കിടക്കുന്നതായി ഔസ്ത്രാല്യ ഖണ്ഡത്തിന്റെ തെക്ക കിഴക്കുള്ള നൃസൌത് വേത്സിലേ സിദ്നെ ന്യൂകസ്സ് എന്ന തുറ മുഖനഗരങ്ങളിൽ മേയി 11നു- കടൽ ഏകദേശം 4—6 അടിയോളവും ന്യൂസീലന്തു ദ്വീപിന്റെ കിഴക്കേ കരക്കലോ ഇടക്കിടേ 5—8 അടിയോളവും ഉയൎന്ന നേമത്താരായി കരയെ ആക്രമിച്ചിരിക്കുന്നു. ഇതു തന്നെ ആ വമ്പിച്ച ഭൂകമ്പത്തിന്റെ മുഴുവൻ മാനം എന്ന തോന്നുന്നില്ല ശാന്തസമുദ്രത്തിലുള്ള ദ്വീപുകളിൽ അലയലും അലെപ്പും ഓരോന്ന സംഭവിച്ചായിരിക്കും.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. SEPTEMBER 1877. No. 9.

THE MILL.
തിരിക്കല്ലുപുര.

ഈ മലയാളത്തിലുള്ള ജനങ്ങൾ പ്രത്യേകം ചോറും കറിയുംകൊണ്ടു ഉപജീവിക്കുന്നതു പോലെ വിലാത്തിക്കാരുടെ ഭക്ഷണാദികളിൽ അപ്പം മുഖ്യമായതത്രെ. ധനവാന്റെ മേശമേൽ എത്ര തരം വിശേഷമുള്ള ഭോജ്യങ്ങൾ വിളങ്ങി മഹാരുചികരവാസനകളെ പരത്തുന്നു എങ്കിലും, അപ്പമില്ലാഞ്ഞാൽ ആ തീൻ സാരമില്ല. ദരിദ്രന്റെ ഭക്ഷണം മഹാദുൎഭിക്ഷമായിരുന്നാലും എങ്ങിനെ എങ്കിലും അല്പം അപ്പം വേണം. ഇരന്നു നടക്കുന്നവൎക്കു സാധാരണമായി ധൎമ്മം കിട്ടുന്നതു അപ്പം തന്നെ. ഒരേ വിശേഷഭോജ്യം നിത്യം തിന്നുന്നവനു ക്രമത്താലെ അതിനോടു വെറുപ്പുണ്ടാകും, അപ്പം ദിനംതോറും തിന്നുന്നവൻ അതിനെ എപ്പോഴും നല്ല സന്തോഷത്തോടു കൂടെ തിന്നും. അതുകൊണ്ടു: ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ, എന്നു കൎത്താവു താൻ നമ്മെ പ്രാൎത്ഥിപ്പാൻ പഠിപ്പിച്ചു, ഞാൻ ജീവന്റെ അപ്പം ആകുന്നു എന്നു പറകയും ചെയ്തു. അവൻ മലയാളികളോടു മലയാളത്തിൽ സംസാരിച്ചു എങ്കിൽ,

ഞങ്ങൾക്കു വേണ്ടുന്ന ചോറു ഇന്നു ഞങ്ങൾക്കു തരേണമേ, എന്നു പ്രാൎത്ഥിപ്പാൻ അവരെ പഠിപ്പിക്കുമായിരുന്നു നിശ്ചയം. എന്നാൽ മലയാളി തന്റെ ചോറും കറിയും, വിലാത്തിക്കാരൻ തന്റെ അപ്പവും സന്തോഷത്തോടെ തിന്നു രണ്ടിനെയും നല്കുന്ന ദൈവത്തെ മനഃപൂൎവ്വമായി സ്തുതിക്കുമാറാക. വിലാത്തിയിൽ എല്ലാവൎക്കും അപ്പം വേണ്ടുകയാൽ, അവിടെ മിക്ക ധാന്യങ്ങളും പൊടിമാവാക്കേണം. പലരും തങ്ങളുടെ സ്വന്ത ഭവനങ്ങളിൽ അപ്പക്കൂടു കെട്ടി, തങ്ങൾക്കു വേണ്ടുന്ന അപ്പം തങ്ങൾ തന്നെ ചുടുന്നെങ്കിലും, ധാന്യത്തെ പൊടിയാക്കുവാനായി എല്ലാ ഭവനങ്ങളിലും തിരിക്കല്ലുകളും ഉണ്ടു എന്നു വിചാരിക്കേണ്ടാ. ആ പ്രവൃത്തിക്കായി ഓരോ നഗരത്തോടും ഗ്രാമത്തോടും പ്രത്യേകമുള്ള ശാപ്പുകൾ ചേൎന്നിരിക്കുന്നു. ആ ശാപ്പുകൾക്കു നാം തിരിക്കല്ലുപുര എന്നു പറയും. പുഴയൊ നല്ല വെള്ളമുള്ള തോടൊ ഒരു സ്ഥലത്തു ഉണ്ടെങ്കിൽ വല്ല മുതലാളി അതിന്റെ കരമേൽ ഒരു ശാപ്പു കെട്ടി നാലഞ്ചു വലിയ തിരിക്കല്ലുകളെ അതിൽ ഇട്ടു ശാപ്പിന്റെ പുറത്തു ഒരു വലിയ ചക്രം വെച്ചു വല്ല കൌശലപ്പണി കൊണ്ടു കല്ലുകളോടു ചേൎത്തു പുഴയിൽനിന്നൊ തോട്ടിൽനിന്നൊ ഒർ ആണി കീറി അതിലൂടെ വേണ്ടപ്പെടുന്ന വെള്ളം ചക്രത്തിന്റെ മേല്ഭാഗത്തു ഒഴികുമാറാക്കുന്നതിനാൽ ചക്രം കല്ലുകളോടും കൂടെ രാപ്പകൽ തിരിച്ചു അനവധി ധാന്യം പൊടിക്കയും ചെയ്യുന്നു. ഇങ്ങിനെയുള്ള ശാപ്പു നമ്മുടെ ഒന്നാം ചിത്രത്തിൽ കാണാം.

പുഴവെള്ളമില്ലാത്ത സ്ഥലങ്ങളിൽ തിരിക്കല്ലുപുരകളെ കുന്നുകളുടെ മുകളിലത്രെ കാണും. അവിടെ വെള്ളത്തിന്റെ ഒഴുക്കിനാൽ സാധിപ്പി

റ്റ്പാൻ കഴിയാത്തതിനെ കാററുകൊണ്ടു സാധിപ്പിക്കുന്നു. ശാപ്പു കെട്ടി വേണ്ടുന്ന തിരികല്ല വെച്ചശേഷം നാലു കൈയുള്ള ഒരു ചക്രം പുരയുടെ പുറഭാഗത്തു നിൎത്തി, കല്ലുകളോടു ചേൎത്തശേഷം അതിനെ കാററു കൊള്ളിക്കുന്നതിനാൽ പൊടിക്കുന്ന പണി നല്ലവണ്ണം നടക്കുകയും ചെയ്യുന്നു. കാററിനാൽ നടക്കുന്ന തിരികല്ലിന്റെ ശാപ്പു നമ്മുടെ രണ്ടാം ചിത്രം തന്നെ.—വല്ല കുടിയാന്നു ധാന്യം പൊടിയാക്കുവാൻ ആവശ്യമായി വന്നാൽ അവൻ അതിനെ തിരികല്ലപുരയിൽ അയക്കുന്നു. അപ്പുരക്കാരൻ അതിനെ പൊടിച്ചു മുപ്പത്തുരണ്ടിനാൽ ഒന്നു കൂലിക്കായിട്ടു എടുത്തു, ശിഷ്ടം ഉടയവന്നു മടക്കി അയക്കും. ആകയാൽ ഒരു തുലാം ധാന്യം പൊടിക്കുന്നു എങ്കിൽ, ഒരു റാത്തൽ കൂലിയാൽ കുറഞ്ഞുപോകും. വിശ്വസ്തന്മാൎക്കു റ്റളരെ പ്രവൃത്തിയും ലാഭവും ഉണ്ടു. കള്ളന്റെ പ്രവൃത്തി എറിടെയും സാധിക്കുന്നില്ല താനും.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(*Continued from No. 8, page 120.*)

രാജാവായ ഹെന്ത്രിക്കു അൎത്ഥൂർ, ഹെന്ത്രി എന്ന രണ്ടു പുത്രന്മാരും മാൎഗ്രെത്ത എന്ന പുത്രിയും ഉണ്ടായിരുന്നു. അൎത്ഥൂർ പതിനാലാം വയസ്സിൽ തന്നെ സ്പാന്യരാജാവായ ഫെൎദിനന്തന്റെ പുത്രിയായ കത്ഥരീനയെ വേളികഴിച്ചതിൽ ചില മാസം പിന്നെ മരിച്ചു. എന്നാറെ അവന്റെ അനുജനായ ഹെന്ത്രി റോമപ്പാപ്പാവിൻ സമ്മതപ്രകാരം ആ കുമാരിയെ വിവാഹം ചെയ്വാൻ നിശ്ചയിച്ചു. പിന്നേതിൽ എട്ടാം ഹെന്ത്രി എന്ന നാമത്തോടു കൂടെ ഇംഗ്ലന്തിനെ വാണ രാജാവു ഈ ഹെന്ത്രി തന്നെ. രാജപുത്രിയായ മാൎഗ്രെത്ത സ്കോത്തരുടെ രാജാവായ യാക്കോബെ വിവാഹം ചെയ്കയാൽ സ്തുവൎത്ത, ബ്രുൻസ്വിക, എന്ന രാജസ്വരൂപങ്ങളുടെ ജനനിയായി തീൎന്നു. ഏഴാം ഹെന്ത്രി 1509ാമതിൽ മരിച്ചു.

മഹാന്മാരെ താഴ്ത്തി തന്റെ അധികാരം ഒരു വിരോധവും കൂടാതെ നടത്തിക്കുന്നതു ഏഴാം ഹെന്ത്രിയുടെ മുഖ്യ താല്പൎയ്യം. ഇംഗ്ലന്തിലെ രാജാവു മുററും സ്വതന്ത്രൻ ആകേണം, എന്നു നിശ്ചയിക്കകൊണ്ടു അവൻ മഹത്തുക്കളുടെ വലിപ്പത്തെയും തന്റെ അധികാരത്തെ കൂട്ടാക്കാത്ത എത്തു തൊഴിലുകളെയും അമൎത്തു വെക്കും. ഏഴാം ഹെന്ത്രിയുടെ കാലത്തിൽ അച്ചടിപ്പണിയും അമേരിക്ക എന്ന ഭൂഖണ്ഡവും അറിവാറായി വരികയാൽ മുമ്പെ കാണാത്ത ഉത്സാഹം മനുഷ്യജാതികളിൽ ജനിച്ചു ക്രമേണ ഓരോ വിദ്യകളും ബുദ്ധിപ്രകാശവും എങ്ങും പരന്നു വരികയും ചെയ്തു.

ഏഴാം ഹെന്ത്രി തന്റെ അന്ത്യനാളുകളിൽ ഓരോ ദുരാചാരവും ലോ

ഭവുംകൊണ്ടു ജനങ്ങളെ വെറുപ്പിക്കയാൽ അവൻെറ നിൎയ്യാണം നിമി ത്തം ആൎക്കും സങ്കടമില്ല. അവൻെറ പുത്രനായ എട്ടാം ഹെന്റ്രിക്ക അന്നു പതിനെട്ടു വയസ്സു തികഞ്ഞില്ല. അവൻ സുന്ദരനും സുശീലനും ആക കൊണ്ടു ഇംഗ്ലിഷ്കാർ അവനെ മഹാസന്തോഷത്തോടെ രാജാവാക്കി വാഴിച്ചു. സിംഹാസനം ഏറിയ ഉടനെ അവൻ തൻെറ ജ്യേഷ്ഠൻെറ വിധവയായ കഥരീനയെ വേളികഴിച്ചു, അവളുമായി ബഹു മഹത്വത്തോ ടും കോലാഹലഘോഷത്തോടും കിരീടാഭിഷേകം ലഭിച്ചു. ഇളംപ്രായമുള്ള രാജാവു സുഖഭോഗങ്ങളിൽ മാത്രമല്ല, വായനയിലും വിദ്യകളിലും രസി ക്കയാൽ, അവൻ തൻെറ കാലത്തുള്ള മിക്ക രാജാക്കന്മാരേക്കാളും പഠിപ്പേ റിയവനത്രെ. രാജ്യപരിപാലനത്തിന്നു നല്ല സഹായം വേണം, എന്നു അവൻ നിശ്ചയിച്ചു പിതാവിൻെറ സമൎത്ഥരായ മന്ത്രികളെ അവരവരു ടെ സ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തി.

അക്കാലത്തു റോമപ്പാപ്പാ പരന്ത്രീസ്സു രാജാവിനോടു നീരസം ഭാവിച്ചു, അവനെ താഴ്ത്തുവാനായി സ്പാന്യരാജാവിനോടും മററു ചില രാജാക്കന്മാ രോടും കൂടി നിരൂപിച്ചു സഖ്യത കെട്ടിയാറെ, ആ കൂട്ടുകെട്ടിൽ ചേരേണം എന്നു ഹെന്റ്രിയോടു അപേക്ഷിച്ചു. പാപ്പാ നിയോഗപ്രകാരം അവൻ പരന്ത്രീസ്സിനെ അതിക്രമിപ്പാൻ ഭാവിക്കുന്ന സ്പാന്യരാജാവിൻെറ സഹാ യത്തിന്നായി ഒരു സൈന്യത്തെ അയച്ചു, എങ്കിലും സ്പാന്യരാജാവു പര ന്ത്രീസ്സിനെ അസഹ്യപ്പെടുത്താതെ, അയലപക്കത്തുള്ള നവാർ, എന്ന രാ ജ്യത്തെ മോഹിച്ചു ഇംഗ്ലിഷ്സൈന്യത്തിൻെറ സഹായത്താൽ അതി നെ പിടിച്ചടക്കിയശേഷം ആ സൈന്യം ദീനവും മത്സരവുംകൊണ്ടു അതിവഷളത്വം പിടിച്ചിട്ടു, ഇംഗ്ലന്തിലേക്ക മടങ്ങിച്ചെന്നു. പിറെറ ആ ണ്ടിൽ രാജാവു താൻ ഒരു പുതിയ സൈന്യത്തെ ചേൎത്തു കപ്പലേറി, പര ന്ത്രീസ്സിൻെറ വടക്കുദിക്കുകളിൽ കരെക്കിറങ്ങി, പരന്ത്രീസ്സു കുതിരപ്പട്ടാളങ്ങ ളുമായി കണ്ടു ഒരു ഭയങ്കരപ്പട വെട്ടി അവരെ നാനാവിധമാക്കിക്കളഞ്ഞു. പിന്നെ അവൻ ചില നഗരങ്ങളെയും സ്വാധീനമാക്കിയാറെ, പരന്ത്രീസ്സു കാരോടു സന്ധിച്ചു ഇംഗ്ലന്തിലേക്ക മടങ്ങി ചെന്നു. എന്നാറെയും പര ന്ത്രീസ്സു രാജാവു ദ്രവ്യം വിചാരിച്ചു, സ്കോത്തരുടെ രാജാവായ യാക്കോബെ വശീകരിച്ചു ഇംഗ്ലന്തിൻെറ ഉത്തരഭാഗങ്ങളെ അതിക്രമിപ്പാൻ സമ്മതം വരുത്തി. അത്തൊഴിലിനെ ഇംഗ്ലിഷരാജാവു അറിഞ്ഞു, വടക്കിൽ പാൎക്കു ന്ന സേനകൾക്കു സുരി, എന്ന പ്രഭുവിനെ അധിപനാക്കി ശത്രുവിനെ എതിരിടുവാൻ കല്പിച്ചു. പിന്നെ ഫ്ലൊദ്ദൻ എന്ന സ്ഥലത്തിൽ സംഭവി ച്ച ഭയങ്കരപ്പടയിൽ ഇംഗ്ലിഷ്കാർ പ്രബലപ്പെട്ടു, സ്കോത്തരുടെ രാജാവും അവൻെറ മഹാന്മാർ പലരും ധീരതയുള്ള ചേകവരോടു കൂടെ പോൎക്കള ത്തിൽ വീണു മരിക്കയും ചെയ്തു (1513). അന്നു ഇംഗ്ലിഷരാജാവിൻെറ പ്ര

ധാനമന്ത്രി തോമാസവൊല്സി തന്നെ. അവൻ താണസ്ഥിതിയിൽനിന്നു ഔന്നത്യം പ്രാപിച്ചു, മുഖ്യാദ്ധ്യക്ഷൻ, പ്രധാനകാൎയ്യസ്ഥൻ, റോമസഭാതലവൻ, എന്ന സ്ഥാനമാനങ്ങളെ ക്രമേണ ലഭിക്കയും ചെയ്തു. ഇംഗ്ലന്തിലെ പ്രധാനമന്ത്രി ഉത്തമൻ തന്നെ, എന്നു യൂരോപ്പയിലുള്ള മിക്ക രാജാക്കന്മാർ സമ്മതിച്ചു, അവന്റെ അനുകൂലത ഭാഗ്യം, പ്രതികൂലത അപായമത്രെ, എന്നു ശങ്കിച്ചുനിന്നു. എന്നാൽ മന്ത്രി ഇത്ര വലിയവൻ ആകുന്നു എങ്കിൽ, രാജാവു എങ്ങിനെയുള്ളവൻ ആകും എന്നു വെച്ചു പലരും സ്തുതിക്കും. മന്ത്രി രാജാവിന്റെ ഉററ സ്നേഹിതനും അവന്റെ സുഖഭോഗങ്ങളിൽ രസിക്കുന്നവനും ഉപചാരവും മയവുമുള്ള കോവിലകക്കാരനും ആയിരുന്നു. തനിക്കു ധനവും വരവും അനവധി എങ്കിലും, താൻ അതിനെ അനുഭവിക്കുന്നില്ല, സൂക്ഷിച്ചു വെക്കയുമില്ല, മററവൎക്കായിട്ടത്രെ ചെലവാക്കും. അവന്റെ അനുചാരികൾ അസംഖ്യം, വീട്ടു ചെലവു അത്യന്തം. ദാരിദ്ര്യംകൊണ്ടു വലഞ്ഞ ശിഷ്യന്മാർ, നിൎവ്വാഹമില്ലാത്ത ആശ്രിതന്മാർ, നാനാസങ്കടങ്ങളിൽ കുടുങ്ങിയ അഗതികൾ, എന്നിവർ അവന്റെ സഹായം ധാരാളമായി അനുഭവിച്ചു. അവനു അഹമ്മതിയും മാനകൊതിയും വളരെ ഉണ്ടായിരുന്നു, എങ്കിലും അവൻ പ്രധാനമന്ത്രിയുടെ വേല ബഹു വിശ്വസ്തതയോടും ഉത്സാഹത്തോടും ചെയ്തുകൊണ്ടു അവന്റെ കാൎയ്യവിചാരണ ഇംഗ്ലിഷ്കാൎക്കു അത്യുപകാരമായി തീൎന്നു. തോമാസവൊല്സി പ്രധാനമന്ത്രിസ്ഥാനത്തു ഇരുന്ന സമയത്തോളം എട്ടാം ഹെന്ത്രിയുടെ വാഴ്ച ശുഭമത്രെ, അവൻ ആ സ്ഥാനത്തിൽനിന്നു നീങ്ങിയാറെ അശുഭം തുടങ്ങിയതു ഓൎത്താൽ അവൻ ഉത്തമൻ എന്നേ വേണ്ടു.

(To be continued.)

WASTE LANDS.
പാഴായികിടക്കുന്ന സ്ഥലങ്ങൾ.

ഈ കഴിഞ്ഞ പത്തു നാല്പതു ആണ്ടുകൾകൊണ്ടു ഈ മലയാളത്തിൽ വളരെ തരിശുനിലം തെങ്ങും മററു ഫലവൃക്ഷങ്ങളുംകൊണ്ടു ശോഭിച്ചിരിക്കുന്ന പറമ്പുകൾ ആയിതീൎന്നു. എന്നിട്ടും അനേകം പാഴായികിടക്കുന്ന കുന്നുകളും ഒന്നിന്നും ഉപകാരമില്ലാത്ത പൂഴിപ്രദേശങ്ങളും പലയെടത്തു കാണ്മാൻ ഉണ്ടു. ആ വക കുന്നുകളിൽ ആൽ, പറങ്കിമാവു, പിലാവു, പുളി ഇത്യാദി വൃക്ഷങ്ങൾ നല്ലവണ്ണം പിടിക്കും. അവററെ ഉണ്ടാക്കേണ്ടതിന്നു പ്രയത്നവും ചെലവും അധികം വേണ്ടിവരികയില്ല, പശുവും ആടും മാത്രം കയറരുതു. പൂഴിപ്രദേശങ്ങളിൽ ചവൊക്ക്മരം എത്രയും നന്നാകും. അതിനെ ആദ്യം നടുമ്പോൾ മുമ്മൂന്നു കാലടി ദൂരത്തിൽ വെക്കാം. മൂന്നു സംവത്സരം ചെന്നാറെ ഈരണ്ടു മരത്തിന്റെ നടുവിൽ നിന്നു ഓരോന്നു മുറിച്ചു വിറകാക്കാം. പിന്നെയും മൂന്നു സംവത്സരം പാൎത്തശേഷം മുമ്പെപോലെ ഈരണ്ടു മരങ്ങളുടെ നടുവിൽനിന്നു പിന്നെ

യും ഓരോന്നിനെ മുറിച്ചെട്ടുക്കാം. എന്നാൽ ഒരു ജന്മി തന്റെ ഒരു പൂഴി പ്രദേശത്തിൽ 30,000 ചവൊക്കതൈ നട്ടുണ്ടാക്കിയാൽ മേല്പടി രണ്ടു പ്രാവശ്യം തൈ മുറിച്ചു വിറകാക്കി വിററശേഷം 10,000 ശേഷിക്കും. ആയവ പത്തു സംവത്സരം കഴിഞ്ഞാൽ വലിയ മരങ്ങളായി പോകും. അവററിൽ ഒന്നിന്നു ഒരു ഉറുപ്പിക മാത്രം വില വെച്ചാൽ ഉറുപ്പിക 10,000 ലാഭം ഉണ്ടാകും. ഈ വക സ്ഥലങ്ങളിൽ പശുവും ആടും കയറുന്നില്ലെങ്കിൽ എപ്പോഴും വീണുകൊണ്ടിരിക്കുന്ന വിത്തിനാൽ തൈ മുളെച്ചു മരം തന്നാലെ വലുതാകും. ചവൊക്കമരത്തിന്റെ തൈ ഉണ്ടാക്കേണ്ടതിന്നു പ്രയാസം ഒട്ടുമില്ല്യ, അതിന്റെ കായി മൂക്കുമ്പോൾ അതിനെ പറിച്ചുണക്കിയാൽ വിത്തു ഉതിൎന്നു പോകും. പിന്നെ അതിനെ നല്ല മണ്ണുള്ള ഒരു കള്ളിയിൽ വിതെക്കുന്നു എങ്കിൽ രണ്ടു മൂന്നു മാസത്തിന്നകം തൈ നിലത്തിൽ കുഴിച്ചിട്ടുവാൻ തക്ക ശക്തി പിടിക്കും.

വിലാത്തിയിൽ അധികം ധനം സമ്പാദിക്കുന്നതു ഇങ്ങിനെയുള്ള മരത്തോട്ടങ്ങളെ ഉണ്ടാക്കുന്നവരത്രെ, അവൎക്കു ഏകദേശം ചെലവില്ല്യ വരവേയുള്ളൂ. മഹാസാരമില്ല്യാത്ത സ്ഥലങ്ങൾ ബഹു വിലയുള്ളവയായി തീരുകയും ചെയ്യുന്നു. ഈ രാജ്യത്തിൽ വിറകിന്റെയും പണിത്തരമുള്ള മരങ്ങളുടെയും വില എപ്പോഴും കയറിക്കൊണ്ടിരിക്കുന്നു. ഈ പറഞ്ഞ വിധത്തിൽ മരങ്ങളെ ഉണ്ടാക്കുവാൻ പുറപ്പെടുന്നവൎക്കു ബഹു ലാഭം ഉണ്ടാകും. വിത്തു വാളുന്ന ആണ്ടിൽ മൂരുകയുമാം, എന്നതു ഇതിൽ നടക്കായ്കകൊണ്ടു ആരും ഇതിന്നായിട്ടു പുറപ്പെടും എന്നു സംശയിക്കുന്നു.

AN IRON BOOT.

ഇരിമ്പു ചെരിപ്പു.

യോഹാൻ എന്നൊരു ചെറുക്കന്നു കാലിൽ ഒരു ദീനം പിടിച്ചു. അതിനാൽ അവന്റെ കാലെല്ലുകളും നരിയാണികളും ഇളമിച്ചു പോയി. ആ കാൽ ഊന്നി നടക്കുന്നതിനാൽ അതു വളഞ്ഞു വല്ലാത്ത ആകൃതി പൂണ്ടു തുടങ്ങി, അവന്റെ അമ്മ ഇതു കണ്ടു ദുഃഖിച്ചു ഒരു നാൾ അവനെ നല്ലൊരു വൈദ്യന്റെ അടുക്കെ കൊണ്ടു ചെന്നു കാട്ടി, എന്തു വേണ്ടു? എന്നു ചോദിച്ചാറെ, വൈദ്യൻ "നീ അവന്റെ കാലിന്നു ഒരു ഇരിമ്പു ചെരിപ്പുണ്ടാക്കിച്ചു ഒരു ആണ്ടു വരെ ഇടുവിക്കേണം" എന്നു കല്പിച്ചു. അവൾ അപ്രകാരം ചെയ്തു. എങ്കിലും ചെറുക്കന്നു ഇതിൽ വളരെ വെറുപ്പു തോന്നി ഒരു ചെറിയ കുട്ടിയുടെ കാലിൽ കനത്തും ഒതുക്കമററും ഉള്ള ഇരിമ്പു ചെരിപ്പു ഇടുവിച്ചാൽ എത്ര അസഹ്യമായിരിക്കും എന്നു നമുക്കു ഊഹിക്കാമല്ലൊ, യോഹാൻ ഇതിനെ എത്രയും അഭംഗിയും അസഹ്യവും നോവുണ്ടാക്കുന്നതും ആയി എണ്ണി. അവന്നു ഓടിക്കൂട, ചാടിക്കൂട, അതു ഇഴെച്ചുംകൊണ്ടു മെല്ലെ നടപ്പാനെ കഴിഞ്ഞുള്ളൂ. പാപം! അവന്നു വലിയ സൊല്ല്യയായി തീൎന്നു. ചിലപ്പോൾ ചെരിപ്പിഴെച്ചുംകൊണ്ടു നട

ക്കമ്പോൾ അയല്ക്കാർ "അതാ, തോയം ജോണി ഇരിമ്പും വലിച്ച പോകുന്നു! അവന്നു അതു അത്ര വെറുപ്പു ആയിരിക്കെ അവനെകൊണ്ടു അതു ചുമപ്പിക്കുന്നതു അമ്മയുടെ പക്ഷത്തിൽ ഒരു ക്രൂരതയല്ലയോ?" എന്നു പറയും.

ചിലപ്പോൾ അവൻ അമ്മയുടെ അടുക്കെ ചെന്നു: "അമ്മെ, ദയവിചാരിച്ചു ഈ ചുമടു നീക്കി തരേണം, ഇതു വലിച്ചു നടപ്പാൻ എനിക്കു ആവതില്ല. ഇതു എന്നെ കൊല്ലുന്നമ്മേ, ഞാൻ നൊണ്ടി ആയാൽ ആകട്ടെ, എന്റെ കാൽ തിരിഞ്ഞു പോയാലും വേണ്ടതില്ല. ഞാൻ വലുതായാൽ എങ്ങിനെയാകും എന്നതു ചൊല്ലി വിഷാദിക്കുന്നില്ല. ഈ ചെരിപ്പു നീങ്ങി കിട്ടിയെങ്കിൽ മതി" എന്നു പറയും. അമ്മ തന്നെ ഉപദ്രവിപ്പാൻ ഇതു ചെയ്തതുപോലെ ഭാവിച്ചു കരകയും പിറുപിറുക്കയും ചെയ്യും. എന്നാൽ ഉപദ്രവിപ്പാനല്ല എല്ലിന്നു ബലവും സൌഖ്യവും വരുന്നതുവരെ ഉടലിന്റെ ഭാരത്തെ താങ്ങേണ്ടതിന്നത്രെ ഈ ചെരിപ്പു വേണ്ടിയിരുന്നതു. യോഹാന്നോ അതിൽ വിശ്വാസം ഇല്ല. തന്റെ അമ്മയും വൈദ്യനും പറയുന്നതിൽ വിശ്വാസം വെക്കുന്നതിന്നു പകരം അവൻ എപ്പോഴും പിറുപിറുക്കയും ശഠിക്കയും ചെയ്തുവന്നു. ആ വീട്ടിൽ പാൎത്തുവന്ന മറ്റൊരു സ്ത്രീ ചെക്കന്റെ അമ്മയോടു ഒരു നാൾ "അല്ലെ, നിങ്ങൾ ആ ചെരിപ്പു അഴിച്ചു കളയരുതോ? അതിനാൽ വരുന്ന ഫലം അവൻ ഒന്നനുഭവിക്കട്ടെ, ഞാൻ ആയിരുന്നു എങ്കിൽ നിശ്ചയമായി അങ്ങിനെ ചെയ്യേനെ" എന്നു പറഞ്ഞു.

അവന്റെ അമ്മെക്കു ഇതെല്ലാം കൊണ്ടും വളരെ ദുഃഖം ഉണ്ടായി മകന്റെ തല തലോടിയുംകൊണ്ടു പറയുന്നു: "ഞാൻ എന്റെ മകന്നു വേണ്ടി അവന്നു ഇപ്പോൾ വളരെ സന്തോഷം ആയിതോന്നുന്നതല്ല ഇനിമേലാൽ വളരെ പ്രയോജനം ആയ്വരുന്നതിനെ തന്നെ ചെയ്യേണം, ഞാൻ ഇന്നു ചെയ്യുന്നതിന്നു വേണ്ടി എന്മകൻ ഇനി ഒരു നാൾ എനിക്കു നന്ദി പറവാൻ ഇടവരും. അവൻ നിത്യം ഈ ചെരിപ്പുകൊണ്ടു വിചാരിക്കുന്നില്ലെങ്കിൽ ഇതു ഇത്ര അസഹ്യം ആയിതോന്നുകയില്ല. ഈ ചെരിപ്പു ഒന്നൊഴികെ അവന്നു ആശ്വാസവും സന്തോഷവും വരുത്തത്തക്ക കാൎയ്യങ്ങൾ മറ്റു അനേകം ഉണ്ടു. ഈ ചെരിപ്പോ നിത്യം നില്ക്കയുമില്ലല്ലൊ."

ഇതു കേട്ടു യോഹാൻ തല താഴ്ത്തിനിന്നു. അമ്മ തന്നെ സന്തോഷിപ്പിപ്പാൻ എത്ര എല്ലാം ചെയ്യുന്നു എന്നും ഈ ചെരിപ്പു തന്നെ, തന്റെ നന്മെക്കായി ഉള്ളതാകുന്നു എന്നും ഓൎത്തു അവന്നു നാണം തോന്നി ഒടുവിൽ സങ്കടമുള്ള ഒരു ആണ്ടു കഴിഞ്ഞു ഇരിമ്പുചെരിപ്പും നീക്കിക്കളയപ്പെട്ടു. യോഹാൻ സുഖദേഹിയായി നെടിയ ബാല്യക്കാരനായി തീൎന്നു. അവന്റെ അവയവങ്ങൾ ശരിയായും ബലമുള്ളതായും അവന്റെ നട

ത്തം വേഗവും ചന്തവും ഉള്ളതായും തീൎന്നു. അന്നു തുടങ്ങി കൂടക്കൂട തന്റെ അമ്മയോടു എന്തു പറഞ്ഞു എന്നു തോന്നുന്നു?

എത്രയോ വട്ടം അമ്മയുടെ കഴുത്തു കെട്ടിപ്പിടിച്ചു "എന്റെ പൊന്നു അമ്മേ, ആ ചെരിപ്പു എന്നെ ഇടുവിച്ചതിന്നു വേണ്ടി നിനക്കു മതിയായ നന്ദി പറവാൻ എനിക്കു ഒരു നാളും എത്തും വരികയില്ല, നീ എനിക്കു വേണ്ടി ചെയ്ത എല്ലാററിൽ അതു തന്നെ ഉത്തമകാൎയ്യമായിരുന്നു. അന്നു അതു ചെയ്തിരുന്നില്ലെങ്കിൽ ഞാൻ എന്റെ ജീവകാലം മുഴുവൻ അരിഷ്ടതയുള്ളോരു മുടന്തൻ ആയിരിക്കുമായിരുന്നു" എന്നു പറയും.

യോഹാന്റെ സങ്കടം അവന്നു ഒരു അനുഗ്രഹം ആയിതീൎന്നപ്രകാരം നാം ഇതിൽനിന്നു കാണുന്നുവല്ലൊ, ഇങ്ങിനെ തന്നെ നമ്മിൽ ഓരോരുത്തനുള്ള സങ്കടങ്ങളും സ്വൎഗ്ഗസ്ഥനായ പിതാവു നമുക്കു വെച്ചിരിക്കുന്ന ഒരു ഇരിമ്പു ചെരിപ്പു എന്ന പോലെ ആയിരിപ്പാൻ സംഗതിയുണ്ടു. ആകയാൽ നാം അവററെക്കുറിച്ചു പിറുപിറുപ്പും വെറുപ്പും കാട്ടാതെ ക്ഷമയോടെ അവ സഹിക്കേണം. ദൈവം അതിനെ വല്ലൊരു വിധേന നമ്മുടെ നന്മെക്കായി കരുതിയിരിക്കുന്നു, എന്നു തെളിഞ്ഞു വരുവാൻ സംഗതിയുണ്ടാകും. ദൈവത്തെ സ്നേഹിക്കുന്നവൎക്കു സകലവും, എന്നു വെച്ചാൽ, കഷ്ടങ്ങളും കൂട, നന്മെക്കായി കൈകൂടി വരും.

THE MALAYALAM COUNTRY.
മലയാളരാജ്യം.

എട്ടാം നമ്പർ ൧൨൨ാം പുറത്തിൽ വെച്ചതിന്റെ തുടൎച്ച.
(*Registered Copyright.*— ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

വയനാട്ടിലേക്കു കയറേണ്ടതിന്നു കണ്ണനൂർ തലശ്ശേരികളിൽനിന്നു പേരിയച്ചുരവും വടകരയിൽനിന്നു കുററിയാടിച്ചുരവും കോവിൽക്കണ്ടി കോഴിക്കോടുകളിൽനിന്നു താമരശ്ശേരിച്ചുരവും വേപ്പൂർപുഴയുടെ താഴ്വരയിൽനിന്നു ചോലടി ഊടുവഴിച്ചുരവും കാരക്കോട്ടച്ചുരവും എന്നിവ തന്നെ.

നീലഗിരിയിൽ കരേറേണ്ടതിന്നു വയനാട്ടിൽ കൂടി കാരക്കോട്ടച്ചുര വഴിയായി അല്ലാതെ കുണ്ടാക്കണ്ടിയും ചിച്ചിപ്പാറ കണ്ടിവാതിലും വള്ളുവനാട്ടിലേ ഭവാനി താഴ്വരയിൽനിന്നു കീലൂർ കണ്ടിവാതിലും ഉണ്ടു. മണ്ണാറക്കാട്ടിൽനിന്നു ഭവാനി താഴ്വരയിലേക്കു മണ്ണാറക്കാട്ടചുരത്തിൽ കൂടി വഴിയുള്ളതു.

തെന്മലയിൽ കൂടി കുട്ടികുതിരാനും കുതിരാനും വഴിയായി പാലക്കാട്ടിൽനിന്നു തൃശ്ശിവപേരൂരിലേക്കും നെന്മാറിയിൽനിന്നും കൊല്ലങ്കോട്ടനിന്നും ഊടുവഴിയുള്ള കണ്ടിവാതിലുകളിൽ കൂടിയും കൊച്ചിശ്ശീമയിലേക്കും കടക്കാം.

ആനമലയുടെ വടക്കേ ചരിവിലുള്ള ആനഗുണ്ടി ചുരത്തിൽ കൂടി കൊച്ചി തിരുവിതാംകൂറിലേക്കും ഇറങ്ങാം.

തെക്കെസഹ്യയിൽ കൂടി തിരുവിതാങ്കോട്ടിൽനിന്നു തിരുനെൽവേലിക്കു കടക്കേണ്ടതിന്നു കന്യാകുമാരിയിൽനിന്നു 12 നാഴിക വടക്കുള്ള അരമ്പുളിച്ചുരവും അവിടെ നിന്നു ഏകദേശം 10—50 നാഴിക വടക്കുള്ള ആര്യങ്കാവുചുരവും വേറെ ചില ചെറിയ ചുരങ്ങളും ഉണ്ടു.

കുത്തനേയുള്ള ഈ രണ്ടു മലനിരകൾ പ്രത്യേകമായി കൊടുങ്കാടു കൊണ്ടു പൊതിഞ്ഞു കാലിപെരികക്കൊത്ത ഊടുവഴിയുള്ള കാലങ്ങളിൽ എത്രയും ഉറപ്പുള്ള വൻവാടി കണക്കേ മലയാളരാജ്യത്തെ കിഴക്കുനിന്നു ആക്രമിപ്പാൻ ഭാവിച്ച ശത്രുക്കളെ തടുത്തു എങ്കിലും മലെക്കപ്പുറത്തുള്ള ഇടവാട്ടിന്നും ഉൾനാട്ടു കച്ചവടത്തിന്നും കൂട തടങ്ങലായി തീൎന്നിരിക്കുന്നു. വടക്കേ മലയാളത്തിൽ മുങ്കാലത്തു കള്ളക്കച്ചവടക്കാരും കവൎച്ചക്കാരും മലയുടെ ഒററു അറിഞ്ഞു വഴിയുടെ ദുൎഘടവും കിണ്ടവും യാത്രയുടെ അദ്ധ്വാനവും കൂട്ടാക്കാതെ നടപ്പല്ലാത്ത ചുരങ്ങളിലും കൂടി കിഴിഞ്ഞു കയറുകയും ചെയ്തു. ചുങ്കം ഒഴിയേണ്ടതിന്നു ഇന്നും ഏലം ചന്ദനം മുതലായ മലയനുഭവംകൊണ്ടു കള്ളക്കച്ചവടം ചെയ്യുന്നവർ ഉണ്ടു താനും.

എന്നാലും മേല്പറഞ്ഞ കണ്ടിവാതിലുകൾ വഴിയായി വടക്കേ അംശങ്ങളിലേക്കു വിശേഷിച്ചു വയനാട്ടിൽ കൂടി വടുകൻ, കന്നടിയൻ, പാറാണി എന്നിവരും, കുടകിൽനിന്നു ഇക്കേറിയൻ പാറാണി കുടകൻ മുതലായവരും ഓരോ പ്രയാസത്തോടെങ്കിലും ചുരമിറങ്ങി മലയാളത്തിന്നു പല കേടു വരുത്തി പോന്നു. കുടകുദേവന്മാരും ഭാഷയും മലയാളത്തോടു സംബന്ധമുള്ളതാകയാൽ ഏറിയ മലയാളികൾ ഏതു സംഗതിയാലെങ്കിലും അവിടെ പോയി പാൎപ്പാൻ ഇടവന്നിരുന്നു എന്നറിയാം.

കുടകു വയനാടു നീലഗിരിയിലേക്കുള്ള ചുരങ്ങളിൽ കൂടി വണ്ടികൾക്കു പോവാൻ തക്ക ക്രമേണ കയററവും ഇറക്കവും ഉള്ള നിരത്തുകളെ ബ്രിത്തിഷ്കോയ്മ ഏറിയ മുതൽ ചെലവിട്ടു തീൎത്തുകൊണ്ടു പോക്കുവരവിന്നും കച്ചവടത്തിന്നും മററും വളരെ ആദായം വന്നിരിക്കുന്നു.

സഹ്യൻ കടലിൽനിന്നു വാങ്ങിനില്ക്കയാൽ വടക്കുനിന്നും മലയാളത്തേക്കു കടപ്പാൻ നല്ല പാങ്ങുണ്ടാകകൊണ്ടു പരശുരാമൻ* ആൎയ്യാവൎത്തത്തിൽനിന്നു പുറപ്പെടുവിച്ച ബ്രാഹ്മണരെ ഗോകൎണ്ണത്തിൽ കൂടി കരവഴിയായി മലയാളത്തിലേക്കു കൊണ്ടു വന്നു. കര വഴിയായി തന്നെ മലയാളികളുടെ ചാൎച്ചക്കാരായ തുളുനാട്ടുകാർ വടക്കോട്ടു തുളുനാട്ടിലേക്കും പോയിരിക്കുന്നു.

തെക്കേമലയാളത്തിന്നു വാടിയായി നില്ക്കുന്ന മലെക്കു കയറാത്തകേ

* പരശുരാമൻ ഊഹപുരുഷൻ എന്നല്ലാതെ നിജപുരുഷൻ എന്നതിന്നു തുമ്പു കിട്ടുന്നില്ല.

5—6 കണ്ടി വാതിലുകളേ ഉള്ളൂ എന്നു തോന്നുന്നു. അവിടുത്തേ ചുരങ്ങളെ കിഴിഞ്ഞിട്ടും കന്യാകുമാരിയെ ചുററീട്ടും പാണ്ട്യനും ചോഴനും തെൻമലയാളത്തെ തങ്ങൾക്കു കീഴ്പ്പെടുത്തുവാനും പാണ്ടിത്തമിഴർ അരുമ്പുലിച്ചുരത്തിൽ കൂടി ഇറങ്ങി തിരുവിതാങ്കൂറിൽ കുടിയേറുവാനും സിംഹളത്തിൽനിന്നു പുറപ്പെട്ട കന്യാകുമാരിയിൽ കിഴിഞ്ഞു പാൎപ്പിടം തേടിയ തീയർ ഈഴവർ മുതലായവർ കരവഴിയായും മററും കടപ്പാനും കഴിവുണ്ടായിരുന്നു.

മലയിട: വിശേഷിച്ചു രണ്ടു തുടൎമ്മലകളുടെ ഒഴിവിലുള്ള മലയിടയിൽ ഈ നൂററാണ്ടോളം തിങ്ങിവിങ്ങിയ കാടു ഉണ്ടായിരുന്നെങ്കിലും ആ വഴിയായും അടുത്ത 1-2 ചുരങ്ങളിൽ കൂടിയും ചേരനും ചോഴനും പാണ്ടിയനും മലയാളത്തിൽ ഇറങ്ങി അതിനെ അടക്കുവാനും കഴിവുവന്നു. അവരാൽ വിശേഷിച്ചു മലയാളത്തിന്നു പല തിന്മയും നന്മയും നേരിട്ടു.

പരശുരാമൻ ഏതു വഴിയായിട്ടു പരദേശബ്രാഹ്മണരേയും തമിഴ് കുടിയേറികളായ മുതലിപിള്ളമാരേയും മലയാളത്തിലേക്കു കൊണ്ടുവന്നു എന്നറിയുന്നില്ല. പക്ഷെ മലയിട വഴിയായിട്ടായിരിക്കും. അതിൽ കൂടി മുങ്കാലത്തു പോലെ പിങ്കാലത്തും വടുകരായ തെലിങ്കരും ചേര ചോഴ പാണ്ടിയ തമിഴരും മലയാളത്തിൽ കുടി ഏറി പാൎപ്പാൻ വന്നിരിക്കുന്നു എന്നു വെക്കാം.

ഈ മലയിടയിൽ കൂടി ചേര ചോഴ മണ്ഡലങ്ങളിലേക്കുള്ള പോക്കുവരവിന്നു ഇപ്പോൾ നല്ല പാങ്ങുണ്ടു. ബ്രിതിഷ്കോയ്മ മൂന്നു നിരത്തുകളെ ഉണ്ടാക്കിച്ചതു കൂടാതെ ഇരിമ്പുപാതയെ ഇട്ടതിന്റെ ശേഷം വേപ്പൂർനിന്നു പാലക്കാടു, കോയമ്പുത്തൂർ, ചേലം, ചെന്നപ്പട്ടണം (മദ്രാശി), നാഗപ്പട്ടണം, ബങ്കളൂർ, ബല്ലാരി, ബൊംബായി, കാലികാത മുതലായ സ്ഥലങ്ങളിലേക്കു എളുപ്പത്തിൽ പോകാം.

5. മുകൾപരപ്പുകൾ. മേല്പറഞ്ഞ മലനിരകൾ മിക്കതും മുകൾപരപ്പുള്ളവ. അതിൽ കുടകു, വയനാടു, നീലഗിരി, ആനമല മുതലായവ പ്രധാനം. അവററിലും മല കുന്നു താഴ്വരകളും ഇടകലൎന്നിരിക്കുന്നു. വടക്കേ മലനിരയും തെക്കേ നിരയുടെ തെക്കേ അംശവും ദക്ഷിണ ഭൂമിയിലേക്കും വങ്കാള ഉൾക്കടലിലേക്കും ചായുന്നു.

വടക്കേ മലനിരയുടെ പടിഞ്ഞാറെ വിളുമ്പു കടുന്തൂക്കമായിരുന്നാലും കുടകു, വയനാടു, നീലഗിരി എന്ന മുകൾപരപ്പുകൾ കിഴക്കോട്ടു ചാരിച്ചരിഞ്ഞു പരക്കയാൽ ചുരങ്ങളുടെ മീതെ ഉത്ഭവിക്കുന്ന മിക്ക പുഴകൾ കിഴക്കോട്ടു ഒഴുകി വങ്കാള ഉൾക്കടലിൽ ചേരുന്ന കാവേരി മുതലായ നദികളിൽ കൂടുന്നു. തെക്കേ മലനിരയിലേ ആനമല മുകൾപരപ്പു അധികം പടിഞ്ഞാറോട്ടു ചായുന്നു. എന്നാൽ കിഴക്കോട്ടു ചരിയുന്ന തുടൎമ്മലയുടെ തെക്കേ അംശത്തിൽനിന്നു കിഴക്കു തെക്കോട്ടു ഒഴുകുന്ന വൈകൈയാറു,

കുണ്ടാറു, വൈപ്പാറു, താമ്രപൎണ്ണി എന്നീ പുഴകൾ വങ്കാള ഉൾക്കടലിൽ ഒഴുകുന്നു. പേരാറു എന്ന പൊന്നാനിപ്പുഴ മാത്രം കിഴക്കുനിന്നു പടിഞ്ഞാറോട്ടു ചെന്നു അറവിക്കടലെ തേടുന്നു. രണ്ടു മലനിരകളുടെ പടിഞ്ഞാറേ ചരുവിൽനിന്നും തെന്മലയുടെ കിഴക്കേ തടത്തിൽനിന്നും ഉറക്കുന്ന പുഴകൾ എല്ലാം അറവിക്കടലിൽ വീഴുന്നു.

വയനാട്ടിൻ മേല്പാട്ടിന്റെ ചേലും ഭാവവും ഒരുപ്രകാരം മലനാട്ടിലുള്ളതിനോടു ഒക്കുന്നതുകൊണ്ടു ചക്കക്കുരുളിന്നു തുല്യം എന്നു പറയാം.

6. മലച്ചിനെപ്പുകൾ. തള്ളമലയായ സഹ്യനിൽനിന്നും അതിൽനിന്നു പിരിയുന്ന മലവരികളിൽനിന്നും പല ചെറിയ വരികളും ശാഖകളും ചിനെച്ചു പുറപ്പെട്ടു കരനാടോളം പടൎന്നു കടലോടടുക്കുമളവിൽ താണുതാണു ചമയുന്നു. അവ വടക്കോട്ടും പടിഞ്ഞാറോട്ടും തിരിഞ്ഞു നോക്കുന്നു. അവററിന്റെ ഉയരത്തിന്നു ഒരു തിട്ടമായ സൂത്രം ഇല്ല; പലതു മലയിൽനിന്നു ദൂരപ്പെട്ടാലും മലയടുക്കേ നില്ക്കുന്നവററിൽ ഉയൎന്നിരിക്കും. താണ നാട്ടിൽ ഓരോ കുന്നു മേടുകളും വരിയായിട്ടോ ഒററയായിട്ടോ അവിടവിടേ മുഴെച്ചു നില്ക്കുന്നു. വടക്കേ മലയാളത്തിൽ കടലോളം മുന്തുന്നവ ഏറുകയും തെക്കേതിൽ കുറകയും ചെയ്യും. പല മലവരിക്കുന്നുകൾ തള്ളമലയേ അനുസരിച്ചു വടക്കു പടിഞ്ഞാറുള്ള നെററി കുത്തനെയും പുറം കിഴക്കോട്ടു ചരിഞ്ഞിട്ടും ഇരിക്കുന്നു. ചിലതിന്നു ഉരുണ്ട വടിവുണ്ടു. പരന്ന ചെങ്കൽപാറകളും ഓരോ കരിങ്കൽപാറകളും കാണാം.

ചില മുഖ്യ ചിനെപ്പുകളുടെ പേരുകൾ III, 1. കൊടുമുടികളുടെ കൂട്ടത്തിൽ പറഞ്ഞിരിക്കുന്നു.

തള്ളമല കരിങ്കല്ലാകും പോലെ ശേഷം വരിമലകുന്നുകളുടെ അടിസ്ഥാനത്തിൽ കരിങ്കൽ കിടക്കുന്നു. എന്നാലും പല ഇടങ്ങളിൽ എറിഞ്ഞ പോലെ ഓരോ കരിങ്കൽപാറകളെയും ഉരുളപ്പാറകളെയും ശേഷം മല കുന്നുകളോടു യാതൊരു ചേൎച്ചയില്ലാതെ അട്ടി നേരെ മറിഞ്ഞും പൊട്ടിയും നിലത്തിൽനിന്നു കുത്തനെയും മുന്തുന്ന കരിങ്കൽപാറകളേയും കാണാം. തിരുവില്വമാമല, ഇരിങ്ങപ്പാറ മുതലായ കരിങ്കൽപാറകൾ പ്രസിദ്ധം. മിക്ക കുന്നുകൾ ചെമ്മണ്ണു പൊതിഞ്ഞ ചെങ്കൽകുന്നുകൾ അത്രേ. മലയാളികൾ ചിന്തയില്ലാതെ കുന്നുകളുടെ മുകളിൽനിന്നു കാടു കളഞ്ഞതിനാൽ മഴ മണ്ണിനെ അരിച്ചുകൊണ്ടു പോയതു നിമിത്തം മിക്കതും പാഴായികിടക്കുന്നു. പലേടത്തു അടിയിലേ ചെങ്കല്ലിനെ വെളിയെ കാണാം. കുടകിൽ ഉള്ളതു പോലെ വയനാട്ടിലും ചില ഇടങ്ങളിൽ ചെങ്കല്ലുണ്ടു. കണ്ണാടിപ്പും കരിങ്കല്ലിന്നൊത്ത കടുപ്പവും ഉള്ള പരന്ന ചെങ്കൽപ്പാറകളെ വിശേഷിച്ചു ചന്ദ്രഗിരിതൊട്ടു കൂടാളിയോളവും, വണ്ടൂർ, മലപ്പുറം, അങ്ങാടിപ്പുറം, കുടക്കൽ എന്നീ സ്ഥലങ്ങൾക്കകത്തും, അവിടവി

ടെ മുമ്പെ പാൎത്ത മനുഷ്യരുടെ പല എടുപ്പുകളുടെ ശേഷിപ്പുകളേയും കാണാം. വയനാട്ടിൽ കുററിക്കാടുണ്ടാകാത്ത കരളകുന്നു വട്ടമായും ഉരുൾ്ച്ചയായും കിടാരി മൂടീട്ടും അവിടവിടേ നില്ക്കുന്നു.

7. മടകൾ: വടക്കു പടിഞ്ഞാറു പാറ കുത്തനെ നില്ക്കുന്ന ഓരോ ചെങ്കൽ കുന്നുകളുടെ പള്ളക്കൽ മലയാളത്തിൽ അവിടവിടേ നാട്ടുകാർ മട എന്നും വങ്കു എന്നും പറയുന്ന ഗുഹകൾ ഉണ്ടു. വായി ചുരുങ്ങിയാലും ഉള്ളു നീണ്ടു പള്ളിച്ചു അകലവും ഉയരവും വെച്ചു കാണുന്നു. ഇവററിന്നു 5—10 ആൾ തൊട്ടു 1000—2000 ആളോളവും അധികവും ഒളിച്ചിരിപ്പാൻ തക്ക വലിപ്പവും ഉണ്ടു. പലതിൽ ഇനിയും നരി മുതലായ ദുഷ്ട മൃഗങ്ങൾ അയൽവക്കത്തു നാശം വരുത്തികൊണ്ടു ഒതുങ്ങികിടക്കുന്നതല്ലാതെ നരിച്ചീറും മുള്ളനും അതിൽ മറഞ്ഞിരിക്കുന്നു. പണ്ടു സന്ന്യാസികളും കാട്ടാളരും തന്നെയല്ല കള്ളന്മാരും കവൎച്ചക്കാരും ഓരോ പടപ്പാച്ചലുകളിൽ നാട്ടുകാരും തല്ക്കാല രക്ഷക്കായി ഒളിച്ചു പാൎത്തു എന്നതു അതിൽ കാണുന്ന കഞ്ചാവു വലിക്കുന്ന ചിലിമ്പി, മോന്ത, തീച്ചട്ടി, ഓരോ പാത്രങ്ങൾ ചിരട്ട മുതലായ ശേഷിപ്പുകളാൽ തിരിയുന്നു. ഭയപ്പാടുള്ള മലയാളികൾ രാക്ഷസന്മാർ അതിൽ പാൎത്തപ്രകാരം പഴമയുണ്ടാക്കി. അതിന്നു ദാരികൻ ഗുഹ മുതലായ പേരുകൾ സാക്ഷി. ഈ മടകൾ ഉരുകിയ ചെങ്കൽ ആറുമ്പോൾ ഉരുത്തിരിഞ്ഞുളവായി എന്നു പറയാം.*

8. നിലപ്പുഷ്ടി: ഓരോ കുന്നുകളുടെ മുകൾപരപ്പു ഒരു വിധത്തിൽ തരിശായി കിടക്കയോ അല്ല അതിന്മേൽ എയ്യകുററി, നെയ്യുല്ല, കുതിരവാലൻ, കിടാരി എന്നീ പുരപ്പുല്ലുകൾ മാത്രം വളരുകയോ ചെയ്താലും ചരുവിൽ തരം പോലെ പറമ്പുകളും വിശേഷിച്ചു അരുവിൽ എത്രയും തഴെപ്പുള്ള നാലുഭയപ്പറമ്പുകളും അടിവാരത്തിൽ പൂലുള്ള കൃഷിനിലങ്ങളും ഉണ്ടു. മൺതാഴ്ച്ചെക്കു തക്കവണ്ണം കുന്നുകളുടെ പരപ്പിലും തടത്തിലും മോടൻ കൃഷിയും മുതിര, എള്ളു, പയറു കൃഷികളും ഇടയിട്ടു ചെയ്തുവരുന്നു. ഉയൎന്ന കുന്നിൻ പുറത്തുനിന്നു നോക്കിയാൽ കരിമ്പച്ചയും പച്ചളിപ്പും ഉള്ള താഴ്വരകളുടെ ഇടയിൽനിന്നു കുന്നുകളുടെ പുല്ലുനിറമുള്ള തലകൾ തുരുത്തുകണക്കേ പൊന്തി നില്ക്കുന്നു.

മൺതാഴ്ച്ചെയുള്ള താണ കുന്നുകൾക്കു മഴവെള്ളം അതിന്റെ മണ്ണും വളവും ഒലിച്ചുകൊണ്ടു പോകാതിരിക്കേണ്ടതിന്നു മുകളോളം കിളയും വരമ്പും കിളപ്പിച്ചു തട്ടു തട്ടായിട്ടു നിരത്തി നാലുഭയങ്ങളെ നട്ടുണ്ടാക്കുന്നു. ആൾ പാൎപ്പു കുറഞ്ഞ ഉൾനാട്ടിൽ വിശാല വെളിമ്പറമ്പുകൾ തരിശായി കിടക്കുന്നു.

---

* വെട്ടത്തുനാട്ടിലേ കുററിപ്പുറത്തിന്നടുക്കേ 200′ നീളവും 40-60′ അകലവും 10-15′ ഉയരവും ഉള്ള മടയുണ്ടു.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

രുസ്സക്കും തുൎക്കൎക്കും തമ്മിലുള്ള പടവിവരങ്ങൾ.

എയുരോപ്പയിലേ ചെസ്തി: — ജൂലായി 16നു- മൂന്നു നാൾ മുഴുവനും പോരാടിയ പിന്നെ രുസ്സർ നിക്കൊപുരി എന്ന നഗരത്തെയും 2 പാഷാമാരെയും 6000 പടയാളികളെയും 2 ഇരിമ്പുചുറക്കപ്പലുകളെയും പിടിക്കയും ബുൽഗാൎയ്യയിലേ തിൎന്നോവയെ തങ്ങളുടെ പടതലയിടം (Head-quarters) ആക്കുകയും ബൽകാൻ തുടൎമ്മലയെ ഒമിക്കാപ്പു കണ്ടിവാതിൽ വഴിയായി വമ്പടയോടെ കടക്കയും വൎണ്ണയിൽനിന്നു രുച്ചുക്കിലേക്കുള്ള തീവണ്ടിപ്പാതയെ മുറിക്കയും രുസ്സരുടെ കുതിരപ്പടകളായ കൊസക്കരും ബുൽഗാൎയ്യിലേ ക്രിസ്ത്യാനികളും മുഹമ്മദീയ നിവാസികളോടു ക്രൂരമായ പക വീളുകയും ചെയ്തു. ഹസ്കൂമ്പൂലിലേക്കു പോകുവാൻ ഭാവിക്കുന്ന രുസ്സരെ തടുക്കേണ്ടതിന്നു തുൎക്കർ ഒഴിവുള്ള സൈന്യങ്ങളെ എല്ലാം തിടുതിടുക്കമായി (അദ്ര്യാനപുരി) എദിൎന്നെയിലേക്കു അയച്ചു വരുന്നു.

രുസ്സ്യചക്രവൎത്തി ബുൽഗാൎയ്യയിൽ കാൽ വെച്ച ഉടനെ ജൂൻ 28നു-യിൽ ബുൽഗാൎയ്യൎക്കു ഒരു വിളംബരത്തെ ചമെച്ചു കൊടുത്തു. അതിലേ സാരം ആവിതു: പൊളിപ്പാനല്ല പണിയിപ്പാൻ അത്രേ നാം വന്നതു. ദൈവവശാൽ നിങ്ങളെ പോററുവാനും കഴിഞ്ഞ പടകലാപത്തിൽ ശിക്ഷിക്കാതെ വിട്ട കുററക്കാൎക്കു നീതിന്യായപ്രകാരമുള്ള ശിക്ഷയെ കഴിപ്പാനും നമ്മുടെ നോക്കം. രുസ്സ്യക്കൊടിക്കു കീഴ് ഭയപ്പെടാതെ ചേൎന്നു വരുവിൻ. മുസൽമാനരുടെ ക്രൂരവാഴ്ചയിൽനിന്നുള്ള വിടുതലിൻെറ നാഴിക ഇതാ വന്നിരിക്കുന്നു. നമ്മുടെ പടകൾ മുല്പുക്കു പിടിച്ചു വരുന്ന രാജ്യങ്ങളിൽ നാം ക്രമമുള്ള കോയ്മയെ സ്ഥാപിക്കും. നിങ്ങളോ രുസ്സ്യക്കോയ്മെക്കു കീഴ്പെട്ടു നമ്മുടെ ചൊൽപടിക്കു നടന്നാൽ സ്വസ്ഥതയും നിൎഭയവും അനുഭവിക്കും.

ജൂലായി 21 രുസ്സർ കസാൻലിക് പിടിക്കയും സുല്ത്താൻ പടെക്കു പോരുന്ന ആണുങ്ങൾ എല്ലാം പടയിൽ ചേരെണം എന്നു എദിൎന്നെ ക്രുരുപാട്ടിൽ കല്പിക്കയും ജൂലായി 22 പ്ലെവ്നാവെ പിടിക്കേണ്ടതിന്നു പ്രയാസപ്പെട്ട രുസ്സർ 2000 പേർ പട്ടിട്ടു തോല്ക്കയും വേറെ രുസ്സപടയെ നിസാപ്പ്രയിലേ തുൎക്കപ്പാളയത്തെ കോപ്പോടു കൈക്കലാക്കയും, ജൂലായി 24 രുസ്സർ രുശ്ശുക്കിനെ വളഞ്ഞു വാടയിടിപ്പൻതോക്കു (Siege-Artillery) കൊണ്ടു കോട്ടയിലേക്കു വെടിവെക്കയും (ഫിലിപ്പുപുരി) ഫിലിപ്പ്പെയിൽനിന്നു എദിൎന്നെയിലേക്കു ചെല്ലുന്ന പുകവണ്ടിപ്പാതെക്കു തടവുകൾ ഉണ്ടാക്കയും തുൎക്കരോ സിലിസ്ത്രിയ വൎണ്ണ ഷുമ്ല കോട്ടകൾക്കടുക്കേ രുസ്സരോടു ഓരോ പോരാട്ടങ്ങളെ (skirmishes) കഴിച്ചു പോരുകയും ചെയ്തിരിക്കുന്നു.

രുസ്സർ ബുല്ഗാരൎക്കു ആയുധങ്ങൾ കൊടുപ്പിച്ചു വരുന്നതല്ലാതെ രുസ്സ്യയിലേ പട്ടാളങ്ങളുടെ ചരതപ്പടയെയും (Reserves) നാട്ടുകാവൽപ്പടകളെയും (Landwehr) യുദ്ധത്തിന്നായി വിളിപ്പിക്കുന്നു. ജൂലായി 30നു- രുസ്സർ യെനിസാഗ്രയിൽനിന്നു പിൻവാങ്ങുമ്പോൾ 345 നഗരക്കാരെ വെറുതെ കൊന്നു കളഞ്ഞു പോൽ. ജൂലായി 27നു- രുസ്സർ കരമ്പുനാരിൽ സുലൈമൻ പാഷാവെ ജയിച്ചു 10 പീരങ്കി തോക്കുകളെ കൈക്കലാക്കിയിരിക്കുന്നു. ജൂലായി 31 മഹാപ്രഭുവായ അലെക്ഷന്തർ എന്ന രുസ്സ്യപടത്തലവൻ രുച്ചുക്കിന്നടുക്കേ അഹ്മെദ് ഇൗയുബ് പാഷാവിൻെറ സൈന്യത്തെ മണ്ടിച്ചു. ആഗൊസ്തു 6നു- രുസ്സർ വിട്ടിൻ കോട്ടെക്കു നേരെ ചട്ടിപ്പീരങ്കി കാളന്തോക്കുകളിൽനിന്നു വെടിവെപ്പാൻ തുടങ്ങി.

സഹ്യമലയുടെ ഉയരത്തിൽ പൊങ്ങുന്ന ബല്ക്കാൻ തുടൎമ്മലെക്കുള്ള ആറു മുഖ്യ കണ്ടിവാതിലുകളിൽനിന്നു രുസ്സർ ചിപ്കകണ്ടിവാതിലൊഴികേ ശേഷമുള്ളവററെ ഉപേക്ഷിക്കയും തുൎക്കർ അവററെ ഉറപ്പിക്കയും കസാൻലിക് സെലചി എന്ന സ്ഥലങ്ങളെ കൈക്കലാക്കയും ചെയ്തു.

തുൎക്കർ ഇത്രോടം യുരോപ്പയിൽ അധികം ചുറുചുറുപ്പു കാണിച്ചിട്ടില്ല. തുനാവിലേ ചെറിയ തുൎക്കപ്പോൎക്കപ്പൽക്കൂട്ടംകൊണ്ടു രുസ്സരെ കടക്കാതാക്കുന്നതിന്നു പകരം രുസ്സർ ബ്രായിലയിൽ ഒരു കരതൊട്ടു മറുകരയോളം തുനാവിൽ പിടിപ്പതു തരിപ്പൻ ആഴ്ത്തികളഞ്ഞതുകൊണ്ടു ആ പോൎക്കപ്പലുകളെ തടുത്തു വെച്ചിരിക്കുന്നു. വിട്ടിൻ രുച്ചുക് എന്നീ കോട്ടകൾക്കിടയിൽ തുൎക്കർ നിനയാത്ത സമയത്തു രുസ്സർ കടക്കയും പേണ പോലേ നാട്ടിൽ മുല്പുക്കയും മച്ചിന്നടുക്കെ ആയവർ ഒരു തിരപ്പപ്പാലത്തെ ഉണ്ടാക്കുന്നതു തുൎക്കർ വിലെക്കാതേ നോക്കിക്കൊണ്ടിരിക്കയും മററുമുള്ള ഉപേക്ഷകൾ വലിയ തപ്പുകൾ തന്നെ.

രുസ്സർ ജൂൻ 24നു- റുച്ചുക്കിനെ വെടിവെച്ചപ്പോൾ ദീനശാല അനാഥശാല പള്ളിക്കൂടം പള്ളി ഇംഗ്ലിഷ് ശമ്മാന പരന്ത്രീസ്സ് തുടങ്ങിയ കോയ്മകളുടെ സ്ഥാനാപതികളുടെ ബങ്ക്ലാവു മുതലായ എടുപ്പുകളെ കല്പിച്ചു കൂട്ടി വെടി വെച്ചതിനാൽ നഗരം മുഴുവനും പാഴാക്കിക്കളഞ്ഞതുകൊണ്ടു കേൾക്കുന്നവൎക്കു ചീററവും എരിച്ചലും പിടിച്ചു പോയി. നിക്കൊപുരിയെ പിടിച്ചതുകൊണ്ടു തുനാനദിയുടെ ഒരു നല്ല കടവും ചിപ്ക[illegible] ബല്ക്കാൻ മലയെ കടക്കുന്ന ഒരു ചുരവും രുസ്സരുടെ കൈയിൽ ആയാലും ബല്ക്കാൻെറ വടക്കേ പുറത്തു കിഴക്കുള്ള നാലു കോട്ടകളിൽനിന്നും പടിഞ്ഞാറുള്ള പടകളിൽനിന്നും ബല്ക്കാൻെറ തെക്കേ വശത്തു പലയിടങ്ങളിൽനിന്നും തുൎക്കൎക്കു അവരെ അലമ്പലാക്കുവാൻ വേണ്ടുന്ന കഴിവുണ്ടു. മൂന്നു ലക്ഷത്തിൽ പരമുള്ള രുസ്സരുടെ യുദ്ധബലങ്ങൾ തുൎക്കരാജ്യത്തെ ജയിച്ചടക്കുവാൻ ഒട്ടും പോരാ. ആന കൊപ്പത്തിൽ വീണതു പോലേ ആയ്ത്തീരാഞ്ഞാൽ അവൎക്കു നന്നു. ഠരം പട എങ്ങനെ അവസാനിക്കും എന്നു ആൎക്കും ഇപ്പോൾ പറഞ്ഞു കൂടാ.

കാലികാതയിലേ മുഹമ്മദീയർ ജൂലായി 12ആമതിൽ തുൎക്കരുടെ പക്ഷത്തിൽ മുറിയേററവൎക്കും വിധവമാൎക്കും അനാഥ കുട്ടികൾക്കും സഹായം ചെയ്യേണ്ടതിന്നു ഭാരതഖണ്ഡത്തിലേ മുഹമ്മദീയർ ക്രിസ്ത്യാനികൾ യഹൂദർ ഹിന്തുക്കൾ ബൌദ്ധർ ജൈനർ (ജിനമതക്കാർ) ഫാൎസ്സികൾ എന്നിവരോടു അപേക്ഷിച്ചു. ആഗൊസ്തോളം ചെന്നപ്പട്ടണമുസൽമാനർ ഉ. 51,000 പണം തുൎക്കൎക്കു കൊടുത്തയച്ചിരിക്കുന്നു.

രൂമിസുല്ത്താൻ അല്ലെങ്കിൽ ഖാലിഫ് മക്കാവിലേ ഷെരിഫിനോടു തുണെപ്പതിന്നായി യാചിക്കയാൽ അദ്ദേഹം കാബയിലേ ഭണ്ഡാരത്തെ പൊളിപ്പാൻ കല്പിച്ചപ്പോൾ 2000 ലക്ഷം രൂമപിയസ്സർ (120 ലക്ഷം രൂപ്പിക) കണ്ടിരിക്കുന്നു. ഭണ്ഡാരത്തെ ഠരം നൂററാണ്ടിൻെറ ആരംഭം തൊട്ടു പൊളിച്ചു നോക്കീട്ടില്ലയായിരുന്നു പോൽ.

൨ ആസ്യയിലെ പോർവിവരങ്ങൾ: — ജൂലായി 22 നു- രുസ്സർ കാൎസ്സിൻെറ മുമ്പിൽ തുൎക്കരെ എതിൎത്തപ്പോൾ ആൾ ഏറപട്ടും വെടിക്കോപ്പും (ammunition) കൊററും (provisions) പലതും കളഞ്ഞും വലിയ തോല്വി തട്ടിയതിനാൽ പിൻവാങ്ങുകയും ജൂലായി 26 നു- ബയജിദിനെ ഒഴിച്ചു പോകയും ചെയ്തിരിക്കുന്നു. ആഗൊസ്തു 6നു- തുൎക്കർ കൌകസ് മലപ്രദേശത്തിൽ കയറി രുസ്സരോടു പട വെട്ടുവാൻ ആവശ്യമില്ല എന്നു നിശ്ചയിച്ചതു രുസ്സർ പുതുതായി അൎമ്മിന്ന്യ നാടിനെ ആക്രമിപ്പാൻ വിചാരിക്കുന്നതുകൊണ്ടു ആയിരിക്കും. അൎമ്മിന്ന്യയിലുള്ള തോല്വതാഴ്ചകളാൽ രുസ്സൎക്കു പെരുത്തു ആധി പിടിച്ചിരിക്കുന്നു.

ആസ്യാ Asia.
ഭാരതഖണ്ഡം.

ചെന്നപ്പട്ടണം: — തേവടിച്ചികളുടെ പെൺമക്കളെ കോയ്മയുടെ പെൺകുട്ടികളുടെ എഴുത്തു പള്ളികളിൽ കൈക്കൊള്ളാതെ ഇരിക്കേണ്ടതിന്നു പല പുള്ളിക്കാരായ ഹിന്തുക്കൾ മേൽക്കോയ്മെക്കു ഹൎജ്ജി ബോധിപ്പിച്ചിരിക്കുന്നു.

പഞ്ചത്താൽ പുറനാട്ടു കച്ചവടത്തിന്നു പലപ്രകാരം വീഴ്ച തട്ടിയിരിക്കുന്നു. 1877/78 ആമതിൽ ഏപ്രിൽ മേയി മാസങ്ങളുടെ കടൽ ചുങ്കത്തിൻെറ വരുമാനം ഇറക്കുമതിയിൽ അല്പമായും ഏററുമതിയിൽ പെരുത്തിട്ടും കുറെഞ്ഞു പോയിരിക്കുന്നതിവ്വണ്ണം:

	ഇറക്കുമതി	ഏററുമതി
1873/74	ഉ. 2,82,470	ഉ. 2,47,190
1874/75	2,88,437	1,89,977
1875/76	2,87,383	2,28,241
1876/77	2,97,406	1,18,005
1877/78	2,34,099	29,713

ഈ പട്ടികയുടെ താല്പൎയ്യമോ വിലാത്തിച്ചരക്കു വാങ്ങേണ്ടതിന്നു പണം കുറഞ്ഞു കുറഞ്ഞു വരുന്നതു കൂടാതെ വിലാത്തിക്കയക്കേണ്ടതിന്നു ചരക്കുമില്ല. ചെന്നപ്പട്ടണം തുത്തുക്കുടി കൊക്കനാദം എന്നീ തുറമുഖങ്ങളിൽനിന്നു 1873-1876 ചകട്ടു മേനിയായി ജനുവരിതൊട്ടു മേയിവരെക്കും 1,62,459 ശതത്തുക്കം പരുത്തി അയക്കാറായിരിക്കേ 1877ാമതിൽ 21,208 ശതത്തുക്കം കയറേറണ്ടതിന്നു കഴിവുവന്നുള്ളു. പക്ഷേ പഞ്ചത്താൽ മാണ്ടു പോയ കന്നുകാലികളുടെ തോൽ കുറേശ്ശ അയപ്പാൻ ഉണ്ടാകും.

ഭാരതഖണ്ഡത്തിൽ വളൎന്നുണ്ടാകുന്ന പരുത്തിയെ ആവിയന്ത്രങ്ങളെക്കൊണ്ടു നൂല്ക്കുവാനും നെയ്യ്വാനും 2 കൂററായ്മക്കച്ചവടക്കാർ ചെന്നപ്പട്ടണത്തിൽ ആരംഭിച്ചിരിക്കുന്നു. ബൊംബായിൽ 9 ആവിനൂററു നെയ്ത്തു കൂററായ്മക്കാർ ഉണ്ടു. അവരവൎക്കു നൂററിന്നു 9 തൊട്ടു 25½ ഓളവും ചകട്ടു മേനി നോക്കിയാൽ നൂററിന്നു 16 പ്രകാരവും രൂപ്പിക ലാഭം ഉണ്ടു.

397552 ആൾ ഉള്ള ഈ നഗരത്തിൽ ജൂലായി 14 — 20 ഓളം ഉള്ള ആഴ്ചവട്ടത്തിൽ ആകേ 1150 ആൾ ദീനപഞ്ചങ്ങളാൽ മരിച്ചിരിക്കുന്നു. ഈ വീതത്തിൽ ഒരു കൊല്ലത്തിന്നകം

ഏകദേശം 60,000 ആൾ മരിക്കം എന്ന കാങ്കെ കൊണ്ടു പിറവികളെ കൂട്ടിയാലും 10 വത്സരം കൊണ്ടു ഇപ്പൊഴത്തെ നിവാസികൾ തീൎന്ന പോകം.

നെല്ലൂർ, കടപാ, ബല്ലാരി, കൎന്നൂൽ, ചെങ്കൽപേട്ട, വടആൎക്കാട്ട, മധുര, കോയമ്പത്തൂർ, ചേലം എന്നീ താലൂക്കുകളിൽ ആകേ 1,4305,997 നിവാസികൾ ഉണ്ടു. ഇവരിൽനിന്ന 9,02,667 ധൎമ്മറാമത്തുപണി എടുക്കയും 7,02,992 പേർ ധൎമ്മക്കഞ്ഞി അനുഭവിക്കയും ചെയ്യുന്നു. ഈ കണക്കിന്ന ഒമ്പതു പേരിൽ നിന്ന ഒരുത്തൻ ധൎമ്മം കൈക്കൊള്ളുന്നതു കൊണ്ടു ഞെരിക്കം വളരെ ഉണ്ടെന്ന അറിയാം.

മദാശിസംസ്ഥാനത്തിൽ മിക്കജില്ലകളിൽ വേണ്ടുന്ന മഴ പെയ്യു വരുന്നതുകൊണ്ടു നവധാന്യങ്ങളുടെ വില താണില്ലെങ്കിലും മനുഷ്യൎക്കു ആശ്വാസം വന്ന തുടങ്ങി.

ധൎമ്മറാമത്തു പണി എടുത്തു വരുന്നവരുടെ സുഖാസുഖത്തെ അറിയേണ്ടതിന്ന നെല്ലൂരിൽ ഒരു വിലാത്തി ശസ്ത്രവൈദ്യർ (ടാക്ടേർ) ഏറിയ ആളുകളെ കൂടക്കൂടെ നൊക്കി നോക്കുവാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ കാഞ്ഞു വളൎന്നവൎക്കും നീരുള്ളവൎക്കും മാത്രം കനം ഏറീട്ടുള്ളു; മിക്ക പേരുടെ ശരീരത്തുക്കം ചുരുങ്ങുകയും ചെയ്യു. ആയതു ഏററവും സങ്കടം തന്നെ.

ജൂലായി 19. ആവടി തൊട്ടു തിരുവല്ലൂരോളം ഇരട്ട തീവണ്ടിപ്പാത തീൎന്ന പോയി. തിരുവല്ലൂരിൽനിന്ന അറക്കോണത്തോളം നിരത്തിവരുന്ന ഇരട്ടപ്പാത ഒരു മാസത്തിന്നകം പണിതു തീരും എന്ന തോന്നുന്നു.

മഹിഷാസുരം:—ക്രമമായി മഴ പെയ്യാൽ കൊല്ലം ഒന്നിൽ 34 അംഗുലം ഉണ്ടാകം. 1875 ആമതിൽ $22\frac{1}{2}$ ഉം 1876 ആമതിൽ $17\frac{1}{2}$ ഉം മാത്ര പെയ്യതിനാൽ വളരെ ക്ഷാമം പിടിച്ചു. ഏകദേശം 50 ലക്ഷത്തോളം ആളുള്ള ഈ രാജ്യത്തിന്ന ആഴ്ചവട്ടന്തോറും 4000 ഭാരം അരി വേണ്ടി വരുന്നതു കൊണ്ടും $12\frac{1}{2}$ ലക്ഷം ആൾ ഏഴ ആഴ്ചയകം 4000 ഭാരം തിന്നുന്നതു കൊണ്ടും നാട്ടിൽ കാലംശം പേർ പുറനാട്ടിൽനിന്ന കൊണ്ടു വരുന്ന ധാന്യത്താൽ ഉപജീവിക്കുന്നു എന്ന തെളിയും.

നിജാം:—പൂണാതൊട്ടു രായച്ചുരത്തോളമുള്ള കിണറുകൾ ഏകദേശം പൊട്ടായി പോയതുകൊണ്ടു പുകവണ്ടിയന്ത്രങ്ങൾക്കു വേണ്ടുന്ന വെള്ളം ഇല്ലായ്കയാൽ പഞ്ചമുള്ള ഈ നാട്ടിലേക്കു പുകവണ്ടികൊണ്ടു നവധാന്യങ്ങളെ എത്തിക്കുന്നതു നിൎത്തേണ്ടി വന്നു. രായച്ചുരം ഗ്രുൎബഗ്ഗ് ലിംഗസാഗരം എന്നീ സ്ഥലങ്ങളിൽ ഒരിക്കോൎക്കു ധൎമ്മക്കഞ്ഞി കൊടുത്തു വരുന്നു. ചില പുകവണ്ടിസ്ഥാനങ്ങളിൽ കയറേറണ്ടതിന്ന സൂക്ഷിച്ചു വെച്ച അരിച്ചാക്കുകളിൽ നിന്ന വളരെ അരി കളവു പോകുന്നു. ഒരു സ്ഥലത്തിൽ പുകവണ്ടി കുന്ന കയറുമ്പോൾ 45 ചാക്കു കവൎന്ന തള്ളിയിട്ടിരിക്കുന്നു.

തെക്കെ തിരുവിതാംകോട്ടിൽ ജൂലായി മാസത്തിൽ ഏരി ചിറ കളും പുഴ തോടുകൾ കവിയത്തക്കവണ്ണം മഴ പെയ്കയും അശമ്പു മലകളിൽ ജ്രൂൻമാസത്തിൽ 50 വിരലോളം മഴ വീഴുകയും ചെയ്യുതുകൊണ്ടു ആ നാട്ട വായ്ച്ചു വരുന്നു.

കോഴിക്കോട്:— ഞാറക്കല്ലിൽനിന്ന പുഴ തോട്ട വഴിയായി താനിയൂരിലേക്കു അരി കൊണ്ടുവരുന്നു. പാണ്ടിശാലകളിൽ അരി അധികമില്ലായ്കയാൽ തലശ്ശേരി കണ്ണനൂർ നഗരങ്ങളിൽനിന്ന കൊടുത്തയച്ചു വരുന്ന എങ്കിലും മിക്കതും കിഴക്കോട്ട പോകുന്നു. എളിയവൎക്കു പെരുത്തു വലെച്ചൽ തട്ടിയിരിക്കുന്നു.

കണ്ണനൂർ:—ജൂലായി മാസത്തിൽ 40-45 വിരൽ മഴെക്കു പകരമായി ഏകദേശം 12 വിരൽ മാത്രം മഴ പെയ്യായ്കയാൽ താണ കൈപ്പാടങ്ങളിലെ നെല്ലു ഓവ്വെള്ളംകൊണ്ടു മിക്കതും വെന്തുപോകയും ഉയൎന്ന കൈപ്പാടങ്ങളിൽ ഒരുമാതിരിയായിട്ടും മണൽപാടങ്ങൾ എല്ലാം പഴുപ്പോട്ടം നില്ക്കയും നാട്ടികൾ വെച്ചേടത്തു ഇരുന്നുപോകയും കഴമക്കണ്ടങ്ങളിലെ വെള്ളങ്ങൾ ഒക്ക വററിപ്പോകയും പറമ്പുകൃഷി വളരാതെ ചെന്നിറമായി കിടക്കയും ചെയ്യുന്നു. പുനകൃഷി മുപ്പതിററാണ്ടിടക്കു ഇത്ര നന്നായിട്ടില്ല എന്ന കേൾക്കുന്നു. എന്നാൽ ആഗൊസ്തിൽ ഇതു മഴവന്നു മാറിപ്പോയതു 1-16നുവരെ ഏകദേശം $21\frac{1}{2}$ അംഗുലം മഴ പെയ്കയാൽ തന്നെ. ഇതിന്നായി ദൈവത്തിന്നു സ്തോത്രം ഉണ്ടാക. മിക്ക കൃഷി നന്നായി വരുന്നെങ്കിലും ചില താണ കൈപ്പാടങ്ങളിൽ വെള്ളം കെട്ടിനിന്നതിനാൽ ചീഞ്ഞുപോയി.

ബല്ലാരിയിലെ പഞ്ചം നിമിത്തം അവിടെ പാൎപ്പിച്ച പട്ടാളക്കാൎക്കും കുതിരകൾക്കും വേണ്ടുന്ന കൊററു കിട്ടായ്കയാലും ഉള്ളതിന്ന വില പെരുത്തിരിക്കയാലും അവരെ പല സ്ഥലങ്ങളിലേക്കു മാററുവാൻ പോകുന്നു. അവിടെയുള്ള ശിപായിപ്പട്ടാളങ്ങളിൽ ഒന്ന കണ്ണനൂൎക്കു മാററത്തിന്ന കല്പന വന്ന എന്ന കേൾക്കുന്ന പ്രകാരം ആയാൽ ചില സമയത്തോളം മൂന്ന ശിപായിപ്പട്ടാളങ്ങൾ ഇവിടെ ഇരിക്കും.

നടപ്പുദീനം കുറുപാട്ട തുറുക്കിലും അടുത്ത

ഇടങ്ങളിലും വളഭട്ടണത്തും കോവിൽക്കണ്ടിയിലും മററും പല ഇടങ്ങളിൽ ബാധിച്ചിരിക്കുന്നു.

മിദിയാൻ:— തിരുവെഴുത്തുകളിൽ ൧ മോശ ൩൭, ൨൮, ൨ മോശ ൨, ൧൫ ഇത്യാദി പ്രകാരം പണ്ടേ ശ്രുതിപ്പെട്ട ഈ നാട്ടു ചെങ്കടലിന്റെ കിഴക്കെ കൈവഴിയായ അക്കാബയുടെ (ബാർ അക്കാബാ) കിഴക്കേ കരപ്രദേശത്തിൽ കിടക്കുന്നു. (ഈ കൈവഴിയുടെ വടക്കേ തലക്കൽ ൨ രാജാക്കന്മാർ ൧൪, ൨൨ പ്രകാരം മുങ്കാലങ്ങളിൽ എലാഥ് നഗരം ഉണ്ടായിരുന്നു). എന്നാൽ മേൽചൊന്ന മിദിയാനിൽ നായകനായ ബൎത്തൻ എന്ന ഇംഗ്ലിഷ്കാരൻ പെരുത്തു ചന്നം (പൊമ്പൊടി) കണ്ടെത്തി. മിസ്രയിലെ ഖെദിവ് തനിക്കു കീഴ്പ്പെട്ട ഈ രാജ്യത്തിലെ ചന്നം അരിച്ചു എടുപ്പിച്ചു വരുന്നു.

സിബീര്യ:— ഈയിടെ ചില രുസ്സർ നീക്കട്ടയിൽ മരയിച്ചു കേടു വരാത്ത ഓർ ആനയെ കണ്ടെത്തി അതിന്റെ ഇറച്ചിയെ തിന്നിരിക്കുന്നു. ആ നാട്ടിൽ മുങ്കാലത്തും ആനയില്ലായ്കയാൽ ആയതു ഹിമാലയപൎവ്വതത്തിൽ നിന്നു ജലപ്രളയത്താൽ അവിടേക്കു ഒലിച്ചു പോയതിൽ പിന്നെ അവിടെ വെള്ളവുമായി ഉറെച്ചായിരിക്കും.

കാലായിപെറുക്കു Gleanings.

മഴെക്കായിട്ടുള്ള പ്രാൎത്ഥന:— ചെന്നപ്പട്ടണത്തിൽ വസിക്കും ഇംഗ്ലിഷ് അദ്ധ്യക്ഷൻ ക്ഷാമം തീരുവോളം ആഗൊസ്തു 22നു തുടങ്ങി ബുധൻ വെള്ളിയാഴ്ചകളിലും സഭാതോറും മഴക്കായി പ്രാൎത്ഥന കഴിക്കേണ്ടതിന്നു ഉപദേഷ്ടാക്കന്മാരെ പ്രബോധിപ്പിച്ചിരിക്കുന്നു.

രാജപുത്രസ്ഥാനത്തിലെ അവഭക്തി:— മേവാട്ടിലെ നിവാസികൾ മനുഷ്യൎക്കോ കന്നുകാലികൾക്കോ എന്തെങ്കിലും ഒരു ദീനവും ദണ്ഡവും നേരിടുന്നതു വല്ല കിഴവിമാർ അവറ്റെ മാട്ടാക്കികളഞ്ഞതുകൊണ്ടത്രെ ആകുന്നുള്ളു എന്നു എണ്ണി ഇതിററാൽ തൊണ്ടികൾക്കു മാട്ടക്കാരത്തികളെന്ന (witches) പേരിട്ടു കൊല്ലുന്തോറും സംശയമുള്ളവരെ കൊണ്ടു ചെടിലാട്ടം (swinging on a hook) കഴിപ്പിക്കാറുണ്ടു. കാളിയുടെ പ്രസാദത്തിന്നായി നടത്തുന്ന ഈ ദേവപരീക്ഷയാൽ മരിക്കുന്നവർ കുററക്കാർ തന്നെ എന്നു അവരുടെ സിദ്ധാന്തം. ആ നാട്ടുകാർ വല്ലേടത്തു നടത്തുവാൻ ഭാവിക്കുന്ന ചെടിലാട്ടത്തെ കോയ്മയുടെ ഉദ്യോഗസ്ഥന്മാർ വിലക്കുവാൻ ഓങ്ങിയാൽ തറക്കാർ ഇതു മതകാൎയ്യം എന്നുവെച്ചു പലപ്പോഴും വൈരാഗ്യം പിടിച്ചു എതിൎത്തു നില്ക്കുന്നതുകൊണ്ടു ആയവർ ആയുധങ്ങളെ പ്രയോഗിക്കേണ്ടി വരുന്നു. രാജപുത്രസ്ഥാനക്കാർ മുമ്പെ നരമേധങ്ങളെ കഴിക്കാറുണ്ടായിരുന്നു. എങ്ങനെ എങ്കിലും ജയപുരിയിലേ അംഭർ എന്ന മൂല നഗരത്തിൽ സില്ല ദേവിയുടെ ക്ഷേത്രത്തിൽ മുങ്കാലത്തു ദിവസന്തോറും നരമേധം കഴിക്കുന്നതു പതിവു എന്നു പഴമയാൽ അറിയുന്നു. പോയ ആണ്ടിൽ സരോഹിയിലെ രായർ പട്ടുപോയ ശേഷം അനന്തരവനായ ഉമ്മത്തുസിങ്ങ് രായരെ വാഴിക്കുമ്പോൾ 7 പുരുഷന്മാർ നരമേധത്തിന്നു ആവശ്യം എന്നു മഴവാഴികളായ സരോഹിയിലേ വില്ലർ കേട്ടു ഭയപ്പെട്ടു നാലു ദിക്കിലേക്കോടി പ്രബോധനം ഒട്ടും കൂട്ടാക്കാതെ അരിയിട്ടു വാഴ്ച കഴിഞ്ഞിട്ടേ തങ്ങളുടെ മലകളിൽ മടങ്ങി ചെന്നുള്ളു.

തന്റെ പകയക്കു ദൈവകോപവും ശിക്ഷയും പിണെച്ചു വരേണ്ടതിന്നു രാജപുത്രസ്ഥാനത്തിൽ പലരും തങ്ങളെ ഉയിരോടെ കുഴിച്ചിടീക്കാറുണ്ടു (സമാധി ചെയ്ക). താൻ ചെയ്യിക്കുന്ന ഈ ആത്മഹത്യാദോഷത്താൽ തനിക്കത്രെ കുററം എന്നു ചിന്തിക്കാതെ മററവർ തന്നെക്കൊണ്ടു ചെയ്യിച്ചപ്രകാരം അവൎക്കു കുററമായി തീരും എന്നു മതിക്കുന്നതു നന്മതിന്മകളെ ചൊല്ലി കലങ്ങിയ ബോധത്താലും പകവീളുന്ന ഭാവത്താലും ആകുന്നു. ഇങ്ങിനെ തന്റെ സങ്കടത്തെ എടുക്കാത്ത കോയ്മയോടു താൻ അതിനെ നേരെ ബോധിപ്പിച്ചു ചിന്തിച്ച കാൎയ്യം സാധിക്കേണ്ടതിന്നു ഒരുത്തൻ ഈയിടേ ഉലപാട്ടിൽ ഓടുന്ന പുകവണ്ടിയെ മറിപ്പാൻ തുനിഞ്ഞു. 1875 ഏപ്രിലിൽ സിദ്ധന്മാർ എന്നൊരു വക ഭിക്ഷുക്കളുടെ തലവന്മാരായ മൂന്നു മഹാന്മാർ (മഹന്തു) രായരുടെ ദയ കിട്ടേണ്ടതിന്നു ബിക്കനീരിൽ വെച്ചു സമാധിക്കായി വലിയ ഒരുമ്പാടുകളെ ഒരുക്കുകയും ചെയ്തു. അതുപോലെ ആൎക്കെങ്കിലും വല്ലതും ന്യായമായി സാധിപ്പിപ്പാൻ വഴി മുട്ടികിടന്നാൽ സമാധി ചെയ്യിച്ചു കാൎയ്യസാദ്ധ്യം വരുത്തും. ഈ വക തൊഴിൽ മനുഷ്യർ ദേവന്മാരെ തപസ്സുകൊണ്ടു ഹേമിക്കുന്ന കണക്കെ അഴിനിലപൂണ്ട ദൈവസിദ്ധാന്തത്തിൽനിന്നു പുറപ്പെടുന്ന ഇവർ ദോഷത്തിന്നായി ചെയ്യുമ്പോലെ ക്രിസ്ത്യാനികൾ കൎത്താവു കല്പിച്ച വഴിയിലും പ്രകാരത്തിലും വിശ്വാസമുള്ള പ്രാൎത്ഥനയിൽ അഭിനിവേശിച്ചിരുന്നുവെങ്കിൽ എത്ര നല്ലതു. ജീവനു വിലമതിക്കാത്ത ആ നാട്ടുകാരിൽ കുഷ്ഠരോഗികൾ ഉയിരിനെ പെറുത്തു തങ്ങൾക്കു സമാധി ചെയ്യിപ്പിക്കുന്നതു ആശ്ചൎയ്യമല്ലാതാനും.

Bomb. Guard.

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. OCTOBER 1877. No. 10.

MACAULAY.

മക്കോലേ.



ഇംഗ്ലണ്ടിന്റെ ചരിത്രം എത്രയും വെടിപ്പായി എഴുതി പ്രസിദ്ധപ്പെടുത്തിയതിനാൽ ഭൂലോകത്തിൽ എങ്ങും കീൎത്തിപ്പെട്ടിരിക്കുന്ന മക്കോലേ,

എന്ന മഹാപണ്ഡിതൻ ചില സംവത്സരം ഈ ഹിന്തുരാജ്യത്തിൽ പാൎത്തതിൻെറ ഒരു ചുരുങ്ങിയ വിവരം വായിപ്പാൻ പലൎക്കും രസം തോന്നുമായിരിക്കും. അദ്ദേഹം ഇംഗ്ലിഷകോയ്മെക്കു വളരെ സഹായം ചെയ്തു, പ്രത്യേകം ഇന്ത്യയിലെ കാൎയ്യാദികളെ ക്രമപ്പെടുത്തുവാൻ അത്യുത്സാഹം കഴിച്ചതുകൊണ്ടു, പ്രധാനമന്ത്രി അവനു സൎവ്വദേശാധിപതിയുമായി ഇന്ത്യയെ വാഴുന്ന ആലോചനസഭയിൽ ഒരു സ്ഥാനം കൊടുപ്പാൻ നിശ്ചയിച്ചു. ആ സ്ഥാനത്തിലെ കാലത്താലുള്ള വരവു പതിനായിരം പൌണ്ട് തന്നെ. ജന്മഭൂമിയെ വിട്ടു അന്യരാജ്യത്തിൽ പാൎപ്പാൻ തനിക്കു നല്ല മനസ്സില്ലെങ്കിലും, ഈ വരവുകൊണ്ടു കിഴവനായ അഛ്ശന്നും അനുജന്മാൎക്കും അനുജത്തികൾക്കും വേണ്ടുന്ന സഹായം ചെയ്യാമല്ലൊ, എന്നു അവൻ വിചാരിച്ചു ആ സ്ഥാനത്തെ ഏററു, 1834 ഫിബ്രുവരി മാസത്തിൽ ഒർ അനുജത്തിയോടു കൂടെ കപ്പലേറി, ജൂൻ മാസം മദ്രാസിൽ എത്തി കരെക്കിറങ്ങി. അന്നേത്ത സൎവ്വദേശാധിപതിയായ ലാൎഡ് വില്യം ബെന്തിങ്ങ് ആ സമയത്തു സൌഖ്യത്തിന്നായി നീലഗിരിയിൽ പാൎക്കകൊണ്ടു, മക്കോലേയും അനുജത്തിയോടു കൂടെ അവിടേക്കു ചെന്നു ചില മാസം താമസിക്കേണ്ടിവന്നു. അവൻ അവിടെ പാൎക്കുമ്പോൾ തഞ്ചാവൂരിലെ ക്രിസ്ത്യാനികൾ തങ്ങളുടെ സഭകളിൽ ജാതിഭേദം നടത്തിപ്പാൻവേണ്ടി തങ്ങളുടെ പാതിരിമാരുടെ മേൽ അന്യായം ബോധിപ്പിച്ചുകൊണ്ടു അവൻെറ അടുക്കൽ വന്നു, എങ്കിലും ഈ കാൎയ്യത്തിൽ എനിക്കു ന്യായാധിപതിയായിരിപ്പാൻ മനസ്സില്ല, എന്നു അവൻ ചൊല്ലി, അവരെ ന്യായാസനത്തിൻമുമ്പിൽനിന്നു ആട്ടിക്കളഞ്ഞു.

നീലഗിരിയിൽനിന്നു അവൻ കല്ക്കത്തയിലേക്കു ചെന്നു, നാലു സംവത്സരത്തോളം പാൎക്കുന്നതിൻ ഇടയിൽ ഈ ഹിന്തു രാജ്യത്തിൻെറ ഗുണീകരണത്തിന്നായി വളരെ അദ്ധ്വാനിച്ചുപോന്നു. കീൎത്തിതമായി വന്നിരിക്കുന്ന പെനൽ കോട് (Penal Code) എന്ന നീതിശാസ്ത്രവും, കോട് ഒഫ് ക്രിമിനാൽ പ്രൊസട്ടർ (Code of Criminal Procedure) എന്ന വ്യവഹാരശാസ്ത്രവും മിക്കതും അവൻെറ കൃതി തന്നെ. അവൻ ഈ നാട്ടിൽ എത്തിയപ്പോൾ സൎക്കാർ വിദ്യാശാലകളിൽ നടക്കേണ്ടുന്ന പഠിപ്പിനെ കുറിച്ചു വലിയൊരു വിവാദം നടന്നുവന്നു. ഇന്നേയോളം ഉണ്ടായതു പോലെ സംസ്കൃതം മുതലായ നാട്ടുവിദ്യകൾ മതി, മറെറാന്നും വേണ്ടാ, എന്നൊരു പക്ഷം. ലഘുതര വിദ്യകൾ നാട്ടുഭാഷകളിലും ഉയൎന്നവ ഇംഗ്ലിഷഭാഷയിലും പഠിപ്പിച്ചു വരേണം, എന്നു മറെറ പക്ഷം. ഈ തൎക്കത്തെ മക്കോലേ തീൎത്തു, അന്നു തുടങ്ങി ഇതുവരെയും ഈ ദേശക്കാൎക്കു വളരെ ഗുണവും ശ്രീത്വവും വരുത്തിയ ക്രമത്തെ രാജ്യധൎമ്മമാക്കി, ഓരോ പുതിയ വിദ്യാശാലകളെയും എഴുത്തു പള്ളികളെയും സ്ഥാപിച്ചു, ഹിന്തുക്കളുടെ കു

ട്ടികളെയും ബാല്യക്കാരെയും നല്ല തക്കത്തിൽ പഠിപ്പിപ്പാൻ ഏറിയ പ്രയത്നം കഴിക്കയും ചെയ്തു. ഈ വിദ്യാശാലകളിലും എഴുത്തുപള്ളികളിലും പഠിക്കുന്ന ഹിന്തുക്കൾ ബിംബാരാധനയെ വിട്ടു ജീവനുള്ള ദൈവത്തെ ആത്മാവിലും സത്യത്തിലും സേവിപ്പാനുള്ള സമയം അടുത്തിരിക്കുന്നു, എന്നു അവൻ കല്കുത്തയിൽനിന്നു തൻെറ അഛ്ശന്നു ഒരു കത്തിൽ എഴുതിയതു ദൈവകരുണയാൽ നിവൃത്തിച്ചുവരേണം, എന്നു ഈ ഹിന്തുജാതികളെ സത്യമായി സ്നേഹിക്കുന്നവരുടെ പ്രാൎത്ഥന തന്നെ.

അവൻെറ ഇളയപ്പനായ ജനരാൽ മക്കോലേ മരിച്ചപ്പോൾ അവന്നു പതിനായിരം പൌണ്ടിൻെറ അവകാശം കിട്ടിയതല്ലാതെ, തൻെറ ശമ്പളത്തിൽനിന്നു, താൻ വിചാരിച്ചതിൽ അധികം സൂക്ഷിച്ചു വെപ്പാൻ കഴിവുണ്ടാകകൊണ്ടു: ഇപ്പോൾ പണം മതി, എന്നു അവൻ നിശ്ചയിച്ചു, തൻെറ സ്ഥാനത്തെ ഉപേക്ഷിച്ചു ഇന്ത്യയെ വിട്ടു ഇംഗ്ലാന്തിലേക്കു മടങ്ങി ചെന്നു, തൻെറ നാട്ടുകാരുടെ സന്തോഷത്തിന്നായി ഏറിയ നല്ല പുസ്തകങ്ങളെ എഴുതിയതിൽ അവൻെറ ഇംഗ്ലിഷചരിത്രം പ്രധാനമുള്ളതു തന്നെ.

BOA CONSTRICTOR.
പെരിമ്പാമ്പു.

പെരിമ്പാമ്പിൻെറ രണ്ടു മൂന്നു മാതിരി ഉണ്ടു. ക്കുട്ടിവലിക്കുന്ന പാമ്പു (Boa Constrictor) എന്നതു പ്രത്യേകം അമേരിക്ക ഖണ്ഡത്തിലെ വൻകാടുകളിലും പാറപ്പിളൎപ്പുകളിലും ജീവിക്കുന്നു. മൂത്താൽ അതിന്നു നാല്പതു കാലടി നീളവും ഒരു മനുഷ്യൻെറ വണ്ണവും ഉണ്ടാകും. ഇര തേടുവാനായി അതു വൃക്ഷങ്ങളുടെ മേൽ കയറി, വാൽകൊണ്ടു മരത്തെ ചുററിപ്പിടിച്ചു, തലയെ കീഴോട്ടു തൂക്കി ഇങ്ങോട്ടും അങ്ങോട്ടും ആട്ടിക്കൊണ്ടിരിക്കുന്നു. വല്ല മൃഗവും സമീപത്തു വന്നാൽ അതു ഒരു ക്ഷണംകൊണ്ടു അതിന്മേൽ തുള്ളി വീണു, ചുററി കെട്ടുകയും ഞെക്കിക്കൊല്ലുകയും, നന്നു നീട്ടുകയും ചെയ്തശേഷം, ഉമിനീർകൊണ്ടു മുഴുവനും നനെച്ചു മെല്ലവേ വിഴുങ്ങിത്തുടങ്ങും. കുറയ ഒരു വലിയ മൃഗത്തെ വിഴുങ്ങിയാൽ അതിൻെറ ശരീരാകൃതിയെ വളരെ നാൾ പാമ്പിൻെറ വയററിന്മേൽ കാണാം. ഇങ്ങിനെ വയറു നല്ലവണ്ണം നിറഞ്ഞിരുന്നാൽ അതു അനങ്ങാതെ കിടന്നുറങ്ങുന്നതുകൊണ്ടു, അതിനെ കൊന്നു കളയേണ്ടതിന്നു പ്രയാസമില്ല. ഈ പാമ്പിൻെറ ആകൎഷണശക്തി ഭയങ്കരമായിരിക്കുന്നു, അതു വല്ല മനുഷ്യൻെറ മേലോ മൃഗത്തിന്മേലോ ദൃഷ്ടി വെച്ചാൽ, ഒഴിഞ്ഞു ഓടിപ്പോകുവാൻ മഹാപ്രയാസം. ആയതിനെ കുറിച്ചു ഒരു യാത്രക്കാരൻ വിവരിച്ചെഴുതിയതു: ഞാൻ പ്രായം കുറഞ്ഞൊരു ബാല്യക്കാരനായിരുന്നപ്പോൾ രണ്ടു റോമപ്പാതിരിമാരോടും മററും എട്ടു പത്താളുകളോടും കൂടെ യാത്ര

യായി അമേരിക്കായിലെ ഒരു വൻകാട്ടിൽ കൂടി ചെന്നു. ഞങ്ങൾ എല്ലാവരും കുതിരപ്പുറത്തു കയറിയിരുന്നതല്ലാതെ, വെറുതെ നടക്കുന്ന ചില കുതിരകളും കൂട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഒരു ദിവസം വൈകുന്നേരത്തു കൂട്ടത്തിൽ ഒരാൾ ഒരു പെരിമ്പാമ്പിനെ കുറയ മുമ്പോട്ടു വഴിയ

രികത്തു കണ്ടു. അതുകൊണ്ടു ഞങ്ങൾ തിരിഞ്ഞു മടങ്ങി ഓടിച്ചു എങ്കിലും പാമ്പു വെറുതെ നടക്കുന്ന ഒരു കുതിരമേൽ ചാടിവീണു അതിനെ ഞങ്ങളുടെ മുഖതാവിൽ തന്നെ ഞെക്കിക്കൊന്നു വിഴുങ്ങിത്തുടങ്ങി. ഈ പാമ്പിനെ ഇപ്പോൾ ഇനി ഭയപ്പെടുവാൻ ആവശ്യമില്ല, എന്നു ഞങ്ങൾ അറിഞ്ഞു ആ ദിക്കിൽ രാത്രി പാർപ്പാനായി ഒരു സ്ഥലത്തെ തിരഞ്ഞു നോക്കി, ഭക്ഷണം ഉണ്ടാക്കുവാൻ വട്ടംകൂട്ടിയപ്പോൾ, ഞാൻ സമീപത്തു വേറൊരു പാമ്പിനെ കണ്ടു സ്തംഭിച്ചു വിറെച്ചു, എങ്കിലും എന്റെ ഭ്രമതയെ അമൎത്തു ഒരു ക്ഷണംകൊണ്ടു ഈ സ്ഥലത്തെ വിട്ടു യാത്രയാകേണ്ടതിന്നു കൂട്ടുകാരെ നിൎബ്ബന്ധിച്ചു. അവരിൽ ആരും പാമ്പിനെ കാണായ്കകൊണ്ടു എന്റെ തൊഴിൽ അവൎക്കു ബോധിച്ചില്ല, ഹേതു ഞാൻ പറഞ്ഞതുമില്ല, എങ്കിലും എന്റെ വാക്കിനെ അവർ അനുസരിച്ചു കുതിരപ്പുറത്തു കയറി യാത്രയായി. സുഖസ്ഥലത്തു എത്തിയ ശേഷം മാത്രം

ഞാൻ പാമ്പിന്റെ അവസ്ഥയെ അവരോട അറിയിച്ചപ്പോൾ എല്ലാവരും സന്തോഷിച്ച എനിക്ക നന്ദി പറകയും ചെയ്തു.

HISTORY OF THE BRITISH EMPIRE.

ഇംഗ്ലിഷ ചരിത്രം.

(Continued from No. 9, page 133.)

പരന്ത്രീസ്സിലെ വൃദ്ധനായ രാജാവു 1515ാമതിൽ അന്തരിച്ചശേഷം ബാല്യക്കാരനും ധീമാനുമായ ഒന്നാം ഫ്രസ്സിസ് സിംഹാസനം ഏറി. പിറെറ ആണ്ടിൽ സ്പാന്ന്യരാജാവായ ഫെർദിനന്തും മരിക്കയാൽ അവന്റെ പൌത്രനായ ചാരല്സ് രാജ്യാധിപത്യം പ്രാപിച്ചു. പിന്നെ ജൎമ്മനി സാമ്രാജ്യത്തിന്റെ ചക്രവൎത്തിയായ മക്സിമിലിയാനും മരിച്ചു. എന്നാറെ പരന്ത്രീസ്സു, ഇംഗ്ലിഷ്, സ്പാന്ന്യ എന്നീ മൂന്നു രാജാക്കന്മാർ ചക്രവൎത്തിസ്ഥാനം നേടേണ്ടതിന്നു ശ്രമിച്ചുനിന്നു. ജൎമ്മനിരാജാക്കന്മാർ സ്പാന്ന്യക്കാരനെ വരിച്ചു അഞ്ചാം ചാരല്സ്, എന്ന നാമത്തോടെ വാഴിച്ചതു നിമിത്തം പരന്ത്രീസ്സുകോൻ അത്യന്തം കോപിച്ചു, പുതിയ ചക്രവൎത്തിയുടെ നേരെ വൈരം ഭാവിച്ചു തുടങ്ങി. പിന്നെ കലഹക്കാർ ഇരുവരും ഇംഗ്ലിഷ്രാജാവിന്റെ അനുകൂലത അന്വേഷിച്ചപ്പോൾ, അവനും അവന്റെ കൌശലമേറിയ മന്ത്രിയും ഇരുപക്ഷക്കാരോടും ഗൂഢാലോചന കഴിച്ചു. എന്നാൽ ചക്രവൎത്തി ഇംഗ്ലന്തിലെ പ്രധാനമന്ത്രിയുടെ അന്തൎഗ്ഗതം അറിഞ്ഞു: വൃദ്ധനായ പാപ്പാ മരിക്കട്ടെ, പിന്നെ ആ സ്ഥാനം നിങ്ങൾക്ക തന്നെ ആകും, എന്നു പറകയാൽ അവൻ മനഃപൂൎവ്വമായി ആ പക്ഷത്തിലേക്ക തിരിഞ്ഞു. ഏതുപക്ഷം ആദരിക്കേണം എന്നു രാജാവു സംശയിക്കകൊണ്ടു, ഇരുപ്രതികളെയും മുഖാമുഖമായി കാണേണം എന്നു പറഞ്ഞു. അതുകൊണ്ടു ചക്രവൎത്തി ഇംഗ്ലന്തിലേക്ക ചെന്നു കുറയനാൾ രാജാവിനോട കൂടെ പാൎത്തു. പിന്നെ രാജാവു പരന്ത്രീസ്സുകാരനെ കാണ്മാൻ നിശ്ചയിച്ചു ബഹു കോലാഹലഘോഷത്തോടെ കപ്പലിൽ കയറി കല്ലായിക്ക പോയി. അവിടെ ഇംഗ്ലിഷ് പരന്ത്രീസ്സുകളുടെ അതിരുകളിന്മേൽ ഉറപ്പിച്ചിരിക്കുന്ന പാളയത്തിൽ ഇറങ്ങി, പതിനാലു ദിവസം പരന്ത്രീസ്സുരാജാവിനോട കൂടെ പാൎത്തു, വിരുന്നു, കളി, സുഖഭോഗം എന്നിവററിൽ മുഴുവനും ലയിച്ചുപോയി. ആ പാളയത്തിൽ രാജാക്കന്മാൎക്കായിട്ടു അടിച്ചിരിക്കുന്ന തമ്പുകളുടെ മഹിമയെ ഉദ്ദേശിപ്പാൻ അതിന്നു സ്വൎണ്ണാംബരനിലം എന്നു പേർ നടപ്പായിവന്നു. എന്നാറെ ബാല്യക്കാരായ രാജാക്കന്മാർ സന്തുഷ്ടരായി പിരിഞ്ഞു, താന്താങ്ങളുടെ രാജ്യത്തിലേക്ക മടങ്ങിച്ചെന്നു. പിന്നെ പരന്ത്രീസ്സുകാരൻ ചക്രവൎത്തിയുമായി പടവെട്ടിത്തുടങ്ങിയപ്പോൾ, ഇംഗ്ലിഷ്രാജാവു ചക്രവൎത്തിയെ തുണെച്ചു. ചില സം

വത്സരം കഴിഞ്ഞശേഷം അവൻ പക്ഷം മാററി പരന്ത്രീസ്സരാജാവിനു സ ഹായിച്ചു, എങ്കിലും അവനു സ്വന്തരാജ്യത്തിൽ ഓരോ അലമ്പലും കോ വിലകത്തു ബഹു ചെലവഴിച്ചലും ഉണ്ടാകകൊണ്ടു, ഇരുപക്ഷക്കാൎക്കും അവൻെറ സഹായത്താൽ വന്ന ഉപകാരം അല്പമേയുള്ളൂ. അവൻ പ രന്ത്രീസ്സിൽനിന്നു മടങ്ങിവന്ന ഉടനെ രാജവംശക്കാരനായ ബുക്കിംഗ്ഹം ത മ്പുരാനെ അന്യായവും ക്രൂരവുമായി കൊല്ലിച്ചു (1521) അത്തമ്പുരാൻ ഭ യംകൂടാതെ രാജാവിനോടു സംസാരിച്ചു നേരിടുകയും, പ്രധാനമന്ത്രിയുടെ അഹംഭാവത്തെ മാനിക്കാതെയും ഇരുന്നതല്ലാതെ, ഒരു കുററവും കാണി ച്ചില്ല. എട്ടാം ഹെന്ത്രിയുടെ സ്വഭാവം ശുദ്ധ ക്രൂരതയത്രെ എന്നു ആ രാക്ഷസപ്രവൃത്തിയാൽ വെളിച്ചത്തുവന്നു.

അക്കാലത്തു യുരോപ്പയിലെ ക്രിസ്തീയസഭ മുഴുവനും കലങ്ങി, അറി വുള്ളവരും അറിവില്ലാത്തവരും ഒരു കാൎയ്യത്തെ തന്നെ ചിന്തിച്ചു, അപൂ ൎവ്വമായ ഒരു മാററത്തിന്നായി നോക്കിപ്പാൎത്തു. ആ മാററം മതോപദേശാ ചാരങ്ങളുടെ നവീകരണമത്രെ. ആയതു വിലാത്തിയിലെ പല നാടുകളി ലും പ്രത്യേകം ഇംഗ്ലന്തിലും നീളെ പരന്നു. പൂൎവ്വകാലത്തിൽ തന്നെ ഇം ഗ്ലിഷ്സഭയിൽ വെവ്വേറെയുള്ള പക്ഷങ്ങൾ തങ്ങളിൽ കലഹിച്ചു കയ ൎത്തു. ആ കലഹങ്ങൾ വിക്ലിഫ്, എന്ന വൈദികൻെറ ഉപദേശത്താൽ വൎദ്ധിച്ചു, ഒരു പ്രളയംപോലെ ആയ്തീൎന്നു. അവൻ പല രാജ്യങ്ങളിലും പ്ര സിദ്ധപ്പെടുത്തിയ സദ്വൎത്തമാനം ഇംഗ്ലന്തിൽ പലൎക്കും നിത്യാനുഗ്രഹമാ യ്വന്നു. അവൻ പഠിപ്പിച്ച ന്യായങ്ങൾ പുതുമകൾ അല്ലതാനും, അവ എത്രയോ മഹത്വത്തോടെ വേദപുസ്തകത്തിൽ വിളങ്ങുന്നു, എങ്കിലും ആ പുസ്തകം പാതിരിമാർ അല്ലാതെ, മററാരും വായിക്കരുതു, എന്ന കല്പന ആ കാലത്തോളം ക്രിസ്തീയസഭയിൽ എങ്ങും നടപ്പാകകൊണ്ടു, വെളി ച്ചം ഒരു പാത്രത്തിൻെറ ഉള്ളിൽ ഒളിച്ചുവെച്ചപ്രകാരം ആയിരുന്നു. ഇ ങ്ങിനെ നിഷിദ്ധമായിരിക്കുന്ന വേദപുസ്തകത്തെ വിക്ലിഫ് വൈദികൻ ഇം ഗ്ലിഷ്ഭാഷയിൽ ആക്കിയശേഷം, അതിൻെറ വായനയാൽ ദിവ്യവെളിച്ചം ഇംഗ്ലന്തിലും മററും പല ദിക്കിലും ഉജ്ജ്വലിച്ചു തുടങ്ങി. ജീവൻെറ പു സ്തകം എല്ലാ ജനങ്ങൾക്കും ലഭ്യമായശേഷം, ഇംഗ്ലിഷ്രാജ്യം മഹത്വത്തി ലും ധനസമൃദ്ധിയിലും ശോഭിച്ചു: എന്നെ മാനിക്കുന്നവരെ ഞാനും മാ നിക്കും, എന്നു ദൈവം പറഞ്ഞ വാക്കിൻെറ മഹത്വമുള്ള ഒരു ദൃഷ്ടാന്ത മായ്തീൎന്നു. എങ്കിലോ ഇംഗ്ലിഷ്രാജാവു ആ കാൎയ്യത്തിൽ രസിച്ചില്ല, അ തിനെ കഴിയുന്നേടത്തോളം വിരോധിച്ചു, തൻെറ രാജ്യത്തിൽ ഉദിച്ചിരി ക്കുന്ന വെളിച്ചത്തെ എങ്ങിനെ എങ്കിലും കെടുത്തിക്കളയേണം, എന്നു നി ശ്ചയിച്ചു, അതിനു തക്കതായ ഒരു പുസ്തകത്തെയും എഴുതി, എങ്കിലും കുറ യ നാൾ കഴിഞ്ഞശേഷം, അവൻ റോമപാപ്പാവുമായി ഭയങ്കര കലശൽ

ക്കുട്ടി, അവൻെറ അധികാരത്തെ തൃണീകരിച്ചതിനാൽ, ഇംഗ്ലിഷ് രാജ്യത്തി ന്ന ഗുണം വന്നു. ആ തക്കത്തിൻെറ ഹേതുവാവിതു: അവൻ ജ്യേഷ്ഠൻെറ വിധവയായ കഥരീനയെ വേളികഴിച്ചു, എന്നു മുമ്പെ പറഞ്ഞുവല്ലൊ. അന്നു തുടങ്ങി ആ പുണ്യവതി ഏറിയോരു മനോവ്യസനവും കഷ്ടവും അനുഭവിക്കേണ്ടി വന്നു, എങ്കിലും അവൾ ബഹു ക്ഷമയും വിശ്വസ്തതയും കാണിച്ചു എല്ലാം സഹിച്ചു പാൎത്തു. രാജ്ഞിയുടെ കന്യകമാരിൽ അന്നാ ബുല്യൻ, എന്ന ഒരു സുമുഖി ഉണ്ടായിരുന്നു. ഇവളെ രാജാവു കണ്ടു അതിരാഗിയായി അവളിൽ പ്രേമം വെച്ചു, വേൾ്ക്കുവാൻ നിശ്ചയിച്ചു. ക്രിസ്തീയരാജാവിന്നു ഒരു ഭാൎയ്യ മാത്രമേ പോരും, എന്നു അവൻ അറിഞ്ഞു, എന്നിട്ടും തൻെറ അഭിലാഷം അസാദ്ധ്യമാകരുതു എന്നുവെച്ചു, അവൻ പാപ്പാവിൻ മുഖാന്തരം സങ്കടം ബോധിപ്പിച്ചു: രാജ്ഞി ജ്യേഷ്ഠൻെറ ഭാൎയ്യ ആയിരുന്നതുകൊണ്ടു, അവൾ തനിക്കു ജ്യേഷ്ഠത്തി ആയല്ലൊ. എന്നാൽ ദൈവത്തിന്നും മനസ്സാക്ഷിക്കും വിരോധമായ ഈ കാൎയ്യം ഇന്നുവരേയും നടന്നതു മതി എന്നു ചൊല്ലി, അവളുമായ വിവാഹത്തെ ഒഴിച്ചു, അന്നാ ബുല്യനെ കെട്ടുവാൻ കല്പന വേണം, എന്നു അപേക്ഷിച്ചു. അവൻെറ അപേക്ഷപ്രകാരം കല്പിപ്പാൻ പാപ്പാവിന്നു മനസ്സുണ്ടെങ്കിലും അവൻ രാജ്ഞിയുടെ മരുമകനായ അഞ്ചാം ചാരല്സ്, എന്ന ചക്രവൎത്തിയെ പേടിച്ചു വിരോധം പറഞ്ഞു, ഒരു സ്ഥാനാപതിയെ ഇംഗ്ലന്തിലേക്കു അയച്ചു, പ്രധാനമന്ത്രിയായ തോമാസ് വൊല്സിയുമായി ആ കാൎയ്യത്തെ വിചാരിച്ചു ക്രമത്തിലാക്കേണം, എന്നു കല്പിച്ചു. പിന്നെ കാലതാമസം വരികയാൽ രാജാവു ക്രുദ്ധിച്ചു: ഇതെല്ലാം പ്രധാനമന്ത്രിയുടെ വ്യാപ്തി, എന്നു ചൊല്ലി അക്കിഴവനെ സ്ഥാനഭ്രഷ്ടനാക്കി ഒരു പുതിയ മന്ത്രിയെ നിശ്ചയിച്ചു. അതു തന്നെയല്ല, അവൻ സ്വാമിദ്രോഹി എന്നുവെച്ചു, അവനെ പിടിച്ചു കൊണ്ടുവരേണ്ടതിന്നു ചേകവരെ അയച്ചു. അപ്പോൾ അവൻ അതിദുഃഖത്താൽ ക്ഷയിച്ചു: അയ്യോ, ഞാൻ എൻെറ രാജാവിനെ പോലെ എൻെറ ദൈവത്തെ വിശ്വസിച്ചു സേവിച്ചു എങ്കിൽ, അവൻ എന്നെ ഈ നരയോടെ ഉപേക്ഷിക്കയില്ലയായിരുന്നു, എന്നു പറഞ്ഞു, പ്രാണനെ വിട്ടു മരിച്ചു. പുതിയ മന്ത്രിയായ തോമാസ് ക്രൊമ്വൽ രാജാവിൻെറ ക്ഷമ തീൎന്നു, എന്നു കണ്ടു അവനോടു: മഹാരാജാവേ, പാപ്പാധികാരത്തെ നീക്കി ഇംഗ്ലിഷ് സഭയുടെ തലയും പാപ്പാവും നാം തന്നെ, എന്നു കല്പിച്ചാൽ കാൎയ്യം തീൎന്നുവല്ലൊ, എന്നു പറഞ്ഞു. ഈ ഉപദേശം രാജാവിന്നു ബോധിച്ചു, മന്ത്രിസഭയുടെ ചൊല്പ്പാൽ അതിന്നു തക്ക ഒരു പരസ്യം ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. പിന്നെ അവൻ കെന്തർപുരിയിലെ മുഖ്യാദ്ധ്യക്ഷനെ കൊണ്ടു തൻെറ ഒന്നാം വിവാഹത്തെ ദുൎബ്ബലപ്പെടുത്തി അന്നാ ബുല്യനെ കെട്ടുകയും ചെയ്തു. അല്പം നേരം കഴിഞ്ഞൊറെ രാജാ

വിനു പുതിയ രാജ്ഞിയിൽ അപ്രിയം തോന്നി, അവൾ ചുളച്ചി, എന്നൊരു ദോഷ്യം ഉണ്ടാക്കി അവളെ കൊല്ലിച്ചു, പിറെറന്നാൾ ജെൻസൈമൂർ എന്നവളെ വേളികഴിച്ചു. ആയവൾ ഒരു കൊല്ലം മാത്രം ജീവിച്ചു ഒരു പുത്രനെ പ്രസവിച്ചുടനെ മരിച്ചു. രാജാവു പാപ്പാസംബന്ധം മുററും ഉപേക്ഷിച്ചു എങ്കിലും, അവൻ നവീകരണത്തിൽ രസിച്ചു, എന്നു വിചാരിക്കേണ്ടാ, അവൻ റോമമതക്കാരെയും പ്രൊതസ്തന്തരെയും ഒരുപോലെ ഉപദ്രവിച്ചു, ഓരോരുത്തരെ കൊല്ലിക്കയും ചെയ്തു. മൂന്നാം ഭാൎയ്യ മരിച്ചശേഷം അവൻ പ്രധാനമന്ത്രിയെ ജൎമ്മനിയിലേക്കു അയച്ചു, തനിക്കു അവിടെനിന്നു സുന്ദരിയായ ഒരു ഭാൎയ്യയെ കൊണ്ടുവരേണം എന്നു കല്പിച്ചു. മന്ത്രി ഭാൎയ്യയെ കൊണ്ടുവന്നു വിവാഹം കഴിഞ്ഞ ഉടനെ, ഇവൾ സുന്ദരി അല്ല, എന്നു വിധിച്ചു അവളെ ഉപേക്ഷിച്ചു, മന്ത്രി സ്വാമിദ്രോഹി എന്നരുളി, അവനെ കൊല്ലിച്ചു. പിന്നെ അവൻ നൊഫ്ഫോൿ തമ്പുരാന്റെ മരുമകളായ കഥരീന ഹോവൎദ് എന്നവളെ കെട്ടി കുറയനാൾ പാൎത്താറെ: ഇവൾ പാതിവ്രത്യമില്ലാത്തവൾ എന്നു കളവു പറഞ്ഞു അവളുടെ തലയെ അറുപ്പിച്ചു. എന്നാറെ അവൻ ആറാം കല്യാണം ചെയ്തു കഥരീനപ്ഫർ എന്ന വിധവയെ കെട്ടി, അവളും ഒരു ദിവസം മരിക്കേണ്ടതായിരുന്നു, എങ്കിലും അവൾ ഏറിയോരു മുഖസ്തുതി പറഞ്ഞു സിംഹനെ ശമിപ്പിച്ചു തന്നെത്താൻ രക്ഷിച്ചു. അവൻ ദീനം പിടിച്ചു മരിപ്പാറായിരിക്കുമ്പോൾ അവന്റെ ക്രൂരതയും ദുശ്ശീലവും വിവരിപ്പാൻ പാടില്ല. ആ സമയത്തു അവൻ സുശീലവും സാമൎത്ഥ്യവുമുള്ള സുരി എന്ന പ്രഭുവിനെ വെറുതെ കൊല്ലിച്ചു, അവന്റെ അഛ്ശനെയും നശിപ്പിക്കുന്നതിൽനിന്നു മരണം മാത്രം അവനെ തെററിച്ചു. ആ മരണം 1547 ജനവരി 27ാം നു സംഭവിച്ചു. ഇങ്ങിനെ എട്ടാം ഹെന്റ്രി അതിദുഷ്ടനും അതിക്രൂരനുമായി എല്ലാ ജഡത്തിന്റെ വഴിയെ പോയപ്പോൾ ആരും അവനെ സ്നേഹത്തോടെ ഓൎത്തില്ല ആരും അവനെ കുറിച്ചു വിലപിച്ചതുമില്ല.

(To be continued.)

THE KING A PRIEST.

രാജാവു പാതിരിയായതു.

ഇംഗ്ലന്തിലെ രാജാവായിരുന്ന മൂന്നാം ജോൎജ്ജ ഒരു ദിവസം അനേകം മഹാന്മാരോടു കൂടെ വങ്കാട്ടിൽ പ്രവേശിച്ചു നായാട്ടു തുടങ്ങി, ഒരു മാനിന്റെ വഴിയെ ഓടിയതിൽ കൂട്ടരിൽനിന്നു പിരിഞ്ഞു. മുന്നോട്ടു ചെന്നാറെ തന്റെ കുതിര വളരെ തളൎന്നു എന്നു കണ്ടു; ഇപ്പോൾ മതി, ഇനി നായാട്ടു വേണ്ടാ, എന്നു നിശ്ചയിച്ചു ഒർ ഊടു വഴിയായി തിരിഞ്ഞു ഒരു വലിയ മരക്കൂട്ടത്തിന്റെ അരികത്തു എത്തി. അവിടെ രാജാവു, താമസി

ച്ചു, കൂട്ടർ എത്തുമ്പോഴെക്കു സ്വസ്ഥരായിരിപ്പാൻ വിചാരിച്ചപ്പോൾ: അയ്യോ എന്റെ അമ്മ, എന്റെ അമ്മ, ദൈവമേ, എന്റെ അമ്മയെ രക്ഷിക്കേണമേ, എന്നു നിലവിളിച്ചു പറയുന്ന ഒരു പെങ്കുട്ടിയുടെ ശബ്ദം കേട്ടു. പിന്നെ രാജാവു കുതിരയെ ഒരു മരത്തോടു കെട്ടി, ശബ്ദം ഉണ്ടായ സ്ഥലത്തേക്കു നടന്നു. അവിടെ അവൻ ഒരു കുടിലിനെയും ഒരു മരത്തിന്റെ ചുവട്ടിൽ ആറെട്ടു വയസ്സുള്ളൊരു പെങ്കുട്ടി മുട്ടുകുത്തി പ്രാൎത്ഥിക്കുന്നതിനെയും കണ്ടു. കുട്ടിയേ, നീ എന്തിനു കരയുന്നു? എന്നു രാജാവു ചോദിച്ചപ്പോൾ, അവൾ അവനെ നോക്കി വിറച്ചു, എങ്കിലും അവന്റെ സ്നേഹഭാവം കണ്ടു ധൈൎയ്യം പ്രാപിച്ചു എഴുനീറ്റു: എന്റെ അമ്മ മരിപ്പാറായിരിക്കുന്നു, എന്നു പറഞ്ഞു. അമ്മ എവിടെ? എന്നു രാജാവു ചോദിച്ചാറെ, കുട്ടി അവനെ കുടിലിന്റെ അകത്തു കൊണ്ടു പോയി അമ്മയെ കാട്ടി. അപ്പോൾ തന്നെ കുട്ടിയുടെ ജ്യേഷ്ഠത്തിയും എത്തി, കുറയ മരുന്നുകളെ കൊണ്ടുവന്നു രാജാവിനു സലാം പറഞ്ഞു, അമ്മയെ ചുംബിച്ചു വളരെ കരഞ്ഞു. ഞാൻ നിങ്ങൾക്കുവേണ്ടി വല്ലതും ചെയ്യാമോ? എന്നു രാജാവു ചോദിച്ചപ്പോൾ മൂത്ത കുട്ടി: അമ്മയെ ആശ്വസിപ്പിക്കേണ്ടതിന്നു ഒരു പാതിരിയെ കൊണ്ടുവരുവാൻ ഞാൻ പുലച്ചെക്കു മുമ്പെ പട്ടണത്തിലേക്കു പോയിരുന്നു, എങ്കിലും ഒരുത്തനും വരുവാൻ മനസ്സില്ല, എന്നു പറഞ്ഞ വാക്കിനെ ക്ഷീണതനിമിത്തം സംസാരിപ്പാൻ കഴിയാത്ത അമ്മ കേട്ടപ്പോൾ വളരെ വ്യസനിച്ചും കുട്ടികൾ വളരെ കരഞ്ഞുംകൊണ്ടിരിക്കുമ്പോൾ, രാജാവു: ദൈവം നിങ്ങൾക്കു അയച്ച പാതിരി ഞാൻ തന്നെ എന്നു ചൊല്ലി, കിടക്കയുടെ അരികത്തു ഇരുന്നു, മരിക്കുന്നവളുടെ കൈ പിടിച്ചു പാപത്തെയും കൎത്താവായ യേശുക്രിസ്തുവിലുള്ള ദൈവകൃപയെയും കുറിച്ചു അവളോടു സംസാരിച്ചപ്പോൾ അവളുടെ മുഖം തെളിഞ്ഞു രാജാവിനെ മന്ദസ്മിതത്തോടെ നോക്കി പ്രാണനെ വിടുകയും ചെയ്തു. പിന്നെ രാജാവു എഴുനീറ്റു കുട്ടികൾക്കു ഒരു സമ്മാനം കൊടുത്തു ദൈവത്തിൽ ആശ്രയിക്കേണം, എന്നു അവരോടു പറഞ്ഞു വിടവാങ്ങി പോകയും ചെയ്തു. പിന്നേതിൽ മാത്രം ഈ പാതിരി രാജാവത്രെ, എന്നു അറിയേണ്ടതിന്നു കുട്ടികൾക്കു സംഗതി വന്നു. ഇതാ, ദൈവത്തിന്റെ ഹൃദയംപോലെയുള്ളൊരു രാജാവു.

THE MALAYALAM COUNTRY.

മലയാളരാജ്യം.

ഒമ്പതാം നമ്പർ ൧൪൦ാം പുറത്തിൽ വെച്ചതിന്റെ തുടൎച്ച.

(*Registered Copyright.*—ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

III. 2. താഴ്വരകൾ; ഉല്പത്തി. അതാതു വരിമലകുന്നുകളുടെ ഇടയിലുള്ള കുഴിനാടുകളും താഴ്വരകളും മിക്കതും തമ്മിൽ ചേൎന്നു കടല്ക്കരയി

ലേക്ക ചായുകയും അവററിലുള്ള ചരിവിൽ കൂടി ഓരോ നീൎച്ചാലുകൾ കടലിലേക്ക ഒഴുകുകയും ചെയ്യുന്നു.

എത്ര പ്രധാന പുഴകൾ ഉണ്ടോ അത്ര പ്രധാന താഴ്വരകളും കയ്യാറുകളുടെ എണ്ണത്തിന്നു തക്കവാറു ചെറു താഴ്വരകളും ഉണ്ടു. അവററെ ഉയൎന്ന നിലത്തിൽനിന്നും ഭൂപടത്തിലും ചിന്തിച്ചു നോക്കിയാൽ തടി, കൊമ്പു, ചിനെപ്പു, ഇല്ലികളുള്ള മരത്തിന്നു തുല്യമായി തോന്നുന്നു.

൧. തിരിവു. മലക്കുന്നുകളുടെ തിരിവു താഴ്വരകൾക്കും പുഴകൾക്കും പകൎന്നു കാണുന്നു.

എല്ലാററിൽ നേരെ ചെല്ലുന്നതും വലുതുമായ പേരാററിൻ (പൊന്നാനിപ്പുഴ) താഴ്വര കിഴക്കുനിന്നു പടിഞ്ഞാറോട്ടു നോക്കുന്നു. അതിൻെറ വടക്കുള്ള മുഖ്യ താഴ്വരകൾ ശരാശരിക്ക മലയടുക്കേ വടക്കോട്ടും പിന്നെ പടിഞ്ഞാറോട്ടും അഴിക്കൽ അല്പം തെക്കോട്ടും ചായുകയും പൊന്നാനിപ്പുഴയുടെ തെക്ക കായങ്കുളം വരെ അല്പം വടക്കോട്ടും അഴിക്കൽ അല്പം തെക്കോട്ടും ചാഞ്ഞു അവിടെനിന്നു കന്യാകുമാരിക്കെത്തുമളവിൽ നേരെ തെക്കോട്ടും തിരിയുന്നു. ചെറുതാഴ്വരകൾ സകൂടമായി വടക്കോട്ടോ തെക്കോട്ടോ ചെല്ലുന്നു.

൨. നീളം. അതിനാൽ മുഖ്യ താഴ്വരകൾക്ക നാട്ടിൻെറ അകലത്തിൽ നീളം ഏറും; എന്നിട്ടും കേരളത്തിന്നു വിസ്താരം കുറയുന്നതു നിമിത്തം എല്ലാ താഴ്വരകൾ കുറിയവയത്രേ.

പുഴകളുടെ നീളംകൊണ്ടു പറഞ്ഞതു നോക്കുക (III 4.)

൩. വീതി. ഈ താഴ്വരകൾക്ക ഒരേ അകലവും ഇല്ല. മലയിലും മലപ്രദേശത്തും മിക്ക താഴ്വരകൾ കുടുങ്ങീട്ടും ഇടുങ്ങീട്ടും വളഞ്ഞു ചെല്ലുമളവിൽ പള്ളിച്ചും എക്കീട്ടും ചുരുങ്ങിയും ഒടുവിൽ കടലോടണയുമ്പോൾ വീതിവെച്ചും കാണുന്നു. കുന്നുകളുടെ ഇടയിൽ കിടക്കുന്നതും ഒരേ ഭാഗത്തു വായി ഉള്ളതുമായ കുഴിനാട്ടിന്നു കുളമ്പു എന്നു പേർ.

മലകുന്നുപ്രദേശങ്ങളിൽ വിശേഷിച്ചു വെള്ളപ്പനാടു വള്ളുവനാടു കുറനാടു ഏറനാടു എന്നിവററിൽ പെരുത്തു കുളമ്പുകളുണ്ടു.* ഇവററിന്നു തെക്കും കോലനാട്ടിലും കരിപ്പാടു എന്നു പറയുന്നു.

൪. നിലപുഷ്ടി. ഇപ്പറഞ്ഞ താഴ്വരകൾ പ്രത്യേകമായി നെൽകൃഷിക്ക കൊള്ളുന്നു. ഇതിന്നായി ചരിവിന്നു തക്കവണ്ണം നിലത്തെ വലിയ കള്ളികൾ ആകുന്ന കണ്ടങ്ങൾ ആക്കി ചിറയും വരമ്പും ഇടവരമ്പും കോരിക്കിളെച്ചു പെയ്യുന്ന മഴവെള്ളം ആവശ്യം പോലെ അവററിൽ കെട്ടിനിൎത്തുന്നുണ്ടു.

വയലുകളുടെ ചുററിലും പലപ്പോഴും കൊത്തളം പോലെ കിളെച്ചു നാലുഭയപറമ്പുകൾ വീടുപുരകളുമായി അഴകോടേ നില്ക്കുന്നു. പാലക്കാ

* ദൃഷ്ടാന്തമായിട്ടു ഏറനാട്ടിലേ ചാപ്പനങ്ങാടി അംശത്തിൽ 46 കുളമ്പുകളുണ്ടു.

ട്ടുതാലൂക്കിലും തെക്കേ മലയാളത്തിൽ ചില സ്ഥലങ്ങളിലും വേലിയേ കെട്ടിക്കൂട്ടു. താഴ്വരകളുടെ അല്പം ഉയൎന്ന ഓരോ സ്ഥലങ്ങളെ കൊല്ലന്തോറും പുതുതായി കുഴിച്ചു താഴ്ത്തി കണ്ടങ്ങൾ ആക്കി തീൎക്കാറുണ്ടു.

III. 3. സമഭൂമികൾ; കിടപ്പും ഉരുതിരിവും. മലയാള ഉൾനാട്ടിൽ അവിടവിടെയും വിശേഷിച്ചു കേരളത്തിന്റെ നടുവിലും തെക്കും കടപ്പുറത്തോടു ചേൎന്ന വെവ്വേറേ ദേശങ്ങളിലും പല വിസ്താരമുള്ള തട്ടൊത്ത ഭൂമികൾ അല്ലെങ്കിൽ സമഭൂമികൾ ഉണ്ടു. അവററിന്നു* വടക്കേ മലയാളത്തിൽ 1-7 വരെ നാഴികയും നടുമലയാളത്തിൽ 2-6 നാഴികയും തെക്കേ മലയാളത്തിൽ 3-11 നാഴികയും അകലം മതിക്കാം; ചിലതിൽ ഓരോ കായലുകളെ കാണാം.

താഴ്വരകളിൽ കൂടി മണ്ണിനെ ഉരുട്ടിക്കൊണ്ടു ചെല്ലുന്ന പുഴകൾ അഴികൾ കടലോടു അലപൊരുകകൊണ്ടു കടപ്പുറം ചേൎന്ന മിട്ടാൽപ്രദേശം പലതും പുഴകൾ ഊറി ഇട്ട മൺ മണൽ മുതലായവററാൽ ഉളവായവ തന്നേ. അതിന്നു (alluvium) കൎണ്ണാടകത്തിൽ വൊണ്ഡു എന്നും തമിഴിൽ അടിമണ്ടി എന്നും പറയുന്നു. മലയാളത്തിൽ ആററുവൈക്കം എന്നു പേർ ഇരിക്കേ. പുഴകൾ ഊറി വിട്ട വിവിധ സാധനങ്ങൾ ഒഴികേ കടൽ അലച്ചുകയററിയ പൂഴി തരിമണൽ എന്നിവ† അതിൽ കലൎന്നു ചെല്ലുകയും അതിനാൽ ഉളവാന കോവ്വൽപാടുകൾക്കു കടൽ മാടിയിട്ട മണൽതിട്ടുകൾകൊണ്ടു ഉറപ്പു വരികയും ചെയ്തു.‡ കായലുകളെകൊണ്ടു പറഞ്ഞതു നോക്കിയാൽ തിരിയും.

ക. കോവ്വൽപാടു. ഈ വക പരന്ന നിലത്തിന്നു കോവ്വൽപാടു എന്നു പറയുന്നു. അവ മിക്കതും കോടികളുടെ ഇടയിൽ കിടക്കുന്നു.

ചിററാരി (വേക്കലം താലൂക്ക്) തൊട്ടു കവ്വായിവരെയും; പെരുമ്പുഴ—കാഞ്ഞ്കോടു; കുട്ടിയേഴി—മീങ്കുന്നു; മീങ്കുന്നു—ചാലാടു; ഏഴര—കൂടക്കടവു; മയ്യഴി—ചോമ്പാൽ; ഇരിങ്ങപ്പാറ—ഉരുണിയങ്കുന്നു; കോവില്ലണ്ടി—കല്ലായി; വേപ്പൂർ—(വക്കല) അഞ്ചുതെങ്ങുവരെയും അവിടെനിന്നു കന്യാകുമാരിയോളവും ഓരോ കോവ്വൽപ്രദേശങ്ങൾ ഉണ്ടു.

കോവ്വൽപാടു രണ്ടുപ്രകാരം; പശിമയുള്ളതും പശിമയില്ലാത്തതും തന്നെ.

നനെച്ചാൽ കുഴയാത്ത തരിമണൽ ഉള്ളതിന്നു പശിമ ഒട്ടും ഇല്ല. അവററിൽ ആററുവൈക്കം ഉള്ളതുണ്ടോ എന്നു സംശയിക്കുന്നു. ചിലേടത്തു 2-3 ആൾപ്രമാണം കുഴിച്ചിട്ടും നെല്ലൂണ്ടം ആക്കുവാൻ കഴിഞ്ഞില്ല. ആ

* വിവരം I. 3ൽ കാണ്ക. (77 ആം ഭാഗം).

† തമിഴിൽ എക്കൽ.

‡ ചിററാരിപുഴക്കലേ പഴയ പുതിയ കടപ്പുറങ്ങളും ഒരു ദൃഷ്ടാന്തം.

വക നിലങ്ങളിൽ താണ രാമെച്ചവും വള്ളിക്കിഴങ്ങും (ചക്കര—) ഉണ്ടാകുന്നുള്ളു.*

൨. പശ്ചിമക്കൂറുള്ള കോവ്വൽപാട്ടിൽ ഓരോ വലിയ വയലുകൾ ഉണ്ടു. മഴക്കാലത്തിലേ ഇവ നല്ലൂ.

വടക്കേ മലയാളത്തിൽ ചൊല്ല്ക്കൊണ്ട രാമൻകുളങ്ങര, കോലത്തു, ഓക്കാട്ടേരി, തൊണ്ണൂറാം, രാമനാട്ടുതറ, കുട്ടനാടു മുതലായ പെരുവയലുകളിലും ഉൾനാട്ടിൽ ഏറിയ ചെറു വയലുകളിലും വിവിധ നെൽകൃഷി നടക്കുന്നു. ഇവ കരവെപ്പിന്നും ഉതകും.

പെരും വയലുകൾ പണ്ടു പോക്കളങ്ങളായി ഇരുന്നതു കൂടാതെ നാട്ടുകാർ പലതിൽ ഇപ്പോഴും കേളിപ്പൂട്ടു (ploughing matches)† നടത്തി വരുന്നു.

കോട്ടയത്തു കോടേരിപ്പറമ്പും കടുത്തവയനാട്ടിൽ പൊന്നിയത്തും താമരശ്ശേരിയും മാവേലിക്കരയും മററും കേൾവിപ്പെട്ട പോക്കളങ്ങൾ ആയിരുന്നു.

൩. ഏകദേശം ഒരു നാഴികയോളം വിസ്താരത്തിൽ പൂഴിപ്പാടും പൊയ്യപ്പാടും ഉള്ള കടപ്പുറം ഉൾപ്രദേശങ്ങളിൽ എന്ന പോലെ കൃഷിക്കു കൊള്ളായ്കിലും തെങ്ങിന്നു പിടിപ്പുള്ള ദിക്കത്രേ.

മലയാളക്കരയെ കടലിൽനിന്നു നീളേ നോക്കിയാൽ രാജ്യം മുഴുവനും ഒരു വമ്പിച്ച തെങ്ങിൻതോട്ടം ആയ്വിളങ്ങുന്നു. (ശേഷം പിന്നാലെ.)

---

* അടിയിൽ പലപ്പോഴും ചെമ്പൻ മുതലായ വളമില്ലാത്ത മണ്ണുണ്ടാകകൊണ്ടു നാട്ടുകാർ തരിശു നീക്കുവാൻ മടിച്ചു കളയുന്നു.

† വിരുതുവെച്ചു മരമിട്ടു കാലികളെക്കൊണ്ടു വലിയ ചളിക്കണ്ടത്തിൽ പൂട്ടിക്കുന്ന ആ വിനോദത്തിന്നു ഓച്ച് എന്നു പേർ. ഉടുപ്പിതൊട്ടു പേരാറു അടക്കം ഈ മൎയ്യാദ നടക്കുന്നു. നേടുന്ന കാലികൾക്കു വലിയ വില ഉണ്ടാകുന്നതല്ലാതെ അതിൽ ഉടമസ്ഥന്നു മാനവും സമ്മാനവും കിട്ടും.

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള പടവിവരങ്ങൾ.

എയ്യുരോപ്പയിലെ ചെയ്തി: — തുൎക്കർ നേരംകളഞ്ഞു ഏകദേശം ഉദാസീനന്മാരായി രുസ്സൎക്കു തുനാനദിയേയും ബല്ക്കാൻമലയേയും തടവുകൂടാതെ കടക്കേണ്ടതിന്നു തക്കം കൊടുത്തതും രുസ്സരോ ചിന്തയില്ലാതെ ഉലാവുന്നപ്രകാരം രൂമിയുടെ ഉള്ളിൽ ചെന്നതും യുദ്ധശാസ്ത്രത്തിന്നും സാമാന്യബുദ്ധിക്കും എത്രയും വിരോധമായ വലിയ തപ്പുകൾ ആയിരുന്നു എന്നു മുമ്പെ പറഞ്ഞുവല്ലൊ. രുസ്സർ ഇത്രവേഗത്തിൽ മുൽപുക്കു ഏറക്കാലം താമസംകൂടാതെ ഇസ്തന്പൂലിനെ കൈക്കൽ ആക്കും എന്നുള്ള ഞെട്ടൽ എദിൎന്നേ മുതലായ പട്ടണക്കാരെ പിടിച്ചു വലിയ പുരുഷാരം ആബാലവൃദ്ധം കിഴക്കോട്ടും പലരും ഇസ്തന്പൂലിലേക്കും ഓടിപ്പോയി. രൂമിക്കോയ്മ അതിനാൽ ഭ്രമിക്കാതെ ഒസ്മാൻപാഷാവെ രുസ്സരെ എതിൎത്തു ആട്ടേണ്ടതിന്നു അയച്ചു. ആയവൻ പെരുത്തു സൂക്ഷ്മത്തോടെ മുൽപുക്കു രുസ്സരെ ഷിപ്ക കണ്ടിവാതിലോളം തിക്കിത്തിരക്കി ബല്ക്കാൻമലയുടെ തെക്കേ അംശങ്ങളിൽനിന്നു തുടെച്ചതു പോലെ രുസ്സരെ പായിപ്പിച്ചു എങ്കിലും അവന്റെ സൈന്യത്തിൽ ഉള്ളവരോ കാട്ടാള ഗുണമുള്ള ചെൎക്കസ്സരോ തെക്കേ ബുൽഗായ്യയിൽ ഏകദേശം 10 — 15,000 ക്രിസ്ത്യാനികളായ ബുൽഗാൎയ്യരെ വെട്ടിക്കൊന്നിരിക്കുന്നു. ഷിപ്ക കണ്ടിവാതിലിനെ രുസ്സരുടെ കൈയിൽനിന്നു പിടുക്കുവാൻ ഇന്നോളം തുൎക്കൎക്കു സാധിച്ചില്ല താനും. ഒസ്മാൻ പാഷാവു ബല്ക്കാന്മലയെ കയറി വടക്കെ ബുൽഗാൎയ്യയിൽ കിഴിഞ്ഞു പ്ലെവ്നാവിൻ

അടുക്കെ പാളയത്തെ ഉറപ്പിച്ചു. ആഗൊസ്തു 30 നു- രുസ്സർ അതിനെ പിടിക്കേണ്ടതിന്നു വല്ലാതെ പട വെട്ടീട്ടും ഒസ്മാൻ പാശ്ശാവു അവരെ തോല്പിച്ചു, ഏകദേശം 10—15,000 രുസ്സർ പട്ടുപോയി. മാററാന്മാരെ മെരിട്ടി കലക്കേണ്ടതിന്നു നല്ല പാങ്ങുണ്ടായിരിക്കെ താനും കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വന്ന രൂമിപ്പട്ടാളങ്ങൾ ഓരോ വാടിക കൊത്തളങ്ങളെ മണ്കൊണ്ടുണ്ടാക്കി രുസ്സർക്കായി കാത്തിരിക്കുന്നു. തുൎക്കരുടെ സൎവ്വസൈന്യാധിപതി നെഞ്ഞൂറപ്പും വിവേകവും ചുറുചുറുപ്പും ഉള്ള പുരുഷൻ ആയിരുന്നു എങ്കിൽ പ്ലെവ്നാവിലെ പട കഴിഞ്ഞ ഉടനെ രുസ്സൎക്കു പുതിയ തുണപ്പടകൾ എത്തുമ്മുമ്പെ അവരെ ആട്ടിത്തുരത്തേണ്ടതിന്നു ഉത്സാഹിക്കുമായിരുന്നു. ഇപ്പോഴോ രുസ്സൎക്കു രുമാന്യസൈന്യം കൂടാതെ തങ്ങളുടെ രാജ്യത്തിൽനിന്നു പുതുതായിട്ടു ഓരോ പട്ടാളങ്ങൾ എത്തിക്കൊണ്ടു ആൾ വൎദ്ധിച്ചിരിക്കയാൽ അവർ സെപ്തമ്പ്ര 6 — 14 നു- പ്ലെവ്നാവെ വീണ്ടും പിടിച്ചു അതിനാൽ സിസ്തോവ തൊട്ടു ഷിപ്ക്ക കണ്ടിവാതിൽ വരേക്കും ഉള്ള പെരുവഴിയെ തങ്ങൾക്കു ഉറപ്പിക്കേണ്ടതിന്നു മുരം മല്ലുകെട്ടി വരുന്നു. തുൎക്കർ ചിററാസ്യയിൽനിന്നു 35,000 പേരെയും മിസ്രിയിൽനിന്നു പുതുപട്ടാളങ്ങളെയും വിളിപ്പിച്ചു കൂട്ടുന്ന നാട്ടുകളിൽനിന്നു പടകളെ എത്തിക്കുന്നു എങ്കിലും ഇവർ പോൎക്കളത്തിൽ ചേരുന്നതിന്നു ഇടെക്കു പ്ലെവ്നാവിന്റെ മുമ്പിലുള്ള തുൎക്കർ ഞെരിച്ചുപോകും എന്നുള്ള ഭയം ഉണ്ടു. ദൊബ്രുച്ചയിൽ രുസ്സർ പെരുകിക്കൊണ്ടു ഉറെച്ചു വരുന്നു. രുച്ചുക്കിനെ വളെച്ച രുസ്സർ തല്ക്കാലം നിരോധത്തെ മതിയാക്കി എങ്കിലും തുനാവിൻ അക്കരയുള്ള ജൂൎജ്ജേവോവിൽനിന്നു വാടിയിടിപ്പൻ തോക്കുകൊണ്ടു അതിനെ തകൎക്കേണ്ടതിന്നു വലിയ അദ്ധ്വാനം കഴിക്കുന്നു.

ഉ. ആസ്യാവിലെ വൎത്തമാനം:— തുൎക്കർ വിചാരിച്ചതുപോലെ കൌകസ് മലനിവാസികൾ ഒട്ടുക്കു രുസ്സ്യക്കോയ്മയോടു ദ്രോഹിച്ചിട്ടില്ല. അബ്കാസ്യർ എന്ന മുഹമ്മദിയ കുലം മാത്രം മറിച്ചൽഭാവം കാണിച്ചു ആയവർ തുൎക്കപ്പട്ടാളങ്ങൾ സുഖുംഖലേ മുതലായ സ്ഥലങ്ങളെ ഉപേക്ഷിക്കുന്നതുകൊണ്ടു രുസ്സരുടെ പകയെ ഭയപ്പെട്ടു കൂട്ടമായി തങ്ങളുടെ മലപ്പാൎപ്പിടത്തെ വിട്ടു തുൎക്കരുടെ സഹായത്താൽ രൂമിയിലേക്കു കപ്പലേറി കടന്നുപോകുന്നു. അൎദ്ദഹാൻകോട്ട രുസ്സരുടെ കൈയിൽനിന്നു ഇന്നോളം ഇളകിപ്പോയിട്ടില്ല. എന്നാലും പുതു രുസ്സപ്പടകൾ അൎമ്മീന്യയിൽ എത്തീട്ടും കാൎസ്സ് കോട്ടയെ അവരും തുൎക്കരിൽനിന്നു പിടുക്കേണ്ടതിന്നു ഇനിയും സാധിച്ചതുമില്ല.

ഇരുപുറത്തു ഇത്രോടം പെരുത്തു ആൾ പട്ടിട്ടും ഒരു കാൎയ്യസാദ്ധ്യം കാണുന്നില്ല. തുൎക്കരേക്കാൾ രുസ്സൎക്കു അധികം പടയാളികൾ ചേതം വന്നിരിക്കുന്നു എന്നതു നിശ്ചയം.

ദ്വീപസഞ്ചയം Polynesia.

ശാന്തസമുദ്രത്തിലെ സമോവാ എന്ന ദ്വീപുകൂട്ടത്തിന്റെ തലച്ചന്മാർ (chiefs) ഫിജി ദ്വീപിലെ ഇംഗ്ലിഷ് വാഴിയെ ചെന്നു കണ്ടു ഇംഗ്ലിഷ് കോയ്മ തങ്ങൾക്കു ഇനിമേലാൽ പോററിയാകേണ്ടതിന്നു അപേക്ഷിച്ചിരിക്കുന്നു.

സന്ദ്വിച്ച് അല്ലെങ്കിൽ ഹവ്വായി ദ്വീപുകളിൽ കുഷ്ഠരോഗികൾ പെരുകി വന്നതിനാൽ ബ്രിത്തീഷ് കോയ്മ മൊലൊക്കായി എന്ന തുരുത്തിൽ ആൾ ഏറ കടക്കാത്ത ഒരു താഴ്വരയെ അവൎക്കു പാൎപ്പിടം ആക്കി നിയമിച്ചിരിക്കുന്നു. ആയതിൽ ഇപ്പോൾ 700ഓളം കുഷ്ഠികൾ കുടിയേറി പാൎത്തുവരുന്നു. (ആ ദ്വീപുകൂട്ടത്തിൽ ഉണ്ടായ ഭൂകമ്പത്തിന്റെ വിവരത്തെ മുമ്പേ 128ാം ഭാഗത്തു പറഞ്ഞിരിക്കുന്നു).

1842ആമതിൽ ആപത്തു പിണെഞ്ഞ ഒരു കപ്പലിന്റെ കപ്പത്തലവൻ താൻ അനുഭവിച്ച ക്ലേശവൎത്തമാനം കടലാസ്സിൽ എഴുതി ഒരു കുപ്പിയിൽ നല്ലവണ്ണം അടെച്ചുവെച്ചു, അതിനെ 40° തെക്കേ അകലപ്പടിയിലും 96° കിഴക്കെ നീളപ്പടിയിലും സമുദ്രത്തിൽ ചാടിയിരിക്കുന്നു. ഈ കുപ്പി 35 വൎഷം കടൽപ്രയാണം ചെയ്തു ശേഷം ഈയിടെ ഔസ്ത്രാല്യയുടെ കരപ്രദേശമായ വിത്തോൎയ്യയിൽ കരെക്കു അടിഞ്ഞു വീണുള്ളു.

അമേരിക്ക America.

ഐക്യമത്യസംസ്ഥാനം:— ജൂലായി 16 നു- ബാൽതിമോർ ഒഹൈയോ എന്നീ തീവണ്ടിപ്പാതകളെ നടത്തുന്ന കൂട്ടുകച്ചവടക്കാർ യന്ത്രങ്ങൾക്കു തീ മൂട്ടികൊടുക്കുന്നവരുടെയും വണ്ടികളുടെ വട്ടുകു മുറുക്കുന്നവരുടെയും മാസപ്പടിയെ കുറെച്ചുകളവാൻ വിചാരിച്ചു. അവരിൽ ആദിയിൽ 40 പേർ വഴിപ്പെടാതെയും തങ്ങൾക്കു പകരമായി പണിയെടുപ്പാൻ മനസ്സുള്ളവരെ സമ്മതിക്കാതെയും ഇരുന്നശേഷം ക്രമത്താലെ ഈ വിരോധഭാവം ദൂരസ്ഥലങ്ങളിലും തീവണ്ടിപ്പണിക്കാൎക്കു തന്നെ അല്ല പലവക കൂലിക്കാൎക്കും കൂട പകൎന്നുപോയി. ആയവർ കൂട്ടമായി തീവണ്ടിസ്ഥാനങ്ങളിൽ കൂടി ഇരുമ്പു പെരുവഴിയിലെ പാത്തികളെ പറിച്ചെടുക്കയും വണ്ടികൾക്കും വിൎമ്മാണങ്ങ

ൾക്ക തീ കൊടുക്കയും തങ്ങളെ നേരെ പുറപ്പെട്ടു പടയാളികളെ വെടിവെക്കയും കല്ലും മററും എറികയും ചെയ്യപോന്നു. 27 നു- അകം ഭ്രാന്തു തലന്നു എങ്കിലും ഇരുപുറത്തു ഏറിയവർ മരിച്ചു മുറിയേല്ക്കയും പുകവണ്ടിക്കൂട്ടുകാരുടെ ഏകദേശം 200 ലക്ഷം ഉറുപ്പിക മുതൽ നശിക്കയും ചെയ്തിട്ടുണ്ടായിരുന്നു. ഇങ്ങിനെ ചെറിയ തീപ്പൊരിയിൽനിന്നു വങ്കാട്ടു തീ ജ്വലിച്ചുണ്ടാകുന്നപ്രകാരം ചിലൎക്കുള്ള അല്പമുഷിച്ചലിന്നു പാകത വരാതെ ശാഠ്യം ഏറുകയാൽ വലിയ കലാപമുളവായി.

യൂരോപ്പ Europe.

പരന്ത്രീസ്സരാജ്യം:—പരന്ത്രീസ്സുകാൎക്കും ഗൎമ്മാനൎക്കും തമ്മിലുള്ള സന്ധിക്കരാറിന്നായി സഹായിച്ച തീയേർ (Thiers) എന്ന മുമ്പേത്ത രക്ഷാപുരുഷൻ സെപ്തമ്പ്ര 4ാംനു- സന്നിപാതത്താൽ (apoplexy) കഴിഞ്ഞു പോയി. ശ്രുതിപ്പെട്ട ജനക്കോയ്മക്കാരനായ ഗമ്പെത്ത പരന്ത്രീസ്സ് കോയ്മെക്കു പരസ്യമായി കുററവും കുറവും വിധിച്ചതിനാൽ മൂന്നു മാസത്തേ തടവും 800 ഉറുപ്പിക പിഴയും സഹിക്കേണ്ടി വരുന്നു.

ഗൎമ്മാന്യ:— (ജൎമ്മനി) വൎത്തമാനക്കമ്പികളെ തമ്മിൽ 110 മാറു ദൂരപ്പെട്ടു നിലത്തിൽ നാട്ടി ഏകദേശം 12 കോൽ ഉയരമുള്ള മരകമ്പങ്ങളുടെ ഇളന്തക്കൽ ഉറപ്പിക്കാറുണ്ടായിരുന്നു. മഴയും ചിതലും ഏറുന്ന മലയാളത്തിൽ മരം വേഗം പുതലിച്ചും അരിച്ചും പോയതിനാൽ പുത്തൻകമ്പങ്ങളെ നാട്ടുന്നതു പെരുത്തു ചെലവുള്ളതാകകൊണ്ടു തുത്ഥനാകപൂച്ചലിരിമ്പിനാൽ തീൎത്ത പൊള്ളക്കമ്പങ്ങളെ പകരമായി നിലത്തിൽ ഇറക്കി അതിന്റെ തലെക്കൽ വൎത്തമാനക്കമ്പികളെ ചുറെച്ചു കെട്ടിട്ടുണ്ടു. ഇയ്യിടേ ഗൎമ്മാന നാട്ടിൽ തുത്ഥനാകപൂച്ചലുള്ള വൎത്തമാനക്കമ്പികളെ നിലത്തിൽ ആഴേ ഇട്ടു കുഴിച്ചിടുവാൻ തുടങ്ങി. ബൎല്ലീൻ, ലൈപ്സിഗ് ഹല്ലെ, മാസിന്റ മുതലായ നഗരങ്ങൾ ജൂലായി 13നു- തമ്മിൽ ചേൎത്തിരിക്കുന്നു. മെസ്സ്, ഹംബുൎഗ്ഗ് നഗരങ്ങളെയും താമസം കൂടാതെ ഒരു പുതിയ വഴിയിൽ അവറേറാടു ഇണെക്കുവാൻ പോകുന്നു.

ആഫ്രിക്കാ Africa.

സുപ്രത്യാശമുനമ്പത്തേ ബ്രിതിഷ് കടിയേററക്കോയ്മ ഏപ്രിൽ 12നു- ത്രൻസ്വാല്യ എന്ന ഹൊല്ലന്തരുടെ (ലന്തർ) ജനക്കോയ്മയെ തങ്ങളുടെ രാജ്യത്തോടു ഇണക്കിച്ചേൎത്തു കാപ്പിരികൾ ആയതിനെ പിന്നേയും പിന്നേയും കലക്കിക്കളവാൻ ഓങ്ങിനില്ക്കയാൽ തന്നെയല്ല ലന്തർ അവരെ തടുപ്പാൻ പ്രാപ്തിയില്ലാതെ കൂടക്കൂടെ ഉള്ള യുദ്ധങ്ങൾകൊണ്ടു ബ്രിതിഷ് രാജ്യത്തിന്നു നല്ല സൌഖ്യം വരായ്കയാൽ അത്രേ. ഒരുമയിൽ ബലപ്പെട്ട പുതിയ സംരാജ്യത്തെ ഇത്ര എളുപ്പത്തിൽ ആക്രമിക്കുന്നതു സാധിക്കാതെ കാപ്പിരികൾ ഇനിമേലാൽ അടങ്ങി നല്ല അയല്പക്കക്കാർ ആയിരിക്കും എന്നു വിചാരിപ്പാൻ സംഗതിയുണ്ടു.

നൂബിയ:— മിസ്രയിലേ തെക്കുവിന്നു കീഴ്പ്പെട്ട ഒരു രാജ്യത്തിൽ എൽകഹിര തൊട്ടു ദൊംഗൊല വരെക്കും ഒരു തീവണ്ടിപ്പാതയെ നിരത്തുവാൻ ആരംഭിച്ചിരിക്കുന്നു. അടിമപ്പാട്ടിൽ ഉള്ള 6000 ഫെല്ലമാർ എന്ന കൃഷിക്കാർ കൂലികൂടാതെ താണവക വല്ലിക്കു പണി എടുത്തു വരുന്നതുകൊണ്ടു ആ നിരത്തു എത്രയും സഹായവിലെക്കു തീരുന്നു.

ആസ്യാ Asia.

ഭാരതഖണ്ഡം.

കാലികാത:— ഉപരാജാവവൎകൾ ഭാരതഖണ്ഡത്തിന്റെ അവസ്ഥയെ അവിടവിടെ കണ്ടു മനസ്സിൽ ആക്കേണ്ടതിന്നു യാത്രപുറപ്പെട്ടിരിക്കുന്നു.

വടക്കേപടിഞ്ഞാറുവകുപ്പു:— നഗ്രർ എന്ന തറയിൽ ഒരാൾക്കു തമ്മിൽ ഏററവും പകെച്ച 2 ഭാൎയ്യമാർ ഉണ്ടായിരുന്നു. ഇരുവരിൽ ഒരുത്തിക്കേ കുട്ടിയുള്ളു. മററവൾ ഒരുയിടേ ആ കുട്ടിയെ കൊന്നു അതിന്റെ മാംസംകൊണ്ടു ഭൎത്താവിന്നു ഒരു കറി ഉണ്ടാക്കി കൊടുത്തു. അവൻ ഭക്ഷിച്ചു നോക്കുമ്പോൾ രുചികൊണ്ടു സംശയിച്ചു പൊലീസ്സു മൂലമായി കാൎയ്യം അന്വേഷിപ്പിച്ചപ്പോൾ ആ പൈശാചികമായ അറുലയെ അറിഞ്ഞു വന്നു.

ബൊംബായി:— പഞ്ചം നിമിത്തം അനേക സാധുക്കൾ തങ്ങൾക്കുള്ള അല്പമായ വെള്ളിപ്പണ്ടങ്ങളെ വിററു ആയവററെ തട്ടാന്മാർ ഉരുക്കി വെള്ളിക്കട്ടിയാക്കി ബൊംബായിലുള്ള കമ്മട്ടശാലയിൽ എത്തിച്ചിരിക്കുന്നു എന്നു 128 ഭാഗത്തു പറഞ്ഞുവല്ലൊ. അതിന്റെ ശേഷം: മേയിൽ 8,37,074; ജൂനിൽ 11,51,515; ജൂ. 15,33,212 ഉറുപ്പികയോളം വെള്ളി അവിടെ എത്തിയതു കൊണ്ടു ഞെരിക്കം വൎദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നു കാണാം. ഒരു തുകകളോടു മൂന്നിൽ ഒന്നു ചേൎത്താൽ മേൽ പറഞ്ഞ വെള്ളിയാഭരണങ്ങൾക്കു അവരവർ കൊടുത്ത മുതൽ അറിയാം.

മദ്രാശിസംസ്ഥാനം: ക്ഷാമം നിമിത്തം കോയ്മ പണിക്കു പ്രാപ്തിയില്ലാത്ത പുരുഷന്മാർ സ്ത്രീകൾ കുട്ടികൾ എന്നിവരെ ഓരോ മുഖ്യ സ്ഥലങ്ങളിൽ ഓരോ പാളയങ്ങളിൽ പോററി വരുന്നു. ഠരം പഞ്ചപ്പാളയങ്ങളിൽ പുരുഷന്മാർ, സ്ത്രീകൾ, അനാഥകുട്ടികളും വെവ്വേറെ പാക്കയും ഭക്ഷിക്കയും ചെയ്യുന്നു. ദീനക്കാരായ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അവരവരുടെ ദീനപുരകളും പെററു കിടക്കുന്ന സ്ത്രീകൾക്കു ഓർ ഈററില്ലവും ഉണ്ടു. ഏറിയനാൾ വയറു കാഞ്ഞ പെണ്ണുങ്ങൾ പെററ കുട്ടികൾ മിക്കതും ചെറുതും മെലിഞ്ഞും തന്നെ. എല്ലാ പഞ്ചപ്പാളയങ്ങളിൽ ഏകദേശം 7,00,000 അപ്പനമ്മമാരില്ലാത്ത കുട്ടികൾ ഉണ്ടു അവരിൽ ഒരു ലക്ഷത്തോളം പെററവരെയും ജാതിയെയും മതത്തെയും അറിയുന്നില്ല കഷ്ടം.

ചെന്നപ്പട്ടണത്തു ഠരംയിടേ നാടുവാഴി അവർകൾ അഗ്രേസരനായി ഒരു ക്ഷാമശമനയോഗം കൂട്ടുകയും ആയവർ ലണ്ടനിലേ നഗര തലയാളിയായ ലൊർഡ്മേയർ എന്നവൎക്കു സംസ്ഥാനത്തിലേ ആവലാധിയെ വൎത്തമാനക്കമ്പിയാൽ അറിയിച്ച ശേഷം ഇംഗ്ലന്തിലേ നിവാസികൾ ഏകമനസ്സോടേ ഔദാൎയ്യമായി ശേഖരിപ്പാൻ കിഴിഞ്ഞിരിക്കുന്നു. സെപ്തമ്പ്ര 8നു അകം ലൊണ്ടനിൽ 11,50,000 ക്രു. ശേഖരിച്ചു. കാലികാതയിലും ഒരു ക്ഷാമശമനയോഗം കൂടി മദ്രാശിസംസ്ഥാനത്തിന്നു ഉതക്കം ചെയ്യേണ്ടതിന്നു താല്പൎയ്യത്തോടേ പണം ചേൎപ്പാൻ തുടങ്ങിയിരിക്കുന്നു.

പഞ്ചാബ: രാജപുത്രസ്ഥാനം ഗുജ്ജരം വടക്കേ പടിഞ്ഞാറു വകുപ്പു കുട്ടിയവാടു എന്നീനാടുകളിൽ മഴ പോരായ്കയാൽ ക്ഷാമം നന്നായി തട്ടും എന്നു ശങ്കിക്കുന്നു. മദ്രാശി സംസ്ഥാനത്തിന്റെ മിക്ക ജില്ലകളിൽ മഴ പെയ്തുകൊണ്ടു പഞ്ചം ക്രമത്താലേ നീങ്ങും എന്നൊരു വഴിയാകുവും ആശയും ജനിക്കുന്നു.

കണ്ണനൂർ: — കരളലിവുള്ളദൈവം ആഗൊസ്തിൽ 1—31 നു വരെക്കും $29\frac{1}{4}$ അംഗുലവും സെപ്തമ്പ്ര 1—18 തിയതിക്കകം $7\frac{1}{2}$ അംഗുലവും മഴ അയച്ചിരിക്കുന്നു. ജനുവെരി 1നു തൊട്ടു സെപ്തമ്പ്ര 18 തിയതിയോളം ആകേ $88\frac{1}{2}$ അംഗുലം മഴ വീണിരിക്കുന്നു. ഈ കൊല്ലത്തിൽ പലപ്പോഴും ചാറൽ മഴ ചിനുങ്ങി പെയ്തതിനാൽ അധികം മഴവെള്ളം ഒലിച്ചു പോകാതെ മിക്കതും നിലം തന്നിൽ തന്നെ വലിഞ്ഞു പോയതു കൊണ്ടു കീഴാണ്ടിൽ പെയ്ത മഴയെക്കാൾ ഈ ആണ്ടിൽ കൃഷിക്കും ഫലവൃക്ഷങ്ങൾക്കും ഏറ ഉപകാരം വന്നിരിക്കുന്നു. എന്നിട്ടും മാപ്പിള്ളമാരായ കച്ചവടക്കാർ പിട്ടലായ നെല്ലിന്നു മുങ്കൂറായി പണം കൊടുത്തു അതിനെ പുറനാട്ടിൽ അയക്കുന്നതു വിചാരിച്ചാൽ ഇങ്ങുള്ള കുഴക്കു എങ്ങനെ തീരും.

കോഴിക്കോട്ടു: — മലയാളത്തിലേ നെല്ലും അരിയും കുടകു വയനാട്ടു കോയമ്പുത്തൂർ ജില്ലകളിലേക്കു തന്നെ അല്ല കന്തയിലേക്കും കയററിയയക്കുകകൊണ്ടു വിളഭൂമികൾ നന്നായി വിളഞ്ഞിട്ടും മകര കൃഷി വാച്ചു നിന്നിട്ടും അരിയുടെ വില കീഴ്ക്കട കാണാത്തവണ്ണം കയറിയിരിക്കുന്നു. ചെറു മാസപ്പടിയായ കീഴുദ്യോഗസ്ഥന്മാൎക്കു കോയ്മ ഏതാനും പണ സഹായം ചെയ്തിട്ടു ആയവൎക്കു ഞെരിക്കം അധികം തട്ടീട്ടില്ലെങ്കിലും നഗരങ്ങളിൽ അല്പം വരവുള്ളവരും വിശേഷിച്ചു ഉൾനാട്ടിലേ സാധുക്കളും കൎക്കിടകത്തിൽ തന്നെയല്ല അതിന്റെ ശേഷം അകവില പൊന്തുന്തോറും പെരുത്തു വലഞ്ഞിരിക്കുന്നു. കൎണ്ണാടക തമിഴ് നാടുകളിൽനിന്നു വിശപ്പു കൊണ്ടു കുഴങ്ങിയ പലരും നമ്മുടെ നാട്ടിൽ തെണ്ടി നടക്കുന്നു. ഈ പലവക ഞെരുങ്ങിയവൎക്കു രക്ഷചെയ്യേണ്ടതിന്നു മലയാളം കല്ക്കുട്ടർ ലോഗൻ സായ്പവൎകൾ ധനവാന്മാരെ ക്ഷണിച്ച ശേഷം എല്ലാ താലൂക്കുകളിൽ പ്രാപ്തിയുള്ള പലരും ധൎമ്മകഞ്ഞിക്കു മുതൽ നീക്കി കൊടുത്തു. ഇല്ലാത്തവരെ നോക്കുന്ന ദൈവം അവരെ അതിന്നായി അനുഗ്രഹിക്കും.

പാലക്കാട്ടു: — ഉത്തമായി വിളഞ്ഞ വിളെക്കു കൊങ്ങർ മുങ്കൂറായി പണം കൊടുത്തു മെതിച്ചു തുററാത്ത പച്ചനെല്ലിനെ പണത്തിന്നു 4 പ്രകാരം (ക്രുപ്പികക്കു 14 ഇടങ്ങഴി) വാങ്ങി തങ്ങളുടെ നാട്ടിലേക്കു കയററി കൊണ്ടു പോകുന്നു. കൊങ്ങിലെ ഞെരിക്കത്തോളം മലയാളത്തിന്നു ഇത്രോടം തട്ടീട്ടില്ല. അവിടെനിന്നു കറവുള്ള പശുക്കളെയും തീവണ്ടി വഴിയായി അനവധി ഓട്ടു ചെമ്പു പാത്രങ്ങളെയും കൊണ്ടുവന്നു താണ വിലെക്കു വിററു കളയുന്നു. പശുവും കുടച്ചിയും ഒരു പൊതി ചോററിന്നു മാററം ചെയ്ത പ്രകാരം കണ്ടവർ ഉണ്ടു. എന്നുവേണ്ട അമ്മമാർ തങ്ങൾ പെററു വളൎത്തിയ കുട്ടികളെ വിശപ്പു പൊറുക്കാഞ്ഞിട്ടും വാങ്ങുന്നവൎക്കു കഴിവില്ലാഞ്ഞിട്ടും അര ക്രുപ്പികയോളം വിററു കളഞ്ഞിരിക്കുന്നതു നിനെച്ചാൽ നെഞ്ചു പിളൎക്കുന്നു. കഞ്ഞിക്കു വക ഇല്ലാത്ത കൊങ്ങർ പാലക്കാട്ടു താലൂക്കിൽ കൂട്ടമായി കവിഞ്ഞു ആ നാട്ടുകാരെ അലമ്പൽ ആക്കിയ ശേഷം കോയ്മ അവരെ പിന്നെയും തങ്ങളുടെ നാട്ടിലെ പഞ്ചപ്പാളയങ്ങളിലേക്കു അയച്ചിരിക്കുന്നു.

തഞ്ചാവൂർ:— ഈയിടെ മരിച്ച പ്രകാരം ഒരു ബാല്യക്കാരത്തിയെ ചുടലക്കാട്ടിൽ കൊണ്ടു പോയി ചുടലയടിക്കു തീ കൊടുത്ത ശേഷം അവൾ മായാമരണത്തിൽനിന്നു ഉണൎന്നു അടുക്കെ നില്ക്കുന്ന അപ്പനമ്മമാരോടു തന്നെ രക്ഷിക്കേണ്ടതിന്നു അപേക്ഷിച്ചിട്ടും ആയവർ കുറെ സമയത്തോളം സംശയിച്ചു നിന്നശേഷം മാത്രം അവളെ തങ്ങളോടു കൂടെ കൊണ്ടുപോയുള്ളു.

കാലായിപെറുക്കു Gleanings.

പാപ്പാവു ഭൂലോകത്തിൽ ഉള്ള എപ്പേൎപ്പെട്ട രാജ്യങ്ങളിൽനിന്നു ഓരോപള്ളിക്കാർ പാപ്പാവിന്നു 110ാം പുറത്തു പറഞ്ഞ സംഗതിയാൽ അനേക ദാനങ്ങളെ കൊണ്ടു കൊടുത്തു അവിടുത്തേ അനുഗ്രഹ പ്രസാദത്തെ വാങ്ങി തങ്ങളുടെ നാടുകളിലേക്കു തിരിച്ചു പോരുന്നു.

ബാസൽഗൎമ്മാനസുവിശേഷപ്രേരണ സംഘത്തിന്റെ 1876 ആമതിലേ ജ്ഞാപക പ്രകാരം 20 മിശ്ശൻ സ്ഥലങ്ങളും 63 മിശ്ശനേരികളും ഉപദേഷ്ടാക്കന്മാരും 41 മതാമ്മമിസ്സിമാരും 6 ഉപബോധകന്മാരും 53 ഉപദേശിമാരും സുവിശേഷകരും 19 സഭാഗുരുക്കന്മാരും 19 വാദ്ധ്യാത്തികളും 30 ജാതിഗുരുക്കന്മാരും 60 എഴുത്തു പള്ളികളും 2450 കുട്ടികളും ബാല്യക്കാരും 255 പുതുതായി സ്നാനപ്പെട്ടവരും 5904 സഭക്കാരും 299 സ്നാനകാംക്ഷികളും 1876 ആമതിന്റെ അവസാനത്തിൽ ഭാരതഖണ്ഡത്തിൽ ഉണ്ടായിരുന്നു 1876 ആമതിന്റെ ആരംഭത്തിൽ പടിഞ്ഞാററെ അഫ്രിക്കാവിലേ പൊരങ്കിൽ 2934 സഭക്കാരും മഹാചീനാവിൽ 1224 സഭക്കാരും കണ്ടതു.

യൂരോപ്പയിലെ പഴങ്കൂട്ടുകാർ:— പാപ്പാവിന്റെ തെററായ്മയെ (infallibility) കൈക്കൊൾവാൻ മനസ്സില്ലാതെ റോമകത്തോലിക്ക സഭയെ വിട്ടു പഴങ്കത്തോലിക്ക സഭ എന്നു പേർ എടുത്ത ഈ സഭ ചെറുതെങ്കിലും അല്പം വളരുന്നു. സ്വിസ്സ് ജനക്കോയ്മയിൽ ഇതിന്നു 1 മേലാദ്ധ്യക്ഷനും 70 പട്ടക്കാരും 70,000 സഭക്കാരും പട്ടക്കാരും സഭക്കാരും കൂടിയ സഭായോഗവും ഉണ്ടു. തിരുവത്താഴത്തിൽ സഭക്കാൎക്കും പാനപാത്രത്തെ കൊടുക്കയും പട്ടക്കാർ വിവാഹം കഴിക്കയും കാതിൽ കശുകശുക്കൽ നീക്കുകയും വേണം എന്നും മററും ഉള്ള ന്യായങ്ങളെക്കുറിച്ചുള്ള ആലോചന നടക്കുന്നു (Ev. Kirchztg. p. 381). ഗൎമ്മാനരാജ്യത്തിൽ 1 മേലദ്ധ്യക്ഷനും 56 പട്ടക്കാരും 53,460 സഭക്കാരും തല്ക്കാലം 27 പട്ടക്കാരും 70 സഭക്കാരും ഉള്ള സഭായോഗവും (സൂനഹദോസ് Synod) ഉണ്ടു.

Ev. Kirchztg. p. 360.

ബ്രിതാന്യപരദേശവേദസംഘം: വേദപുസ്തകത്തെ 210 ഭാഷകളിലും 790 ലക്ഷം പ്രതികളിലും അച്ചടിപ്പിച്ചു പരത്തിയ ഈ സംഘത്തിന്നു 73 ആം വയസ്സുതികഞ്ഞു. 1876 ആമതിൽ 26,70,742 പ്രതികളെ (copies) ലോകത്തിൽ എങ്ങും വിതറിയതു കൊണ്ടു ഈ കിഴവിക്കു നല്ല യൌവനശക്തിയും ഉത്സാഹവും ഉണ്ടു എന്നു കാണാം,

എബ്രായഭാഷയിലെ പുതുനിയമം:— ഫ്രാഞ്ച് ദെലിച് എന്ന ശ്രേഷ്ഠ പണ്ഡിതൻ പുതിയ നിയമത്തെ എബ്രായ ഭാഷയിൽ ആക്കിയിരിക്കുന്നു. താൻ ഏറിയ സംവത്സരങ്ങൾക്കുള്ളിൽ ഈ പുത്തൻ ഭാഷാന്തരത്തെ തളരാതേ തിരുത്തുകയും ഇരാവുകയും ചെയ്തതു കൊണ്ടു ആയതു എബ്രായഭാഷയുടെ ഭാവരീതികൾക്കു ഏററവും അടുത്തു ചമഞ്ഞു. ഇത്രോടമുണ്ടായ കുറവുള്ള ഭാഷാന്തരങ്ങൾക്കു പകരം ഇസ്രയേൽ മക്കളുടെ മനസ്സിനെ കാൎന്നു പിടിക്കുന്ന ഈ പുസ്തകത്താൽ പലരും മശീഹാവിൽ വിശ്വസിച്ചു രക്ഷപ്പെടേണമേ. ലണ്ടനിലെ വേദസംഘം ഇതിനെ അച്ചടിപ്പിച്ചു നയവിലെക്കു വിററു വരുന്നു. *Kirchenfreund.*

നല്ല വേലക്കാരൻ:— ബങ്കാളത്തിൽ ആരോ ഒരു ക്രിസ്തുപ്രിയൻ സന്ന്യാസിക്കൊത്ത എളിമയിലും ഇല്ലായ്മയിലും ഊരുതറകൾ തോറും സഞ്ചരിച്ചു സുവിശേഷത്തെ അറിയിച്ചു വരുന്നു. പലരും അവന്റെ പ്രസംഗത്തെ വിശ്വസിച്ചു ക്രിസ്തനെ കൈക്കൊണ്ടു ഓരോ ഉപദ്രവങ്ങളെ സഹിച്ചിരിക്കേ ഇതുവരേക്കും വല്ല സഭയോടു ചേൎന്നിട്ടില്ല. സുവിശേഷം പൂളിച്ച മാവുകണക്കേ നമ്മുടെ മലയാളരാജ്യത്തിലെ ആത്മാക്കൾക്കും പുളിക്കം വരുത്തും നിശ്ചയം. *B. Guard.*

സുരിയനാടു:— ദമസ്ക്, ബൈരുത് മുതലായ നഗരങ്ങളിൽ എല്ലാവരും വലിയ പ്രതീക്ഷയോടു, രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള പോരിന്റെ അവസാനത്തിന്നായി കാത്തിരിക്കുന്നു. ബദുവിമക്കളുടെ അഭിപ്രായമോ രുസ്സർ തുൎക്കരെ ദമസ്കിന്നടുക്കെ തീരേ അമൎത്തുമ്പോൾ ബദുവിമക്കൾ വൻപടയുമായി രുസ്സരുടെ മേൽ വീണു അവരെ സുരിയനാട്ടിൽനിന്നു ആട്ടിക്കളുകയും അറവികളായ ബദുവിമക്കൾ ഒരു ബദുവിസംരാജ്യത്തെ ഉണ്ടാക്കിയ ശേഷം 1000 വൎഷത്തിന്റെ സമാധാനവാഴ്ച ആരംഭിക്കയും അതിന്റെ ശേഷം മറിയയുടെ മകനായ യേശു ന്യായവിസ്താരത്തിന്നു വരികയും ചെയ്യും എന്നു പറയുന്നു. നമുക്കാകട്ടെ ഉറപ്പുള്ള ദൈവവചനം ഉണ്ടു. *Miss. Mag.*

Printed at the Basel Mission Press, Mangalore.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. **NOVEMBER 1877.** No. 11.

EARTHQUAKES.

ഭൂകമ്പം.

ലിസബൊൻ.

കുറെ കാലം മുമ്പെ തെക്കേ അമേരിക്കയിൽ വലിയൊരു ഭൂകമ്പത്തിനാൽ ചില പട്ടണങ്ങൾ മിക്കവാറും നശിച്ചു പോയി എന്നു വൎത്തമാന പത്രികയിൽ വായിച്ചിരിക്കുന്നു.

ഭൂകമ്പങ്ങൾ ഭൂമിയിൽ എവിടെയും സംഭവിക്കാം. ഭൂകമ്പം ഉണ്ടാകാത്ത രാജ്യം ഉണ്ടെന്നു പറവാൻ പാടില്ല. ഭൂമിയുടെ അന്തർഭാഗത്തിലെ വസ്തു ഒരു വിധം ഉരുകിയ അവസ്ഥയിൽ ഇരിക്കുന്നു. ഭൂമിയുടെ മേൽപുറം തോടു മുട്ടയെ മൂടുന്നതു പോലെ എന്ന കണക്കെ ജലമയമായ അന്തസ്സാധനങ്ങളെ മൂടിയിരിക്കുന്നു. ഭൂമിയുടെ തടിപ്പു നോക്കിയാൽ നമ്മെ ഈ ഉരുകിയ സാധനങ്ങളിൽനിന്നു വിഭാഗിക്കുന്നതായ തോടു എത്രയും നേരിയതു. ഉള്ളിലെ ഭയങ്കരമായ ഉഷ്ണത്താൽ പലപ്പോഴം ഭൂമി ഭാഗം ചലിക്കുന്നു. ഇതിന്നു നാം ഭൂകമ്പം എന്ന പേർ കൊടുക്കുന്നു.

ഭൂകമ്പങ്ങളുടെ ശക്തിക്കു ഏറിയ മാററം ഉണ്ടു. ഒരിക്കൽ അതു നമുക്കു സഹിപ്പാൻ കഴിയാതവണ്ണം ശക്തി കുറഞ്ഞതായ ഇളക്കം കൊള്ളുന്നു. ചിലപ്പോൾ മലകൾ നശിക്കത്തക്ക ഭയങ്കരമുള്ള കമ്പനം ഉണ്ടാകുന്നു. ചിലപ്പോൾ ചുരുങ്ങിയ ഭൂസ്ഥലം സഹിപ്പാൻ മാത്രവും മററു ചിലപ്പോൾ വലിയ ഭൂഖണ്ഡങ്ങൾ സഹിക്കാവുന്നതുമായ കമ്പനങ്ങൾ സംഭവിപ്പിക്കുന്നു.

ഭൂകമ്പങ്ങൾ മൂന്നു വിധം ഉണ്ടെന്നു കാണുന്നു. ചിലപ്പോൾ ഭൂമിയുടെ കീഴിൽനിന്നു ഉൾവഴിയായി മേൽഭാഗത്തേക്കു ഓടുന്ന ഒരു കമ്പം സംഭവിക്കുന്നു. അതിനാൽ പലപ്പോഴം മനുഷ്യരും കല്ലുകളും മലകളും തുള്ളുന്നതു പോലെ മേലോട്ടു തള്ളി പോകുന്നു. 1783ാമതിൽ ഇതല്യ രാജ്യത്തിൻെറ തെക്കിൽ ഒരു ഭൂകമ്പം ഉണ്ടായപ്പോൾ, അവിടുത്തെ ചില മലകൾ മേലോട്ടും കീഴോട്ടും തുള്ളുന്നതു പോലെ ചലിക്കുന്നതു കാണ്മാനുണ്ടായിരുന്നു. ചിലപ്പോൾ ഭൂകമ്പം കടലിലെ തിര ഇളകി ചരിക്കുംപ്രകാരം ഭൂമിമേലെ സഞ്ചരിക്കുന്നു. അതിനാൽ മനുഷ്യൎക്കു ഇളകി ആടുന്ന കപ്പലിൽ ഇരിക്കുന്ന ഒരു അനുഭവം ഏല്ക്കുന്നു. വൃക്ഷങ്ങളുടെ അഗ്രം നിലത്തു വന്നു ചേരുകയും കമ്പത്തിരയുടെ നീളത്തിൽ ഇരിക്കുന്ന മതിലുകൾ വീഴുകയും തിരയുടെ വഴിപ്രകാരം നില്ക്കുന്നവ കീറിപ്പോകയും ചെയ്യുന്നു.

ചിലപ്പോൾ ഭൂകമ്പത്തിന്നു വൃത്താകാരമായ ഒരു സഞ്ചാരമുണ്ടു അതിനാൽ നേൎക്കുള്ള പെരുവഴി വളഞ്ഞതായി തീരുന്നു. ഇതല്യ രാജ്യത്തിൽ ഒരു തൂൺ ഭൂകമ്പത്താൽ തന്നെത്താൻ ചുററി തിരിഞ്ഞു പോയി.

പലപ്പോഴം ഭൂകമ്പത്തോടുകൂടെ ഭൂമിയുടെ ഉള്ളിൽ പല ശബ്ദങ്ങൾ ചേരുന്നു. ഈ ശബ്ദങ്ങൾ കാററിൻെറ നിഘോഷം പോലെയും ചിലപ്പോൾ ഇരിമ്പു ചങ്ങല കിലുങ്ങുന്നതു പോലെയും, ചെണ്ട ശബ്ദിക്കുന്നതു പോലെയും ആം. 1784ാമതിൽ ഗ്വാനയുയാതൊ (Guyanyuyado) എന്ന മെക്സികൊ രാജ്യത്തിൽ ഒരു മാസം മുഴുവനും ഭൂകമ്പം പുറത്തു വരാതെ ഉള്ളിൽനിന്നു ഇടിധ്വനി പോലെ ഭയങ്കരമായ ശബ്ദങ്ങൾ ഇടവിടാതെ കേട്ടു.

1808ാമതിൽ പിയെമൊന്ത് രാജ്യത്തിൽ ഒരു ചെറിയ ഭൂകമ്പസഹിതം പീരങ്കി വെടിപോലെ ഉള്ള അടികൾ സംഭവിച്ചു.

ഈ വക ശബ്ദങ്ങൾ കൂടാതെ ഭൂകമ്പത്തോടു പ്രത്യേകം പലപ്പോഴം ഭയങ്കരമായ മൂടൽമഞ്ഞു ചേൎക്കപ്പെടുന്നു. 1783ാമതിൽ കലാപ്രിയ രാജ്യത്തിൽ ഒരു വലിയ ഭൂകമ്പം അയിസ്സന്ത ദ്വീപിൽ സ്കപ്ടൎ യേക്കൽ തീമലയിൽ തീജ്വാല ഉണ്ടായപ്പോൾ യൂരോപ്പ ആസ്യ ഖണ്ഡങ്ങളുടെ ഓരോ വലിയ അംശം മൂടൽ മഞ്ഞുകൊണ്ടു മൂടപ്പെട്ടിരുന്നു. 1831ാമതിലെ ഭൂകമ്പം ഒരു വലിയ മൂടൽ മഞ്ഞുകൊണ്ടു യൂരോപ്പയെ മുഴുവനും മൂടിവെച്ചു.

ചിലപ്പോൾ ഭൂകമ്പങ്ങൾ വലിയ കാററുകൾ ഇടിമഴകൾ എന്നിവയോടു കലരുന്നതു കൂടാതെ ചില ഭൂസ്ഥലങ്ങളിൽനിന്നു വിഷവായുക്കളെയും തീജ്വാലകളെയും ആവികളെയും പുറപ്പെടീക്കുന്നു.

ഭൂകമ്പത്തിന്റെ മുന്നടയാളങ്ങൾ ഒട്ടും തിട്ടമില്ലാത്തവയാകുന്നു. അവ പലപ്പോഴം മുന്നറിവു കൂടാതെ ഉണ്ടായി വരുന്നു, എന്നിട്ടും ചില മൃഗങ്ങൾ ഭൂകമ്പത്തിന്റെ ആസന്ന കാലം പലപ്പോഴം ബോധിക്കുന്നു. പ്രത്യേകമായി ഗുഹകളിൽ പാൎക്കുന്ന മൃഗങ്ങൾ തന്നെ. അവ പാൎപ്പിടങ്ങളിൽനിന്നു പുറത്തേക്കു വന്നു, വളരെ സുഖക്കേടു കാട്ടുന്നു. നെയാപൽ രാജ്യത്തിൽ പ്രത്യേകം പന്നികൾ ഭൂകമ്പത്തിൻ മുമ്പെ സ്വസ്ഥതയില്ലാത്ത ചില ചേഷ്ടകളെ കാണിച്ചുപോൽ.

നാം അറിയുന്നവററിൽ അതിഭയങ്കരമായ ഭൂകമ്പങ്ങൾ ഏററവും ചുരുക്കം. ചിലവ ഒരു നിമിഷംകൊണ്ടു തീൎന്നു പോകുന്നു. തീമലകൾ അടുത്തുണ്ടെങ്കിൽ ഭൂകമ്പത്തിന്നു കാരണമായിരിക്കുന്ന ആവികൾ ഭൂമിയുടെ അന്തൎഭാഗത്തിൽനിന്നു പോയിപോകാം. അതിനാൽ ദീൎഘമായ ഭൂകമ്പം സംഭവിപ്പാൻ പാടില്ല. എങ്കിലും ഇതില്ലെങ്കിൽ ഭൂമിയുടെ അകത്തടങ്ങിയ ആവികൾക്കു തെററി പോവാൻ വഴിയില്ലായ്കകൊണ്ടു ഭൂകമ്പം പലപ്പോഴം ചില മാസങ്ങളിൽ ആയി വന്നേക്കാം സവൊയി (Savoy) രാജ്യത്തിൽ 1807ാമതിലെ ഭൂകമ്പം 7 ആഴ്ചയോളവും 1822ാമതിൽ സൂരിയ രാജ്യത്തുണ്ടായ ഭൂകമ്പം ഏകദേശം 15 മാസത്തോളവും കലാപ്രിയ രാജ്യത്തിലെ മൊന്തെലെയൊനെ പട്ടണത്തിൽ ഭൂകമ്പം 4 സംവത്സരത്തോളവും നിന്നു. സാധാരണമായി ചെറിയ ഭൂകമ്പം ഏററം ആപൽകാരമുള്ളതു എന്നു പറയാം. പലപ്പോഴം ഭൂകമ്പങ്ങൾ അഗ്നിപൎവ്വതങ്ങളുടെ ചേഷ്ടകളോടു കലൎന്നിരിക്കുന്നു. ഭൂമിയുടെ അകമെ കിടക്കുന്ന ആവികൾ തീമലകളുടെ കടന്നു പോകുന്നു. വെസുവിയൂസ് എത്ന എന്ന ഇതല്യ രാജ്യത്തിലുള്ള തീമലകൾ 1711 തുടങ്ങി നിശ്ചലമായി ശമിച്ചിരുന്നപ്പോൾ ഇതല്യ രാജ്യത്തിൽ അനേക ഭൂകമ്പങ്ങൾ സംഭവിച്ചു. എങ്കിലും 1778ാമതിൽ വെസു

വിസ്സൂസ് എന്ന തീമലക്ക ഒരു ഭയങ്കരമായ പൊട്ടൽ ഉണ്ടായി വന്നാറെ, 5 കൊല്ലത്തോളം ആ രാജ്യത്തിൽ ഭൂകമ്പം സംഭവിച്ചിട്ടില്ല.

ചില ഭൂകമ്പങ്ങൾ 1500 മൈതസ വിസ്താരം വ്യാപിക്കുന്നു. ലിസബൊൻ പട്ടണത്തെ നശിപ്പിച്ച ഭൂകമ്പം ഏകദേശം 16000000 ചതുരശ്ര നാഴിക പരന്നു. ഈ മഹാഭൂകമ്പം 1755ാമതു നവെമ്പ്ര മാസം 1ന്നു സംഭവിച്ചു. രാവിലെ 9 മണിക്കൂറിൽ ഭൂമിയിൽനിന്നു ഭയങ്കര ഇടിമുഴക്കം കേട്ട ആ നിമിഷത്തിൽ തന്നെ പട്ടണത്തിന്റെ മുഖ്യ സ്ഥാപനങ്ങൾ നിലത്തു വീണു ഏകദേശം 8000 ആളുകൾ അതിൽ നശിച്ചു പോയി. തറയാ നദീ നിലം ചില സ്ഥലങ്ങളിൽ വെള്ളത്തിൻ മേൽഭാഗത്തു പൊങ്ങി സമുദ്രത്തിന്മേൽനിന്നു 50 കാലടി പൊക്കമുള്ള ഒരു തിര ബന്തറിൽ വന്നു അനേക കപ്പലുകളെ നശിപ്പിച്ചു.

ഏററവും കീൎത്തിപ്പെട്ട ഭൂകമ്പങ്ങളുടെ ഒരു പത്രിക ഇവിടെ കാണിക്കുന്നു.

1692ാമതിൽ		ധമയിക്കാദ്വീപിൽ.	1797ാമതിൽ		പ്രീതൊ.
1693	„	സീസലിദ്വീപിൽ.	1811	„	മിസ്സിസിപ്പി.
1703	„	എക്രൊസൊയിൽ.	1812	„	കരകസ്.
1746	„	ലീമാ.	1812	„	ചില്ലി.
1755	„	ലിസബൊൻ.	1727	„	നിയൂഗ്രെനാർ.
1759	„	യോരുല്ലാമലയുടെ നടുവിൽ.	1855	„	ചില്ലി.
1766	„	കരകസ്.	1843	„	വടക്കേ അമേരിക്ക.
1783	„	കലാപ്രിയ.			

ഭൂകമ്പങ്ങളുടെ സിദ്ധി പല വിധമുള്ളതാകുന്നു. ചില സ്ഥലങ്ങളിൽ നിലം കീറി പോയി മനുഷ്യരും മൃഗങ്ങളും വീടുകളും ആ പിളൎപ്പിൽ താണു നശിച്ചു. കലാപ്രിയ രാജ്യത്തിൽ നാലു നാഴിക നീളവും 150 കാലടി വീതിയുമുള്ള ഒരു കീറൽ ഉണ്ടായി. സിഫീരിയമല മദ്ധ്യം രണ്ടു അംശമായി കീറി പോയി. ധമയിക ദ്വീപിലെ 1692ാമതിലുള്ള ഭൂകമ്പത്താൽ രണ്ടു മലകളുടെ ശിഖരങ്ങൾ സമഭൂമിയിൽ വീണു നിവാസികളെ എല്ലാം മൂടി കളഞ്ഞു. ചിലപ്പോൾ പിളൎപ്പുകളിൽനിന്നു ഉഷ്ണ ജലവും ആവികളും പുറപ്പെട്ടു ക്ലാപ്രിയയിലും കരകസിലും അതിനാൽ കുറെ വലിയ സരസ്സുകൾ ഉത്ഭവിച്ചു. 797ാമതിൽ തിയൊംബംബ ഭൂകമ്പത്തിൽ ഭൂപിളൎപ്പുകളിൽനിന്നു ഭയങ്കരമായ ജലങ്ങൾ പൊങ്ങി പുറപ്പെട്ടു കുറെ കാലത്തോളം 1000 കാലടി ഉയരവും 600 കാലടി ആഴവുമുള്ള ഒരു താഴ്വര മുഴുവനും നിറച്ചു വെച്ചു.

ഭൂകമ്പത്താൽ പലപ്പോഴും ഉറവുകളും നദികളും വറണ്ടു പോകുന്നു. 1088ാമതിൽ തേമ്സ (Thames) ഭൂകമ്പത്തിനാൽ വററി ഉണങ്ങിപ്പോയി സമുദ്രത്തിൽനിന്നു കപ്പലുകൾ മേല്പെട്ടു ചാടിക്കപ്പെട്ടു. ചിലപ്പോൾ

ഭൂമിയിൽ ചില സ്ഥലങ്ങൾ മേല്പെട്ടു പൊങ്ങിക്കയും ചിലേടങ്ങൾ താഴ്ക്കയും ചെയ്തു. ചില രാജ്യത്തിൽ ഭൂകമ്പങ്ങളാൽ ചില സ്ഥലങ്ങൾ 500 കാലടി പൊങ്ങിക്കപ്പെട്ടു. ഭൂകമ്പങ്ങളാൽ സമുദ്രത്തിൽനിന്നു ദ്വീപുകൾ ഉത്ഭവിച്ചു. 1811ാമതിൽ അസൊര ദ്വീപുകളുടെ സമീപത്തു ഭൂകമ്പത്താൽ 300 കാലടി ഉയരവെ സംപ്രിസദ്വീപു സമുദ്രത്തിൽനിന്നു പൊങ്ങി വന്നു. 1831ാമതിൽ മദ്ധ്യകടലിൽ ഫെനീസൻ എന്ന ദ്വീപു 215 കാലടി ഉയരവെ പൊങ്ങി നിന്നു. 6 മാസം ചെന്നാറെ വീണ്ടും സമുദ്രത്തിൽ തന്നെ താണു പോയി.

THE LATE SYRIAN METROPOLITAN ATHANASIUS.

മലയാള സുറിയാനിക്കാരുടെ കഴിഞ്ഞുപോയ മാർ അത്താനാസ്യോസ മെത്രാപ്പൊലീത്തൻ.

ജനനമരണങ്ങളുടെ സംഭവങ്ങൾ നാട്ടിൽ എങ്ങും ദിവസേനാൽ എന്നപോലെ ഉണ്ടാകുന്നതു സാധാരണയാകുന്നു. എങ്കിലും അവ ജനങ്ങൾ ഗണ്യമാക്കാറില്ല. ചില സംഗതിവശാൽ മേൽപ്രകാരമുള്ള സംഭവങ്ങൾ അപ്പഴപ്പോൾ മുഖ്യമായ ചില പത്രങ്ങളിൽ പ്രസിദ്ധം ചെയ്തു കാണാറുണ്ടു. ഇങ്ങിനെ പരജനബോദ്ധ്യത്തിനു വേണ്ടി ഒരാളിന്റെ ജീവചരിത്രം വിവരിക്കുന്നതു പരസമ്മതമാകുമെന്നു ഊഹിക്കേണമെങ്കിൽ ആയാൾ സാമൂഹ്യസ്ഥിതിയിൽ ഉയൎന്ന ഒരുവനും, തന്റെ ജീവകാലത്തു സാധാരണയിൽ ഉപരിയായ ശോഭയ്ക്കു പാത്രമുള്ളവനും ആയിരുന്നതു നിരാക്ഷേപമായിരിക്കേണ്ടതു. ഈ ലക്ഷണങ്ങളിൽ യാതൊന്നും ഞങ്ങൾ ഇതിനാൽ ചുരുക്കമായി ജീവചരിത്രം വിവരിപ്പാൻ ഭാവിക്കുന്ന മാർ അത്താനാസ്യോസ, എന്നവൎക്കു കുറവില്ലായിരുന്നു, എന്നു അദ്ദേഹത്തെ കുറിച്ചു കേട്ടു കേൾവി മാത്രം ഉണ്ടായിട്ടുള്ള ഏവരും സമ്മതിക്കുന്നതാകുന്നു. ഇദ്ദേഹം തിരുവിതാംകൂർ രാജ്യക്കാരനും പാലക്കുന്നത്തു അബ്രഹാം മല്പാൻ എന്നു ചൊല്ലിക്കൊണ്ട വൈദികന്റെ കുഡുംബക്കാരനും സംബന്ധിയുമായ ഒരു യാക്കോബിയ സുറിയാനിക്കാരനുമായിരുന്നു. തന്റെ ബാലാഭ്യസനം കോട്ടയത്ത ചൎച്ച്മിശ്യോൻ വക സിമ്മനാരിയിലും പിന്നത്തേതിൽ മദ്രാസിൽ കീൎത്തിപെട്ട ഒരു വിദ്യാലയത്തിലും കഴിച്ചതിനാൽ എന്നു തോന്നുന്നു. സുറിയാനിസഭയിൽ അക്കാലത്തു നടന്നു കടന്നിരുന്ന മറിയാരാധന മുതലായ ആചാരങ്ങൾ ശരിയല്ലാത്തതും വെറുക്കത്തക്കതുമെന്നു ബോധിപ്പാൻ ഇടയായി. ചൎച്ച്മിശ്യോൻകാരോടുള്ള ഏൎപ്പാടിൽ നിന്നു വേൎപ്പെട്ടു സ്വരാജ്യക്കാരായ പല പ്രധാന പള്ളിക്കാരുടെ സാക്ഷ്യലിഖിതങ്ങളോടു കൂടെ ഏകനായി സുറിയായിലേക്കു ദുൎഗ്ഗസഞ്ചാരം ചെയ്തു അവിടെവെച്ചു സഭാക്രമപ്രകാരം സുറിയാനിസഭയുടെ മേലദ്ധ്യക്ഷ

നായിട്ടു പാത്രിയക്കാ എന്ന പ്രധാന മേല്പട്ടക്കാരന്റെ കൈയിനാൽ പ്രതിഷ്ഠിക്കപ്പെട്ടു. വഴിമേൽവെച്ച നേരിട്ടതായ അനേക ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെട്ടു ഒടുവിൽ 1844 മെയിമാസത്തിൽ സ്വരാജ്യമായ മലയാളത്തു എത്തി. ഇദ്ദേഹത്തിന്നു മുമ്പു പരദേശത്തു പോയി മേലദ്ധ്യക്ഷസ്ഥാനം ഏററു വന്നവർ മലയാള സുറിയാനികളിൽ ആരും ഇല്ലാതിരുന്നതും, ഇത്ര വളരെ ദൂരമായിരുന്ന സ്ഥലത്തു ഏകനായി പോയി ശുഭത്തോടും മാന്യാവസ്ഥയിലും മടങ്ങിവരുന്നതും അപ്പോൾ വളരെ അസാദ്ധ്യമെന്നു വിചാരിക്കപ്പെട്ടിരുന്നതിനാലും മാർ അത്താനാസ്യോസിന്റെ സ്ഥാനത്തെ പററി വളരെ സംശയം നാട്ടുകാൎക്കുണ്ടായതിനാൽ തന്റെ അധികാരം സഭയിൽ നടത്തിക്കൊള്ളുന്നതിനു സൎക്കാർ മുഖാന്തരം സിദ്ധിക്കേണ്ടിയിരുന്ന അനുവാദം ലഭിക്കേണ്ടതിന്നു ചിലകാലത്തേക്കു പ്രയാസമുണ്ടായി, എങ്കിലും ഒടുവിൽ നിഷ്പക്ഷക്കാരായ അധികാരികൾ മുഖാന്തരം തന്റെ ന്യായമായ ആന്തരം സാദ്ധ്യമായി അന്നുവരെ നിരാശ്രയക്കാരും സത്യമാൎഗ്ഗം ഇന്നതെന്നു രുചിച്ചിട്ടില്ലാതിരുന്നവരുമായ മലയാള സുറിയാനിക്കാൎക്കു സഹായിയും ഉപദേഷ്ടാവുമായി അധികാരം നടത്തിക്കൊൾവാൻ 1852ൽ തിരുവിതാംകോട്ടു സൎക്കാരിൽനിന്നു വിളംബരവും വാങ്ങി. അന്നുമുതൽ ഈ കഴിഞ്ഞ ജൂലായിമാസം വരെയുള്ള ദീൎഘകാലത്തു സകലവിധ എടത്തൂടുകളെ ഖണ്ഡിപ്പാനും സഭയിലുള്ള വഷളതവങ്ങളെ അണെക്കളായി ചിതറിപ്പാനും തക്കവണ്ണം മാർ അത്താനാസ്യോസ ദൈവകൈയിൽ ഒരു കോടാലിയായി മലങ്കര എടവകയെ ഭരിച്ചുപോന്നു. ദൈവവചനം നേരായി വിഭാഗിക്കുന്നതിനും സത്യമായ വെളിച്ചം ഇന്നതെന്നു മലിനചിത്തന്മാരായ തന്റെ സഭക്കാൎക്കു തിരിച്ചു കൊടുപ്പാനും തനിക്കുണ്ടായ പ്രാപ്തി ചൊല്ലേണ്ടതത്രെ. വൈദികൻ എങ്കിലും മനുഷ്യനായിരുന്നതിനാൽ ഇദ്ദേഹം തന്റെ വൎഗ്ഗത്തിന്നുണ്ടായിരിക്കുന്ന കുറവുകളിൽനിന്നു ഒഴിയപ്പെട്ട ഒരാൾ എന്നു പ്രബോധിപ്പിപ്പാൻ ഞങ്ങൾ തുനിയുന്നില്ല. എന്നാലും തന്റെ ഭക്തിവൈരാഗ്യവും പ്രാപ്തിയും സാമാന്യക്കാരിലും ഉയൎന്ന തരത്തിലായിരുന്നു, എന്നു തന്റെ അവസാന വിരിപ്പിൽ കിടന്നപ്പോൾ താൻ അയപ്പിച്ചതും ഇതിനു ചുവടെ ചേൎക്കുന്നതുമായ ലേഖനത്താൽ വെളിപ്പെടുന്നതാകുന്നു. ഒരു ന്യായവാദിക്കൊത്ത ഗുണദോഷിയും പരക്കെ അറിയപ്പെടാതിരുന്ന ഒരു ജാതിക്കാരെ നേരുമാൎഗ്ഗത്തൂടെ നൽദേശം കാണിച്ചുകൊടുപ്പാൻ ഒരുക്കപ്പെട്ട ഒരു മോശയും പ്രയാസങ്ങൾ സഹിച്ചു അവററിൽനിന്നുള്ള വിടുതലിന്നായി ദൈവത്തിങ്കൽ മാത്രം ശരണപ്പെട്ട ഒരു യോബും എന്നു ജഗൽപ്രസിദ്ധനായ ഇദ്ദേഹത്തിന്റെ അകാലമരണത്താൽ മലയാളത്തുള്ള സുറിയാനി സഭക്കു സംഭവിച്ചിട്ടുള്ള നഷ്ടം വലുതായതു തന്നെ എങ്കിലും, തന്റെ യത്നത്താൽ

സത്യദൈവത്തിൻെറ ശുശ്രൂഷക്കായി വേർതിരിഞ്ഞവർ അനേകം ആളുകൾ സുറിയാനികളിൽ ഇന്നും, ഉണ്ടെന്നുള്ള അറിവിനാൽ താൻ ആരംഭിച്ച മഹത്തായ പ്രവൃത്തി അവസാനത്തോളം കൊണ്ടുചെല്ലുന്നതിനു തടസ്ഥമുണ്ടാകയില്ലെന്നും, ആ സഭയിൽ ഇനിയും ശേഷിക്കുന്നവരായ സൽഭക്തർ തങ്ങൾക്കു മുമ്പായി പോയിരിക്കുന്ന ഈ മഹാൻെറ ഒരുമിച്ച തങ്ങളുടെ ആത്മീക മണവാളൻെറ തെരിഞ്ഞെടുക്കപ്പെട്ട കന്യകമാരും അവിടത്തെ കിരീടത്തിൽ പതിക്കപ്പെടുന്ന ശോഭയേറിയ രത്നങ്ങളും ആയ്തീരേണമെന്നു ഞങ്ങൾ മനഃപൂർവ്വം ആശിക്കുന്നു.

കുറിപ്പ്:—ഈ താഴെ എഴുതിക്കിടക്കുന്ന ലേഖനം മാർ അത്താനാസ്യോസ എന്നവർ തൻെറ മരണത്തിന്നു അല്പനാൾക്കു മുമ്പു സുറിനാനിപ്പള്ളികൾക്കു അയച്ചിട്ടുള്ളതാകുന്നു. ഇതിൻെറ ഒരു നേരു പകർപ്പു ഞങ്ങൾക്കു കിട്ടീട്ടില്ലെങ്കിലും വാക്കിന്നു വാക്കു അല്ലെന്നുള്ള കുറവല്ലാതെ കാര്യഭാഗത്തിൽ അശേഷവും തെററീട്ടില്ലെന്നു ഞങ്ങൾക്കു ഉറപ്പായി പറയാം.

ലേഖനം.

(   ) പള്ളിയിലെ വിഗാരിക്കും പട്ടക്കാൎക്കും കയ്ക്കാരന്മാർ മുതലായ എടവകക്കാൎക്കും പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ഈശോമ്മശിഹായിൽനിന്നും കൃപയും സമാധാനവും സകല വാഴ്വും ഉണ്ടായിരിക്കട്ടെ.

വാത്സല്യമുള്ള മക്കളേ! നമ്മുടെ രക്ഷിതാവായ ഈശോമ്മശിഹാ തൻെറ വിലയേറിയ രക്തത്താൽ സമ്പാദിച്ചിട്ടുള്ള കൂട്ടത്തിലെ ആടുകളായ നിങ്ങളുടെ മേൽ ഇന്നേവരെ ബലഹീനനും ദോഷത്താളനുമായ എന്നെ പ്രധാന അധികാരിയായി തെരിഞ്ഞെടുത്തു നിയമിച്ച ദൈവത്തിന്നു ഞാൻ വന്ദനം ചൊല്ലുന്നു. എൻെറ ഇഹലോകസഞ്ചാരത്തിൻെറ നാളുകൾ അറുപതു കൊല്ലത്തോളം എത്തിയിരിക്കുന്നു. ഈ ഭൂമിക്കടുത്ത ഭവനമായ ശരീരത്തിൽനിന്നു വേർപെട്ടു നമ്മുടെ സ്വൎഗ്ഗീയ പിതാവിൻെറ സന്നിധിയിലേക്കു യാത്രയാകേണ്ടുന്നതിന്നു എൻെറ സമയം അടുത്തിരിക്കുന്നു എന്നു വിചാരിക്കേണ്ടതിന്നു നമ്മുടെ കർത്താവ് എന്നോടു അറിയിച്ചിരിക്കുന്നതിനാൽ എൻെറ അവസാന കല്പന നിങ്ങൾക്കു തന്നു, എൻെറ യാത്രയെ കുറിച്ചു നിങ്ങളോടു അറിയിപ്പാൻ എൻെറ ഈ നിര്യാണ ശയ്യയിൽനിന്നു ഈ ലേഖനം നിങ്ങൾക്കു അയക്കുന്നു. തൻെറ ആടുകൾക്കു വേണ്ടി ജീവനെ വെച്ചു കൊടുത്തവനും നമ്മുടെ രക്ഷിതാവുമായ ഈശോമ്മശിഹായുടെ തൃക്കയ്യിലേക്കു ഞാൻ എൻെറ ആത്മാവിനെ ഭരമേല്പിക്കുന്നു. ജയപുരിയായ പരദേശത്തേക്കു അവൻ എൻെറ ആത്മാവിനെ എടുത്തുകൊണ്ടു ഇനിക്കു മുമ്പായി അവിടെ പോയി സ്തോത്രഗീതങ്ങൾ പാടുന്നവരോടു കൂടെ ചേൎന്നു സ്വൎഗ്ഗീയ യരുശലേമിൻെറ ഒരു അവ

കാശി എന്നെയും ആക്കമെന്നു ഞാൻ അവനിൽ ശരണപ്പെട്ടുകയും ചെയ്യുന്നു. ക്രിസ്തുനാൽ ഇനിക്കു ഏല്പിക്കപ്പെട്ട കൂട്ടത്തിലെ ആടുകളായ പ്രിയമുള്ളവരേ! ബലഹീനനും ദോഷത്താളനുമായ ഞാൻ അവങ്കൽനിന്നു ഭരമേററ പ്രവൃത്തിയിൽ നിങ്ങളോടു ചെയ്തിട്ടുള്ള ഉപദേശങ്ങളെ നിങ്ങൾ വിശ്വസ്തതയോടെ കൈക്കൊണ്ടിരിക്കുന്നു. അതിൽ യാതൊന്നെങ്കിലും എൻെറ സ്വന്ത മനസ്സിൻപ്രകാരമോ സത്യപഠിപ്പിന്നു വിരുദ്ധമായതോ അല്ലെന്നു സാധുക്കൾക്കു ജ്ഞാനവും കണ്ണുകൾക്കു പ്രകാശവും കൊടുക്കുന്നതും സ്വർണ്ണത്തേക്കാൾ ആഗ്രഹിക്കത്തക്കതും തേനിനെയും തേങ്കട്ടയെയുംകാൾ അതിമധുരമായതുമായ ദൈവവചനത്തോടു ഒത്തുനോക്കിയാൽ നിങ്ങൾക്കു ബോധിക്കുന്നതാണെ.

എൻെറ മക്കളേ! നിങ്ങൾ സത്യവഴിയിൽനിന്നു തെററരുതെന്നും സാത്താൻെറ വശീകരത്തിൽ അകപ്പെടരുതെന്നും ദൈവകൃപയാൽ നിങ്ങൾക്കു കിട്ടീട്ടുള്ള നിഷ്കളങ്കമായ വിശ്വാസത്തെ മുറുകെ പിടിച്ചുകൊള്ളേണമെന്നും ഈ ഒരിക്കൽ കൂടെ ഞാൻ നിങ്ങളോടു ഗുണദോഷിക്കുന്നു. വാക്കിനാലോ ക്രിയയാലോ നിങ്ങളിൽ വല്ലവനെയും ഞാൻ വിരുദ്ധപ്പെടുത്തീട്ടുണ്ടെങ്കിൽ നമ്മുടെ കർത്താവായ ഈശോമ്മശിഹായുടെ നാമത്തിൽ നിങ്ങൾ അതിന്നായി എന്നോടു മനംപൊറുത്തുകൊള്ളേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

വാത്സല്യമക്കളേ! മനുഷ്യൻെറ നാളുകൾ പുല്ലുപോലെയും വയലിലെ പുഷ്പംപോലെയും ഇരിക്കുന്നു എന്നുള്ള വിശുദ്ധ വേദവാക്യം നിങ്ങൾ എപ്പോഴും ഓൎത്തുകൊൾവാൻ ഞാൻ നിങ്ങൾക്കു ഗുണദോഷിക്കുന്നു. ലോകവും അതിൻെറ ഉല്ലാസങ്ങളും പൊയ്പോകും. അതിലെ ബലവാന്മാരും രാജാക്കന്മാരും വിദ്വാന്മാരും എവിടേ? ഇവരൊക്കയും അവരവരുടെ സന്തതികാലങ്ങളിൽ ഇല്ലാതായിരിക്കുന്നു. ആകയാൽ നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു, നമുക്കു ജീവനുണ്ടാകേണ്ടതിന്നു പുനരുത്ഥാനം ചെയ്കയും അതിനാൽ താൻ ലോകത്തെയും പിശാചിനെയും ജഡത്തെയും ജയിച്ചു നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ ഉദ്ധരിച്ചിട്ടുള്ള മശിഹായിലെ വിശ്വാസികളായ നിങ്ങളും പിശാചു, ജഡം, ലോകം എന്നിവയോടു എതൃത്തുനിന്നു നിങ്ങളുടെ ദേഹദേഹികളെ മുഴുവനും കൎത്തൃസേവെക്കും മഹത്വത്തിന്നുമായി ഏല്പിച്ചു കൊടുപ്പാൻ ഞാൻ നിങ്ങളോടു ഉപദേശിക്കയും നിങ്ങളെ പഠിപ്പിക്കയും ചെയ്യുന്നു.

ഇതു ഞാൻ നിങ്ങൾക്കു ചൊല്ലിത്തരുന്നതായ അവസാന ഗുണദോഷവും ഉപദേശവും ആയിരിക്കാം. രാജാക്കളുടെ രാജാവും കൎത്തൃകൎത്താവും തനിക്കു മാത്രം സകല തേജസ്സും ബഹുമാനവും മഹിമയും അടങ്ങുന്നവനും യൂദാ ഗോത്രത്തിലെ സിംഹവും സ്വൎഗ്ഗീയ യരുശലേമിൻെറ മ

ണവാളനും ആയവൻ നിങ്ങൾക്ക പുത്രത്വത്തിന്റെ ആത്മാവിനെ നല്കി തന്റെ വിശുദ്ധന്മാരായ അനേകായിരം ദൂതരോടു കൂടെ താൻ വരുന്നതായ ആ മഹാദിനത്തിലെ പ്രത്യക്ഷതയിങ്കൽ എന്നോടു കൂടെ നിങ്ങളെയും തന്റെ വലത്തുഭാഗത്തു നിൎത്തികൊൾവാൻ തക്കവണ്ണം തന്റെ വിശുദ്ധ രക്ഷയിൽ നിങ്ങളെ കാത്തുകൊള്ളട്ടെ. വിശേഷിച്ചും എന്റെ അവസാന ശ്വാസത്തോളം എന്റെ ഈ കിടക്കയിൽവെച്ച ഇനിക്കുണ്ടാകാവുന്ന എല്ലാ വ്യസനവും കഷ്ടതയും ഉപദ്രവും ഞാൻ ക്ഷമയോടെ സഹിപ്പാനും ആവശ്യപ്പെടുന്ന എല്ലാ ആശ്വാസവും ശക്തിയും സമാധാനവും ഇനിക്ക തന്നു എന്റെ ആത്മാവിനെ സാത്താന്റെ കുടുക്കിൽനിന്നു കാത്തുകൊള്ളേണമെന്നും എന്നിൽ കുറവായുള്ളതു വിശുദ്ധാത്മാവിനാൽ പൂൎത്തിയാക്കി തരുവാനും ഇനിക്കുവേണ്ടി ഇടവിടാതെ പ്രാൎത്ഥിച്ചുകൊൾവാൻ ഞാൻ നിങ്ങളോടു യാചിക്കുന്നു.

ത്രിയേക ദൈവമായ പിതൃപുത്രാത്മാക്കൾക്ക തേജസ്സും അവിടത്തെ വാഴ്ച നിങ്ങളുടെ എല്ലാവരുടെയും മേലും ഉണ്ടായിരിപ്പൂതാക.

THE MALAYALAM COUNTRY.
മലയാളരാജ്യം.

പത്താം നമ്പർ ൧൪൩ാം പുറത്തിൽ വെച്ചതിന്റെ തുടൎച്ച.

(*Registered Copyright.*— ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

III. 4. പുഴകൾ—1. പേർ. മലയാളികൾ മിക്കതും അവരവരുടെ മുക്കാൽ വട്ടത്തെ മാത്രം ചിന്തിക്കയാൽ നാട്ടിന്റെ ജീവനാകുന്ന പുഴകൾക്ക അതാതു കടവിന്റെ പേരിനെ വിളിച്ചതുകൊണ്ടു ഓരോന്നിന്നു പല കടവു പേരുകൾ നടക്കുന്നു. എന്നാൽ അഴിമുഖത്തുള്ള പേരുകൾ നാട്ടിലും ഭൂമിശാസ്ത്രത്തിലും പ്രമാണം.

ഉറവു തുടങ്ങി അഴിയോളം ഓരോ പേരിനെ ധരിക്കുന്ന നദികൾ പയസ്വിനി, പേരാറു, പെരിയാറു, കാവേരി മുതലായവയത്രേ.

2. ഉല്പത്തി. സഹ്യന്റെ ഉയൎച്ചകളിൽ വളൎട്ടത്തുപുഴ, വേപ്പൂപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാറു എന്നിവയും സഹ്യമലച്ചരുവിലും അരുവിലും മിക്ക പുഴകളും താണ നാട്ടിൽനിന്നു ചിലതും ഉറന്നു വരുന്നു.

3. എണ്ണവും നീളവും. കേരളത്തിൽ അനേകം പുഴകൾ ഉണ്ടു. അവററിൽ കടലോടു ചെന്നു ചേരുന്നതിന്നു പുഴ (നദി)* എന്നും പുഴകളിൽ കൂടുന്നതിന്നു വലുതായാൽ കീഴാറു, കൈയാറു (ഉപനദി) എന്നും ചെറുതായാൽ ചിററാറു എന്നും തോടു എന്നും കൈത്തോടു എന്നും പറ

---

* ഗംഗാ, സിന്ധു മുതലായ വലിയ ആറുകൾക്കേ നദി എന്നും യമുനാദികൾക്കു ഉപനദി എന്നും പേർ പറയുന്നുള്ളു.

യുന്നു. പുഴകൾ തിരിഞ്ഞും വളഞ്ഞും ചെല്ലുകയാൽ നാട്ടിന്റെ വീതിയേക്കാൾ ഇരട്ടിച്ച നീളത്തോളം എത്തിയാലും ആയതു അല്പമത്രേ.

വടക്കേ മലയാളത്തിൽ 128 നാഴിക നീളമുള്ള പേരാറു എല്ലാററിലും നീണ്ടതെങ്കിലും അതിൽനിന്നു 73 നാഴിക മലയാളഭൂമിയിൽ ചേരുന്നുള്ളൂ. വേപ്പൂർപുഴക്കു 75 നാഴികയും ശേഷം പുഴകൾക്കു 50 തൊട്ടു 10 ഓളം നാഴികയും നീളമത്രേ. കൊച്ചിശ്ശീമയിൽ ഏകദേശം 70 നാഴിക നീണ്ട ചാലക്കുടിപ്പുഴയും 30 തൊട്ടു 10 ഓളം ശേഷമുള്ള പുഴകളും കിടക്കുന്നു; തിരുവിതാങ്കോട്ടു സംസ്ഥാനത്തിൽ 142 നാഴിക നീണ്ട പെരിയാറും 90-62വരെ നാലും 41-30വരെ ആറും 23-15വരെ മൂന്നും പുഴകൾ ഉണ്ടു.

അറവിളൾക്കടലിൽ വീഴുന്ന കേരളപ്പുഴകൾ ആവിതു:

ഏ. കുടകിൽനിന്നു—1. കാഞ്ഞിരങ്കോട്ടു (കാഞ്ഞിരോട്ടു) പുഴ സമ്പാജി താഴ്വരയിൽ നജിക്കൽ എന്നു പേർകൊണ്ടു ഉത്ഭവിക്കുന്ന പുഴ ചന്ദ്രഗിരിപ്പുഴ എന്നും പയസ്വിനി എന്നും കാഞ്ഞിരോട്ടുപുഴ എന്നും പേരുകളെ ധരിച്ചു തൊടികാനയിൽ ഉറക്കുന്ന ഒരു വലിയ കീഴാറിനെ കൈക്കൊണ്ടു ചന്ദ്രഗിരി കാഞ്ഞിരോടു എന്നീ സ്ഥലങ്ങൾക്കിടയിൽ കടലോടു ചേരുന്നു. കോലനാട്ടിന്റെ വടക്കേ അതിരായ ഠരം പുഴയെ കടക്കുന്ന മലയാള സ്ത്രീകൾക്കു ഭ്രഷ്ടു വരുന്നു.

2. വളഭട്ടണത്തുപുഴ. ബ്രഹ്മഗിരിയുടെ ചരിവിൽ ബറപ്പുഴ (പാഴപ്പുഴ)യായി ഉറക്കുകയും മലയാള അതിരടുക്കേ 200 കാലടി പരമുള്ള അരുവിയാറായി വീഴുകയും കല്ലൂരിപ്പുഴയെ ചേൎത്തിട്ടു 144′ അകലമുള്ള ഇരിക്കൂറുപുഴ എന്ന പേരോടെ ഒഴുകുകയും ഉട്ടമ്പെ (ശ്രീകണ്ഠപുരം) എന്ന 90′ വീതിയുള്ള പുഴയാൽ* തടിച്ച ശേഷം വളഭട്ടണപ്പുഴയായി കടലിൽ വീഴുകയും ചെയ്യുന്നു. വളഭട്ടത്തു കടവിങ്കൽ ഇതിന്നു 1342′ വീതിയുണ്ടു.†

മാടായ്പുഴ അല്ലെങ്കിൽ പഴയങ്ങാടിപ്പുഴ: ഇതിന്റെ വടക്കൈ ചപ്പാരപ്പടവിന്റെ കിഴക്കും തെൻകൈ കണിച്ചാമ്മലിന്നു കിഴക്കും ഉളവായി‡ പട്ടുവത്തു ഒന്നായി ചേൎന്നിട്ടു മാടായ്ക്കു താഴേ കൂടി തെക്കോട്ടു ഒഴുകി അഴിക്കൽ വളഭട്ടണത്തുപുഴയിൽ ചേരുന്നു.

മുങ്കാലങ്ങളിൽ ഉത്തമമായ ഈ അഴിമുഖത്തെ ഠിപ്പുസുല്ത്താൻ അഴിക്കൽ കല്ലുനിറച്ച പടവുകളെയും മററും ആൎത്തി വലിയ കപ്പലുകൾ കടക്കാത്തപ്രകാരം ആനം** കെട്ടുത്തുകളഞ്ഞു.

---

* കുടകർ അതിന്നു വൊട്ടമ്പെ എന്നു പറയുന്നു.

† വയനാട്ടിൽ തിണ്ടുമലയിൽനിന്നു ഉറക്കുന്ന വാവലിപ്പുഴ മാനന്തവാടിയിൽനിന്നു പേരിയെക്കുള്ളവഴിയിൽ എട്ടാം നാഴികക്കല്ലിങ്കൽ നിരത്തു കടന്നു കൊട്ടിയൂരിൽ കൂടി ഇരിക്കൂറു പുഴയോടു ചേരുന്നു. ഈ ഒഴുക്കം അറിഞ്ഞിരുന്നെങ്കിൽ പ്രയാസമുള്ള പേരിയച്ചുരം വഴി ഉണ്ടാക്കയില്ലയായിരുന്നു.

‡ കുററിക്കോലിൽ 105′ നീണ്ട പാലം ഉണ്ടു

** ആനം എന്നതു ആഴമുള്ള വെള്ളച്ചാൽ.

ഈ രണ്ടു പുഴകളുടെ ഇടയിലുള്ളവ:

3. ചിററാരിപ്പുഴ: വേക്കലം താലൂക്കിൽ ഉറന്ന വേക്കലം പുതുക്കോട്ട കളുടെ ഇടയിൽ കടലിൽ ചേരുന്ന ചിററാറു തന്നെ.

4. നീലേശ്വരപ്പുഴ: കുന്ദദേഹച്ചുരത്തിൽനിന്നു ചുരത്തുന്ന കാഞ്ഞങ്ങാട്ടു (പുതുക്കോട്ട)പ്പുഴയും തെക്കുള്ള പുരത്താടി കൊടുമുടിയിൽനിന്നു ഉറക്കുന്ന കാഴ്ക്കോട്ടു പുഴയും നീലേശ്വരത്തിന്നു തെക്കു തമ്മിൽ ഒന്നാകയും നീലേശ്വരപ്പുഴ എന്ന പേരോടു തെക്കോട്ടു 18 നാഴിക നീണ്ട വലിയ കായലായി കവ്വായിപ്പുഴ എന്ന പേർ ധരിച്ചു കവ്വായ്ക്കു പടിഞ്ഞാറേ നീലേശ്വരത്തു അഴിക്കൽ കടലോടു ചേരുകയും ചെയ്യുന്നു.

വെള്ളൂർപുഴ അല്ല ധർമ്മപുഴ. അതു വെള്ളൂരിന്റെ വടക്കു കിഴക്കുള്ള കുന്നുകളിൽനിന്നുത്ഭവിച്ചു കവ്വായുടെ വടക്കു കൂടി കവ്വായിപ്പുഴയിൽ ഒഴുകുന്നു.

+ കീറുതോടു. കവ്വായിത്തോടു എന്നതു ധർമ്മ പെരുമ്പുഴകളെ തമ്മിൽ ഇണെക്കുന്നതിനാൽ കവ്വായി എന്നതു തുരുത്തായ്തീൎന്നിരിക്കുന്നു.

പെരുമ്പുഴ. അരുവഞ്ചാൽ മലകളിൽനിന്നുറക്കയും പെരുമ്പുഴ എന്ന പേരോടു പയ്യന്നൂരിൽ കൂടി കവ്വായിപ്പുഴയുമായി കടലിൽ ചേരുകയും ചെയ്യുന്നു.

5. രാമരത്തുപുഴ അല്ലെങ്കിൽ പാലക്കോട്ടപ്പുഴ: പത്തു നാഴിക നീളമുള്ള ഈ ചെറുപുഴ കുററൂർ കുന്നുകളിൽനിന്നുറന്നു ഏഴിയുടെ തെക്കേ ചരുവിൽ വെച്ചു കടലോടു ചേരുന്നു.

+ കീറുതോടു. ഇതിനെ പുതിയ പുഴകൊണ്ടു * വടക്കോട്ടു പെരുമ്പുഴയോടും മുട്ടത്തുതോടുകൊണ്ടു തെക്കോട്ടു പഴയങ്ങാടിപ്പുഴയോടും ഇണെച്ചിരിക്കുന്നു.

വ. വയനാട്ടുമലകളിൽനിന്നു: (തെക്കേ തടത്തിൽനിന്നു)

6. അഞ്ചരക്കണ്ടിപ്പുഴ: പേരിയച്ചുരത്തിന്റെ തടത്തിൽനിന്നുളവായി വേങ്ങാട്ടു, കല്ലായി, അഞ്ചരക്കണ്ടി, മമ്പറം കടവു 261', മമ്മാങ്കുന്നു വഴിയായൊഴുകി മേല്ലൂരിൽനിന്നു പിരിയുന്ന ഒരു ചെറു കൈ ചേക്കിന്റെ കടവുപാലത്തിൽ 103' അകലം വെച്ചു ധർമ്മടപ്പുഴ എന്ന പേരോടെ മണ്ണയാട്ടുപള്ളയിലും വലിയ പുഴ കൂടക്കടവു എന്നു പേർകൊണ്ടു കടലിലും ചെരുന്നു. കൂടക്കടവിനെ 525 കാലടി നീണ്ട ഇരുമ്പു പാലത്തിൽ കൂടി കടക്കാം.†

+ കീറുതോടു: കുഞ്ഞിപ്പുഴ എന്ന വെട്ടുതോടുകൊണ്ടു അഞ്ചരക്കണ്ടികുള്ള ഏററിറക്കത്തിന്നു ധർമ്മടപുഴയിലേക്കു എളുപ്പം വരുത്തിയിരിക്കുന്നു.

---

* ഇതിന്നു സുല്ത്താൻതോടു എന്നും പറയുന്നു. കവ്വായിത്തോടും മുട്ടത്തുതോടും സുല്ത്താൻതോടും ടിപ്പുസുല്ത്താൻ കീറിച്ചപ്രകാരം നാട്ടുകാർ പറയുന്നു.

† കൂടക്കടവുപാലത്തെ ഡബ്ലിയു ലോഗൻ കലക്ടർ സായ്പവർകൾ 1875ൽ കെട്ടിച്ചു.

7. കൊട്ടവള്ളിപ്പുഴ: എന്ന ചെറുപുഴ എരിഞ്ഞോളി എന്ന പേരോടെ കൂത്തുപറമ്പിന്റെ കിഴക്കുള്ള നല്ലൂർ കുന്നുകളിൽനിന്നു ഒഴുകി ധൎമ്മടം കൊട്ടവള്ളിക്കിടയിലുള്ള മണ്ണയാട്ടുപള്ളയിൽ ധൎമ്മടപ്പുഴയോടു ചേൎന്നു കടലിൽ വീഴുന്നു.

8. മയ്യഴിപ്പുഴ:* പേരിയ കുററിയാടിച്ചുരങ്ങൾക്കിടയിൽ ഉള്ള കുനിയാക്കോട്ടമലയിൽനിന്നുത്ഭവിച്ചു കടത്തുവയനാട്ടിന്റെ വടക്കേ അതിർപ്പുഴയായി† മയ്യഴിക്കൽ കടലിൽ കൂടുന്നു. മയ്യഴിപാലത്തിൽ 356½' പുഴക്കു വീതിയുണ്ടു.

9. കോട്ടപ്പുഴ: അല്ല വടകരപ്പുഴ അല്ല പുതുപ്പട്ടണത്തുപ്പുഴ: ബാണാസുരക്കോട്ടയുടെ അടിവാരത്തിൽനിന്നും താനോത്തുമലയിൽനിന്നും ഉറക്കുന്ന കൈയാറുകളാൽ ഉളവാകുന്ന ഈ പുഴ വടകര കോട്ടക്കൽ എന്നീസ്ഥലങ്ങൾക്കു ഇടയിൽ കടലിനെ പ്രാപിക്കുന്നു.

ഇതു കടത്തുവയനാട്ടിന്റെ തെക്കേ അതൃത്തിയും സാക്ഷാൽ കേരളത്തിന്റെ വടക്കേ അറുതിയും തുറശ്ശേരിക്കടവു ആചാരഭേദങ്ങൾക്കു അതിരും തന്നെ. മൂവരാട്ടുപാലത്തിന്നു 435' നീളം.

+ കീറുതോടു: പയ്യോളിത്തോടു (പരേരി) കൊണ്ടു കോട്ടപ്പുഴയേയും അകലാപ്പുഴയേയും തമ്മിൽ ചേൎക്കുന്നു.

10. അകലാപ്പുഴ: ബാലിശ്ശേരിയിൽനിന്നുറക്കുന്ന ഈ ചെറുപുഴ പന്തലായിനിക്കടുക്കേ തെക്കോട്ടു തിരിഞ്ഞു കായലായി ചമഞ്ഞു കോരപ്പുഴയോടു കൂടുന്നു.

11. കോരപ്പുഴ: അല്ല എലത്തൂർ പുഴ: താനോത്തു മലയുടെ പടിഞ്ഞാറേ ചരുവിൽനിന്നുളവായി കുലച്ച വില്ലിന്റെ വടിവിൽ എലത്തൂരിൽ അകലാപ്പുഴയെ കൈക്കൊണ്ടു കടലിൽ വീഴുന്നു. അഴിക്കടുത്ത പാലത്തിന്നു ഏകദേശം 750' നീളമുണ്ടു.

12. കല്ലായ്പുഴ: ഒമ്പതു (9') നാഴിക നീളമുള്ള ഈ പുഴ കോഴിക്കോട്ടിന്റെ തെക്കു കടലിൽ കൂടുന്നു.

+ കീറുതോടു: കനോലിത്തോടു‡ വടക്കുള്ള എലത്തൂർ പുഴയെ കല്ലായ്പുഴയോടു ചേൎക്കുന്നതു കൂടാതെ കല്ലായുടെ ഒരു കൈ അതിനെ വേപ്പൂർ പുഴയോടു ഇണെക്കുന്നു.

13. വേപ്പൂർപുഴ: വയനാട്ടിൽ നീലഗിരികൊടുമുടിയുടെ വടക്കേ ചരുവിൽ കാക്കൂർപുഴ എന്ന പേരോടേ ഉത്ഭവിച്ചു തെക്കുനിന്നു ചരൽപുഴയേയും മററും വടക്കുനിന്നു വാവൂട്ടുമലയിൽ ചുരക്കുന്ന ചോലപ്പുഴ

* മയ്യി—മഷി.

† ഇതിന്നു പെരിങ്ങളോൻ ആണ്ടപുഴ എന്നല്ല പേരിനെ വടക്കൻ പാട്ടിൽ കേൾക്കുന്നു. അവിടത്തേ കടവിന്നു 70' അകലമുള്ളു.

‡ Constructed under H. V. Conolly Esq., Collector.

കുറുമ്പുഴ മുതലായ കയ്യാറുകളേയും കൈക്കൊണ്ടു ഏകദേശം 80 നാഴിക നീണ്ട പുഴയായി വേപ്പൂരിൽ കടലോടു കലരുന്നു. വേപ്പൂർകടവത്തു അതിന്നു 733′ഉം അഴിക്കൽ 346′ഉം അകലമുള്ളു.

വയനാട്ടിന്റെ വടക്കേ ചരുവിൽ ഉറന്നു വങ്കാള ഉൾക്കടലിൽ വീഴുന്ന കാവേരിയോടു ചേരുന്ന പുഴകൾ ഇവ:

14. ബ്രഹ്മഗിരിയിൽ ചുരക്കുന്ന തീൎത്ഥമായ പാപനാശിനിയും മററും വയനാട്ടിലും, തെക്കേ വയനാട്ടിൽ ഉത്ഭവിക്കുന്ന നുഗ്ഗു മുതലായ കീഴാറുകൾ മൈസൂരിലും ലക്കിടി കോട്ടക്കടുക്കേ ഉറക്കുന്ന കാപ്പിനിപ്പുഴയെ തടിപ്പിച്ചു ആയതു കാവേരിയോടു കലരുന്നു.*

15. ന. കുണ്ടമലയിൽനിന്നു: വള്ളുവനാടു താലൂക്കിൽ വെച്ചു ചുരത്തുന്ന ഭവാനി കിഴക്കു വടക്കോട്ടു ഒഴുകി കാവേരിയിൽ കൂടുന്നു. ഇതു തീൎത്ഥം തന്നെ.

ര. വടമലയിൽനിന്നുത്ഭവിക്കുന്നവ:

16. കടൽമണ്ടി (—വണ്ടി,—ഉണ്ടി)പ്പുഴ: വള്ളുവനാട്ടിൽ ഉളവായി തിരുവണ്ടാടിയിൽനിന്നു വടക്കോട്ടു തിരിഞ്ഞു ചാലിയത്തു രണ്ടു കയ്യായി പിരിഞ്ഞു വടക്കുള്ളതു വേപ്പൂർപുഴയോടും തെക്കുള്ളതു കടലുണ്ടിയിൽ കടലോടും ചേരുന്നു. അതിനാൽ ചാലിയത്തുരുത്തുണ്ടായി.

17. തിരൂർ—, തിരുപ്പാണ്ടിപ്പുഴ: നാട്ടിൽ ഉത്ഭവിച്ചു തിരൂരിൽനിന്നു തെക്കോട്ടൊഴുകി പൊന്നാനിക്കു നേരെ പേരാററിൽ ചേരുന്നു.

+കീറുതോടു: പൂരപ്പറമ്പുതോടു കടലുണ്ടി തിരൂർ പുഴകളെ ഇണെക്കുന്നു.

18. കറുകപ്പുഴ: കല്ലടിക്കോടന്നടുക്കേ ചുരന്നു, കുന്തി—, നെല്ലി—, കരിം—, തൂത—, പിലാന്തോൾ, കാങ്കപ്പുഴയായി കുററിപ്പുറം എന്ന തീവണ്ടിസ്ഥാനത്തിന്നടുക്കേ പേരാററിൽ കൂടുന്നു.†

19. വാളയാറു: എന്നതു വടമലയുടെ കിഴക്കേ ചരുവിൽ ഉത്ഭവിച്ചു കോറയാറു നറുകമ്പുളിയാറു എന്നീകയ്യാറുകളെ കൈക്കൊണ്ടിട്ടു കല്പാത്തിപ്പുഴ എന്ന പേരോടു പറളക്കു താഴേ പേരാററിൽ കൂടുന്നു. ഇതുമലയാള രാജ്യത്തിന്റെ കിഴക്കേ അതിരാകുന്നതു കൂടാതെ മലയാള സ്ത്രീകൾക്കു ഇതിനെ ഭ്രഷ്ടില്ലാതെ കടപ്പാൻ പാടില്ലാത്തതും ആകുന്നു. ഇതു പേരാററിന്റെ മുഖ്യ കയ്യാറു. ഒലുവക്കോടിന്നടുത്ത പാലത്തിന്നു 350′ഉം പറളപ്പാലത്തിന്നു 450′ഉം നീളം ഉണ്ടു.‡

20. പേരാറു: (വൃഹന്നദി, പൊന്നാനി-, ഭാരതപ്പുഴ) മലയാളത്തിൽ

---

* മാനന്തവാടിയിൽ കൂടി കാപിലനദിയും പനമരത്തൂടെ കതിരപ്പാണ്ടിപ്പുഴയും ഒഴുകുന്നു. ഇവ തമ്മിൽ കൂടി ഉണ്ടാകുന്ന പുഴക്കു കാപ്പിനി എന്ന പേരിനെ കൊള്ളുന്ന പ്രകാരം തോന്നുന്നു.

† കല്ലടിക്കോടൻ കറുത്താൽ കറുകപ്പുഴ നിറഞ്ഞു എന്നു നാട്ടുവാക്കുണ്ടു.

‡ പറളക്കൽ പാലത്തെ 1852ാമതിൽ ശ്രീ രോബിൻസൻ സായ്പവൎകൾ കെട്ടിച്ചതാകുന്നു.

അല്ല കോയിമ്പത്തൂർ താലൂക്കിൽ ആനമലയുടെ വടക്കേ ചരുവിൽ കൂത്തിച്ചിപ്പാടത്തിന്നടുക്കേ ഉത്ഭവിച്ചു 55 നാഴിക കോയമ്പത്തൂർ താലൂക്കിൽ കൂടി ഒഴുകീട്ടു ഏകദേശം 73 നാഴികയോളം പാലക്കാട്ടു താലൂക്കിൽ കൂടിയും കൊച്ചിശ്ശീമ വള്ളുവനാടുകളുടെ അതിരായും ഒടുവിൽ പൊന്നാനി താലൂക്കിൽ കൂടിയും ചെന്നു പൊന്നാനിക്കൽ അറവിക്കടലോടു കലരുകയും ചെയ്യുന്നു.

ഈ പുഴയുടെ മേലെ പാതി വേനൽകാലത്തിൽ ഏകദേശം വററി വറണ്ടു പോകുന്നു; വാളയാറില്ലെങ്കിൽ പേരാറു മോശം.

തിരുനിലാക്കടവിന്നു 715′ഉം ചെറുവണ്ണൂരിലേ പാലത്തിന്നു ഏകദേശം 1056′ഉം പൊന്നാനിക്കു നേരെ 3020′ഉം അകലം കാണുന്നു.

21. ഡ. തെന്മലയുടെ വടക്കേ ചരുവിലുള്ള ഓരോ പുഴകൾ വേനൽകാലത്തു വററിപ്പോകുന്നു എങ്കിലും മഴക്കാലത്തോ കുത്തി ഒലിച്ചു പേരാററിനെ പോഷിപ്പിക്കുന്നു. അതിൽ കോയമ്പത്തൂർ ജില്ലയിൽ ദേവന്തൂർ എന്നു പേർ ധരിച്ചു കൊല്ലങ്കോട്ടു പുഴയായി കൊച്ചിശ്ശീമയിൽ കൂടി ചെല്ലുന്ന ആറും കുതിരപ്പാറയിൽനിന്നു ഉറക്കുന്ന എളിയാട്ടു പുഴയും മുഖ്യം.

ന്ന. സഹ്യാദ്രിയുടെ തെക്കേ നിരയിൽനിന്നു ചുരത്തുന്ന പുഴകൾ ഇവ:

22. പൊന്നാനിയുടെ തെക്കു കടലിൽ വീഴുന്ന വെള്ളിയങ്കോട്ടുപുഴ.

+ കീറുതോടു: പൊന്നാനിത്തോടു (പൊന്നാനി വയ്ക്കാൽ).

(ശേഷം പിന്നാലെ.)

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

രുസ്സക്കും തുൎക്കൎക്കും തമ്മിലുള്ള പടവിവരങ്ങൾ.

ഫ. യൂരോപ്പയിലെ ചെയ്തി: — നാം തമ്മിൽ കണ്ടു വിശേഷം പറഞ്ഞു പിരിഞ്ഞതിൽ പിന്നെ യൂരോപ്പയിലെ രൂമിയിൽ രുസ്സരും തുൎക്കരും ഓരോ പടവെട്ടിയെങ്കിലും അതിനാൽ വന്ന ഫലത്തെ ഇരുകക്ഷിക്കാരുടെ തല്ക്കാല സ്ഥിതിയേയും ശരിയായിട്ടു കാണിപ്പാൻ പ്രയാസം ഉണ്ടു. പടം നോക്കുവാൻ കഴിവില്ലാത്തവൎക്കു പോർ നടക്കുന്ന ആ രാജ്യത്തെ ചൊല്ലി അല്പമായ ബോധം വരേണ്ടതിന്നു അവരുടെ ഉപകാരത്തിന്നായി നാം ഇരിക്കുന്ന മലയാളരാജ്യംകൊണ്ടു ഓർ ഊഹപ്പടത്തെ വരെച്ചു കൊടുപ്പാൻ പോകുന്നു. അറവിക്കടൽ രുമാന്യാ രാജ്യം എന്നും കടപ്പുറം ദൂനാനദി എന്നും മലയാളം ബുല്ഗ്ഗാൎയ്യ എന്നും സഹ്യമല ബല്ക്കാൻമല എന്നും കൊച്ചിനഗരം വിട്ടിൻകോട്ട എന്നും നിക്കൊപുരി കോഴിക്കോട്ടു എന്നും സിസ്തോവ കണ്ണനൂർ എന്നും രുച്ചുക്കു വേക്കലം എന്നും സിലിസ്ത്രിയ മംഗലാപുരം എന്നും കൊച്ചിശ്ശീമ സെൎവ്വിയ രാജ്യം എന്നും പേരിയച്ചുരം ഷിപ്ക കണ്ടിവാതിൽ എന്നും കുടകു വയനാടുകൾ രൂമിസ്ഥാനത്തിന്റെ തെക്കേ ഭാഗങ്ങൾ എന്നും വളൎഭട്ടത്തു പുഴയും ഇരിക്കൂറും ജന്ത്രപ്പുഴയും അതിന്റെ വക്കത്തുള്ള തിൎന്നോവയും എന്നും മയ്യഴിപ്പുഴയും കുററിപ്പുറവും ഒസ്മപ്പുഴയും അതിന്റെ കരമേലുള്ള ലൊവച്ചും എന്നും ഏകദേശം കണവത്തു പ്ലെവ്ന എന്നും നിരൂപിച്ചു കൊൾവിൻ.

എന്നാൽ കാൎയ്യസാദ്ധ്യം ആവിതു: 1. തുൎക്കപ്പടത്തലവനായ സുലൈമാൻ പാഷാവു എങ്ങനെ എങ്കിലും ഷിപ്ക്ക കണ്ടിവാതിലിനെ കൈക്കലാക്കേണ്ടതിന്നു രുസ്സരുടെ വാടികകളെ പീരങ്കികൊണ്ടു വെടിവെച്ച ശേഷം സെപ്തമ്പ്ര 7ാംനു- നിക്കോലൻ എന്ന കോട്ടയെ പിടിച്ചിട്ടും പിന്നീടു രുസ്സരോടു ആവതില്ലാഞ്ഞതിനാൽ അതിനെ ഒഴിക്കേണ്ടി വന്നു. കണ്ടിവാതിലിനെ കാക്കുന്ന ആ കോട്ടയും മററു ചില വാടികളും തുൎക്കരുടെ കൈയിൽ അകപ്പെടരുതു എന്നു വെച്ചു രുസ്സർ വേണ്ടുന്ന തുണപ്പടകളെ അയച്ചു തുൎക്കരെ തടുക്കയും തുൎക്കരുടെ പടത്തലവൻ ആകട്ടെ അതിനെ കിട്ടീട്ടേ കഴിയൂ എന്നു മുഷ്കോടെ എതിൎക്കയും ചെയ്യുന്നു.

2. പ്ലെവ്നാവിൽ വെച്ചു രുസ്സർ സെപ്തമ്പ്ര 11ാം നു- തുൎക്കരിൽനിന്നു മൂന്നു കിടങ്ങുകളെ (പുറന്തളങ്ങളെ) വല്ലാത്ത പോർവെട്ടി പിടിച്ചു തുൎക്കരോ പിറേറന്നു ആറുപ്രാവശ്യം ചാവേറിന്നു തക്ക പടക്കോളിനെ (attack) കഴിച്ച ശേഷം അതിനെ വീണ്ടും രുസ്സരോടു പറിച്ചു കളഞ്ഞു. അന്നു രുസ്സൎക്കു പോരുന്ന സഹായം ഇല്ലാതെ പോയതിനാൽ ഏറിയ ആൾ പട്ടുപോയി. അവിടെ ഒസ്മാൻ പാഷാവു പടത്തലവൻ.

ഇപ്പോഴത്തേ സ്ഥിതിയോ—1. ജന്ത്രപ്പുഴവക്കത്തു മഹമെദ് ആലി എന്ന പടത്തലവൻ ലക്ഷത്തോളം പടയാളികളുള്ള സൈന്യത്തോടു രുസ്സരെ എതിൎത്തു ഒരു വൻപട വെട്ടുവാൻ ഭാവിക്കുന്നു.

2. പ്ലെവ്നാവിൻ അടുത്ത ഒസ്മാൻ പാഷാവിന്നു പോക്കോപ്പും കൊററും കിട്ടിയെങ്കിലും രുസ്സർ അവനെ വളെച്ചു പിടിപ്പാൻ ശ്രമിക്കുന്നു.

3. സുലൈമാൻ പാഷാവു കോയ്മയുടെ ഉത്തമ പടയാളികളെ ഷിപ്ക്ക കണ്ടിവാതുക്കൽ വെറുതെ കളഞ്ഞുവരുന്നു. അവരുടെ ഇടയിൽ ചോരപ്പോക്കു ആരംഭിച്ചിരിക്കുന്നു.

4. രുസ്സൎക്കു പുതിയ തുണപ്പടകൾ എത്തിയതും എത്തുന്നതും കൂടാതെ ഒരു പുതിയ സൈന്യത്തെ ഒരുക്കുവാൻ പോകുന്നു. അവരുടെ പടയാളികളിൽനിന്നു പലൎക്കും പനിയും പോക്കും പിടിച്ചിരിക്കുന്നു.

5. രൂമിക്കോയ്മ ഒരു പുതിയ സൈന്യത്തെ ഒരുക്കി വടക്കേ ബുല്ഗാൎയ്യയിൽ അയപ്പാൻ പോകുന്നു.

6. രുസ്സർ ദുനാനദിയുടെ അഴിപ്രദേശമായ സുലീനയെ കാളന്തോക്കു കൊണ്ടു വെടിവെപ്പാൻ തുടങ്ങി. (ഒക്തോബർ 16നു-)

൨. ആസ്യാവിലേ വൎത്തമാനം:—

കൊകസ് മലയിലേ അബ്ഖാസ്യരെ ശിക്ഷിക്കേണ്ടതിന്നും കടപ്പുറത്തുള്ള കോട്ടകളെ കാക്കേണ്ടതിന്നും പോയ രുസ്സൎക്കു പലപ്രകാരം ദീനം പിടിച്ചിരിക്കുന്നു. അൎമ്മിന്യ കൊകസുകളുടെ അതിൎപ്പട്ടണമായ അലെക്ഷന്തർ പുരിയിൽ വെച്ചു തുൎക്കർ രുസ്സരെ ജയിച്ചു പോൽ. അലദ്ജദാഗിൽവെച്ചു ഒക്തോബർ 15നു- ഒരു വലിയ പട നടന്നു. അതിൽ രുസ്സരും തുൎക്കരും ജയിച്ചപ്രകാരം വിവാദിക്കുന്നു.

ൟ കഴിഞ്ഞ മാസത്തിലും പോർ നടക്കുന്ന നാടുകളിൽ തക്ക കാൎയ്യസാദ്ധ്യം കാണുന്നില്ല എന്നു വന്നാലും രുസ്സ്യയിലേ പ്രജകൾക്കു തങ്ങളുടെ സേനാപതിമാരോടു വളരേ മുഷിച്ചലും രൂമിസ്ഥാനത്തിൽ ഇത്രോടം കിട്ടിയ ചെറിയ ജയങ്ങൾകൊണ്ടു സന്തോഷവും ഉണ്ടു. ഇരുവകക്കാൎക്കു പെരുത്തു പ്രാപ്തിയുള്ള പടയാളികൾ പട്ടിട്ടും മുറിവേററിട്ടും ഉതകാതേ പോയിരിക്കുന്നു. സൈന്യങ്ങൾ പരന്നിരിക്കുന്ന രൂമിസ്ഥാനത്തിൽ കുടിയാന്മാൎക്കു നേരിട്ട തൽകാല സങ്കടവും ഞെരിക്കവും അതിനാൽ പിന്നീടു ഉണ്ടാവാൻ പോകുന്ന നഷ്ടവും വലെച്ചലും അസംഖ്യം.

ഒടുക്കത്തെ വൎത്തമാനം:—അൎമ്മിന്യ ഒക്തോബർ 13നു- രുസ്സർ ഒല്ലൊക്കിൻ അടുത്ത കുന്നനാടുകളെ പിടിച്ചു തുൎക്കസൈന്യത്തെ കാൎസ്സിലേക്കു ഓടിച്ചു. 15നു- രുസ്സർ മുക്താർ പാഷാവിന്റെ കിടങ്ങുകളെ കൊള്ളച്ചെന്നു ആലിയാസ്സ് മലയെ പിടിച്ചതിനാൽ തുൎക്കസൈന്യത്തെ രണ്ടു പങ്കാക്കിമുറിച്ചു കാൎസ്സിലേക്കു തെററിയ പടയെ രുസ്സർ പിന്തുടൎന്നു ഏറക്കുറെ ധൂളിപ്പിച്ചു കളഞ്ഞു. അലദ്ജദാഗിലേക്കു ഒഴിഞ്ഞ പടയെയോ രുസ്സർ വളഞ്ഞു പിടിച്ചിരിക്കുന്നു. ഏഴ പാഷാമാരും 32 പീരങ്കിതോക്കും അനവധി പോക്കോപ്പുകളും ആളും രുസ്സരുടെ കൈയിൽ അകപ്പെട്ടു പടത്തലവനായ അഹമെദ് മുക്താർ പാഷാവു കാൎസ്സ് കോട്ടയിലേക്കു മണ്ടിപോയി. ഇതു സത്യം എന്നൂഹിപ്പാൻ സംഗതി. ൟ ജയത്താൽ ഇന്നോളം ഉള്ള കാൎയ്യസ്ഥിതി പലപ്രകാരത്തിൽ മാറി പോകും.

മൊന്തെനെഗ്രീനർ സെപ്തമ്പ്ര 8ആം നു- തുൎക്കരിൽനിന്നു നിക്സിക്സ് എന്ന കോട്ടയെ പിടുങ്ങിക്കളഞ്ഞു.

ഭാരതഖണ്ഡത്തിൽനിന്നു പല മുസൽമന്നർ ഇസ്തുമ്പൂലോളം യാത്ര ചെയ്തു രൂമിസ്ഥാനോടു തങ്ങളെ പട്ടാളത്തിൽ ചേൎക്കേണ്ടതിന്നു അപേ

ക്ഷിച്ചു. ഇംഗ്ലിഷ്കോയ്മയോടുള്ള സ്നേഹം നിമിത്തം സുല്ത്താൻ അവരുടെ അഭീഷ്ടത്തെ സാധിപ്പിക്കായ്കകൊണ്ടു അവൎക്കു പെരുത്തു രസക്കേടു പിടിച്ചുപോയി.

ആസ്യ Asia.

യരുശലേമിൽ: — 11,500—12,000 യഹൂദർ പാൎക്കുന്നു അവരിൽ 649 പേർ പലവക തൊഴിൽക്കാർ ആകുന്നു.

മക്കാ: — കൊല്ലന്തോറും 150—180,000 ഹജ്ജിക്കു പോകുന്നവർ അവിടേ കൂടി വരുന്നു. കുൎബ്ബാൻ ബൈരം എന്ന വലിയ പെരുനാൾ ദിസെമ്പ്ര 14നു ആകുന്ന വെള്ളിയാഴ്ചയിൽ ആകകൊണ്ടു അതിൽ അധികം പേർ കൂടും എന്നു തോന്നുന്നു.

യാപാണത്തിൽ:—കഴിഞ്ഞ അഗൊസ്തു മാസത്തിൽ നടാടേ മാമാതം ചന്തയെ കോയ്മവെച്ചു കാണിപ്പാൻ ഭാവിച്ചിരിക്കുന്നു.

ബൎമ്മ: — ബ്രിതിഷ് കുരുപാട്ടുകളായ പൈകു തെനസ്സരിം നാട്ടുകളിൽ ഐരാവതീ നദി പെരു മഴകൊണ്ടു കവിഞ്ഞു തത്മെയുപ്രോം എന്ന നഗരങ്ങളെയും അനേക പട്ടണങ്ങളെയും മുക്കി നെൽകൃഷിയെ ഏറിയ സ്ഥലങ്ങളിൽ തീരെ ഒലിപ്പിച്ചു കളഞ്ഞിരിക്കുന്നു.

ദക്ഷിണഖണ്ഡം: — അരികേവുള്ള തീവണ്ടികൾ ഓടുമ്പോൾ തന്നേ വല്ലുങ്ങനെയുള്ള കൂട്ടായ്മക്കവൎച്ച നടക്കുന്നു. അതിൽ ഭില്ലർ എന്ന കാട്ടുജാതി തന്നെയല്ല തറക്കാരും കൂടുന്നു. തീവണ്ടിവലി ഒരു കയററത്തിൽ എത്തി വേഗത തളൎന്നുമ്പൊ അവർ കൂട്ടമായി കല്ലെറിഞ്ഞു കാവൽക്കാരെ പായിപ്പിച്ച ശേഷം വണ്ടികൾ ഏറി കയറു മുറിക്കയും തകരപ്പുരകളെ പൊളിക്കയും ചെയ്തു ശേഷം ചാക്കുകളെ തള്ളിയിടുവാൻ ശ്രമിക്കുന്നു. തീവണ്ടിപ്പാതയരികെ കാത്തു നില്ക്കുന്ന തുണക്കാർ വീണ ചാക്കു കൊണ്ടുപോകയും ഉടനെ വിററുകളകയും ചെയ്യുന്നു. കവൎച്ചക്കാർ മറെറാരു കയററത്തിൽ എത്തുമ്പോൾ വണ്ടികളിൽനിന്നു തുള്ളി ഓടിക്കളയുന്നു. ഇങ്ങനെ അവർ ഏറിയ മുതൽ കവൎന്നു കൂടാതെ ഈ കള്ളത്തൊഴിലിനെ യുക്തിയോടെ നടത്തുന്നതുകൊണ്ടു അവരെ പിടികിട്ടുവാനും കവൎച്ചയെ നിൎത്തുവാനും വളരെ പ്രയാസം.

ബൊംബായി: — ചെന്നപ്പട്ടണങ്ങളിലും മരണങ്ങൾ ദൈവകരുണയാൽ മുമ്പേത്തതിൽ വളരെ കുറഞ്ഞു എങ്കിലും ജനനങ്ങളിൽ മരണങ്ങൾ ഇന്നും ഏറുന്നു. മഴ തരത്തിൽ പെയ്യുതിനാൽ കൃഷിക്കാരിൽ മിക്കപേർ തങ്ങൾ വിട്ട ഊരുകളിലേക്കു തിരിച്ചു പോയി കൃഷി നടത്തി തുടങ്ങിയിരിക്കുന്നു നവധാന്യങ്ങളുടെ വില അല്പമായി താണുപോയി. അനാഥകുട്ടികളെയും ബലഹീനന്മാരെയും കോയ്മ പോററി വരുന്നു.

കണ്ണനൂർ: — സെപ്തമ്പ്രമാസത്തിൽ ആകേ $16\frac{1}{4}$ അംഗുലം മഴ പെയ്തിരിക്കുന്നു. ജനുവരി 1 നു തൊട്ടു ഒക്തോബർ മാസത്തിൽ പത്തൊമ്പതാം തിയ്യതിക്കകം ആകേ $108\frac{3}{4}$ അംഗുലം മഴ വീണിരിക്കുന്നു. അരിയുടെ വില കുറേശ്ശ താഴുന്നു ഒരു ചാക്കു അരിക്കു ഒക്തോബരിന്റെ ആരംഭത്തിൽ രൂ. 12 ആയിരുന്നു ഇപ്പോൾ ഒക്തോബർ 18 നു എട്ടു രൂപ്പികക്കു വില്ക്കുന്നു.

വടക്കേപടിഞ്ഞാറേ പകുപ്പിലുള്ള കമാവൂനിൽനിന്നു (Kumaon) ഹിമവാൻ പൎവ്വതത്തെ കടക്കേണ്ടതിന്നു ലിപുലെക് എന്ന കണ്ടിവാതിൽ ഉണ്ടു. ആയതു കടലിന്റെ മട്ടത്തിൽനിന്നു 16,500 കാലടി ഉയൎന്നിരിക്കയാൽ പേരിയച്ചുരത്തിന്റെ അഞ്ചാറിരട്ടിച്ച പൊക്കത്തിൽ നില്ക്കുന്നു.

അഹ്മെദ്നഗർ: — ചില ബ്രാഹ്മണർ കൂടി ഒരു സ്ത്രീയെക്കൊണ്ടു ബരോദയിലെ പിഴകിയ തമ്പുരാട്ടിയെ മൂൎത്തീകരിച്ചു ഒരു സറാഫോടു അവളുടെ പേൎക്കു പതിനായിരം രൂപ്പിക വാങ്ങിയിരിക്കുന്നു. തന്നെ കബളീകരിച്ച പ്രകാരം ഉണൎന്നു ഉടനെ സറാഫ് വഞ്ചകന്മാരായ ബ്രാഹ്മണരെ പൊലീസ്സുകാരെ കൊണ്ടു പിടിപ്പിച്ചു എങ്കിലും മനുധൎമ്മത്തിലും മററും ബ്രാഹ്മണരെ ഹിംസിക്കുന്നതു മഹാപാതകം എന്ന വിധിയെ ഓൎത്തു അന്ന്യായത്തെ നീക്കിയിരിക്കുന്നു.

ബെങ്കളൂരിലെ വ്യേശാലയിലെ റൊക്കം പണത്തിൽനിന്നു ഏകദേശം 42000 രൂ. കാണാതേ പോയി എന്നു കേൾക്കുന്നു.

അമേരിക്ക America.

തെക്കേ അമേരിക്കാവിൽ അഗൊസ്തു മാസത്തിൽ പുഴകൾ കവിഞ്ഞു വളരെ നഷ്ടം വരുത്തിയിരിക്കുന്നു.

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. DECEMBER 1877. No. 12.

WINDSOR CASTLE.
വിന്ദ്സോർ കോട്ട.

ഇംഗ്ലന്തിലെ വിന്ദ്സോർ കോട്ട, എന്നു പ്രസിദ്ധപ്പെട്ടിരിക്കുന്ന കോവിലകം തേമ്സ്, എന്ന നദിയുടെ തെക്കേ കരയിൽ പണിയപ്പെട്ട വിന്ദ്സോർ എന്ന ഗ്രാമത്തിന്റെ സമീപത്തുള്ളൊരു കുന്നിന്റെ മുകളിൽ മഹത്തരമായി വിളങ്ങുന്നു. ക്രിസ്താബ്ദം 1066 ഇംഗ്ലിഷ് രാജ്യാധിപത്യം പ്രാപിച്ച ജൈത്രനായ ഒന്നാം വില്യം ആ കോട്ടയെ പണിയിച്ച ശേഷം, അവന്റെ അനന്തരവന്മാരായ ഒന്നാം എദ്വാർദ്, മൂന്നാം എദ്വാർദ്, രണ്ടാം ചാരല്സ്, എന്നീ രാജാക്കന്മാർ അതിനെ കാലക്രമേണ വലുതാക്കുകയും, എത്രയൊ അലങ്കരിക്കയും ചെയ്തു. രണ്ടാം ചാരല്സിന്റെ കാലം തുടങ്ങി ഇതുവരെയും ഇംഗ്ലിഷ് രാജാക്കന്മാർ ആണ്ടുതോറും വേനൽകാലത്തെ അവിടെ തന്നെ കഴിച്ചു കൊള്ളുന്നു. ആ കോട്ടയിൽ കാണുന്ന വിശേഷമായ മണിയറകൾ, മണിമാളികകൾ, വൻശാലകൾ ഇത്യാദി ആൎക്ക് വിവരിപ്പാൻ കഴിയും? സന്തജോൎജ്ജ് എന്നു പേരുള്ള ശാലക്കു 180 കാലടി നീളം ഉണ്ടു.

പിന്നെ എത്രയോ അലങ്കൃതമായ സന്തജോജ്ജിയുടെ പള്ളയിൽ മൂന്നാം ജോജ്ജ്, എന്ന മഹാദൈവഭക്തിയുള്ള രാജാവു തന്റെ നിത്യ ആരാധനയെ കഴിക്കയും ചെയ്തു. കോട്ടയുടെ കിഴക്കെ ഭാഗത്തിലും വടക്കഭാഗത്തിന്റെ പകുതിയിലും 1870 കാലടി നീളവും തക്ക വീതിയുമുള്ള ഒരു തറയിൽനിന്നു തേമ്സ് നദിയെയും അതിന്റെ ഇരുകരകളിലുമുള്ള മണിഗേഹങ്ങളെയും ബങ്കളാവുകളെയും ഭവനങ്ങളെയും ഗ്രാമങ്ങളെയും നിലമ്പറമ്പുകളെയും മററും ബഹു ദൂരത്തോളം കാണ്മാൻ കഴിയും. നായാട്ടിന്നു വേണ്ടി പതിനൊന്നു നാഴിക ചുററളവുള്ളൊരു മരക്കാവും അടുക്കെ ഉണ്ടു. രാജകുഡുംബക്കാർ ആരെങ്കിലും കോട്ടയിൽ പാൎത്താൽ, കൊടിക്കൂറ വൻ ഗോപുരത്തിന്റെ മുകളിൽനിന്നു പാറികൊണ്ടിരിക്കുന്നു. നമ്മുടെ ഒന്നാം ചിത്രം തേമ്സ് നദിയുടെ നേരെയുള്ള ഭാഗത്തെയും രണ്ടാമത്തു കോട്ടയുടെ മുൻഭാഗത്തെയും കാണിക്കുന്നു.

A GOOD NAME.
ഒരു നല്ല പേർ.

ഒരു പേരിൽ എന്തുള്ളു? എന്നു ചോദിപ്പാൻ എളുപ്പമെങ്കിലും അതിന്റെ ശരിയായ ഉത്തരം പറവാൻ അല്പം പ്രയാസം ഉണ്ടു. കാരണം പേരുകൾ പലവിധത്തിൽ ഉള്ളതുപോലെ ഈ ചോദ്യത്തിന്നു ഉത്തരം പറവാൻ ബാദ്ധ്യതപ്പെട്ടുന്നവരും പലതരക്കാരുള്ളതാകയാൽ അവരവരുടെ ഹിതത്തിന്നു പററിയവണ്ണം ഓരോരുത്തർ പറയുന്ന ഉത്തരം ശരിയെന്നു അവൎക്കു മതം ഉണ്ടായിരിക്കുമെങ്കിലും, ഒരു നല്ല പേരിൽനിന്നുളവാകു

ന്ന അനുഭവങ്ങൾ മേത്തരമെന്നും ഗുണോല്കൃരമായതെന്നും ഏവരും അ വസാനത്തിൽ സമ്മതിക്കാതിരിപ്പാൻ പാടില്ല. ഈ മേത്തരമായ ഗുണ ങ്ങൾ ഏതുപ്രകാരമുള്ളതു, എന്നു ഗ്രഹിപ്പാൻ വല്ലവരും ആഗ്രഹിക്കുന്നു എങ്കിൽ, അതു ഒരുവന്നുണ്ടാകേണ്ടതും ഒരുവനാൽ ആഗ്രഹിക്കപ്പെടത്ത ക്കതുമായ സകല നന്മകളും, എന്നു ചുരുക്കി പറയേണ്ടിയിരിക്കുന്നു. സ മ്പത്തും വിദ്യയും അതിനാൽ ഉയൎച്ചയും ലഭിക്കുന്ന ആളുകൾ തുലോം ദു ൎല്ലഭം എങ്കിലും, ഒരു നല്ല പേർ എല്ലാവരാലും സമ്പാദിപ്പാൻ കഴിവുള്ള തും എല്ലാ മനുഷ്യൎക്കും ആവശ്യപ്പെട്ടതും, ഏതു അവസ്ഥയിൽ ഉള്ളവന്നും ഒഴിഞ്ഞുകൂടാത്തതും നിഷ്കളങ്കമായ എല്ലാ വൈഭവത്തിന്നും അടിസ്ഥാ നമായതും ആകുന്നു. ഒരുവന്നു “നല്ല പേർ” എന്ന ഈ സമ്പാദ്യം ഇ ല്ലെങ്കിൽ, അവന്റെ സമന്മാരുടെയും അന്യന്മാരുടെയും ഇടയിൽ യാ തൊരു ബഹുമതിയും അവന്നുണ്ടാകുന്നതു അസാദ്ധ്യം, എന്നുള്ള വാദം ആ ദ്യകേൾവിയിൽ കളങ്കമെന്നു തോന്നിയേക്കാമെങ്കിലും ഒരു കാൎയ്യം കാഴ്ചയാൽ മാത്രമല്ലാതെ വിധിപ്പാൻ പ്രാപ്തിയുള്ളവൎക്ക നല്ല പേരിനാൽ ഏതൊരാ ൾക്കും സിദ്ധിക്കുന്നതായ ബഹുമാനം ബലപ്പെട്ടതും പഴക്കം നില്ക്കുന്നതു മാകുന്നു, എന്നും സല്കീൎത്തിയിൽനിന്നു ഉത്ഭവിക്കാത്ത കേൾവി കാതലില്ലാ ത്ത മരത്തിന്നു തുല്യമായതു എന്നും ബോധിക്കുന്നതാണെ. ആകയാൽ ബഹുമാനത്തിന്നു യോഗ്യമല്ലാത്ത നടത്തം ഇല്ലാതുള്ള ഒരുവന്നു സാമൂഹ്യ സ്ഥിതിയിൽ യാതൊരു ഉണൎച്ചയും ഉണ്ടാകുന്നതും ഉണ്ടാവാൻ പാടുള്ള തും അല്ല; എന്നു തന്നെയുമല്ല. നടത്തം ദോഷത്താൽ സിദ്ധിക്കുന്നതായ പേർ മനുഷ്യന്റെ പ്രായത്തോടു കൂടി വളൎന്നു വരേണ്ട, മാന്യാവസ്ഥയെ അമൎത്തിക്കളകയും ആയുസ്സിന്റെ മോഹനകാലമായ സമയം ഫലമില്ലാ ത്തതാക്കുകയും ചെയ്യുമെന്നതു നിസ്സംശയമായ ഒരു വസ്തുതയാകുന്നു. എ ന്നതിനാൽ നമ്മിൽ ആരെങ്കിലും ഒരു മാടമ്പിയോ ദാസ്യവൃത്തിക്കാരനോ ആയിരിക്കട്ടെ, തന്റെ നടപ്പു ആകാത്തതും ദൂഷിക്കപ്പെടത്തക്കതും ആ യാൽ പരജനങ്ങളുടെ വിചാരത്തിൽ നാം നിസ്സാരന്മാരും നാൾക്കുനാൾ നിന്ദെക്കു യോഗ്യന്മാരും ആകും എന്നതു നിശ്ചയമാകുന്നു. ഒരു സമ്പന്ന ന്നു ബഹുമാനം ഉണ്ടായ്വരുന്നതു സാധാരണ തന്നെ എങ്കിലും, അതു ത ന്നാൽ ഉപകാരസാദ്ധ്യമുണ്ടാകേണ്ട; ആളുകളാൽ തല്ക്കാലോചിതമായി മാ ത്രം വൃഥാൽ പ്രശംസയിൽനിന്നുത്ഭവിക്കുന്നതാകയാൽ അതു നിലനില്ക്കാ ത്തതും സമ്പത്തു ക്ഷയിക്കുംതോറും അതിന്നു കുറവുണ്ടാകയും വരുന്നതു നാം എല്ലാവരും ദിവസേനാൽ, എന്ന പോലെ കണ്ടു ബോധിച്ചു വരു ന്നുണ്ടു. പ്രശംസപ്രിയന്മാൎക്ക മുഖസ്തുതി എത്രയും രസവും തങ്ങൾക്കി ല്ലാത്തതായ ബഹുമതി മററാളുകൾ മുഖേന വല്ലവരും കൊടുപ്പാൻ ഒരു ങ്ങിയെങ്കിൽ അതിന്നായി എന്നും പ്രവൃത്തിക്കുന്നതും പതിവാകുന്നു. എ

ന്നാൽ സാക്ഷാൽ നല്ല പേർ സമ്പാദിച്ചിട്ടുള്ള ഒരാളിന്റെ അവസ്ഥ ഇങ്ങനെയല്ല. അവൻ എത്ര നിൎഗ്ഗതിക്കാരനും കുലബലമില്ലാത്തവനും ആയാലും, അവൻ എത്ര പ്രസിദ്ധവഞ്ചകന്മാരുടെ ഇടയിൽ അകപ്പെട്ടാലും അഭ്രത്തിന്നിടയിൽ പതിക്കപ്പെട്ട രത്നംപോലെ അവന്റെ മാനത്തിന്നും ശോഭക്കും യാതൊരു ഭംഗവും വരുന്നില്ല. അവൻ സാമൂഹ്യസ്ഥിതിയിൽ നാൾതോറും ഉയൎന്നു വരികയും, അവന്റെ നടപ്പിന്നു ദിവസേനാൽ മാററു കൂടിയും ജനസ്വാധീനത്തിൽ അവൻ വൎദ്ധിച്ചും വരുന്നതു പ്രത്യക്ഷമാകുന്നു. വളരെ നിൎദ്ധനനായ ഒരുവന്നു നല്ല നടപ്പിനാൽ ഉണ്ടാകുന്ന ബഹുമതി ഒരു കാലവും ക്ഷയിക്കുന്നതല്ല. മാനുഷസ്വഭാവം വിദ്വാന്മാർ തരം തിരിച്ചിട്ടുള്ളതു. സാത്വികം, രാജസം, താമസം എന്നിങ്ങിനെ മൂന്നു ഇതങ്ങളിലാകുന്നു. ഇതിൽ സാത്വികം എന്നതു സൌമ്യശീലം, പരമാൎത്ഥത, അടക്കം മുതലായ മോഹിക്കത്തക്ക സൽഗുണങ്ങൾ ചേൎന്നിട്ടുള്ളതും ഒരു കാലവും ഒരുത്തനാലും ത്യജിക്കപ്പെടത്തക്കതും അല്ല. ഈ വകക്കാരിൽ പരജനങ്ങൾക്കു ഒരു സ്ഥിരമായ വിശ്വസ്തതയുണ്ടാകയും, അതിനാൽ ഏവരിൽനിന്നും ബഹുമതി സിദ്ധിക്കയും ചെയ്യുന്നു. എന്നാൽ ഈ സൽഗുണം ഏതു സ്ഥിതിയിലുള്ള മനുഷ്യൎക്കും ഉണ്ടാവാൻ പാടുള്ളതു തന്നെയെങ്കിലും കാലപ്പഴക്കത്താലല്ലാതെ ഉടനടി സാധിക്കുന്നതല്ലായ്കയാൽ, അഹംഭാവികളായ ചില മാനപ്രിയൎക്കു സ്വഭാവത്താൽ ഇല്ലാത്തതായ സൽഗുണം കാണിക്കേണമെന്നും അതിനാൽ ഒരു നാഴികകൊണ്ടു ജനസമ്മതമുണ്ടാക്കേണമെന്നും മോഹിച്ചു, അവർ ചില നാട്യങ്ങൾ കാണിക്കുന്നു. എന്നാൽ ഈ കാഴ്ച ജലത്തിൽ വരക്കുന്ന വരപോലെ മാഞ്ഞുപോകുന്നതിനാലും ഈ വക ദുൎമ്മോഹികൾക്കു കാലതാമസം സഹിച്ചു കൂടാത്തതിനാലും, നല്ല നടത്തം അസാദ്ധ്യമെന്നുള്ള വിചാരത്താൽ അതിക്രമിക്കപ്പെട്ടു, തങ്ങൾക്കു സ്വഭാവികമായുള്ള ചിത്രം വെളിപ്പെട്ടു പോകുന്നതു നാം കണ്ടു ബോധിക്കുന്നുണ്ടു. നല്ല നടപ്പിന്റെ അംശങ്ങളാകുന്ന ലക്ഷണങ്ങൾ പലതുണ്ടു. ഇതിൽ മുഖ്യമായതു നടത്തത്തിലും സംഭാഷണത്തിലും ഉള്ള മൎയ്യാദ, വിചാരബുദ്ധി, പ്രവൃത്തിയിൽ വിശ്വസ്തത, ഏവരോടും സ്നേഹശീലം എന്നിവയാകുന്നു.

ഇവ ആൎക്കുണ്ടോ അവർ നല്ല നടപ്പുകാരെന്നുള്ള പ്രസിദ്ധം നിസ്സംശയമായുണ്ടായും, കാണികളിൽനിന്നുള്ള ആധാരത്തിന്നും പാത്രന്മാരായും വരുന്നു. കാരണം മൎയ്യാദക്കു ശത്രു ഇല്ലെന്നു പ്രമാണമുള്ളതു പോലെ മൎയ്യാദക്കാരന്നു ഒരിക്കലും മുട്ടും ആക്ഷേപവുമുണ്ടാകുന്നില്ല. ഏതു കഠിന ഹൃദയക്കാരെയും സ്നേഹിതരാക്കുവാൻ മൎയ്യാദ എതിരില്ലാത്ത പ്രാപ്തനും വിശ്വസിപ്പാൻ കൊള്ളാവുന്ന സ്നേഹിതനും ആകുന്നു. കോപശീല പ്രയോഗത്താൽ ഉത്ഭവിക്കുന്ന ഏതൊരു കലശലും മൎയ്യാദ എന്ന മദ്ധ്യ

സ്ഥൻ മുമ്പാകെ കേവലം ഇല്ലാതായി പോകുന്നതു ഈ കാലത്തു നാം കൂടക്കൂട കണ്ടു ബോധിക്കുന്നുണ്ടല്ലൊ. വിചാരബുദ്ധിയും അതുപോലെ വാഞ്ഛിക്കത്തക്ക ഒരു ലക്ഷണമാകുന്നു. നോട്ടത്തിന്നു കോട്ടമില്ലെന്നുള്ള പഴഞ്ചൊൽ ഒരിക്കലും തെററിപ്പോവാൻ പാടുള്ളതല്ല. ഏതെങ്കിലും ഒരു പ്രവൃത്തിക്കു തുനിയുമ്പോൾ അതിനാൽ ഉണ്ടാകുന്ന ഭവിഷ്യം ഏതുപ്രകാരമുള്ളതെന്നു മുൻകൂട്ടി ആലോചിക്കേണ്ടതു അത്യാവശ്യവും വിചാരമില്ലാതെ ചെയ്യുന്ന പ്രവൃത്തിയിൽനിന്നു ഭയങ്കരമായ ഭവിഷ്യങ്ങൾ ഉണ്ടാകുന്നതിന്നു എളുപ്പമുണ്ടാകയാലും കാൎയ്യാകാൎയ്യങ്ങളെ തിരിച്ചറിയുന്നതിന്നു മനുഷ്യൎക്കു ആവശ്യപ്പെട്ട ബുദ്ധി തരപ്പെട്ടിരിക്കുമ്പോൾ തന്നിഷ്ടമായും വിചാരം കൂടാതെയും യാതൊരു കാൎയ്യത്തിലും ഏൎപ്പെടുന്നതു ശരിയല്ല ആലോചനകൾ സൂക്ഷ്മമില്ലായ്കയാൽ ചില സംഗതികളിൽ അനിഷ്ടകരമായ സംഭവങ്ങൾ യദൃച്ഛയാൽ നേരിടും, എങ്കിലും വിചാരത്തോടും ആലോചനയോടും ചെയ്യുന്ന കാൎയ്യങ്ങളുടെ സംഭവങ്ങൾ മിക്കപ്പോഴും സന്തോഷകരമായി വരുന്നു. പ്രവൃത്തിയിൽ വിശ്വസ്തത മനുഷ്യർ അണിയേണ്ടിയ വിലയേറിയ ആഭരണങ്ങളിൽ ഒന്നാകുന്നു. എല്ലാവരും യജമാനന്മാരായി വരുന്നതു അസാദ്ധ്യമല്ലയോ, ഏതു മഹാനും സൂക്ഷ്മപ്രകാരം മറെറാരാളിന്നു ചില പ്രവൃത്തികൾ കഴിച്ചു കൊടുപ്പാൻ ഒരു വിധത്തിൽ ബാദ്ധ്യസ്ഥനാകുന്നു, എന്നു സന്ദേഹമില്ലാത്തതിനാൽ അവരവൎക്കുള്ള തൊഴിലിലും വ്യാപാരത്തിലും ക്രമവും വിശ്വസ്തതയും ഉണ്ടായാൽ സ്നേഹിതരും സഹായികളും വിചാരിക്കാത്തുള്ള ഇടങ്ങളിൽനിന്നും കൂടി ഉണ്ടാകും, അങ്ങിനെ തന്നെ സ്നേഹശീലവും ശത്രുമുഖേന ഒരു കൊത്തളം ആകുന്നു. മനുഷ്യർ പ്രകൃതിയാൽ ഒരുപോലെയുള്ളവരാകയാൽ ഒരുവൻ മററവനിലും ഉയൎന്നവൻ എന്നുള്ള അഹങ്കാരം വിഹിതമായതല്ല. വിദ്യയും സമ്പത്തും ഉണ്ടാകുന്നതു ഇന്നയാൾക്കു, എന്നു ക്ലിപ്തപ്പെടുത്തി കൂടായ്കയാൽ മനുഷ്യൎക്കു തമ്മിൽ തമ്മിൽ സ്വഭാവേന ഉള്ള സംബന്ധം അറുത്തുകളയേണ്ടതല്ല. അന്യോന്യ സ്നേഹത്താൽ അസംഖ്യ നന്മയുണ്ടാകുന്നതുപോലെ അന്യോന്യ വിരുദ്ധത്താൽ അനേകം ദുഃഘടങ്ങളും വന്നു ഭവിക്കുന്നു. ആകയാൽ ഇതിനാൽ ഞങ്ങളുടെ വായനക്കാർ ഗ്രഹിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു ഓരോരുത്തൻ ഇത്രമാത്രം ഉള്ളവൻ, എന്നു തന്നെത്താൻ അറിഞ്ഞു തമ്മിൽ തമ്മിൽ മൎയ്യാദയും അവനവന്നു ഏല്പിക്കപ്പെട്ട പ്രവൃത്തിയിൽ ചതിയും വഞ്ചനയും കാണിക്കാതെ വിശ്വസ്തതയും നേരും. ഏതുകാൎയ്യവും പ്രവൃത്തിക്കുമ്പോൾ അതിന്റെ തീൎച്ച ഇന്നതാകുമെന്നുള്ള മുന്നാലോചനയും തന്നെത്താൻ സ്നേഹിക്കുംപ്രകാരത്തിൽ മററുള്ളവരോടു സ്നേഹവും ഉണ്ടായാൽ, അവന്നു തന്റെ ഇല്ലത്തും കുലത്തിലും ക്ഷേമവും നാട്ടിലെങ്ങും ബഹുമതിയും പരജനങ്ങളിൽനിന്നു ആ

വശ്യപ്പെട്ട സഹായാനുകൂലങ്ങളും വന്നു കൂടുന്നതു നിൎണ്ണയമെന്നുള്ള ഉപദേശമാകുന്നു.

SENSUALITY.

ചിററിമ്പങ്ങൾ.

അറിവു വൎദ്ധിച്ചും സ്വാതന്ത്ര്യം പെരുകിയും വരുന്ന ഇക്കാലത്തു മനുഷ്യൎക്ക അടക്കശീലവും വിനയവും സാധാരണയായി ഉണ്ടാകേണ്ടതു അത്യാവശ്യമാകുന്നു. പഴമക്കാരായ മലയാളികളിൽ വളരെ ആളുകൾ താങ്കളുടെ ചെറുപ്പത്തിൽ കണ്ടു കേട്ടിട്ടില്ലാത്തതായ പലവിധ കോലങ്ങളും, തങ്ങളുടെ വാൎദ്ധക്യകാലത്തു കണ്ടു അതിന്റെ അവസ്ഥപോലെ സന്തോഷത്തിന്നോ ദുഃഖത്തിന്നോ ഇടവരുന്നതും നാം നാൾതോറും എന്നപോലെ കണ്ടുപോരുന്നു. ഈ മാററങ്ങൾക്ക ഹേതുവായി തീൎന്നതു നാഗരീകമെന്നു സമ്മതിക്കാത്ത ആളുകൾ തുലോം ദുൎല്ലഭമേയുണ്ടാവു. മനുഷ്യർ തമ്മിൽ തമ്മിൽ നിരപ്പും സ്നേഹവും ഉണ്ടാകുന്നതും ഒരിക്കലും പോയി കാണ്മാൻ ഇടയാകാത്ത ജാതിയുടെയും രാജ്യത്തിന്റെയും അവസ്ഥകൾ ഇന്നിന്നതെന്നു അറിയിക്കുന്നതും ക്ഷേമാദികളായ സൌഭാഗ്യങ്ങൾ രാജധാനിമുതൽ പുലച്ചാളവരെ വാഴമാറാക്കുന്നതും ഈ മഹാ യന്ത്രമത്രെ. ഈ യന്ത്രശക്തി ഈ മലയാളക്കോണിലൊട്ടും ഏററക്കുറയ വ്യാപിച്ചു, തന്റെ ശുചികരമായ ഫലത്തിൽനിന്നു വളരെ ആളുകളെ അനുഭവസ്ഥരാക്കുന്നുണ്ടു എന്നതിലേക്ക യാതൊരു വാദവുമില്ല. എങ്കിലും ചില സംഗതികളിൽ വിചാരത്തിന്നു എതിരായ ഭവിഷ്യം നേരിട്ടു പോകുന്നുണ്ടു. ഇതിന്റെ കാരണം സംസൎഗ്ഗദോഷം അത്രെ. പരദേശഭാഷ പഠിക്കുന്നതിനാൽ തദ്ദേശാചാരം ഉപേക്ഷിക്കേണ്ടതോ, അതിന്നു നിൎബ്ബന്ധിക്കേണ്ടതോ ആവശ്യമല്ല. പശ്ചിമദേശക്കാരായ വെള്ളക്കാർ മലയാളികളുടെ ഇടയിൽ വിതച്ചിട്ടുള്ള നല്ല വിത്തുകൾ അതതിന്നു തക്കതായ ഫലത്തെ പുറപ്പെടീക്കുന്നതിന്നു പകരം തന്നിഷ്ടം, അഹംഭാവം എന്നീ ദുൎല്ലക്ഷണങ്ങൾ കലൎന്നു, കാഴ്ചയിൽ ഒരു വിധവും പ്രവൃത്തിയിൽ മറെറാന്നുമായ ഇരുഭാവങ്ങൾ ഒരുവനിൽ കാണായ്വരുന്നതു വിത്തിന്റെയും വാളുന്നവന്റെയും ആകായ്കയാലല്ല. ഞാററിന്നു ഇടുന്ന വളത്തിന്റെയും ചിലപ്പോൾ നിലത്തിന്റെയും തരമല്ലായ്കയാലാകുന്നു, എന്നു വിശേഷാൽ പറയേണ്ടതില്ലല്ലൊ. സാധാരണ ജനങ്ങളെ പൊതുവിൽ ബാധിച്ചിരിക്കുന്ന ബാധ അവരവരുടെ ശക്തിക്ക അപ്പുറമായുള്ളതിനെ മോഹിക്കുന്നതാണെന്നുള്ളതു മിക്ക ആളുകൾക്കും നാൾതോറും ദൃഷ്ട്യബോദ്ധ്യമായ്വരുന്നുണ്ടു. അല്പം വിദ്യ സമ്പാദിച്ചതിന്റെ ശേഷം തന്റെ സമന്മാരായിരുന്നവരെ അശേഷം ബഹുമാനമില്ലാതെയും, തന്റെ അല്പ അറിവിന്നു കാരണമാക്കിയ മാതാപിതാക്ക

ന്മാരെ ഗണ്യമാക്കാതെയും തനിക്ക താന്തന്നെ മതിയെന്നുള്ള അഹംഭാവത്തോടുകൂടി ജാതിക്കും മതത്തിന്നും ചേരാത്തതായ ഓരോ അപരാധങ്ങളിൽ ഉല്ലസിച്ചു നടക്കുന്നവരായ ബാല്യക്കാരിൽ എത്രയോ ആളുകൾ ഇന്നും നമ്മുടെ സമീപെ ഉണ്ടു. പാങ്ങും താങ്ങും ഉള്ളവരായ തങ്ങളുടെ സമപ്രായക്കാർ ഒരു വിധത്തിൽ മോടിയോടു നടക്കുന്നതിനെ കണ്ടിട്ടു, അവരിലും മാറേറിയ വേഷം വേണം, എന്നു ഭാവിച്ചു തങ്ങൾക്ക ആദായം ഇത്രമാത്രമെന്നു ചിന്തിക്കാതെ ഉടൽ തന്നെ ഒരുകൂട്ടം മേത്തരമായ വസ്ത്രവും, നല്ലതിൽ ഒരു ജോടു മുട്ടുചെരിപ്പും ചീട്ടുപ്രകാരം അടുത്ത ഒരു ശാപ്പിൽനിന്നു മാസപ്പടി കൂടുമ്പോൾ പണം കൊടുക്കുമെന്നുള്ള കരാറിന്മേൽ വരുത്തി കോമളവേഷധാരിയായി തന്റെ മേല്പറഞ്ഞ ചങ്ങാതിമാരുടെ കൂടെ ഉലാസുന്നതു കണ്ടാൽ, ചിലൎക്ക എത്രയും കൌതുകവും, ഈ പൊണ്ണന്റെ അവസ്ഥകൾ അറിഞ്ഞ വേറെ ചിലൎക്ക എത്ര സങ്കടവും ഉണ്ടാകുന്നു. ഈ മേനിക്കോതിയന്റെ ദുൎമ്മോഹത്താൽ ഉണ്ടാകുന്നതായ അച്ഛനമ്മമാരുടെ ശാസനയും കാണികളുടെ ആക്ഷേപവും തന്റെ ഭ്രാന്തിനെ ലേശംപോലും ശമിപ്പിക്കുന്നില്ല. പിന്നെയോ, നാൾ ചെല്ലുമളവിൽ തന്റെ ദുൎമ്മോഹം അസാധാരണയായി വൎദ്ധിച്ചു മുമ്പേത്തതിൽ അതിമത്തരായ ചങ്ങാതികളോടു കൂറുകെട്ടി വേറെയും വേണ്ടാസനങ്ങളിൽ ഇഷ്ടപ്പെടുന്നു. ഈ തരക്കാരെ ആകുന്നു നാം കൂടക്കൂട തവാരണകളിലും ചിലപ്പോൾ പെരുവഴികളിലും നഗ്നന്മാരായും ബോധമില്ലാതെയും കാണുന്നതു. അല്പം വിദ്യയും അറിവും ലഭിച്ചതിനാൽ വല്ല ചില്ലറയായ ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ തന്നെത്താൻ മറന്നുപോകുന്നതു ബാല്യക്കാരുടെ സാധാരണ പതിവാകുന്നു. എന്നാൽ ഗതികെട്ടവൻ തന്റെ പാങ്ങു വിചാരിയാതെ മട്ടു വിട്ടു പ്രവൃത്തിക്കുന്നതു അണ്ണാക്കൊട്ടൻ ആനയോളം വായ് തുറപ്പാൻ മോഹിക്കുന്നതിന്നു തുല്യമല്ലയോ? പട്ടുകരയൻ പാവുമുണ്ടും വെള്ളയിൽ ഒരു കുടുത്തയും ഒരു മദ്രാസ ഉറുമാലും പോരാത്ത പക്ഷം ഒരു ജോടു തൃശ്ശിനാപ്പള്ളി ജൂത്തിയും നല്ലതും മോഹകരവുമായ ചമയമത്രെ. ഇതിന്നു അധികചിലവു ഇല്ലാത്തതും ഒരു മാതിരിക്കാൎക്കു എല്ലാൎക്കും കഴിവുള്ളതുമാകുന്നു. എന്നാൽ ഇതുകൊണ്ടു തൃപ്തിപ്പെടാത്ത കാകൻ അരയന്നമാവാൻ ഭാവിച്ചതുപോലെ തന്റെ അല്പയറിവിനാൽ വഞ്ചിക്കപ്പെട്ടു ഒരു ക്ഷണംകൊണ്ടു ജാതിയിൽനിന്നും കുലത്തിൽനിന്നും ഭേദപ്പെടുവാനും വരവിലും അധികമായ ചിലവു ചെയ്തു കൊശി എടുപ്പാനും ഭാവിക്കുന്നതു മുടിവിന്റെ ആരംഭമാകുന്നു. ഇങ്ങിനെ ഉള്ളവൻ അധികനാൾ ചെല്ലുന്നതിന്നു മുമ്പു തന്നെ തന്റെ നിത്യവൃത്തിക്കു വഴിയില്ലാതെ ദുരിതത്തിൽ മുഴുകി, തനിക്കുണ്ടായിരുന്ന പ്രഭാവത്തിന്നടുത്ത അലങ്കാരങ്ങൾ തൽക്ഷണംകൊണ്ടു ഇല്ലാതെയായി, പരജനങ്ങളിൽനിന്നുള്ള

പരിഹാസത്തിന്നും സത്തമന്മാരുടെ സമൂഹഭ്രഷ്ടിന്നും പാത്രമായി തീരുന്നു. ചണ്ഡാതി ദോഷത്താലുണ്ടാകുന്ന ദുർഭവിഷ്യങ്ങൾ ഇതു തന്നെയല്ല. പിന്നെയോ, മദ്യപാനം പുലയാട്ടു മുതലായ നാനാവിധ ദോഷങ്ങളും ഉളവാകുന്നതു ദുർജ്ജനസംസർഗ്ഗം ആകുന്നു. മദ്യപാനിയായ ഒരു അച്ഛന്റെ മക്കളും ആ ദോഷത്താൽ സ്വഭാവേന പിടിപെട്ടവരായിരിക്കുമെന്നുള്ള വിചാരം യാതൊരുത്തർക്കും ഉണ്ടെങ്കിൽ അതു അബദ്ധമത്രെ, എന്നു പറയുമ്പോൾ അമ്മയച്ഛന്മാരുടെ ദുർദൃഷ്ടാന്തം ഹേതുവാൽ മക്കൾ ദുർന്നടപ്പുകാരാകയില്ലെന്നുള്ള വാദം ഞങ്ങൾ അശേഷം പുറപ്പെടുവിക്കുന്നില്ല. തങ്ങളുടെ അധികാരത്തിൻ കീഴെ മക്കൾ ഇരിക്കുംകാലം ഒക്കെയും അവരെ നേർവ്വഴിയിൽ തന്നെ അഭ്യസിപ്പിക്കേണമെന്നുള്ള താല്പര്യ്യവും ഉത്സാഹവും അമ്മയച്ഛന്മാർക്കുണ്ടായിരുന്നാൽ സത്തമന്മാരായ വളരെ ബാല്യക്കാർ ഉണ്ടാകുന്നതിന്നു നിസ്സംശയം ഇടയുള്ളതാകുന്നു. എന്നാൽ കുട്ടിക്കാലത്തു മാതാപിതാക്കന്മാരുടെ ഉപേക്ഷയാലും അഭ്യസനത്തിങ്കൽ സന്മാർഗ്ഗം ഇന്നതെന്നു ഗുണദോഷിച്ചു കൊടുക്കുന്നതിന്നു ഗുരുക്കന്മാർക്കുള്ള താല്പര്യ്യക്കുറവിനാലും ദുർജ്ജനങ്ങളോടു പിൻകാലങ്ങളിൽ ഉണ്ടാകുന്ന ചേർച്ചയാലും വളരെ ആളുകൾ ശാപാരിഷ്ടതകളിൽ ഉൾപ്പെടുന്നതിന്നു ഇടവന്നു പോകുന്നതിനാൽ, വളർത്ത ദോഷം അഭ്യസനദോഷം സംസർഗ്ഗദോഷം എന്നീ ത്രിദോഷങ്ങൾ കോപിച്ചു ഒരുനാളും മാറാത്തതായ വ്യാധി പിടിപ്പെടാതിരിപ്പാൻ എല്ലാവരും നോക്കിക്കൊള്ളട്ടെ. അല്ലാതെ ഓരോ വിധമായ നടത്തത്തിന്നും അഭ്യസനത്തിന്നും ആദ്യം വിചാരം ഇല്ലാതെയും, നിസ്സാരം എന്നു കരുതിയും എടയാക്കിയതിന്റെ ശേഷം പിന്നീടു അതു രസമല്ലാതെ തീർന്നു മാറേറണമെന്നു വല്ലവരും നിർബ്ബന്ധിച്ചാൽ സാധിപ്പാൻ പ്രയാസമേറിയതും, പ്രത്യേക ചില സംഗതികളിൽ അങ്ങിനെയുള്ള നിർബ്ബന്ധം വിഹിതമല്ലാത്തതായും ഭവിക്കുന്നു. ആകയാൽ അമ്മയച്ഛന്മാരേ! നിങ്ങളുടെ സ്വന്ത ഭാഗ്യത്തിന്നു വേണ്ടി മക്കൾക്കു നല്ല ദൃഷ്ടാന്തം കാണിച്ചു കൊടുപ്പാനും, ഉപദേഷ്ടാക്കന്മാരേ! നിങ്ങളുടെ കൈക്കൽ ഭരമേല്പിക്കപ്പെട്ടവർ ദുർമ്മാർഗ്ഗികളും അഹംഭാവികളും ആയ്പോകുന്നതു നിങ്ങൾക്കു അപമാനമെന്നു കരുതി നേരുമാർഗ്ഗം അവർക്കു ചൂണ്ടികൊടുപ്പാനും; അങ്ങിനെ തന്നെ സ്നേഹിതരായ ബാല്യക്കാരേ! നിങ്ങളുടെ നടത്തവും പ്രവൃത്തിയും നിരാക്ഷേപകരമായതും സജ്ജനസമ്മതമുള്ളതും ആയിരിപ്പാന്തക്കവണ്ണം അതുകളെ ക്രമപ്പെടുത്തുന്നതിന്നും കേരളോപകാരി നിങ്ങൾക്കു ഗുണദോഷിക്കുന്നു.

THE MALAYALAM COUNTRY.

മലയാളരാജ്യം.

പതിനൊന്നാം നമ്പർ ൧൭൬ാം പുറത്തിൽ വെച്ചതിന്റെ തുടൎച്ച.

(*Registered Copyright.* — ചാൎത്തു പതിപ്പുള്ള പകൎപ്പവകാശം)

+ കീറുതോടു: പൊന്നാനി തൊട്ടു പേരാററിനെയും, വെള്ളിയങ്കോട്ടുപുഴയേയും, കുട്ടായി തുടങ്ങി ചേററുവായോളം 43 പാലമുള്ള മറെറാരു കീറുതോടു വെള്ളിയങ്കോട്ടു (ഏനാമാക്കൽ) കൊടുങ്ങല്ലൂർ പുഴകളേയും തമ്മിൽ ഇണെക്കുന്നു. കൊടുങ്ങല്ലൂർ തൊട്ടു കൊച്ചി കായൽവഴിയായി തെക്കോട്ടു പോകാം.

23. കൊച്ചിശ്ശീമയിൽ ഓരോ പുഴകൾ ഉത്ഭവിക്കുന്നെങ്കിലും അവററിന്നു ചേററുവാ, കൊടുങ്ങല്ലൂർ (ചാലക്കുടിപ്പുഴയും, പെരിയാററിന്റെ ഒരു കൈയും) കൊച്ചി (പെരിയാറും മററും) എന്നീ അഴികളേ ഉള്ളൂ.

24. തിരുവിതാങ്കൂറിലേ വടക്കേ പാതിയിൽ ഉറക്കുന്ന പുഴകൾ മിക്കതും ഓരോ കായലുകളിലും ശേഷം 3-4 നീളം കുറഞ്ഞവ മാത്രം കടലിലും വീഴുന്നു. കൊല്ലത്തിന്റെ വടക്കുള്ള കന്നേററിപ്പുഴ പണ്ടേത്ത മലയാളത്തിന്റെ തെക്കേ അതിർ.

+ പല കീറുതോടുകൊണ്ടു ഈ ഓരോ കായലുകൾ തമ്മിൽ ഇണെച്ചിരിക്കയാൽ പൊന്നാനിയിൽനിന്നു തെക്കുള്ളതായി ഏകദേശം 200 നാഴിക ദൂരമുള്ള കുളച്ചയോളം ഓടുകയും ഓരോ പുഴകളിലേക്കു കയറുകയും ചെയ്യാം.

4. വീതി: ഉയൎന്നിലത്തിൽ ആഴം ഏറുകയും അകലം കുറകയും പുഴ മുന്നോട്ടു ചെല്ലുമളവിൽ തടിക്കുംവണ്ണം അകലംവെച്ചു ആഴം ചുരുങ്ങുകയും അഴിക്കുട്ടക്കേ വെള്ളപ്പെരുക്കത്താൽ അകലവും കഴവും ഏറുകയും ചെയ്യും.

ചില പുഴകളുടെ വിസ്താരം മേൽകാണിച്ച പട്ടികയിലും അഴിക്കലേ ആഴം അഴിമുഖങ്ങളെകൊണ്ടു പറഞ്ഞതിലും കാണാം.

5. തിരിവു: ശരാശരിക്കു മിക്ക പുഴകൾ വടക്കു പടിഞ്ഞാറോട്ടും അഴിക്കൽ തെക്കോട്ടു ചാഞ്ഞിട്ടും പേരാററിന്റെ തെക്കു കിടക്കുന്ന പുഴകൾ കന്യാകുമാരിയോടു അടുക്കും അളവിൽ നേരെ തെക്കു നോക്കുവോളവും ഒഴുകുന്നു.

താഴ്വരകളുടെ തിരിവുകൊണ്ടു പറഞ്ഞതു നോക്കുക.

6. വെള്ളപ്പെരുക്കം: കൈത്തോടു തുടങ്ങിയവററിന്റെ വെള്ളപ്പെരുക്കത്തിന്നു വളരെ ഏററക്കുറവുണ്ടു. വൎഷകാലത്തിൽ കവിയത്തക്കവണ്ണം നിറകയും വേനൽകാലത്തു ചിലതു വററിപ്പോവോളം ചുരുങ്ങുകയും ചെയ്യുന്നു. മലയുറവുള്ളതായി എപ്പോഴും വറണ്ടുപോകാത്തതിന്നു

പെണ്ണാറു (perennial river) എന്നും മലവെള്ളം മാത്രം ഒഴുകുന്നതിന്നു ആണ്ണാറു എന്നും വറട്ടാറു (periodical river) എന്നും പേർ.

മഴക്കാലത്തിൽ കീഴാറുകൾ 1-3 മാറോളവും പുഴകൾ 1-2 മാറോളവും മലവെള്ളം നിറയും. മഴ നന്ന പിടിച്ചുപോയാൽ താണ കരയുള്ളവ വിശേഷിച്ച സമഭൂമിയിലും അഴിക്കുട്ടുകെയും കരകവിഞ്ഞു കൃഷികൾ നാശം വരുത്തും. വഷകാലത്തിൽ നിലം കുടിക്കാത്ത മഴവെള്ളം മിക്കതും കൈത്തോടു, തോടു, കീഴാറു, പുഴകൾ വഴിയായി കടലിലേക്ക വാൎന്നുപോകുന്നു.

വടക്കേ മലയാളത്തിൽ തെക്കേതിനേക്കാൾ മഴ ഏറുകകൊണ്ടു വടക്കുള്ള പുഴകളിൽ വെള്ളപ്പെരുക്കം ഏറും. പുഴകളുടെ നീളത്തിന്നും അവററിൻ കൈയാറുകളുടെ വലിപ്പത്തിന്നും തക്കവണ്ണമേ അതിലേ നീത്തുകയും കാണാം; പെരാറു മാത്രം മഴ കുറയുന്ന ഭൂമിയിൽകൂടി ഒഴുകുകയാൽ നീളത്തിന്നൊത്തപ്രകാരം തടിക്കുന്നില്ല.

മഴക്കാലത്തിൽ സഹ്യന്റെ പടിഞ്ഞാറേ ചരുവിൽനിന്നും വിശേഷിച്ച തെന്മലയുടെ കിഴക്കേ ചരുവിൽനിന്നും പല പല അരുവിയാറുകളെ (water-falls) വലിയ എകരത്തിൽനിന്നു വീണുചാടുന്നതു കാണാം.

നെൽകൃഷി നടുകനികളേ പോറേറണ്ടതിന്നും മനുഷ്യർ കുളിക്കുന്നതിന്നും വേനൽകാലത്തു ഉൾനാട്ടിൽ കീഴാറുകൾക്കും മററും ചിറ കെട്ടിവരുന്നു.

7. വേഗത: മലപ്രദേശത്തിൽ വെള്ളത്തിന്നു വലിയ മറിച്ചലും ചാട്ടവും ഉണ്ടു. പുഴകൾ താണഭൂമിയെ പ്രാപിച്ച ശേഷം കടലോടു എത്തുവോളം ഒഴുക്കിന്റെ വേഗത കുറഞ്ഞു കുറഞ്ഞു വരുന്നു. ചില പുഴകൾക്ക മന്ദമായ പോക്കുണ്ടു.

വഷകാലത്തിലേ വെള്ളപ്പെരുക്കത്താൽ എല്ലാ പുഴകൾക്കും ഒഴുക്കും ഓട്ടവും പെരുകുന്നു. ഇറക്കം കൊള്ളുന്ന പുഴകളിൽ വെള്ളം കടലിലേക്ക വാറുവെക്കുന്നതുകൊണ്ടു അഴിക്കലേ വലു ചിലപ്പോൾ എത്രയും കടുപ്പമുള്ളതു.

8. ഏററിറക്കംകൊള്ളുന്ന പുഴകൾ: അഴിഅടയാത്ത (തുരാത്ത) പുഴകൾക്ക കടലിൽനിന്നു ഏററിറക്കം തട്ടുന്നു. ഏററത്തിൽ കടൽവെള്ളം പുഴകളിലേക്ക തള്ളി കയറുകയും ഇറക്കത്തിൽ വാരുകയും പുഴകളുടെ ചാലിന്റെ താഴ്ചകണക്കേ വേലികൊള്ളുകയും ചെയ്യുന്നു.

ആയതു പലപ്രകാരമുള്ളതു: വടക്കേ മലയാളത്തിൽ ആതുർ? കാഞ്ഞങ്ങാടു (പുതുക്കോട്ടെക്കടുക്കേ), ചപ്പാരക്കടവു (തളിപ്പറമ്പിൽനിന്നു എട്ടുനാഴിക വടക്കുകിഴക്ക), കൈതപ്പുറം (പയ്യാവൂക്കടുക്കേ), അഞ്ചരക്കണ്ടി, കുററിപ്പുറം, കുററിയാടി, അരീക്കോടുവരെക്കും തിരുനാവായ്ക്കു താഴെയും

വേലികൊള്ളുന്ന അത്യത്തികൾ ആകുന്നു എന്നു പറയാം. പേരാററിന്നു ഏററിറക്കം പേരിന്നുള്ളൂ. എത്രോടം ഏററത്തിന്റെ ഫലം കണ്ടാലും അത്രോടം പുഴവെള്ളം പുളിച്ചുപോയി എന്നു തോന്നേണ്ട. ഏററം പുഴവെള്ളത്തെ തടുത്തു തിക്കികെട്ടിച്ചതേയുള്ളൂ. വേനൽകാലത്തു വിശേഷിച്ചു വാവേററത്തിന്നു മാത്രം ചിലപ്പോൾ മേൽ കാണിച്ച അതിരോളം പുളിച്ചു പോകുന്നു. ഉവർവെള്ളത്താൽ കൃഷികൾ കേടു പററാതിരിക്കേണ്ടതിന്നു വേലികൊള്ളുന്ന ഓരോ ചിററാറു തോടുകൾക്കു നാട്ടുകാർ ചിറ കെട്ടുന്നുണ്ടു.

9. കര: മലയിടുക്കുകളിൽ ഇടുക്കവും അഗാധവും കുന്നുനാട്ടിൽ കുത്തനേയും (ഇടുകര) കുഴിനാട്ടിലും കോവ്വല്പാട്ടിലും താഴ്ചയുമുള്ള കരയുണ്ടു. വിശേഷിച്ചു പേരാററിന്നും അതിന്റെ കീഴാറുതോടുകൾക്കും ഇടുകര തന്നെ.

മിക്ക പുഴകളുടെ കര സ്ഥിരമെങ്കിലും പേരാറും മററും ചില പുഴകൾ കൊല്ലന്തോറും കര കാന്തുകളഞ്ഞു പുഴച്ചാലിന്നു അകലം വെപ്പിച്ചു വരുന്നു.

10. പുഴച്ചാൽ: ഉയൎന്ന ഭൂമിയിലും കുന്നുപാട്ടിലും പാറയും ഉരുളക്കല്ലും പുഴച്ചാലിൽ തിങ്ങിക്കിടക്കും കുഴിനാട്ടിൽ ചരലും തരിമണലും താണഭൂമിയിൽ മണലും പൂഴിയും അതിൽ കാണുകയാൽ ഒഴുകുന്ന വെള്ളം വലിയ കല്ലുകളേയും ഉരുട്ടി പൊടിച്ചുകളയുന്നു എന്നു തെളിയും. വേലിയോടു ഉവർവെള്ളം കയറുന്നേടത്തോളം പുഴയടിക്കു ചേറു പററിപ്പോകുന്നു. പുഴ അകലം വെച്ചസ്ഥലത്തു ഈ ചേറിനാൽ ചേററു പാടങ്ങൾ (കൈക്കണ്ടം) ഉണ്ടായ്വരുന്നു.

മലകുന്നപ്രദേശത്തുള്ള പുഴച്ചാലുകളുടെ അടിയിലെ കരിങ്കൽപാറ അവിടവിടെ മുന്തുന്നതുകൊണ്ടു തിരപ്പുങ്ങളെ ഏറിയ അദ്ധ്വാനത്തോടും പ്രാണഭയത്തോടും താഴ്ത്തി ഇറക്കിവരുന്നു എങ്കിലും തോണികൾക്കു വെള്ളമുണ്ടെങ്കിൽ പോക്കുവരവിന്നു പ്രയാസമില്ല. തീവണ്ടിപ്പാതയിൽ കൂടി സഞ്ചരിക്കുന്നവൎക്കു പേരാററിന്റെ പുഴച്ചാലിലേ പാറക്കെട്ടുകളെ വാളയാറു തുടങ്ങി ചെറുവണ്ണൂരോളം കാണാം. പുഴച്ചാലുകളിലെ പാറക്കെട്ടിൽ മുതല തുടങ്ങിയുള്ള ജന്തുക്കൾ തഞ്ചുന്ന ഓരോ കന്നുകുകളും പള്ളങ്ങളും ഉണ്ടു. അഴിക്കടുക്കേ മിക്ക വലിയ പുഴകൾക്കു കുറെ ദൂരത്തോളം എങ്കിലും കഴം വീണിരിക്കുന്നു.

(ശേഷം പിന്നാലെ.)

SUMMARY OF NEWS.

വൎത്തമാനച്ചുരുക്കം.

I. രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള പടവിവരങ്ങൾ.

ഏ. യുരോപയിലെ ചെയ്തി:—

1. മഴ തോന പെയ്തു പെരുവഴികളിൽ കൂടി കടപ്പാൻ ഇരു സൈന്യങ്ങൾക്കു വളരെ പ്രയാസം ആയ്പോയതു കൂടാതെ ഉറെച്ചമഞ്ഞു പെയ്തു കുളിർ ആരംഭിച്ച ശേഷം യുദ്ധം ചെയ്യുന്നതിന്നു ഇരുകക്ഷിക്കാൎക്കു വളരെ ഞെരിക്കം തട്ടിയിരിക്കുന്നു.

2. ദൊബ്രുച്ചയിലുള്ള രുസ്സ്യസൈന്യം കുസ്തഞ്ജിയിൽ ഹിമകാലം തീരുവോളം പാളയം അടിച്ചു എങ്കിലും പ്ലെവ്നാവിൻ അടുത്ത രുസ്സ്യപടകൾ വെറുതെ ഇരുന്നിട്ടില്ല. അവർ കാളന്തോക്കുകൊണ്ടു പ്ലെവ്നാവിന്റെ നേരേ പയററു കഴിച്ചതല്ലാതെ പ്ലെവ്നാ സോഫിയ എന്ന നഗരങ്ങളുടെ ഇടയിൽ തുൎക്കരുടെ പിമ്പുറത്തു കടന്നു. അതോ ഒക്തോബർ 26 ദുബ്രിനിക്കിനെ പിടിച്ചു അവിടെ നാലു പീരങ്കിത്തോക്കുകളെയും ഒരു പാഷാവെയും അനേക നായകന്മാരെയും 3000 കാലാളുകളെയും ഒരു കുതിര പട്ടാളത്തെയും തന്നെ അല്ല നൊവെമ്പ്ര 8നു- 100 കൊററുവണ്ടികളെയും ഏറിയ കന്നുകാലികളെയും കൈക്കൽ ആക്കിയിരിക്കുന്നു. രുസ്സർ നൊവെമ്പ്ര 5നു-ക്കു പിന്നെ പ്ലെവ്നാവെ തെക്കുനിന്നും വെടിവെപ്പാൻ തുടങ്ങിയതിന്റെ ശേഷം തുൎക്കർ അവിടേ വെച്ചു അവരോടു എതിൎത്തു നില്ക്കുന്നതു നാൾക്കുനാൾ അധികം പ്രയാസം എന്നു കാണുന്നു.

3. രുസ്സർ ഒരു ലക്ഷം പടയാളികളെ ഹിമകാലത്തിൽ പാൎപ്പിക്കേണ്ടതിന്നു 25ഉം 50ഉം 100ഉം പേരെ കൊള്ളുന്നവയായി തുത്തനാകം പൂശിയ ഇരിമ്പു തകിടുകൊണ്ടു തീൎത്ത പടവീടുകളെയും ആറു തീവണ്ടിസ്ഥാനവീടുകളെയും മററും നാലു വലിയ ഇംഗ്ലിഷ് കച്ചവടക്കാരോടു വാങ്ങുവാൻ പോകുന്നു.

രുമാന്യയിലും വടക്കേ ബുല്ഗാൎയ്യയിലും രുസ്സർ മൂന്നു ലക്ഷം പടയാളികൾക്കു മതിയായ തീമ്പണ്ടങ്ങളെ ചരതിച്ചു വെച്ചിരിക്കുന്നു. വിറകു, ചക്കര, ചാ മുതലായതു മാത്രം ആവശ്യം പോലെ കരുതീട്ടില്ല.

4. രുസ്സൎക്കു ഒക്തോബർ 25നു- വരെക്കും ആകേ 60,000 പേർ യുദ്ധത്തിൽ പട്ടുപോയിരിക്കുന്നു പനി വയററുപോക്കു മുതലായ ദീനങ്ങളാൽ എത്ര ആൾ കഴിഞ്ഞു പോയി എന്നു തിട്ടമായി കേൾപ്പില്ല. അവർ പ്രസിദ്ധപത്രികക്കാരുടെ എഴുത്തന്മാരെ തങ്ങളോടു കൂട ഇരുന്നു ഊട്ടുരൂട്ടു അറിയിപ്പാൻ സമ്മതിക്കുന്നില്ല. എന്നാൽ രുസ്സൎക്കു ഏറിയ പടയാളികൾ ചേതം വന്നിട്ടും പുതിയ പട്ടാളങ്ങളെ വിളിപ്പിച്ചു വരുത്തുവാൻ കഴിവുണ്ടു. തുൎക്കൎക്കോ അധികം ഞെരിക്കം തന്നെ. രൂമിക്കോയ്മ 165,000 ചരതപ്പടയാളികളെയും (Reserves മുസ്തഫീസ്) 62,000 പുതുതായി കവാത്തു പഠിക്കേണ്ടുന്നവരെയും വിളിപ്പിച്ചു പോൽ.

5. ഇരു കക്ഷിക്കാരെ സമാധാനപ്പെടുത്തുവാൻ വല്ല കോയ്മ വിചാരിച്ചാലും അവരവർ നിശ്ചയിച്ച കാൎയ്യം ഇതുവരെക്കും സാധിക്കായ്കയാൽ അവൎക്കു ചെവി ഇല്ല. പിന്നേ ഠരം സങ്കടമുള്ള യുദ്ധത്തെ മററുള്ള കോയ്മകൾക്കു കൈ വെച്ചു തീൎക്കേണ്ടതിന്നു പല വിധത്തിൽ ഏററവും പ്രയാസം. മററവരുടെ സമ്മതത്തോടു ചിലർ പുറപ്പെട്ടാലും ഓരോ കോയ്മകൾ ഒടുവിൽ തമ്മാമൽ പടവെട്ടുവാനും വലിയ കലാപത്തെ ഉണ്ടാക്കുവാനും ഇടയുണ്ടാകും എന്നു അവരവർ ഭയപ്പെട്ടു തമ്മിൽ ശങ്കിച്ചു നില്ക്കുന്നു.

6. അതു തന്നെയല്ല തുൎക്കർ ചെയ്യുന്ന ക്രൂരതകൾകൊണ്ടു വിലാത്തിക്കാരുടെ സ്നേഹം അവരുടെ നേരെ തണുത്തു തുടങ്ങി. ബല്ക്കാൻ മലയുടെ തെക്കേ ചരുവിലും അണഞ്ഞ നാട്ടിലും രുസ്സർ തങ്ങളുടെ അസ്മാദികളായ ബുല്ഗാരരെ രൂമിക്കോയ്മെക്കെതിരേ ദ്രോഹിപ്പിച്ചു എന്നു മുമ്പേ പറഞ്ഞുവല്ലോ. രുസ്സരെ ആ നാട്ടിൽനിന്നു നീക്കിയ ശേഷം തുൎക്കർ ഏറിയ പ്രമാണപ്പെട്ട ബുല്ഗാരരെ തൂക്കിക്കയോ ചതുപ്പു

ള്ള സ്ഥലങ്ങളിലേക്കു അയപ്പിക്കയോ പല പ്രകാരം ദേഹദണ്ഡം കഴിപ്പിക്കയോ ചെയ്തു വരുന്നതു ബ്രിതിഷ് മന്ത്രി വിലക്കീട്ടും സാമവാക്കുകളെ അനുസരിപ്പാൻ മനസ്സില്ല. ബ്രിതിഷ് കോയ്മ 1857ആമതിൽ ഭാരതഖണ്ഡത്തിലേ കോയ്മമറിപ്പുകാരെ ന്യായമായി മാത്രം ശിക്ഷിച്ചതുകൊണ്ടു അവൎക്കു മററവൎക്കും ഉപദേശം കൊടുപ്പാൻ അവകാശം. തുൎക്കർ കേൾക്കാഞ്ഞാൽ ബുല്ഗാരരുടെ തൽക്കാലമുള്ള ദ്രോഹഭാവത്തെ പുറമേ അമൎത്തി വെച്ചാലും വല്ല സമയത്തു പുതിയ ദ്രോഹത്തിന്നു ഇട വരുത്തുകയും ക്രൂരതയെ അറെക്കുന്ന യുരോപ്യ കോയ്മകൾക്കു തങ്ങളിൽ വെറുപ്പു തോന്നിക്കയും ചെയ്യും.

7. യുദ്ധത്താൽ രൂമിസ്ഥാനത്തിന്നു വളരെ മുതൽ നഷ്ടവും തട്ടി വരുന്നു. അതിന്നു ഒരു ദൃഷ്ടാന്തം മതി. തുഞ്ചപ്പുഴയുടെ താഴ്വരയിൽ ഉള്ള കാസാൻലിക് എന്ന നഗരത്തിന്റെ ചുററിലും പനിനീർപുഷ്പകൃഷി നടക്കുന്നതു കൊണ്ടു ആ താഴ്വരെക്കു പനിനീർപൂവിൻ താഴ്വര എന്നു പേർ. അവിടേ വെച്ചാകുന്നു പനിനീർപൂവിന്റെ ഇതളിൽനിന്നു പനിനീർ എന്ന സൌരഭ്യതൈലത്തെ കാച്ചി ഇറക്കുന്നതു. രുസ്സൎക്കും തുൎക്കൎക്കും തമ്മിലുള്ള യുദ്ധം നിമിത്തം ആ കൃഷിക്കും വളരെ നഷ്ടം വന്നിരിക്കുന്നു.

൨. ആസ്യയിലെ വൎത്തമാനം:—

മുമ്പെ തുൎക്കൎക്കു ജയം കൊണ്ടതു പോലെ ഇപ്പോൾ രുസ്സൎക്കു ജയം ഉണ്ടാകുന്നു. തുൎക്കർ പടയാളികളെ വിലാത്തിയിലേക്കു അയച്ചതു കൊണ്ടു അവരുടെ ആളുകൾ ചുരുങ്ങുകയാലും രുസ്സർ വേണ്ടുന്ന പടയാളികളെയും പ്രത്യേകം പെരുത്തു പീരങ്കിത്തോക്കുകളെയും കൊണ്ടുവന്നതിനാലും തുൎക്കർ തോററു തുടങ്ങി. കേരളോപകാരി കഴിഞ്ഞ മാസത്തിൽ കാണിച്ച പ്രകാരം തുൎക്കൎക്കു അൎമ്മിന്യയിൽ വലിയ അപജയം തട്ടിയിരുന്നു. അതിന്റെ ശേഷം രൂമിക്കോയ്മ ഘാജി അഹ്മെദ് മുക്താൎക്കു വിലാത്തിയിൽനിന്നു തുണപ്പടകളെ അയച്ചു. ആയവ ചേൎന്നു വന്നു കൊപ്രിക്കൊയിൽ ഉറപ്പുള്ള പാളയത്തിലേക്കു പോകുമ്പോൾ രുസ്സർ ഒക്തോബ്രു 29 നു 3000ത്തിൽ ഏറ തുൎക്കരെ ചിറ പിടിച്ചിരിക്കുന്നു. അവിടെനിന്നു ഘാജി അഹ്മെദ് മുക്താർ എസ്രൂമിന്നടുത്ത ദെവിബൊയ്യൂനിലേക്കു നൊവെമ്പ്ര 2 നു മാറി ഒരു പാളയത്തെ ഉറപ്പിച്ചു രുസ്സർ അയ്യാളെ അവിടെനിന്നും മണ്ടിച്ചു എസ്സ്രൂം നഗരത്തെ സ്വാധീനപ്പെടുത്തുവാൻ നോക്കുന്നു എന്നും ഘാസിയോ ത്രബിസൊന്തു എസ്സിംഹം എന്നീ സ്ഥലങ്ങളിലേക്കു മാറി പോകുന്നു എന്നും നൊവെമ്പ്ര 7 നു കേട്ടിരിക്കുന്നു. എന്നാൽ 9 നു-യിലെ കമ്പിവൎത്തമാനപ്രകാരം ഘാജി അഹ്മെദ് മുക്താർ രുസ്സരെ അജിജിയിൽ വെച്ചു ജയിച്ചു വലിയ ആൾച്ചേതത്തോടു ദെവിബൊയ്യൂനിലേക്കു ഓടിച്ചു എന്നു വായിക്കുന്നതു ആശ്ചൎയ്യം.

കാൎസ്സ് കോട്ടയെ തുൎക്കർ രുസ്സൎക്കു ഏല്പിക്കും എന്ന ഊഹം വെറുതെ. ഒക്തോബ്രു 25നു രുസ്സർ കല്പിച്ച ഞായങ്ങളുടെ കടുപ്പം കൊണ്ടു കോട്ടയെ ഏല്പിക്കാത്തതു പോലെ നൊവെമ്പ്ര 9 നു അഭിമാനം വിചാരിച്ചു എന്തു വന്നാലും ഭരമേല്പിക്കുന്നില്ല എന്നു അവിടുത്തെ കില്ലേദാർ (കോട്ടമൂപ്പൻ) ഖണ്ഡിതമായി അറിയിച്ചിരിക്കുന്നു.

രുസ്സർ ബാതുമിനെ കൊള്ള പീരങ്കിപ്പോരിനെ തുടങ്ങിയിരിക്കുന്നു.

II. മദ്രാശി സംസ്ഥാനത്തിലെ ക്ഷാമ വൎത്തമാനം.

1. കോയ്മെക്കുള്ള പഞ്ചത്തിന്റെ ചെലവു:—

പഞ്ചത്തിന്റെ ആരംഭം തൊട്ടു അതിന്നുണ്ടാകുന്ന അവസാനംവരെക്കും അതാതു ജില്ലകളിൽ നടത്തിയ ധൎമ്മരാമത്തു പണിയും ഇല്ലാത്തവൎക്കു ചെയ്തു രക്ഷയും ഇളെച്ചു കൊടുത്ത നികുതിപ്പണവും, കൂടി മദ്രാശി സംസ്ഥാനത്തിൽ 85 ലക്ഷവും ബൊംബായി സംസ്ഥാനത്തിൽ ഏകദേശം 20 ലക്ഷത്തോളവും ആകെ 105 ലക്ഷത്തോളം ഉറുപ്പിക മുട്ടും എന്നു തോന്നുന്നു.

2. ക്ഷാമശമനശേഖരങ്ങൾ:—

ഇംഗ്ലന്തു രാജ്യത്തിന്റെയും ഇംഗ്ലിഷ്ക്കാരുടെയും ഔദാൎയ്യത അപൂൎവ്വമുള്ളതു അത്രെ. കോയ്മയല്ല നിവാസികൾ ശേഖരിച്ചു ചെന്നപ്പട്ടണത്തേക്കു അയച്ച പണങ്ങൾ ആവിതു:

ഇംഗ്ലന്തു ലണ്ടൻ നഗരമൂപ്പന്റെ ശേഖരം	ഉ. 49,78,605
ലങ്കശ്ശൂർ ശേഖരം	877,482
സ്കൊത്ലന്തു	385,032
ഔസ്ത്രാല്യ	149,280
മൊരിഷസ്സ് കോയ്മയുടെ ദാനം	20,000
ഭാരതഖണ്ഡം സിംഹളം ബൎമ്മകൾ	200,000
വങ്കാള പഞ്ചശമനശേഖരത്തിന്റെ ശേഷിപ്പു.	20,300
	ഉറു. 66,39,708

130 യോഗങ്ങളിൽ 3000 ഓളം വിലാത്തിക്കാരും യുരാസ്യരും നാട്ടശ്രേഷ്ഠന്മാരും കൂടി ഈ പണങ്ങളെ പഞ്ചം പിടിച്ച ജില്ലകളിലും ഊരുകളിലും ആവശ്യമുള്ളവക്കു വിളമ്പി കൊടുക്കുന്നു.

ഗമ്മാന്യ നാട്ടിലും പഞ്ചത്തിന്നായി ശേഖരിപ്പാൻ തുടങ്ങിയിരിക്കുന്നു.

3. ധമ്മമറാമത്തു പണിയും ധമ്മക്കഞ്ഞിയും: — അതിലെ വിവരങ്ങൾ ആവിതു:

മദാശി സംസ്ഥാനത്തിൽ		ധമ്മമറാമത്തുപണി	ധമ്മക്കഞ്ഞി
	ആഗൊസ്തു 25	9,35,262	12,51,474 (പഞ്ചപ്പാളയങ്ങളിൽ 4,69,941)
	ഒക്ടോബർ 4	628,259	16,03,721
	,, 11	587,228	15,31,255
	,, 30	417,370	9,44,839
മഹിഷ്മാസുരം	,, 4	?	1,61,892
	,, 11	69,693	1,26,204

ഈ പട്ടിക പ്രകാരം ഇരുവകയിൽ തുക കുറഞ്ഞു കുറഞ്ഞു വരുന്നതു കൊണ്ടു വറതി ക്രമത്താലെ ശമിക്കുന്നു. ബൊംബായിസംസ്ഥാനത്തിൽ കോയ്മ നൊവെമ്പ്ര മാസത്തിന്റെ അവസാനത്തിൽ പഞ്ചപ്പാളയങ്ങളെ നീക്കുവാനും ധമ്മമറാമത്തു പണിയെ നിൎത്തുവാനും വിചാരിക്കുന്നു.

4. മഴയുടെവിവരം: — നിനെയാത്ത സമയത്തും വിധത്തിലും കരുണയുള്ള ദൈവം പഞ്ചം പിടിച്ച രാജ്യങ്ങളിലും അടുത്ത നാടുകളിലും ധാരാളമായി മഴ പെയ്യിച്ചതു കൊണ്ടു കൃഷി മിക്ക ഇടങ്ങളിൽ ഏററവും നന്നായി വായിച്ചു വരുന്നു.

കണ്ണനൂരിൽ ഒക്ടോബരിൽ ഏകദേശം 19½ അംഗുലം മഴ പെയ്തിരിക്കുന്നു. 1 ആം ജനുവെരി തൊട്ടു 31 ആം ഒക്ടോബർവരെക്കും ആകെ 117 അംഗുലവും (116,95) നൊവെമ്പ്ര മാസത്തിന്റെ 1—15നു-കൽക്കകം ഏകദേശം 4 അംഗുലവും കാണുന്നു.

1877ആമതിൽ കോഴിക്കോട്ടിലേ മഴയളവു:

ഏപ്രിൽ	2·35
മേയി	6·63
ജൂൻ	35·38
ജൂലായി	13·59
ആഗൊസ്തു	24·55
സെപ്തമ്പ്ര	21·52
ഒക്ടോമ്പ്ര	24·87
	128·89 അംഗുലം

മദാശിസംസ്ഥാനത്തുള്ള മഴവിവരം അംഗുലക്കണക്കിൽ പറയുന്നു.

	1877 ആഗൊസ്തു. അംഗുലം	ഒക്ടോമ്പ്ര 26-30നു- അംഗുലം
ഗഞ്ജാം	4·82	0·26
വിശാഖപട്ടണം	3·23	0·5
ഗോദാവരി	3·83	1·72
കൃഷ്ണാ	3·52	2·06
നെല്ലൂർ	0·98	3·23
ബല്ലാരി	2·04	2·02
കന്നൂൽ	2·20	1·32
ചെന്നപ്പട്ടണം	2·49	4·00
ചെങ്കൽപേട്ട	3·18	2·05
വട ആൎക്കാട്ട	2·52	2·20
തെൻ ആൎക്കാട്ട	1·26	4·12
തൃച്ചിറാപ്പള്ളി	1·19	3·21
മധുര	0·49	3·56
തിരുനെൽവേലി	0·82	1·00
കോയമ്പുത്തൂർ	0·63	1·82
നീലഗിരി	4·49	1·83
ചേലം	0·94	3·85
തെൻ കൎണ്ണാടകം	33·98	1·57
മലയാളം	24·26	3·87
കടപ്പാ	?	1·59
തഞ്ചാവൂർ	?	3·68

5. പഞ്ചത്താൽ ഉള്ള അതിമരണം: — വറതിയാൽ മദാശിസംസ്ഥാനത്തിലെ ജില്ലകൾക്കു തട്ടിയ വഞ്ചാവുകൊണ്ടു ഓരോ സമയം പറഞ്ഞുവല്ലൊ. മഴ അവിടവിടെ പെയ്യുതുകൊണ്ടു ആശ്വാസം വന്നായിരിക്കും എന്നു പലക്കും തോന്നും. ഇതുവരെക്കും അങ്ങനെ അല്ല നേരെ മറിച്ചു കണ്ടിരിക്കുന്നു. ആയതു എന്തുകൊണ്ടു എന്നാൽ ഏറിയനാൾ വയറും അതിനാൽ ഉടലും കാഞ്ഞു ഉള്ളുക്കും ചോരയും കുറഞ്ഞവർ തക്ക ആഹാരം ഉണ്ടായിട്ടും മഴകൊണ്ടുള്ള ഈറനും കളിരും സഹിക്കാതെ മരിച്ചുപോയിരിക്കുന്നു. നോക്കും നന്നായി ചെന്ന പഞ്ചപ്പാളയങ്ങളിൽ പാൎത്തവ

ക്ക ഇങ്ങനെ സംഭവിച്ചു എങ്കിൽ തെണ്ടിത്തിന്നികൾക്ക പിന്നെയോ? ബങ്കളൂരിൽ വെച്ചു പൊലീസ്സുകാർ ഒക്തോബരിൽ പതിനേഴ നാൾക്കുള്ളിൽ കോലാസ്സുളിൽനിന്നും നിരത്തിന്മേൽനിന്നും 446 ശവങ്ങളെ എടുത്തിരിക്കുന്നു. ഇവർ വിശപ്പിനാൽ മരിച്ചവർ അത്രെ. തറകളിലും ഉൾനാട്ടിലും പെരുവഴികളിലും ഇങ്ങനെ ഏറിയ ശവം വീണിരിക്കുന്നു.

ആഗൊസ്തുമാസത്തിൽ 170,000 പേർ മഹാശിസംസ്ഥാനത്തിൽ മരിച്ചിരിക്കുന്നു. ആയതു ശരാശരിക്ക ഒരു കൊല്ലത്തിൽ ആയിരത്തിൽനിന്ന 70 ആളുകൾ തന്നെ അല്ല ജില്ലപ്രകാരം പറഞ്ഞാൽ വിവരത്തെ കേട്ടാലും:

	ആയിരത്തിൽനിന്ന
ചെന്നപ്പട്ടണം (നഗരം അത്രേ)	128·0
ചെങ്കൽപ്പേട്ട	119·40
കന്നൂൽ	107·60
കടപ്പാ	105·40
ബല്ലാരി	120·3
വട ആൎക്കാട്ട	122·7
ചേലം	133·3
തെൻ ആൎക്കാട്ട	88 05
മധുര	88·30
കോയമ്പത്തൂർ	83·10
തൃച്ചിറാപ്പള്ളി	76·50
നീലഗിരി	70·30
നെല്ലൂർ	47·50
തഞ്ചാവൂർ	43·50
കൃഷ്ണാ	39·10
തെൻ കൎണ്ണാടകം	38·50

ഈ പട്ടികയിൽനിന്ന അവിടവിടെ ഉള്ള പഞ്ചത്തിന്റെ ഞെരിക്കം തെളിയും.

ചെന്നപ്പട്ടണത്തിലെ പഞ്ചപ്പാളയങ്ങളിൽ മരിച്ചവരുടെ വിവരം (കൊല്ലം ഒന്നിൽ ആയിരത്തിൽനിന്നു)

1876 ദിസെമ്പ്ര 9—	1877 ഫിബ്രുവെരി 3—	55
1877 ഫിബ്രു. 10—	„ ഏപ്രിൽ 7—	33
„ ഏപ്രിൽ 14—	„ ജൂൻ 9—	28
„ ജൂൻ 16—	„ ആഗോസ്തു 11—	26
„ ആഗോ. 18—	„ ഒക്തോബ്ര 13—	20

ഇതിനാൽ പാളയങ്ങളിൽ കഴിക്കുന്ന അദ്ധ്വാനം ഗ്രഹിക്കാം.

6. **ദീനങ്ങൾ:**— ബല്ലാരിയിൽ പനിയും നീലഗിരിയിൽ വസൂരിയും ശേഷം ജില്ലകളിൽ തലതട്ടിയും ചിലതിൽ കരുപ്പും പനിയും ചോരപ്പോക്കും ഉണ്ടു.

7. **കുറഞ്ഞ പിറവികൾ:**— പഞ്ചത്താൽ ഏറിയവർ മരിക്കുന്നതു കൂടാതെ ജനിച്ചുവരുന്നവർ മുമ്പേത്തതിൽ നന്ന കുറയുന്നു അതിന്നു രണ്ടു ദൃഷ്ടാന്തങ്ങൾ ആവിതു:

	1871-76 സക്രടം	1877
വട ആൎക്കാട്ട (ആഗൊസ്തു)	4552	2467
ചേലം (സെപ്തമ്പ്ര)	4345	1385

മേൽ പറഞ്ഞവററാൽ ആലോചനയുള്ളവൎക്ക പഞ്ചത്തിന്റെ വിശേഷം വെടിപ്പായി ഗ്രഹിക്കാം എന്നു ആശിക്കുന്നു. കഴിഞ്ഞ മാസത്തിന്റെ കേരളോപകാരി ഇത്ര താമസിച്ചതു ബങ്കിത്തപ്പാലിന്റെ ഉപേക്ഷ, നൊവെമ്പ്ര 2 നു- യിൽ തപ്പാലിന്ന ഏല്പിച്ച പ്രതികൾ 15 നു- യിൽ മാത്രം ഇവിടെ എത്തീട്ടുള്ളൂ. അതിന്റെ കുററം നമ്മുടേതല്ലെങ്കിലും വായനക്കാർ അതിനെ പൊറുക്കേണ്ടതിന്നു അപേക്ഷിക്കുന്നു.

കാലായിപെറുക്ക Gleanings.

മഹാചീനം:— ഷങ്ങ് തുങ്ങ് എന്ന ഏററവും വടക്ക കിഴക്കുള്ള കൂറുപാട്ടിൽ 400 ലക്ഷം ആൾ പാൎക്കുന്നു. അവിടെ കടുപ്പമുള്ള പഞ്ചം ഉണ്ടായിട്ടു മനുഷ്യർ ഉമി കിഴങ്ങുകളുടെ ഇലകൾ മരത്തിന്റെ തോൽ പുല്ലരി ചോളത്തണ്ടു പുല്ലു മുതലായവ തിന്നുന്നു. പലർ വല്ല ആഹാരം വാങ്ങേണ്ടതിന്ന ഉടുപ്പുകളെയും കൂട വിററു കളിർ തട്ടാതിരിക്കേണ്ടതിന്ന ഭൂമിയുടെ ഉള്ളിൽ കഴിച്ച മടകളിൽ പാൎക്കുന്നു. എത്ര ആയിരം പേർ കൊററില്ലാതെ മരിക്കുന്നു എന്നു പറവാൻ വകയില്ല. ഇങ്ങനെ കൎത്താവു ഒടുക്കത്തേ നാളുകളിൽ ക്ഷാമങ്ങളും മഹാവ്യാധികളും ഭൂകമ്പങ്ങളും അവിടവിടേ ഉണ്ടാകും എന്നു പറഞ്ഞ വാക്ക ഇക്കാലത്തു നിവൃത്തിയാകുന്നതു കാണുന്നു. പുറമേയുള്ള ഞെരിക്കംകൊണ്ടു പലരും ജീവനുള്ള ദൈവത്തെ അന്വേഷിച്ചു ക്രിസ്തീയ ഉപദേശത്തെ കേട്ടു സ്നാനം അപേക്ഷിച്ചു വരുന്നു.

ചീനക്കോയ്മ നാട്ടുക്രിസ്ത്യാനികൾക്ക നാട്ടുവാഴ്ചാരക്ഷകർ സംബന്ധമായ ഓരോ ഉദ്യോഗങ്ങളെ കൊടുത്തു വരുന്നു. ചേൎന്നവർ ഇരുളിൽ തിളങ്ങുന്ന വെളിച്ചങ്ങളായി തീരേണമേ.

ബങ്കാളം — മൊംഗീർ:—20തിൽ ഏറ വൎഷം മുമ്പെ ദഫ് പണ്ഡിതരുടെ ശിഷ്യനായി സുവിശേഷത്തെ കേട്ടു പലപ്പോഴും ക്രിസ്തനിലുള്ള തന്റെ വിശ്വാസത്തെ പരസ്യമായി ഏററുപറയേണ്ടുന്നതിന്ന തുനിഞ്ഞിട്ടും ഈയിടേ മാത്രം ക്രിസ്തന്റെ നുകത്തടിയെ എടുത്ത ബാബു ആധാർ ബാർജൻ ഏപ്രിൽ 8നു- സ്നാനപ്പെട്ടു. ഭാൎയ്യ അയ്യാളെ വിട്ടു ചാൎച്ചക്കാർ വിരോധികളും ഇണങ്ങർ മാററാന്മാരുമായ്തീൎന്നു.

തിരുനെൽവേലി:— നൂറ വയസ്സുള്ള

പണ്ഡിതനും അദ്ധ്യക്ഷനുമായ കാൽട് വെൽ സായ്പ് പാട്ടുകെട്ടി പാടുന്ന ഒരു നാട്ടുബോധകനുമരണ്ടുഉപദേശിമാരും ഒരു ഗുരുവുമായി ചിതറിയ സഭകളെ നോക്കുവാൻ തന്നെയല്ല പുറജാതികൾക്കും സുവിശേഷം ഘോഷിപ്പാനായി സഞ്ചരിച്ചു വരുന്നു. ഓരോ സഭകൾക്കു ആത്മികമായ ശുശ്രൂഷയെ ചെയ്യുശേഷം അവരുടെ സഹായത്താൽ സഭർ വെച്ചു പ്രസംഗവും പാട്ടും കഴിക്കും. പള്ളിക്കൂടങ്ങളിലേ കുട്ടികൾ പാടി സഹായിക്കും. ചിലരുടെ ഹൃദയത്തെ ദൈവം കരുണയാൽ തുറന്നു. തുത്തുക്കുടിയിൽ അദ്ധ്യക്ഷൻ വേദപുരാണശാസ്ത്രാദികളെ കൊണ്ടു പാഠവപ്പറച്ചൽ കഴിച്ചു. അതിനാൽ ഓരോരുത്തൎക്കു വന്ന ഇളക്കത്തെ നിൎത്തേണ്ടതിന്നു ശൈവരും എതിൎപ്പാൎവപ്പറച്ചലിനെ നടത്തി. ഇളക്കുമൂട്ടുള്ള മനസ്സു ഒന്നിന്നും കൊള്ളായ്കയാൽ മതങ്ങളുടെ ബലാബലം നോക്കുന്നതും സത്യത്തിന്റെ വേർകിളെപ്പാൻ അദ്ധ്വാനിക്കുന്നതും നന്നു. ഹിന്തുമതവും അങ്ങില്ലാപൊങ്ങിന്റെ വേരും ഒരുപോലെ ആധാരം ഇല്ലാതെ കിടക്കുന്നു എന്നും ക്രിസ്തന്റെ ഉപദേശം ദിവ്യ അരുളപ്പാടു വെളിപ്പാടുകളിലും വേരൂന്നി വളൎന്നു തികഞ്ഞു വന്നു എന്നും സത്യത്തെ ആഗ്രഹിച്ചു ശോധനചെയ്യുന്നവൎക്കു തെളിയും. ജ്ഞാനം അല്ല ദൈവത്തിന്റെ കരുണയാൽ പാപിക്കു ദൈവത്തോടുണ്ടാകുന്ന ഇണക്കവും അതിൽ പിന്നെ പുതുക്കവും ആകുന്നു ക്രിസ്തുമതത്തിന്റെ സാരാംശം. *Ev. Miss. Mag.*

പുണ്യാധിക്യം:— മനുഷ്യൻ ഓരോ സമയം ചെയ്യുന്ന നല്ല ക്രിയകളെക്കൊണ്ടു താൻ ചെയ്യു തിന്മകൾക്കൊട്ടുക്കും ഇല്ലായ്മ വരുത്തുകയും എന്നിട്ടു പുണ്യം എന്നൊരു മിച്ചം തനിക്കു ശേഷിപ്പിക്കയും അതിനാലും സ്വൎഗ്ഗത്തിൽ ചേരേണ്ടതിന്നു ന്യായപ്രകാരം അവകാശം ഉണ്ടാക്കയും ആം എന്നു പാപിയായ മനുഷ്യൻ ഭൂലോകത്തിൽ നീളെ നിനെച്ചു വരുന്നതു അല്ലാതെ വല്ലവൻ പെരുത്തു പുണ്യം നേടിയാൽ തന്റെ ആവശ്യത്തിന്നു പിടിപ്പതു കഴിച്ചു മീതുള്ള പുണ്യത്തിൽനിന്നു ഭിക്ഷാദാനം പോലെ ഇല്ലാത്തവൎക്കു സമ്മാനിച്ചു കൊടുക്കയും ആയതിനെ ദൈവം അവരവർ ഉത്സാഹിച്ചു ചെയ്യു സൽകൎമ്മമായി എണ്ണി അവരവൎക്കും ഭാഗ്യത്തെ അരുളുകയും ചെയ്യും എന്നും ഓരോ രാജ്യക്കാൎക്കു തോന്നിപ്പോയി. ദൈവകരുണയെ അധികമായി കിട്ടിയ യാതൊരു പാപിയായ മനുഷ്യനെക്കൊണ്ടും ഈ ഊഹം തെററും ദണയും അത്രെ. വിശുദ്ധാത്മാവിനാൽ മനുഷ്യനായി അവതരിച്ചു പാപമററവനും കറയില്ലാത്ത ശുദ്ധനും തികഞ്ഞ അനുസരണത്താൽ നീതിമാനും ദൈവനിയോഗത്താൽ ലോകത്തിന്റെ പാപങ്ങളെ ചുമന്നു നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണത്തിന്നായി ഉണൎത്തപ്പെട്ടും ഉള്ള നമ്മുടെ കൎത്താവായ യേശുക്രിസ്തൻ അത്രെ ദൈവപ്രസാദവും ദൈവസാന്നിദ്ധ്യവും പൂണ്ടു തികഞ്ഞ പുണ്യസ്വരൂപൻ. അവന്റെ അളവററ പുണ്യം മനംതിരിഞ്ഞു അവനിൽ വിശ്വസിക്കുന്ന കോടാനുകോടി പാപികൾക്കു എന്നെന്നേക്കും പോരും. ഈ തികഞ്ഞ വീണ്ടെടുപ്പുകാരന്റെ പുണ്യമാഹാത്മ്യം ക്രിസ്തുസഭയിൽ മാഞ്ഞുപോകും അളവിൽ ഓരോ വെറും മനുഷ്യരെ പുണ്യവാളന്മാരാക്കി സങ്കല്പിച്ചു അവരോടു കെഞ്ചുവാൻ തുടങ്ങി. സുവിശേഷക്രിസ്ത്യാനികൾ ആ അവഭക്തിയെ (Superstition) ദൈവകരുണയാൽ തള്ളിയെങ്കിലും ഓരോ സഭകൾ ഇന്നോളം ആയതിൽ കരകാണാതെ വലഞ്ഞു കിടക്കുന്നു. ഇതു മുററും അജ്ഞാനവും അജ്ഞാനത്തിൽനിന്നു സഭയിൽ നുഴഞ്ഞുവന്ന ദുരുപദേശവും എന്നു കാണിക്കാം.

മഹാചീനാവിൽ ഇതിന്നിടേ ദീനക്കാരനായൊരു ചീനക്കാരൻ തന്റെ സ്നേഹിതനെ വിളിച്ചു വരുത്തി എന്റെ ആയുസ്സിനെ തുമ്പില്ലാതെ കളകയാൽ ഭാവിലോകത്തിൽ ഞാൻ കൈക്കൊള്ളപ്പെടുമോ എന്നൊരു സംശയംകൊണ്ടു ഞാൻ വല്ലാതെ കുഴങ്ങിക്കിടക്കുന്നു എന്നു പറഞ്ഞപ്പോൾ തോഴൻ മേൽലോകത്തിന്നായി ഞാൻ വേണ്ടുന്നതു കരുതി വെച്ചിട്ടുണ്ടു എന്നു ഒരുവക അലംഭാവത്തോടു പറഞ്ഞതു കേട്ടാറെ ദീനക്കാരൻ എന്നാൽ പോയ ആണ്ടിൽ നിങ്ങൾ എത്ര പത്താക്കു ധൎമ്മമായി ചെലവറുത്തിരിക്കുന്നു എന്ന ചോദ്യത്തിന്നു തുകയെ കേൾപിച്ച ശേഷം അയ്യോ ഞാൻ ഇന്നോളം ധൎമ്മമായിട്ടൊന്നും കൊടുത്തില്ലല്ലൊ എന്നെ കനിഞ്ഞു നിങ്ങൾ ഒരൊററ മാസത്തിൽ ചെയ്യു ധൎമ്മത്തെ എനിക്കു വിററു അതിൽ കിടക്കുന്ന പുണ്യത്തെ എന്റെ പേൎക്കു ആക്കേണമേ എന്നും നിങ്ങൾക്കു വേണ്ടുന്നതും കവിയുന്നതുമായ പുണ്യമുണ്ടാകകൊണ്ടു ഈ എടവാടിനാൽ നിങ്ങൾക്കു വരുത്തം വരികയില്ല എന്നും ദീനക്കാരന്റെ പ്രാൎത്ഥനയെ ചങ്ങാതി കേട്ടു ദീനക്കാരനോടു പണം വാങ്ങി ഒരു മാസത്തേ പുണ്യത്തെ ചാൎത്തിക്കൊടുക്കയും ചെയ്യു. സ്വൎഗ്ഗത്തിലുള്ള തന്റെ കണക്കിൽ നമസ്തേ ഠരം പുണ്യം പെട്ടുവല്ലൊ എന്നു ദീനക്കാരൻ ഓൎത്തു സന്തോഷിച്ചു അന്നുതൊട്ടു രോഗത്തിന്റെ ശക്തി തളൎന്നു സൌഖ്യമാകയും ചെയ്യു. *B. Guard.*

Printed at the Basel Mission Press, Mangalore.

സര
താൽ
മൂടെ
മൂടെ
ഉള്ള
ാത്രെ
ം പൃ
ൻെറ
നിൽ
ൾക്കു
ിണ്ടെ
ല്ലസഭ
ാവറും
ച്ച അ
ശേഷ
ersti-
ം ഓ
രകാ
ം അ
യിൽ
ക്കാം.

രനാ
ാ വി
ില്ലാ
ാകെ
ാണ്ടു
പാ
നായി
എന്നു
ക്കേട്ടാ
ളിൽ
ചവറു
ു കേ
ും ധ
കനി
ധർമ്മ
ുണ്യ
ം നി
ുണ്യ
ൾക്കു
ൻെറാ
നാട്ടു
ചാ
ത
പെ
ഫി
ുന്നു
d.

ഹിന്തുസ്ഥാനത്തിൽ ഇംഗ്ലീഷധികാരത്തെ സ്ഥാപിപ്പിച്ച
ക്ലൈവ് പ്രഭുവിന്റെ സ്വരൂപം.

Archivfilm
vorhanden

18792

കേരളോപകാരി

AN ILLUSTRATED MALAYALAM MAGAZINE.

Vol. IV. JANUARY 1877. No. 1.

THE NEW YEAR.

പുതുവാണ്ടു.

ഈ 1877ാം ആണ്ടു ഹിന്തുരാജ്യങ്ങളിൽ പാൎക്കുന്ന അനേകം ജനങ്ങൾക്കും ബഹു കഷ്ടകാലം ആകും. മലയാളത്തിൽ എന്ന പോലെ മദ്രാസി, ബൊംബായി എന്നീരണ്ടു സംസ്ഥാനങ്ങളിൽ എങ്ങും മഴ മഹാദുൎല്ലഭമാകകൊണ്ടു മനുഷ്യന്റെയും മൃഗത്തിന്റെയും ആഹാരത്തിന്നും പാനീയത്തിന്നും വളരെ മുട്ടു വന്നു പോയിരിക്കുന്നു. സൎക്കാരും ധൎമ്മിഷ്ഠന്മാരായ ധനവാന്മാരും പല ഇടത്തും ദരിദ്രക്കാൎക്കു സഹായിച്ചു, സങ്കടത്തെ ശമിപ്പിച്ചു വരുന്നെങ്കിലും, അതിനെ മുററും നീക്കുവാൻ അവൎക്കു കഴികയില്ല. മഹത്വവും കരുണയുമുള്ള ദൈവത്തിന്നു മാത്രം മേഘങ്ങളിൽനിന്നു മഴ പെയ്യിക്കയും ഭൂമിയിൽനിന്നു പുല്ലുകളെയും ധാന്യാദിഫലങ്ങളെയും മുളെപ്പിച്ചു വിളയിക്കയും, മനുഷ്യനും മൃഗത്തിനും തൃപ്തിയെയും സന്തോഷത്തെയും വരുത്തുകയും ചെയ്യാം. മനുഷ്യൻ അപ്പത്താൽ തന്നെ അല്ല, ദൈവത്തിന്റെ സകല വചനത്താലത്രെ ജീവിക്കും, എന്നു നാം പഠിപ്പാൻ വേണ്ടി, ദൈവം പലപ്പോഴും ക്ഷാമം മുതലായ ശിക്ഷകളെ പ്രയോഗിച്ചു, മനുഷ്യപുത്രന്മാരെ മാനസാന്തരത്തിലേക്കും സത്യത്തിന്റെ അറിവിലേക്കും നടത്തിപ്പാൻ നോക്കുന്നു. ആയവൻ ദുഷ്ടരിലും നല്ലവരിലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും, നീതിമാന്മാരിലും നീതികെട്ടവരിലും മഴ പെയ്യിക്കയും ചെയ്യുന്നതു പോലെ, അവൻ ഇഹത്തിൽ നടത്തിക്കുന്ന ശിക്ഷാവിധികളും എല്ലാവരിലും ഒരു പോലെ തട്ടുകയും ചെയ്യുന്നു. പകരുന്ന വ്യാധികളും യുദ്ധങ്ങളും ക്ഷാമങ്ങളും ദുഷ്ടരെ മാത്രമല്ല, ശിഷ്ടരെയും പല വിധേന വലെക്കുന്നു, എങ്കിലും നീതികെട്ടവൻ ദൈവശിക്ഷയെ അനുഭവിച്ചിട്ടു തന്റെ മനസ്സിനെ കഠിനമാക്കി പാപത്തെ വൎദ്ധിപ്പിക്കമാത്രം ചെയ്യുന്ന സമയത്തു, ദൈവഭക്തിയുള്ള മനുഷ്യൻ: നമ്മുടെ പാപംനിമിത്തം ദൈവം ന്യായമായി കോപിക്കയും, നമ്മുടെ അകൃത്യങ്ങൾ